തിറയാട്ടം

കാവുത്സവങ്ങളുടെ അനുഷ്ഠാനരംഗകല

Malayalam
(Folklore Section)

Thirayattam
Kavutsavangalude Anushtana Rangakala

Author
Moorkkanad Peethambaran

First Published: January 2023
Copies: 1000
©copy rights Ethnic Arts Council of India
Editor
A.P.Radhakrishnan

Cover&Layout
Rekha Sathi Raveendran

Proof Reader
Shyja.P.K

Printing
HOPUZ
Printers & Packagers
11th Mile, Ayikkarappadi P.O
Malappuram Dt, Kerala - 673 637
Ph: 9947330022, 9072330022

Published
Ethnic Arts Council of India
CIN: U92490KL2017NPL049533
Pantheerankavu
Kozhikode-673 019
Phone: 9539124689

EACI - 01 Price: 1250/- ISBN 978-81-960651-0-2

തിറയാട്ടം

കാവുത്സവങ്ങളുടെ അനുഷ്ഠാനരംഗകല

മൂർക്കനാട് പീതാംബരൻ

എത്നിക് ആർട്സ് കൗൺസിൽ ഓഫ് ഇന്ത്യ
പന്തീരാങ്കാവ്, കോഴിക്കോട്

മൂർക്കനാട് പീതാംബരൻ

1962 മെയ് മാസത്തിൽ മൂർക്കനാട് വേലായുധൻ വൈദ്യരുടേയും ഉണ്യാതയുടേയും മകനായി ജനിച്ചു. ചെറുപ്പത്തിൽ തന്നെ തിറയാട്ടം അഭ്യസിച്ചു. അച്ഛൻ തന്നെയാണ് പ്രഥമഗുരു. എടക്കോട്ട് അപ്പുട്ടിയാശാനിൽനിന്ന് തുടർപഠനം. എട്ടുവയസ്സുള്ളപ്പോൾ പുനക്കുന്ന് കരിയാത്തൻ കോട്ടയിൽ അരങ്ങേറ്റം. അച്ഛന്റെ മരണത്തോടെ അച്ഛൻ നേതൃത്വം കൊടുത്തിരുന്ന തിറയാട്ടസംഘം ഏറ്റെടുത്ത് നടത്തിപ്പോരുന്നു. 45 വർഷമായി തിറയാട്ടരംഗത്ത് പ്രവർത്തിക്കുന്നു. തിറയാട്ട കോലങ്ങൾക്കുപുറമെ തിറയാട്ടച്ചമയങ്ങളുടെ നിർമാണം, വാദ്യങ്ങൾ എന്നിവ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ കോഴിക്കോട് മലപ്പുറം ജില്ലകളിലായി അറുപതിലധികം കാവുകളിൽ തിറയാട്ടം നടത്തിവരുന്നു. കാലിക്കറ്റ് സർവകലാശാലയടക്കം പല സർവകലാശാലകളുടേയും ഫോക്‌ലോർ വിഭാഗവുമായും സഹകരിച്ച് പ്രവർത്തിച്ചുപോരുന്നു. പാരമ്പര്യകലാസാംസ്കാരികഘടങ്ങളെ പഠിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എത്നിക് ആർട്സ് കൗൺസിൽ ഓഫ് ഇന്ത്യയുമായും സഹകരിച്ച് തിറയാട്ടപഠന ഗവേഷണങ്ങൾ നടത്തിവരികയും ചെയ്യുന്നു.

സഹധർമിണി: ജോളി

മകൾ: അനിഴ

വിലാസം: കിഴക്കെ ചന്ദനാരി, കൊടൽനടക്കാവ്, പന്തീരാങ്കാവ് – പോസ്റ്റ്, കോഴിക്കോട് – 673 019

ഫോൺ: 9388124689

e-mail: ethnicarts51@gmail.com

website: www.thirayattam.com

ആമുഖം

കാവുമുറ്റങ്ങളെ അരങ്ങാക്കി അവതരിപ്പിക്കുന്ന ഒരു കാവധിഷ്ഠിത രംഗകലയാണ് തിറ – പ്രാക്തന ഗോത്രത്തിന്റെ പ്രകൃതി ചിന്തകളും അതിമാനുഷ സങ്കൽപങ്ങളും ജീവിതപരമായ യുക്തി വീക്ഷണങ്ങളും സമന്വയിച്ച, പാരമ്പര്യത്തിന്റേയും കാലികമായ മൂല്യ – മുറകളുടേയും സരണിയിൽ ഉരുവം പ്രാപിച്ച് ജീവിതാന്വേഷണത്തിന്റേയും അവയിൽ നിന്നു ലഭിച്ച അനുഭവജ്ഞാനത്തിലൂടെയും കടന്നു വന്ന തികച്ചും തനിമയാർന്ന ഒരു കലാരൂപം.

ജാതിചിന്തയുടെ കെട്ടുപാടുകളെ വകഞ്ഞുമാറ്റി ചില ചടങ്ങുകളുടെ അകമ്പടിയോടെ, കേരളത്തിന്റെ ഹരിത സ്വപ്നങ്ങളും സൗന്ദര്യവും ചോർന്നുപോകാതെ നിലനിൽക്കുന്ന കാവുകളിൽ വർഷം തോറും നടത്തിവരുന്ന ഉത്സവങ്ങളുടെ പ്രധാന ഭാഗം 'തിറയാട്ടം' തന്നെയാണ്.

തിറയാട്ടത്തിന് ചരിത്രപരമായി ആദ്യകാല ദ്രാവിഡ സംസ്കാര ത്തോളം പഴക്കമുണ്ടെങ്കിലും ജാത്യാധിഷ്ഠിതമിത്തുകളും അവയിലൂടെ കടന്നുവന്ന ആചാ രങ്ങളും ചടങ്ങുകളും ആര്യബ്രാഹ്മണരുടെ ഇടപെടലുകളുടെ ഭാഗമായി ഉണ്ടായതാണ്.

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കാവുകളിൽ വർഷത്തിലൊരിക്കൽ നടത്തിവരുന്ന തിറയാട്ടത്തിൽ പ്രധാനമായും മണ്ണാൻ സമുദായത്തെ കൂടാതെ പാണൻ, പറയൻ, ചെറുമൻ തുടങ്ങിയ ജാതിയിലുള്ളവരും കോലം കെട്ടിയാടുന്നു. വർഷങ്ങളായി തുടർന്നുവരുന്ന തിറയാട്ടവും അതിന്റെ ആരാധനാടിസ്ഥാനങ്ങളും ചടങ്ങുകളും. ആഴത്തിൽ പഠനവിധേയമാക്കേണ്ട ഒരു വിഷയമാണ്.

മുപ്പത് അധ്യായങ്ങളിലായി തിറയാട്ടവും അതിന്റെ ചടങ്ങുകളും കാവുമുറ്റം പീഠം മുതൽ തെയ്യവും തിറയും തമ്മിലുള്ള വൈവിധ്യങ്ങളുമടക്കം എല്ലാം വിശകലന വിധേയമാകുന്നതോടൊപ്പം തിറയാട്ടത്തിലെ പെൺസാന്നിധ്യമെന്ന വിഷയവും തിറയാട്ടത്തിലെ ശാസ്ത്രവും ഗവേഷണവും വരെ വിശകലനം ചെയ്യാൻ ഈ ഗ്രന്ഥത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ കൃതിയിൽ തിറയാട്ടം കലാകാരനായ പീതാംബരനാശാന്റെ പരിചയവും ആ കലാരൂപത്തോടുള്ള ആത്മാർഥതയും സത്യസന്ധതയും സർവോപരി പ്രയത്നശീലവും സമ്മേളിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

കാവ്യഭാഷയുടെ ഭംഗിയും ശക്തിയും സമ്മേളിപ്പിച്ചുകൊണ്ടും ഗ്രാമജീവിതത്തിന്റെ മേളവും ഉണർത്തുപാട്ടിന്റെ സംഗീതമാധുര്യവും എവിടെ നിന്നോ തെന്നലിനെ തഴുകിയെത്തുന്ന തുടിതാളത്തിന്റെ മാസ്മരികതയും നിറയുന്ന ഫോക്‌ലോർ വിഭാഗത്തിൽപ്പെട്ട ഈ പുസ്തകം സഹൃദയർക്കുമുന്നിൽ.. വായനക്കാർക്കും, തിറയാട്ടപ്രേക്ഷകർക്കും മുന്നിൽ... സ്നേഹപൂർവം സമർപിക്കുന്നു.

കോഴിക്കോട് **എ.പി.രാധാകൃഷ്ണൻ**

30 – 12 – 2022 എഡിറ്റർ

മുഖവുര

തെക്കൻമലബാറിന്റെ തനത് അനുഷ്ഠാനകലാരൂപമായ തിറയാട്ടത്തെപ്പറ്റി, തിറയാട്ടം എന്ന പേരിൽ ഞാനെഴുതിയ പുസ്തകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രണ്ട് പതിപ്പുകളായി പ്രസിദ്ധീകരിച്ചിരുന്നു. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ പുസ്തകത്തിന്റെ ഒരു കോപ്പിപോലും എവിടെയുമില്ല. ഫോക്‌ലോർ പഠിതാക്കൾ ഉൾപ്പെടെയുള്ളവർ ഈ പുസ്തകത്തിന്റെ കോപ്പിക്കായി എന്നെ സമീപിച്ചെങ്കിലും എന്റെ കൈവശവുമില്ല. ഗ്രന്ഥകർത്താവ് എന്ന നിലയിൽ എന്റെ കൈവശമുണ്ടായിരുന്ന പുസ്തകങ്ങൾ ഗോത്രവർഗസംബന്ധമായും ഫോക്‌ലോർ സംബന്ധമായും ഗോത്ര സംസ്കൃതിയിലെ അനുഷ്ഠാനങ്ങളെപ്പറ്റിയും പഠനം നടത്തുന്നവർ കൊണ്ടുപോവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ''തിറയാട്ടം'' എന്ന പുസ്തകത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കാൻ കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് തയ്യാറായിട്ടുമില്ല. കാരണം എന്തെന്ന് ഇന്നും എനിക്ക് മനസ്സിലായിട്ടില്ല.

പറഞ്ഞുവരുന്നത് തിറയാട്ടത്തെപ്പറ്റി സമഗ്രമായ ഒരു പുസ്തകം തയ്യാറാക്കി ഇപ്പോൾപ്രസിദ്ധീകരിക്കുന്നതിനെ സംബന്ധിച്ചാണ്. അതായത് ഈ പുസ്തകത്തെപ്പറ്റി തന്നെ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച എന്റെ പ്രഥമ പുസ്തകം തിറയാട്ടത്തിന്റെ സമഗ്രചരിത്രമായിരുന്നില്ല. എന്റെ പരിചയസീമകളിൽപ്പെട്ട വിവരങ്ങൾമാത്രമാണ് ആ പുസ്തകത്തിൽ പങ്കുവെച്ചത്. ആ പരിമിതി ബഹുമാന്യരായ പല ഫോക്‌ലോർ പണ്ഡിതന്മാരും ഇതിന്റെ എഡിറ്ററും എന്നെ ബോധ്യപ്പെടുത്തുകയുണ്ടായി. ഗുരുതുല്യരായ ആ ഫോക്‌ലോർ പണ്ഡിതരുടെ അഭിപ്രായം കൂടി മാനിച്ചാണ് ഈ പുസ്തകരചന നടത്തിയിട്ടുള്ളത്.

കാവിടങ്ങളിൽ തിറയാട്ടം നടത്തുന്നതിനുള്ള അവകാശം ഞാനുൾപ്പെടുന്ന പെരുമണ്ണാൻ സമുദായത്തിന് ലഭിച്ചതിനെപ്പറ്റി വ്യാപകമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന ഒരു മിത്തിനെപ്പറ്റി ഈ പുസ്തകത്തിലെ നേരവകാശികൾ എന്ന അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പെരുമണ്ണാൻ സമുദായം മാത്രമല്ല പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഇതര സമുദായങ്ങളും കാവുമുറ്റങ്ങളിൽ തിറയാട്ടം നടത്തിവരുന്നു. ചെറുമൻ, പാണൻ, പറയൻ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട അവകാശികളാണ് കാവുമുറ്റങ്ങളിൽ അനുഷ്ഠാനാചാരങ്ങൾക്കനുസൃതമായി തിറയാട്ടം നടത്തിവരുന്നത്. അവരുടെ അനുഷ്ഠാനങ്ങളും ആചാരങ്ങളും തിറയാട്ടസമ്പ്രദായങ്ങളുമെല്ലാം ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കൂടാതെ പെരുമണ്ണാൻ സമുദായത്തിൽപ്പെട്ടവരും വിവിധ പ്രദേശങ്ങളിലെ കാവുമുറ്റങ്ങളിൽ തിറയാട്ടം നടത്തിവരുന്നു. വിവിധ തിറയാട്ടസംഘങ്ങളാണ് അങ്ങനെ നടത്തിവരുന്നത്. ഇങ്ങനെ നടത്തിവരുമ്പോൾ പ്രാദേശികമായ വ്യത്യാസങ്ങളും വൈവിധ്യങ്ങളുള്ളതും ഈ പുസ്തകത്തിൽ ചർച്ചചെയ്യപ്പെടുന്നു. സാമാന്യമായി പറഞ്ഞാൽ എന്റെ പരിചയത്തിലും അനുഭവത്തിലുമുള്ള തിറയാട്ടപാഠങ്ങൾ മാത്രമല്ല ഈ പുസ്തകത്തിൽ വിശദീകരിക്കുന്നത്. കോഴിക്കോട്, മലപ്പുറം ജില്ലകളുടേതുമാത്രമായ തിറയാട്ടം എന്ന അനുഷ്ഠാനകലയുടെ സമഗ്രചരിത്രം രേഖപ്പെടുത്താനുള്ള എളിയ ശ്രമമാണ് ഈ പുസ്തകരചനയുടെ പിന്നിലുള്ളതെന്നുസാരം.

പാരമ്പര്യമായി തിറയാട്ടം അവതരിപ്പിച്ചുവരുന്ന ഒരു കുടുംബത്തിലാണ് എന്റെ ജനനം.

അച്ഛൻ മൂർക്കനാട്ട് വേലായുധൻ വൈദ്യരായിരുന്നു പ്രഥമഗുരു. അച്ഛന്റെ മരണശേഷം എടക്കോട്ട് അപ്പൂട്ടി ആശാനിൽ നിന്നാണ് തിറയാട്ടപഠനം പൂർത്തിയാക്കിയത്.


മൂർക്കനാട്ട് വേലായുധൻ


അപ്പൂട്ടി ആശാൻ

എന്റെ പഠനങ്ങളിലും അന്വേഷണത്തിലും പണ്ഡിത ശ്രേഷ്ഠന്മാരും ഗുരുതുല്യരായ പ്രമുഖ ഫോക്‌ലോറിസ്റ്റുകളുമായുള്ള ചർച്ചകളിലും വ്യക്തമായ ഒരു കാര്യം തിറയാട്ടം ഒരു ഗോത്രകലാരൂപം തന്നെയാണെന്നാണ്. അതായത് ഗോത്രസംസ്കൃതിയിലാണ് തിറയാട്ടത്തിന്റെ തായ്‌വേര് ആണ്ടിറങ്ങിയിരിക്കുന്നതത്രെ. പ്രകൃത്യാതീശക്തികളെ പ്രീതിപ്പെടുത്തുന്നതിനായി ഗോത്രമനുഷ്യൻ സ്വീകരിച്ച ആരാധനാസമ്പ്രദായങ്ങളാണ് തിറയാട്ടത്തിന് ആധാരം എന്നു ചുരുക്കം. ഏറെ മാറ്റങ്ങളും കാലികമായ വ്യതിയാനങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും തിറയാട്ടം ഒരനുഷ്ഠാനകലാരൂപമായി ഇന്നും നിലനിൽക്കുന്നു. പക്ഷെ, അതിന്റെ തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നോ എന്ന് സംശയിക്കുന്നവിധത്തിലുള്ള ചില അപചയങ്ങൾ തിറയാട്ടത്തിൽ കടന്നുകൂടുന്നുണ്ട്. ഉദാഹരണമായി പയിമ്പ്ര, കുരുവെട്ടൂർ, നെടുങ്ങോട്ടൂർ, എടക്കാട് മേഖലകളിലെ ചില രീതികൾ പരിശോധിക്കാവുന്നതാണ്. ഈ മേഖലകളിൽ നാഗകാളി, ഭദ്രകാളി, കരിവില്ലി, പാമ്പൂരി കരിയാത്തൻ, ഗുരുമുത്തപ്പൻ തുടങ്ങിയ വെള്ളാട്ടുകോലങ്ങൾക്കും ഭഗവതി, ഗുളികൻ, ഭൈരവൻ തുടങ്ങിയ തിറക്കോലങ്ങൾക്കും മറ്റും, ചമയസാധനങ്ങൾ വിലയ്ക്ക് വാങ്ങി ഉപയോഗിക്കുന്നതിലൂടെയും അതിന്റെ താളത്തിലും എഴുത്തിലും ഉടുത്തുകെട്ടിലുമെല്ലാം അവരുടെ അജ്ഞത വെളിപ്പെടുന്നു.

ഞാനുൾപ്പെടുന്ന പെരുമണ്ണ, എളമന, മൂർക്കനാട് മേഖലകളിൽ തെയ്യത്തിൽനിന്നും കഥകളിയിൽ നിന്നും ചില ഘടകങ്ങൾ കടംകൊണ്ട് കാട്ടിക്കൂട്ടുന്ന ''വികൃതികളും'' തിറയാട്ടത്തിന്റെ അപചയത്തിന് കാരണമാകുന്നുണ്ട്.

മറ്റൊരുകാര്യം എടുത്തുപറയേണ്ടത്, കൊയിലാണ്ടിഭാഗത്തുനടക്കുന്ന തിറയാട്ടത്തെ സംബന്ധിച്ചാണ്. കൊയിലാണ്ടിയിൽ നിന്ന് തെക്കോട്ടും എലത്തൂരിൽ നിന്ന് വടക്കോട്ടും ബാലുശ്ശേരി ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ തിറയാട്ടം എന്ന പേരിൽത്തന്നെയാണ് കോലം കെട്ടിയാടുന്നത്. തിറയാട്ടത്തിന്റെ ചടങ്ങുകളും തെയ്യത്തോടുസാമ്യമുള്ള വേഷങ്ങളുമാണ് അവർ ഉപയോഗിക്കുന്നത്. പൂർവികമായിത്തന്നെ അങ്ങനെയാണുതാനും. അതുകൊണ്ട് ചിലരൊക്കെ ഈ അനുഷ്ഠാനകലാരൂപത്തെ ''തെയ്യംതിറ'' എന്ന് സംബോധനചെയ്യുന്നു.

കൊയിലാണ്ടി മേഖല ഒഴികെയുള്ള ഇടങ്ങളിലെ തിറയാട്ടങ്ങളിൽ നടക്കുന്ന അപചയങ്ങളെപ്പറ്റി മുമ്പുപറഞ്ഞു. ഈ അപചയങ്ങളെ പ്രതിരോധിച്ചില്ലെങ്കിൽ ഭാവിയിൽ തിറയാട്ടത്തിന്റെ പേരിൽ നടക്കുന്ന ഈ അനുഷ്ഠാനകലാരൂപം തിറയാട്ടമായിരിക്കയില്ല. ഇക്കാര്യങ്ങളെല്ലാം ഈ പുസ്തകത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. മോചനത്തിനുള്ള ഏകമാർഗം ഇപ്പോൾ തിറയാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വിവിധ സമുദായങ്ങളുൾപ്പെടെയുള്ള തിറയാട്ടസംഘങ്ങളുടെ ഏകോപനമാണ്. ഈ ഏകോപനത്തിലൂടെയുള്ള തുറന്ന ചർച്ചകളും അതിൽനിന്നുരിത്തിരിയുന്ന നിർദ്ദേശങ്ങളും തിറയാട്ടത്തിന്റെ ഭാവിക്ക് ഉത്തേജനമായേക്കാം. ഈ പുസ്തകരചനയുടെ പിന്നിൽ എന്നെ നയിച്ച വികാരവും വിചാരവും അതുതന്നെയാണ്.

ഈ പുസ്തകരചനയ്ക്ക് പിന്നിൽ പ്രധാനപ്പെട്ട മറ്റൊരു കാരണം കൂടിയുണ്ട്. തെയ്യവും തിറയാട്ടവുമൊന്നുതന്നെയെന്ന് ഒരു കൂട്ടർ പ്രചരിപ്പിക്കുമ്പോൾ, തെയ്യത്തിൽ നിന്നാണ് തിറയാട്ടം രൂപപ്പെട്ടതെന്ന് മറ്റൊരു കൂട്ടർ ശഠിക്കുന്നു. ആക്ഷേപകരമായ മറ്റൊരഭിപ്രായമുള്ളതിങ്ങനെ.

തെയ്യത്തിന്റെ വികൃതാനുകരണമത്രെ തിറയാട്ടം. പലപൊതു വേദികളിലും ഞാൻ നേരിട്ടിട്ടുള്ള ചോദ്യങ്ങളാണിവയൊക്കെ. ഈ ചോദ്യങ്ങൾക്കുമാത്രമല്ല, ഇനിയുണ്ടാകാനിടയുള്ള ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടി കൂടിയാണ് ഈ പുസ്തകത്തിലെ ഒരധ്യായം.

തെയ്യവും തിറയാട്ടവും അടിസ്ഥാനപരമായിത്തന്നെ വ്യത്യസ്ത അനുഷ്ഠാനകലാരൂപങ്ങളാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ വിശദീകരണങ്ങൾക്ക് മൂല്യവത്തായ വിവരങ്ങൾ നൽകിയത് പ്രസിദ്ധതെയ്യം കലാകാരന്മാരായ ചെറുതാഴം രാമചന്ദ്രൻ പണിക്കരും കണ്ണൻ പെരുമണ്ണാന്റെ മകൻ പി.പി.ഗിരീഷുമാണ്. തിറയാട്ടത്തിന്റെ പ്രദേശിക സ്വത്വം എന്തെന്നും എങ്ങനെയെന്നും വിശദീകരിച്ചുനൽകിയത് തിറയാട്ടകലാകാരന്മാരായ അച്യുതൻ എടക്കാട്ട്, എളമന ദിനേശൻ എന്നിവരാണ്. പ്രാദേശിക വ്യത്യസ്തതകളിലെ രൂപഭദ്രത വിശദീകരിച്ചു സഹകരിച്ചത് വിശ്വനാഥൻ പി.കെ. (താരമശ്ശേരി മേഖല), രാജൻ കെ.ടി, കൊളായിത്തൊടികയിൽ മലയമ്മ (ചാത്തമംഗലം മേഖല), നെടുങ്ങോട്ടൂർ രവി (പയിമ്പ്ര മേഖല), കൃഷ്ണൻ പെരുമണ്ണാൻ, ചാരമംഗലത്ത് (കൊയിലാണ്ടി മേഖല) എന്നിവരാണ്. ഷാജി, ഓമശ്ശേരി, ഹരിദാസൻ കെ.കെ. യൂണിവേഴ്സിറ്റി, മുടത്തായ്ക്കൽ കൃഷ്ണൻകുട്ടി (കുഞ്ഞു ചുങ്കം) എന്നിവരാണ് വിവിധ സമുദായങ്ങളുടെ തിറയാട്ടാവതരണത്തിന്റെ വിശദാംശങ്ങൾ തന്നു സഹകരിച്ചവർ. ഇപ്പറഞ്ഞ എല്ലാവരുടെയും വിലയേറിയ സഹകരണത്തിന് നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ശാരീരിക വിഷമതകൾക്കിടയിലും ഈ പുസ്തകത്തിന്റെ കരട് രൂപം വായിച്ച് ഹ്രസ്വമെങ്കിലും വിലയേറിയ അഭിപ്രായം രേഖപ്പെടുത്തിയ പണ്ഡിത ശ്രേഷ്ഠനായ എം.ജി.എസ്. നാരായണൻ സാറിനോടുള്ള നന്ദിയും കടപ്പാടും നിസ്സീമമാണ്. ഈ പുസ്തകത്തിന് പ്രൗഢഗംഭീരമായ അവതാരിക തയ്യാറാക്കിത്തന്നത് ഡോക്ടർ ഗോവിന്ദവർമരാജാ സാറാണ്. പ്രസിദ്ധ ഫോക്‌ലോർ പണ്ഡിതനും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ മുൻ എച്ച്.ഒ.ഡി യുമായിരുന്ന അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും സീമാതീതമാണ്.

വിവിധ സമുദായങ്ങൾ തിറയാട്ടം നടത്തുന്നുണ്ടല്ലോ; അതായത് ചെറുമ, പാണ, പറയ സമുദായങ്ങൾ. സത്യത്തിൽ ഗോത്രപൈതൃകത്തിന്റെ നേരവകാശികളായിത്തന്നെ നാം അവരെ പരിഗണിക്കണമെന്നാണ് എന്റെ എളിയ അഭിപ്രായം. ഗോത്രപൈതൃകത്തിന്റെ സാധ്യത എന്നെ ആദ്യമായി ബോധ്യപ്പെടുത്തിയത് അകാലത്തിൽ വേർപിരിഞ്ഞ ശ്രീ ചന്ദ്രമോഹൻ (പൊലിക) സാറാണ്. ആ ധന്യസ്മരണകൾക്കുമുമ്പിൽ ശിരസ്സ് നമിക്കുന്നു.

തിറയാട്ടാവതരണത്തിന്റെ യഥാർഥ അവകാശികൾ തങ്ങളാണെന്ന് അവകാശപ്പെടുന്ന ഞാനുൾപ്പെടുന്ന പെരുമണ്ണാൻ വിഭാഗം ഇപ്പോൾ കാവുമുറ്റങ്ങളിൽ തിറയാട്ടം അവതരിപ്പിക്കുന്നത് ഗോത്രചൈതന്യത്തിന്റെ ഇത്തിരിവെട്ടത്തിലെങ്കിലുമാണോ? ആത്മപരിശോധന നടത്തേണ്ടേ നമ്മൾ? കാരണം നമ്മുടെ ചമയങ്ങളിലേറെയും നമ്മൾ പരിഷ്കരിച്ചിട്ടില്ലേ? ചായില്യവും വർണ്ണക്കടലാസുകളും വെള്ളിയാഭരണങ്ങളുമൊക്കെയല്ലേ നമ്മുടെ ചമയസമുച്ചയത്തിലുള്ളത്? എന്നാൽ മുൻപറഞ്ഞ മറ്റ് പിന്നോക്ക സമുദായങ്ങൾ ഗോത്രപൈതൃകത്തിന്റെ സ്വത്വം പരിമിതമായെങ്കിലും കാത്തുസൂക്ഷിക്കുന്നുണ്ടെന്ന സത്യം നാം തിരിച്ചറിയേണ്ടതല്ലേ?

പെരുമണ്ണാൻ സമുദായമൊഴികെയുള്ള പിന്നോക്ക തിറയാട്ടസംഘങ്ങളുടെ അവതരണശൈലിയുടെയും അനുഷ്ഠാനാചാരക്രമങ്ങളുടെയും വിശ്വാസദൃഢതയുടെയും പൂർണവിവരങ്ങൾ ഈ പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്. അതിനാവശ്യമായ വിവരങ്ങൾ നൽകിയ കുഞ്ഞു(ചെറുമ സമുദായം), ഷാജി (പറയസമുദായം), ഹരിദാസൻ (പാണ സമുദായം) എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിറയാട്ടതാളങ്ങളെ സംബന്ധിച്ച ഒരധ്യായം തന്നെ ഈ പുസ്തകത്തിലുണ്ട്. അതേപറ്റിയുള്ള മിത്തുകളും ആദിതാളവ്യവസ്ഥയുടെ ഗതിവിഗതികളും ക്ലാസ്സിക്കലായി ഇവിടെ വിശദീകരിക്കപ്പെടുന്നു. അതിനാവശ്യമായ എല്ലാ വിവരങ്ങളും അടിസ്ഥാനപരമായി രേഖപ്പെടുത്തിയത് മോഹ

നൻ രംഗശീല, മാമ്പറ്റയുടെ പ്രയത്നഫലമായാണ്. അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിൽ ഹാസ്യരസത്തെപ്പറ്റിയും ആസ്വാദനത്തെപ്പറ്റിയും സാമാന്യമായി വിശദീകരിച്ചിട്ടുണ്ട്. ശുദ്ധഹാസ്യം അവതരിപ്പിക്കുകയും അത് കാവിലെത്തിയ കുഞ്ഞുകുട്ടികളുൾപ്പെടെയുള്ളവർ ആസ്വദിക്കുകയും ചെയ്തിരുന്ന ഒരു പൂർവകാലം തിറയാട്ടത്തിനുണ്ടായിരുന്നു. എന്നാൽ ഇന്ന് ഹാസ്യത്തിന്റെ പേരിൽ അപമാനകരമായ ചില പ്രവൃത്തികൾ കടന്നുകൂടുന്നുണ്ട്. തിറയാട്ടത്തിന്റെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നംകൂടിയാണിതെന്നു മാത്രം പറയട്ടെ.

ഗോത്രകാലം മുതൽക്കേ ശാസ്ത്രീയവീക്ഷണം പുലർത്തിയവരായിരുന്നു നമ്മുടെ പൂർവികർ. ഇപ്പോഴും തിറയാട്ടത്തിന്റെ എല്ലാഘടകങ്ങളിലും അത് നിഴലിക്കുന്നുണ്ടെന്നുള്ള വസ്തുതയും ഈ പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നു.

മറ്റൊരു വിഷയം ചർച്ച ചെയ്യുന്നത് കാവും കാവിടങ്ങളും ക്ഷേത്രവത്കരിക്കാനുള്ള ശ്രമം നടക്കുന്നതുസംബന്ധിച്ചാണ്. കാവുമുറ്റങ്ങളിൽ ടൈൽസ് പതിച്ച് ''സുന്ദര''മാക്കാൻ ശ്രമിക്കുന്നതൊക്കെ, അതിന്റെ ഭാഗമായി വേണം കാണാൻ.

ഗവേഷണ വിദ്യാർഥികൾക്ക് ആവശ്യമായ വിഷയങ്ങളെപ്പറ്റിയും ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നു. ചുരുക്കത്തിൽ തിറയാട്ടം, ജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരാമർശിക്കാനുള്ള എളിയശ്രമമാണ് ഞാൻ നടത്തിയിട്ടുള്ളത്. വിജയാപജയങ്ങളെപ്പറ്റി തീരുമാനിക്കേണ്ടത് പണ്ഡിത സമൂഹവും വായനക്കാരുമാണല്ലോ.

ഈ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി എല്ലാ പിഴവുകളും നീക്കി പുസ്തകരൂപത്തിലാക്കിയതും പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ എല്ലാവിധ നിർദേശങ്ങളും സഹായസഹകരണങ്ങളും നൽകിയത് ശ്രീ രാധാകൃഷ്ണൻ സാറാണ്. അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും വാക്കുകളിലൊതുങ്ങുന്നതല്ല എന്നുമാത്രം പറയട്ടെ.

ഇതിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ എല്ലാ പിന്തുണയും നല്കിസഹായിച്ചത് ശ്രീമതി മാധവിക്കുട്ടിടീച്ചറാണ്. ടീച്ചറിനോടുള്ള നന്ദിയും കടപ്പാടും അനുപമമാണ്, കാവുകളിൽ നിന്ന് കാവുകളിലേക്ക് മനം മടുക്കാതെ യാത്രചെയ്ത് തിറയാട്ടത്തിന്റെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ പകർത്തിയ ശ്രീജിത്ത് പാണാവള്ളി, ബിജു.സി.ദാസ് എന്നിവരോടുള്ള കടപ്പാടും വാക്കുകൾക്കതീതമാണ്.

കോഴിക്കോട്
30 – 12 – 2022

മൂർക്കനാട് പീതാംബരൻ

വായിക്കുക ..... അറിയുക .... അന്വേഷിക്കുക എന്ന് ഇന്നും എനിക്ക് ഓർമ്മപ്പെടുത്താണ്. അതുകൊണ്ട് തന്നെയാണ് ശ്രീനിരികവിദ്യാധരകളെ വകവെയ്ക്കാതെ 'തിറയാട്ടം' എന്ന പുസ്തകത്തിന്റെ കരടുരൂപം വായിച്ചു തീർത്തത്. ഒരു കലാകാരന്റെ അധ്വാനകാല-പ്രവർത്തനത്തിന്റെയും അർഹതപ്പെടലിന്റെയും സുഗന്ധമാണ് ഞാൻ ഈ പുസ്തകത്തിൽ അനുഭവിച്ചത്.

മോക്ഡലോൻ വിഭാഗത്തിൽപ്പെടുന്ന ഒരു പാട് പുസ്തകങ്ങൾ നമുക്കുണ്ടെങ്കിലും തിറയാട്ടം എന്ന കാവധിഷ്ഠിത പാരമ്പര്യ അനുഷ്ഠാന കലാരൂപത്തെ താരതമ്യരീതിയിൽ വിശകലനം ചെയ്യുന്ന ഒരേടിപ്പോൾ ഗ്രന്ഥം ഞാനിതുവരെ കണ്ടിട്ടില്ല. എന്നാൽ അതിനുള്ള പരിഹാരമാണ് ഈ പുസ്തകം.

കാവിന്റെ മുറ്റം മുതൽ കാവ് കമ്മിറ്റികൾ വരെയും ഉത്സവാരംഭം മുതൽ കൂടിപ്പാടൽ വരെയും മുഖത്തെഴുത്തു മുതൽ തിറയാട്ടവും അവയുടെ താള-ഗീതങ്ങൾ വരെയും വിശകലനം ചെയ്യുന്നുണ്ട് ഈ കൃതിയിൽ.

സ്വന്തം തിറയാട്ടത്തിന്റെ അനുഭവത്തിൽ നിന്നും അന്വേഷണത്തിൽ നിന്നും പഠിതാംബരനാശാൻ എന്ന തിറയാട്ട കലാകാരൻ രചിച്ച ഈ ഗ്രന്ഥത്തിന് അധികാരികതയും തികഞ്ഞ ഗവേഷണസ്വഭാവവുമുണ്ട്. ഈ ഒരുവഴിയിലെ പഠന ഗവേഷണങ്ങൾ മുന്നോട്ടു നയിക്കപ്പെടുന്നതിൽ ഈ പുസ്തകം തികഞ്ഞ വഴികാട്ടിയായിത്തീരട്ടെ എന്നാശംസിക്കുന്നു.

പ്രൊഫസ്സർ. എം. പി. എസ്. നാരായണൻ.

കൊണ്ടെഴുത്തിന്റെ കൊണ്ടാട്ടം

വാളെടുത്തവരെല്ലാം വെളിച്ചപ്പാട് എന്നതുപോലെ എഴുത്താണിയെടുത്തവരെല്ലാം എഴുത്തുകാർ എന്ന നിലയിലുള്ള കാലത്ത് തിറയാട്ടമെന്ന പാരമ്പര്യകലയിൽ മുങ്ങിക്കുളിച്ച് അതിന്റെ സമസ്തമേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച് സ്വജീവിതം ധന്യമാക്കിയ മൂർക്കനാട് പീതാംബരനാശാന്റെ പുസ്തകത്തിന് ഒരു അവതാരികയുടെ ആവശ്യമേയില്ല. സമാനമെന്ന് ഊഹിക്കുന്ന രണ്ട് അനുഷ്ഠാനകലകളുടെ സ്വത്വം വെളിവാകുന്ന വേളയിൽ ലഭ്യമായ വേദി വെറുതെ വിട്ടുകളയരുതെന്ന ചിന്തകൊണ്ടുതന്നെയാണ് കുരവയിടാൻ തീരുമാനിച്ചത്.

കുട്ടിക്കാലത്ത് 1960 കളിൽ കടത്തനാട് പ്രദേശത്തുള്ള തിറയാട്ടങ്ങൾ മുടങ്ങാതെ കണ്ടിരുന്നുവെങ്കിലും കോഴിക്കോട് കേന്ദ്രീകരിച്ച് തിറയാട്ടം ഗൗരവമായി കാണുന്നത് 1988 മുതലാണ്. തുഞ്ചത്തെഴുത്തച്ഛൻ സർവകലാശാല പ്രഥമവൈസ് ചാൻസലറായി മാറിയ പ്രശസ്ത കവി കെ. ജയകുമാർ ഐ.എ.എസിന്റെ നിർദേശമനുസരിച്ച് 1994–95 വർഷങ്ങളിൽ ലോകപ്രശസ്ത ഫോട്ടോഗ്രാഫർ നിക്കോളാസ് റെനാർഡി (Nicolas Reynard)ന്റെ വഴികാട്ടിയായി രണ്ട് തവണ ബേപ്പൂര്, ഫറോക്ക്, പെരുമണ്ണ, ഏലത്തൂര്, പുതിയങ്ങാടി, വരക്കൽ, കുന്ദമംഗലം, ചാത്തമംഗലം, മുക്കം, പൊയിൽക്കാവ് തുടങ്ങിയ സ്ഥലങ്ങളിൽ രാവും പകലുമില്ലാതെ തിറയാട്ടം കാണുവാൻ ഞാൻ പോയിരുന്നു. ജീവൻ പണയം വെച്ചും തൊഴിലിൽ മുഴുകിയിരുന്ന നിക്കോളാസ് റെനാർഡ്, തന്റെ തൊഴിൽ യാത്രയിൽ 2004 നവംബർ 11 ന് ആമസോണിൽ വെച്ച് വിമാനപകടത്തിൽ പൊലിഞ്ഞുപോയി. ഇദ്ദേഹത്തിന്റെ അർപണബോധം ഗവേഷകർക്കെല്ലാം ഒരു മാതൃകയാണ്.

ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാംഗ്വേജസിന്റെ (Fossils) പ്രൊജക്ടായ നാടൻകലാകാരൻമാരുടെയും നാടൻകലകളുടെയും ഡയറക്ടറി തയ്യാറാക്കുന്നതിനുവേണ്ടി പ്രൊഫസ്സർ എൻ.ഭക്തവൽസലറെഡ്ഡിയുടെ താൽപര്യപ്രകാരം സി.ജി.എൻ.ചേമഞ്ചേരിയുടെ സഹായത്തോടെ കോഴിക്കോട്, മലപ്പുറം ജില്ലകളുടെ മുക്കിലും മൂലയിലും സഞ്ചരിച്ച് തിറയാട്ട കലാകാരൻമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച അനുഭവജ്ഞാനം തിറയാട്ടത്തെ ഒന്നുകൂടി അടുത്തറിയാൻ എന്നെ സഹായിച്ചു.

1989 ൽ സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ പ്രൊഫസർ കെ.നാരായണനൊപ്പം മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറയ്ക്കടുത്തുള്ള ചാലിയപ്പുറം മരക്കാട്ടിരിക്കാവിൽ രണ്ടുദിവസം മുഴുവനായി തിറയാട്ടച്ചടങ്ങുകൾ അടിമുടി കണ്ടു. പുതിയ തലമുറയിൽപ്പെട്ട കലാകാരൻമാർ ചെയ്യുന്നതുപോലെ കേവലം അതിജീവനമാർഗമായി മാത്രമല്ല തിറയാട്ടത്തെ മുതിർന്ന കലാകാരൻമാർ കണ്ടിരുന്നത്. കാവുകൂട്ടത്തിനുവേണ്ടിയുള്ള ഒരു സമർപണമാണ് തന്റെ കർമമെന്ന് അവർ ദൃഢമായി വിശ്വസിച്ചിരുന്നു.

ഒരു നാടൻകലയെ മറ്റൊരു നാടൻകലയുമായോ ക്ലാസ്സിക്കുകലയുമായോ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. ഓരോ അനുഷ്ഠാനകലയും അതിന്റേതായ ധർമം സമൂഹത്തിൽ നിർവഹിക്കുന്നുണ്ട്. കോലത്തുനാടിന്റെ സവിശേഷമായ സാമൂഹിക സാമ്പത്തിക വ്യവസ്ഥയിൽ ജനങ്ങളുടെ ആവിഷ്ക്കാരത്വരയിൽ നിന്നുണ്ടായതാണ് തെയ്യം. അതിനെ ആധികാരിക സാമൂഹിക മാധ്യമ

മാക്കി മാറ്റാൻ കോലത്തിരി രാജവംശവും വഴിയൊരുക്കി. തിറയാട്ടമാകട്ടെ, നെടിയിരിപ്പിന്റെ ആസ്ഥാനവും മലബാറിന്റെ സിരാകേന്ദ്രവുമായ കോഴിക്കോടു മണ്ണിൽ തദ്ദേശവാസികളാൽ സ്വാഭാവികമായി രൂപപ്പെടുത്തിയെടുത്ത നാടൻകലയാണ്. നാടുവാഴി എന്ന നിലയിൽ സാമൂതിരി സ്വരൂപത്തിന്റെ പ്രോത്സാഹനവും ഈ കലയ്ക്ക് ഉണ്ടായിട്ടുണ്ട്. കോലത്തുനാടിന്റെ വികസന നിരക്കിനേക്കാൾ വേഗത കോഴിക്കോടിനുണ്ടായതുപോലെ തിറയാട്ടത്തിന്റെ താളത്തിലും ചലനത്തിലും അവതരണകാലദൈർഘ്യത്തിലും ഒരു ദ്രുതഗതി അനുഭവപ്പെടുന്നുണ്ട്.

കലകളിൽകാണുന്ന കേവലസാദൃശ്യങ്ങളെ മുൻനിർത്തി പഠനങ്ങളും സാമൂഹികമായ ഇടപെടലുകളും ഉത്തരമലബാറിലെ ജനബോധവുമാണ് തെയ്യം എന്ന അനുഷ്ഠാനകലയെ സജീവമായി നിലനിർത്തുന്നത്. കേരളത്തിന്റെ ഇതരഭാഗങ്ങളിലൊന്നും കാണാത്ത കർമോത്സുകത ഉത്തരമലബാറിൽ തെയ്യത്തിന്റെ കാര്യത്തിലുണ്ടാവൻ കാരണം പഠനങ്ങളും ഇടപെടലുകളും തന്നെ. തെയ്യം എന്ന വിഷയത്തെ മുൻനിർത്തി നോക്കുമ്പോൾ തിറയാട്ടത്തെക്കുറിച്ച് പരിമിതമായ പഠനങ്ങളേ നടന്നിട്ടുള്ളു. ഇതിൽ പ്രമുഖർ ജി.ഭാർഗ്ഗവൻ പിള്ള, സി.ജി.എൻ., സി.കെ. കുഞ്ഞിരാമൻ പള്ളിക്കര എന്നിവരാണ്. തിറയാട്ടം സംബന്ധിച്ച കാര്യത്തിൽ ഇവരുടെ കാഴ്ചപ്പാടിനൊന്നും കേടുവരാത്ത വിധത്തിൽ മുന്നോട്ടുപോകാൻ തനിക്ക് കഴിഞ്ഞെന്ന് പീതാംബരനാശാൻ തന്റെ പുസ്തകത്തിലൂടെ നമുക്ക് കാണിച്ചു തരുന്നു.

തിറയാട്ടക്കാവുകളിൽ വേഷം കെട്ടി പീതാംബരനാശാനെ കണ്ടിട്ടുണ്ടെങ്കിലും വ്യക്തിപരമായി പരിചയപ്പെടുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫോക്‌ലോർ പഠനകേന്ദ്രത്തിലെ ആദ്യകാല വിദ്യാർഥിയും എന്റെ ശിഷ്യനുമായ ഡോ.കെ.എം.അരവിന്ദാക്ഷൻ, പുകയൂർ വായനശാലയുടെ നേതൃത്വത്തിൽ നടത്തിയ ഒരു പരിപാടിയിലൂടെയാണ്. ആശാന്റെ അർപണബോധവും ഈ രംഗത്തുള്ള പ്രാപ്തിയും പരിഗണിച്ച് ഇന്ത്യൻ ഫോക്‌ലോർ റിസർച്ചേഴ്സ് ഓർഗനൈസേഷൻ തളിഗുരുവായൂരപ്പൻ ഹാളിൽവെച്ച് നടത്തിയ ദേശീയ സെമിനാറിൽ അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. അന്ന് ആശാന്റെ വൈജ്ഞാനികപാടവം കാണാനിടയായി കർണാടക ഫോക്‌ലോർ യൂണിവേഴ്സിറ്റി രജിസ്ട്രാറായിരുന്ന പ്രൊഫസർ എം.എൻ.വെങ്കടേഷ് തിറയാട്ടത്തെക്കുറിച്ച് ഫോക്‌ലോർ യൂണിവേഴ്സിറ്റിയിലും കുപ്പം ദ്രാവിഡീയൻ യൂണിവേഴ്സിറ്റിയിലും സോദാഹരണം ക്ലാസ്സെടുക്കുവാൻ ക്ഷണിച്ചു. ഇത് ആശാനെ കൂടുതൽ പ്രതിബദ്ധതയുള്ള കലാകാരനാക്കി. മാറ്റി.

കേന്ദ്രസർക്കാർ നടത്തിയ അന്തർദേശീയ ശാസ്ത്രോത്സവത്തിൽ തിറയാട്ടത്തിലെ ജനശാസ്ത്രപ്രയോഗങ്ങൾ എന്ന പ്രബന്ധം ഡെമോൺസ്ട്രേഷനായി അവതരിപ്പിച്ചത് പീതാംബരനാശാന്റെയും സംഘത്തിന്റെയും തിറയാട്ടത്തോടൊപ്പമാണ്. തുടർന്ന് 2019ൽ അമേരിക്കയിലെ ബാൾട്ടി മോറിൽ നടന്ന അമേരിക്കൻ ഫോക്‌ലോർ സൊസൈറ്റിയുടെ അന്തർദേശീയ സമ്മേളനത്തിൽ ഫോക്സയൻസിനെ പരിചയപ്പെടുത്തിയതും പീതാംബരനാശാന്റെ തിറയാട്ടം പെർഫോമൻസിലൂടെയായിരുന്നു.

പ്രഫസർ ഇളയത് നാടൻകലകളുടെ പേരുകൾ വിശേഷിച്ചും തെയ്യത്തിന്റെയും തിറയാട്ടത്തിന്റെയും പ്രത്യേകതകൾ എണ്ണിപ്പറഞ്ഞുകൊണ്ട് തന്നെ തെയ്യവും തിറയും രണ്ടാണെന്ന് സമർഥിക്കുന്നുണ്ട്. മാത്രവുമല്ല ഇത്തരം പരസ്പരസ്വാധീനങ്ങൾ ഒരു തരത്തിലും മുഖ്യകലയുടെ സ്വത്വത്തെ ഹനിക്കില്ലെന്നും ഉറപ്പാക്കുന്നു.

സി.എം.എസ്. ചന്തേര, പ്രൊഫസർ കെ.കെ.എൻ.കുറുപ്പ്, ഡോ.എം.വി.വിഷ്ണു നമ്പൂതിരി, പ്രൊഫസർ രാഘവൻ പയ്യനാട്, പ്രൊഫസർ എം.കെ. നമ്പ്യാർ, പ്രൊഫസർ പ്രിയദർശൻ ലാൽ, പ്രൊഫസർ മണ്ണാറക്കൽ ദാസൻ, സുരേന്ദ്രൻ അടുത്തില, ഡോ.ആർ.സി.കരിപ്പത്ത്, ബാലകൃഷ്ണൻ കൊയ്യാൽ, എ.വി.അജയകുമാർ, ഡോ.രാമന്തളി രവി, പ്രൊഫസർ ലിസി മാത്യു, ഡോ. സഞ്ജീവൻ അഴീക്കോട് തുടങ്ങി നിരവധി പേർ തെയ്യത്തെക്കുറിച്ച് പഠനങ്ങൾനടത്തിയിട്ടുണ്ട്. ഇവരുമായി അദ്ദേഹം നിരന്തരം നടത്തിയ ആശയവിനിമയത്തിന്റെ ഫലമായി രൂപം കൊണ്ടതാണ്

തെയ്യത്തിന്റെയും തിറയാട്ടത്തിന്റെയും സ്വത്വം ഒന്നല്ലെന്ന് സ്ഥാപിക്കുന്ന ഈ കൃതി. സാമാന്യമായി തിറയാട്ടത്തിന്റെ സവിശേഷതകൾ വിസ്തരിച്ച് പറഞ്ഞ് തെയ്യവും തിറയും രണ്ടാണെന്ന് കാര്യ കാരണസഹിതം അക്കമിട്ട് നിരത്തി ഈ ഗ്രന്ഥത്തിൽ സമർഥിക്കുന്നുണ്ട്. 2019 ൽ ടി.വി. ചാത്തു ക്കുട്ടിനായർ പുരസ്കാര സമർപണത്തോടനുബന്ധിച്ച് കഥകളിയുടേയും തെയ്യത്തിന്റെയും വിള ഭൂമിയായ വാരണക്കോട്ടില്ലത്തിന്റെ അങ്കണത്തിൽ ആശാൻ തിറയാട്ടം മറ്റു രണ്ടുകലകളോടൊപ്പം അവതരിപ്പിച്ചപ്പോൾ നല്ല ജനകീയ സ്വീകാര്യത കിട്ടി. അതും ഈ പുസ്തക രചനയ്ക്ക് ആക്കം കൂട്ടി.

ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്തവർപോലും ഭാഷാനൈപുണ്യം കേട്ടുകരസ്ഥമാക്കുന്നത് നാടൻകലകളിലൂടെ ഊറിവരുന്ന വാമൊഴി വഴക്കത്തിൽനിന്നാണ്. ഗ്രാമീണർ സാങ്കേതിക വിദ്യാ ചുവടുകൾ കണ്ടുപഠിക്കുന്നതും ഈ നാട്ടാശാൻമാരുടെ കരവിരുതിലൂടെ തന്നെ. നാട്ടുജീവി തത്തിന്റെ അപാരസിദ്ധികൾ നാട്ടുവെളിച്ചത്തിലൂടെ പകർന്നുകൊടുക്കുന്ന ഇവർക്ക് ഗ്രന്ഥര ചന ഒരു ബാലികേറാമലയേയല്ല. ഇവരൊന്ന് മെനക്കെട്ടാൽ ഇവരുടെ അറിവുകൾ എഴുത്തുരൂ പത്തിലാക്കാൻ എളുപ്പം കഴിയും. ഡോ.എം.വി.വിഷ്ണു നമ്പൂതിരിയെ പോലെയുള്ള പണ്ഡി തൻമാർ ഏറെ പ്രയത്നിച്ചിട്ടാണ് എൺപതോളം ജനവിജ്ഞാന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത്. എന്നാൽ 50 വയസ്സിനുശേഷം പുസ്തക രചനയുടെ ബാലപാഠം മനസ്സിലാക്കി ആശാനെപ്പോ ലെയുള്ളവർ എഴുതിത്തെളിയുമ്പോൾ അത് യഥാർഥ കൊണ്ടെഴുത്തിന്റെ – അനുഭവജ്ഞാന ത്തിന്റെ – കൊണ്ടാട്ടമാണ്.

തീക്ഷ്ണമായ അനുഭവച്ചൂടിൽ നീരും മേദസ്സും വറ്റിച്ച് സാമൂഹിക സമവായം നടത്തിയ ഒരു പരിപൂർണകലാകാരനായ മൂർക്കനാട് പീതാംബരാശാന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ ഗ്രന്ഥം. ഇത് തെയ്യവും തിറയും ഒന്നാണെന്ന തെറ്റിദ്ധാരണ പരിപൂർണമായും മാറ്റും എന്നതിൽ സംശയമില്ല. തിറയാട്ടസമൂഹത്തിനു മുഴുവൻ ആത്മാഭിമാനം പകരുന്ന ഒരു വ്യത്യസ്ത കൃതി യാണിത്. ഈ ആട്ടത്തിന്റെ മുമ്പിൽ ഒരു ഓലച്ചൂട്ട് കത്തിക്കാൻ കഴിഞ്ഞതിൽ ചാരിതാർഥ്യമുണ്ട്.

ഡോ. ഇ.കെ.ഗോവിന്ദവർമ രാജ
മുൻഫോക്‌ലോർ വിഭാഗം മേധാവി
കാലിക്കറ്റ് സർവകലാശാല



ഉള്ളടക്കം

1. തിറയാട്ടം..... 16
2. കാവുകൾ..... 19
3. കാവുമുറ്റം..... 22
4. പീഠം..... 27
5. പുരാവൃത്തം..... 32
6. നേരവകാശികൾ..... 52
7. കാവുത്സവങ്ങളിലെ തിറയാട്ടച്ചടങ്ങുകൾ പ്രാദേശികവും സാമുദായികവുമായ സവിശേഷതകൾ– തിറയാട്ടത്തിൽ..... 55
8. പുത്തൻമുടി/പുത്തൻതിറ..... 114
9. ചമയങ്ങൾ 118
10. വേഷങ്ങൾ..... 131
11. ആയുധങ്ങൾ..... 145

12. വാദ്യങ്ങൾ..... 147
13. താളം, നൃത്തം..... 162
14. ആംഗ്യഭാഷ – തിറയാട്ടത്തിൽ..... 186
15. തിറയാട്ടത്തിലെ ഗീതങ്ങൾ..... 193
16. കോമരങ്ങൾ..... 264
17. മുമ്മുഴി/വെളിച്ചപ്പാടിന്റെ വാക്കെണ്ണൽ..... 269
18. കനലാട്ടം – തിറയാട്ടത്തിൽ..... 273
19. താലപ്പൊലി..... 276
20. ധർമ്മദൈവത്തിനു വെള്ളാട്ട് കഴിക്കൽ..... 289
21. നട്ട(ഷ്ട)ത്തിറയും ഏഴാം പൂജയും..... 292
22. ഹാസ്യം..... 294
23. സമുദായധിപത്യം – തിറയാട്ടത്തിൽ..... 299
24. എന്തുകൊണ്ടാണ് സ്ത്രീകൾ തിറയാട്ടകോലങ്ങൾ കെട്ടിയാടാത്തത്..... 304
25. തെയ്യവും തിറയും വ്യത്യസ്ത അനുഷ്ഠാനകലകൾ..... 306
26. ശാസ്ത്രവും തിറയാട്ടവും..... 321
27. ഗവേഷണം..... 326
28. ഉത്സവക്കമ്മറ്റികൾ..... 331
29. കാവുകളുടെ ക്ഷേത്രവത്കരണം..... 336
30. തിറയാട്ടകോലങ്ങൾ പൊതുവേദികളിൽ.... 346



അധ്യായം ഒന്ന്

തിറയാട്ടം





തെക്കൻ മലബാറിലെ (കോഴിക്കോട്, മലപ്പുറം ജില്ലകൾ) കാവുകളിലും തറവാട്ടുസ്ഥാനങ്ങളിലും വർഷം തോറും നടത്തിവരുന്ന അനുഷ്ഠാന കലാരൂപമാണ് തിറയാട്ടം. വാദ്യഘോഷങ്ങളും ഗീതങ്ങളും നൃത്തവും മുഖത്തെഴുത്തും മേലെഴുത്തും ആയോധനമുറകളും അനുഷ്ഠാനങ്ങളും സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ചടുലമായ തിറയാട്ടം തെക്കൻ മലബാറിന്റെ തനതുകലാരൂപം എന്ന വിശേഷണമർഹിക്കുന്നു. ചൂട്ടുവെളിച്ചത്തിൽ ചെണ്ടമേളത്തിന്റെ താളപ്പൊലിമയിൽ അവതരിപ്പിക്കപ്പെടുന്ന തിറയാട്ടം തീർത്തും ഒരു ദൃശ്യവിസ്മയം തന്നെയാണ് എന്നതിൽ സംശയമില്ല.

തിറയാട്ടത്തിലെ വേഷവിധാനങ്ങളും ആചാരാനുഷ്ഠാനങ്ങളും പ്രാകൃതകാലത്തെ സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനങ്ങളായിരിക്കാം. ഉത്തരമലബാറിലെ തെയ്യം, തെക്കൻകേരളത്തിലെ മുടിയേറ്റ്, മധ്യകേരളത്തിലെ പടയണി എന്നീ അനുഷ്ഠാന കലാരൂപങ്ങളോട് തിറയാട്ടത്തിന് ചില സാദൃശ്യങ്ങളുണ്ട്. എന്നാൽ വള്ളുവനാടൻ പ്രദേശങ്ങളിൽ നടക്കുന്ന 'പൂതനും തിറയും' എന്ന കലാരൂപവുമായി തിറയാട്ടത്തിന് സാദൃശ്യമേതുമില്ല.

ജനുവരി മുതൽ ഏപ്രിൽ വരെയാണ് തിറയാട്ടകാലം. ദേവതാസങ്കൽപങ്ങളുള്ള മരക്കൂട്ടങ്ങളാണ് കാവുകൾ. പൗരോഹിത്യരഹിത ആരാധനക്രമങ്ങളാണ് കാവുകളിൽ അനുവർത്തിച്ചുവരുന്നത്. ആര്യ ദ്രാവിഡ സംസ്കാരങ്ങളുടെ മിശ്രണം കാവാചാരങ്ങളിലും തിറയാട്ടത്തിലും പ്രകടമാണ്. വൃക്ഷാരാധാന, നാഗാരാധന, പ്രകൃത്യാരാധന, വീരാരാധന, മലദൈവസങ്കൽപങ്ങൾ, പ്രാദേശികദൈവസങ്കൽപങ്ങൾ എന്നിവയെല്ലാം തിറയാട്ടത്തിലെ ആരാധനക്രമങ്ങളിൽ പ്രകടമാണ്. ജാതിവ്യവസ്ഥയും പൗരോഹിത്യവും പ്രബലമായിരുന്നപ്പോഴും കാവുകളിലെ തിറയാട്ടം അടിയാളവർഗത്തിന്റെ സ്വത്വബോധത്തെ ജ്വലിപ്പിച്ചുകൊണ്ട് ആത്മാവിഷ്കാരത്തിനും സാമൂഹിക വിമർശനത്തിനുമുള്ള ഉത്തമവേദിയായി നിലകൊണ്ടു.

പെരുമണ്ണാൻ സമുദായത്തിനാണ് തിറയാട്ടത്തിനുള്ള അവകാശം പരമ്പരാഗതമായി ലഭിച്ചിരിക്കുന്നത്. എന്നാൽ പാണ, ചെറുമ പറയ സമുദായങ്ങളും തിറയാട്ടം നടത്തുന്നുണ്ട്. പുരുഷന്മാർ മാത്രമേ ഈ കലാരൂപം അവതരിപ്പിക്കാറുള്ളൂ. വെള്ളാട്ടം (വെള്ളാട്ട് എന്ന് പ്രാദേശികപ്രയോഗം), തിറയാട്ടം, ചാന്താട്ടം എന്നിങ്ങനെ തിറയാട്ടം മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവ യഥാക്രമം മൂർത്തികളുടെ കൗമാരയൗവനവാർധക്യകാലങ്ങളെ കുറിക്കുന്നു എന്നാണ് വിശ്വാസം. പകൽ വെളിച്ചത്തിലാണ്

വെള്ളാട്ട്. രാത്രിയിൽ ചുട്ടുവെളിച്ചത്തിൽ തിറയാട്ടം. ചാന്താട്ടമാകട്ടെ തൊട്ടടുത്ത ഉഷസ്സാഗമത്തിലും. പുരാവൃത്തമേറെയുള്ള ദേവതകൾക്കും പ്രാദേശിക മൂർത്തികൾക്കും പ്രത്യേകം പ്രത്യേകം കോലങ്ങൾ കെട്ടിയാടുന്നുണ്ട്. ലളിതചമയങ്ങളും ആട്ടവുമാണ് വെള്ളാട്ടിനുള്ളതെങ്കിൽ വർണപ്പകിട്ടേറിയ ചമയങ്ങളും ചടുലമായ നൃത്തവുമാണ് തിറയാട്ടത്തിന്റെ പ്രത്യേകത. തിറയാട്ടത്തിൽ ചെണ്ട, ഇലത്താളം, തുടി, പഞ്ചായുധം, കുഴൽ എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു.

കോലങ്ങൾ ആട്ടത്തിനിടയിൽ കളരിപ്പയറ്റിനെ അനുസ്മരിപ്പിക്കുന്നതരത്തിൽ പ്രതീകാത്മക ആയുധങ്ങൾ ഉപയോഗിച്ച് ചുവടുകൾ വെക്കുന്നു. കരുമകന് കുന്തം, കരിവില്ലിക്ക് അമ്പും വില്ലും, ഭഗവതിക്ക് പള്ളിവാൾ, വീരഭദ്രന് വെണ്മഴു, മുർത്തിക്ക് ദണ്ഡും പരിചയും എന്നിങ്ങനെയാണ് പ്രതീകാത്മക ആയുധങ്ങൾ.

ഓരോ കോലത്തിനും പ്രത്യേകം തോറ്റങ്ങളും അഞ്ചടികളുമുണ്ട്. ദേവതകളുടെ പുരാവൃത്തം തോറ്റങ്ങളിൽ സുദീർഘമായി തന്നെ പ്രതിപാദിക്കുന്നു. എന്നാൽ ദേവതകളുടെയും കുടിവെച്ച മൂർത്തികളുടെയും പുരാവൃത്തം ആറ്റിക്കുറുക്കിയതാണ് അഞ്ചടികൾ. തിറയാട്ടത്തിൽ മാത്രമുള്ള ഗീതങ്ങളാണ് അഞ്ചടികൾ. ശിവഭാവങ്ങളോ ശിവജന്യങ്ങളോ ആയ ദേവമൂർത്തികളും ദേവീമൂർത്തികളും തിറയാട്ട കോലങ്ങളിൽപ്പെടുന്നു. കൂടാതെ മൺമറഞ്ഞ വിശിഷ്ട വ്യക്തികളുടെ കോലങ്ങളും കെട്ടിയാടാറുണ്ട്. കുടിവെച്ച മൂർത്തികളെന്നാണ് ഇവ അറിയപ്പെടുന്നത്.

കോലധാരികൾ (കെട്ടിയാട്ടക്കാർ) ചമയക്കാർ, വാദ്യക്കാർ, കോമരങ്ങൾ (വെളിച്ചപ്പാട്) അനുഷ്ഠാന വിദ്വാന്മാർ, സഹായികൾ എന്നിവരടങ്ങിയ തിറയാട്ടസംഘങ്ങളാണ് കാവുകളിൽ തിറയാട്ടം അവതരിപ്പിക്കുന്നത്. ഭഗവതിത്തിറയാണ് തിറക്കോലങ്ങളിൽ മുഖ്യം. ഭദ്രകാളി, ഓടക്കാളി, നീലക്കാളി, നീലഭട്ടാരി, രക്തേശ്വരി, രക്തചാമുണ്ഡി, ഇട്ടിക്കുറുമ്പി തുടങ്ങിയ ദേവീഭാവകോലങ്ങളും കരുമകൻ, കരിയാത്തൻ, കരിവില്ലി, തലശ്ശിലവൻ (തലച്ചിലോൻ), കുലവൻ, കണ്ഠാകർണൻ, മുണ്ട്യൻ, ഭൈരവൻ, കുട്ടിച്ചാത്തൻ, വീരഭദ്രൻ തുടങ്ങിയ ദേവഭാവകോലങ്ങളും ഗുരുമൂർത്തി, വെട്ടുമൂർത്തി, ഗുരുമുത്തപ്പൻ, ചെട്ടിമൂർത്തി, സ്ത്രീമൂർത്തി തുടങ്ങിയ കുടിവെച്ച മൂർത്തീഭാവകോലങ്ങളും തിറയാട്ടത്തിൽ കെട്ടിയാടുന്നുണ്ട്.

അനുഷ്ഠാനങ്ങൾ തിറയാട്ടത്തിൽ വളരെയേറെയുണ്ട്. വിരുന്നുപുറപ്പാട്, കാവിൽ കയറൽ, പൂവും നാരും കയ്യിഷ്ടമെടുക്കൽ, വില്ലികളെ കെട്ടൽ, കാവുണർത്തൽ, ഉൺതട്ട്, അണിമറപൂജ, ഒടക്കുകഴിക്കൽ, മഞ്ഞൾപ്പൊടി ആരാധന, തിരുനെറ്റി പതിക്കൽ, ഗുരുതി തർപ്പണം, പീഠം കയറൽ, ചാന്തുതിറ, കുടികൂട്ടൽ എന്നിവയൊക്കെ തിറയാട്ടത്തിലെ അതിപ്രധാനമായ അനുഷ്ഠാനങ്ങളാണ്.

അധ്യായം രണ്ട്

കാവുകൾ



വതാസങ്കേതങ്ങളായ മരക്കൂട്ടങ്ങളാണ് കാവുകൾ. വിശ്വാസങ്ങളുടെ പിൻബലത്തിൽ സംരക്ഷിക്കപ്പെടുന്ന കാവുകൾ, മനുഷ്യന്റെ ഇടപെടലും ചൂഷണവും ചെറുക്കുന്നു. അതുകൊണ്ടാണ് വനം പോലെ കാവുകൾ ഇന്നും സംരക്ഷിക്കപ്പെടുന്നത്. വൻമരങ്ങളും, ചെറു വൃക്ഷങ്ങളും, കുറ്റിച്ചെടികളും, വള്ളിച്ചെടികളും കാവുകളിൽ ഇടതൂർന്ന് വളരുന്നതുകൊണ്ട് ബാഹ്യഇടപെടൽ ഇല്ലാതെ പ്രകൃതിദത്തമായ ആവാസവ്യവസ്ഥയിൽ കാവുകൾ ഇന്നും നില നിൽക്കുന്നു. ഇങ്ങനെ സംരക്ഷിക്കപ്പെട്ട ഇടങ്ങളാണ് ഇന്നു നാം കാണുന്ന കാവുകൾ.

ഈ കാവുകളിലെല്ലാംതന്നെഗോത്രകലാസംബന്ധവും വിശ്വാസപരവുമായ ആചാരാനുഷ്ഠാനങ്ങൾ നിലനിൽക്കുന്നു. തെക്കൻ മലബാറിൽ തിറയാട്ടം നടത്തുന്ന കാവുകളോട് ചേർന്ന് ഒട്ടേറെ ആരാധനാസ്ഥാനങ്ങളുണ്ട്. പള്ളിയറ, മണ്ഡപങ്ങൾ, തിടപ്പള്ളി, ചെറുപീഠങ്ങൾ എന്നിവയെല്ലാം ഈ ആരാധനാസ്ഥാനങ്ങളിൽപ്പെടുന്നു. പ്രാദേശിക വിശ്വാസപ്രമാണങ്ങളാണ് കാവുകളിലെ ആരാധനക്രമങ്ങളുടെ അടിസ്ഥാനം. മിക്ക കാവുകളിലും നാഗസ്ഥാനങ്ങൾ കാവുകൾക്കുള്ളിലാണ്. ആൽ, കാഞ്ഞിരം, പാല, ഇലഞ്ഞി മുതലായ മരങ്ങൾ കാവുകളിൽ പൊതുവായി കണ്ടുവരുന്നു.

ദേവതകൾ സങ്കേതമാക്കിയതെന്ന് വിശ്വസിക്കപ്പെടുന്ന വൃക്ഷമൂലങ്ങളാണ് ഇന്നത്തെ കാവുകൾ. അതായത് വൃക്ഷമൂലങ്ങളെന്ന ദേവതാസങ്കേതങ്ങൾ പരിഷ്കരിക്കപ്പെട്ട് ഇന്നത്തെ നിലയിലെത്തിയെന്ന് സാരം. അയ്യപ്പൻകാവ്, മുത്തപ്പൻകാവ്, സർപ്പക്കാവ് എന്നിങ്ങനെ ഒട്ടേറെ കാവുകൾ നമ്മുടെ വിശ്വാസദൃഢതയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ഉത്തമമാതൃകകളായി നിലകൊള്ളുന്നു. ഇങ്ങനെ പരിഷ്കരിക്കപ്പെട്ട കാവുകളുടെ തിരുമുറ്റങ്ങളാണ് തിറയാട്ടമുൾപ്പെടെയുള്ള അനുഷ്ഠാനകലകൾക്ക് വേദിയായിരിക്കുന്നത്.

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കാവുകളിലാണ് തിറയാട്ടം പ്രധാനമായി നടക്കുന്നത്. തിറയാട്ട മഹോത്സവങ്ങൾ നടക്കുന്ന കാവുകൾ ഓരോ തറവാടിന്റെയും പേരിലുള്ളതായിരിക്കും. ആ നിലയിൽ കുടുംബക്കാവുകളാണെങ്കിലും തിറയാട്ട മഹോൽസവങ്ങൾ നടക്കുന്നത് നാട്ടുകാരുടെ സഹായസഹകരണങ്ങളോടെയാണ്. ഇവയിൽ ഏതെങ്കിലും ഒരു ദേവനോ ദേവിക്കോ കൂടുതൽ പ്രാധാന്യം നൽകിയിരിക്കും. ചില ദേവൻമാർക്കും ദേവികൾക്കുമുള്ള സ്ഥാനം കാവുകളുടെ പുറത്താണ്. അവിടെ ഒരു തറയുണ്ടാക്കി ദേവീദേവന്മാരെ പ്രതിഷ്ഠിക്കുന്നു. മിക്കവാറും ഈ ദൈവങ്ങളെല്ലാം തന്നെ ശിവഭാവങ്ങളോ ശിവസൃഷ്ടികളോ ആണ്. ഇത്തരം ദേവീദേവന്മാരുടെ കോലങ്ങൾ കെട്ടിയാടുന്ന തിറക്കോലങ്ങളാണ് കരുമകൻ, കരിയാത്തൻ, കരിവില്ലി, പൂവില്ലി, ഇളവില്ലി, കുട്ടിച്ചാത്തൻ, ഭൈരവൻ, വേട്ടക്കരുമകൻ, തലശ്ശിലവൻ (തലച്ചിലോൻ), പൊട്ടൻ, ഗുളികൻ, ഭദ്രകാളി, കരിങ്കാളി, കൊടുങ്കാളി, നാഗകാളി, നാഗഭഗവതി, വസൂരിമാല, കണ്ഠാകർണൻ തുടങ്ങിയവയൊക്കെ.

ഇത്തരം ദേവീദേവന്മാരെ കൂടാതെ മൺമറഞ്ഞ മനുഷ്യമൂർത്തികൾക്കുമുണ്ട് കാവുകളിൽ സ്ഥാനം. അവരുടെ കോലങ്ങളും കെട്ടിയാടപ്പെടുന്നുണ്ട്. പണ്ട് തറവാടുകളിലെല്ലാം സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് വളരെ ബഹുമാന്യമായ ഒരു സ്ഥാനമാണ് കൽപിക്കപ്പെട്ടിരുന്നത്. അങ്ങനെ കാരണവസ്ഥാനം നൽകപ്പെട്ടിരുന്ന സ്ത്രീപുരുഷന്മാർ മന്ത്ര, തന്ത്ര, വൈദ്യരംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചവരായിരുന്നു. മരണശേഷം അവരെ കുടിവെച്ച് ആരാധിക്കുന്ന സമ്പ്രദായം പല തറവാടുകളിലുമുണ്ടായിരുന്നു. ഈ മനുഷ്യമൂർത്തീസങ്കൽപം ഒരു പീഠത്തിന്മേലായിരിക്കും. ഇങ്ങനെ കോലം കെട്ടിയാടപ്പെടുന്ന മനുഷ്യമൂർത്തികളാണ് ഗുരുമുത്തപ്പൻ, പറങ്ങോടൻ മൂർത്തി, ചെട്ടിമൂർത്തി തുടങ്ങിയവർ. അതുപോലെ കോലംകെട്ടി ആരാധിക്കപ്പെടുന്ന സ്ത്രീമൂർത്തികളുമുണ്ട്.



തിറയാട്ടത്തിലെ ആരാധനാമൂർത്തികളിൽ മുഖ്യം ശിവനും ശിവസൃഷ്ടികളും ദേവിയുമാണല്ലോ. അതേപ്പറ്റി സി.ഗോപാലൻ നായർ ഇങ്ങനെ വിശദീകരിക്കുന്നു.

തിറയാട്ടത്തിൽ പ്രധാനമായി കെട്ടിയാടി ആരാധിച്ചുവരുന്നത് ശിവന്റെയും ദേവിയുടെയും പ്രതിരൂപങ്ങളേയോ ഭൂതഗണങ്ങളേയോ ആണല്ലോ. ഈ സമ്പ്രദായം പ്രാചീനകാലത്ത് ദേവിയേയും ശിവനേയും ആരാധിച്ചിരുന്നതിൽ നിന്ന് രൂപം പ്രാപിച്ചുവന്നതായിരിക്കാം. സമുദായത്തിലെ മേലാളന്മാർ ഈ ശക്തികളെ ആരാധിച്ചുവന്നപ്പോൾ പിന്നോക്കാവസ്ഥയിൽ നിലകൊണ്ടിരുന്ന ജനത ഈ ദേവീദേവന്മാരുടെ രജോഗുണമൂർത്തികളായ പ്രതിരൂപങ്ങളെ ആരാധിക്കുകയും അവരുടെ കോലങ്ങൾ കെട്ടിയാടുകയും ചെയ്തുവന്നു. ശിവൻ കുറവനായും പാർവതി കുറത്തിയായും രൂപമെടുത്ത് സഞ്ചരിച്ചുവെന്നും മറ്റുമുള്ള വിശ്വാസങ്ങൾ ഈ വിഭാഗക്കാർ ശിവനേയും പാർവതിയേയും തങ്ങളുടേതായ പരിധിയിലേക്ക് കൊണ്ടുവന്ന് ആരാധിച്ചതിന്റെ ഫലമായിരിക്കണം (മലബാറിലെ തിറയാട്ടങ്ങൾ, സി.ഗോപാലൻ നായർ, മാതൃഭൂമി ബുക്സ്)

തിറയാട്ടത്തിന്റെ പ്രാചീനതയെ സംബന്ധിച്ചും തിറയാട്ടത്തിലെ അനുഷ്ഠാനങ്ങളെ സംബന്ധിച്ചും എൻ.കൃഷ്ണപിള്ളയുടെ നിരീക്ഷണം മേൽപറഞ്ഞ വിശ്വാസത്തിന് ശക്തി പകരുന്നു.

''ദേവന്മാരെയും ദേവിമാരെയും പിതൃക്കളെയും പ്രീതിപ്പെടുത്തുന്നതിനായി കൊട്ടിപ്പാടുന്ന അവസരത്തിൽ ആരാധനാമൂർത്തി ആരാധകനിൽ പ്രവേശിച്ച് അയാൾക്ക് ഭാവവ്യത്യാസങ്ങൾ ഉണ്ടാക്കുകയും അയാൾ ഉറഞ്ഞുതുള്ളുകയും ചെയ്യുന്ന കാഴ്ച ഈശ്വരാരാധനയോളം പഴക്കമുള്ള ഒന്നാണ്. അപ്പോൾ അയാൾ സ്വത്വം മറന്ന് ദേവീദേവന്മാരുടെ ചേഷ്ടകളും ഭാവങ്ങളും ആയിരിക്കും കാണിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് പ്രാകൃതദൃശ്യകലയുടെ ഉൽപത്തി. കേരളത്തിലെ ഏറ്റവും പഴക്കമുള്ള കാളീപൂജയിൽ നിന്നും ഉൽഭവിച്ച മുടിയേറ്റ്, തിറയാട്ടം എന്നിവ ജനസാമാന്യത്തിനിടയ്ക്ക് അധികമായി പ്രചരിച്ചിരുന്നു.''

തിറയാട്ടത്തിന്റെ ആദിമരൂപം അതിപ്രാചീനമാണെന്നുള്ളതിന് പക്ഷാന്തരമുണ്ടാകില്ല. അവിടെ നിന്ന് പലവിധ പരിഷ്കാരങ്ങളും വന്ന് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നു എന്നുമാത്രം.

അധ്യായം മൂന്ന്

കാവുമുറ്റം





മനുഷ്യകുലത്തിന് മാത്രമല്ല സർവജീവജാലങ്ങൾക്കും കാവലൊരുക്കുന്ന ഇടമാണ് കാവ് എന്നൊരു പരികൽപനയുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ട്. ഈ ശാസ്ത്രയുഗത്തിലും ഈ പരികൽപനയ്ക്ക് പ്രസക്തിയേറുന്നതല്ലാതെ തെല്ലും കുറയുന്നില്ല. കാവുകളുടെയും കാവിടങ്ങളുടെയും സംരക്ഷണം അനിവാര്യമാണെന്ന ചർച്ചയ്ക്ക് ഉപോൽബലകമായിപ്പറയുന്ന സത്യങ്ങളാണ് ജീവവായുവിന്റെയും ജീവജലത്തിന്റെയും ലഭ്യത. ഇത് ഗ്രാമീണ ചൈതന്യത്തിന്റെ മാത്രം ഹൃദയത്തുടിപ്പുകളാണ്. ഗോത്രമനുഷ്യന്റെ വിശ്വാസവും അവൻ കാട്ടിയ വിശ്വാസമാതൃകകളും ഇന്നും കാവിടങ്ങളിൽ തുടരുന്നതിനാലാണ് ജീവവായുവും ജീവജലവും പ്രകൃതിദത്തമായ അവസ്ഥയിൽത്തന്നെ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഗോത്രമനുഷ്യന്റെ ഈ വിശ്വാസമാതൃക അമ്പരപ്പിക്കുന്ന ഈ ശാസ്ത്രയുഗത്തിൽ നിലനിൽക്കുമോ? ജീവജലത്തിന്റെയും ജീവവായുവിന്റെയും ശാസ്ത്രീയപഠനങ്ങളും ചർച്ചകളും നഗരകേന്ദ്രങ്ങളിലെ സെമിനാറുകളിൽ സജീവവും സക്രിയവുമായ പഠനവിഷയങ്ങളാണിപ്പോഴും. ഓക്സിജൻ, ഹൈഡ്രജൻ, കാർബൺഡയോക്സൈഡ് സംയുക്തങ്ങൾ, ചർച്ചകൾ അങ്ങനെ പൊടിപൊടിക്കുന്നു. എന്നാൽ ഇന്നും ഗ്രാമങ്ങളുടെ ഹൃദയസ്പന്ദനങ്ങളായ കാവിടങ്ങളിലേയ്ക്ക് ഇവരുടെയൊക്കെ ചർച്ചകൾ എത്തിപ്പെടാറുണ്ടോ?

പറഞ്ഞുവന്നത് ഇത്രയുമാണ്- ഗോത്രജീവിതം ''അടിച്ചേൽപ്പിച്ച' കൽപനകളാണ് ഇന്നും ജീവവായുവും ജീവജലവുമായി നിലനിൽക്കുന്നത്.

ഗോത്രബോധത്തിന്റെ ശാസ്ത്രീയാടിത്തറയിൽ നിന്നുമാത്രമാണ് ജീവവായുവും ജീവജലവും ഇന്നും ചർച്ച ചെയ്യപ്പെടുന്നത്. ഈ ശാസ്ത്രയുഗം ഇപ്പറഞ്ഞ സത്യം അംഗീകരിക്കുന്നുണ്ടോ?

ഇത് ശാസ്ത്രയുഗമാണെന്നും ഈ ശാസ്ത്രയുഗത്തിൽ എന്തിനും ഏതിനും പ്രതിവിധികളുണ്ടെന്നുമുള്ള ശാഠ്യചിന്തകൾ ശാസ്ത്രത്തിന്റെ പേരിൽ പലരും വിളമ്പാറുണ്ട്. ആ വിളമ്പൽ ശാസ്ത്രത്തിന് നിരക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ഗോത്ര ജൈവികതയിൽ നിന്നാരംഭിച്ച

ശാസ്ത്രസത്യങ്ങളാണ് ഇന്നത്തെ ശാസ്ത്രത്തിന്റെ കാതൽ. ആ വിശ്വാസകാതൽ നിലനിൽക്കുന്നതിങ്ങനെ.

കാവ് – കവിടം – കാവ്മുറ്റം എന്നീ ഈ പരികൽപനകൾ ഗോത്രജൈവികതയിൽ നിന്ന് തുടങ്ങിയതാണ്. ഇന്നും ഈ ഗോത്രജൈവികത തുടരുന്നതിന്റെ ഭാഗമായി വേണം കാവിനെയും കാവിടങ്ങളെയും കാവുമുറ്റങ്ങളെയും കാണാൻ. ഇപ്പോഴും തിറയാട്ടം നടത്തുന്ന കാവുകളിൽ ഒട്ടേറെ ചിട്ടവട്ടങ്ങളും അലിഖിതനിയമങ്ങളുമുണ്ട്. ആ അലിഖിത നിയമങ്ങൾ പാലിച്ചേ പറ്റൂ. ഇല്ലെങ്കിൽ അത് അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമാകും. ഈ ആചാരവിരുദ്ധത തറവാടിനും ദേശത്തിനും ദോഷകരമായി ഭവിക്കുമത്രെ. ഈ വിശ്വാസദൃഢതയും അത് നടന്നേപറ്റൂവെന്ന അനുഷ്ഠാനശാഠ്യവും കാവുമുറ്റങ്ങളിൽ നിന്ന് തുടങ്ങുന്നു. ഈ അനുഷ്ഠാനശാഠ്യമാണ് കാവിടങ്ങളിലെ ജീവവായുവിന്റെയും ജീവജലത്തിന്റെയും ലഭ്യതയ്ക്കുള്ള അടിസ്ഥാനകാരണം. അതുകൊണ്ട് ഗോത്രസംസ്കൃതിയുടെ വിശ്വാസദൃഢതയിൽ അടിത്തറരൂപപ്പെടുത്തിയിരിക്കുന്നിടത്തുനിന്നു തന്നെ നാം തുടങ്ങേണ്ടിയിരിക്കുന്നു.

ഇവിടെയാണ് കാവുമുറ്റം എന്ന സങ്കൽപത്തിലേക്ക്, വിശ്വാസത്തിലേയ്ക്ക് നാം എത്തുന്നത്. കാവിടങ്ങളുടെ ചുറ്റുപാടുകൾക്ക് പണ്ട് ഗോത്രകാലത്ത് മുറ്റമുണ്ടായിരുന്നോ? ഇരുവശങ്ങളിലെയും വൃക്ഷത്തലപ്പുകൾ കമാനാകൃതിസൃഷ്ടിച്ച ഒരു കാലം ഗോത്രസംസ്കാരത്തിന്റെ പ്രവേശനകവാടമായി കണക്കാക്കിയിട്ടുണ്ടാകാം. അങ്ങനെയാകാം വൃക്ഷമൂലങ്ങളിൽ ദേവതകൾ അധിവസിക്കുമ്പോൾ ഒരു പ്രവേശനകവാടം സൃഷ്ടിക്കപ്പെട്ടത് അല്ലെങ്കിൽ ഗോത്രമനുഷ്യന്റെ ആതിഥ്യചിന്ത രൂപപ്പെട്ടത്. അവിടെ നിന്നാരംഭിച്ച ദീർഘകാലയാത്ര ഇന്ന് തിറയാട്ടം നടത്തുന്ന കാവുകളിലെത്തിനിൽക്കുന്നു. ഇവിടെ കാവിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് മുറ്റം കടക്കണമല്ലോ. ഇപ്പോൾ കാവുമുറ്റവും അനുബന്ധകാര്യങ്ങളും വിശ്വാസത്തിന്റെ ചരടിൽ ശക്തിയായിത്തന്നെ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. അതിങ്ങനെ.

കാവിലേയ്ക്കുള്ള പ്രവേശനം കാവുമുറ്റത്തു കൂടെയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഉത്സവത്തോടനുബന്ധിച്ച് കാവുമുറ്റം വൃത്തിയാക്കി ചാണകവെള്ളം തളിച്ച് ശുദ്ധിയാക്കുന്നു. ഇതാണ് ശുദ്ധീകരണത്തിന്റെ ആദ്യഘട്ടം.

ശുദ്ധിയാക്കപ്പെട്ട വഴിയിലൂടെ കാവുമുറ്റത്തേയ്ക്ക് കടക്കുമ്പോൾ പീഠമാണ് ആദ്യം ദൃഷ്ടിഗോചരമാകുന്നത്. മണ്ഡപം, തറ എന്നുമൊക്കെ പീഠത്തിന് മറ്റ് സംജ്ഞകളുമുണ്ട്. ഈ പീഠമാണ് കാവിലെ പ്രധാന പ്രതിഷ്ഠയുടെ ആരൂഢം. ഉപദേവീദേവന്മാരുടെ സ്ഥാനങ്ങളും പ്രത്യേകം കൽപിക്കപ്പെട്ടിട്ടുണ്ട്. ദേവീദേവന്മാരുടെ ദർശനം ചിലത് കിഴക്കും മറ്റുചിലത് പടിഞ്ഞാറുമായി പ്രാദേശിക വിശ്വാസമനുസരിച്ച് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

കാവുമുറ്റത്ത് – തിരുമുമ്പിൽ ഉത്സവത്തോടനുബന്ധിച്ച് നിർമ്മിക്കുന്ന പന്തലിന് മണിപ്പന്തൽ, തുളച്ചുകൂട്ടിപ്പന്തൽ എന്നൊക്കെ പേര്. കാവുമുറ്റത്തെ മണ്ഡപത്തോടു ചേർന്നാണ് ഈ മണിപ്പന്തലിന്റെ നിർമിതി.

ഇവിടെ വിശ്വാസപരമായി നിർവഹിക്കപ്പെടുന്ന "മണി" ശബ്ദങ്ങളുണ്ട്. ഓട്ടുമണികളെപ്പറ്റിയാണ് പറഞ്ഞുവരുന്നത്. അതായത് ഇപ്പറഞ്ഞ മണ്ഡപത്തിന്റെ കവാടമേലെ (വാതിലിന് മുകളിൽ) ഓട്ടുമണികൾ തൂക്കിയിട്ടിട്ടുണ്ടാകണം. ഇങ്ങനെ തൂക്കപ്പെടുന്ന ഓട്ടുമണികൾ ഒറ്റസംഖ്യയിലുള്ളതായിരിക്കണം. അതായത് അഞ്ച്, ഏഴ് മണികളിൽ തുടങ്ങണം. അഞ്ച്, ഏഴ്, ഒമ്പത് ഇങ്ങനെ ഒറ്റസംഖ്യകളാണ് കണക്ക്. ഈ ഒറ്റസംഖ്യ അദ്വൈതം (രണ്ടല്ല) എന്ന വിശ്വാസത്തിൽ അധിഷ്ഠിതമാണോ? അദ്വൈതചിന്ത ദ്യോതിപ്പിക്കുന്നതും ഓംകാരമെന്ന ആദിമശബ്ദസാന്നിധ്യവും ഭക്തരെ ബോധ്യപ്പെടുത്തുന്നതുമായ കവാടം കഴിഞ്ഞാൽ പീഠപ്രതിഷ്ഠയും തിരുടാടയുമാണ്. ഇവയെല്ലാം വിശ്വാസദൃഢത ഉറപ്പിക്കുന്ന മാധ്യമങ്ങളാണ്. ഈ വിശ്വാസദൃഢതയാണ് ജീവവായുവായും ജീവജലമായും നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇപ്പോൾ വ്യക്തമാക്കിയ ചടങ്ങുകൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ ഇവയെല്ലാം വിശ്വാസം ഉറപ്പിക്കുന്നതിനുള്ള ഒരു തരം ചികിത്സാസമ്പ്രദായങ്ങളാണ്. ഈ ചികിത്സാസമ്പ്രദായം നിലനിൽക്കുന്നില്ലെങ്കിൽ ജീവവായുവും ജീവജലവും കിട്ടാക്കനിയായിരിക്കും. സമീപഭാവിയിൽ അത് അതിധനവാനുമാത്രം വിലകൊടുത്തു വാങ്ങാൻ കഴിയുന്നതും.

അരനൂറ്റാണ്ടുമുമ്പ് (അത്രയും വേണ്ട) ജീവിച്ചിരുന്നവരോട് നമുക്ക് ചോദിക്കാം.

അന്ന് ദാഹിച്ചാൽ കുടിവെള്ളത്തിന് പണം കൊടുക്കേണ്ടതുണ്ടായിരുന്നോ?

ഉത്തരം ഇല്ല, ഇല്ല, ഇല്ല എന്നു തന്നെയാകും.

ജീവവായും (ഓക്സിജൻ) ഇപ്പോൾ തന്നെ വിലകൊടുത്തു വാങ്ങേണ്ടിവരുന്നില്ലേ?

സമീപകാലാനുഭവങ്ങൾ ശ്രദ്ധിക്കുക.

(ഭരണാധികാരികളുടെ പൂർണപിന്തുണയോടെ ആമസോൺ കാടുകൾ കത്തിച്ച കോർപ്പറേറ്റുകൾ! അവരെ ചെറുത്തു രക്തസാക്ഷിത്വം വഹിച്ച ഗോത്രജനത!! ഈയടുത്തകാലത്ത് ഒരിറ്റു ശ്വാസത്തിനുവേണ്ടി നെട്ടോട്ടമോടിയ ഡൽഹിനിവാസികൾ!!

ഇവിടെ പറഞ്ഞുവരുന്നത് ഇതേയുള്ളു. നമ്മുടെ കാവിടങ്ങളിലെ ജൈവസാന്നിധ്യം അതുല്യമാണ്. ഈ സത്യം ഉൾക്കൊള്ളാനായില്ലെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് ഭയാനകമായിരിക്കും. ഒരു സംശയവും വേണ്ട.

വിശ്വാസപരമായി മുമ്പുപറഞ്ഞത് ഓംകാരപ്പൊരുളിന്റെ–ആദിമശബ്ദസൂചികയുടെ അടയാളമായി തൂക്കിയിട്ടിരിക്കുന്ന ഓട്ടുമണികളെപ്പറ്റിയും അതിന്റെ സംഖ്യാസംജ്ഞകളെപ്പറ്റിയുമാണ്. പീഠപ്രതിഷ്ഠയും തിരുടാടയും അവയുടെ വിശ്വാസക്രിയയും ഇവിടെയാണ് തുടങ്ങുന്നത്. പ്രതിഷ്ഠയാണ് വിശ്വാസപരമായ സ്വത്വവും സത്യവും. തിരുടാട വിശ്വാസത്തിന് ചാരുത പകരുന്ന ''ആഹാര്യ''പരമായ ഒരാചാരമായി കണക്കാക്കാം.

ഇത്തരത്തിൽ വിശ്വാസം, അടിയുറപ്പിച്ചിട്ടുള്ളതിന്റെ മറ്റു കാര്യങ്ങളിങ്ങനെ.

1. മണിപ്പന്തൽ എന്ന തുളച്ചുകൂട്ടിപ്പന്തൽ.
2. വിശ്വാസത്തിന്റെ നിറദീപമായി ജ്വലിക്കുന്ന കുത്തുവിളക്ക്.
3. അരങ്ങിൽ നൈർമല്യത്തിന്റെ സാത്വിക ഭാവമായി ഇളം കാറ്റിലാടുന്ന കുരുത്തോലകൾ.

ചതുർദിശകളിൽ ഇളനീർക്കുലകൾ. ആദിമഗോത്രഭാവനകളിലേതുപോലെ ഇരുവശങ്ങളിലെയും വൃക്ഷത്തലപ്പുകളുടെ ഇഴയടുപ്പത്തെ ഓർമിപ്പിക്കുന്ന ഇരുവശങ്ങൾ (ഇരുവശങ്ങളിലെ തൂണുകൾ)

ഈ ഇരു തൂണുകളിലും അതായത് ഇരുവശങ്ങളിലുമായി ''അതിഥിദേവോഭവ'' എന്ന തരത്തിൽ നമ്രശിരസ്കരായി കുലവാഴകളും ഇളനീർക്കുലകളും.

പിന്നെയോ?
കുറവലിക്കൽ
ഭണ്ഡാരപ്പെട്ടി
കൽവിളക്ക് എന്ന ദീപസ്തംഭം തുടങ്ങി അനുഷ്ഠാനപരമായവ വീണ്ടും ഒട്ടേറെയുണ്ട്.
വെള്ളരിത്തറ
വിളക്ക്
ആയുധങ്ങൾ

കൊടിമരവും കൊടിതോരണങ്ങളും വെടി–വഴിപാടുകളും – ഇത്തരത്തിൽ കാഴ്ചകളിൽ വിശുദ്ധവിരുന്നൊരുക്കുന്ന ക്രിയാംശങ്ങൾ ഇനിയുമുണ്ട്.

ഭഗവത് പ്രതിനിധിയെന്ന നിലയിൽ തറവാട്ടുകാരണവർ–

വ്രതശുദ്ധിപാലിക്കുന്ന അർദ്ധശുഭ്രവസ്ത്രധാരികളായ അനന്തിരവർ
കോമരങ്ങളും സഹായികളും
വാദ്യവാദകർ, സഹായികൾ

കോലങ്ങളും സഹായികളും
ഭക്തരും അവരവരുടെ വിശ്വാസമനുസരിച്ചുള്ള പ്രതിഫലനങ്ങളും
ജാതി, മത, വർണ, വർഗവ്യത്യാസമില്ലാതെ ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന സംഘാടകർ.

ഇതുമാത്രമല്ല, ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ! ഈ ഉത്സവകാലം (ഒരു ദിവസമാകാം) ഗ്രാമീണമനസ്സുകൾ നിറയുന്നു. നിറഞ്ഞുകവിയുന്നു, അത് സ്നേഹസാന്ദ്രവും ആർദ്ര വുമാകുന്നു.

ഉത്സവം നടക്കുന്ന ഗ്രാമത്തിൽ അന്ന് രാവും പകലും ഒന്നാണ്. ''അരമുക്കാൽ'' നൂറ്റാണ്ടിനുമുമ്പ് ഇന്നത്തെ ഒരു നഗരപെരുന്നാളിലെ മുന്നറിയിപ്പായിരുന്നു. ഉത്സവത്തോടനുബന്ധിച്ച് (പെരുന്നാളിനോടനുബന്ധിച്ച്...) ഉച്ചഭാഷിണിയുണ്ടായിരിക്കുന്നതാണ്.

ഉച്ചഭാഷിണിക്കാര്യമൊന്നുമല്ല പറഞ്ഞുവരുന്നത്. രാവും പകലും ഒന്നാക്കി ഇപ്പോഴും ജീവവായു ശ്വസിച്ച്, മണിക്കിണറിലെ ജീവജലം കഴിച്ച് ഭാവിയിലേക്ക് വിരൽചൂണ്ടി ഇതാണ് ശരി എന്ന് ''അറിയാതെ'' പ്രഖ്യാപനം നടത്തുന്ന ഇന്നിൽ ഒരംശമായി നാം ജീവിക്കുന്നു.

നാം അറിയാതെ നമുക്ക് ലഭിക്കുന്ന ഒരു ജൈവികഭാഗ്യം!

ഇന്നും ഇപ്പോഴും ഈ ഗ്രാമക്കാഴ്ചകളിൽ ''ഉറക്കം തൂങ്ങികൾ''ക്ക് ഒരു നുള്ളു തരുന്ന ചില കൊതുകുകടികളുമുണ്ട് കൊതുകുകടികൾ എന്നു പറയുന്നിടത്ത് ഉൽക്കണ്ഠയ്ക്ക് കാരണമൊന്നുമില്ല.

പാവം കൊതുകുകൾ ഇവരൊക്കെയാണ്.
മുച്ചീട്ടുകളിക്കാർ.
കൈനോട്ടക്കാർ.

പിന്നെപ്പിന്നെ കണ്ണിറുക്കി വിലപേശി വളക്കച്ചവടം മാത്രമല്ല, സിന്ദൂരവും പൊട്ടും ഇമിറ്റേഷൻ ആഭരണങ്ങളുമൊക്കെ വിൽക്കാൻ എത്തുന്നവർ; ചിലപ്പോൾ ഇവിടെയൊക്കെ പ്രേമവും നൈരാശ്യവും ഒളിച്ചോട്ടവുമൊക്കെയുണ്ടേ. ഏതായാലും പഴയകാലമൊന്നുമല്ല. കാലം മാറി, കഥമാറി.

ഇപ്പറഞ്ഞതൊക്കെ പഴയഗ്രാമച്ചന്തകളിലെ കാഴ്ചകളെപ്പറ്റിയാണ്. ഏറ്റവും ചുരുങ്ങിയത് അമ്പത് വർഷം മുൻപത്തെ ഈ ഗ്രാമക്കാഴ്ചകൾ ഗൃഹാതുരത്വത്തോടെ ഇന്നും പ്രായമായവർ ഓർമിക്കുന്നു. (മിനിമം 60 വയസ്സ് പിന്നിട്ടവർ)

പക്ഷെ, അനുഷ്ഠാനബദ്ധവും വിശ്വാസപരവുമായ കാര്യങ്ങളെപ്പറ്റിയാണ് ഇനിപറയുന്നത്.

കലശം എഴുന്നള്ളിപ്പ്, താലപ്പൊലി, വെള്ളാട്ട് – തിറയാട്ട കോലങ്ങളുടെ ആട്ടം. ഈ ആട്ടങ്ങൾക്കെല്ലാം സാത്വിക – രൗദ്രഭാവങ്ങൾ നൽകുന്ന താളപ്പെരുമ. ആട്ടത്തിനും താളപ്പെരുമയ്ക്കും അത്യുജ്ജ്വല ദൃശ്യാനുഭവം പകരുന്ന ചൂട്ടുകളി. ഇവയൊക്കെ തിറയാട്ടത്തിന്റെ മാത്രം പ്രത്യേകതകളാണ്. ഇവയെല്ലാം ഭക്തിയുടെയും വിശ്വാസത്തിന്റെയും ഗരിമ പകരുന്നു. ഈ ഗരിമതന്നെയാണ് ജീവവായുവായും ജീവജലമായും നാം അനുഭവിച്ചു കൊണ്ടിരിക്കുന്നത്.

പീഠം



ആരാധനയ്ക്ക് ബഹുമുഖ പദ്ധതികളുണ്ട്. അതിനൊക്കെ സാമ്പ്രദായിക രീതികളുമുണ്ട്. കാവ് - ക്ഷേത്രസംബന്ധമായ ആരാധനാരീതികൾ ഈ പുസ്കത്തിൽ തന്നെ പല യിടങ്ങളിലായി സാമാന്യം വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. പക്ഷെ അവിടെ യൊന്നും പീഠസങ്കല്പത്തെപ്പറ്റിയോ പീഠാരാധനയെപ്പറ്റിയോ കാര്യമാത്ര പ്രസക്തമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

പീഠം അത്രയേറെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണോ? സ്വാഭാവിക മായി പീഠത്തെ സംബന്ധിച്ച ചർച്ചയിൽ ഇങ്ങനെയൊരു ചോദ്യമുന്നയിക്കപ്പെട്ടേക്കാം. പീഠം എന്നത് നമ്മുടെ കൺമുമ്പിൽ തെളിയുന്ന സത്യമാണ്. പീഠം ദൃഷ്ടിഗോചരമാണെന്നതിലു പരി അതിലൊരു ശക്തിയുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതിനാലാണല്ലോ ഭക്തർ പീഠത്തെ നമ സ്കരിക്കുന്നത്. സത്യത്തിൽ ഇവിടെയൊരു മാസ്മരിക പ്രഭാവം ഭക്തർക്ക് അനുഭവപ്പെടു ന്നുണ്ടോ? ഭക്തർക്ക് ഒരു ശാക്തിക ചോദന ഉണ്ടാകുന്നുവെന്ന് അവർതന്നെ സാക്ഷ്യപ്പെടു ത്തുന്നുണ്ട്. ഇവിടെ അവർ വിശ്വസിക്കുന്ന ദൈവത്തിന്റെ അല്ലെങ്കിൽ മൂർത്തിയുടെ രൂപമില്ല. എങ്കിലും അവർ പീഠത്തെ നമസ്കരിക്കുന്നു, തൊഴുതുകുമ്പിടുന്നു. അതിലൂടെ പീഠാരാധന നടത്തുന്നു. പീഠത്തിന്റെ മാസ്മരികതയല്ലേ ഇതിന് കാരണം?

സെമിറ്റിക് മതങ്ങളിലേതുപോലുള്ള ഏകദൈവവിശ്വാസമോ അതനുസരിച്ചുള്ള ആരാ ധന ക്രമങ്ങളോ അല്ല ഗോത്രഭൂമികയിലൂടെ കാവുകളിലും കാവിടങ്ങളിലും ഇപ്പോൾ എത്തി നിൽക്കുന്ന ആരാധനാ രീതികൾ. ഇവിടെ പ്രത്യക്ഷത്തിൽ രൂപകൽപനചെയ്ത ബിംബമോ തദനുസരണമായ ആരാധനക്രമങ്ങളോ ഇല്ല. പ്രത്യക്ഷത്തിലുള്ളത് പീഠമാണ്. ഈ പീഠം മുമ്പാകെയാണ് ഭക്തൻ, അവന്റെ മനസ്സ് അർപിക്കുന്നത്. ഈ അർപണമാണ് അവന്റെ അർച്ചന. മനസ്സിന്റെ ഈ അർച്ചനയിലൂടെയാണ് അവൻ സായൂജ്യമടയുന്നത് എന്നുപറഞ്ഞാൽ പീഠ സാമീപ്യത്തിലൂടെ സാരൂപ്യാവസ്ഥയിലെത്തുന്നു. (ഐക്യപ്പെടുന്നു എന്ന് നമുക്ക് സാമാ ന്യേന പറയാം) ചുരുക്കിപ്പറഞ്ഞാൽ അവൻ, സ്വയമറിയുന്നു എന്നുസാരം. ഈ സാരൂപ്യാവ സ്ഥയിൽനിന്ന് സായൂജ്യാവസ്ഥയിൽ എത്തുമ്പോൾ തത്വമസിയും/അഹംബ്രഹ്മാസ്മിയും അവൻ അനുഭവിച്ചറിയുന്നു. ഇവിടെയാണ് പീഠം ബ്രഹ്മമയമാകുന്നത്. ബ്രഹ്മമയമായ ഈ പീഠത്തെയാണ് ഭക്തൻ നമസ്കരിക്കുന്നത്. അതായത് ബിംബാരാധനയുടെ ആവശ്യമേയി ല്ലെന്ന് ചുരുക്കം. ചുരുക്കത്തിൽ ശക്ത്യാരാധനയുടെ അടയാളമാണ് പീഠം. ആ പീഠത്തിൽ ബ്രഹ്മാധിഷ്ഠിതമായി അവരോധിക്കപ്പെട്ടിരിക്കുന്നത്, പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത് ഭക്തന്റെ മനസ്സാണ്, ഭക്തൻ തന്നെയാണ്.

ഇവിടെ, സ്വയമറിയുക, സ്വയം കണ്ടെത്തുക എന്ന സത്യം തിരിച്ചറിഞ്ഞാൽ എല്ലാമെല്ലാ മൊന്നാണെന്നും മറ്റെല്ലാം മിഥ്യയാണെന്നും തിരിച്ചറിയാൻ കഴിയും.

പീഠാരാധന കാവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട വിഷയം, വർഷത്തിലൊരിക്കലാണ് കാവിൽ തിറയാട്ടോത്സവം നടക്കുന്നതെന്നതാണ്. അങ്ങനെ നടക്കുന്നതിന്റെ ഗുണാത്മകചൈതന്യത്തെപ്പറ്റിയൊക്കെ ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. വർഷത്തിലൊരിക്കൽ നടക്കുന്ന തിറയാട്ടോത്സവ ത്തിലെ ഒരു പ്രധാന ചടങ്ങാണ് അരിയും പൂവുമിട്ട് പ്രാർഥിക്കുകയെന്നത്. അരി ശരീരവും പൂവ് മനസ്സുമാണ് എന്നൊരു സങ്കൽപത്തിലാണുപോലും ഈ ചടങ്ങ് നടത്തുന്നത്. പക്ഷെ അതിലൊക്കെ ഉപരി നമ്മുടെ പൂർവികരുടെ സമസൃഷ്ടിസ്നേഹമാണ്, ഈ അരിയും പൂവുമിട്ട് നമസ്കരിക്കുന്നതിലൂടെ നാം മനസ്സിലാക്കുന്നത്. അരി ശരീരമാണെന്ന് സങ്കൽപിക്കുന്നിടത്തെ

ക്രാന്തദർശിത്വം നാം തിരിച്ചറിയണം. കാരണം അനുഷ്ഠാനമെന്ന നിലയിൽ കാവിടങ്ങളിൽ വിതറുന്ന അരി ഉറുമ്പുൾപ്പെടെയുള്ള ജീവികൾക്കാഹാരമാണെന്നുകൂടി നാം തിരിച്ചറിയണം, പൂവ് മാസനസികോല്ലാസത്തിന്റെ അടയാളവും.

ഇങ്ങനെ അരിയും പൂവുമിട്ട് കാരണവർ പ്രാർഥിക്കുന്നതിങ്ങനെ.

തറവാടും/കുടുംബവും നിലനിൽക്കണമേ.. തറവാടു നിലനിൽക്കുന്നതിനായി പ്രകൃതിയെ നില നിർത്തണമേ, പ്രകൃതിയെ അനുഗ്രഹിക്കണമേ.

ഈ പ്രാർഥന നടത്തുന്നത് പീഠം മുമ്പാകെയാണ്, വിഗ്രഹങ്ങൾക്കുമുമ്പിലല്ല. ഈ പീഠത്തിലാണ് ഭക്തർ സ്വയം സമർപിച്ചിരിക്കുന്നത്. ഭക്തന്റെ പ്രാർഥന അല്ലെങ്കിൽ അപേക്ഷ അവന്റെ ആത്മാവിന്റെ ശക്തിയിൽ നിന്ന് പ്രചോദിതമായി അവൻപോലുമറിയാതെ സമർപ്പിക്കപ്പെട്ടതാണ്.

ഓരോ വ്യക്തിയും അവരവരുടെ വിശ്വാസം അല്ലെങ്കിൽ ആത്മപ്രചോദനയനുസരിച്ച് ബ്രഹ്മാർച്ചന നടത്തുന്നു, ബ്രഹ്മത്തെ സാംശീകരിക്കുന്നു. അതനുസരിച്ച് പീഠനമസ്കാരം ചെയ്യുന്നു. അതുകൊണ്ടുതന്നെ പീഠനിർമിതിയെ സംബന്ധിച്ച നിയതനിയമങ്ങളുണ്ട്. അതിങ്ങനെ..

പീഠ സങ്കൽപനം, നിർമാണം

ഏത് ദൈവത്തിന്റെ പീഠമാണോ നിർമിക്കപ്പെടേണ്ടത് അതിനായി കാവാചാരപ്രകാരമുള്ള ഒരു മണ്ഡപം നിർമിക്കുന്നു. ആ മണ്ഡപത്തിനു നടുവിൽ ഒരു ''മുട്ടുശില'' നിക്ഷേപിക്കുന്നു. ആ മുട്ടുശിലയ്ക്ക് വലതുകൈപ്പത്തി മടക്കി മുറുക്കിപ്പിടിച്ചാലുള്ള വലിപ്പമേയുള്ളു. എന്താണ് ഈ മുട്ടുശില? ഭക്തരുടെ എല്ലാ വിഷമങ്ങളും അതായത് മുട്ടുകൾ തീർത്തുകൊടുക്കുന്ന ഒരു ശാക്തികപ്രേരണയെന്ന നിലയിലാവാം ഈ മുട്ടുശിലയുടെ സ്ഥാപനം. മുട്ടുശിലയെന്ന കൗളാചാര സങ്കൽപവും അങ്ങനെയാകാം. മുട്ടുശില നിക്ഷേപിക്കപ്പെട്ടതിന്റെ മുകളിലാണ് പീഠം സമർപിക്കപ്പെടുന്നത്. ഈ പീഠത്തിന് ശരപീഠം എന്ന സംജ്ഞയാണ് നൽകപ്പെട്ടിരിക്കുന്നത്. ശരപീഠം എന്ന പേര് നൽകിയതിനുപിന്നിലെ അർഥവ്യാപ്തി ചർച്ചചെയ്യപ്പെടേണ്ടതാണ്. ശരവേഗത്തിൽ കാര്യസാധ്യത സംഭവിക്കുന്നതിലാണോ ഈ പേര്?

ചുരുക്കത്തിൽ കാവിലോ തറവാട്ടു സ്ഥാനത്തോ പ്രതിഷ്ഠിക്കപ്പെട്ട് ആരാധിച്ചുകൊണ്ടിരിക്കുന്ന ദൈവം; ആ ദൈവത്തിന്റെ രൂപമെന്തെന്നോ എങ്ങനെയെന്നോ അറിയില്ല. മനസ്സിന്റെ ശ്രീകോവിലിൽ സ്വയം പ്രതിഷ്ഠിച്ച, ആ ദൈവസങ്കൽപത്തെ (കുടിവെച്ച മൂർത്തിയുൾപ്പെടെ) തൊട്ടുമുമ്പിലുള്ള പീഠത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്നു. ജീവിതത്തിലെ എല്ലാ 'മുട്ടു'കളും സങ്കടങ്ങളും അവിടെ സമർപിക്കുന്നു. അതുകൊണ്ടുതന്നെ വിഗ്രഹത്തിന്റെ ആവശ്യമേയില്ല.

ഇവിടെ, അരിയും പൂവുമിട്ട് പ്രാർഥിക്കുമ്പോൾ ഉയരുന്ന ചൊല്ലുകൾ ശ്രദ്ധിച്ചാൽ പീഠമൂല്യം വ്യക്തമാകും. ചൊല്ലിങ്ങനെ:-

കാളത്തിന്റെ ഓശയും
കരിങ്കൊമ്പുടെ തിരുവായുണർചയും കേട്ട്
പീഠത്തിന്റെ നാലുകാലും ചവിട്ടി
എഴുന്നള്ളിവരുവാൻ കാലമായില്ലേ
എന്റെ കുരിക്കൻ ദൈവമെ.

അഥർവ വേദവുമായി ബന്ധപ്പെട്ട കൗളാചാരരീതിയാണ് പീഠനമസ്കാരത്തിനാധാരം എന്നൊരു ചിന്തയുണ്ട്, ചിലർക്കെങ്കിലും. പക്ഷെ തിറയാട്ടവും അതുസംബന്ധിച്ച ആചാരാനുഷ്ഠാനക്രമങ്ങളും ഗോത്രസംസ്കൃതിയിൽ നിന്ന് തുടങ്ങിയതാണെന്ന് ഈ പുസ്തകത്തിൽ സാമാന്യമായി വിശദീകരിച്ചിട്ടുണ്ട്.

ചതുർവേദങ്ങളിൽ ആദ്യത്തേത് ഋഗ്വേദമാണ്. ഋഗ്വേദരചനയുടെ കാലം പരമാവധി 3500 വർഷങ്ങൾക്കുമുമ്പാണ്. വിശദാംശങ്ങൾ ഈ പുസ്തകത്തിലെ "സമുദായാധിപത്യം തിറയാട്ടത്തിൽ" എന്ന അധ്യായത്തിൽ നൽകിയിട്ടുണ്ട്. അഥർവവേദത്തിലെ പീഠപ്രതിഷ്ഠയെപ്പറ്റി പറഞ്ഞത് താഴെപ്പറയുന്ന വാചകവുമായി കൂട്ടിവായിക്കണം. അതിലിങ്ങനെ പറഞ്ഞിരിക്കുന്നു.

"ഗംഗാതടത്തിലെ പരിസ്ഥിതിക്കനുസരിച്ച് തച്ചന്മാർ വികസിപ്പിച്ചെടുത്ത വാസ്തുവിദ്യയെ വാസ്തുശാസ്ത്രമെന്ന "ശാസ്ത്ര"മാക്കിയത് ബ്രാഹ്മണരാണ്. കാരണം തച്ചന്മാരും എല്ലാതരം കൈത്തൊഴിൽക്കാരും ശൂദ്രന്മാരോ അതിൽ താഴെയുള്ളവരോ ആയിരുന്നു (വൈദ്യന്മാർ പോലും) അവർക്കന്ന് സംസ്കൃതം നിഷിദ്ധമായിരുന്നു. "

ഋഗ്വേദശേഷമുണ്ടായ അഥർവവേദത്തിലാണ് പീഠപ്രതിഷ്ഠയുടെ പൂർവികതയെന്ന് പറയുന്നതിലെ വൈരുധ്യം ചൂണ്ടിക്കാട്ടിയെന്നുമാത്രം പീഠനിർമിതിയെപ്പറ്റി ചിലകാര്യങ്ങൾക്കൂടി വ്യക്തമാക്കട്ടെ. അഥർവ വേദവുമായി ബന്ധപ്പെട്ട പീഠനിർമാണം താഴെ കൊടുക്കുന്നു. പക്ഷെ പീഠനമസ്കാരത്തിനും പീഠ പൂജയ്ക്കും ശേഷമാകാം ഈ നിർമാണ വ്യാകരണമുണ്ടായത്. അതായത് ഭാഷയ്ക്ക് വ്യാകരണമുണ്ടായതുപോലെ.

അഥർവവേദകല്പന ഇങ്ങനെ-

പീഠം കൊത്താനും (നിർമ്മിക്കാൻ) "കൂടം കയറ്റാനു" (മേൽക്കൂര പൂർണത) മുള്ള അവകാശം വിശ്വകർമവിഭാഗത്തിൽപ്പെട്ട തച്ചനാണ്. പീഠം നിർമിതിയെ സംബന്ധിച്ച വ്യാഖ്യാനമിങ്ങനെ.

കാവിന്നുടയോരും അവകാശിയായ തച്ചനും പെരുമണ്ണാനും വാദ്യഘോഷങ്ങളോടെ മൂപ്പും ലക്ഷണവുമൊത്ത പ്ലാവിനടുത്തെത്തുന്നു. ശേഷം തച്ചുശാസ്ത്രവിധിയനുസരിച്ച് തച്ചൻ വൃക്ഷപൂജ നടത്തുന്നു. വൃക്ഷപൂജയ്ക്കു ശേഷമുള്ള ഏഴുദിവസം പ്രാർഥനാനിർഭരമായ കാത്തിരിപ്പാണ്. ഈ ഏഴുദിവസങ്ങളിലും പക്ഷികളും മറ്റ് യാതൊരു ജീവികളും ഈ പ്ലാവിൽ ചേക്കേറുകയില്ലെന്നാണ് വിശ്വാസം. തുടർന്ന് എട്ടാംദിവസം വിശ്വകർമ വിഭാഗത്തിലെ തച്ചൻ വിധിപ്രകാരം ഒരടി സമചതുരത്തിൽ പ്ലാവിന്റെ കാതൽ മുറിച്ചെടുക്കുന്നു. അങ്ങനെ മുറിച്ചെടുത്ത ആ കാതൽക്കഷണത്തിൽ പീഠം കൊത്തുന്നു (നിർമിക്കുന്നു) ഇങ്ങനെ നിർമിക്കപ്പെട്ട പീഠം കാവിലേയ്ക്ക് എഴുന്നള്ളിക്കുന്ന ചടങ്ങുകളിങ്ങനെ.

ഉത്സവദിവസം കാവിന്നുടയോരും കോമരങ്ങളും പെരുമണ്ണാനും ഭക്തരുമെല്ലാവരും വാദ്യഘോഷങ്ങളോടെ പീഠം കാവിലെത്തിക്കുന്നു. ഉത്സവദിവസം നിശ്ചയിച്ചുറപ്പിച്ചതിനുശേഷമാണ് പീഠനിർമാണമുൾപ്പെടെയുള്ള എല്ലാകാര്യങ്ങളും ചെയ്യുന്നത്. അങ്ങനെയാണ് ഏഴാംദിവസം പീഠമെഴുന്നള്ളിപ്പിനുള്ള കൃത്യത ഉറപ്പിക്കുന്നത്.

മറ്റൊരു കാര്യമുള്ളത് ഉത്സവശേഷം ഏഴുദിവസം കാവിൽ പൂജാദികർമങ്ങളൊന്നും നടക്കുന്നില്ലെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഏഴാംദിവസം കാവും പരിസരവും വൃത്തിയാക്കി ഉത്തമത്തിലും മധ്യമത്തിലും കർമങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചും മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ഇപ്പറഞ്ഞ കർമാദികൾക്കുശേഷം കാവിലേയ്ക്ക് എഴുന്നള്ളിച്ചുകൊണ്ടുവന്ന പീഠം കാവിൽ സ്ഥാപിക്കുന്നു. 'പീഠം വെപ്പ്' എന്ന് ഇതിനെ പറയാറുണ്ട്. പീഠം വെപ്പ് കഴിഞ്ഞാൽ പഴയ പീഠം മൂന്നായി വെട്ടിപ്പിളർന്ന് അഗ്നിയിൽ ദഹിപ്പിക്കുന്നു. പീഠം മുമ്പാകെ സമർപിച്ച അല്ലെങ്കിൽ ഏറ്റുപറഞ്ഞ കുറ്റങ്ങളും കുറവുകളും പാപചെയ്തികളും അതോടെ ദഹിപ്പിക്കപ്പെടുമെന്നാണ് വിശ്വാസം. ഇങ്ങനെയൊരു വിശ്വാസമാണ് പൊതുവായുള്ളത്. അതായത് ഈ പീഠം ദഹിപ്പിക്കപ്പെടുന്നതോടെ വ്യക്തി-വ്യക്തികൾ-ദേശം അങ്ങനെയൊരു സമൂഹം തന്നെ നിർമല മനസ്കരായിത്തീരുമത്രെ. മൂന്നാക്കി വെട്ടിപ്പിളരുന്നത് മൂന്ന് ദേവതകൾക്കുള്ള സമർപണമത്രേ.

ഇപ്പറഞ്ഞത് പീഠസംബന്ധമായ അഥർവവേദത്തിലെ വിധികളാണ്. എന്നാൽ ചതുർവേദങ്ങൾക്കും ഉപനിഷത്തുകൾക്കും എത്രയോ വർഷങ്ങൾക്കുമുമ്പാണ് ഗോത്രമനുഷ്യരുടെ ആരാ

ധനക്രമം രൂപപ്പെട്ടത്. ആ ആരാധനക്രമത്തിലെ പീഠങ്ങളും പീഠസങ്കല്പവും മുൻപറഞ്ഞ അഥർവവേദപീഠവുമായി ബന്ധപ്പെടുത്താനേ പാടില്ല.

കാവുകളിലെ പീഠങ്ങൾ ചരപീഠങ്ങളാണ്. അതായത് പീഠങ്ങൾ മാനസപ്രതിഷ്ഠകളാണ്.

കാവുകളിലെ പീഠപ്രതിഷ്ഠയെപ്പറ്റി ഈ ഗ്രന്ഥത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കാവിനുള്ളിലെ ശ്രീ കോവിൽ സമാനമായ പീഠം അവിടത്തെ സ്ഥിരസാന്നിധ്യമാണ്. മുഖ്യപ്രതിഷ്ഠയ്ക്ക് തുല്യമായി ഭക്തർ ഈ പീഠത്തെ തൊഴുതുകുമ്പിട്ടാരാധിക്കുന്നു. ഈപീഠവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് രണ്ടുപീഠങ്ങൾ കാവിനുതിരുമുമ്പിൽ വെയ്ക്കുന്നുണ്ട്. ആ പീഠവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിവയൊക്കെയാണ്.

വിവിധകോലങ്ങളുടെ പീഠം കയറൽ
മഞ്ഞപ്പൊടി ആരാധന
കോലങ്ങൾ അനുഗ്രഹങ്ങൾ നൽകുന്നത്.
നാഗകാളിയുൾപ്പെടെയുള്ള ചില കോലങ്ങളുടെ നൃത്തച്ചുവടുകൾ
ആവേന്റെ മടമ്പടി – ചിലമ്പടി നൃത്തം.
പീഠത്തിൽ വിളക്കുവെച്ചുള്ള മറപിടുത്തവും എറയക്കളിയും.

തിരുമുമ്പിൽ വെച്ചപീഠത്തിൽ കയറിയും പീഠത്തിൽവിളക്കു വെച്ചും നടത്തുന്ന ചില ആചാരാനുഷ്ഠാനങ്ങളുമാണ് വ്യക്തമാക്കിയത്.

ചില കാവുകളിൽ പീഠസങ്കല്പത്തിൽ ഉരലുകൾ വെച്ച് മുൻപറഞ്ഞ ആചാരാനുഷ്ഠാനങ്ങൾ നടത്തിവരുന്നുണ്ട്.

അധ്യായം അഞ്ച്

പുരാവൃത്തം



ആദിമമനുഷ്യന്റെ ഭയത്തിൽ നിന്നും ഉൽകണ്ഠയിൽ നിന്നുമുണ്ടായ വികാരവിചാരങ്ങൾ രൂപപ്പെട്ടതാകാം ദൈവസങ്കൽപം. ആ ദൈവസങ്കൽപത്തിന്റെ തുടർച്ചയാണ് കാവുമുറ്റങ്ങളിലെ അനുഷ്ഠാനകലകളിലൂടെ ഇന്നും നിലനിൽക്കുന്നത്. പ്രകൃതികോപങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആദിമമനുഷ്യന് മറ്റു മാർഗങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രകൃതിയെ ആശ്രയിക്കുക മാത്രമായിരുന്നു മാർഗം. വൃക്ഷാരാധനയും നാഗാരാധനയുമൊക്കെ രൂപപ്പെട്ടത് അങ്ങനെയാണ്. ആദിമമനുഷ്യൻ സർവ്വതും പ്രകൃത്യാതീതശക്തിയിലർപ്പിച്ച് രക്ഷയ്ക്കായി കേണപേക്ഷിച്ചപ്പോൾ രക്ഷകനായി സ്വപ്നത്തിലെങ്കിലും ദൈവം പ്രത്യക്ഷപ്പെട്ടിട്ടുണ്ടാകും. ആ ദൈവത്തിന്റെ പല രൂപങ്ങൾ പ്രാകൃതകാലത്തിനു ചേർന്നവിധത്തിൽ അന്ന് അവതരിപ്പിക്കപ്പെട്ടതാണ് ഇന്ന് കാവുമുറ്റങ്ങളിലെ അനുഷ്ഠാനകലാരൂപങ്ങളിൽ കെട്ടിയാടുന്ന ദൈവക്കോലങ്ങൾ. ആരാധനയുടെ അനുഷ്ഠാനങ്ങൾക്ക് പ്രകൃതി നൽകിയ വസ്തുക്കൾ മാത്രമായിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. പ്രകൃതികോപം, നാഗഭയം, വ്യാധികൾ, വന്യമൃഗങ്ങളുടെ ആക്രമണം മുതലായവയിൽ നിന്നു രക്ഷനേടാൻ രൂപപ്പെട്ട ദൈവസങ്കൽപം ഇന്നത്തെ അനുഷ്ഠാന കലാരൂപങ്ങളിലൂടെ നിലനിൽക്കുന്നു. തിറയാട്ടത്തിലെ വ്യത്യസ്തങ്ങളായ കോലങ്ങളിലൂടെ വ്യക്തമാക്കുന്ന പുരാവൃത്തവും അതുതന്നെ.

തിറയാട്ടത്തിലെ കോലങ്ങൾ, ദൈവക്കോലങ്ങളെന്നും കുടിവെച്ച മൂർത്തികളുടെ കോലങ്ങളെന്നും രണ്ട് വിഭാഗങ്ങളുണ്ട്. ആദിപരാശക്തിയുടെ അവതാരസ്വരൂപമായ വിവിധകോലങ്ങൾ പലപേരുകളിൽ കെട്ടിയാടപ്പെടുന്നു. അങ്ങനെയാണ് അമ്മദൈവ ആരാധനയുടെ ഉൽപത്തി. മരണശേഷം കുടിവെച്ചാരാധിക്കപ്പെടുന്ന മനുഷ്യമൂർത്തികളുടെ കോലങ്ങളും കെട്ടിയാടുന്നുണ്ട്. ദൈവക്കോലങ്ങളിലെ പുരുഷസങ്കൽപം ശ്രീപരമേശ്വരനിൽ അധിഷ്ഠിതമാണ്. ആ ശിവഭാവങ്ങൾ മലദൈവങ്ങളെന്ന് അറിയപ്പെടുന്നു. കരുമകൻ, കരിയാത്തൻ, കരിവില്ലി, കുലവൻ, തലശ്ശിലവൻ (തലച്ചിലോൻ) ദണ്ഡൻ, മുണ്ഡ്യൻ, കണ്ഠാകർണൻ, വീരഭദ്രൻ തുടങ്ങിയ കോലങ്ങളെല്ലാം ശിവശക്തിയുമായും ശിവസൃഷ്ടിയുമായും ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് പ്രബലമായ വിശ്വാസം. തിറയാട്ടത്തിലെ ചില പ്രധാന കോലങ്ങളുടെ പുരാവൃത്തം ചുവടെ പ്രതിപാദിക്കുന്നു.



കരുമകൻ

മാനവരാശിയെ ദുഷ്ടശക്തികളിൽ നിന്നും സംരക്ഷിക്കാനായി ഭഗവാൻ പരമശിവന്റെ ആശീർവാദത്തോടെ വിഷ്ണുഭഗവാനിൽ സ്വയം ഭൂവായി പിറന്ന സന്തതിയത്രേകരുമകൻ.വേട്ടക്കരുമകൻ, നീറ്റിൽകരുമകൻ, കണ്ണിക്കരുമകൻ, പേരിലാൻ എന്നിങ്ങനെ വിവിധപേരുകളിൽ കരുമകൻ കാവുകളിൽ ആരാധിക്കപ്പെടുകയും കോലം കെട്ടിയാടപ്പെടുകയും ചെയ്യുന്നു. ശിവസൃഷ്ടിയായ കരുമകന്റെ അതുല്യശക്തി ദേവന്മാരെയാകെ സംഭീതരാക്കി. ആ ശക്തിയും പരാക്രമവും ചെറുക്കാൻ ദേവന്മാർക്ക് കഴിഞ്ഞില്ല. ദേവന്മാർ മഹാവിഷ്ണുവിനെ സമീപിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിച്ചു. മഹാവിഷ്ണു ഒരു കുട്ടിയുടെ രൂപമെടുത്ത് ഒരു ചുരികയുമായി കരുമകന്റെ അടുത്തെത്തി. കരുമകൻ ആ കുട്ടിയോട് ചുരിക ആവശ്യപ്പെട്ടു. വലതുകയ്യിൽതന്നെ

ചുരിക എപ്പോഴും വയ്ക്കണമെന്ന ഉപാധിയോടെ കുട്ടി ചുരിക നൽകി. കരുമകൻ തന്റെ വലതുകയ്യിലുണ്ടായിരുന്ന അമ്പും വില്ലും ഇടതുകയ്യിൽ മാറ്റിപ്പിടിച്ചു. ചുരിക വലതുകയ്യിലും. അങ്ങനെ പിടിച്ചോളു എന്നുപറഞ്ഞ് കുട്ടിയുടെ രൂപത്തിലെത്തിയ മഹാവിഷ്ണു അപ്രത്യക്ഷനായി. അങ്ങനെ കരുമകന്റെ വലതുകയ്യിൽ ചുരികയും ഇടതുകയ്യിൽ അമ്പുംവില്ലുമായി. ഈ നിലയിൽ അമ്പെയ്യാൻ കഴിയാതിരുന്ന കരുമകൻ പിതാവായ പരമശിവനെ സമീപിച്ച് സങ്കടം പറഞ്ഞു. ദുഷ്ടനിഗ്രഹത്തിനു ആ ചുരികമാത്രം മതിയെന്നു പറഞ്ഞ് പരമശിവൻ മകനെ സമാധാനിപ്പിച്ചു. അതിശക്തനും ഭക്തപ്രിയനുമാണ് കരുമകൻ. കരുമകൻ വയനാട്ടിലെത്തിയതായും അവിടെനിന്ന് കുറുമ്പ്രനാട്ട് രാജാവിന്റെ അപേക്ഷപ്രകാരം ബാലുശ്ശേരി കോട്ടയിലെത്തി രാജാവിനേയും ദേശത്തെയും സംരക്ഷിച്ചതായും വിശ്വസിക്കപ്പെടുന്നു. ഇത്തരത്തിൽ ഒട്ടേറെ കഥകൾ കരുമകനെപ്പറ്റി പ്രചാരത്തിലുണ്ട്.



കരിയാത്തൻ

വേടരൂപം പ്രാപിച്ച ശിവന് കുറത്തിരൂപം പൂണ്ട പാർവതിയിലുണ്ടായ മകനാണ് കരിയാത്തൻ. ആ ഐതീഹ്യം ഇങ്ങനെ. അർജ്ജനനെ പരീക്ഷിച്ചശേഷം വേടരൂപത്തിലുള്ള ശിവൻ അർജ്ജുനന് പാശുപതാസ്ത്രം നൽകി. അതിനുശേഷം യുദ്ധം കണ്ടു നിന്ന വേടത്തിയുടെ രൂപത്തിലുള്ള പാർവതി പരമേശ്വരനോട് ദാഹജലം ആവശ്യപ്പെട്ടു. ശിവൻ പർജന്യാസ്ത്രം പ്രയോഗിച്ച് ഭൂമി പിളർന്ന് തെളിനീരൊഴുക്കി. അവിടം പുഴയായി (കാടാമ്പുഴയുടെ പുരാവൃത്തം) വെള്ളം കുടിച്ച് ദാഹമകന്ന വേടരൂപത്തിലുള്ള പാർവതി കാമപരവശയാകുകയും വേടരൂപത്തിലുള്ള ശിവനെ പുണരുകയും ചെയ്തു. അങ്ങനെ കാമരൂപിണിയായ കാട്ടാളസ്ത്രീയിൽ (പാർവതയിൽ) ജനിച്ച മകനാണ് കരിയാത്തൻ. ലക്ഷണമൊത്ത ഒരു പടവീരനാണ് കരിയാത്തൻ. നിർമലമനസ്സിന്റെ ഉടമയും ദേവന്മാർക്കുപോലുമില്ലാത്ത ആത്മശക്തിയും കായാമ്പൂവർണവും മറ്റ് മൂർത്തികളിൽ നിന്നും കരിയാത്തനെ വ്യത്യസ്തനാക്കുന്നു. തികഞ്ഞ ഒരു പടവീരനായ കരിയാത്തൻ വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ നാടെങ്ങും സഞ്ചരിക്കുന്നു എന്നാണ് വിശ്വാസം. പർവതങ്ങളിലും താഴ്‌വരകളിലും ചോലകളിലും കടവുകളിലും തെരുവുകളിലും നഗരങ്ങളിലും എല്ലാം കരിയാത്തൻ സഞ്ചരിക്കുമത്രെ. അതിനാൽ കരിയാത്തൻ

ആശ്രയിക്കുന്നവരുടെ മാത്രമല്ല നാൽക്കാലികളുടെയും സംരക്ഷകനാണ്. നാൽക്കാലികൾക്ക് പ്രത്യേകിച്ച് പശുവിന് എന്തെങ്കിലും രോഗം വന്നാൽ കരിയാത്തന് നെയ്യും പാലും നേരുക എന്ന ഒരു വഴിപാട് ഗ്രാമപ്രദേശങ്ങളിലുണ്ട്. പശു പ്രസവിച്ചാൽ ആദ്യം കറന്നെടുക്കുന്ന പാൽ കരിയാത്തൻ കാവുകളിൽ വഴിപാടായി കൊടുക്കുന്നവരുണ്ട്. പശുക്കിടാങ്ങളെ കാവിലേക്ക് നടകെട്ടുന്ന പതിവ് ഇപ്പോഴും നിലനിൽക്കുന്നു. ഏതായാലും ഭക്തരുടെ ആവശ്യങ്ങൾ സാധിക്കുന്നതിലൂടെ ദേശത്തിന്റെ ഐശ്വര്യം വർധിപ്പിക്കുന്ന കർമവും കരിയാത്തൻ ദൈവത്തിന്റെ ദൗത്യങ്ങളിൽപ്പെടുന്നു എന്ന് വിശ്വസിച്ചുപോരുന്നു. കരിയാത്തൻ ദൈവത്തിന്റെ അനുഗ്രഹത്തിനായി കാവുകളിൽ കോലംകെട്ടിയാടി വരുന്നു.



കരിവില്ലി, തലച്ചിലോൻ

പാശുപതാസ്ത്രത്തിനായി ഉഗ്രതപസ്സനുഷ്ഠിച്ച അർജുനനെ പരീക്ഷിക്കാൻ ശിവൻ കിരാതവേഷത്തിലെത്തി. കിരാതനുമായുള്ള ബലപരീക്ഷണത്തിൽ അർജുനൻ അമ്പേ പരാജയപ്പെട്ടു. കിരാതനുമായുള്ള യുദ്ധത്തിൽ അമ്പുകളെല്ലാം നഷ്ടപ്പെട്ട അർജുനൻ അവസാനം വില്ലെടുത്ത് കിരാതന്റെ ശിരസ്സിലടിച്ചു. ശിരസ്സിൽ നിന്നും രണ്ടുതുള്ളി രക്തം പൊടിച്ചു. അതിൽ നിന്നും ഉണ്ടായ മൂർത്തികളാണ് കിരിവില്ലിയും തലച്ചിലോനും എന്നാണ് ഐതിഹ്യം.



വീരഭദ്രൻ

സതീദേവിയെ ദക്ഷൻ അപമാനിച്ചതുമൂലം അഗ്നിയിൽ ചാടി സതീദേവി ദേഹത്യാഗം ചെയ്തു. ഇതറിഞ്ഞ ശിവൻ അടക്കാനാവാത്ത കോപത്തോടെ തന്റെ ജട നിലത്തടിച്ചു. അപ്പോൾ ക്രോധത്തിന്റെ ആൾരൂപമായി ആ ജടയിൽ നന്നും ഉടലെടുത്ത ഉഗ്രമൂർത്തിയാണ് വീരഭദ്രൻ. ഈ മൂർത്തി ദക്ഷന്റെ യാഗശാല നശിപ്പിക്കുകയും ദക്ഷനെ വധിക്കുകയും ചെയ്തു എന്നാണ് വിശ്വാസം.



കണ്ഠാകർണൻ

ഉഗ്രമൂർത്തിയായ കണ്ഠാകർണന്റെ ജനനത്തിന് പിന്നിലെ കഥയിങ്ങനെ. ഭദ്രകാളിയുമായുള്ള യുദ്ധത്തിൽ ദാരികൻ വധിക്കപ്പെടുമെന്നുറപ്പായപ്പോൾ ദാരികപത്നിയായ മനോദരി ശിവനെ ശരണം പ്രാപിക്കാനായെത്തി. പക്ഷേ ശിവൻ തപസ്സിലായിരുന്നു. തപസ്സനുഷ്ഠിക്കുന്ന ശിവനെ ഉണർത്താൻ പാടില്ല. പരിഭ്രാന്തയായ മനോദരി പാർവതിയോട് സങ്കടം പറഞ്ഞു. ശിവനെ തപസ്സിൽനിന്നും ഉണർത്തരുതെന്ന് പറഞ്ഞ് പാർവതി ശിവന്റെ കുറേ വിയർപ്പുതുള്ളികൾ മനോദരിക്ക് നൽകി. ഇത് ഏതൊരാളിലെറിഞ്ഞാലും വസൂരിരോഗം പിടിപെട്ട് അവശരാകുമെന്നു പറഞ്ഞ് സമാധാനിപ്പിച്ചു. മനോദരി വിയർപ്പുതുള്ളികളുമായി മടങ്ങിയെത്തിയപ്പോൾ ഭദ്രകാളി ദാരികനെ വധിച്ചുകഴിഞ്ഞിരുന്നു. ഭർതൃവധത്തിൽ കോപംപൂണ്ട മനോദരി വിയർപ്പുതുള്ളികൾ ഭദ്രകാളിക്കുമേലെറിഞ്ഞു. കാളിയുടെ ശരീരമാകെ വസൂരിനിറഞ്ഞു. കാളി പരവശയായി. ഈ വിവരമറിഞ്ഞ് കോപാകുലനായ ശിവന്റെ കണ്ഠത്തിൽ ജനിച്ച് കർണത്തിലൂടെ പുറത്തുവന്ന മൂർത്തിയാണ് കണ്ഠാകർണൻ. ഭദ്രകാളിയുടെ അസുഖംമാറ്റാൻ പരമശിവൻ കണ്ഠാകർണനോട് ആവശ്യപ്പെട്ടു. കണ്ഠാകർണൻ കാളിയുടെ ദേഹത്തെ വസൂരി നക്കിയെടുത്ത് സുഖപ്പെടുത്തി എന്നാണ് ഐതിഹ്യം പറയുന്നത്.



മുണ്ട്യൻ

മുണ്ട്യൻ പരവദേവതയെപ്പറ്റിയുള്ള ഐതിഹ്യം തെങ്ങും തിയ്യ സമുദായവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാകാം മുണ്ട്യന് കള്ളുകലശം നിർബന്ധിതമാക്കിയിരിക്കുന്നത്. മുണ്ട്യൻ പരദേവതയുടെ ജനനത്തിനുപിന്നിലെ ഐതിഹ്യമിങ്ങനെ. പണ്ട് തെങ്ങ് ഒരു പാഴ്മരമായിരുന്നത്രെ. ശാഖകളോ ഉപശാഖകളൊന്നുമില്ലാതെ വളർന്നുമുറ്റിനിൽക്കുന്ന ഒറ്റയാൻ പാഴ്മരം. നിർധനനായ ഒരു ശിവഭക്തൻ ഈ മരത്തിനരികിൽ താമസമാക്കി. എന്തെങ്കിലും ജോലിചെയ്ത് ഉപജീവനമാർഗം കണ്ടെത്താൻ അനുഗ്രഹിക്കണമെന്ന് അയാൾ പരമശിവനോട് അപേക്ഷിച്ചുകൊണ്ടിരുന്നു. എന്നും രാവിലെ അയാൾ ആ പാഴ്മരത്തിനടുത്തെത്തി കായ്കൾ വല്ലതുമുണ്ടോ എന്ന് നോക്കും. തനിക്കും കുടുംബത്തിനും വംശത്തിനും മേൽഗതി ഉണ്ടാകുവാനുള്ള ഭക്തന്റെ അപേക്ഷ തുടർന്നുകൊണ്ടേയിരുന്നു. ഭക്തന്റെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ പരമശിവൻ തീരുമാനിച്ചു. ഈയൊരവസ്ഥയിൽ കാമപരവശനായ ശിവൻ പാർവ്വതിയെ പ്രാപിക്കാനെത്തി. പാർവതി തിരണ്ടിരുന്നതിനാൽ അതിനു കഴിഞ്ഞില്ല. കാമപരവശതയിൽ സ്വയംമറന്ന ശിവനിൽ നിന്നും പുറത്തേയ്ക്കുവന്ന ഓജസ്സിന്റെ ഒരു തുള്ളി മുൻപറഞ്ഞ പാഴ്മരത്തിലും വീണു. ആ ഓജസ്സിന്റെ ദിവ്യപ്രക്രിയയിൽ ഐശ്വര്യസമ്പൂർണനായ ഒരു ശിശു ജനിച്ചുവത്രെ.

അടുത്ത പ്രഭാതത്തിൽ ശിവഭക്തൻ മരത്തിനടുത്തെത്തി. അത് പൂത്ത് കുല പുറത്തേയ്ക്ക് ചാടിനിൽക്കുന്നു. സുന്ദരനായ ഒരു കുട്ടി ആ കുല വലിച്ചുകുടിക്കുന്നു. ഇതുകണ്ട ഭക്തൻ നെഞ്ചിൽ കൈവെച്ച് എന്റെ പരദേവതേയെന്നു വിളിച്ച് സ്വയംമറന്ന് നിന്നപ്പോൾ ഭക്തന് പരമശിവന്റെ വെളിപാടുണ്ടായി. ഈ വൃക്ഷം ഇന്നുമുതൽ നിന്റെയും കുടുംബത്തിന്റെയും വംശത്തിന്റെയും തൊഴിലും ഉപജീവനമാർഗവുമായിരിക്കും. ഈ വൃക്ഷത്തിൽകണ്ട പൈതൽ മുണ്ട്യൻപരദേവതയെന്നറിയപ്പെടും. ഈ മൂർത്തിയെ ഭക്തർക്ക് ഭവനങ്ങളിലും കാവുകളിലും പ്രതിഷ്ഠിച്ച് ആരാധിക്കാം. ഈ വൃക്ഷത്തിൽനിന്നുണ്ടായ നീര്, കള്ള് എന്നറിയപ്പെടുകയും മുണ്ട്യൻ പരദേവതയുടെ എല്ലാ കർമ്മങ്ങളിലും കള്ള് പ്രധാനനിവേദ്യമായിരിക്കുകയും ചെയ്യും. ഈ വൃക്ഷത്തിൽ നിന്നും ലഭിക്കുന്ന ഇളനീരും നാളികേരവും മേലിൽ സർവപൂജകൾക്കും ഒഴിച്ചുകൂടാൻപറ്റാത്ത പൂജാദ്രവ്യങ്ങളുമായിരിക്കും. ആ പൈതൃകത്തിന്റെ തുടർച്ചയായാണ് ഇന്നും കാവുകളിൽ മുണ്ട്യൻപരദേവതയെ പ്രതിഷ്ഠിച്ചാരാധിച്ചുവരുന്നത്. മുണ്ട്യൻപരദേവതയുടെ പ്രതിഷ്ഠയുള്ള ചില കാവുകളിൽ മുണ്ട്യൻ കലശവും മറ്റുചില കാവുകളിൽ കലശക്കെട്ട് എന്ന ചടങ്ങുമാണ് നടത്തുന്നത്. നിറഭക്തിയോടെയാണ് ഇവരണ്ടും നടത്തുന്നത്. മുണ്ട്യൻ കലശം നടത്തുന്നതിനുള്ള അവകാശം പെരുമണ്ണാൻ സമുദായത്തിനും കലശക്കെട്ട് നടത്തുന്നതിനുള്ള അവകാശം തിയ്യസമുദായത്തിനും പരമ്പരാഗതമായി ലഭിച്ചിരിക്കുന്നു.



കുലവൻ

ശ്രീപരമേശ്വരനും പാർവതിയും നായാടികളായി വനത്തിൽ വസിക്കുന്ന കാലം. ഒരിക്കൽ കാമപരവശനായ ശിവൻ പാർവതിയെ രതിക്രീഡക്ക് ക്ഷണിച്ചെങ്കിലും പാർവതി അതിനു തയ്യാറായില്ല. പരമേശ്വരൻ പിന്നെ നിർബന്ധിച്ചതുമില്ല. പരമേശ്വരൻ തന്റെ തുടയിൽ താളംപിടിച്ചുകൊണ്ടിരുന്നപ്പോൾ ഇന്ദ്രിയസ്ഖലനമുണ്ടാവുകയും മുടിപ്പൂരാടം നാളിൽ ഒരു പുത്രൻ ജനിക്കുകയും ചെയ്തു എന്ന് ഭക്തജനങ്ങൾ വിശ്വസിച്ചുപോരുന്നു.

ജനനം മുടിപ്പൂരാടം നാളിലായതിനാൽ ഭയങ്കരദോഷങ്ങളുണ്ടാകുമെന്ന് ശിവന് മനസ്സിലായി. ഇക്കാര്യങ്ങളൊന്നും പാർവതി അറിഞ്ഞില്ല. ശിവൻ ആ ശിശു

വിനെ ഒരു മരപ്പെട്ടിയിലാക്കി വനത്തിൽ കുഴിച്ചിട്ടു. ശ്രീപാർവതി വനത്തിൽ കാട്ടുകിഴങ്ങുകൾ മാന്തിനടന്നപ്പോൾ കൈയ്യിലിരുന്ന മരക്കമ്പ് പെട്ടിയിൽ തട്ടി. പാർവതി മണ്ണു മാന്തി പെട്ടിയെടുത്തു നോക്കിയപ്പോൾ സുന്ദരനായ ഒരു ശിശു. പാർവതി ശിശുവിനെ കുളിപ്പിച്ചൊരുക്കിയെടുത്ത് കുലവൻ എന്ന് പേരിട്ടുവളർത്തി. കുട്ടിവളർന്നതോടെ മുടിപ്പൂരാടത്തിന്റെ ദുഷ്ചെയ്തികൾ പ്രകടമായി. ഇതുമൂലം കുലവന്റെ ഇരുകണ്ണുകളും നഷ്ടപ്പെട്ടു. ശ്രീപരമേശ്വരൻ പൊയ്ക്കണ്ണുകൾ നൽകി കുലവനെ ഭക്തരക്ഷയ്ക്കായി നിയോഗിച്ചു. എന്നാണ് ഐതീഹ്യം.



ഭൈരവൻ

കാലഭൈരവൻ, യോഗിഭൈരവൻ തുടങ്ങി പല പേരുകളിൽ ഭൈരവൻ അറിയപ്പെടുന്നു. യോഗിഭൈരവന്റെ കഥ തോറ്റം പാട്ടുകളിൽ വിവരിക്കുന്നതിങ്ങനെ. പുത്രയോഗമില്ലാതിരുന്ന ചെറുതണ്ടാത്തി പരമശിവനെ ശരണം പ്രാപിച്ചു. സംപ്രീതനായ ശ്രീപരമേശ്വരൻ പുത്രഭാഗ്യമുണ്ടാകുന്നതിനുള്ള അനുഗ്രഹം നൽകി. അങ്ങനെ ചെറുതണ്ടാത്തിക്ക് ഒരു പുത്രൻ ജനിച്ചു. ചീരാളൻ. ചീരാളനെ എഴുത്തിനിരുത്തി. വീട്ടുകാരുടേയും നാട്ടുകാരുടേയും പൊന്നോമനയായി ചീരാളൻ വളർന്നു, ഇതിനിടയിൽ പണ്ടെങ്ങോ നേർന്ന ഒരു വഴിപാടിന്റെ കാര്യം ചെറുതണ്ടാത്തിക്ക് ഓർമവന്നു. കാര്യമറിഞ്ഞ തണ്ടാൻ ഏതാനും യോഗിമാരെ സന്ദർശിച്ച് മറന്നുകിടന്ന വഴിപാടുവിവരം പറഞ്ഞു. തങ്ങൾ വീട്ടിലേക്ക് വരാമെന്നും ഊണിനുള്ള വിഭവങ്ങളിൽ ചീരാളന്റെ വേവിച്ച മാംസവും വേണമെന്ന് യോഗിമാർ നിർദേശിച്ചു. കഠിനമായ വേദനയോടെയാണെങ്കിലും അവർ യോഗിമാരുടെ ആവശ്യം നിറവേറ്റി. ചീരാളന്റെ മാതാപിതാക്കളുടെ കഠിനവ്യഥയറിഞ്ഞ പ്രായംകൂടിയ യോഗി തണ്ടാന്റെയും തണ്ടാത്തിയുടേയും ദുഃഖത്തിന് പരിഹാരമുണ്ടാക്കി. ഊണുവിളമ്പിയ നാക്കിലയുടെ വലതുവശത്തുനിന്ന് ചീരാളനെ വിളിക്കാൻ യോഗി നിർദേശിച്ചു. ഉടനെ ചെറുതണ്ടാത്തി ഇലയുടെ വലതുവശത്തുനിന്ന് വിളിച്ചു ചീരാളാ, ചീരാളാ, മായാചീരാളാ...! വിളികേട്ടതോടെ ഇലയുടെ വലുതുവശത്തുനിന്നും ആദിഭൈരവൻ പൊട്ടിമുളച്ചു എന്നാണ് ഐതിഹ്യപ്പെരുമ.

കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു. നാടാകെ മഹാവറുതിയിലായിരുന്ന ഒരു കാലം. അക്കാലത്ത് പുഴായിദേശത്ത് ശിവഭക്തനായ ഒരു കാരണവർ ജീവിച്ചിരുന്നു. വറുതിയിലാണ്ട തന്റെ നാടിന്റെ ദുർഗതിയിൽ മനംനൊന്ത കാരണവർ ആ ദുർഗതിയിൽ നിന്ന് തന്റെ നാടിനെ മോചിപ്പിക്കാൻ മഹാദേവനുമാത്രമെ കഴിയൂ എന്നു വിശ്വസിച്ചു. അങ്ങനെ കഠിനമായ തപസ്സനുഷ്ഠിക്കാൻ തീരുമാനിച്ചു.

ആ തീരുമാനവുമായി കാരണവർ ദക്ഷിണദിക്കിലേയ്ക്ക് യാത്ര തിരിച്ചു. അവിടെ മഹാരണ്യത്തിലെത്തി. മഹാരണ്യത്തിന്റെ അത്യുന്നതിയിലിരുന്ന് അദ്ദേഹം തപസ്സ് തുടങ്ങി. കാരണവരുടെ ഘോരതപസ്സ് തുടരവെ മഹാദേവൻ കാളഭൈരവരൂപത്തിൽ കാരണവർക്കുമുമ്പിൽ പ്രത്യക്ഷനായി.

മഹാകാളരൂപംകണ്ട് ഭയചികതനായ കാരണവർ ആ മഹാരണ്യത്തിന്റെ അത്യുന്നതയിൽ നിന്ന് എടുത്തെറിയപ്പെട്ടു. താഴെ വീണ കാരണവർ മോഹാലസ്യപ്പെട്ടുകിടന്നു. തുടർന്ന് മോഹാലസ്യത്തിൽ നിന്നുണർന്ന കാരണവർ പഞ്ചാക്ഷരീമന്ത്രം ഉരുവിട്ട് ഭഗവാനോടപേക്ഷിച്ചു.

''അല്ലയോ ഭഗവാനെ, ഘോരരൂപിയായി അങ്ങയെ ഉൾക്കൊള്ളാൻ അടിയന് കഴിയുന്നില്ലല്ലോ.''

ഭക്തന്റെ മനസ്സറിഞ്ഞ ഭഗവാൻ, തുടർന്ന് സൂര്യതേജസ്സോടുകൂടി ശിരാമകുടവും ചൂടി, കുരുത്തോല ആടയാഭരണങ്ങളാക്കി വാനരരൂപത്തിൽ തന്റെ ഭക്തനുമുമ്പിൽ പ്രത്യക്ഷപ്പെട്ട് അരുൾ ചെയ്തു.

''ഇക്കണ്ടരൂപത്തിൽ എന്നെ ആരാധിച്ച് കാവും കുളവും സംരക്ഷിക്കുക. നിനക്കും കുലത്തിനും ഗോത്രത്തിനും ലോകർക്കാകെയും നന്മയുണ്ടാകും.''

ഭക്തനെ അനുഗ്രഹിച്ച് ഭഗവാൻ മറഞ്ഞു.



കുട്ടിച്ചാത്തൻ

കുട്ടിച്ചാത്തൻ

കേരളത്തിൽ വ്യാപകമായി ആരാധിച്ചുവരുന്ന ദൈവമാണ് കുട്ടിച്ചാത്തൻ. ശ്രീപരമേശ്വന് വിഷ്ണുമായയിൽ പിറന്ന പുത്രനാണ് കുട്ടിച്ചാത്തൻ എന്ന് വിശ്വസിക്കപ്പെടുന്നു. കുട്ടിച്ചാത്തന്റെ ജനനത്തെപ്പറ്റി ഐതീഹ്യങ്ങൾ പലതുണ്ടെങ്കിലും ഹോമകുണ്ഠത്തിൽനിന്നും ജനിച്ചു എന്നതാണ് പ്രബലമായ വിശ്വാസം. ഈ വിശ്വാസത്തിനനുസൃതമായ ഐതീഹ്യം കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്തുള്ള കാളകാട്ടില്ലവുമായി ബന്ധപ്പെട്ടിരിക്കുന്നു.

കുട്ടിച്ചാത്തന്റെ ജനനത്തെപ്പറ്റിയുള്ള ഐതീഹ്യങ്ങൾ നിരവധിയാണ്. അതിൽ പ്രധാനപ്പെട്ട മറ്റൊരു ഐതീഹ്യം ഇതാണ്.

കാളകാട്ടില്ലത്തെ നമ്പൂതിരിക്ക് ശൂദ്രസ്ത്രീയിൽ പിറന്ന സന്തതിയാണ് കുട്ടിച്ചാത്തൻ. ഒരത്ഭുതരൂപമായിട്ടായിരുന്നു കുട്ടിച്ചാത്തൻ പിറന്നുവീണത്. പ്രസവിച്ച ഉടനെ എഴുന്നേറ്റിരുന്ന കുട്ടിച്ചാത്തന്റെ തലയിൽ പൂവിരിഞ്ഞപോലൊരു തൊപ്പിത്തലയോട്, അത്ഭുതത്തോട, ആനച്ചെവികൾ, എട്ടുവട്ടപ്പുള്ളികളുള്ള ശരീരം , വട്ടക്കണ്ണുകൾ, താടിമീശ. കുട്ടിച്ചാ

ത്തന്റെ രൂപം കണ്ട വയറ്റാട്ടി ഭയചകിതയായി തൽക്ഷണം വീണുമരിച്ചു. ഇങ്ങനെ പിറന്ന പൈതൽ അമ്മയായ ചക്കിയെ പേരെടുത്തുവിളിച്ചു. അമ്മ കുട്ടിയുടെ വായ പൊത്തിപ്പിടിച്ച് കെഞ്ചി.

''മകനെ, ഈ രൂപത്തിൽ നിന്നെ കണ്ടാൽ തമ്പ്രാക്കൾ കൊന്നുകളയും. അമ്മയ്ക്കിത് സഹിക്കാനാവില്ല.''

പൊടുന്നനെ ആ രൂപം ഒരു ചോരക്കുഞ്ഞായി മാറി. കുട്ടി വളർന്ന് യൗവ്വനത്തിലെത്തി പേര് ചാത്തൻ.

നോക്കെത്താദൂരത്തോളം കാടുകളും വയലേലകളും ഉള്ള തറവാടായിരുന്നു കാളകാട്ടില്ലം. വയൽ ഉഴുതുമറിച്ച് കൃഷിചെയ്യാൻ നൂറുകണക്കിന് പണിക്കാരും കാളകളും. ഇടയ്ക്ക് കാളകളെ കാട്ടിൽകൊണ്ടുപോയി മേയ്ക്കാൻ ആളില്ലാതായി. കുറേ അന്വേഷണങ്ങൾക്കൊടുവിൽ കാര്യസ്ഥൻ ഒരാളെ കൊണ്ടുവന്നു. ചാത്തൻ. നല്ല ശരീരപുഷ്ടിയും അഴകുമുള്ള ചാത്തൻ, അങ്ങനെ കാളകാട്ടില്ലത്തെ കാളകളുടെ മേച്ചിൽക്കാരനായി. ചാത്തൻ കാളകളെ കാട്ടിൽക്കൊണ്ടുപോയി മേയ്ച്ച് തിരികെ തൊഴുത്തിൽ കൊണ്ടുവന്നുകെട്ടും. ഇതാണ് പതിവ്. ഒരിക്കൽ ചാത്തൻ കാളകളെ മേയിച്ച് നടന്നപ്പോൾ നല്ല വിശപ്പും ദാഹവും തോന്നി. അപ്പോൾ ഒരു കാളയുടെ വാൽ മുറിച്ച് രക്തം കുടിക്കുകയും വാലിലെ ഇറച്ചി തിന്ന് വിശപ്പകറ്റുകയും ചെയ്തു. കാളകളെ തിരികെ കൊണ്ടുവന്നപ്പോൾ കാളയുടെ വാലിന് എന്തുപറ്റിയെന്നു അന്വേഷണമായി. ഏതോ മുൾച്ചെടിയിലുടക്കി വാല് നഷ്ടപ്പെട്ടതാണെന്ന് ചാത്തൻ മറുപടി കൊടുത്തു. കാര്യസ്ഥൻമാരും മറ്റുള്ളവരും അതു വിശ്വസിക്കുകയും ചെയ്തു. മറ്റൊരു ദിവസം ഒരു കാളയെ കൊന്ന് ചാത്തൻ അതിന്റെ ചോരകുടിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്തു. മറ്റുകാളകളുമായി തിരികെ എത്തിയപ്പോൾ നഷ്ടപ്പെട്ട കാളയെപ്പറ്റി അന്വേഷണമായി. കോപാകുലനായ കാര്യസ്ഥനും മറ്റുള്ളവരും ചാത്തനെ കഠിനമായി ഉപദ്രവിച്ചു. ഇല്ലത്തെ തമ്പുരാന്റെ മൗനാനുവാദത്തോടെയായിരുന്നു ഈ ക്രൂരമർദ്ദനം. വൈരാഗ്യം മൂത്ത ചാത്തൻ അടുത്ത ദിവസം കാട്ടിൽ മേയ്ക്കാനായി കൊണ്ടുപോയ മുഴുവൻ കാളകളേയും കൊന്നു. രാത്രി കത്തിച്ച ചൂട്ടുവെളിച്ചത്തിൽ ഒരു പൊതി കാളയിറച്ചിയുമായി ചാത്തൻ മടങ്ങിയെത്തി. ഇറച്ചി ഇല്ലത്തേയ്ക്ക് വലിച്ചെറിഞ്ഞു. ഇല്ലം ആകെ അശുദ്ധിയായി. കാര്യസ്ഥൻമാരെല്ലാവരും ചേർന്ന് ചാത്തനെ പിടിച്ചു കെട്ടി. ചാത്തൻ കയ്യിലിരുന്ന ചൂട്ട് ഇല്ലത്തേയ്ക്ക് വലിച്ചെറിഞ്ഞു. ഇല്ലം ആളിക്കത്തി. എല്ലാവരും ചേർന്ന് ചാത്തനെ വെട്ടിനുറുക്കി അഗ്നിയിലേയ്ക്ക് വലിച്ചെറിഞ്ഞു. ആദ്യമെറിഞ്ഞകഷ്ണം കരിഞ്ഞുപോയി അത് കരിംകുട്ടി. രണ്ടാമത്തെ കഷ്ണം കത്തിപ്പോയി അത് തീക്കുട്ടി. മൂന്നാമത്തെ കഷ്ണം പറന്നുപോയി അത് പറക്കുട്ടി. നാലാമത്തെ കഷ്ണം പുകഞ്ഞുപോയി. അത് കള്ളാടിക്കുട്ടി. പിന്നീടെറിഞ്ഞ കഷ്ണം പൂക്കളായി തീർന്നു അത് പൂക്കുട്ടി. ഈ മഹാൽഭുതം കണ്ട കാളകാട്ടില്ലക്കാർ പേടിച്ചുവിറച്ചു നിൽക്കുമ്പോൾ അഗ്നികുണ്ഠത്തിൽ നിന്നും ഒരു അത്ഭുതരൂപം പ്രത്യക്ഷപ്പെട്ടു. പ്രകൃതിയും സർവചരാചരങ്ങളും സ്തംഭിച്ചുനിൽക്കെ, സർവ തേജസ്സോടും കൂടി സാക്ഷാൽ കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തൻ ദൈവത്തിന്റെ പ്രത്യക്ഷ രൂപവും മഹാചൈതന്യവും തിരിച്ചറിഞ്ഞ കാളകാട്ടില്ലക്കാർ ഭയഭക്തിയോടെ കുട്ടിച്ചാത്തന്റെ കാൽക്കൽ വീണ് തങ്ങളിൽനിന്നുണ്ടായ എല്ലാ തെറ്റുകുറ്റങ്ങൾക്കും മാപ്പിരന്നു. ഇനിയുള്ള കാലം തങ്ങളെ സംരക്ഷിക്കുവാൻ കനിവുണ്ടാകണമെന്നും ഉത്തമകർമത്തിലും മധ്യമകർമത്തിലും കുട്ടിച്ചാത്തൻ ദൈവത്തിനുള്ള പൂജാകർമങ്ങൾ മുടങ്ങാതെ ചെയ്തുകൊള്ളാമെന്നും സത്യം ചെയ്തു. അങ്ങനെ കാളകാട്ടില്ലത്തിന്റെ പടിഞ്ഞാറ്റിയിൽ ഭഗവതിക്കൊപ്പം കുട്ടിച്ചാത്തനേയും കുടിയിരുത്തി. കൊട്ടിയൂരെ അതിപ്രശസ്തമായ യാഗശാല നിലനിൽക്കുന്നതുപോലെ പയ്യന്നൂരിനടുത്ത് പൊറക്കുന്ന് എന്ന സ്ഥലത്തെ കാളകാട്ടില്ലത്ത് കുട്ടിച്ചാത്തൻ ദൈവത്തിന്റെ ചൈതന്യം നിലകൊള്ളുന്നതായി വിശ്വസിക്കപ്പെടുന്നു.

കുട്ടിച്ചാത്തൻ, കരിംകുട്ടി, പൂക്കുട്ടി, പറക്കുട്ടി, തീക്കുട്ടി, കള്ളാടിക്കുട്ടി എന്നിങ്ങനെയുള്ള പേരുകളിൽ വിവിധ കാവുകളിൽ അവരവരുടെ വിശ്വാസത്തിനനുസരിച്ച് ഉത്തമകർമത്തിലും മധ്യമകർമത്തിലും പൂജാകർമങ്ങൾ ചെയ്തുവരുന്നു. അതോടൊപ്പം വർഷംതോറും തിറയാട്ടകോലങ്ങൾ കെട്ടിയാടുകയും ചെയ്യുന്നു.

ഇവിടെ കുട്ടിച്ചാത്തൻ സമുച്ചയത്തിലെ പൂക്കുട്ടിയെപ്പറ്റി തെല്ലുവിശദീകരിക്കേണ്ടതുണ്ട്. പൂക്കുട്ടിയും കരിങ്കുട്ടിയുമായി നാലു കോലങ്ങളാണ് തുടർന്നുള്ള വിശദീകരണങ്ങളിലുണ്ടാവുന്നത്. പൂക്കുട്ടിയുടെ പുറപ്പാടിനെപ്പറ്റി ആദ്യം വ്യക്തമാക്കാം.

പൂക്കുട്ടി

അണിമറയിൽ നിന്ന് ചൊല്ലിപ്പുറപ്പെട്ടാണ് പൂക്കുട്ടിയുടെ തല ഉറപ്പിക്കുന്നത്. ഇങ്ങനെ തല ഉറപ്പിക്കുമ്പോൾ തോറ്റം ചൊല്ലിക്കൊണ്ടേയിരിക്കുന്നു. തല ഉറപ്പിച്ചുകഴിഞ്ഞാൽ മറപിടുത്തത്തോടുകൂടി അണിമറയിൽനിന്ന് പുറപ്പെട്ട് കാവുമുറ്റത്തെത്തുമ്പോൾ ശ്ലോകം ചൊല്ലിയതിനുശേഷം ''പൊന്തീം വടീം'' (ആയുധം) കോലത്തിന് നൽകുന്നു. തുടർന്ന് താളത്തിനനുസരിച്ച് ഒരു തവണ



പൂക്കുട്ടി

പ്രദക്ഷിണം. പ്രദക്ഷിണാവസാനം കരിങ്കുട്ടിപ്പുറപ്പാടാണ്. അതായത് കരിങ്കുട്ടിയും ചൊല്ലിപ്പുറപ്പെടുന്നു. പൂക്കുട്ടിക്കോലത്തിന്റേതുപോലെ തന്നെ മറപിടുത്തം. മറപിടുത്തത്തിനുശേഷം പ്രദക്ഷിണം. പ്രദക്ഷിണശേഷം കാവുമുറ്റത്ത് പൂക്കുട്ടിച്ചാത്തന്റെയും കരിങ്കുട്ടിച്ചാത്തന്റെയും ആട്ടം. ഇരുചാത്തന്മാരും ആട്ടം പൂർത്തിയാക്കിയതിനുശേഷം പൂക്കുട്ടി പൂവ് പറിക്കാൻ പോകന്നു. പൂക്കുട്ടിയെ കരിങ്കുട്ടി പിന്തുടരുന്നു. പൂവ് പറിക്കുന്നതിന് നിശ്ചയിക്കപ്പെട്ട പ്രത്യേക സ്ഥലമുണ്ട്.

ഈ സമയം കൈലാസയാത്ര ലക്ഷ്യമാക്കിയ രണ്ട് സന്യാസിമാർ ആ വഴി വരുന്നു. കാവിനടുത്തെത്തിയപ്പോഴേക്കും സന്യാസിമാർക്ക് പൂജയ്ക്കും തുടർന്നുള്ള ധ്യാനത്തിനും സമയമായി. അവിടെ കാവിന് തിരുമുമ്പിൽ രണ്ട് നവഖണ്ഡങ്ങൾ, രണ്ട് നിറച്ചുവെപ്പ്, രണ്ട് നാക്കില വെള്ളരി, അവൽ, മലർ, പൂക്കൾ, കിണ്ണത്തിൽ ഗുരുതി തുടങ്ങി പൂജയ്ക്ക് ആവശ്യമായ സർവതും ഒരുക്കിയിരിക്കുന്നു. സന്യാസിമാർ പൂജ തുടങ്ങി പൂർത്തിയാക്കി. തുടർന്ന് അവർ സ്വയം മറന്ന് ധ്യാനനിരതരായിത്തന്നെ ഇരുന്നു. ഈ സമയം പൂക്കുട്ടിയും കരിങ്കുട്ടിയും അവിടെയെത്തുന്നു. ധ്യാനനിരതരായി സ്വയം മറന്നിരിക്കുന്ന സന്യാസിമാരെ കാണുന്നു. പൂക്കുട്ടിക്കാകെ ദേഷ്യം കയറി. സന്യാസിമാരെ പിടിച്ച് ആഞ്ഞുകുലുക്കുന്നു. അവരുടെ ചെവിയിൽ കൂക്കിവിളിക്കുന്നു. നാളികേരമെടുത്ത് അവരുടെ മൂർദ്ധാവിലടിക്കുന്നു. എന്തൊക്കെ ചെയ്തിട്ടും സന്യാസിമാർ ധ്യാനത്തിൽ നിന്ന് ഉണരുന്നില്ല. അവസാനം ഗുരുതിയെടുത്ത് സന്യാസിമാരുടെ ശരീരത്ത് തളിച്ചു. സന്യാസിമാർ ഞെട്ടിയുണർന്നു. ധ്യാനത്തിൽ നിന്നുണർന്ന സന്യാസിമാർ പൂക്കുട്ടിയെ കാണുന്നു. ഞെട്ടിത്തെറിച്ച അവർ കാളകാട്ടെ തിരുമേനി കുട്ടിച്ചാത്തനു നൽകിയ വാഗ്ദാനം ഓർമിക്കുന്നു. അതനുസരിച്ച് കിണ്ടിയും വെള്ളവുമെടുത്ത് തീർഥം തളിച്ചുകൊണ്ട് പ്രത്യേക താളത്തിൽ കളത്തിന് ചുറ്റും മൂന്നുപ്രാവശ്യം പ്രദക്ഷിണം വെയ്ക്കുന്നു. ഈ പ്രദക്ഷിണത്തിനുമുണ്ടൊരു പ്രത്യേകത. പൂക്കുട്ടിച്ചാത്തൻ മുന്നോട്ട്, സന്യാസിമാർ പിന്നോട്ട്. ഈ ക്രമത്തിലാണ് മൂന്നുതവണ പ്രദക്ഷിണം വെക്കുന്നത്. ഇതിനു പറയുന്ന പേരാണ് ''ചവിട്ടിപ്പൂജ''. ഇങ്ങനെ നിവേദ്യ സമുച്ചയങ്ങളിൽപ്പെട്ട ചന്ദനം, പുഷ്പങ്ങൾ, ധൂപക്കോരി, കൊടിവിളക്ക്, നാക്കിലവെള്ളരി, അവലും മലരും ''പൊന്തീം വടീം'' ഇവ ഓരോന്നുമെടുത്ത് മൂന്നു പ്രാവശ്യം വീതം കളത്തിന് പ്രദക്ഷിണം വെക്കുന്നു. തുടർന്ന് കോഴിയേയുമായും മേൽപറഞ്ഞതുപോലെ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം പൂക്കുട്ടി കോഴിയെ അറുത്ത് ഗുരുതിയിൽ മുക്കുന്നു. ശേഷം സന്യാസിമാർ ഗുരുതിതർപണം ചെയ്യുന്നതോടെ അവർ ബോധരഹിതരാകുകയും അവിടെനിന്ന് അവർ മാറ്റപ്പെടുകയും ചെയ്യുന്നു.

തുടർന്ന് പൂക്കുട്ടിക്ക് ദർശനം കിട്ടുന്നതോടെ വാക്കെണ്ണി ചടങ്ങ് അവസാനിക്കുന്നു.

ഗുളികൻ

ഒരു വീടുണ്ടെങ്കിൽ അവിടെ ഒരു ഗുളികനുമുണ്ടെന്നാണ് വടക്കൻകേരളത്തിലെ വിശ്വാസം. വീടിനുകുറ്റിയടിക്കുമ്പോൾ ഗുളികസ്ഥാനം നിർണയിക്കാറുണ്ട്. ഉത്തമകർമത്തിലും മധ്യമകർമത്തിലും ഗുളികന് പൂജ ചെയ്തുവരുന്നു. ഉത്തമ കർമത്തിലുള്ള പൂജയ്ക്ക് ഇളനീർ, അപ്പം, പഴം, മലർ, ശർക്കര എന്നിവയാണ് പൂജാദ്രവ്യങ്ങൾ. മധ്യമകർമത്തിൽ മദ്യം നിവേദിച്ച് കോഴിയെ അറുത്ത് പൂജ ചെയ്യുന്നു ഗുളികനെപ്പറ്റിയുള്ള ഐതീഹ്യം കാലനെ ശിവൻ വധിച്ചതുമായി ബന്ധപ്പെട്ടിരിക്കുന്നു, അതിങ്ങനെ. സന്താനഭാഗ്യമില്ലാതിരുന്ന മൃഗണ്ഡുമഹർഷി ശിവനെ തപസ്സു ചെയ്തു. മഹർഷിയുടെ തപസ്സിൽ പ്രസാദിച്ച ശിവൻ സന്താനഭാഗ്യത്തിനുള്ള വരം നൽകി. സർവകലകളിലും ശാസ്ത്രങ്ങളിലും നിപുണനും പതിനെട്ടു വയസ്സുവരെ മാത്രം ആയുസ്സുള്ള പുത്രനോ, നൂറുവരെ ആയുസ്സുള്ള മന്ദബുദ്ധിയായ പുത്രനോ, ഏത് വേണം? പരമശിവൻ ആരാഞ്ഞു. പതിനെട്ടു വയസ്സുവരെ ആയുസ്സുള്ള പുത്രനെ മതിയെന്ന് മഹർഷി ഉത്തരം നൽകി. വൈകാതെ മൃഗണ്ഡുദമ്പതികൾക്ക് ഒരു പുത്രൻ ജനിച്ചു. മാർക്കണ്ഡേയൻ. എല്ലാ ശാസ്ത്രങ്ങളിലും കല



കളിലും അതിനിപുണനായി മാർക്കണ്ഡേയൻ വളർന്നു. മാർക്കാണ്ഡേയന്റെ ശിവഭക്തി അനുപമവും അതുല്യവുമായിരുന്നു. പക്ഷെ ദിവസങ്ങൾ കഴിയുംതോറും മഹർഷിയും പത്നിയും ദുഃഖിതരായി കാണപ്പെട്ടു. മാർക്കണ്ഡേയൻ അവരുടെ ദുഃഖത്തിനുള്ള കാരണം അന്വേഷിച്ചു. പരമശിവന്റെ വരദാനത്തെപ്പറ്റി അവർ മാർക്കാണ്ഡേയനോടു തുറന്നു പറഞ്ഞു. മാർക്കണ്ഡേയൻ തന്റെ മാതാപിതാക്കളെ സമാധാനിപ്പിച്ചു. മാത്രമല്ല ശിവധ്യാനം പൂർവാധികം ശക്തിയോടെ തുടരുകയും ചെയ്തു. പതിനെട്ടു വയസ്സു പൂർത്തിയായ ദിവസം കാലനെത്തി. പേടിച്ചോടിയ മാർക്കണ്ഡേയൻ അവിടെയുള്ള ആൽമരച്ചോട്ടിലെ ശിവലിംഗത്തെ കെട്ടിപ്പുണർന്നു. കാലൻ, മാർക്കണ്ഡേയനെ ബന്ധിക്കാനായി തന്റെ പാശമെറിഞ്ഞു. പാശം ശിവലിംഗത്തെയും മാർക്കാണ്ഡേയനെയും ചുറ്റിവരിഞ്ഞപ്പോൾ ആൽമരം പൊട്ടിപ്പിളർന്നു. അതിൽ നിന്നും കോപാകുലനായി പുറത്തുചാടിയ പരമശിവൻ തന്റെ കയ്യിലെ ശൂലത്താൽ കാലനെ കുത്തിക്കൊന്നു. തുടർന്ന് ശിവൻ കയ്യിലെ ശൂലം അവിടെയുള്ള കുളത്തിൽ മുക്കുകയും മുങ്ങിക്കുളിക്കുകയും ചെയ്തു. ശൂലവുമായി ശിവൻ കുളത്തിൽ നിന്ന് കയറുമ്പോൾ ഓരോ കാലടിയിലും ഓരോ ശിവലിംഗം സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടു. അങ്ങനെ അഞ്ചുകാലടികൾ വെച്ചപ്പോൾ അഞ്ചു ശിവലിംഗങ്ങൾ സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടു എന്നു സാരം.

തുടർന്ന് തെക്ക് പിതൃപതിക്കോണിൽ ഗുളികനെ കുടിയിരുത്തുകയും നവഗ്രഹങ്ങളിൽ പ്രത്യേകസ്ഥാനം നൽകി ആരാധിക്കുന്നതിനുള്ള അനുമതി നേടുകയും ചെയ്തു. ഗുളികനെപ്പറ്റിയുള്ള ഐതിഹ്യം ഇങ്ങനെ. മാർക്കണ്ഡേയനെ രക്ഷിക്കാൻ ശിവൻ കാലനെ വധിച്ചു. കാലൻ വധിക്കപ്പെട്ടതോടെ ഭൂമിയിൽ മരണമില്ലാതായി. അതിനു പരിഹാരമായിട്ടാണ് ഗുളികനെ സൃഷ്ടിച്ചത്. ഗുളികനെ ഒരു ഭീകരമൂർത്തിയായിട്ടാണ് കണക്കാക്കുന്നത്. ഗുളികനെ പ്രീതിപ്പെടുത്തേണ്ടത് ഏതുകാര്യസാധ്യത്തിനും അനിവാര്യമായി കരുതുന്നു. പ്രായാധിക്യത്തിലും രോഗങ്ങളാലും മരണവുമായി മല്ലിടുമ്പോൾ ഗുളികനുഴിയുക എന്ന ചടങ്ങ് നടത്തിയാൽ വിഷമമില്ലാതെയും കാലതാമസം കൂടാതെയും മരണം സംഭവിക്കുമെന്നൊരു വിശ്വാസം പോലുമുണ്ട്. ചിലയിടങ്ങളിൽ ഗുളികന് ഗുരുതിതർപണവും നടത്താറുണ്ട്.



ഭഗവതി വെള്ളാട്ട്

പ്രപഞ്ചജീവനാണ് ആദിപരാശക്തി എന്നാണ് ഭക്തജനവിശ്വാസം. അത് പ്രപഞ്ചത്തെ അനവരതം ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. ജഗദംബികയായ ഈ ആദിപരാശക്തി തന്നെയാണ് ഭഗവതി. ഭഗവതിപ്രതിഷ്ഠയുള്ള കാവുകളിൽ പലപേരുകളിലാണ് ഭഗവതി അറിയപ്പെടുന്നത്. ഭദ്രകാളി, രക്തേശ്വരി, രക്തചാമുണ്ഡി, നീലഭട്ടാരി, കരിംകാളി, കൊടുംകാളി, ഓടക്കാളി എന്നിങ്ങനെ ഒട്ടേറെ നാമങ്ങളിൽ ആരാധിക്കപ്പെടുന്ന ഭഗവതിയുടെ ഐതീഹ്യം ഇങ്ങനെ.

ദാരികന്റെ ശല്യവും അക്രമങ്ങളും മൂലം മഹർഷിമാർക്കും ബ്രാഹ്മണർക്കും സജ്ജനങ്ങൾക്കും ജീവിക്കാനാകാതെ വന്നു. ദേവൻമാർ പോലും ദാരികനെ തടയുന്നതിൽ പരാജയപ്പെട്ടു. അവസാനം എല്ലാവരും പരമശിവനെ അഭയം പ്രാപിച്ചു. ദാരികന്റെ ദുഷ്ടതയുടെ തീവ്രതയറിഞ്ഞ പരമശിവൻ കോപിക്കുകയും ശിവന്റെ തൃക്കണ്ണിൽ നിന്നും ഭദ്രകാളി സൃഷ്ടിക്കപ്പെടുകയും ചെയ്തു. ദാരികവധത്തിനായി സൃഷ്ടിക്കപ്പെട്ട കാളി ദാരികനുമായി യുദ്ധം തുടങ്ങി. ഘോരമായ യുദ്ധത്തിൽ താൻ പരാജയപ്പെടുമെന്ന അവസ്ഥയുണ്ടായപ്പോൾ കാളി ശിവനെ ശരണം പ്രാപിച്ചു. ദാരികനെ പരാജയപ്പെടുത്താൻ കഴിയാത്തതിന്റെ കാരണവും അതിനുള്ള പ്രതിവിധിയും ശിവൻ കാളിക്ക് പറഞ്ഞുകൊടുത്തു. ദാരികന്റെ അമ്മ ദുർമന്ത്രവാദിനിയാണ്. അവർ ദുർമന്ത്രം ജപിച്ച് ദാരികന്റെ വിജയത്തിനായി ഒരു യന്ത്രം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അവരുടെ ജപം തടഞ്ഞ് ആ യന്ത്രം കൈവശപ്പെടുത്തിയാലേ ദാരികനെ പരാജയപ്പെടുത്താനാകൂ. പരമശിവന്റെ ഉപദേശം സ്വീകരിച്ച കാളി ദാരികപത്നിയുടെ രൂപഭാവങ്ങളോടെ ദാരികന്റെ അമ്മയെ സമീപിച്ചു. യുദ്ധം നടന്നുകൊണ്ടിരിക്കുകയാണെന്നും ദാരികൻ ഉടൻ വധിക്കപ്പെടുമെന്നും അതുകൊണ്ട് ദാരികനെ രക്ഷിക്കുന്നതിനായി യന്ത്രം ഉടൻ നൽകണമെന്നും ആവശ്യപ്പെട്ടു. ദാരികപത്നിയാണ് യന്ത്രം ചോദിച്ചതെന്ന് തെറ്റിദ്ധരിച്ച് ദാരികന്റെ അമ്മ യന്ത്രം കാളിക്കു നൽകി. യന്ത്രം കിട്ടിയതോടെ ഭദ്രകാളി തന്റെ സാക്ഷാൽ രൂപം കാട്ടുകയും അവരെ വധിക്കുകയും ചെയ്തു. ഭദ്രകാളി ദാരികനുമായി വീണ്ടും യുദ്ധം തുടങ്ങി. അതിരൂക്ഷവും ദീർഘവുമായ യുദ്ധത്തിൽ ദാരികൻ പരാജയപ്പെടുമെന്ന് ദാരികപത്നിയായ മനോദരിക്കു തോന്നി. മനോദരി ശിവനെ ശരണം പ്രാപിക്കാനായെത്തി. പക്ഷെ ശിവൻ തപസ്സിലായിരുന്നു. തപസ്സനുഷ്ഠിക്കുന്ന



ഭഗവതി തിറ



കരിങ്കാളി വെള്ളാട്ട്

ശിവനെ ഉണർത്താൻ പാടില്ല. പരിഭ്രാന്തയായ മനോദരി പാർവതിയോട് സങ്കടം പറഞ്ഞു. ശിവനെ തപസ്സിൽ നിന്നും ഉണർത്തരുതെന്ന് പറഞ്ഞ് ശിവന്റെ കുറേ വിയർപ്പുതുള്ളികൾ മനോദരിക്ക് നൽകി. ഇത് ആരിലെറിഞ്ഞാലും വസൂരിരോഗം പിടിപെട്ട് അവശരാകുമെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. മനോദരി വിയർപ്പുതുള്ളികളുമായി മടങ്ങിയെത്തിയപ്പോൾ, യുദ്ധക്കളത്തിൽ ദാരികനെ വധിച്ച് ജഡത്തിനുമുകളിൽ നൃത്തം ചെയ്യുന്ന ഭദ്രകാളിയെയാണ് കാണുന്നത്. ഭർതൃവധത്തിൽ കോപംപൂണ്ട മനോദരി വയിർപ്പുതുള്ളികൾ ഭദ്രകാളിക്കുമേലെറിഞ്ഞു. കാളിയുടെ ശരീരമാകെ വസൂരി നിറഞ്ഞു. കാളി പരവശയായി നിലംപതിച്ചു. ഈ സമയം തപസ്സിലായിരുന്ന പരമശിവൻ ജ്ഞാനദൃഷ്ടിയിൽ കാളിയുടെ ദുരവസ്ഥ മനസ്സിലാക്കി. തപസ്സിൽ നിന്നും ഞെട്ടിയുണർന്ന ശിവന്റെ കണ്ഠത്തിൽ ജനിച്ച് കർണത്തിലൂടെ പുറത്തുവന്ന മൂർത്തിയാണ് കണ്ഠാകർണൻ. കണ്ഠാകർണൻ കാളിയുടെ ദേഹത്തെ വസൂരി നക്കിയെടുത്ത് സുഖപ്പെടുത്തി. ദാരികവധത്തിലൂടെ ലക്ഷ്യപ്രാപ്തി നേടിയ ഭദ്രകാളി ചോറ്റാനിക്കര കുടികൊള്ളുന്നു എന്നും ആ ഭഗവതിയുടെ ചൈതന്യപ്രസരണമാണ് ഇതരകാവുകളിൽ പലപേരുകളിൽ അറിയപ്പെടുന്നതെന്നുമാണ് വിശ്വാസം.



നാഗകാളി

നാഗാരാധന വളരെ പ്രാചീനകാലം മുതലേ കേരളത്തിൽ നിലവിലുണ്ട്. നാഗത്തിനു കൊടുക്കുക, സർപ്പബലി, പുള്ളുവൻപാട്ട് എന്നീ ചടങ്ങുകളെല്ലാം നാഗാരാധനയുടെ ഭാഗമായി ഇന്നും നടന്നുവരുന്നു. മിക്ക തറവാടുകളുടേയും സമീപത്ത് തറവാട്ടുവളപ്പിൽതന്നെ നാഗക്കാവുകളുണ്ടായിരുന്നത് മറക്കാൻ കാലമായിട്ടില്ല. ഇന്നും ഗ്രാമപ്രദേശത്തു ചിലയിടങ്ങളിൽ തറവാട്ടുവളപ്പിൽ നാഗസ്ഥാനങ്ങളുണ്ട്. ഇത്തരം കാവുകളിൽ ഇരുമ്പ് തൊടരുതെന്നുള്ള നിയമംപോലും പാലിച്ചുവരുന്നുണ്ട്. നാഗപ്രീതിക്കായി നാഗത്തിറ കെട്ടിയാടുന്ന പതിവ് കാവുകളിൽ പണ്ടുമുതലേ ഉണ്ടായിരുന്നു. നാഗത്തിറ കെട്ടിയാടിവന്നത് സമീപകാലത്തായി നാഗകാളിത്തിറ എന്നായിട്ടുണ്ട്. യഥാർഥത്തിൽ പണ്ടുമുതലേ കെട്ടിയാടിവന്ന നാഗത്തിറ തന്നെയാണ് നാഗകാളിത്തിറ. നാഗത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതാണ് ഇതിന്റെ ചമയങ്ങളെല്ലാം.

ദണ്ഡമൂർത്തി

കൈലാസത്തിൽ ശിവതേജസ്സിൽ പിറന്ന രണ്ട് അസുരമൂർത്തികളാണ് കണ്ടനും കണ്ഠാകർണനും ഈ മൂർത്തികളുടെ ആസുരഭാവം ഭൂതലത്തെയും ദേവലോകത്തെയും വിഷമത്തിലാക്കി. ഈ ദ്വന്ദ്വമൂർത്തികളെ അവരുടെ ആസുരഭാവത്തിൽനിന്ന് പിന്തിരിപ്പിക്കാനെന്താണൊരു വഴി? വഴി തെളിഞ്ഞു.

അതിനായി പാർവതീദേവിയുടെ കണ്ണീരിൽ നിന്ന് ആദ്യമായി ഒരു ദേവി ഉത്ഭവിച്ചു. ചിതറമ്പ! അതായത് സാക്ഷാൽ ശ്രീ കുറുംബ ഭഗവതി. കുറുംബ ഭഗവതിയോട് ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തു.



"ഭൂമിയിലെ ദുഷ്ടരെ നിഗ്രഹിച്ച് ശിഷ്ടരെ സംരക്ഷിക്കാനായി ഉടൻ പുറപ്പെടുക"

കരമാർഗമായും വായുമാർഗമായും തനിക്ക് ഭൂമിയിലേക്ക് പോകാനാവില്ലെന്നും ജലമാർഗമാണ് താൻ ഇഷ്ടപ്പെടുന്നതെന്നും ഭഗവാന്റെ നിർദേശത്തിന് മറുപടിയായി ശ്രീകുറുംബഭഗവതി അറിയിച്ചു.

ഭഗവതിക്ക് ജലമാർഗം സഞ്ചരിക്കുന്നതിന് കൈലാസത്തിൽ ഭൂതഗണങ്ങൾ വസിക്കുന്ന വൃക്ഷക്കൂട്ടത്തിൽനിന്ന് വിശ്വകർമാവ് ഒരു പാലമരം മുറിച്ചെടുത്ത് ഒരു കപ്പൽ നിർമിച്ച് ഭഗവതിക്ക് നൽകി.

ഒട്ടും വൈകാതെ തന്റെ തുണയ്ക്കുള്ള ഭൂതപ്രേതപിശാചുക്കളെയും കൂട്ടി ഭഗവതി സമുദ്രമാർഗത്തിലൂടെ യാത്ര തുടങ്ങി. പക്ഷെ ദിശതെറ്റി കരയറിയാതെ ആകെ ഉഴറി. ഇതറിഞ്ഞ മഹാദേവൻ തന്റെ ജഡയിൽനിന്ന് മഹാദണ്ഡോടുകൂടി ഒരു ഉഗ്രമൂർത്തിയെ സൃഷ്ടിച്ചു.

മഹാദണ്ഡുമായി ജനിച്ച ആ ഉഗ്രമൂർത്തിയാണ് ദണ്ഡൻ.

ഒട്ടും വൈകാതെ ദണ്ഡൻ കപ്പലിൽ എത്തിച്ചേരുകയും തന്റെ മഹാദണ്ഡ് ഊന്നി പായകൾ വലിച്ചുകെട്ടി കപ്പലിന്റെ ഗതി നിയന്ത്രിച്ചു. കപ്പൽ കരയ്ക്കടുത്തു.

ശ്രീ കുറുംബഭഗവതി സന്തുഷ്ടയായി ദണ്ഡനോട് പറഞ്ഞു.

"അല്ലയോ സഹോദരാ, ദണ്ഡമൂർത്തി, ഞാൻ എവിടെയൊക്കെ ആരാധിക്കപ്പെടുന്നുവോ അവിടെയൊക്കെ എന്നെക്കാൾ മുമ്പെ നീ ആരാധിക്കപ്പെടും. നിന്നെ പൂജിച്ചതിനുശേഷമായിരിക്കും എനിക്കുള്ള പൂജ".



ക്ഷേത്രപാലകൻ

ഭൂതലമാകെയും ദേവലോകത്തും അഴിഞ്ഞാടി മനുഷ്യരെയും സന്യാസികളെയും ദേവഗണങ്ങളെയുമെല്ലാം കൊന്നുതള്ളിയ മൂകാസുരന്റെ വധത്തിനുശേഷം ഭൂതലവും ദേവലോകവും പൊതുവെ ശാന്തമായിരുന്നു. പക്ഷെ മൂകാസുരന്റെ മക്കളായ ധമുകനും കാളാസുരനും തങ്ങളുടെ പിതാവിനെ വധിച്ചവരോട് പകരം വീട്ടാൻ തീരുമാനിക്കുകയും അതിനായി കഠിനതപസ്സു

നുഷ്ഠിക്കുകയും ചെയ്തു. കഠിനതപസ്സോടെ തപശ്ശക്തി നേടിയ അവർ തങ്ങളുടെ ക്രൂരവിനോദങ്ങൾ തുടങ്ങി.

കന്യാകുമാരി മുതൽ ഗോകർണം വരെ അടക്കിവാണ അവരുടെ ദ്രോഹപ്രവൃത്തികൾ ആർക്കും സഹിക്കാൻ കഴിയുന്നതിന്റെ അപ്പുറമായിരുന്നു. തങ്ങളുടെ പിതാവായ മൂകാസുരൻ ചെയ്തതുപോലെ ദേവലോകത്തും അവരുടെ ക്രൂരവിളയാട്ടം തുടർന്നു. സഹനത്തിന്റെ പാരമ്യതയിൽ ദേവ, ദൈത്യ, മാനവ വൃന്ദങ്ങൾ ഭഗവാൻ പരമശിവനെ അഭയം പ്രാപിച്ചു.

മഹാദേവൻ തന്റെ തൃക്കണ്ണിൽ നിന്ന് ''മഹാകാളഗാത്രി''യെന്ന ദേവിയെ സൃഷ്ടിച്ചു. അസുരന്മാരുടെ ക്രൂരതകളിൽ കലികയറിയ ദേവി ധമുകനെയും കാളാസുരനെയും വധിച്ചു. വധത്തിനുശേഷവും ദേവിയുടെ കലി അടങ്ങിയില്ല. ഉഗ്രകോപത്തിലായ ദേവിയെ സമാധാനിപ്പിച്ചേ പറ്റൂ. മാനവവൃന്ദം ആകുലതയിലായി. എല്ലാം മനസ്സിലാക്കിയ മഹാദേവൻ അംബരചുംബിയായ തൃക്കോലം കെട്ടി ദേവിക്കുമുമ്പിൽ മൂന്ന് തവണ നൃത്തമാടി. തൃക്കോലം കണ്ട് മോഹവതിയായ ദേവി ആ രൂപത്തെ ഗാഢമായി പുണർന്നു.

ഇതിൽനിന്ന് ഉൽഭൂതനായവൻ ക്ഷേത്രപാലകൻ. അതിശക്തനും ബലവാനുമാണ് ക്ഷേത്രപാലകൻ. ഈ സാഹചര്യത്തിലാണ് ക്ഷേത്രദംശകൻ എന്ന അസുരന്റെ വരവ്. അയാൾ ക്ഷേത്രങ്ങളെല്ലാം തച്ചുതകർത്തു കൊണ്ടിരുന്നു. ഉടനെ ദേവി, തന്നിൽനിന്ന് ഉൽഭൂതനായ മകനോട് – ക്ഷേത്രപാലകനോട്, ക്ഷേത്രദംശകനായ അസുരനെ നിഗ്രഹിച്ച് ക്ഷേത്രങ്ങളെല്ലാം സംരക്ഷിക്കാൻ ആവശ്യപ്പെട്ടു.

ഇപ്രകാരം ക്ഷേത്രപാലകൻ ഏതു കാലത്തും ക്ഷേത്രങ്ങൾ തകർക്കപ്പെടാതെ കാത്തുപരിപാലിച്ചുകൊണ്ടിരിക്കുന്നു.

പൊട്ടൻദൈവം



വളരെ പ്രാചീനകാലം മുതൽക്കേ കള്ളുചെത്തിനൊപ്പം (തെങ്ങ് ചെത്തിന് നാട്ടുപ്രയോഗം കള്ളുചെത്തെന്നാണ്) മരംവെട്ടും തൊഴിലായി സ്വീകരിച്ചവരായിരുന്നു തണ്ടാന്മാർ. മൃതദേഹം ദഹിപ്പിക്കുന്നതിന് മാവ് വെട്ടുന്നതും ഇവരുടെ കടമ തന്നെ. ഇങ്ങനെ മൃതദേഹദഹനത്തിന്റെ ഭാഗമായി വെട്ടുന്ന മാവിന്റെ ആദ്യ''മരപ്പൂൾ'' ആ അഗ്നിയിൽ ആദ്യമായി ദഹിപ്പിക്കുന്നത് പതിവായിരുന്നു. കാളിയുടെ തേജസ് ആ മരപ്പൂളിൽ കുടിയിരിക്കുന്നതിനാലാണത്രെ അങ്ങനെ ചെയ്തിരുന്നത്.

ഈയൊരു സാഹചര്യത്തിൽ കാളീഭക്തനായ ഒരു കാരണവർ ഇങ്ങനെലഭിച്ച ഒരു ''മരപ്പൂൾ'' നെഞ്ചോട് ചേർത്ത് രാത്രിയുടെ അർദ്ധയാമത്തിൽ ചുടലയിൽ കാളീ ദേവിയെ ധ്യാനിക്കാനായി പോയി. കാരണവർ ധ്യാനം തുടങ്ങി; ധ്യാനനിരതനായി. വൈകിയില്ല, കാളി കാരണവർക്ക് പ്രത്യക്ഷപ്പെട്ടു. അങ്ങനെ പ്രത്യക്ഷപ്പെട്ട കാളിയുടെ

രൂപം അതിഭീകരംതന്നെ. കാപാലമാല അണിഞ്ഞിരിക്കുന്നു. കാതുകളിൽ ആനകളെ തോടയാക്കിയിരിക്കുന്നു. ആയിരം ഇടിനാദങ്ങളുടെ ഘോരശബ്ദവും.

ഇതുകണ്ട കാരണവർ ഞെട്ടിവിറച്ചു. മാത്രവുമല്ല കാരണവരുടെ കയ്യിൽനിന്ന് മരപ്പൂൾ തെറിച്ചുപോകുകയും ചെയ്തു. അതോടെ അദ്ദേഹം മോഹാലസ്യപ്പെട്ടുവീണു. ഏറെ നേരത്തിനുശേഷം മോഹാലസ്യത്തിൽനിന്ന് മോചിതനായെങ്കിലും കാരണവരുടെ സംസാരശേഷിയും കേൾവിശക്തിയും നഷ്ടപ്പെട്ടിരുന്നു. ചുരുക്കത്തിൽ കാരണവർ ഒരു പൊട്ടനായി മാറി. അതോടെ താൻ കണ്ട കാഴ്ചകളും കേട്ട ശബ്ദവും വർണ്ണിക്കാനോ വിശദീകരിക്കാനോ അയാൾക്ക് കഴിഞ്ഞതുമില്ല.

വൈകാതെ ആ കാളീഭക്തൻ സമാധിയായി. തറവാട്ടുകാരും ദേശക്കാരും അദ്ദേഹത്തെ കുടിവെച്ചാരാധിക്കാൻ തുടങ്ങി. അങ്ങനെ കാവുകളിൽ ആരാധിച്ചുവരുന്ന മൂർത്തിയാണ് പൊട്ടൻ ദൈവം.

കുടിവെച്ച മൂർത്തികൾ



ഗുരുമുത്തപ്പൻ



മൂർത്തി വെള്ളാട്ട്



മൂർത്തി ഏളങ്കോലം

തറവാടുകളിലെല്ലാം വർഷങ്ങൾക്ക് മുമ്പ് കാരണവൻമാർക്ക് പ്രമുഖസ്ഥാനമാണുണ്ടായിരുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ അത് അനിവാര്യമായിരുന്നു. തറവാടിന്റെയും തറവാട്ടംഗങ്ങളുടേയും പുരോഗതിയായിരുന്നു കാരണവന്മാരുടെ ലക്ഷ്യം. ദേശത്തും അവർ ഏറെ ബഹുമാനിക്കപ്പെട്ടിരുന്നു. ഇത്തരം കാരണവൻമാരിൽ പലരും മന്ത്രതന്ത്രവൈദ്യരംഗങ്ങളിൽ പ്രഗൽഭരായിരുന്നു. ഇത്തരത്തിൽ കാരണവസ്ഥാനവും ബഹുമാന്യതയുമുള്ള സ്ത്രീകളുമുണ്ടായിരുന്നു. മരണശേഷം അവരെ കുടിവെച്ചാരാധിക്കുന്ന സമ്പ്രദായം അക്കാലത്ത് നാട്ടുനടപ്പായിരുന്നു. ഇങ്ങനെ മരിച്ചുപോയ കാരണവൻമാരെ കാവിലോ തറവാട്ടു സ്ഥാനങ്ങളിലോ കുടിയിരുത്തുന്നു. ഒരു പീഠത്തിൻമേലായിരിക്കും കുടിവെച്ച മൂർത്തികൾക്കുള്ള സ്ഥാനം. തിറയാട്ടമഹോൽസവത്തിന് കുടി



നായർ വെള്ളാട്ട്



സ്ത്രീ മൂർത്തി

വെച്ചമൂർത്തികൾക്കും കോലം കെട്ടിയാടുന്നു. തിറയാട്ടത്തിൽ കുടിവെച്ച മൂർത്തികൾക്കുള്ള അഞ്ചടിയിൽ ആ വ്യക്തിയുടെ ജനനം, കുടുംബം, വിദ്യാഭ്യാസം, മന്ത്രതന്ത്രവൈദ്യരംഗങ്ങളിലെ മികവ്, പടയ്ക്കുപോയിട്ടുണ്ടെങ്കിൽ അനുഭവങ്ങൾ, പരാക്രമങ്ങൾ, മരണം മുതലായവയെല്ലാം വിവരിക്കുന്നു. അന്നത്തെ ആചാരങ്ങൾ, വിശ്വാസങ്ങൾ, വിനോദങ്ങൾ മുതലായവയും അഞ്ചടിയിൽ പരാമർശിക്കുന്നു. ചിലയിടങ്ങളിൽ കാരണവർ ഉപയോഗിച്ചു എന്ന് വിശ്വസിക്കുന്ന ചുരിക, കുന്തം, കഠാര, തൊപ്പി മുതലായവ സൂക്ഷിച്ചിട്ടുണ്ടാകും. പടയിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അനുഭവങ്ങൾ കെട്ടിയാട്ടത്തിൽ അഭിനയിക്കേണ്ടതുണ്ട്. ചില തറവാടുകളിൽ അകാലത്തിൽ മരണപ്പെട്ട വ്യക്തികളേയും കുടിയിരുത്തി ആരാധിക്കുകയും അപൂർവമായി കോലം കെട്ടിയാടുകയും ചെയ്യുന്നു. ചുരുക്കത്തിൽ ദേവീദേവൻമാർക്കുള്ള പ്രാധാന്യം തിറയാട്ടത്തിൽ കുടിവെച്ച മൂർത്തികൾക്കും നൽകിവരുന്നു. ഏതായാലും മാതാപിതാക്കൾ ഈശ്വരതുല്യരാണെന്ന ഭാരതീയ സങ്കൽപം അരക്കിട്ടുറപ്പിക്കുന്നതാണ് തിറയാട്ടത്തിലെ മനുഷ്യമൂർത്തീ സങ്കൽപം.



ഗുരു മൂർത്തി



ചെട്ടി മൂർത്തി

എ.പി. രാധാകൃഷ്ണന്റെ നരവംശ ശാസ്ത്രം – സാമൂഹിക സാംസ്കാരിക സമീപനങ്ങൾ (സാഹിത്യപ്രവർത്തക സഹകരണസംഘം) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ വിശദീകരിക്കുന്നു. ഒരു താവഴിയിൽ മാതൃകയായ കാരണവരെ അല്ലെങ്കിൽ വ്യക്തിയെ ജീവിതകാലത്ത് ആദരിക്കുകയും അവരുടെ മരണശേഷം അവരുടെ പ്രവൃത്തി അതിമാനുഷമായി താവഴിക്കാർ അംഗീകരിക്കുകയും അവർ ഉപയോഗിച്ചുവന്ന സാധനങ്ങൾ, ആയുധങ്ങൾ തുടങ്ങിയവയിൽ ഈ ചൈതന്യത്തിന്റെ അംശം ആരോപിക്കുകയും ചെയ്യും. കുലാചാരത്തിന്റേയും മാമൂലുകളുടേയും ഉത്ഭവവും പരിഷ്ക്കരണവും ഉണ്ടാകുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്. ഇങ്ങനെയുള്ളവർ മൂർത്തികളായി മാറുന്നു. മൂർത്യാരാധനയിൽ ആയുധങ്ങളും പീഠങ്ങളും കടന്നുവരുന്നതിങ്ങനെയാണ്. തിറയാട്ടം എപ്പോൾ തുടങ്ങിയെന്നോ, എങ്ങനെ തുടങ്ങിയെന്നോ പറയാനാകില്ല. ആദ്യകാലത്ത് അനുഷ്ഠാനത്തിൽനിന്നും ആട്ടം ഉടലെടുത്തുവെന്ന് പറയാം. കാവുകളിലെ തിറയാട്ടങ്ങൾക്ക് ആചാരരൂപവും ക്രമേണ താന്ത്രികതയും കടന്നുവരുന്നത് മേലാളസമുദായത്തിന്റെ ക്ഷേത്രാചാര അനുഷ്ഠാനങ്ങളുടെ സാംശീകരണത്തോടെയാണ്.



(സീത)

പൂമുടിത്തിറ



അധ്യായം ആറ്

നേരവകാശികൾ



പരമ്പരാഗതമായി കാവുകളിൽ തിറയാട്ടം നടത്തുന്നതിനുള്ള അവകാശം പെരുമണ്ണാൻ സമുദായത്തിനാണ്. ഈ അവകാശം ലഭിച്ചതിനെപ്പറ്റിയുള്ള പുരാവൃത്തം ഇങ്ങനെ:

ശ്രീപാർവ്വതി ഋതുമതിയായി. മാറ്റ് വെക്കാൻ (ഉടുവസ്ത്രം മാറ്റി ശുദ്ധീകരിക്കാൻ) ശ്രീപരമേശ്വരന്റെ നിർദ്ദേശാനുസരണം സൃഷ്ടിക്കപ്പെട്ടവരാണ് പെരുമണ്ണാൻ സമുദായം. മഹാവിഷ്ണുവിന്റെ വലതുതുടയിൽ നിന്നാണ് സൃഷ്ടി നടന്നത്. സൃഷ്ടിക്കുശേഷം ശ്രീപാർവ്വതി മാറ്റുടുത്തു ശുദ്ധിയായി. സന്തുഷ്ടരായ പാർവതീപരമേശ്വരന്മാർ ആടിപ്പാടി ഈ ശുദ്ധികർമം ആഘോഷിക്കുകയും ശുദ്ധികർമം നടത്തിയവരെ ആട്ടത്തിലും പാട്ടിലും പങ്കെടുപ്പിക്കുകയും ചെയ്തു. അതോടൊപ്പം ഭാവിയിൽ ഭഗവാന്റെയും ഭഗവതിയുടെയും കോലം കെട്ടി ആടാനുള്ള അവകാശവും പെരുമണ്ണാൻ സമുദായത്തിന് നൽകി. ഈ അവകാശത്തിന്റെ പിൻതുടർച്ചയായാണ് ഇന്ന് പെരുമണ്ണാൻ സമുദായം കാവുകളിൽ കോലം കെട്ടിയാടുന്നത് എന്നാണ് മിത്ത്. കലശാഭിഷേകത്തിനു ശേഷം ദേവിക്ക് ചാർത്താനുള്ള തിരുടയാട (തിരുടാട എന്ന് നാട്ടുപ്രയോഗം) ശുദ്ധിയാക്കി കാവിൽ സമർപിക്കുന്നതിനുള്ള അവകാശവും പെരുമണ്ണാനാണ്. ദൈവത്തിന്റെ പ്രതിപുരുഷന്മാർക്കുള്ള മാറ്റ് കൊടുക്കുന്നതും പെരുമണ്ണാൻ തന്നെ.

പറശ്ശിനിക്കടവ് മുത്തപ്പന്റെ കോലം കെട്ടിയാടാനുള്ള അവകാശം പെരുമണ്ണാൻ സമുദായത്തിന് മാത്രമാണെന്നുള്ളത് മുൻപറഞ്ഞ വിശ്വാസവുമായി ചേർത്ത് വായിക്കേണ്ടതാണ്. വിശ്വാസസംബന്ധമായ മിത്ത് എന്തായാലും വസൂരി ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ വ്യാപകമായിരുന്ന അക്കാലത്ത് ദേശത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുകയെന്ന കടയമാണ് പെരുമണ്ണാൻ സമുദായത്തിന് നിർവഹിക്കാനുണ്ടായിരുന്നത്. മുൻപറഞ്ഞ മിത്തിന്റെ പൊരുളും അതുതന്നെയായിരിക്കണം. ദേശത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുക എന്നിടത്ത് അഗ്നിക്ക് ഏറെ പ്രാധാന്യമുണ്ടല്ലോ. ഭാരതീയ വിശ്വാസപ്രകാരം അഗ്നി ദേവനാണ്. പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്ന പഞ്ചഭൂതങ്ങളിൽ ഒന്നാണ് അഗ്നി. അഗ്നിയെ ദൈവമായി കണ്ട് പൂജിച്ചിരുന്ന രീതി എല്ലാ സംസ്കാരങ്ങളിലും നിലനിന്നിരുന്നു. ഒരിക്കലും മലിനമാക്കപ്പെടാത്തത് അഗ്നി മാത്രമാണ്. വായുവും വെള്ളവുമുൾപ്പെടെ എല്ലാം മലിനമാക്കപ്പെടുമ്പോൾ അഗ്നി പരിശുദ്ധിയോടെ നിലനിൽക്കുന്നു. മലിനമായതിനെ അഗ്നിയിലൂടെ മാത്രമേ ശുദ്ധീകരിക്കാനാകൂ. അതുകൊണ്ടാണ്.അഗ്നിയെ

സാക്ഷിനിർത്തിയാണ് പല സമൂഹങ്ങളിലും മംഗളകാര്യങ്ങൾ ചെയ്യുന്നത്. ഭാരതത്തിൽ വിവാഹം പോലുള്ള ജീവിതത്തിലെ പ്രധാന ചടങ്ങുകൾ അഗ്നിയുടെ മുമ്പിലാണ് നടത്തുന്നത്. എല്ലാവിധ ചടങ്ങുകൾക്കും വിളക്കു കത്തിക്കുന്ന രീതി ഇന്ത്യയിൽ ഹിന്ദുക്കൾക്കിടയിലുണ്ട്. ദേവപ്രീതിക്കായി യാഗം നടത്തുന്നത് അഗ്നികുണ്ഡം ഒരുക്കിയാണ്. പെരുമണ്ണാൻ സമുദായത്തിന് ദേശശുദ്ധി നിർവഹിക്കപ്പെടേണ്ടി വരുമ്പോൾ അഗ്നി അവിഭാജ്യഘടകമായി തീരുന്നു. രാത്രിയിൽ കോലം കെട്ടിയാടുന്നത് ചൂട്ടുവെളിച്ചത്തിലാണെന്നുള്ളത് അഗ്നിശുദ്ധി എന്ന പാരമ്പര്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. അലക്ക്, വൈദ്യം, തയ്യൽ, കൽപ്പണി, മാന്ത്രികതാന്ത്രിക പ്രയോഗങ്ങൾ എന്നിവയിലെല്ലാം പെരുമണ്ണാൻ സമുദായത്തിലെ പൂർവികൾ അതിസമർഥരായിരുന്നത്രേ.

തിറയാട്ട കലാകാരനാകുകയെന്നത് ഏറെ ശ്രമകരമാണ്. കുട്ടിക്കാലത്തുതന്നെ ഉഴിച്ചിലും പയറ്റും പരിശീലിക്കണം. മെയ്യൊതുക്കവും ആയുധപരിശീലനവും അനിവാര്യമാണ്.

കുട്ടികളെ കെട്ടിയാട്ടം പഠിപ്പിക്കുന്നത് അച്ഛനോ, അടുത്തബന്ധുക്കളോ ആയിരിക്കും. തിറയാട്ടം പഠിക്കാൻ താൽപര്യമുള്ള കുട്ടികൾ അച്ഛനോടൊപ്പം ഉൽസവസ്ഥലങ്ങളിൽ പോകും. അവിടെ നിന്ന് പലരുടെയും കെട്ടിയാട്ടങ്ങൾ കണ്ട് പഠിക്കാൻ അവർക്ക് അവസരം ലഭിക്കുന്നു. അതിനുശേഷം സ്വയം കെട്ടിയാടാൻ തുടങ്ങും. ആദ്യമായി കെട്ടിയാട്ടം നടത്തുന്നതിന് 'പുത്തൻ മുടിവെക്കുക' എന്നാണ് പറയുന്നത്. (മലബാറിലെ തിറയാട്ടങ്ങൾ, സി.ഗോപാലൻ നായർ)

ഒരു യഥാർത്ഥ തിറയാട്ട കലാകാരനാകുന്നതിനു പിന്നിലെ പരിശ്രമങ്ങളുടെ ഗൗരവമാണ് സി.ഗോപാലൻ നായർ വ്യക്തമാക്കുന്നത്. ഈ ലേഖകൻ തിറയാട്ടം അഭ്യസിച്ചത് അച്ഛൻ മൂർക്കനാട്ട് വേലായുധൻ വൈദ്യരിൽ നിന്നും അദ്ദേഹത്തിന്റെ ഗുരുഭൂതനും തിറയാട്ട രംഗത്തെ കുലപതിയുമായിരുന്ന എടക്കോട്ട് അപ്പൂട്ടി ആശാനിൽ നിന്നുമാണ്.

തിറ എന്ന പദത്തിന്റെ അർഥസങ്കൽപത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളാണുള്ളത്. മരപ്പലക കൊണ്ടുണ്ടാക്കിയ 'തിറ' തലയിൽവെച്ചാടുന്നതുകൊണ്ടാണ് അവയെ തിറയെന്നു പറയുന്നതെന്നാണ് ഒരഭിപ്രായം. ഈ പ്രകരണത്തിൽ പ്രസ്തുത അർഥം ശരിയാണെന്ന് തോന്നുന്നില്ല. തിറയ്ക്ക് ദൈവദർശനം എന്ന അർഥമാണ് ചിലർ നൽകിക്കാണുന്നത്. ഡോ.ഗുണ്ടർട്ട് An offering എന്നാണ് അർഥമാണ് നൽകിയിരിക്കുന്നത്. കൊയിലാണ്ടി താലൂക്കിലെ ചില പ്രദേശങ്ങളിൽ തിറയ്ക്ക് നട്ടത്തിറ എന്ന വ്യവഹാരമുണ്ടത്രെ. നട്ടം എന്നതിന് നൃത്തം എന്ന അർഥമുണ്ട്. നൃത്തരൂപത്തിലുള്ള അർപണമാണ് തിറയാട്ടം. ദൈവീകമായ ആവിഷ്കാരമെന്നോ, ദൈവദർശനമെന്നോ തിറയ്ക്ക് അർഥം കൽപിക്കുന്നതിൽ ഔചിത്യക്കുറവില്ല. തമിഴിൽ തിറ എന്ന പദത്തിന് വെളിപ്പെടുക എന്നുകൂടി അർഥമുണ്ട്. (നാടൻ കലകൾ, നാടൻ പാട്ടുകൾ, ഡോ.എം.വി. വിഷ്ണു നമ്പൂതിരി)

ഇത്തരത്തിൽ തിറയെന്ന സംജ്ഞയെപ്പറ്റി ഒട്ടേറെ അഭിപ്രായങ്ങളുണ്ട്. തറയിൽ നിന്നാടുന്നതുകൊണ്ടാണ് തിറയാട്ടമെന്ന പേരുണ്ടായതെന്നും പറഞ്ഞു കേൾക്കുന്നു. ഏതായാലും പ്രാദേശികവൽക്കരിക്കപ്പെട്ട തിറയാട്ടത്തിലെ അനുഷ്ഠാനങ്ങളും ആചാരങ്ങളും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ചർചചെയ്യപ്പെടേണ്ടതാണ്; അതോടൊപ്പം കാവുകളിൽ തിറയാട്ടമെന്ന അനുഷ്ഠാനകലാരൂപം അവതരിപ്പിക്കുന്നതിനുള്ള അവകാശം പെരുമണ്ണാൻ സമുദായത്തിനാണെന്ന വിശ്വാസത്തെക്കുറിച്ചും.

അധ്യായം ഏഴ്

കാവുത്സവങ്ങളിലെ തിറയാട്ടച്ചടങ്ങുകൾ

പ്രാദേശികവും സാമുദായികവുമായ സവിശേഷതകൾ – തിറയാട്ടത്തിൽ



സീത



ഗിജിൽ രാജ്

തെക്കൻ മലബാറിന്റെ അനുഷ്ഠാനകലാരൂപമായ തിറയാട്ടത്തെപ്പറ്റി പറയുമ്പോൾ, അതിന്റെ തായ്‌വേര് ആണ്ടിറങ്ങിയിരിക്കുന്നത് കോഴിക്കോട്ടുമാത്രമാണ് എന്ന സത്യം നാം ഉൾക്കൊള്ളണം. എന്നാൽ ചെറുതും വലുതുമായ ഒട്ടേറെ വ്യത്യസ്തതകൾ എങ്ങനെ തിറയാട്ടത്തിലൂണ്ടായി എന്നത് പരിശോധിക്കേണ്ടതും പഠിക്കേണ്ടതുമായ വിഷയം തന്നെയാണ്. കോഴിക്കോട് ജില്ലയിൽത്തന്നെ ഒട്ടേറെ തിറയാട്ട സംഘങ്ങളുണ്ട്. ഈ വിവിധ സംഘങ്ങളുടെ തിറയാട്ടാവതരണത്തിൽ പ്രകടമായ വ്യതിയാനങ്ങൾ എങ്ങനെ ഉൾച്ചേർന്നു?

ഇവിടെ മറ്റൊരു വിഷയമുള്ളത് തിറയാട്ടം അവതരിപ്പിക്കുന്നത് പിന്നോക്കവിഭാഗക്കാർ മാത്രമാണെന്നതാണ്. മണ്ണാൻ, പാണൻ, ചെറുമൻ, പറയൻ തുടങ്ങിയ സമുദായങ്ങളാണവർ. അവരെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിലും ജീവിതരീതിയിലുമെല്ലാം പ്രകടമായ പ്രമാണങ്ങൾ തന്നെയുണ്ട്. ഈ പ്രമാണങ്ങൾക്കനുസരിച്ചാണ്, അതാത് സമുദായങ്ങളുടെ സ്വത്വം രൂപപ്പെട്ടിരിക്കുന്നത്. ഈ സ്വത്വബോധമാണ് അവരുടെ ജീവിതത്തിന്റെ തന്നെ കാതൽ. വിവിധ സമുദായങ്ങൾ അവതരിപ്പിക്കുന്ന തിറയാട്ടരീതികൾ പരിശോധിക്കുമ്പോൾ ഈ സത്യം നമുക്ക് ബോധ്യപ്പെടും. ഇതിനൊരു കാരണമുണ്ടാകാം. ആ കാരണം പരിശോധിക്കുന്നതിന് നാം കുറെ പിന്നിലേക്ക് സഞ്ചരിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനപ്പുറത്തേയ്ക്ക് നമ്മുടെ ചിന്തകൾ പോയാലോ?

ജന്മിത്തം അതിന്റെ എല്ലാ പ്രഭാവങ്ങളോടും നിലനിന്നിരുന്ന ഒരു കാലം. ഭൂമിമുഴുവൻ ഏതാനും ജന്മികളുടേതും ദേവസ്വത്തിന്റേതുമായിരുന്നു. ഭൂമിയിൽ പണിയെടുക്കാൻ പണിയാളർ വേണം. പണിയാളർക്കാവശ്യമായ തൂമ്പ, മമ്മട്ടി, പിക്കാസ്, കൊട്ട, വട്ടി, മുറം തുടങ്ങിയ സാധനസാമഗ്രികൾ വേണം. ദേശശുദ്ധി ഉറപ്പാക്കാനും ആളുകൾ വേണം. അങ്ങനെ ജന്മിവർഗത്തിന് സുഖകരമായി ജീവിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. പാടത്തും പറമ്പിലും പണിയെടുക്കാൻ ചെറുമർ, പണി ആയുധങ്ങളുണ്ടാക്കാൻ കൊല്ലൻ, കൊട്ടവട്ടിമുറങ്ങൾ നിർമ്മിക്കാൻ പറയൻ, അങ്ങനെയങ്ങനെ...

ഈ സാഹചര്യത്തിലാണ് മണ്ണാനും കുടുംബത്തിനും താമസിക്കാനൊരിടം ലഭിക്കുന്നത്. ഒരിടത്തുമാത്രമല്ല, കോഴിക്കോടിന്റെ വിവിധപ്രദേശങ്ങളിലായി അവർ താമസം തുടങ്ങി. വിവിധ ജന്മികുടുംബങ്ങളുടെ അധീനതയിലായിരുന്നല്ലോ പ്രദേശമാകെ. വിവിധ പ്രദേശങ്ങളിലായി താമസം തുടങ്ങിയ മണ്ണാൻ കുടുംബങ്ങൾക്ക് അതോടെ ''തറികുത്തിജന്മവകാശം'' ലഭിച്ചു. ഈ തറികുത്തി ജന്മാവകാശങ്ങളിൽ നിന്നാണ് പിന്നീടുണ്ടായ ഭൂപരിഷ്കരണനിയമത്തിലൂടെ മണ്ണാനും ഇതര പിന്നോക്കസമുദായങ്ങൾക്കും കിടപ്പാടം സ്വന്തമായത്.

ജന്മിയുടെ വീടും പരിസരവും ദേശമാകെയും ശുദ്ധിവരുത്തേണ്ട ഉത്തരവാദിത്വം മണ്ണാൻ സമുദായത്തിനായി. മാത്രവുമല്ല ചികിത്സയിലും മന്ത്രവാദത്തിലും ആഭിചാരകർമങ്ങളിലുമെല്ലാം മുൻതൂക്കം ലഭിച്ചിരുന്ന മണ്ണാൻ ജന്മിയുടെയും കുടുംബത്തിന്റെയും ഇഷ്ടക്കാരനായി. ജന്മികുടുംബത്തിൽ ആർക്കെങ്കിലും രോഗം വന്നാൽ ചികിത്സ, ജന്മിയുടെ ശത്രുക്കൾക്കെതിരായ ആഭിചാരകർമങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും മണ്ണാന് സ്വാധീനമുണ്ടായി. അതിന്റെ തുടർച്ചയെന്നോണം ഇന്നും മണ്ണാൻ മന്ത്രമോതി ചരടുജപിച്ചുകെട്ടികൊടുക്കുന്നത് സർവസാധാരണമാണ്.

തറികുത്തിജന്മാവകാശം ലഭിക്കുന്നതിനു മുമ്പുമുതൽക്കേ തമ്പ്രാക്കളുടെ കാവുകളിൽ മണ്ണാൻ സമുദായമാണ് തിറയാട്ടം അവതരിപ്പിച്ചുകൊണ്ടിരുന്നത്. പ്രകൃത്യാതീതശക്തികളെ സ്വാധീനിക്കാനുള്ള ഗോത്രകുലത്തിന്റെ ഈ ആരാധനാ സമ്പ്രദായം നിലനിർത്തുന്നതിന് മണ്ണാൻ സമുദായം ഒരവിഭാജ്യ ഘടകമാണെന്നതും തറികുത്തിജന്മവകാശം ലഭിക്കുന്നതിന് ഒരു പ്രധാനഘടകമായിട്ടുണ്ടാകാം. ജന്മികുടുംബങ്ങളിലെയും ദേശത്തിന്റെയും ശുദ്ധി ഉറപ്പുവരുത്തുക. പേരിനുപോലും ഒരു ഡോക്ടർ ഇല്ലാതിരുന്ന അക്കാലത്ത് സാമാന്യം മികച്ച

ചികിത്സ നൽകുക. ശത്രുപക്ഷത്തിനെതിരെ ആഭിചാരകർമങ്ങൾ നടത്തുക. ഗോത്രകാല ആചാരങ്ങളും അനുഷ്ഠാനങ്ങളും കാവുകളിൽ മാറ്റമില്ലാതെ തുടരുക, ഇഷ്ടദേവതാപ്രീതിക്കായി കാവിടങ്ങളിൽ തിറയാട്ടം നടത്തുക. ഇവയൊക്കെ മണ്ണാന്റെ ഉത്തരവാദിത്വമായി മാറിയ ആ സാഹചര്യത്തിലാണ് കോഴിക്കോട് ജില്ലയുടെ വിവിധഭാഗങ്ങളിലായി മണ്ണാൻ സമുദായം വിന്യസിക്കപ്പെട്ടതും പ്രത്യേക ഗ്രൂപ്പുകളായി നിലകൊണ്ടതും.

അക്കാലത്ത് കോരപ്പുഴയുടെ അക്കരെയും ഇക്കരെയുമെന്നാണല്ലോ കോഴിക്കോട് ജില്ലയുടെ ദ്വന്ദ്വസ്വഭാവത്തെപ്പറ്റി പറയുന്നത്. വാഹനസൗകര്യമുൾപ്പെടെ മറ്റ് യാതൊരു സൗകര്യങ്ങളുമില്ലാത്ത അക്കാലത്ത് അഞ്ചോ ആറോ മൈലുകൾക്കുള്ളിൽ പിന്നോക്കവിഭാഗങ്ങൾ തളയ്ക്കപ്പെട്ടു, പ്രത്യേകിച്ച് മണ്ണാൻ വിഭാഗം. പരസ്പരം കൊണ്ടും കൊടുത്തും ആശയവിനിമയം നടത്താനുള്ള സൗകര്യം അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ടാണ് തീർത്തും പ്രാദേശികമായ വിശ്വാസങ്ങളനുസരിച്ചുള്ള തിറയാട്ടസംഘങ്ങൾ അന്ന് രൂപപ്പെട്ടത്. അങ്ങനെ തിറയാട്ട സംഘങ്ങൾ രൂപപ്പെട്ട ഇടങ്ങളാണ് കോരപ്പുഴയ്ക്ക് തെക്കുള്ള ബാലുശ്ശേരി, താമരശ്ശേരി, മുക്കം, ചാത്തമംഗലം, മാവൂർ, പെരുമണ്ണ, പന്തീരാങ്കാവ്, രാമനാട്ടുകര, കൊണ്ടോട്ടി, മഞ്ചേരി, തിരൂർ, കടലുണ്ടി, ബേപ്പൂർ എന്നിവ. ചുരുക്കിപ്പറഞ്ഞാൽ കോഴിക്കോടിന്റെ തനതുകലാരൂപമാണ് തിറയാട്ടം. എങ്കിലും മലപ്പുറം ജില്ലയിലെ പലഭാഗത്തും തിറയാട്ടം നടത്തിവരുന്നു.

അക്കാലത്ത് വിവിധപ്രദേശങ്ങളിലായി അന്നത്തെ പരിമിത സാഹചര്യമനുസരിച്ച് രൂപപ്പെട്ട തിറയാട്ടസംഘങ്ങൾ ഈ ആധുനിക കാലത്ത് യഥാർഥ തിറയാട്ടത്തിന്റെ ആത്മാവിനോട് നീതി പുലർത്തുന്നുണ്ടോ? ആത്മപരിശോധന നടത്തേണ്ട ഒരു വിഷയം തന്നെയാണിത്. ആധുനിക ചമയവും സിനിമാറ്റിക് ആട്ടവുമൊക്കെ കുത്തിനിറച്ച് അവതരിപ്പിക്കുന്ന പല തിറയാട്ടങ്ങളും തിറയാട്ടങ്ങൾ അല്ലതന്നെ. തിറയാട്ടം ഒരു ഗോത്രകലാരൂപമാണെന്നും അതിന്റെ സ്വത്വം നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടായാൽ അനുപമമായ ഈ ഗോത്രകല നാശത്തിലേക്ക് കൂപ്പുകുത്തും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈയൊരു സന്നിഗ്ദ്ധാവസ്ഥയിലാണ് പെരുമണ്ണാൻ സമുദായം വിവിധ സമിതികളുടെ പേരിൽ അവതരിപ്പിക്കുന്ന തിറയാട്ടത്തിലെ പ്രാദേശിക വ്യത്യാസങ്ങളും പറയർ, ചെറുമർ, പാണർ എന്നീ സമുദായങ്ങൾ അവതരിപ്പിക്കുന്ന തിറയാട്ടത്തിലെ വൈവിധ്യങ്ങളും വിശദീകരിക്കുന്നത്.

താമരശ്ശേരി, പയമ്പ്ര, ചാത്തമംഗലം, കൊയിലാണ്ടി, പെരുമണ്ണ ഭാഗങ്ങളിൽ വ്യത്യസ്ത സമിതികളാണ് തിറയാട്ടം അവതരിപ്പിക്കുന്നത്. ഇവിടെ ഗ്രന്ഥകാരൻ തന്നെയാണ് പെരുമണ്ണ ഭാഗത്തെ തിറയാട്ടത്തെപ്പറ്റി വിശദീകരണം നൽകുന്നത്.



പെരുമണ്ണാൻ വിഭാഗം

തിറയാട്ട മഹോൽസവത്തിന് നിശ്ചിതകാലയളവുണ്ട്. തുലാമാസം മുതൽ മേടമാസം വരെയാണ് തിറയാട്ടം നടക്കുന്ന കാലം. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ തിറയുൽസവത്തിന് തുടക്കം കുറിക്കുന്നത് കടലുണ്ടിപ്രദേശത്തെ പേടിയാട്ടമ്മയുടെ കാവിൽ തുലാമാസത്തിലെ പൗർണമി നാളിലാണ്. അവസാനിക്കുന്നതാകട്ടെ, കാളിയാട്ടമ്മയുടെ കാവിൽ ഇടവപ്പാതിക്കടുത്തുവരുന്ന വെള്ളിയാഴ്ചയും.

പെരുമണ്ണ, പന്തീരാങ്കാവ് മൂർക്കനാട് മേഖലകളിലെ തിറയാട്ടച്ചടങ്ങുകൾ
(മൂർക്കനാട് പീതാംബരൻ – ഗ്രന്ഥകാരൻ)



ദൈവങ്ങളുടെയും മനുഷ്യമൂർത്തികളുടെയും കോലം കെട്ടിയാടുന്നതിന് ഉപയോഗിക്കുന്ന പൊതുസംജ്ഞയാണ് തിറയാട്ടം എന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. തിറയാട്ടത്തിന് മൂന്ന് ഘട്ടങ്ങളുള്ളത് ഇങ്ങനെയാണ്, വെള്ളാട്ടം, തിറയാട്ടം, ചാന്താട്ടം. ചാന്താട്ടത്തിന് ചാന്ത് തിറ എന്നും പറയുന്നു. ഇവ മൂർത്തിയുടെ പ്രായഭേദങ്ങളെ കുറിക്കുന്നതായാണ് വിശ്വാസം. വെള്ളാട്ട് കൗമാരത്തെയും തിറയാട്ടം യൗവ്വനത്തെയും ചാന്താട്ടം വാർധക്യത്തെയും പ്രതിനിധാനം ചെയ്യുന്നത്രെ.

തിറ നിശ്ചയം

ഒരു കാവിൽ തിറ നടത്തണമെന്ന് കാവിന്റെ അവകാശികൾ തീരുമാനിച്ചു കഴിഞ്ഞാൽ ആ ദേശത്തുള്ള അവകാശിയായ മൂത്തപെരുമണ്ണാനെ അവിടേക്ക് ക്ഷണിക്കുന്നു. അവകാശിയായ പെരുമണ്ണാൻ കാവിലെത്തുമ്പോൾ അവിടെ വിളക്കുനിറനാഴി കയ്യിഷ്ടം വെച്ചിട്ടു

ണ്ടാകും. ഒരു കെട്ടു വെറ്റിലയും പാക്കുമാണ് കയ്യിഷ്ടം. പാക്കിന്റെ മുഖം നോക്കി ഫലം പറയുകയും വെറ്റില ദൈവത്തിന് മുമ്പിൽ സമർപിച്ച് തിറയാട്ടോൽസവത്തിനുള്ള തീയതി നിശ്ചയിക്കുന്നതിന് ദൈവത്തിൽനിന്ന് അനുവാദം വാങ്ങുകയും ചെയ്യുന്നു. തുടർന്ന് ബാക്കി വെറ്റില ക്ഷണിക്കപ്പെട്ട് കാവിലെത്തിയവർക്ക് നൽകുന്നു. അവകാശിയായ തറവാട്ടുകാരണവർ പെരുമണ്ണാന് ദക്ഷിണ നൽകി തിറ നടത്തുന്നതിനുള്ള ദിവസം നിശ്ചയിക്കുന്നു. തിറ നിശ്ചയത്തിന്റെ മുഖ്യ ചടങ്ങാണിത്.

ചില സ്ഥലങ്ങളിൽ വർഷംതോറും ഒരു നിശ്ചിത ദിവസമായിരിക്കും തിറയാട്ടോൽസവം നടത്തുന്നത്. ചില സ്ഥലങ്ങളിൽ സൗകര്യമുള്ള ഒരു ദിവസം നിശ്ചയിക്കുകയാണ് പതിവ്.

തിറ നിശ്ചയത്തിന് ശേഷം 'നിറത്തിന് പണം' കൊടുക്കുക എന്നൊരു പതിവുണ്ട്. മുഖത്തെഴുത്തിനും മേലെഴുത്തിനും ആവശ്യമായ നിറങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ചെലവിനത്തിനാണ് നിറത്തിന് പണം കൊടുക്കുക എന്ന് പറയുന്നത്. നിറത്തിന് പണം വാങ്ങിക്കഴിഞ്ഞാൽ പെരുമണ്ണാൻ കാവിന്റെ അവകാശിക്ക് ഒരു ചാർത്ത് നൽകുന്നു. ഉൽസവാവശ്യത്തിന് എന്തൊക്കെ വേണം എന്ന വിവരമാണ് ചാർത്തിലുണ്ടാവുക. നിറത്തിന് പണം കൈപ്പറ്റിക്കഴിഞ്ഞാൽ കെട്ടിയാട്ടത്തിനുള്ള പൂർണ ഉത്തരവാദിത്വം അവകാശിയായ പെരുമണ്ണാനാണ്. കെട്ടിയാട്ടം നടത്തുന്ന മറ്റ് സമുദായങ്ങൾക്കുള്ള ചടങ്ങുകളും ഇതിൽ നിന്ന് ഏറെ വ്യത്യസ്തമൊന്നുമല്ല.

സമുദായമൈത്രിയുടെയും സഹകരണത്തിന്റെയും നേർക്കാഴ്ചകൾ തിറയാട്ടമഹോൽസവത്തോടനുബന്ധിച്ചുള്ളത് പരിഗണനാർഹമാണ്. ഉൽസവത്തിനും ചടങ്ങുകൾക്കും ആവശ്യമായ ഒട്ടേറെ സാധനങ്ങളുടെ നിർമാണവും പുനഃക്രമീകരണവും വിവിധ സമുദായങ്ങളുടെ അവകാശമായി കൽപിക്കപ്പെട്ടിരിക്കുന്നു. ആ കൽപനകളാകട്ടെ അലിഖിതവും പരമ്പരാഗതവുമാണ്. പെരുമണ്ണാനുള്ളതുപോലെയുള്ള ഉത്തരവാദിത്വവും അവകാശവും ദേശത്തെ ആശാരി, മൂശാരി, പെരുങ്കൊല്ലൻ, തണ്ടാൻ, ചെറുമൻ, പറയൻ, പാണൻ എന്നീ സമുദായങ്ങൾക്കുമുണ്ട്.

ഉൽസവത്തോടനുബന്ധിച്ച് കാവിനു മുമ്പിലെ തുളച്ചുകുട്ടിപ്പന്തൽ(മണിപ്പന്തൽ) നിർമിക്കുന്നതിനുള്ള അവകാശം ദേശത്തെ മൂത്താശാരിക്കാണ്. കോമരങ്ങൾക്കാവശ്യമായ വാളുകളും മറ്റ് ആയുധങ്ങളും മൂർച്ചകൂട്ടി പുനർവിന്യസിക്കാനുള്ള അവകാശം ദേശത്തെ പെരുങ്കൊല്ലനും. നിലവിളക്ക്, കിണ്ടി, കിണ്ണം, ചിലമ്പ് തുടങ്ങിയ ഓട്ടുരുപ്പടികൾ ആകർഷണീയമാക്കേണ്ട ഉത്തരവാദിത്വം ദേശത്തെ മൂശാരിക്കുമാണ്. ഉൽസവച്ചടങ്ങളുകൾക്കുള്ള ഇളനീർ, നാളികേരം, പാള, കുരുത്തോല, പാന്തകപ്പൊളി, പച്ചമുള, ചൂടിക്കൈ, കനലാട്ടത്തിനുള്ള പ്ലാവിന്റെ വിറക് മുതലായ സാധനങ്ങൾ സംഘടിപ്പിച്ച് കാവിൽ എത്തിക്കേണ്ട ഉത്തരവാദിത്വം ദേശത്തെ തണ്ടാനുള്ളതാണ് (തിയ്യസമുദായം). മലദൈവങ്ങളിൽപ്പെട്ട മുണ്ട്യൻ, കുലവൻ, തുടങ്ങിയ മൂർത്തികൾക്കുള്ള കള്ളുനിവേദ്യം കാവിൽ എത്തിക്കേണ്ടതും അവകാശിയായ തണ്ടാൻതന്നെ. ഉൽസവത്തിനാവശ്യമായ പായ, വട്ടി എന്നിവ എത്തിക്കുന്നതിനുള്ള അവകാശം ചെറുമൻ വിഭാഗത്തിനും വെള്ളക്കൊട്ട, പപ്പടക്കൊട്ട, മുറം, കൊമ്പുമുറം തുടങ്ങിയവ കാവിൽ സമർപിക്കേണ്ട അവകാശം പറയവിഭാഗത്തിനുമാണ്. കാവിൽ ഓലക്കുട (കാക്കുട) സമർപിക്കേണ്ടത് പാണവിഭാഗത്തിൽപ്പെട്ട അവകാശിയാണ്. തിറയാട്ടമഹോൽസവത്തിന്റെ അവസാനം കുടികൂട്ടലിനുശേഷം പെരുമണ്ണാൻ സ്വന്തം തറവാട്ടിലേയ്ക്ക് പോകുന്നത് ഈ കുടയുമായാണ്. അടുത്ത വർഷം മൂത്ത പെരുമണ്ണാൻ വിരുന്നുപുറപ്പെട്ട് കാവിലേക്ക് വരുന്നതും ഈ കുടയുമായിത്തന്നെ.

മേൽപറഞ്ഞ ഓരോ വിഭാഗത്തിനും കാവിൽ നിന്ന് ഒരിലച്ചോറും അരിയും നെല്ലും പണവും അവകാശമായി ലഭിക്കുകയും ചെയ്യുന്നുണ്ട്. ഒരിലച്ചോർ അവകാശമായി സ്ഥാപിച്ചത് അന്നത്തെ ദാരിദ്ര്യാവസ്ഥ മൂലമായിരിക്കണം.

തിറയുൽസവത്തിന് ഒരാഴ്ച മുമ്പ് മൂത്ത പെരുമണ്ണാത്തി കാവിന്റെ ഊരായ്മയുള്ള തറവാട്ടിലെത്തും. കഞ്ഞിയരിക്കുള്ള നെല്ലും മഷിക്കുള്ള എണ്ണയും വെളിച്ചെണ്ണയും വാങ്ങാ

നാണ് എത്തുന്നത്. കഞ്ഞിയരിക്കുള്ള നെല്ലിന്റെ അളവ് അഞ്ച് ഇടങ്ങഴിയാണ്. ഇത് എഴുത്തിനുള്ള അരിച്ചാന്തിനും തുണികൾക്കുള്ള കഞ്ഞിപ്പശയ്ക്കും തിറദിവസം കാവിൽ കയറാൻ എത്തുന്നവർക്ക് കഞ്ഞിക്കുടിക്കാനുമാണ്. വെളിച്ചെണ്ണയാകട്ടെ മുഖത്തെഴുത്തിനും ആവശ്യമായ മഷിയുണ്ടാക്കുന്നതിനും. എണ്ണ (നല്ലെണ്ണ) അവകാശിയായ പെരുമണ്ണാന് എണ്ണ തേച്ച് സമൃദ്ധിയായി കുളിക്കുന്നതിനും വിളക്കുകത്തിക്കുന്നതിനുമാണ്.

അവകാശിയായ പെരുമണ്ണാൻ നിറത്തിന് പണം കൈപ്പറ്റിക്കഴിഞ്ഞാൽ ഒരു മണ്ഡലകാലം വ്രതം അനുഷ്ഠിക്കണം. അക്കാലത്ത് അയാളുടെ വീട്ടിൽ കഞ്ഞിപ്പകർച്ച നടത്തുന്ന പതിവുണ്ടായിരുന്നു. ഇന്നും കഞ്ഞിപ്പകർച്ച ഒരു ദിവ്യാനുഷ്ഠാനമായി ചിലയിടങ്ങളിൽ നടത്തുന്നുണ്ട്.

തിറനിശ്ചയം കഴിഞ്ഞാൽ ആ തറവാട്ടുകാർ മാത്രമല്ല നാട്ടുകാരും ബന്ധുക്കളടക്കമുള്ളവരും തിറ മഹോൽസവത്തിന്റെ വിജയത്തിനായി പ്രവർത്തനനിരതരാകും. ഓണവും വിഷുവുമൊക്കെ കാത്തിരിക്കുന്ന കുട്ടികളുടെ മനസ്സായിരിക്കും അവർക്ക്. ജാതിമതഭേദമില്ലാതെയുള്ള ഈ കൂട്ടായ്മ ഗ്രാമീണ നിഷ്കളങ്കതയുടെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും. കാവും പരിസരവും വൃത്തിയാക്കുക, പന്തലിടുക, കൊടിക്കൂറകൾ കൊണ്ടും മേലാപ്പുകൾ കൊണ്ടും അലങ്കരിക്കുക ഇത്യാദികാര്യങ്ങൾ സമീപവാസികൾ ഒറ്റക്കെട്ടായി ഒരേ മനസ്സോടെ ചെയ്യുന്നു. കനലാട്ടത്തിനാവശ്യമായ പ്ലാവിന്റെ വിറക് ശേഖരണത്തിലും ഈ ഒരുമയുണ്ടാകും.

കെട്ടിയാട്ടക്കാർക്ക് മുഖത്തെഴുത്തിനും മേലെഴുത്തിനും മുടിധാരണമുൾപ്പെടെയുള്ള സർവകാര്യങ്ങൾക്കുമുള്ള അണിമറ തീർക്കുന്നത് ഒരു പ്രധാനഘടകമാണ്. അണിമറയ്ക്ക് അണിയറ എന്നും ചിലയിടങ്ങളിൽ പറയാറുണ്ട്. തിറയാട്ടകലാകാരൻമാരെ സംബന്ധിച്ചിടത്തോളം അണിമറ ദിവ്യവും പരമപവിത്രവുമാണ്. അവിടെ നിലവിളക്ക് കൊളുത്തി ഗുരുകാരണവന്മാരെയും ദൈവങ്ങളേയും അനുസ്മരിച്ച് വന്ദിച്ചതിനുശേഷമെ മുഖത്തെഴുത്തും മേലെഴുത്തും തുടങ്ങുകയുള്ളു. അണിമറയിൽ വിളക്കുവെച്ചു കഴിഞ്ഞാൽ ദേവചൈതന്യം കെട്ടിയാട്ടക്കാരനിൽ പ്രവേശിക്കാൻ തുടങ്ങുന്നതായി വിശ്വസിക്കപ്പെടുന്നു. അണിമറയെപ്പറ്റി തുടർന്ന് വിശദീകരിക്കുന്നുണ്ട്.

വിരുന്നുപുറപ്പാട്

ഉൽസവദിവസം അവകാശിയായ പെരുമണ്ണാൻ തറവാട്ടിൽ നിന്ന് കാവിലേയ്ക്ക് പുറപ്പെടുന്നതിനെയാണ് വിരുന്നുപുറപ്പാട് എന്നു പറയുന്നത്. ഈ ചടങ്ങ് വിവിധ സമുദായങ്ങൾ പല സ്ഥലങ്ങളിലും പല രീതിയിലാണ് നടത്തുന്നത്. ചിലയിടങ്ങളിൽ ഇരുന്നുപുറപ്പാട്, കുളിച്ചുപുറപ്പാട് എന്നും പറയാറുണ്ട്.

തിറയാട്ടോൽസവം നടക്കുന്ന ദിവസം രാവിലെ തന്നെ കെട്ടിയാട്ടക്കാരും ചെണ്ടക്കാർ ഉൾപ്പെടെയുള്ള വാദ്യക്കാരും ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളും മൂത്ത പെരുമണ്ണാന്റെ തറവാട്ടിലെത്തുന്നു. തറവാട്ടിൽ ദേവ ചൈതന്യമുള്ള ഒരു മണ്ഡക(പ)മോ ഒരു സാങ്കൽപിക തറയോ ഉണ്ടാകും. തറവാട്ടിലെത്തിയവർ കഞ്ഞിയരികൊണ്ടുണ്ടാക്കിയ കഞ്ഞി കുടിക്കുന്നു. തുടർന്ന് മൂത്ത പെരുമണ്ണാത്തി അലക്കി കഞ്ഞിമുക്കി തേച്ചെടുത്ത വസ്ത്രം പെരുമണ്ണാന് നൽകുന്നു, അത് അദ്ദേഹം ഞൊറിഞ്ഞുടുത്ത് മേൽമുണ്ടും ധരിക്കുന്നു. ശേഷം ചുവപ്പും കറുപ്പും തുണികൾ അരയിൽ കച്ചകെട്ടി കുറിതൊട്ട് കണ്ണെഴുതി പടിഞ്ഞാറ്റയുടെ മുമ്പിൽ പായയിട്ട് അതിന്മേൽ വെള്ളവിരിച്ച് തുടി, ശരത്കോൽ (കാഞ്ഞിരവടി) കാക്കൊട എന്നിവ വെച്ച് ഇരിക്കുന്നു. മൂത്ത പെരുമണ്ണാത്തിയും തറവാട്ടിലെ അനന്തിരവരും കത്തിച്ച നിലവിളക്ക് നിറനാഴി, മഷിയും മഞ്ചെണ്ണയും, വെറ്റിലയും പാക്കും (കയ്യിഷ്ടം) വെക്കുന്നു. മുമ്പിൽ വെച്ച പാക്കിന്റെ മുഖം നോക്കി പെരുമണ്ണാൻ ഫലം പറയുന്നു. തുടർന്ന് അവിടെ എത്തിയ ക്ഷണിക്കപ്പെട്ടവർക്ക് വെറ്റില നൽകുന്നു. അതിനുശേഷം അനന്തിരവരെല്ലാവരും മൂത്ത പെരുമണ്ണാന്റെ കാൽതൊട്ട് വന്ദിക്കുന്നു. തുടർന്ന് അദ്ദേഹം എഴുന്നേറ്റ് ദേവചൈതന്യമുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന തറയിൽ വിളക്ക് കത്തിക്കുകയും അരിയും പൂവും ചാർത്തി തൊഴുകയും ചെയ്യുന്നു.

അങ്ങനെ കാവിലേക്ക് പുറപ്പെടാനുള്ള ചടങ്ങുകളെല്ലാം പൂർത്തിയാകുമ്പോൾ സ്വീകരിച്ചാനയിക്കാൻ കാവിലെ കോമരങ്ങൾ എത്തുന്നു കാക്കൊട ചൂടി തുടി തോളിൽ തൂക്കി ശരത്കോൽ കൈയിലേന്തിയാണ് കാവിലേക്കുള്ള പുറപ്പാടിന് പെരുമണ്ണാൻ തയ്യാറാകുന്നത്. കാവിലേക്ക് പുറപ്പെടുന്നതിന് മുമ്പ് പെരുമണ്ണാനും ഒപ്പമുള്ളവരും വാദ്യക്കാരും മണ്ഡപത്തിന് മൂന്നു പ്രാവശ്യം വലം വെയ്ക്കുന്നുണ്ട്.



പെരുമണ്ണാന്റെ ഈ പുറപ്പാടിന് വർണശബളിമ പകരാൻ ആലവട്ടവും വെഞ്ചാമരവുമുണ്ടാകും. രണ്ട് പടനായകന്മാർ മൂത്ത പെരുമണ്ണാന്റെ ഇരുവശങ്ങളിലും അകമ്പടി സേവിക്കുകയും ചെയ്യും. ചെണ്ട, ഇലത്താളം, കൊമ്പ്, കുഴൽ എന്നിവയുടെ ഘോഷങ്ങൾ മൂത്ത പെരുമണ്ണാന്റെ ഈ പുറപ്പാടിന് ധാടിയും മോടിയും കൂട്ടുന്നു. പുറപ്പാടിനിടയിൽ അഷ്ടദിക്കുകളിലെ ചിലയിടങ്ങളിൽ പുറപ്പാട് നിൽക്കാറുണ്ട്. ദേവസാന്നിധ്യമോ ദേവസങ്കേതങ്ങളോ എന്ന് കരുതപ്പെടുന്ന ഇടങ്ങളിലാണ് പുറപ്പാട് നിൽക്കാറുള്ളത്.

പുറപ്പാട് കാവിന്റെ തിരുമുമ്പിലെത്തുമ്പോൾ കാവിന്റെ കാരണവർ നിലവിളക്കും നിറപറയും വെച്ച് പുണ്യാഹം തളിച്ച് മൂത്ത പെരുമണ്ണാനെ സ്വീകരിച്ച് കാവിലേക്ക് ആനയിക്കുന്നു. കാവിലെത്തിയതിനുശേഷം പുറപ്പാട് സംഘം കാവിന് മൂന്ന് പ്രദക്ഷിണം വെയ്ക്കുന്നു. മൂന്നാമത്തെ പ്രദക്ഷിണത്തിൽ മൂത്തപെരുമണ്ണാൻ ഉറഞ്ഞുതുള്ളി വെട്ടുവാചകം പറയുന്നു. തുടർന്ന് മണിത്തറയിലെത്തുന്നതോടെ പുറപ്പാട് അവസാനിക്കുന്നു. 'കാവിൽ കയറൽ' എന്ന ചടങ്ങ് ഇതോടെ പൂർത്തിയായി.

വില്ലികളെകെട്ടൽ

കാവിൽ കയറിയതിനുശേഷമുള്ള ചടങ്ങാണിത്. പരമശിവന്റെ ഭൂതഗണങ്ങളിൽ ഒട്ടേറെ കുസൃതിക്കാരുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. ഉൽസവവേളയിൽ കുസൃതികൾ കാട്ടി ശല്യമുണ്ടാക്കുന്ന ഈ ഭൂതഗണങ്ങളെ ബന്ധിക്കുന്ന ചടങ്ങാണിത്. അരി, നെല്ല്, ഇളനീർ, നാളികേരം, അവിൽ, മലർ, പഴം, ശർക്കര, പശുവിൻപാൽ, കോടിമുണ്ട്, ഇരുമ്പാണി, ചൂടി, കമുകിൻ പൂക്കുല, ശരത്കോൽ, മഞ്ഞൾപ്പൊടി, അരിപ്പൊടി, പുഷ്പങ്ങൾ എന്നിവ ഈ ചടങ്ങിന് ആവശ്യമാണ്. മൂത്തപെരുമണ്ണാനോ അനുയായിയോ തറ്റുടുത്ത് പണം കെട്ടിയ തോർത്ത് തലയിൽകെട്ടി ഇടതുകൈയിൽ ശരത്ക്കോലുമായാണ് ചടങ്ങ് നടത്തുക. ആദ്യമായി നവഗണത്തിൽ വില്ലികളെ ആവാഹിക്കുന്നു. തുടർന്ന് അഷ്ടദിക്കുകൾ ലക്ഷ്യമാക്കി കൂക്കിവിളിച്ച് കർമി മൂന്ന് പ്രാവശ്യം കാവിനെ ചുറ്റി കർമം ചെയ്തിടത്ത് തിരിച്ചെത്തുന്നു. ശേഷം മന്ത്രങ്ങൾ ഉരുവിട്ട് ജപിച്ചെടുത്ത ചൂടിക്കയർ കൊണ്ട് കാഞ്ഞിരമരത്തിൽ വില്ലികളെ ബന്ധിക്കുന്നു. ഉൽസവത്തിന്റെ അവസാനദിവസമായ കുടികൂട്ടലിനുശേഷം അടുത്ത ദിവസമാണ് വില്ലികളെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കുന്നത്.

പൂവും നാരും കയ്യിഷ്ടം എടുക്കൽ

വിഘ്നങ്ങളൊന്നുമുണ്ടാകാതെ ഉൽസവം ഭംഗിയാകുന്നതിനുവേണ്ടിയുള്ള ഒരു അപേക്ഷാചടങ്ങാണിത്. പ്രകൃതിദത്തമായ സാധനങ്ങൾ മാത്രമാണ് തിറയാട്ടത്തിന് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതനുസരിച്ച് പാള, കുരുത്തോല, പാന്തകപ്പൊളി (മടൽപ്പൊളി), പുഷ്പങ്ങൾ (പൂക്കൊട്ട), നിറനാഴി, വെറ്റില, പാക്ക് എന്നിവ കാവിലെ കാരണവർ കാവിൻമുറ്റത്തെ മണിത്തറയിൽ വെച്ചിട്ടുണ്ടാകും. അവ മൂത്ത പെരുമണ്ണാൻ കാവിലെ പ്രധാന മൂർത്തിയെ ഉഴിഞ്ഞെടുത്ത് ഉൽസവകാര്യങ്ങൾ തടസ്സങ്ങളൊന്നും കൂടാതെ ഭക്തിപൂർണതയോടെ ഭംഗിയാകണമെന്ന് പ്രാർത്ഥിച്ച് അണിയിലക്കാരനെ ഏൽപ്പിക്കുന്ന ചടങ്ങാണിത്. അതായത് മൂത്ത പെരുമണ്ണാൻ ദൈവമൂർത്തിയിൽ നിന്ന് അനുവാദം വാങ്ങി കെട്ടിയാട്ടക്കാരനെ ചുമതലപ്പെടുത്തുന്നു എന്ന് സാരം.

കാവുണർത്തൽ

കാവിന്റെ തിരുമുറ്റത്തെ മണിപ്പന്തലിൽ ചെണ്ട, ഇലത്താളം, കൊമ്പ് (പഞ്ചായുധം), കുഴൽ എന്നീ വാദ്യങ്ങൾ ഉപയോഗിച്ചുള്ള പഞ്ചാരിമേളത്തോടെ കാവുണർത്തൽ ചടങ്ങിന് തുടക്കമാകുന്നു. മേളം പൂർണതയിലെത്തുന്നതോടെ കാവും പരിസരവും ഭക്തിലഹരിയിൽ വിജൃംഭിതമാകുകയും കോമരങ്ങൾ ഉറഞ്ഞുതുള്ളുകയും ചെയ്യുന്നു. ഇതോടെ ഈ ചടങ്ങ് പൂർത്തിയാകുന്നു.

വെള്ളാട്ട് ഒടക്ക്

ദൈവങ്ങളെ ഉണർത്തുന്ന ചടങ്ങാണിത്. തുടി, കുറുങ്കുഴൽ, പഞ്ചായുധം, ഇലത്താളം എന്നിവ ഉപയോഗിച്ച് കാവിന്റെ പാരമ്പര്യമനുസരിച്ച് തോറ്റം ചൊല്ലിയാണ് ഈ ഉണർത്തൽ ചടങ്ങ് നടത്തുന്നത്. മൂത്ത പെരുമണ്ണാൻ കാവിന്റെ കാരണവരെയും അനന്തിരവരെയും കോമരങ്ങളെയും ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് ക്ഷണിച്ച് അവർക്ക് അരിയും പൂവും നൽകി ദൈവത്തിന് മുമ്പിൽ പ്രാർഥനാനിരതരായി നിൽക്കാൻ നിർദേശിക്കുന്നു. ഭാവിയിലേക്കുള്ള പൂക്കോമരങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും ഈ ചടങ്ങിന്റെ പ്രത്യേകതയാണ്. പ്രാർഥനയും അതനുസരിച്ചുതന്നെ. മൂത്ത പെരുമണ്ണാൻ അപ്പോൾ ഇങ്ങനെ ചോദിക്കുന്നു.

''എന്നാലോ ദൈവത്തിന്റെ മംഗല്യം
ഉണർത്തിക്കട്ടെ?'' ഈ ചോദ്യത്തിന് കാവിന്റെ കാരണവർ അനുമതി നൽകുന്നു.

ഹരഹരശ്രീ മഹാഗണപതെ
''കൂടെ ശേഷമായിരിപ്പൂ, വാഴ്ക ഗംഗയാടാൻ
പോയതാകുലം വഴിവരൂ, ദൈവം തീർഥമാടാൻ
പോയാകുലം വഴിവരൂ....''
ഈ ചൊല്ല് അവസാനിക്കുന്നതിങ്ങനെയാണ്.
''അത്ഭുതമെ അനുകൂലമാക്കി വെക്കൂ
ശിക്കനെ ശിവനാക്കി വെക്കു
ശ്രീ ഓം ഹരിനമോ നാരായണ, സൂര്യദേവ''

ഇങ്ങനെ ചൊല്ലിത്തീർത്ത് അരിയും പൂവും പീഠത്തിൽ സമർപിക്കുന്നതിന് പെരുമണ്ണാൻ കൽപന കൊടുക്കുന്നു. കാവിന്നുടയോരും മറ്റുള്ളവരും അനുസരിക്കുകയും ചെയ്യുന്നു. ഇതോടെ വെള്ളാട്ട് ഒടക്കിന്റെ ചടങ്ങുകൾ ഏതാണ്ട് പൂർണമാകുന്നു.

അരിയും പൂവും എടുക്കൽ

കാവിലെ ദൈവത്തെ ഉണർത്തുന്ന വെള്ളാട്ട് ഒടക്കിനുശേഷമുള്ള ചടങ്ങാണ് അരിയും പൂവും എടുക്കൽ. അതിനായി കാവിന്റെ അവകാശികൾ അരിയും പൂവും തോർത്തും നാക്കിലകളിൽ മണിത്തറയ്ക്കുമേൽ വെച്ചിട്ടുണ്ടാകും. വെള്ളാട്ടിന് കോലം കെട്ടുന്നവർ പ്രാർഥനയോടെ മൂർത്തിയെ ആവാഹിച്ച് അരിയും പൂവും തോർത്തും എടുക്കുകയും ചമയങ്ങൾക്കായി അണിമറയിലേയ്ക്ക് പോകുകയും ചെയ്യുന്നു. അണിമറയിൽ ഗുരുതുല്യനായ പെരുമണ്ണാൻ കാരണവർ കോലം കെട്ടുന്നവരുടെ തലയിൽ വെള്ളാട്ടിനുള്ള അനുവാദത്തിന്റെ അടയാള

മായി ലഭിച്ച തോർത്ത് കെട്ടിക്കൊടുക്കുന്നു. അതോടെ വെള്ളാട്ടിന് കോലം കെട്ടാനുള്ള അർഹത അവർക്ക് ലഭിച്ചു എന്ന് ചുരുക്കം. പിന്നീട് നിലത്തുവിരിച്ച ഓലച്ചീന്തിൽ അവർ കിടക്കുന്നു. അങ്ങനെ മുഖത്തെഴുത്ത് തുടങ്ങുകയായി. മുഖത്തെഴുത്ത് എന്നത് കലാവിരുതും ഭാവനയും ഒത്തുചേർന്ന ചിത്രമെഴുത്തിന് തുല്യമായ ഒരു പ്രക്രിയയാണ്. ഇതിന് ഉപയോഗിക്കുന്നതാകട്ടെ തികച്ചും പ്രകൃതിദത്തമായ സാധനങ്ങളും.

അണിമറപൂജ

തിറയാട്ടസംഘത്തിന് ഏറ്റവും പ്രധാനപ്പെട്ടതും പരിശുദ്ധവുമാണ് അണിമറ. അണിമറയിൽ വിളക്കുകൊളുത്തി ഗുരുകാരണവന്മാരെ വന്ദിക്കുകയെന്നത് ഒരു പൂജാവിധിതന്നെയാണ്. അതിനുശേഷം മാത്രമെ മുഖത്തെഴുത്തും മേലെഴുത്തും ഇതര ചമയങ്ങളും തുടങ്ങുകയുള്ളു. അണിമറയിൽ വിളക്കു വെച്ചുകഴിഞ്ഞാൽ കെട്ടിയാട്ടക്കാരനിൽ ദൈവചൈതന്യം പ്രവേശിക്കാൻ തുടങ്ങുമെന്ന് വിശ്വസിക്കപ്പെടുന്ന കാര്യം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. പിതാവിൽ നിന്നോ തത്തുല്യമായി കരുതുന്ന ഗുരുക്കന്മാരിൽ നിന്നോ കുട്ടിക്കാലം മുതൽക്കേ തിറയാട്ടം അഭ്യസിച്ചാലെ ഒരു ശ്രേഷ്ഠ തിറയാട്ടകലാകാരനാകാൻ കഴിയൂ. ഈ സത്യമാണ് ഗുരുവന്ദനത്തിനുള്ള ശ്രീകോവിലായി അണിയറയെ കരുതുന്നതും അങ്ങനെ വിശ്വസിക്കുന്നതും.

വിളിച്ചുണർത്തലും പുറപ്പാടും

വെള്ളാട്ടിനുള്ള ചമയം അണിമറയിൽ പൂർണമാകുന്നതോടെ ദൈവത്തിന്റെ പേരുചൊല്ലി വിളിച്ചുണർത്തുന്ന ചടങ്ങ് കാവിന്റെ തിരുമുമ്പിൽ നടക്കുന്നു. ഇങ്ങനെ പേരുചൊല്ലി വിളിച്ചുണർത്തപ്പെടുന്ന ദൈവത്തിന്റെ കോലമാണ് കെട്ടിയാട്ടക്കാരൻ അണിമറയിൽ കെട്ടിയൊരുങ്ങി പൂർണമാക്കുന്നത്. ദൈവത്തിന്റെ പേരുചൊല്ലി വിളിച്ചുണർത്തുന്ന ഈ ചടങ്ങിന് തുടിയും ഇലത്താളവും വാദ്യങ്ങളായി ഉപയോഗിക്കുന്നു. വിളിച്ചുണർത്തൽ ചടങ്ങ് മൂർധന്യത്തിലെത്തുന്നതോടെ കോമരങ്ങൾ ഉറഞ്ഞുതുള്ളി കനലാട്ടം നടത്തി അണിമറയുടെ വാതിൽക്കലെത്തി അണിമറയിലേക്ക് അരിയും പൂവും എറിയുന്നു. അരിയും പൂവും എറിയുന്നതോടെ ചെണ്ടയുടെയും ഇതര വാദ്യങ്ങളുടെയും ശബ്ദഘോഷത്താൽ അന്തരീക്ഷം മുഖരിതമാകുന്നു. അതോടെ അനുയായികൾ കോലത്തിന്റെ കൈകൾ പിടിച്ച് കോലത്തിന്റെ ശിരസ്സിലേറ്റാനുള്ള 'അണിയില'വുമായി അണിമറയിൽ നിന്നിറങ്ങി വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ കാവിന്റെ തിരുമുമ്പിലേക്ക് പുറപ്പെടുന്നു. ഈ പുറപ്പാടും തുടർന്നുള്ള എല്ലാ കാര്യങ്ങളും എല്ലാ വെള്ളാട്ടുകളിലും തിറയാട്ടങ്ങളിലും സമാനമാണ്. പുറപ്പാട്, പ്രദക്ഷിണം, ഇളകിയാട്ടം, ദർശനം, സമർപ്പണം എന്നീ അഞ്ച് ഘടകങ്ങളാണ് തിറയാട്ടത്തിന്റെ ആചാരപരമായ അടിസ്ഥാന ഘടകങ്ങൾ.

കാവിന്റെ തിരുമുമ്പിൽ വെച്ചാണ് കോലത്തിന്റെ ശിരസ്സിൽ മുടിയേറ്റുന്നത്. 'മുടി ധാരണം' പൂർത്തിയാകുന്നതോടെ കെട്ടിയാട്ടക്കാരൻ ദൈവത്തിന്റെ പ്രതിനിധിയായി മാറുന്നു. ഭക്തിയുടെ പാരമ്യതയിലുണ്ടാകുന്ന ഉന്മാദാവസ്ഥയിൽ ഭക്തരാകെ സ്വയം മറന്നുനിൽക്കുന്ന ഈ കാഴ്ച വിവരണാതീതമാണ്. അങ്ങനെ ദൈവത്തിന്റെ പ്രതിനിധിയായി ഭവിച്ച കെട്ടിയാട്ടക്കാരനെ കാവിന്റെ കാരണവരും അവകാശികളും അരിയും പൂവുമിട്ട് സ്വീകരിച്ച് ദൈവത്തിന്റെ ആയുധം നൽകുന്നു. ആയുധം എന്നത് കുന്തം, ശൂലം, വാൾ, പരിച എന്നിവയിലേതെങ്കിലും ആകാം. തുടർന്ന് കോലം അഷ്ടദിക്പാലകരെ വണങ്ങിക്കൊണ്ട് പ്രദക്ഷിണം വെച്ച് ചെണ്ടയുടെയും തുടിയുടെയും താളത്തിനനുസരിച്ച് നൃത്തം തുടങ്ങുകയും ചെയ്യുന്നു. ആടിത്തീർന്നതിനുശേഷം കാവിന്റെ തിരുനടയിലെത്തി പ്രാർഥനാനിരതനായി നിൽക്കുമ്പോൾ ദൈവചൈതന്യം പൂർണമായി കോലത്തിൽ പ്രവേശിക്കുന്നുവെന്നാണ് വിശ്വാസം. അതോടെ കോലത്തിന്റെ രൂപവും ഭാവവും മാറുകയും അനുഗ്രഹത്തിനും അരുളപ്പാടുകൾക്കുമായി ഭക്തർ കാതോർക്കുകയും ചെയ്യുന്നു.

പൂർണദൈവചൈതന്യത്തോടെ കോലം അത്യുഗ്രഭാവത്തിൽ കാവിന് പ്രദക്ഷിണം വെച്ച് അവിടെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള എല്ലാ ഉപദൈവങ്ങളേയും അഷ്ടദിക്പാലകരേയും വണങ്ങി തിരുനടയിലെത്തി മൂന്ന് പ്രാവശ്യം അട്ടഹസിക്കുകയും വില്ലികളെ ബന്ധിച്ച സ്ഥലത്തേയ്ക്ക്

ഓടുകയും ചെയ്യുന്നു. അവിടെ മരച്ചില്ലകൾ പൊട്ടിച്ച് ഉറഞ്ഞുതുള്ളി നാലുപാടും ഓടുമ്പോൾ അനുയായികൾ കാവിന്റെ തിരുസന്നിധിയിലേക്ക് ബലമായി പിടിച്ചുകൊണ്ടുവരുകയും ചെയ്യുന്നു. വീണ്ടും അത്യുഗ്രഭാവത്തിൽ കനലാട്ടം നടത്തി ചിതറിയോടുമ്പോൾ അനുയായികൾ ഏറിയശക്തിയോടെ കോലത്തെ പിടിച്ചമർത്തി തിരുമുമ്പിലെത്തിക്കുന്നതോടെ ശിരസ്സിലേറ്റിയിരുന്ന തിരുമുടി ഇറക്കുകയും ചെയ്യുന്നു. ഇതോടെ വെള്ളാട്ടം അവസാനിക്കുന്നു.

വെട്ടും വെളിച്ചപ്പാടും

തുടർന്ന് കെട്ടിയാട്ടക്കാരൻ അണിയറയിലെത്തി ചമയങ്ങളെല്ലാം അഴിച്ചുമാറ്റിയതിനുശേഷം ഒരുതുണി ഞൊറിഞ്ഞുടുത്ത് തലയിൽ തോർത്തുമുണ്ടും കെട്ടി കാവിന്റെ തിരുമുമ്പിൽ പ്രത്യേക പദചലനങ്ങളോടെ എത്തി ദൈവത്തെ വണങ്ങുന്നതോടെ കാവിന്റെ കാരണവർ അരിയും പൂവുമെറിഞ്ഞ് സ്വീകരിക്കുന്നു. അതിനുശേഷം കാവിന്റെ കാരണവർ നൽകുന്ന ദൈവത്തിന്റെ ആയുധവുമായി കാവിന്റെ മുറ്റത്ത് പ്രദക്ഷിണം വെയ്ക്കുകയും തുടിയുടെ താളത്തിൽ തോറ്റം ചൊല്ലിക്കൊണ്ട് അഷ്ടദിക്പാലകർക്ക് വെറ്റിലസമർപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് എല്ലാ തെറ്റുകൾക്കും മാപ്പ് അപേക്ഷിച്ചുകൊണ്ട് വെള്ളരിക്രിയ നടത്തി നാളികേരമെടുത്ത് മുട്ടറുക്കുന്നു. മുട്ട് അറുത്തതിനുശേഷം കെട്ടിയാട്ടക്കാരൻ താഴെപ്പറയുന്ന വെട്ടുവാചകം പറയുന്നതോടുകൂടി വെള്ളാട്ടിന്റെ ചടങ്ങുകൾ അവസാനിക്കുന്നു.

''ഏറനാട്ടുസ്വരൂപത്തിനും നെടിയിരിപ്പ് സ്വരൂപത്തിനും പണിയും പണിയാണ്ട് പള്ളിയൻ തോളത്തിനും കെട്ടിച്ചുറ്റിച്ചേകിച്ചോരകമ്പടി ജനസ്വരൂപത്തിനും കുടക്കീഴും തലക്കീഴും പള്ളിമാറാടിക്കും ഏറിക്കെട്ടി കലഹിച്ച് വില്ലും വേലയും ചെയ്യുന്നോരു പരദേവതേ...''

ഊണാശാരം

തിറയാട്ടവുമായി ബന്ധപ്പെട്ടവരെല്ലാം ഊണ് കഴിക്കുകയെന്നതും ഒരാചാരമാണ്. ആചാരം വായ്മൊഴിവഴക്കത്തിൽ ആശാരമായി മാറിയെന്നതാണ് ശരി. വൈകിട്ട് ആറുമണിയോടുകൂടി വെള്ളാട്ടങ്ങൾ അവസാനിച്ചതിനുശേഷം ഊണ് കഴിക്കുകയെന്നത് ഒരു അനുഷ്ഠാനമാണ്. ദാരിദ്ര്യം കൊടികുത്തി വാണിരുന്ന പോയകാലത്ത് നിറവയർ സ്വപ്നം മാത്രമായിരുന്നവർക്ക് വയർനിറയ്ക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കിയത് ഈ ഊണാശാരമായിരുന്നിരിക്കണം. ഊണാശാരം എന്ന ഈ ചടങ്ങിനുമുണ്ട് ഒട്ടേറെ ചിട്ടവട്ടങ്ങൾ. അവ ചാതുർവർണ്യത്തിന്റെ അതിർരേഖകളിൽ തളച്ചിടപ്പെട്ടിരിക്കുന്നു. ഊണ് കഴിക്കുന്നതിനുള്ള ഇരിപ്പിടങ്ങൾ ഓരോ വിഭാഗത്തിനും പ്രത്യേകമായി കൽപിച്ചിട്ടുമുണ്ട്. കാവിന്റെ അവകാശികളായ തറവാട്ടുകാർക്കും കുടുംബത്തിനുമാണ് ഒന്നാംസ്ഥാനം. അവരുടെ ഇരിപ്പിടം തറവാടിന്റെ കോലായിലോ, ഉമ്മറത്തോ പായവിരിച്ച് അതിന്മേലാണ്. രണ്ടാം സ്ഥാനം പെരുമണ്ണാൻ വിഭാഗത്തിൽപ്പെട്ട തിറയാട്ട സംഘത്തിനും. അവരുടെ ഇരിപ്പിടം തറവാട്ടുമുറ്റത്ത് മെടഞ്ഞെടുത്ത തെങ്ങോലക്കീറുകളിന്മേലാണ്. ആശാരി, മൂശാരി, പെരുങ്കൊല്ലൻ തുടങ്ങിയ വിഭാഗത്തിനാണ് മൂന്നാം സ്ഥാനം. മുറ്റത്തിന് നടുവിൽ മുണ്ട് വിരിച്ച് ഗണപതിയേയും മറ്റ് ദൈവങ്ങളെയും സങ്കൽപിച്ച് ഇരുപത്തെട്ട് നാക്കിലകൾ വെക്കും. ഊണ് ആദ്യം വിളമ്പുന്നത് ഗണപതിക്കും മറ്റ് ദൈവങ്ങൾക്കുമായി സങ്കൽപിച്ച ഇരുപത്തെട്ട് ഇലകളിലാണ്. തുടർന്ന് തറവാടിന്റെ കോലായിലോ ഉമ്മറത്തോ ഇരിക്കുന്ന കാവിന്റെ അവകാശികൾക്കും കുടുംബത്തിനും വിളമ്പും. മൂന്നാമതായി തിറയാട്ടസംഘത്തിനും ഒടുവിൽ മറ്റുള്ളവർക്കുമാണ് വിളമ്പ്.

എല്ലാവർക്കും ഊണ് വിളമ്പിക്കഴിഞ്ഞാൽ കഴിച്ചുതുടങ്ങണമെങ്കിൽ അവകാശിയായ പെരുമണ്ണാന്റെ അനുവാദം വേണം. ഈ അനുവാദം നൽകുന്ന പ്രക്രിയയിലുമുണ്ട് മേലാളന്റെ അധീശത്വം.

''എന്നാലോ എല്ലാ തലയ്ക്കലും എല്ലാ വിഭവങ്ങളും എത്തിപ്പെട്ടാൽ പിന്നെ ഊണ് തുടങ്ങാമെന്നാണ് തമ്പ്രാക്കൾ കൽപിക്കയുണ്ടായതല്ലേ.''

ഇതാണ് പെരുമണ്ണാന്റെ അനുവാദം നൽകൽ. ഊണിന് ഇലകൾക്കമുമ്പിലിരുന്നവർ അതെ എന്ന് പറഞ്ഞ് സമ്മതിക്കുകയും ഊണ് കഴിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഊണ് കഴിക്കുന്നതിനിടയിൽ പെരുമണ്ണാനും അനുയായികളും കാവിനെക്കുറിച്ചും കാവിലെ ദൈവങ്ങളെ

ക്കുറിച്ചും കാവിന്നുടയോരുടെ ഉദാരമനസ്സിനെ കുറിച്ചും കഴിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണത്തിന്റെ രുചി വൈവിധ്യത്തെക്കുറിച്ചുമൊക്കെ പുകഴ്ത്തി പറഞ്ഞുകൊണ്ടേയിരിക്കും. ഊണ് കഴിച്ചു തീരുമ്പോൾ പെരുമണ്ണാൻ അനുവാദം കൊടുക്കുന്നതോടെ എല്ലാവരും എഴുന്നേൽക്കുന്നു.

ഗണപതിക്കും മറ്റ് ദൈവങ്ങൾക്കുമായി സങ്കൽപ്പിച്ച് വിളമ്പിയ ഇരുപത്തെട്ട് ഇലച്ചോർ അവകാശികൾക്കുള്ളതാണ്. കോലം കെട്ടുന്നവർ, പുത്തൻതിറകെട്ടുന്നവർ, നാല് ദിക്കുകളിലുമുള്ള പെരുമണ്ണാന്റെ തറവാട്ടുകാർ, തൊട്ടടുത്ത ദേശക്കാർ എന്നിവരാണ് അവകാശികൾ. അവകാശികൾ ഇരുപത്തെട്ട് ഇലച്ചോറുകളുടെ മുമ്പിൽ വന്നു നിൽക്കുമ്പോൾ പെരുമണ്ണാൻ പറയുന്നു.

കൊട്ടച്ചോറും കൊലപ്പഴവും കൊട്ട പപ്പടവും മറ്റ് എല്ലാവിഭവങ്ങളും വരട്ടെ.

ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമുണ്ട്. സാധാരണ വിളമ്പുന്ന അളവിലല്ല ഓരോ ഇലച്ചോറും ഉപവിഭവങ്ങളും അവകാശികൾക്ക് വിളമ്പുന്നത്. ഇന്നത്തെ നിലയിൽ രണ്ട് കിലോഗ്രാം അരിയുടെ ചോറെങ്കിലും ഉണ്ടാവും; അതനുസരിച്ചുള്ള ഉപവിഭവങ്ങളും. അവകാശികൾ ചോറ് നാക്കിലകളോടുകൂടി തോർത്തിൽ പൊതിഞ്ഞു കെട്ടി പാളകളിലും, പാളപ്പാത്രങ്ങളിലും നിറച്ചുകൊടുത്ത കറികളുമായാണ് മടങ്ങുന്നത്. ദിവസങ്ങളോളം ഈ വിഭവങ്ങൾ കഴിക്കാനുമുണ്ടാകും. ബാക്കി വരുന്ന ചോറ് ഉണക്കി സൂക്ഷിക്കുകയും പട്ടിണിയുടെ നാളുകളിൽ അത് ഉപയോഗിക്കുകയും ചെയ്യും.

കഴിഞ്ഞകാല ദാരിദ്ര്യത്തിന് ഒരു താൽക്കാലിക പരിഹാരമായിരുന്നു അവകാശമായ ഈ 'ഓരിലച്ചോർ' സമ്പ്രദായം. വർണവിദ്വേഷം ഒഴിവാക്കി ''വർണ സഹകരണം'' ഉറപ്പാക്കുകയെന്ന ഒരു ദൈവീകനിയോഗം കൂടി ഈ 'ഊണാശാര'ത്തിനുണ്ട്.

ഇന്ന് ഊണാശാരത്തിന് കാലികമായ ഒട്ടേറെ മാറ്റങ്ങൾ വന്നിരിക്കുന്നു. കഴിഞ്ഞകാലവുമായി ഇക്കാലത്തെ താരതമ്യപ്പെടുത്താനുള്ള ഒരവസരമാണിന്ന് ഊണാശാരം.

സന്ധ്യ വേല

ഊണാശാരത്തിനു ശേഷം എല്ലാവാദ്യങ്ങളും ഉപയോഗിച്ച് ചെമ്പട താളത്തിലുള്ള മേളമാണ് സന്ധ്യവേല. ദേവസ്തുതിതന്നെയാണ് സന്ധ്യവേലയുടെയും ലക്ഷ്യം. മേളം തുടങ്ങുമ്പോൾ ഊണാശാരത്തിനു ശേഷം വിശ്രമിക്കുന്ന കോമരങ്ങൾ ഈ ശബ്ദഘോഷം കേട്ട് കാവിന്റെ തിരുമുറ്റത്തേക്ക് ഉറഞ്ഞുതുള്ളി ഓടിയെത്തുന്നു. അതോടെ ദൈവം ഉണർന്നുകഴിഞ്ഞു എന്നാണ് വിശ്വാസം. ഊണാശാരത്തിനുശേഷമുള്ള ആലസ്യത്തിൽ നിന്നൊരു ഉണർവും തിറയാട്ടം തുടങ്ങാറായെന്ന് ദേശക്കാരെ അറിയിക്കുകയെന്ന ലക്ഷ്യവും ഈ സന്ധ്യവേലക്കുണ്ടാവണം.

ഊൺതട്ട്

അസ്തമയസന്ധ്യയ്ക്ക് ശേഷം കാവിന്റെ മുമ്പിലെ കുലവിളക്ക് (കമിഴ്ത്തിവച്ച വാഴക്കുലപോലുള്ള തട്ടുവിളക്ക്) കത്തിക്കുമ്പോൾ കാവും പരിസരവും അവർണനീയമായ ദിവ്യപ്രഭയിൽ കുളിച്ചുനിൽക്കും. നൂറിലേറെ ദീപങ്ങളാണ് കുലവിളക്കിൽ ജ്വലിച്ചു നിൽക്കുന്നത്. കുലവിളക്കിന്റെ വെളിച്ചത്തിൽ തുടിക്കാർ നിരന്നുനിന്ന് മാറിമാറി തുടി കൊട്ടിക്കൊണ്ടിരിക്കും. ഈ തുടിതല്ല് പാരമ്പര്യത്തിലൂന്നിയ വഴക്കമനുസരിച്ചുള്ള ദൈവസ്തുതിയാണ്. ഇതിന് പ്രത്യേക ചൊല്ലുകളുമുണ്ട്.

''ട്ടയ്...ണ്ണ.....ട്ടയ്ണ്ണ ണ്ട.....ണ്ടാ.....ണ്ടാ.....
ണ്ടയ്.....ചെണ്ടണ്ടണ്ടയ്.....ചെണ്ട.....ണ്ട.....ണ്ടയ്ചെ.....''

ഇങ്ങനെ തുടങ്ങുന്ന ചൊല്ലുകളാണ് തുടിയിൽ താളമായി ഉപയോഗിക്കുന്നത്.

കുഴൽപറ്റ്

കുറുങ്കുഴൽവാദനം കൊണ്ടുള്ള ദൈവസ്തുതിയാണിത്. കുറുങ്കുഴൽ കൊണ്ട് സ്വരങ്ങൾ വായിക്കുമ്പോൾ താളം നിർണയിക്കുന്നത് ചെണ്ടയും ഇലത്താളവുമാണ്. ദൈവത്തെ സ്തുതി

ക്കുന്ന ഈ കുറുങ്കുഴൽ വാദനത്തിൽ ഭക്തജനങ്ങൾ അനിർവചനീയമായ ദൈവീകചൈതന്യത്തിൽ ലയിച്ച് സ്വയം മറന്ന് നിൽക്കും.

ഒടക്കും അരിയും പൂവും എടുക്കലും

തിറയാട്ടം തുടങ്ങുന്നതിനുള്ള ആദ്യ ചടങ്ങാണ് ഒടക്ക്. വെള്ളാട്ടിന്റെ ചടങ്ങുകൾ തന്നെയാണ് ഇവിടെയുമുള്ളത്. തിറയാട്ടം തുടങ്ങുന്നതിനായി കാവിലെ ദൈവങ്ങളെ ഉണർത്തുക എന്നതാണ് ഈ ചടങ്ങുകൊണ്ട് ഉദ്ദേശിക്കുന്നത്. വെള്ളാട്ടിന് അരിയും പൂവും എടുക്കൽ എന്ന ചടങ്ങുള്ളത് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ തിറയാട്ടത്തിലെ ഈ ചടങ്ങ് വെള്ളാട്ടിലെ അരിയും പൂവും എടുക്കൽ ചടങ്ങിൽ നിന്ന് വ്യത്യസ്തമാണ്.

വെള്ളാട്ടിന് കാവിലെ പ്രധാന ദൈവത്തിനാണ് ആദ്യം അരിയും പൂവും എടുക്കുന്നത്. തിറയാട്ടത്തിലാകട്ടെ ഏറ്റവും അവസാനമാണ് കാവിലെ പ്രധാന ദൈവത്തിന് ഈ ചടങ്ങ് നടത്തുന്നത്.

തായമ്പക

ഇങ്ങനെ തിറയാട്ടകോലങ്ങൾ ചമഞ്ഞൊരുങ്ങുമ്പോൾ കാവുമുറ്റത്തെ കുലവിളക്കിന് മുമ്പിൽ തായമ്പക നടക്കുന്നു. പെരുമണ്ണാൻ സമുദായത്തിലെ പാരമ്പര്യക്കാരനായിരിക്കണം തായമ്പക കൊട്ടേണ്ടത്. തിറയാട്ടത്തിലെ മുൻപറഞ്ഞ അനുഷ്ഠാന ചടങ്ങുകൾക്കൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് ഈ പാരമ്പര്യം. എങ്കിലേ ദൈവീകമായ കാവിലെ ചടങ്ങുകൾ പൂർണമാകുകയുള്ളൂ. ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഇത്തരം കാവുകളിൽ മാത്രമെ പെരുമണ്ണാൻ സമുദായത്തിന് തായമ്പക വൈദഗ്ധ്യം തെളിയിക്കാനാവൂ. സവർണ ക്ഷേത്രങ്ങളിൽ അവർക്ക് അതിനുള്ള അനുവാദവും അവകാശവുമില്ല. ഇന്നും ഈ സ്ഥിതിക്ക് വലിയ മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ല.

തിറയാട്ടത്തിലെ ആദ്യ കോലങ്ങൾ കെട്ടിയാടുന്നത് പുത്തൻതിറ കെട്ടുന്നവരോ അവകാശിയായ പെരുമണ്ണാന്റെ അനുയായികളോ ശിഷ്യഗണങ്ങളോ ആയിരിക്കും. തായമ്പക കഴിയുന്നതോടെ തിറയാട്ടത്തിലെ ആദ്യകോലത്തിന്റെ ചമയങ്ങൾ പൂർത്തിയായിരിക്കും.

വിളിച്ചുണർത്തലും ആദ്യ കോലത്തിന്റെ പുറപ്പാടും

വെള്ളാട്ടിലെ വിളിച്ചുണർത്തൽ ചടങ്ങുമായി ഏറെ സാമ്യമുണ്ട് തിറ വിളിച്ചുണർത്തലിനും. തിറ വിളിച്ചുണർത്താൻ തുടങ്ങുമ്പോൾ കോമരങ്ങൾ ഉറഞ്ഞുതുള്ളി ആർപ്പുവിളിയോടെ അണിമറയ്ക്കടുത്തെത്തി അരിയും പൂവും എറിയുന്നു. അതോടെ ചെണ്ട ഉൾപ്പെടെയുള്ള വാദ്യങ്ങളുടെ കൊട്ട് ആരംഭിക്കുന്നു. തിറക്കോലത്തിന് കാവിലേക്ക് പുറപ്പെടാനായി സഹായികൾ ചൂട്ടുവെളിച്ചം കാട്ടി കൈയ്പിടിച്ച് കാവിലേക്ക് ആനയിക്കുന്നു. അപ്പോൾ കെട്ടിയാട്ടക്കാരനും സഹായികളും ഉറഞ്ഞുതുള്ളുകയും അട്ടഹസിക്കുകയും ചെയ്യുന്നു. അതും കോമരങ്ങളും വാദ്യഘോഷങ്ങളും സൃഷ്ടിക്കുന്ന നാദപ്പെരുമ വാക്കുകളിൽ വിവരിക്കാവുന്നതിലും അപ്പുറമാണ്. തുടർന്ന് കാവിന്റെ തിരുമുമ്പിലെത്തി അരിയും പൂവുമിട്ട് തൊഴുത് അഷ്ടദിക്പാലകരെ വണങ്ങി കാവിന് ഒരു വട്ടം പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം ആട്ടം തുടങ്ങുകയായി.

ചൂട്ടുകളിയും തിറയാട്ടവും

ചൂട്ടുകളിയുടെ വെളിച്ചത്തിലാണ് കോലങ്ങളുടെ ആട്ടം. നല്ല ഒരു തിറയാട്ടക്കാരനാകാനുള്ള അഭിനിവേശവുമായെത്തുന്ന കൗമാരക്കാരും ഈ ചൂട്ടുകളി സംഘത്തിലുണ്ടാകും. അവരുടെ ആദ്യപാഠമാണ് ചൂട്ടുകളി.

തിറയാട്ടത്തിൽ ആദ്യമായി കോലം കെട്ടിയാടുന്നവരെ പുത്തൻതിറക്കാർ എന്നാണ് വിളിക്കുന്നത്. ഈ കെട്ടിയാട്ടക്കാരനൊപ്പം പാരമ്പര്യവും പരിശീലവുമേറെയുള്ള തിറയാട്ടക്കാരും യാതൊരു പരിശീലനവുമില്ലാത്ത ചെറിയ കുട്ടികളും ചൂട്ടുകളി സംഘത്തിലുണ്ടാവും. ഇരുകൈകളിൽ കത്തിച്ച ചൂട്ടുകളുമായി കെട്ടിയാട്ടത്തിന്റെ ചുവടുവെപ്പുകളോടെയാണ് ഈ ചൂട്ടാട്ടവും. പുത്തൻ തിറക്കാരന് ആട്ടത്തിൽ സംശയമുണ്ടായാൽ ഏറെ പരിശീലനമുള്ള കെട്ടിയാ

ട്ടക്കാരന്റെ പദചലനങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കി ആട്ടം തുടരുന്നു. അതായത് തിറയാട്ടക്കാരായാലും ചൂട്ടുകളിക്കാരായാലും ചുവടുവെയ്പുകൾക്ക് അടിസ്ഥാനപരമായ താളങ്ങളുണ്ട്. ഇതനുസരിച്ചാണ് കെട്ടിയാട്ടക്കാരുടെയും ചൂട്ടുകളിക്കാരുടെയും ചുവടുവയ്പുകൾ.

പ്രാഗൽഭ്യവും പ്രസിദ്ധിയുമേറെയുള്ള കെട്ടിയാട്ടക്കാർ ഇന്നത്തെ നിലയിലെത്തിയത് ചൂട്ടുകളിയിലൂടെ ലഭിച്ച പരിശീലനത്തിൽ നിന്നും മാത്രമാണ്. ഇതേ നിലയിൽ മാത്രമേ ഒരു യഥാർത്ഥ തിറയാട്ടകലാകാരനാകാൻ കഴിയൂ. എന്തുകൊണ്ടെന്നാൽ തിറയാട്ടം പഠിപ്പിക്കുന്ന കളരികളോ മറ്റ് വേദികളോ ഇല്ല തന്നെ. ഇനിയുണ്ടാകുമെന്ന് കരുതാനുമാവില്ല. തിറയാട്ടമെന്ന അനുഷ്ഠാനകലയുടെ നിലനിൽപ്പിന് ഗുരുകുലസമ്പ്രദായത്തിന്റെ മേൽപ്പറഞ്ഞ മാർഗം മാത്രമേയുള്ളു എന്നതാണ് സത്യം.

ചൂട്ടുകളി ഒരു വട്ടം കഴിയുമ്പോൾ ചെണ്ടകൊട്ട് നിർത്തുന്നു. പിന്നെ തുടിയുടെ താളത്തിനൊത്താണ് ഇരു കൂട്ടരുടെയും ആട്ടം. ഇക്കാര്യങ്ങളെല്ലാം വെള്ളാട്ടിൽ വിശദീകരിച്ചിട്ടുണ്ട്. അതുപോലെ ഇവിടെയും ആവർത്തിക്കുന്നു.

തുടർന്ന് കോലം കെട്ടിയവർ കാവിന്റെ തിരുമുമ്പിലെത്തുകയും ദൈവീക സാന്നിദ്ധ്യത്തിലെന്നപോലെ കാവിന് പ്രദക്ഷിണം വെക്കുകയും ചെയ്യുന്നു. പ്രദക്ഷിണത്തിനുശേഷം വില്ലികളെ ബന്ധിച്ച സ്ഥലത്തേക്ക് കോലങ്ങളും അനുയായികളും ചൂട്ടുവെളിച്ചത്തിൽ ഓടുന്നു. അവിടെ നിന്ന് മരച്ചില്ലകൾ പൊട്ടിച്ചെടുത്ത് ആർത്തട്ടഹസിച്ച് ഉഗ്രരൂപഭാവങ്ങളോടെ കാവിന്റെ തിരുമുറ്റത്തേക്ക് ഓടിയെത്തി അരങ്ങ് തകർക്കുമാറുള്ള ശബ്ദഘോഷങ്ങളോടെ കനലാട്ടം നടത്തുകയും കോമരങ്ങളേയും പൂക്കോമരങ്ങളേയും ഉറഞ്ഞുതുള്ളിക്കുകയും ചെയ്യുന്നു. ഭയജന്യമായ ഈ അന്തരീക്ഷത്തിൽ സ്വയം മറന്ന് കോലങ്ങൾ നാലുപാടും ചിതറിയോടുകയും ചെയ്യുന്നു. അസാമാന്യശക്തിയോടെ ചിതറിയോടുന്ന കോലങ്ങളെ ലോകരും അനുയായികളും കൂടി ബലമായി പിടിച്ചടക്കി കാവിന്റെ തിരുമുമ്പിലെത്തിച്ച് ദൈവത്തിന് സമർപിക്കന്നു. അതിന് ശേഷം ശിരസ്സിലേറ്റിയിരുന്ന മുടികൾ ഇറക്കുന്നു. മുടികൾ ഇറക്കുന്നതോടെ കോലങ്ങളിൽ നിന്ന് ദൈവചൈതന്യം ഒഴിയുന്നു എന്നാണ് വിശ്വാസം.

മുടിയിറക്കിയതിനുശേഷമുള്ള ചടങ്ങാണ് വെട്ടും വെളിച്ചപ്പാടും. വെള്ളാട്ടിൽ വ്യക്തമാക്കിയതുപോലെ തന്നെയാണ് ഈ ചടങ്ങെങ്കിലും നേരിയ വ്യത്യാസങ്ങൾ തിറയാട്ടത്തിലെ വെട്ടും വെളിച്ചപ്പാടിനുമുണ്ട്.

ഇതോടെ ആദ്യ തിറയാട്ടം അവസാനിക്കുന്നു.

ആദ്യ തിറയാട്ടം അവസാനിച്ചതിനുശേഷം ബാക്കി എത്ര തിറക്കോലങ്ങൾ ആടാനുണ്ടെങ്കിലും ബ്രഹ്മമുഹൂർത്തത്തിന് (പുലർച്ചെ മൂന്ന് മൂന്നരമണി) മുമ്പ് ആടിത്തീർത്തിരിക്കണം. കാരണം പിന്നീട് നടക്കാൻ പോകുന്ന അനുഷ്ഠാന ചടങ്ങുകൾ അതിപ്രധാനവും ഏറെ സവിശേഷതകൾ നിറഞ്ഞതുമാണ്.

അവസാന തിറ കെട്ടിയാടുന്നത് അവകാശിയായ മൂത്ത പെരുമണ്ണാനാണെന്ന് സൂചിപ്പിച്ചല്ലോ. മൂത്ത പെരുമണ്ണാനു മാത്രമെ അതിന് അവകാശമുള്ളു എന്നത് തിറയാട്ടത്തിലെ അലംഘനീയ നിയമമാണ്. കാവിലെ പ്രധാന ദൈവത്തിന്റെ കോലമാണ് ബ്രഹ്മമുഹൂർത്തത്തിന് ശേഷം കർശനവും നിഷ്ഠാബദ്ധവുമായ അനുഷ്ഠാനകർമങ്ങളോടെ മൂത്ത പെരുമണ്ണാൻ കെട്ടിയാടുന്നത്. ദൈവത്തിന്റെ ചൈതന്യം പൂർണമായി ഏറ്റുവാങ്ങി ദൈവമൂർത്തിയായി ഭവിച്ച് കാവിനും ദേശത്തിനും അനിവാര്യമായ അറിയിപ്പുകളും അനുഗ്രഹവും നൽകേണ്ടത് അവകാശിയായ മൂത്ത പെരുമണ്ണാൻ മാത്രമാണ്. അതിന് പകരക്കാരോ മറ്റ് മാർഗങ്ങളോ ഇല്ല. അനുഷ്ഠാനങ്ങളിലും ആട്ടത്തിലും ദൈവനിയോഗം കർശനമായി പാലിച്ച് മൂത്ത പെരുമണ്ണാൻ കോലം കെട്ടിയാടുന്നതിന് തൊട്ടുമുമ്പുള്ള ചടങ്ങുകളിങ്ങനെ.

മൂത്ത പെരുമണ്ണാന്റെ അരിയും പൂവും എടുക്കൽ

ഈ ചടങ്ങ് വെള്ളാട്ടിലും മറ്റ് തിറയാട്ടങ്ങളിലുമുള്ളതുതന്നെ. എങ്കിലും കാവിലെ പ്രധാന ദൈവത്തിന്റെ കോലം കെട്ടുന്ന മൂത്തപെരുമണ്ണാന്റെ അരിയും പൂവും എടുക്കൽ കർമത്തിന് അടിസ്ഥാനപരമായ ചില വ്യത്യസ്തതകളുണ്ട്. അതിങ്ങനെ, മൂത്ത പെരുമണ്ണാൻ തറവാ

ട്ടിൽ നിന്ന് വിരുന്നുപുറപ്പെട്ട് കാവിൽ കയറിയതിനെപ്പറ്റി നേരത്തെ വിശദീകരിച്ചിട്ടുണ്ട്. അതേ പോലെ തന്നെ വീണ്ടും കെട്ടിച്ചുറ്റി അണിമറയിൽ നിന്നും അണിയിലക്കാരനൊപ്പം കൊമ്പും കുഴലും വിളിച്ച് അനുയായികളുടെ അകമ്പടിയോടെ കാവിന്റെ തിരുമുറ്റത്തേക്ക് പുറപ്പെടുന്നു. തിരുമുറ്റത്ത് എത്തുമ്പോൾ അവിടെ മണിത്തറയ്ക്ക് മുമ്പിൽ ജ്വലിച്ചുനിൽക്കുന്ന കുലവിളക്കിനുതാഴെ വിളക്കുനിറ കയ്യിഷ്ടവും നാക്കിലയിൽ തോർത്തുമുണ്ടും അരിയും പൂവും മുക്കണ്ണനും (നാളികേരം) വെച്ച് കാവിന്റെ ഊരായ്മക്കാർ സ്വീകരിക്കുന്നു. അതോടൊപ്പം കാവിന്റെ കാരണവർ മൂത്തപെരുമണ്ണാനെ പുണ്യാഹം തളിച്ച് ശുദ്ധി വരുത്തി അരിയും പൂവും എടുക്കാൻ അനുമതി നൽകുന്നു. തോർത്തുമുണ്ട് വെച്ച നാക്കില പെരുമണ്ണാനും നിറനാഴി അണിയിലക്കാരനും എടുത്ത് ദൈവത്തെ ഉഴിഞ്ഞ് ആവാഹിച്ച് അരിയും പൂവും കൈകളിൽ പിടിച്ച് ശിരസ്സിൽ ചേർത്ത് കൊമ്പുകുഴലുകളുടെ നാദവീചികളിൽ കുലവിളക്കിന് ചുറ്റും മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെക്കുന്നു. തുടർന്ന് അരിയും പൂവുമെറിഞ്ഞ് ദൈവത്തോടനുവാദം വാങ്ങി അണിമറയിലേയ്ക്ക് ചമയങ്ങൾക്കായി പോകുന്നു.

എറയക്കളി

കാവിലെ പ്രധാനദൈവത്തിന്റെ കോലം കെട്ടിയാടുന്ന മൂത്തപെരുമണ്ണാന്റെ അരിയും പൂവും എടുക്കൽ കർമത്തിന് ശേഷമുള്ള അനുഷ്ഠാനമാണ് എറയക്കളി. പന്തലാട്ടം, പാടിത്തെളിക്കൽ, വട്ടക്കളി എന്നിങ്ങനെ പല പേരുകളിലും ഈ ചടങ്ങ് അറിയപ്പെടുന്നുണ്ട്. പ്രാദേശികവൈവിധ്യം മാത്രമാണ് ഇങ്ങനെ പലപേരുകളിൽ അറിയപ്പെടാനുള്ള കാരണം.

എറയക്കളിയുടെ ചടങ്ങ് ഇങ്ങനെ

കാവിന്റെ തിരുമുറ്റത്ത് കത്തിനിൽക്കുന്ന കുലവിളക്കിന് താഴെ നാക്കിലവെള്ളരി, പഴക്കുല, നാളികേരം, വെറ്റില, അടയ്ക്ക എന്നിവ വെച്ചിട്ടുണ്ടാകും. അതിനുമുമ്പിൽ ഭക്ത്യാദരപൂർവം നിൽക്കുന്ന തുടിക്കാരും ഇലത്താളക്കാരും ഏറ്റുപാടുന്നവരുമുൾപ്പെടെ പത്തോ, പതിനഞ്ചോ പേർ തുടിതല്ലിക്കൊണ്ട് ചുറ്റുവിളക്കിന് പ്രദക്ഷിണം വെക്കുന്നു. മൂന്നാമത്തെ പ്രദക്ഷിണത്തോടെ പാടിത്തുടങ്ങുകയും ചെയ്യുന്നു. പാട്ടുകൾക്കുമുണ്ട് ഒട്ടേറെ പ്രത്യേകതകൾ.

ദൈവസ്തുതിയോടൊപ്പം പ്രപഞ്ചത്തിലെ സർവചരാചരങ്ങളും എറയക്കളിയിലെ പാട്ടിലൂടെ സ്തുതിക്കപ്പെടുന്നുണ്ട്. തൂണിലും തുരുമ്പിലും ദൈവമുണ്ടെന്ന ഭാരതീയ സങ്കൽപ്പത്തിൽ അധിഷ്ഠിതമാണ് എറയക്കളിയും പാട്ടും. ദശാവതാരങ്ങളിൽ ഒന്നാമത്തേതായ മൽസ്യത്തെ സ്തുതിക്കുന്നതും എറയക്കളിയിലെ പാട്ടിൽ ഇഴചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ മുപ്പത്തിമുക്കോടി ദേവകളും അറുപത്താറായിരം അസുരന്മാരും സൂര്യചന്ദ്രന്മാരും നാട്ടുരാജാക്കന്മാരും പൂക്കളും പൂവറുക്കുന്ന കന്യകമാരും മയിലും കുയിലും മയിൽപ്പീലിയും തത്തപ്പനങ്കിളിയും എന്നുവേണ്ട സചേതനവും അചേതനവുമായ സർവതും എറയക്കളിയിലെ പാട്ടിൽ സ്തുതിക്കപ്പെടുന്നുണ്ട്. തിറയാട്ടം നടക്കുന്ന തിരുമുറ്റവും ശ്രീപീഠവും തറവാടും തറവാട്ടിലെ കാരണവരും കാവിലെ സകല പ്രതിഷ്ഠകളും സ്തുതിക്കപ്പെടുന്നു. അറിഞ്ഞോ അറിയാതെയോ ഏതെങ്കിലും ദൈവങ്ങളെ വിട്ടുപോയിട്ടുണ്ടെങ്കിൽ മാപ്പിരന്ന് അവരെയും സ്തുതിക്കുന്നു.

എറയക്കളിയിലെ പാട്ടുകളിൽ പ്രപഞ്ചത്തിലെ സകലതും പരാമർശിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

പ്രപഞ്ചത്തിലെ ഓരോ അണുവും പരസ്പരപൂരകമാണെന്നും അവ ആദരിക്കപ്പെടേണ്ടതാണെന്നും എറയക്കളിയിലെ പാട്ടുകൾ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം ആ മഹാശക്തി പല പേരുകളിൽ അറിയപ്പെടുന്നുണ്ടെങ്കിലും ആ ശക്തിയാണ് പ്രപഞ്ചമാകെ വ്യാപരിച്ചിരിക്കുന്നതെന്ന സത്യം നമ്മെ ഓർമിപ്പിക്കുകയും ചെയ്യുന്നു.

എറയക്കളിയിലെ പാട്ടുകളിൽ ദൈവങ്ങളും മനുഷ്യരുമുൾപ്പെടെ സചേതവും അചേതനവുമായവയെല്ലാം പരാമർശവിധേയമാകുന്നു. അങ്ങനെ വിധേയമാകുമ്പോൾ വ്യത്യസ്തരാഗങ്ങളും താളങ്ങളുമാണ് ഉപയോഗിക്കുന്നത്. ഈ രാഗങ്ങളും താളങ്ങളുമാകട്ടെ പാരമ്പര്യവഴികളിൽ നിന്നുലഭിച്ച അനുഗ്രഹങ്ങളാണുതാനും.

കാവും പരിസരവും കാവിലെ പ്രധാനദൈവത്തിന്റെ കോലം കെട്ടിയാടാനുള്ള മൂത്ത പെരുമണ്ണാന്റെ വരവും കാത്തിരിക്കുന്നു. അങ്ങനെ കാത്തിരിക്കുന്ന ഭക്തജനങ്ങളിൽ ഏറയക്കളി ഭക്തിയുടെ വേലിയേറ്റം സൃഷ്ടിക്കുന്നു.

അതോടൊപ്പം പാട്ടുകളിലെ ചിലവരികൾ നർമ്മമധുരമായി പാടുന്നത് ഭക്തർ ആസ്വദിക്കുകയും ചെയ്യുന്നു. ബ്രഹ്മമുഹൂർത്തത്തിന് ശേഷവും ഉറക്കച്ചടവില്ലാതെ ഭക്തിയുടെ പാരമ്യതയിലാണ് ഭക്തരുടെ മനസ്സുകൾ.

മൂത്തപെരുമണ്ണാൻ മുടിയേറ്റിക്കഴിഞ്ഞാൽ അവരുടെ കാവിന്റെ പ്രധാന ദൈവത്തിന്റെ പ്രതിനിധിയായി ഭവിക്കുമെന്നും ആ അരുളപ്പാടുകൾക്ക് കാതോർക്കണമെന്നുള്ള അലിഖിത നിയമങ്ങൾ പാലിക്കാൻ വെമ്പുന്ന മനസ്സുമായാണ് അവരുടെ കാത്തിരിപ്പ്. ഈ കാത്തിരിപ്പാകട്ടെ മഹാക്ഷേത്രങ്ങളുടെ തിരുനടതുറക്കൽ കാത്തുനിൽക്കുന്ന ഭക്തലക്ഷങ്ങളുടെ മനസ്സോടെയാണുതാനും.

വേശീപുറപ്പാട്, പട്ടർപുറപ്പാട്

ഏറയക്കളിയുടെ മൂർധന്യത്തിൽ ഭക്തിയുടെയും നർമത്തിന്റെയും സമ്മിശ്രവികാരങ്ങളിൽ ആമഗ്നരായി നിൽക്കുകയാണ് ജനം. അപ്രതീക്ഷിതമായാണ് അപ്സരസിനെപ്പോലൊരു പെൺകൊടി അവിടെ എത്തുന്നത്. ആരാണീ ദേവസുന്ദരിയെന്ന് അൽഭുതം കൂറി ഏറയക്കളി നിർത്തി അന്വേഷണങ്ങളായി.

''ആരാണ് നീ?''

''ഈ നട്ടപ്പാതിരായ്ക്ക് നീ ഇവിടെ എന്തിന് വന്നു?''

ചോദ്യശരങ്ങളിൽ കൂസാതെ, ''കാൽപ്പാണിക്കൊത്തൊരു കൊട്ടും പാട്ടും'' കേട്ടിട്ടാണ് ഇവിടെ എത്തിയതെന്നും കൂടെയുള്ള ആളെ അന്വേഷിച്ചാണ് വന്നതെന്നും മറുപടി പറയുന്നു.

അപ്പോൾ ദൂരെ നിന്നൊരു കൂക്കുവിളിയും കോലാഹലവും. എല്ലാവരുടെയും ശ്രദ്ധ ആ ഭാഗത്തേക്കായി. ദൂരെ നിന്ന് കത്തിച്ച ചൂട്ടും പിടിച്ച് കൂക്കുവിളിയും കോലാഹലവുമായി ആണൊരുത്തൻ വരുന്നു. സമക്ഷത്ത് അയാളെത്തുമ്പോൾ സുന്ദരിസ്ത്രീയോട് ചോദിച്ച അതേ ചോദ്യങ്ങൾ അയാളോടും ചോദിക്കുന്നു. അയാളുടെ ഉത്തരം സുന്ദരസ്ത്രീ പറഞ്ഞതുമായി യോജിക്കുന്നതിനാൽ സ്ത്രീയെ അയാളെ ഏൽപ്പിക്കുന്നു.

ഇവിടെ ചോദ്യങ്ങളിലും ഉത്തരങ്ങളിലും നർമത്തിന്റെയും ആക്ഷേപഹാസ്യത്തിന്റെയും ദ്വയാർഥപ്രയോഗത്തിന്റെയുമൊക്കെ ശൈലികളുണ്ട്. സാമൂഹ്യവിമർശനത്തിനും വ്യക്തിഗത വിമർശനത്തിനും തിറയാട്ടത്തിൽ സ്ഥാനമുണ്ടെന്ന് ഈ വേശീപട്ടർപുറപ്പാട് തെളിയിക്കുന്നു. കൂത്തിനിടയിൽ ചാക്യാർ വ്യക്തികളുടെയും സമൂഹത്തിന്റെയും ദുഷ്ചെയ്തികളെ വിമർശിക്കുന്നത് സർവസാധാരണമാണല്ലോ. തിറയാട്ടത്തിലെ വിമർശനസ്വഭാവവും ഇത്തരത്തിലാണ്. ക്ഷേത്രങ്ങളിലെ ദേവതാപ്രീണനകലകളിൽ പെട്ട പാനേങ്കളിക്കും (ചാത്തിരാങ്കം) ഇത്തരത്തിൽ വിമർശനാത്മകമായ ഒരു ധർമമുണ്ടായിരുന്നത്രേ. തിറയാട്ടത്തിലെ മുൻ പറഞ്ഞ വിമർശനങ്ങൾ കൂത്തിലും പാനേങ്കളിയിലും കടംകൊണ്ടിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. ഏതായാലും നാടൊട്ടാകെ സംബന്ധവും നാലുനേരം അമൃതേത്തുമായി കഴിഞ്ഞിരുന്ന വരേണ്യവർഗത്തെ വിമർശനത്തിന്റെ മുൾമുനയിൽ നിർത്തിയിട്ടുണ്ട് തിറയാട്ടത്തിലെ ഇത്തരം ചടങ്ങുകൾ. അതിലൊന്നാണ് വേശീപുറപ്പാടും പട്ടർപുറപ്പാടും. വേശീ എന്നതിന് വേശ്യ എന്നാണ് വിവക്ഷ. വിമർശനത്തോടൊപ്പം ഹാസ്യത്തിന്റെ മേമ്പൊടിയുമുള്ളതിനാൽ കാവിന്റെ മുറ്റത്ത് കൂടിനിൽക്കുന്ന ഭക്തർക്ക് ഈ നിമിഷങ്ങൾ ആസ്വാദ്യകരമായിരിക്കും. വേശിക്കു പല പുരുഷന്മാരുമായി ബന്ധമുണ്ടെന്നും അതിലൊരാളാണ് ഈ മനുഷ്യനെന്നും പറഞ്ഞുവെക്കുന്നതോടെ സമൂഹത്തിൽ ഇത്തരക്കാർ ഏറെയുണ്ടെന്നും ഇവിടെയും അത്തരക്കാർ ഉണ്ടാകാമെന്നും കൂടി ഇതിന് അർഥമുണ്ടാകുന്നു. അതോടൊപ്പം സദാചാരമൂല്യത്തിന് നിരക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയന്ത്രിക്കാനുള്ള ഒരു ദൈവനിയോഗം കൂടി ഈ വേശീപട്ടർ പുറപ്പാടിനുണ്ട്.

പന്നിനായാട്ട്



വേശീപുറപ്പാടിന് ശേഷമാണ് ഈ ചടങ്ങ്. ദേശത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തുക, മനുഷ്യന്റെ ദുഷ്ചെയ്തികളെ അമർച്ച് ചെയ്ത് അവരെ നന്മയുടെ പാതയിലേക്ക് നയിക്കുക എന്നീ മഹത്തായ ലക്ഷ്യങ്ങളാണ് പന്നിനായാട്ട് എന്ന പ്രതീകാത്മകമായ ഈ ചടങ്ങിനുള്ളത്. നായാട്ടുണ്ടോലേ എന്ന് തുടങ്ങുന്ന ആർപ്പുവിളി ഓരോരുത്തരും ഇങ്ങനെ ഏറ്റെടുത്ത് തുടരുന്നു.

''ഒരുങ്ങിക്കോളിടോ...
പുറപ്പെട്ടോളിടോ....
ചെല്ലുകുട്ടേ....
ചെല്ലുപൈതലേ...
ചെല്ലു....ചെല്ലു....ഇപ്പം'' എറയക്കളിയിൽ പങ്കെടുത്തവരുടെ ഈ ആർപ്പുവിളിയിൽ കാവും പരിസരവും പ്രദേശമാകെയും പ്രകമ്പിതമാകുന്നു. 'അഞ്ചുകുന്നും മഞ്ചപ്പാറയും' നായാടി പന്നിയെ പിടിക്കാനുള്ള ഈ പാച്ചിലിൽ സഹായത്തിന് നായ്ക്കളുമുണ്ട്. നായ്ക്കോലം കെട്ടുന്നതും മനുഷ്യർതന്നെ. ആവേശഭരിതരായി അഞ്ചുകുന്നും മഞ്ചപ്പാറയും ചുറ്റി പന്നിയെ നായാടി പിടിച്ച് കാവിന്റെ തിരുമുമ്പിലെത്തി നശിപ്പിക്കുന്നു.

പന്നിനായാട്ടിലും ഹാസ്യരസത്തിന്റെ നിർലോഭമായ അനുരണനങ്ങളുണ്ട്. നായാടൻ പോകുന്നവരുടെയും നായ്ക്കോലം കെട്ടിയ മനുഷ്യരുടെയും ഓരോ ചലനങ്ങളും കാഴ്ചക്കാരിൽ ചിരിയുടെ പൂത്തിരി കത്തിക്കും. അതുകൊണ്ടുതന്നെ കാവിലെ പ്രധാന ദൈവത്തിന്റെ കെട്ടിയാട്ടത്തിന് ഉറക്കച്ചടവില്ലാതെ ഊർജസ്വലതയോടെ കാത്തിരിക്കാനും ഭക്തർക്ക് കഴിയുന്നു.

ദേശത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതും സംരക്ഷിക്കുന്നതും അതാത് പ്രദേശങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദൈവമൂർത്തികളാണെന്ന സങ്കൽപ്പം വളരെ പ്രാചീനമാണ്. ദേശത്തിന് ദോഷം വരുത്തുന്നത് ദുഷ്മൂർത്തികളാണെന്ന വിശ്വാസവും അങ്ങനെ തന്നെ. ഇങ്ങനെ ദോഷം വരുത്തുന്ന ദുർമൂർത്തികളുടെയും മനുഷ്യരിലെ ചീത്ത സ്വഭാവത്തിന്റെയും പ്രതീകമായി പന്നിയെ കണക്കാക്കുന്നു. ആ പന്നിയെ വേട്ടയാടി പിടിച്ചുകൊണ്ടുവന്ന് തിരുമുമ്പിലെത്തിച്ച് വെട്ടിനുറുക്കി അതിന്റെ ഭാഗങ്ങൾ നാട്ടകങ്ങളിലെറിഞ്ഞു കൊടുക്കുന്നതോടൊപ്പം പ്രധാന ദൈവത്തിന്റെ തിരുമുമ്പിൽ സമർപിക്കുകയും ചെയ്യുന്ന അനുഷ്ഠാനപരമായ ചടങ്ങാണ് പന്നിനായാട്ട്. ക്ഷേത്രങ്ങളിൽ നടക്കുന്ന പള്ളിവേട്ടയുടെ പ്രാഗ്രൂപം കാവുകളിലെ പന്നിനായാട്ടാണെന്ന പ്രബലമായ ഒരു വിശ്വാസവുമുണ്ട്. അതിപ്രധാനമായ തിറവിളിച്ചുണർത്തലിനു മുമ്പുള്ള എല്ലാ ചടങ്ങുകളും ഇതോടെ അവസാനിക്കുന്നു.

തിറവിളിച്ചുണർത്തലും പുറപ്പാടും

ചടങ്ങുകൾ വെള്ളാട്ടിലേതുപോലെയെങ്കിലും തിറവിളിച്ചുണർത്തൽ ചടങ്ങിന് പ്രാധാന്യം ഏറെയാണ്. അവകാശിയായ മൂത്ത പെരുമണ്ണാൻ കാവിലെ പ്രധാനദൈവത്തിന്റെ കോലം കെട്ടിയാടുന്നതിന് ദൃക്സാക്ഷികളാകാനും അനുഗ്രഹങ്ങളേറ്റുവാങ്ങാനും കാവിലും പരിസരത്തും ഭക്തജനം കാത്തുകാത്തിരിക്കുന്നു.

കാവിലെ മൂത്ത കാരണവരും അനന്തിരവരും നിറപറയും നിലവിളക്കും വെച്ച് മണിത്തറയ്ക്കു മുമ്പിൽ അരിയും പൂവുമായി അവരുടെ കാവിലെ പ്രധാന ദൈവകോലത്തിന്റെ എഴുന്നള്ളത്തിനായി കാത്ത് തൊഴുതുനിൽക്കുന്നു. തുടിതല്ലുകാരും ഇലത്താളക്കാരും തോറ്റം ചൊല്ലി ദൈവത്തെ ഉണർത്തിക്കൊണ്ടിരിക്കുന്നു. തോറ്റത്തിന്റെ മൂർധന്യാവസ്ഥയിൽ കോമരങ്ങൾ ഉറഞ്ഞുതുള്ളി കനലാട്ടം നടത്തി ആർത്തട്ടഹസിച്ച് അണിമറയ്ക്ക് അടുത്തെത്തി കോലത്തിനു നേരെ അരിയും പൂവും എറിയുന്നു.

അതോടെ വാദ്യമേളം മുറുകുന്നു. അപ്പോൾ ചൂട്ടുവെളിച്ചത്തിൽ കുന്തമേന്തിയ പൊയ്ക്കാൽ പടയും വാളേന്തിയ കുതിരപ്പടയും (കരുമകന്റെ വാഹനം കുതിരയാണെന്ന വിശ്വാസം) ചുരികയേന്തിയ പടനായകനും ആർത്തട്ടഹസിക്കുന്ന കോലക്കാരനും കോമരങ്ങളും കോലക്കാരന്റെ അനുയായികളും ചേർന്ന് അരങ്ങുനിറയുന്നു. അതോടെ ആലവട്ടത്തിന്റെയും വെഞ്ചാമരത്തിന്റെയും അകമ്പടിയോടെ ദൈവതുല്യനായ കോലം കാവിൻമുമ്പിലേക്ക് സാവധാനം എഴുന്നള്ളുകയായി.

കാവിന്റെ തിരുമുമ്പിലെത്തിയ കോലത്തെ വെള്ളാട്ടിൽ വിശദീകരിച്ചിട്ടുള്ളതുപോലെയുള്ള അനുഷ്ഠാനങ്ങളോടെ അരിയും പൂവും എറിഞ്ഞ് കാവിലെ മൂത്തകാരണവരും അനന്തിരവരും സ്വീകരിക്കുന്നു. കോലം അരിയും പൂവും ചാർത്തി ദൈവത്തെ വണങ്ങുന്നു. തുടർന്ന് എല്ലാവരും കൂടി അഷ്ടദിക്പാലകരെ വണങ്ങിക്കൊണ്ട് കാവിന് ഒരു തവണ പ്രദക്ഷിണം വെച്ച് കാവിന്റെ തിരുമുമ്പിലെത്തി ചെണ്ടയുടെയും തുടിയുടെയും താളത്തിൽ ആട്ടം തുടങ്ങുന്നു. ചെണ്ടയുടെ താളത്തിലും തുടിയുടെ താളത്തിലും മാറിമാറി തുടരുന്ന ആട്ടത്തിന് ദൈർഘ്യം വളരെ കുറവാണ്.

പീഠം കയറൽ

ആട്ടത്തിന് ശേഷമുള്ള വളരെ പ്രധാനപ്പെട്ട ചടങ്ങാണ് പീഠംകയറൽ.

കാവിനുള്ളിലെ ശ്രീകോവിൽസമാനമായ പീഠത്തിൽ ദൈവത്തിന്റെ അദൃശ്യസാന്നിധ്യമുള്ളതായി വിശ്വസിക്കപ്പെടുന്നു. ദൈവത്തിന്റെ ആരൂഢമാണ് പീഠം. ദൈവസാന്നിധ്യമുള്ള ഈ പീഠത്തെയാണ് ഭക്തജനം വർഷം മുഴുവൻ തൊഴുത് ആരാധിക്കുന്നത്. തങ്ങളുടെ ദുരിതങ്ങളും ആകുലതകളും ഈ പീഠത്തിൻ മുമ്പാകെയാണ് അവർ സമർപിക്കുന്നതും പരിഹാരം കണ്ടെത്തുന്നതും. ഇതിന് സമാനമായ മറ്റൊരു പീഠവുമുണ്ട്. ഈ പീഠം കാവിലെ മൂത്ത കാരണവർ ദൈവത്തിൽ നിന്നുള്ള അനുവാദവും അനുഗ്രഹും വാങ്ങി പൂർണ്ണദൈവചൈതന്യത്തോടെ നിൽക്കുന്ന കോലത്തിന്റെ തിരുമുമ്പിൽ സമർപിക്കുന്നു. ത്രിലോകങ്ങളിലും സർവചരാചരങ്ങളിലും വ്യാപരിച്ച ആ മഹാശക്തിയെ – പരാശക്തിയെ ധ്യാനിച്ച് പീഠം തൊട്ട് നമസ്ക്കരിച്ച് ദൈവകോലം പീഠത്തിന്മേൽ നിലം തൊടാതെ കയറിനിൽക്കുന്നു. അതോടെ ഈ ദിവ്യമുഹൂർത്തത്തിനുവേണ്ടി കുറുങ്കുഴലിന്റെ നാദത്തിൽ ദൈവകോലം നാലു ഭാഗത്തേക്കും തിരിഞ്ഞ് മൂന്നുപ്രാവശ്യം ഭക്തർക്ക് ദർശനം നൽകി അവരെ അനുഗ്രഹിക്കുന്നു.

തുടർന്ന് ദൈവകോലം പീഠത്തിൽ നിന്ന് ഇറങ്ങി കാവിന്റെ തിരുമുമ്പിൽ കാവിലെ പ്രധാന ദൈവമായിത്തന്നെ നിൽക്കുമ്പോൾ ഭക്തജനം തങ്ങളുടെ ദുഃഖങ്ങളും ആവലാതികളുമായി സമീപിക്കുകയും 'തിരുനെറ്റി പതിക്കു'കയും ചെയ്യുന്നു. ദൈവകോലത്തിന്റെ നെറ്റിയിൽ പണം പതിക്കുന്നതാണ് തിരുനെറ്റി പതിക്കൽ. ഭക്തർക്കിപ്പോൾ തങ്ങളുടെ മുമ്പിലുള്ളത് കാവിലെ പ്രധാനദൈവം തന്നെയാണ്. അവിടെ വർണവർഗവ്യത്യാസങ്ങളോ വേർതിരിവുകളോ ഇല്ല. ദക്ഷിണയും കാവിലേക്കുള്ള വഴിപാടുകളും ഭക്തർ ദൈവത്തിന് നൽകുന്നു. വഴിപാട് ഭക്തരെ ഉഴിഞ്ഞ് സ്വീകരിക്കുകയും അത് കാവിലേയ്ക്ക് നൽകുകയും ചെയ്യുന്നു. തിരുനെറ്റിയിൽ പതിക്കുന്ന പണവും ദക്ഷിണയും ദൈവകോലത്തിനുള്ളതാണ്. തിരുനെറ്റി പതിച്ച് ദക്ഷിണ നൽകുമ്പോൾ ദൈവകോലം വാക്കെണ്ണുന്നു. വാക്കെണ്ണലിനുശേഷം ഭക്തജനം സംതൃപ്തരാകുന്നു എന്നതാണ് ഇതിലെ ദൈവീകവശം.

തുടർന്ന് ഇതേ ദൈവീക ചൈതന്യത്തോടെ കോലക്കാരൻ വില്ലികളെ ബന്ധിച്ച സ്ഥലത്തേയ്ക്ക് ഓടുന്നു. ഈ ഓട്ടത്തിൽ കോലക്കാരന്റെ അനുയായികളും ചൂട്ടുകാരും ഒപ്പമുണ്ട്.

വില്ലികളെ ബന്ധിച്ച സ്ഥലത്ത് ആർത്തട്ടഹസിച്ച് ദൈവകോലം മരച്ചില്ലകൾ പൊട്ടിച്ചെടുക്കുന്നു. ചില്ലകൾ പൊട്ടിച്ചകോലം വിവരിക്കാനാകാത്ത വിധത്തിലുള്ള ദൈവികചൈതന്യത്തോടെയും പ്രായം മറക്കുന്ന ശക്തിചൈതന്യങ്ങളോടെയും (മുതിർന്ന കാരണവരാണ് പൊതുവെ ഇത് അനുഷ്ഠിക്കാറ്) കാവിന്റെ മുമ്പിൽ പാഞ്ഞെത്തി കനലാട്ടം നടത്തി നാല് ദിക്കുകളിലേയ്ക്കും ഓടുന്നു. കോലക്കാരന്റെ അനുയായികളും കാവിന്റെ അവകാശികളും കൂടി വളരെ പാടുപെട്ട് ഒരുതരത്തിൽ കോലത്തെ പിടിച്ചൊതുക്കി തിരുമുമ്പിലെത്തിച്ച് ദൈവത്തിന്റെ മുമ്പാകെ സമർപിക്കുകയും അതോടൊപ്പം മുടിയിറക്കുകയും ചെയ്യുന്നു.

അരിയും പൂവും പിടിച്ച് വലത്തിടൽ

മുടിയിറക്കിയതിനു ശേഷം കോമരങ്ങളും കാവിന്നുടയോരും ഭക്തജനവും പ്രഭാതകൃത്യങ്ങൾക്കായി അവരവരുടെ വീടുകളിലേയ്ക്ക് പോകുകയും കുളിച്ച് ശുദ്ധിയോടെ തിരിച്ചെത്തുകയും ചെയ്യുന്നു. കാവിലെ കാരണവർ നൽകുന്ന പൂവും ചന്ദനവും വാങ്ങി കുറിതൊട്ട് അടുത്ത ചടങ്ങുകളിൽ പങ്കെടുക്കുകയെന്നതാണ് ലക്ഷ്യം. കാരണവർ തിരുനടയിൽ നിന്ന് അവിടെ എത്തിയവരോടായി ചോദിക്കുന്നു.

''കിഴക്കുംമുറിക്കാർ വന്നിട്ടുണ്ടോ?
പടിഞ്ഞാറ്റുംമുറിക്കാർ വന്നിട്ടുണ്ടോ?
വടക്കുംമുറിക്കാർ വന്നിട്ടുണ്ടോ?
തെക്കുംമുറിക്കാർ വന്നിട്ടുണ്ടോ?''

തറവാട്ടിൽ നിന്ന് ഭാഗം പിരിഞ്ഞ് നാല് ദിക്കുകകളിലുമായി കഴിയുന്ന തറവാട്ടംഗങ്ങളെല്ലാവരും ഇനി നടക്കാൻ പോകുന്ന മുഖ്യ ചടങ്ങുകളിൽ പങ്കെടുക്കാൻ എത്തിയിട്ടുണ്ടോ എന്നാണ് ചോദ്യം. ഈ ചോദ്യവും അനുഷ്ഠാനപരം തന്നെ. തുടർന്ന് കുറിതൊട്ട് അടുത്ത ചടങ്ങിനായി കാത്തുനിൽക്കുന്ന തറവാട്ടംഗങ്ങൾക്ക് കാരണവർ അരിയും പൂവും ഓരോ നാളികേരവും നൽകുന്നു. എല്ലാവർക്കും നൽകിയതിനു ശേഷം ഒരു നാളികേരമെടുത്ത് കാരണവർ ഇടതുകക്ഷത്തിലൊതുക്കി നാക്കിണി (മണി), ഇടതുകൈയിലെ വിരലിൽ തൂക്കി, ഇരു വിരലുകളിൽ ധൂപക്കോരി താങ്ങി, അരിയും പൂവും വലതുകൈയിൽ പിടിച്ച് മുമ്പിൽ നിൽക്കുന്നതോടൊപ്പം തുടിതല്ലി തോറ്റം തുടങ്ങാൻ തുടിക്കാർക്ക് നിർദേശം നൽകുന്നു. അവർ തുടിതല്ലി തോറ്റം ചൊല്ലാൻ തുടങ്ങുമ്പോൾ ഏറ്റവും മുന്നിൽ കാരണവരും പിന്നാലെ മറ്റുള്ളവരും അരിയും പൂവും നാളികേരവുമായി പ്രദക്ഷിണം തുടങ്ങുന്നു. ഈ പ്രദക്ഷിണത്തിനു മുണ്ട് ഒരു പ്രത്യേകത. ഏറ്റവും മുന്നിൽ കാരണവർ, കാരണവരെക്കാൾ പ്രായം കുറഞ്ഞയാൾ അതിനുപിന്നിൽ, ഇങ്ങനെ പ്രായഭേദമനുസരിച്ചാണ് എല്ലാവരും പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നത്. ഏറ്റവും പ്രായം കുറഞ്ഞയാളായിരിക്കും പ്രദക്ഷിണത്തിന്റെ ഏറ്റവും പിന്നിൽ. തോറ്റം ചൊല്ലൽ തുടർന്നുകൊണ്ടേയിരിക്കുമ്പോൾ പ്രദക്ഷിണം അഷ്ടദിക്പാലകരെ വണങ്ങി മൂന്ന് പ്രാവശ്യം കാവിന് വലം വെക്കുന്നു. മൂന്നാം പ്രാവശ്യം വലം വെച്ച് കാവിന്റെ തിരുമുമ്പിലെത്തുമ്പോൾ 'മുക്കണ്ണൻ തേങ്ങയുടെ ഏറ് കേൾപ്പൂ' എന്ന് കേൾക്കുന്നതോടെ വിശുദ്ധ സ്ഥാനം നിർണയിച്ചുറപ്പിച്ചതും ബ്രാഹ്മണൻ പുണ്യാഹം തളിച്ച് വിശുദ്ധമാക്കിയതുമായ ശിലയിൽ കാരണവർ നാളികേരം എറിഞ്ഞുടയ്ക്കുന്നു. തുടർന്ന് അവിടെ കൂട്ടിയിട്ടിരുന്ന മുഴുവൻ നാളികേരവും, കോമരങ്ങൾ കൈയിലേന്തിയ നാളികേരമടക്കം തറവാട്ടംഗങ്ങളും ഭക്തിപാരവശ്യത്തോടെ എറിഞ്ഞുടയ്ക്കുന്നതോടെ തോറ്റം ചൊല്ലൽ ഇങ്ങനെ അവസാനിക്കുന്നു.

''ശിവനെഴുതി ശിത്തിരം കുറിച്ചപോലെ
അകത്തറയിൽ തപസ്സുചെയ്യും ദൈവമേ''

ശേഷം മഹത്വപൂർണമായ ഭക്തിയുടെ ലഹരിയിൽ എല്ലാവരും അഞ്ചടിക്കായി കാത്തുനിൽക്കുന്നു.

അഞ്ചടി ചൊല്ലൽ

പരമ്പരാഗതമായി സ്വായത്തമാക്കുന്ന വാമൊഴി ഗീതങ്ങളാണ് അഞ്ചടികൾ. ചൊല്ലുന്ന രീതി, ഉപയോഗിക്കുന്ന ഈണം, പ്രാസപ്രയോഗത്തിന്റെ ആകർഷണീയത. ഭക്തിരസത്തിന്റെ

ആവിഷ്കാരചാരുത എന്നിവയൊക്കെയാണ് അഞ്ചടി ചൊല്ലാനുള്ള പ്രാപ്തിയുടെ ലക്ഷണമായി ഗുരു പരിഗണിക്കുന്നത്. ഗുരുവിന്റെ മനം നിറഞ്ഞ അനുഗ്രഹവും ദൈവീകമായ നിയോഗവുമുള്ള ഒരു വ്യക്തിക്കുമാത്രമെ ഇത്തരത്തിൽ അഞ്ചടിയുടെ സർവജ്ഞപീഠം കയറാൻ കഴിയൂ. ഈ അഞ്ചടി ചൊല്ലുന്ന വ്യക്തി അതിന് അർഹനും പ്രാപ്തനുമാണെന്ന് ഗുരുവിനും ഭക്തർക്കും ബോധ്യപ്പെടുകയും വേണം. ഇതിന് പകരക്കാരില്ല. എങ്കിലും പ്രത്യേക സാഹചര്യത്തിൽ അഞ്ചടി ചൊല്ലുന്ന വ്യക്തിയുടെ തീരുമാനമനുസരിച്ച് ഒരു പകരക്കാരൻ ഉണ്ടായിക്കൂടെന്നുമില്ല. കാവിലെ ദൈവത്തിലും കാവിന്നുടയോരുടെയും ഭക്തരുടെയും മനസ്സിൽ ഈ അഞ്ചടിയുടെ മഹിമ ലയിച്ചു ചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ അഞ്ചടി ചൊല്ലുന്ന വ്യക്തി കാവിലും ദേശത്തും ഏറെ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

ഭക്തിപൂരിതമായ മനസ്സോടെ അതിശ്രേഷ്ഠമായ അഞ്ചടിക്കായി ദൈവത്തെ വണങ്ങി എല്ലാവരും കാത്തുനിൽക്കുമ്പോൾ അഞ്ചടി ചൊല്ലിത്തുടങ്ങുന്നു. അഞ്ചടിയുടെ വരികൾ ചൊല്ലുന്നതോടെ കോമരങ്ങൾ ഉറഞ്ഞുതുള്ളുന്നു. അപ്പോൾ വൈകാരികവും മായികവുമായ ഒരു പ്രതീതിയാണുണ്ടാവുക. പുത്തൻ തിറക്കാരും കെട്ടിയാട്ടക്കാരൻ ഉൾപ്പെടെയുള്ള എല്ലാ പെരുമണ്ണാൻമാരും തുടിക്കാരുടെ സമീപം നിർന്നിമേഷരായി നിരന്നുനിൽക്കുമ്പോൾ ഉറഞ്ഞുതുള്ളി വെളിച്ചപ്പെട്ട് കോമരങ്ങൾ അവരെ ഓരോരുത്തരേയും ബലമായി പിടിച്ച് തിരുമുമ്പിലെത്തിച്ച് തുള്ളിക്കുന്നു. അഞ്ചടിചൊല്ലൽ ഭക്തിതീവ്രതയോടെ തുടരുമ്പോൾ പുത്തൻ തിറക്കാർ മുതൽ കെട്ടിയാട്ടക്കാരൻവരെയുള്ള എല്ലാവരും ഉറഞ്ഞുതുള്ളുന്നു. എല്ലാവരും ഉറഞ്ഞുതുള്ളി വെളിച്ചപ്പെട്ട് കനലാട്ടം നടത്തി നാലു പാടും ഉറഞ്ഞുതുള്ളിക്കൊണ്ടുതന്നെ പായുന്നു. ഈയവസ്ഥയിൽ ഭക്തരും പ്രേക്ഷകരും കാവുമുറ്റത്ത് അതിർത്തി നിർണയിച്ച് സംരക്ഷണവലയം തീർത്ത് നിൽക്കുകയും ഉറഞ്ഞുതുള്ളി പായുന്നവരെ ബലമായി പിടിച്ചൊതുക്കി ദൈവമുമ്പാകെ സമർപിക്കുകയും ചെയ്യുന്നതോടെ അഞ്ചടിചൊല്ലൽ അവസാനിക്കുന്നു.

ചാന്താട്ടം



ഭക്തിസാന്ദ്രമായ അഞ്ചടിചൊല്ലൽ നടക്കുമ്പോൾ കോമരങ്ങളോടൊപ്പം പെരുവണ്ണാൻമാരും ഉറഞ്ഞുതുള്ളുന്നു. തുടർന്നാണ് ചാന്താട്ടം എന്ന ചടങ്ങ്. സുഗന്ധത്തോടുകൂടിയ ഒരു തരം കറുത്ത കുഴമ്പാണ് ചാന്ത്. പ്രകൃതിദത്തമായ രീതിയിൽ തന്നെയാണ് ഇതിന്റെ നിർമാണവും. നല്ല തുപോലെ കരിയത്തക്കവിധം വറുത്തെടുത്ത ഉണങ്ങലരി, ചിരട്ടക്കരി, പൂവൻപഴം, ഇളനീർ, ശർക്കര, കർപ്പൂരം, പനിനീർ, ചന്ദനം എന്നിവയെല്ലാം കുഴമ്പുരൂപത്തിൽ അരച്ചെടുക്കുന്നതാണ് ചാന്ത്. ഈ ചാന്ത് ഒരു മൺതൂക്കിലാക്കി (മൺകുടം) വായ് മൂടിക്കെട്ടി ഭദ്രമായി മൂത്തപെരുമണ്ണാത്തി നേരത്തെതന്നെ കാവിന്റെ അവകാശികളെ ഏൽപിച്ചിരിക്കും. ഈ ചാന്ത് രണ്ട് കിണ്ണങ്ങളിലൊഴിച്ച് അതിൽ ഓരോ പണവുമിട്ട് മണിത്തറയ്ക്ക് അടുത്ത് വെയ്ക്കുന്നു. അതോടൊപ്പം തന്നെ രണ്ട് ആയുധങ്ങൾ (വാൾ), വെറ്റില, നാളികേരം, അരിയും പൂവും എന്നിവയും വെയ്ക്കുന്നുണ്ട്. കോലക്കാർ ആട്ടത്തിനു

ശേഷം അണിമറയിലെത്തി ചമയങ്ങളഴിച്ച് തുണി ഞൊറിഞ്ഞുടുത്ത്, അരയിൽ കറുപ്പ് ചുറ്റി, കാലിൽ കച്ച (മണി) കെട്ടി, തോർത്ത് തലയിൽകെട്ടി, അതിനുമുകളിൽ തലപ്പാളി അണിഞ്ഞ്, മുഖത്തെഴുത്തും മേലെഴുത്തും മായ്ക്കാതെ ചാന്ത് കിണ്ണങ്ങൾ വെച്ചിട്ടുള്ള മണിത്തറയുടെ അടുത്തെത്തുന്നു. അവിടെ തുടിക്കാരും അരിയും പൂവുമായി കാവിന്റെ അവകാശികളും കാത്തുനിൽക്കുന്നു. പ്രത്യേകതാളത്തിൽ തുടി തല്ലുമ്പോൾ കോലക്കാർ ചാടിത്തുള്ളി മൂർധാവിൽ ഇരുകരങ്ങളും ചേർത്ത് നിന്നനിലയിൽ വലം തിരിയുകയും കാവിന്റെ അവകാശികൾ അവർക്കുമേൽ അരിയും പൂവുമെറിഞ്ഞ് ആയുധങ്ങൾ നൽകുകയും ചെയ്യുന്നു. കോലക്കാർ ഒരു തവണ കാവുമുറ്റം വലം വെച്ച് ആയുധങ്ങൾ തിരികെ വക്കുന്നു. തുടർന്ന് കാവിന്റെ കാരണവർ ഓരോ അടുക്കുവെറ്റില കോലക്കാർക്ക് നൽകുകയും അവരത് തുടിയുടെ പ്രത്യേകതാളത്തിൽ കാവിന്റെ മുറ്റത്ത് നാല് ദിക്കുകളിൽ സമർപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം കുറച്ച് വെറ്റിലകൾ കൈയിൽ ബാക്കിയുള്ളതുമായി കാവിന്റെ കാരണവരെ സമീപിച്ച് കാരണവരിൽ നിന്ന് അരിയും പൂവും വാങ്ങി, അത് തുടിക്കാർക്ക് ചാർത്തി വെറ്റില നൽകുന്നു. ശേഷം അണിയിലക്കാരൻ തറവാട്ടിലെ അർഹരായ മറ്റുള്ളവർക്കും ബാക്കി വെറ്റിലകൾ നൽകുന്നതോടെ വെറ്റിലസമർപണം അവസാനിക്കുന്നു.

വെറ്റില സമർപണത്തിനു ശേഷം അണിയിലക്കാരനും മൂത്തപെരുമണ്ണാന്റെ തറവാട്ടിൽപെട്ട മറ്റൊരു പെരുമണ്ണാനും മണിത്തറയ്ക്ക് സമീപത്തുനിന്ന് ചാന്ത് കിണ്ണങ്ങൾ എടുത്ത് കിണ്ണത്തിലെ പണംകൊണ്ട് മൂത്തപെരുമണ്ണാന് ചാന്തുപൊട്ട് ചാർത്തുന്നു. കോലക്കാർ (ദേവന്മാരുടെ കോലം കെട്ടിയാടുന്നവർ) മൂത്തപെരുമണ്ണാനെ നമസ്കരിച്ച് ചാന്തുകിണ്ണങ്ങൾ ഏറ്റുവാങ്ങി ദൈവത്തെ പ്രാർഥിച്ച് ഭക്തിപൂർവം നിൽക്കുമ്പോൾ ദൈവചൈതന്യം കോലക്കാരിൽ പ്രവേശിക്കാൻ തുടങ്ങുന്നുവെന്നാണ് വിശ്വാസം. അതോടെ തറവാട്ടംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ചാന്തുകുറി ചാർത്തുകയും ചെയ്യുന്നു. തുടിയുടെ താളത്തിൽ കോലക്കാർ കാവിന് പ്രദക്ഷിണം വെയ്ക്കുന്നതോടെ ദേവചൈതന്യം പൂർണമായി കോലക്കാരിൽ പ്രവേശിക്കുന്നു. പ്രദക്ഷിണത്തിന് അവസാനം കോലക്കാരിൽ നിന്ന് അനുയായികൾ ചാന്ത് കിണ്ണങ്ങൾ വാങ്ങുകയും മൂത്തപെരുമണ്ണാൻ ഇരുകൈകൾകൊണ്ടും ചാന്തുവാരി മേലാസകലം തേയ്ക്കുകയും ചെയ്യുന്നു. അതോടെ കോലക്കാരും അനന്തിരവരും അനുയായികളുമെല്ലാം ശരീരമാകെ ചാന്ത്തേച്ച് തുടിതാളത്തിനനുസരിച്ച് ആട്ടം തുടങ്ങുന്നു. ഇതോടൊപ്പം ചാന്തിൽ മുക്കിയ കൈപ്പത്തി കാവിന്റെയും തറവാടിന്റെയും ചുമരുകളിൽ അടയാളമായി പതിപ്പിക്കുകയും ചെയ്യുന്നു. തുടിയുടെ താളത്തിൽ മേലാസകലം ചാന്ത് തേച്ച് ഉറഞ്ഞുതുള്ളിയുള്ള ഈ കൂട്ടയോട്ടം അവിസ്മരണീയമായ ഒരനുഭവം തന്നെയാണ്. ഏതോ മാസ്മരികശക്തിയിൽ എന്നപോലെ ചാന്താട്ടം നടത്തുന്നവർ ആർത്തട്ടഹസിച്ച് നാലുപാടും പായുമ്പോൾ കാവിന്റെ അവകാശികളും ഭക്തരും മറ്റു പ്രേക്ഷകരും എല്ലാം ചേർന്ന് ബലമായി പിടിച്ചൊതുക്കി ദൈവത്തിനു മുമ്പിൽ കിടത്തുന്നു. അപ്പോൾ തിരുമേനിഎത്തി പുണ്യാഹം തളിക്കുന്നു. അതോടെ ദൈവീകചൈതന്യമിറങ്ങി സാധാരണനിലയിലെത്തുന്നു. അമൃത് സമാനമാണ് ഈ ചാന്ത് എന്നാണ് വിശ്വാസം. ചാന്താട്ടത്തോടെ ദൈവം സുഷുപ്തിയിൽ ലയിക്കുന്നെന്നും അടുത്ത തിറയാട്ടോത്സവം വരെ ഈ സുഷുപ്തി തുടരുമെന്നും വിശ്വസിക്കപ്പെടുന്നു.

വെട്ടും വെളിച്ചപ്പാടും വലിയ വെട്ടുവാചകവും

ചാന്താട്ടം അവസാനിച്ചതിനുശേഷം ഇനി നടക്കാൻ പോകുന്ന ഈ ചടങ്ങിനെപ്പറ്റി വെള്ളാട്ടിലും തിറയാട്ടത്തിലും വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും ഈ ചടങ്ങിന് ചില പ്രത്യേകതകളുമുണ്ട്. അതു സൂചിപ്പിക്കാം. വെള്ളാട്ടിലും തിറയാട്ടത്തിലും പറഞ്ഞതുപോലെ നാളികേരം എറിഞ്ഞുടച്ചതിനുശേഷം തുടിക്കാരിലെ പ്രധാനിയുടെ നിർദേശമനുസരിച്ച് കാവിന്റെ അവകാശികൾ കാവിനുമുമ്പിൽ ഇരുവശങ്ങളിലുമായി നിൽക്കുകയും കോലക്കാരൻ വെട്ടുവാചകം പറയാൻ തുടങ്ങുകയും ചെയ്യുന്നു. വെട്ടുവാചകം കേൾക്കുമ്പോൾ ഇരുവശങ്ങളിലുമായി നിൽക്കുന്ന കാവിന്റെ അവകാശികളിൽ ഒരു ഭാഗത്ത് നിൽക്കുന്നവർ ആർപ്പിടുന്നു. വീണ്ടും വെട്ടുവാചകം തുടരുമ്പോൾ മറുഭാഗത്തുള്ളവരും ആർപ്പിടുന്നു. ഇങ്ങനെ ഇരുഭാഗത്തുമായി നിൽക്കുന്നവർ മാറി മാറി കോലക്കാരന്റെ വെട്ടുവാചകം കേൾക്കുമ്പോൾ ആർപ്പി

ടുന്നു. വെട്ടുവാചകം അവസാനിക്കാറാകുന്നതുവരെ ഈ ആർപ്പുവിളികൾ തുടരുന്നു. അവസാനം 'അയിലും പുയിലും അറിയാർതക്കവണ്ണം മൂന്നും കൂടി ഉരിയാടി കേൾക്കുമാറാകട്ടെ ലോകരേ..' എന്ന വാക്യത്തോടെ കോലക്കാരന്റെ വെട്ടുവാചകം അവസാനിക്കുമ്പോൾ ഇരുപക്ഷത്തുമുള്ള എല്ലാവരും കൂടി ഒന്നിച്ച് ആർപ്പുവിളിക്കുകയും ചടങ്ങ് അവസാനിക്കുകയും ചെയ്യുന്നു.

കുടികൂട്ടൽ

തിറയാട്ടത്തിലെ ഏറ്റവും അവസാന ചങ്ങാണ് കുടികൂട്ടൽ. കുടികൂട്ടലിനു മുന്നോടിയായി കാവിന്റെ തിരുമുമ്പിൽ ഒരു നാക്കിലയിൽ ഉണങ്ങലരിയും മറ്റൊരു നാക്കിലയിൽ അരിയും പൂവും നാളികേരവും കറുത്ത ഒരു കോടിമുണ്ടും വെച്ചിട്ടുണ്ടാകും. അതിന് ചുറ്റും കാവിന്റെ കാരണവസ്ഥാനത്തുള്ള രണ്ട് അവകാശികൾ മൂത്ത പെരുമണ്ണാന്റെ ഇരുവശങ്ങളിലുമായി നിൽക്കുന്നു. അവകാശികളായ കാരണവന്മാർ കറുത്ത കോടിമുണ്ടെടുത്ത് ഇരുതലകളിലും പിടിച്ച് നിവർത്തിനിൽക്കുമ്പോൾ മൂത്ത പെരുമണ്ണാൻ നാക്കിലയിൽ നിന്ന് അരിയും പൂവും നാളികേരവുമെടുത്ത് നാളികേരം പ്രാർഥനാപൂർവം കക്ഷത്തിൽ വെയ്ക്കുകയും അരിയും പൂവും കാരണവന്മാർക്കും മറ്റ് എല്ലാവർക്കുമായി നൽകുകയും ചെയ്യുന്നു. തുടർന്ന് കക്ഷത്തിൽ നിന്ന് നാളികേരമെടുത്ത് ദൈവത്തെ പ്രാർഥിച്ചുകൊണ്ട് കുടികൂട്ടലിനുള്ള ''അയ്യന് തീയാടിക്കുന്നു...'' എന്ന ശ്ലോകം ചൊല്ലിത്തുടങ്ങുന്നു.

അഞ്ചടിയും തോറ്റവും ചൊല്ലുന്നതുപോലെ എല്ലാവർക്കും കേൾക്കത്തക്കവിധത്തിലല്ല കുടികൂട്ടലിന്റെ ചൊല്ലൽ. അത് നിഗൂഢമായ ഒരു മന്ത്രോച്ചാരണം പോലെയോ ദൈവവുമായി പെരുമണ്ണാൻ നടത്തുന്ന ഒരു മൗനപ്രാർഥന പോലെയോ ആണ് കണക്കാക്കപ്പെടുന്നത്. കുടികൂട്ടലിനുള്ള ചൊല്ല് അവസാനിക്കുന്നതിങ്ങനെ.

സർവരേയും കാത്തുരക്ഷിച്ച് മുമ്പിലും പിമ്പിലും
ഇറങ്ങിവിളങ്ങിനിന്ന് വേലകാര്യം
സാധിപ്പിക്കണേ എന്റെ പരദേവതേ.

പരദവേതയോടുള്ള ഈ അപേക്ഷയോടെ കാരണവന്മാരും മറ്റെല്ലാവരും അരിയും പൂവും നിവർത്തിപ്പിടിച്ച കറുത്തതുണിയിൽ സമർപിക്കുന്നു. അതോടൊപ്പം മൂത്തപെരുമണ്ണാൻ നാളികേരം സമർപിക്കുകയും കാവിന്റെ അവകാശികളായ കാരണവന്മാരോട് ഒരു തവണ കാവിന് പ്രദക്ഷിണം വെയ്ക്കാൻ നിർദേശിക്കുകയും ചെയ്യുന്നു. ഇരുകാരണവന്മാരും കോടിമുണ്ടിന്റെ ഇരുതലകളിലും പിടിച്ച് കുറുങ്കുഴലിന്റെ ആർദ്രനാദത്തിൽ കാവിന് ഒരു തവണ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണസമയം തിരുമേനി കാവിനുള്ളിൽ നിന്ന് പ്രതിഷ്ഠ ഒഴികെയുള്ളതെല്ലാം കാവിന് പുറത്തേക്ക് എടുക്കുന്നു. പ്രദക്ഷിണം കാവിന് വലംവെച്ച് തിരുമുമ്പിലെത്തുമ്പോൾ കറുത്ത മുണ്ടിൽ നിന്ന് നാളികേരമെടുത്ത് തിരുമേനിക്ക് നൽകുകയും അദ്ദേഹം തൃപ്പടിമേൽ നാളികേരമുടച്ച് ആ വെള്ളം കൊണ്ട് പ്രതിഷ്ഠയിൽ അഭിഷേകം നടത്തുകയും ചെയ്യുന്നു. അഭിഷേകശേഷം കാരണവന്മാർ മുണ്ടിൽനിന്ന് അരിയും പൂവുമെടുത്ത് പ്രതിഷ്ഠയിൽ ചാർത്തുകയും തിരുമേനി നടയടയ്ക്കുകയും ചെയ്യുന്നു. ഏഴ് ദിവസങ്ങൾ കഴിഞ്ഞേ ഇനി തിരുനട തുറക്കുകയുള്ളു. അഭിഷേകശേഷം തിരുമേനി ഉടച്ച നാളികേരം കറുത്ത തുണിയിലേക്ക് ഇടുന്നു. ആ ഉടച്ച നാളികേരമുൾപ്പെടെ കറുത്ത തുണി ചുരുട്ടിയെടുത്ത് കാവിന്റെ കാരണവർ മൂത്തപെരുമണ്ണാന് നൽകുന്നു. ഈ കറുത്ത തുണി അരയിൽ കച്ചകെട്ടിയാണ് അടുത്തവർഷം മൂത്തപെരുമണ്ണാൻ വിരുന്നുപുറപ്പെട്ട് വരുന്നത്.

തുടർന്ന് ഉടുമുണ്ടിന്റെ കോന്തല നിവർത്തിപ്പിടിക്കാൻ മൂത്ത പെരുമണ്ണാൻ കാവിന്റെ കാരണവരോട് നിർദേശിക്കുകയും കാരണവർ അതനുസരിക്കുകയും ചെയ്യുന്നു. നീട്ടിപ്പിടിച്ച കോന്തലയിലേയ്ക്ക് നാക്കിലയിലെ അരി ചൊരിഞ്ഞുകൊണ്ട് മൂത്തപെരുമണ്ണാൻ കാവിൽ കാരണവരെ ഇങ്ങനെ മൊഴിഞ്ഞനുഗ്രഹിക്കുന്നു.

''ഈ അരി വീട്ടിൽ കൊണ്ടുപോയി പാല് പകർന്ന് കഞ്ഞിവെച്ചു കുടിച്ച് പൂർണാരോഗ്യം സംരക്ഷിച്ച് മേക്കൊല്ലത്തേയ്ക്ക് ഇന്നത്തെക്കാൾ ആരോഗ്യവാനായിരിക്കട്ടെ.''

തിറയാട്ടത്തിന്റെ ഏറ്റവും അവസാന ചടങ്ങായ കുടികൂട്ടലിന്റെ ആത്യന്തികലക്ഷ്യങ്ങൾ ഇവയാണ്.

കുടികൂട്ടലിനുശേഷം മൂത്തപെരുമണ്ണാനും അനുയായികളും വില്ലികളെ ബന്ധിച്ചിടത്തെത്തി വില്ലികളെ കെട്ടഴിച്ച് മോചിതരാക്കുന്നു.

കരുമകൻ, കരിയാത്തൻ സങ്കൽപങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള മലദൈവക്കാവുകളിലെ തിറയാട്ട ചടങ്ങുകളാണ് മേൽ വിശദീകരിച്ചത്. ഇതനുസരിച്ച് തിറയാട്ട മഹോൽസവം നടക്കുന്ന ഏതാനും പ്രധാന കാവുകൾ താഴെ പറയുന്നവയാണ്.

1. കരിയാത്തൻകോട്ട, വാഴയൂർ
2. കോട്ടയാട്ട് കാവ്, വാഴയൂർ
3. കുന്നത്ത് കാവ്, മൂളപ്പുറം
4. തിരുത്തിക്കാവ്, കക്കോവ്
5. പഴഞ്ചണ്ണൂർ കുന്നത്തുകാവ്, കടലുണ്ടി
6. മേലോട്ടിൽകാവ്, അറപ്പുഴ
7. വെള്ളോളിക്കാവ്, മണക്കടവ്
8. കൊടുമൺകാവ്, മുതിയനത്തറ
9. പുനക്കുന്നത്ത് കരിയാത്തൻകോട്ട, മൂർക്കനാട്
10. തൊണ്ടശ്ശേരിക്കാവ്, പന്തീരങ്കാവ്
11. കരിങ്ങാഞ്ചേരി കാവ്, കൂടത്തുംപാറ
12. കുപ്പേരി കാവ്, തിരുത്തിത്താഴം
13. മനത്താനത്ത് കാവ്, പയ്യടിമേത്തൽ
14. കുറുങ്ങോട്ടു കാവ്, പുത്തൂർമഠം
15. പുതുക്കുടിക്കാവ്, പെരുമണ്ണ
16. പുതിയോത്ത്ശാല കാവ്, കോട്ടേത്താഴം
17. പാറോക്കാവ്, അടത്തിൽ സ്കൂൾ
18. കല്ലടക്കാവ്, കുറ്റിക്കാട്ടൂർ
19. മംഗലോളിക്കാവ്, പൊക്കുന്ന്
20. ഒഴലിപ്പുറത്ത് കാവ്, വെള്ളിപ്പറമ്പ്
21. കുന്നത്തുകാട്ടിൽ കാവ്, തൊണ്ടയാട്
22. മാലോടത്ത് കാവ്, കോട്ടൂളി
24. വെള്ളിഞ്ചേരി കാവ്, കോഴിക്കോട് തളി
25. നാശേരികുന്നത്ത് കാവ്, മാങ്കാവ്



വിശ്വൻ പെരുമണ്ണാൻ
താമരശ്ശേരി

കോഴിക്കോട്, മലപ്പുറം ജില്ലകളുടെ തനത് അനുഷ്ഠാനകലാരൂപമായാണ് തിറയാട്ടം പൊതുവെ വിലയിരുത്തപ്പെടുന്നത്. ഈ ജില്ലകൾ വിട്ടും ചിലയിടങ്ങളിൽ തിറയാട്ടം പരിമിതമായിട്ടാണെങ്കിലും നടക്കാറുണ്ട്. എങ്കിലും അതിനൊരു അപ്രഖ്യാപിതപരിധി നിശ്ചയിച്ചിരിക്കുന്നത് കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ്. ഇവിടെ പ്രശ്നം അതല്ല. തറവാട്ടുസ്ഥാനങ്ങളിലും തറവാടുകളുമായി ബന്ധപ്പെട്ട കാവുകളിലുമാണല്ലോ തിറയാട്ടം ഒരനുഷ്ഠാനമെന്ന നിലയിൽ അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ ഓരോ പ്രദേശത്തുമുള്ള തിറയാട്ട സംഘങ്ങൾ പലവിധത്തിലാണ് തിറയാട്ടം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കെട്ടിയാട്ടത്തിൽ മാത്രമല്ല, തിറയാട്ടവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലുമെല്ലാം ഈ ''പലവിധപൊരുത്തക്കേടുകൾ'' നിലനിൽക്കുന്നു, ഇപ്പോഴും. അതായത് അഞ്ച് ചതുരശ്ര കിലോമീറ്ററുകൾക്കുള്ളിൽ രണ്ട് പ്രാദേശിക തിറയാട്ട സമിതിക്കാർ ഒരേവേഷം അവതരിപ്പിക്കുന്നു എന്നിരിക്കട്ടെ. എന്നാൽ വേഷമൊന്നാണെങ്കിലും ഒട്ടേറെ പൊരുത്തക്കേടുകൾ ഈ ഒരു വേഷത്തിൽത്തന്നെ ഉണ്ടാകാറുണ്ട്. എന്നാൽ പരമ്പരാഗതമായി ഗുരുമുഖത്തുനിന്ന് പഠിച്ച് തിറയാട്ടത്തിന്റെ ആത്മസത്ത ഉൾക്കൊണ്ട് കൃത്യമായ ആചാരാനുഷ്ഠാനങ്ങളോടെ അവതരിപ്പിക്കുന്ന തിറയാട്ട സംഘങ്ങളുമുണ്ട്. ആ ഗണത്തിൽപ്പെട്ട ഒരു സംഘമാണ്, ''രാരോത്ത് തിറയാട്ടകലാസമിതി''. കോഴിക്കോട് ജില്ലയിൽപെട്ട താമരശ്ശേരിയുടെ പരിസരപ്രദേശങ്ങളായ രാരോത്ത്, കെടവൂർ, ആമ്പ്ര, കെടയത്തൂർ, മടവൂർ തുടങ്ങിയ പ്രദേശങ്ങളിലായി ഈ തിറയാട്ടകലാസമിതി അവതരിപ്പിക്കുന്ന കെട്ടിയാട്ടങ്ങൾ ആചാരപാലനത്തിലും അനുഷ്ഠാനനിഷ്ഠകളിലും കർശനനിയമങ്ങൾ പാലിക്കുന്നുണ്ട്. എന്നുമാത്രമല്ല ഗുരുമുഖത്തുനിന്ന് പാരമ്പര്യമായി അഭ്യസിച്ചതത്രയും അണുവിട വ്യത്യാസമില്ലാതെ ഇപ്പോഴും അവതരിപ്പിച്ചുവരുന്നു.

77
ഭാഷാസംസ്കാരത്തിന്റെ ഉള്ളടങ്ങുന്ന

പരമ്പരാഗതമായി തിറയാട്ടം നടത്തിവരുന്ന തറവാടാണ് രാരോത്ത് വലിയപുരയ്ക്കൽ. സംസ്കൃതപണ്ഡിതനും കൂടിയായിരുന്ന വലിയപുരയ്ക്കൽ തറവാട്ടിലെ കാരണവരായിരുന്ന കണാരൻ ദേശത്താകെ അതിപ്രശസ്തനായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ കേളുവും തിറയാട്ടരംഗത്തെ ഒരു പ്രതിഭതന്നെയായിരുന്നു. താമരശ്ശേരിപ്രദേശത്തെ തിറയാട്ടരീതികളെപ്പറ്റി ഇവിടെ വിശദീകരിക്കുന്നത് കേളുവിന്റെ പുത്രൻ രാമന്റെ മകൻ വിശ്വനാഥനാണ്. വളരെ ചെറുപ്പത്തിൽ തന്നെ തിറയാട്ടപഠനം തുടങ്ങിയ വിശ്വൻ; താമരശ്ശേരി ചാക്കാത്ത്കാവിൽ കരുമകന്റെ കോലം കെട്ടിയാണ് അരങ്ങേറ്റം കുറിച്ചത്.

ഇവിടെ തിറനിശ്ചയത്തിനുള്ള ആദ്യചടങ്ങാണ് 'കുറിമംഗല്യം'. ഇത് 'തറികുത്തിജന്മാവകാശ'ത്തിൽപ്പെടുന്നു. മേൽപറഞ്ഞ സ്ഥലങ്ങളിലെ ചില കാവുകളിൽ സ്ഥിരമായി ഒരു നിശ്ചിതദിവസമായിരിക്കും തിറയാട്ടം. 'കുറിമംഗല്യം' എന്നാണ് ഇതറിയപ്പെടുന്നത് മരണമോ അതുപോലുള്ള മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന 'പുല' മൂലം, മുൻപറഞ്ഞ നിശ്ചിതദിവസം തിറയാട്ടോത്സവം നടക്കാറില്ല. പകരം മറ്റൊരു ദിവസം ഉൽസവത്തിനായി നിശ്ചയിക്കപ്പെടുന്നു. ഇതിന് 'തൽക്കാല മംഗല്യം' എന്ന് സംജ്ഞ നൽകിയിരിക്കുന്നു.



കാരണവർ

ഉൽസവചടങ്ങുകൾ

അവകാശിയായ മൂത്തപെരുമണ്ണാൻ കാവിന്റെ കാരണവരെയും അനന്തിരവരെയും തറവാട്ടിൽ ചെന്നുകണ്ട് 'നിറപ്പണം' വാങ്ങി ''തിറ''യുറപ്പിക്കുന്നു. തിറനിശ്ചയം നടത്തുന്നു എന്ന് അർഥം.

ഉൽസവ ദിവസം രാവിലെ മൂത്ത പെരുമണ്ണാൻ കാവിലെത്തി എണ്ണയും കയ്യിഷ്ടവും വാങ്ങുന്നു. തുടർന്ന് രാശിനോക്കി ഫലം പറഞ്ഞതിനുശേഷം കഞ്ഞിയരിയും (കഞ്ഞിക്കുള്ള അരി) മറ്റ് വകകളും വാങ്ങി തിരികെ തന്റെ തറവാട്ടിലേയ്ക്ക് പോകുന്നു. അവിടെ നിന്ന് കുളിച്ച് ശുദ്ധമായി കഞ്ഞികുടിച്ച്, കെട്ടിച്ചുറ്റി വലന്തലച്ചെണ്ടയുടെ ശബ്ദവിന്യാസത്തിൽ അനന്തിരവരെയുംകൂട്ടി കാവിലേയ്ക്ക് പുറപ്പെടുന്നു. കാവിനടുത്ത് മൂത്തപെരുമണ്ണാനും അകമ്പടിക്കാർക്കും വിശ്രമിക്കുന്നതിനായി ഒരു പ്രത്യേക സ്ഥലം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവിടെ വിശ്രമിക്കുമ്പോൾ അവകാശികളെല്ലാവരും എത്തുന്നു. അവകാശികളായ തണ്ടാൻമാർ കലശക്കെട്ടും കൊല്ലന്മാർ തിരുവായുധവും ആശാരിമാർ, അവർക്ക് കൽപിക്കപ്പെട്ടിട്ടുള്ള സാമഗ്രികളും, ചൂട്ടുകെട്ടുകളുമായെത്തുന്ന തദ്ദേശീയരും, അങ്ങനെ എല്ലാവരുമെത്തിക്കഴിഞ്ഞാൽ മൂത്തപെരുമണ്ണാൻ അവിടെ



പരദേവത

ശക്തിപൂജ നടത്തി സന്നിഹിതരായിരിക്കുന്നവർക്കെല്ലാം അരിയും പൂവും നൽകുന്നു. തുടർന്ന് എല്ലാവരുമായി ആഘോഷപൂർവം കാവിലേയ്ക്ക് പുറപ്പെടുന്നു.

കാവിലുമുണ്ട് ചില പ്രത്യേക നിബന്ധനകൾ. കാവിൽ മൂന്ന് മുറ്റങ്ങളുണ്ട്. തന്ത്രാക്കൾക്ക് നിൽക്കാനൊരുമുറ്റം, തിറയാടുന്ന മുറ്റം അഥവാ തിരുമുറ്റം, പുറമുറ്റം എന്നിങ്ങനെയാണ് മുറ്റ വിഭജനം. ഈ വിഭജനത്തിനുമുണ്ട് ചില പ്രത്യേകതകൾ. കാവിൽ കയറുമ്പോൾ കലശക്കെട്ടു മായെത്തുന്ന തണ്ടാൻമാർക്കും മറ്റ് ദേശക്കാർക്കും പുറമുറ്റംവരെമാത്രമേ പ്രവേശനമുള്ളു. കാര ണവരും സംഘവും നടുമുറ്റം കയറുകയും പരദേവതകൾക്കുചുറ്റും മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെയ്ക്കണമെന്നുമാണ് നിഷ്ക്കർഷ. ശേഷം ദൈവത്തിന്റെ നടയ്ക്കൽ ഇടതുവശം ചേർന്ന് പട്ടു വിരിച്ച് അതിന്മേൽ വലന്തലച്ചെണ്ട, തുടി, ഇലത്താളം, പഞ്ചായുധം ഇവകളിൽ ''ചാമ്പൽ'' തൊടുന്നു (ഇവിടെ ചാമ്പൽ എന്നുപറയുന്നത് ഭസ്മമാണ്.) ശേഷം തിറക്കാർ, വാദ്യക്കാർ, ദേശ പ്രധാനികൾ എന്നിവരെയെല്ലാം ''ചാമ്പൽ'' തൊടുവിക്കുന്നു. തുടർന്നാണ് അരിയും പൂവുമെ റിഞ്ഞ് തുടിതാളത്തിൽ തോറ്റത്തോടെയുള്ള പ്രദക്ഷിണം. ഈ പ്രദക്ഷിണവും മൂന്നുപ്രാ വശ്യമായിരിക്കണമെന്ന അലിഖിത കൽപനയുമുണ്ട്. ഇപ്പറഞ്ഞ പ്രദക്ഷിണത്തോടൊപ്പം കോലം ''കൂകി'' വിളിച്ച് ദർശനഭാഗ്യം ലഭിച്ചതറിയിച്ചുകൊണ്ട് വാക്കെണ്ണുന്നു. മൂത്ത പെരുമണ്ണാൻ അങ്ങനെ വാക്കെണ്ണി സ്വയം സമർപിക്കപ്പെട്ട് അടങ്ങുന്നു.

തുടർന്ന് ചെണ്ടയിൽ താളം തുടങ്ങുകയായി. ഇതാണ് കാവുണർത്തുന്ന ചടങ്ങ്. ഈ താള ഘോഷത്തിൽ മൂത്തപെരുമണ്ണാൻ വില്ലികളെ കെട്ടാനായി കോട്ടയിലേയ്ക്ക് പോകുന്നു. വില്ലി കളെ കെട്ടുന്ന ചടങ്ങിനായി വേണ്ടത് കടുത്തിലവാൾ, പച്ചമഞ്ഞൾ, പുതിയനൂൽ, എണ്ണ, തിരി,

വെറ്റില, നറുക്ക് എന്നിവയാണ്. കോട്ടയിലെത്തിയ പെരുമണ്ണാൻ, അവിടെ സ്ഥാപിച്ച ശൂലത്തിനുമുമ്പിൽ പടിഞ്ഞാറുതിരിഞ്ഞുനിന്ന് അഞ്ച് വെറ്റില നറുക്ക് വെയ്ക്കുന്നു. അതിൽ അഞ്ച് തിരിവെച്ച് നാളികേരം പൊട്ടിച്ച് തർപ്പണം ചെയ്ത് പെൺമുറി ഇടതും ആൺമുറി വലതുമായി വെച്ച് കടുത്തില കമഴ്ത്തിക്കുത്തി മന്ത്രം ചൊല്ലി കടുത്തിലയിൽ നൂലുകൊണ്ട് വില്ലികളെ ബന്ധിക്കുന്നു. ശേഷം തൊഴുതുമാറിനിന്ന് കാവിൽ തിരികെയെത്തി അണിമറപൂജചെയ്ത് വെള്ളാട്ടിനായി അരിയും പൂവുമെടുത്ത് കെട്ടുമുണ്ടില്ലാതെ ചാമ്പലും കാരവും കൺമഷിയുമുപയോഗിച്ച് "തത്തക്കുറി"ക്കോലമെഴുതുന്നു. തുടിതാളത്തിൽ തോറ്റം ചൊല്ലി വിളിച്ചുണർത്തി "കൂമ്പാളക്കുറി", കച്ച എന്നിവ അണിയുന്നു. പുറമെയുള്ള "തത്തക്കുറി" എഴുത്തോടെ വെള്ളാട്ട് പുറപ്പെടുന്നു. അങ്ങനെ വെള്ളാട്ട് പുറപ്പെട്ട് മടങ്ങിപ്പോയി സമർപ്പണം നടത്തുന്നു. സമർപണത്തിനുശേഷം വീണ്ടും തിരുമുമ്പിൽ ദർശനസായൂജ്യത്തോടെ പിടിച്ചുനിന്ന് തോറ്റം ചൊല്ലുന്നു. ചെണ്ട, ഇലത്താളം, തുടി എന്നീ വാദ്യഘോഷങ്ങളുടെ ശബ്ദമുഖരിതയിൽ അഷ്ടദിക്കുകളും വന്ദിച്ച് തിരിച്ചെത്തുന്നു. അങ്ങനെ തിരിച്ചെത്തി വീരാളിപ്പട്ട് വീശി പീഠനമസ്കാരം ചെയ്യുന്നു. തുടർന്ന് അഞ്ചടി ചൊല്ലി ആയുധംവാങ്ങി അവകാശികൾക്കും സമീപസ്ഥർക്കും വെറ്റില കൊടുത്ത് നാളികേരം കാട്ടിവാക്കെണ്ണുന്നു. പിന്നീട് മൂന്ന് പ്രദക്ഷിണത്തോടെ മുക്കണ്ണനെ ആവാഹിച്ച് ചുരികയും കടുത്തിലയുമെടുത്ത് ആടുന്നു. ആട്ടശേഷം തേങ്ങ മുട്ടി പിന്നിലേയ്ക്ക് ഇടുന്നതോടെ വെള്ളാട്ടുകൾ അവസാനിക്കുന്നു. തുടർന്ന് ഊണാചാരം, തായമ്പക എന്നിവയ്ക്ക് ശേഷം ഭഗവതിയുടെ എഴുന്നള്ളത്താണ്.

ഭഗവതിയുടെ എഴുന്നള്ളത്ത്

ഭഗവതിയുടെ എഴുന്നള്ളത്തിനായുള്ള ഒരുക്കങ്ങളിങ്ങനെ:

വെള്ളകെട്ടി അതിന്റെമേലെ പട്ടുകെട്ടി പുറമെ കവിടിക്കച്ച കെട്ടി കുങ്കുമമാല ധരിച്ച് വാളേറ്റു വാങ്ങണം. വാളേറ്റുവാങ്ങിയശേഷം മേളവീചികളോടെ മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെക്കണം. ഈ പ്രദക്ഷിണത്തോടെ ദർശന സായൂജ്യമായി. ദർശനസായൂജ്യശേഷം പന്ത്രണ്ട് ഇടങ്ങളിലായി ആടി നാല് താളക്കയറ്റങ്ങൾ തച്ചുകളിക്കണം. അങ്ങനെ തച്ചുകളിച്ച് തിരിഞ്ഞ് വാളും പരിചയുമെടുക്കുമ്പോൾ ദർശനം പുണ്യപൂർണമായി. ഇതോടെ വാക്കെണ്ണി ഈ ചടങ്ങ് അവസാനിക്കുന്നു. തുടർന്നാണ് "എറേക്കളി"

എറേക്കളിക്കുശേഷം പരദേവതയുടെ ആദ്യ ഇളങ്കോലത്തിറയുടെ പുറപ്പാടാണ്. ഈ ഇളങ്കോലങ്ങൾ കര്യോൻ (കരുമകൻ), കരിയാത്തൻ കോലങ്ങളുടേതാണ്. "പൂക്കാതും" "മരവട്ട"വുമാണ് ഈ ഇളങ്കോലങ്ങൾക്ക് കൽപ്പിക്കപ്പെട്ടിട്ടുള്ള വേഷസംവിധാനം. ഇളങ്കോലങ്ങൾ പുറപ്പെട്ട് തലപ്പാളിയും താടിമീശയും മുടിയും വെച്ച് മുമ്പത്തേതുപോലെ മൂന്നുപ്രാവശ്യം കാവിനെ ചുറ്റുന്നു. തുടർന്ന് വേഷങ്ങൾ മുഖാമുഖം ആടുന്നു. ആട്ടശേഷം പീഠമേറി താളക്കയറ്റം തച്ച് ആടുന്നു. ഈ ആട്ടശേഷം താഴെയിറങ്ങി മുടി അഴിച്ചുവെച്ച് കോട്ടയിലേയ്ക്ക് ഓടുന്നു. സ്വയം സമർപ്പിക്കുന്നു.

കോട്ടയിലേയ്ക്ക് ഓടുന്ന കോലത്തിന്റെ ഇരുകൈകളും രണ്ടുപേർ പിടിച്ചിട്ടുണ്ട്. കോലം രൗദ്രഭാവത്തിൽത്തന്നെ ചില്ലകളൊടിച്ച് ആർത്തട്ടഹസിച്ച് കാവിലെത്തുന്നു. കാവിലെയത്തിയ കോലം മൂന്നുതവണ പ്രദക്ഷിണം വെക്കുന്നു. ഈ പ്രദക്ഷിണത്തിനൊപ്പം കാവിന്റെ ഊരായ്മകളും ആർപുവിളിക്കുന്നു. എല്ലാവരുടെയും ആർപുവിളികൾക്കിടയിൽ കോലം നാലുപാടും ഓടുന്നു. എല്ലാവരും കൂടി കോലത്തെ ബലമായി പിടിച്ചുകൊണ്ടുവന്ന് തിരുമുമ്പിൽ സമർപിക്കുന്നു. ശേഷം അണിമറയിലെത്തി വേഷമഴിച്ച് മടങ്ങിയെത്തി ചാന്തുതിറയാടുന്നു. തുടർന്നു നടക്കുന്ന എല്ലാ തിറയാട്ടങ്ങൾക്കും ചാന്തുതിറയുണ്ടാകും. എന്നാൽ നാഗകാളിയുൾപ്പടെയുള്ള ചില വേഷങ്ങൾക്ക് ചാന്തുതിറയില്ല. അവസാനകാരണവർക്കുമില്ല ചാന്തുതിറ. അതിനുപകരമെന്നോണം ചില ദേശങ്ങളിൽ മധ്യമത്തിലുള്ള കലശക്കെട്ടുകളുണ്ടാകാറുണ്ട്. തുടർന്ന് കുടിക്കൂട്ടലാണ്. അതിനായി കരുവോന്റെയും പരദേവതയുടേയും കോലക്കാർ അടയ്ക്ക, വെറ്റില,

നാളികേരം മുതലായവ തിരുമുറ്റത്തുവെച്ച് അരിയും പൂവുമെടുത്ത് മൂന്ന് പ്രദക്ഷിണം വെക്കുന്നു. ഇവിടെ പരദേവതത്തിറയുടെ മുടിയെടുത്തുകഴിഞ്ഞാൽ അവരെ കോട്ടയിലെത്തിക്കുന്നു. അവിടെ തോലൊടിച്ച് (മരച്ചില്ലകളൊടിച്ച്) മൂത്തപെരുമണ്ണാൻ കണ്ഠാകർണമന്ത്രം ചൊല്ലി, വില്ലികളുടെ കെട്ടഴിച്ച് അവരെ മോചിപ്പിക്കുന്നു. കടുത്തിലയൂരി തിരിച്ച് കാവിലെത്തുന്നു. അവിടെ അഷ്ടദിക്ക് പാലകർക്ക് വെറ്റിലകൾ സമർപ്പിക്കുകയും വെറ്റിലകളുടെ എണ്ണം നോക്കി രാശി പറയുകയും ചെയ്യുന്നു. തുടർന്ന് നാളികേരവും അരിയും പൂവും ചാർത്തി പീഠത്തെ നമസ്കരിക്കുന്നു. തുടർന്ന് നമ്പൂതിരി നാളികേരം പൊട്ടിച്ച് പെൺമുറി തമ്പ്രാക്കൾക്കും ആൺമുറി അവകാശിയായ പെരുമണ്ണാനും നൽകുന്നു. ഇതോടെ ചടങ്ങുകൾ പൂർണമായി.

കോഴിക്കോട് ജില്ലയിൽപെട്ട താമരശ്ശേരിയുടെ പരിസരപ്രദേശങ്ങളായ രാരോത്ത്, കെടവൂർ, ആമ്പ്ര, കെടയത്തൂർ, മടവൂർ പ്രദേശങ്ങളിലായി നടക്കുന്ന തിറയാട്ടോത്സവചടങ്ങുകളാണ് മേൽവിവരിച്ചത്.



മുണ്ടയ്ക്കൽ രാജൻ പെരുമണ്ണാൻ

കൊളായിത്തൊടികയിൽ, മലയമ്മ

ചാത്തമംഗലം ചന്തുസ്മാരക തിറയാട്ടകലാസമിതിയിലെ ശ്രീ മുണ്ടയ്ക്കൽ രാജൻ, 'പെരുമണ്ണാൻസ്ഥാനം' ലഭിച്ച തിറയാട്ടകലാകാരനാണ്. അദ്ദേഹം ചാത്തമംഗലം ഭാഗത്തുള്ള തിറയാട്ടത്തിലെ പുഴായിസമ്പ്രദായത്തെപ്പറ്റിയും മുണ്ടയ്ക്കൽ, കീഴൂർ, കളരിക്കണ്ടി പിലാശ്ശേരി, വെള്ളനൂർ, പൂളക്കോട് ദേശങ്ങളിലെ തിറയാട്ട രീതികളെപ്പറ്റിയും വിശദീകരിക്കുന്നു. ഈ രീതികൾ പിന്തുടരുന്ന മറ്റ് ചിലരാണ് കാരേക്കാർ (കാരയിൽ തറവാട്ടുകാർ) കടോൻമാർ, തുടങ്ങിയവർ. മുണ്ടയ്ക്കൽ ദേശാവകാശികൂടിയായ അച്ഛച്ചൻ ചെറുണ്ണിയിൽ നിന്ന് വളരെ ചെറുപ്രായത്തിലെ തിറയാട്ടപഠനം തുടങ്ങിയ രാജൻ പന്ത്രണ്ടാം വയസ്സിൽത്തന്നെ തിരുമുറ്റങ്ങളിൽ ആടിത്തുടങ്ങി. അദ്ദേഹത്തിന്റെ തിറയാട്ടപാഠങ്ങളാണ് പൊതുവെ ഈ വിശദീകരണത്തിന് അവലംബമായിട്ടുള്ളത്.

സാധാരണപോലെ ഇവിടെയും തിറനിശ്ചയം നടത്തി രാശിനോക്കി ഫലം പറഞ്ഞ് കഞ്ഞിയരിക്കുള്ള നെല്ലും നിറത്തിന് പണവും കൈപ്പറ്റി പിൻവാങ്ങുന്നു.

തുടർന്ന് ഉൽസവദിവസം രാവിലെ അവകാശിയായ മൂത്തപെരുമണ്ണാൻ കാവിലെത്തി എണ്ണയും കയ്യിഷ്ടവുമെടുത്ത് രാശിനോക്കി ഫലം പറയുന്നു. അങ്ങനെ ഫലം പറഞ്ഞതിനു ശേഷം പട്ടും വളയും തിരുവായുധവും വാങ്ങി കുളിക്കാനായി പുഴയിലേയ്ക്ക് പോകുന്നു. കാവിന്റെ ഊരായ്മകൾ അവിടെ വിളക്ക് തെളിയിച്ചിട്ടുണ്ടാവും. മൂത്തപെരുമണ്ണാൻ അവിടെ ''കുളിച്ചുപുറപ്പാടി''നുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. അതിങ്ങനെ.

കെട്ടി ച്ചുറ്റിയശേഷം വാദ്യക്കാർക്കും ദേശാവകാശികൾക്കും വെറ്റില കൊടുത്ത് അവരെ നമസ്കരിക്കുന്നു. തുടർന്ന് വാദ്യഘോഷത്തോടെ കാവിലേയ്ക്ക് പുറപ്പെടുന്നു. കാവുമുറ്റത്തെത്തിയ മൂത്തപെരുമണ്ണാനെ തറവാട്ടുകാരണവരും കോമരങ്ങളും അരിയെറിഞ്ഞ് സ്വീകരിക്കുന്നു. സ്വീകരണശേഷം മേലേക്കാവിലും താഴേക്കാവിലുമായി മൂന്നുവീതം പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണത്തിനൊപ്പം ദൈവങ്ങൾക്ക് മുമ്പിലെത്തി ആർത്തട്ടഹസിച്ച് സ്വയം അടങ്ങുന്നു.

തുടർന്ന് കയ്യിഷ്ടം വെച്ച് ഇടങ്ങഴി, നാഴി എന്നിവ വെള്ളരിവെക്കുന്നു. വെള്ളരി കാവിന്റെ അവകാശിയിൽ നിന്നുമാണ് വാങ്ങുന്നത്. അങ്ങനെ വാങ്ങി ഉടുത്ത പട്ടുവിരിച്ച് ഇലകളിൽ നറുക്കുവെച്ച് കാവുമുറ്റത്ത് പൂജ ചെയ്യുന്നു. ഈ പൂജ ശക്തിപൂജയ്ക്ക് സമാനമായാണ് കണക്കാക്കുന്നത്. മുറ്റത്തെ പൂജ തുടരുമ്പോൾ കൊമ്പ്, കുഴൽ, തുടി എന്നീ വാദ്യങ്ങളുമായി വാദകർ എത്തുന്നു. വാദ്യഘോഷങ്ങൾ മുഴങ്ങുമ്പോൾ ദൈവങ്ങളുടെ പേരുചൊല്ലിവിളിച്ചുണർത്തുന്നു. ശേഷം തോറ്റം ചൊല്ലി ഒടക്കു കഴിക്കുമ്പോൾ മൂത്തപെരുമണ്ണാന്റെ അനുയായികൾ കോട്ടയിലേയ്ക്ക് പോകുന്നു. അവിടെ ഒരു പ്രത്യേകസ്ഥാനം വില്ലികൾക്കായി നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ട്. അങ്ങോട്ട് കെട്ടുമുണ്ടടക്കമുള്ള പൂജാസാധനങ്ങളുമായി മൂത്തപെരുമണ്ണാനെത്തുന്നു. അവിടെ ദ്രാവിഡവൃത്തത്തിൽ പൂജചെയ്ത് വില്ലികളെ ബന്ധിക്കുന്നു. തുടർന്ന് അരിയും പൂവുമിട്ട് മൂന്നുപ്രാവശ്യം അട്ടഹാസം മുഴക്കി കാവിലെത്തുന്നു. കാവിലെ ഓരോ പ്രത്യേകസ്ഥാനത്തുമെത്തി അട്ടഹാസം മുഴക്കി സ്വയം സമർപ്പിക്കുന്നു. തുടർന്ന് അണിയറപൂജയാണ്. അണിയറപൂജയ്ക്കുശേഷം വെള്ളാട്ടു കോലങ്ങൾക്കുള്ള എഴുത്ത് നടത്തുന്നു. ഈ സമയം കാവിൽ മേളം കൊട്ടിക്കൊണ്ടിരിക്കുന്നു. വെള്ളാട്ടക്കോലങ്ങൾക്കുള്ള എഴുത്തു പൂർത്തിയായതിനുശേഷം വെള്ളാട്ട് കോലം പുറപ്പെട്ടുവന്ന് കാവുമുറ്റത്തുനിന്ന് തുടിയുടെ താളത്തിൽ അണിയിലം വെക്കുന്നു. തുടർന്ന് ദേവീദേവന്മാരെയും ഉപദൈവങ്ങളെയും അഷ്ടദിക്കുകളെയും വന്ദിക്കുന്നു. അങ്ങനെ വന്ദിച്ച് മുഖം തിരിച്ച് ദൈവത്തിന്റെ മുമ്പിലെത്തുന്നു. ദൈവത്തിന്റെ മുമ്പിലെത്തുമ്പോഴേയ്ക്കും ചെണ്ടമേളം നിർത്തി തുടിതാളം ആരംഭിക്കുന്നു. തുടിതാളത്തിൽ കോലം ആട്ടം തുടങ്ങുന്നു. തുടിതാളത്തിനു ശേഷം വീണ്ടും ചെണ്ടയുടെ താളത്തിൽ ആട്ടം തുടരുന്നു. ആട്ടത്തിനവസാനം തിരുമുമ്പിലെത്തി അരിയും പൂവും ചാർത്തി ദൈവദർശനം ആവാഹിക്കുന്നു. ഈ ആവാഹനത്തോടെ കനലാട്ടം നടത്തി സ്വയം സമർപിച്ച് അണിയിലമെടുക്കുന്നു.

വെള്ളരിക്രിയ

അണിയിലം എടുത്തതിനുശേഷം തുടിയുടെ താളത്തിൽ ഒടക്കിനുള്ള തോറ്റം തുടങ്ങി, വെള്ളരിക്രിയ ആരംഭിക്കുന്നു. അതിനായി കാരണവരോട് പൂവും ചന്ദനവും പുണ്യാഹവും വാങ്ങി ശുദ്ധിവരുത്തുന്നു. തുടർന്ന് അരിയെടുത്ത് ഭക്തിപൂർവം ദൈവത്തെ ഉഴിയുന്നു. വെറ്റില, അടയ്ക്ക, പഴം, നാളികേരം എന്നിവയും സമർപണഭാവത്തോടെ ദൈവത്തെ കാട്ടുന്നു. ശേഷം അരിയും പൂവുമെടുത്ത് നമസ്കരിക്കുന്നു. ശേഷം കാരണവരിൽനിന്ന് മൂന്നുപ്രാവശ്യം വെറ്റില വാങ്ങി ഇരുഭാഗങ്ങളും നുള്ളുന്നു. തുടർന്ന് നാലുഭാഗത്തുമായി ദൈവങ്ങൾക്ക് മൂന്നു കഷണം ഇലച്ചീന്തുകൾ വെക്കുന്നു. ആ ഇലച്ചീന്തുകളിന്മേൽ വെറ്റിലകളും വെക്കുന്നു. ഒരു കൈവെറ്റില തുടിക്കാർക്ക് നൽകുന്നു. ഒരു കൈവെറ്റില കാവിന്റെ കാരണവരിൽനിന്ന്, വാങ്ങി അദ്ദേഹത്തിനുതന്നെ തിരിച്ചുനൽകുന്നു. പിന്നീട് കൈത്തേങ്ങ ഇരുകൈകളിലും വാങ്ങി എല്ലാ ദൈവങ്ങളുടെയും മുമ്പിൽ ഭക്തിപൂർവം കാണിക്കുന്നു. ശേഷം നാളികേരത്തിന്റെ ഇരുഭാഗങ്ങളും മുട്ടി പിന്നോട്ടിടുന്നു. വീണ്ടും രണ്ടുമണി അരിയെടുത്ത് ആയുധത്തിലിട്ട് ആയുധമെടുത്ത് ദർശനഭാവത്തിൽ കൽപനകൾ പുറപ്പെടുവിക്കുന്നു (വെട്ടുവാചകം പറയുന്നു.) കൽപനകൾക്കുശേഷം ആയുധവുമായിത്തന്നെ ഒരുവട്ടം പ്രദക്ഷിണം ചെയ്യുന്നു. പ്രദക്ഷിണശേഷം ആയുധം തിരുനടയിൽവെച്ച് അരിയും പൂവുമിട്ട് നമസ്കരിക്കുന്നു. അതോടെ ചടങ്ങുകൾ പൂർണമാകുന്നു. മറ്റുവെള്ളാട്ടുകളുടെ സമാപനവും ഇങ്ങനെയാണ്.

ഭഗവതിക്ക് അരിയും പൂവുമെടുക്കൽ

സന്ധ്യയോടുകൂടിയാണ് ഭഗവതിയുടെ വെള്ളാട്ട് ആരംഭിക്കുന്നത്. ആദ്യമായി ഭഗവതിക്കോലം കെട്ടുന്നവ്യക്തി കാവിന്റെ മുമ്പിലെത്തി തൊഴുതുകുമ്പിട്ടതിനുശേഷം അണിമറയിലെത്തുന്നു. അവിടെ തുണികൊണ്ട് അടുക്കുടുത്ത് കച്ചകെട്ടി കാവിന്റെ മുമ്പിൽവന്നുനിന്ന് തീർഥം വാങ്ങി ശുദ്ധിവരുത്തുന്നു. ശുദ്ധിവരുത്തിയശേഷം തിരുമുമ്പിൽ നാക്കിലയിൽ വെച്ചിട്ടുള്ള കെട്ടുമുണ്ട്, അരിയും പൂവും, ചന്ദനം, ചുവപ്പ് എന്നിവ നാക്കിലയോടുകൂടി ദൈവത്തെ മൂന്നുപ്രാവശ്യം ഉഴിഞ്ഞെടുക്കുന്നു. പെരുമണ്ണാൻ കാരണവർ തോർത്തുമുണ്ടെടുത്ത് നടുവ്

മടക്കി കോണോടുകോൺ വീണ്ടും മടക്കി നടുവിൽ പിടിച്ച് മൂന്ന് പ്രാവശ്യം തലയ്ക്കും ദേഹത്തും ഉഴിഞ്ഞ് കെട്ടുമുണ്ട് കെട്ടിക്കൊടുക്കുന്നു. ശേഷം ചുവപ്പ് അരയിൽ കെട്ടിക്കൊടുക്കുന്നു. തുടർന്ന് കുറിയും വരച്ച് കൊടുക്കുന്നു. പിന്നീട് പള്ളിവാളും ശൂലവും കാരണവരിൽനിന്ന് വാങ്ങി പ്രാർഥിച്ചു നിൽക്കുമ്പോൾ ഭഗവതിയുടെ തോറ്റം ചൊല്ലി ഒടക്ക് തുടങ്ങുന്നു. തോറ്റം അവസാനിക്കുമ്പോൾ ദർശനവും അനുഗ്രഹവും ലഭിക്കുന്നു. അതോടെ മൂന്നുപ്രാവശ്യം അട്ടഹസിക്കുന്നു. തുടർന്ന് ഉപദേവന്മാർക്കുമുമ്പിലും കൂക്കിവിളിച്ച് ആർത്തട്ടഹസിച്ച് പ്രദക്ഷിണം നടത്തി മേൽക്കാവിലേയ്ക്കോ എഴുതുന്ന ഇടത്തേയ്ക്കോ പോകുന്നു.



ഭഗവതി തിറ

പിന്നീട് തുളച്ചുകൂട്ടിപ്പന്തലിൽ സ്വസ്തികക്കളം വരച്ച് നിവേദ്യങ്ങളും പാലും പൊടിയും സമർപിച്ച് പൂജ ചെയ്യുന്നു. പൂജയ്ക്കുശേഷം കോടിമുണ്ടെടുത്ത് മുകളിൽ കൂറവലിക്കുമ്പോലെ താഴെ കളം മൂടുന്നു. തുടർന്ന് ഈ പൂജചെയ്ത വ്യക്തികളം മൂടിയ കോടിമുണ്ടിൽ അരിയും പൂവും സമർപിക്കുന്നു.

ഇവിടെ ദേവിക്ക് താലപ്പൊലി കത്തിക്കാൻ നിശ്ചയിച്ചുറപ്പിച്ച സ്ഥലമുണ്ട്. സാധാരണ അവിടെയാണ് കെട്ടിയുറപ്പിക്കുന്നത്. എന്നാൽ അവിടെ അതിന് സൗകര്യമില്ലെങ്കിൽ അണിറയിൽ വെച്ചും വേഷം ഒരുങ്ങാറുണ്ട്.

ദേവിക്ക് താലപ്പൊലി കത്തിക്കാൻ നിശ്ചയിച്ചുറപ്പിച്ച സ്ഥലത്ത് വാദ്യമേളങ്ങളോടെ താലപ്പൊലി കത്തിച്ചതിനുശേഷം ഭഗവതിക്കോലങ്ങളുടെ വെള്ളാട്ട് പുറപ്പെടുന്നു. വാദ്യമേളങ്ങളുടെ അകമ്പടിയിൽ കോലവും താലപ്പൊലിയേന്തുന്നവരും മറ്റു ഭക്തരുമെല്ലാം തിരുമുമ്പിലെത്തിയതിനുശേഷം കോലം മൂന്നുപ്രാവശ്യം ഭഗവതിയെ കുമ്പിട്ട് നമസ്കരിക്കുന്നു. മൂന്നാം പ്രാവശ്യം കുമ്പിട്ടുകഴിഞ്ഞാൽ ഭഗവതിയുടെ തിരുമുമ്പിൽ താലപ്പൊലികൾ ചൊരിയുന്നു. താലപ്പൊലികളെല്ലാം ചൊരിഞ്ഞതിനുശേഷം കോലക്കാരൻ വീട്ടുതാലപ്പൊലിവാങ്ങി ദേവീനൃത്തം ചെയ്ത് വീട്ടുതാലപ്പൊലി ദേവിക്ക് സമർപിക്കുന്നു. വീട്ടുതാലപ്പൊലി സമർപ്പണത്തിനുശേഷം കാരണവർ പാലും പൊടിയെടുത്ത് കോലക്കാരന് നൽകുന്നു. പാലുംപൊടി ശ്ലോകം ചൊല്ലിയതിനുശേഷം ചെണ്ടയുടെ താളത്തിനനുസരിച്ച് കളത്തിന്റെ അഷ്ടദിക്കുകളിൽ ഓരോന്നായി പാലും പൊടി, മുക്കണ്ണിനൃത്തത്തോടെ സമർപിക്കുന്നു. സമർപണത്തിന്റെ അവസാനം ദർശനം കിട്ടി അട്ടഹാസം മുഴക്കുമ്പോൾ അനുയായി കോലത്തെ പിടിച്ചടക്കുന്നു. ചിലയിടങ്ങളിൽ പാലും പൊടി സമർപണത്തിനുശേഷം ഗുരുതിതർപണവും നടക്കാറുണ്ട്.

തുടർന്ന് തിറത്താളം തുടങ്ങുന്നു. തിറത്താളത്തിനവസാനം മഞ്ഞപ്പൊടി ആരാധനയാണ്. മഞ്ഞപ്പൊടി ആരാധനയോടുകൂടി കോലം അടങ്ങിപ്പാർക്കുന്നു.

തുടർന്ന് ഭക്ഷണം. ഭക്ഷണശേഷം തായമ്പക.

തായമ്പകയ്ക്ക് ശേഷം പരദേവതയ്ക്ക് അരിയും പൂവുമെടുക്കുന്ന ചടങ്ങാണ്. ഈ ചടങ്ങിനുശേഷമാണ് എറയക്കളി. പന്തലാട്ടം എന്നും എറയക്കളിക്ക് പേരുണ്ട്.

എറയക്കളിയുടെ അവസാനം കരിയാത്തൻതിറ പുറപ്പാടാണ്. കരിയാത്തൻ തിറ പുറപ്പെടുന്നതിനുമുമ്പായി നായാട്ട്, വേശീപുറപ്പാട് തുടങ്ങിയവയുമുണ്ടാകും. തിറയെ സ്വീകരിക്കാൻ തറവാട്ടുകാരണവരും അനന്തിരവരും കിണ്ടിയും കൂത്തുവിളക്കുമായി തിരുമുമ്പിലെത്തുന്നു. ദൈവത്തെ വണങ്ങിയതിനുശേഷം പ്രദക്ഷിണം നടക്കുന്നു. പ്രദക്ഷിണശേഷം ആദ്യം ചെണ്ടമേളത്തിൽ തിറയാട്ടം തുടങ്ങുന്നു. ശേഷം ചെണ്ടയുടെ താളം നിർത്തി തുടിതാളത്തിൽ തിറയാട്ടം തുടരുന്നു. തുടർന്ന് തുടിയുടെ താളം നിർത്തി വീണ്ടും ചെണ്ടയുടെ താളത്തിൽ ആട്ടം തുടരുന്നു. ആട്ടം പൂർണമായതിനുശേഷം പഞ്ചായുധത്തിന്റെ നാദവിന്യാസത്തിൽ പീഠം കയറുന്നു. പീഠനൃത്തത്തിനുശേഷം മുടിയെടുത്ത് അഞ്ചടി ചൊല്ലുന്നു. അതിനുശേഷം കോലക്കാരന്റെ വെള്ളരിക്രിയ മുൻപറഞ്ഞതുപോലെ നടത്തി വാളെടുത്ത് തൊഴുത് അരിയും പൂവുമിട്ട് അണിയറയിലേക്ക് മടങ്ങുന്നു.

അതിനുശേഷം ഊരായ്മകളെല്ലാവരും നാളികേരം കയ്യിലേന്തി കാവിന് പ്രദക്ഷിണം വെക്കുമ്പോൾ തുടിക്കാർ വഴിനടത്തോറ്റം ചൊല്ലുന്നു. മൂന്നുപ്രദക്ഷിണം പൂർത്തിയാകുമ്പോൾ നാളികേരം എറിഞ്ഞുടയ്ക്കുന്നു.

ശേഷം കോലക്കാരൻ മേൽക്കച്ച മാറ്റി ചാന്തണിയാൻ തയ്യാറാകുന്നു. മുൻപറഞ്ഞതുപോലെ പൂവും ചന്ദനവും തീർഥവും നൽകിശുദ്ധിവരുത്തി ദൈവങ്ങളെയും ഉപദൈവങ്ങളെയും കുമ്പിട്ടു തൊഴുതതിനുശേഷം ചാന്തിനായി കൈ കാണിക്കുന്നു. ചാന്ത് അണിഞ്ഞ ശേഷം ദർശനം ലഭിച്ച കോലം നാനാദിക്കുകളിലേയ്ക്കും ഓടുന്നു. അതോടൊപ്പം തുടിയുടെ താളത്തിൽ ചാന്ത് തീരുന്നതുവരെയും ചാന്ത് തേക്കുന്നു. ചാന്ത് തേക്കുന്നതിനനുസരിച്ച് ആടുകയും ഓടുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ദേശക്കാരെയും തമ്പ്രാക്കളെയും അനന്തിരവരെയും ചാന്ത് അണിയിക്കുന്നുമുണ്ട്, ഭിത്തികളിൽ കൈ പതിക്കുന്നുമുണ്ട്. തുടർന്ന് വർദ്ധിതവീര്യത്തോടെ ആടുകയും ഓടുകയും ചെയ്യുന്ന കോലക്കാരനെ പിടിച്ചടക്കുന്നു. ശേഷം കോലക്കാരന് ഊരായ്മക്കാർ പണവും വെറ്റിലയും പുടവയും നൽകുന്നു. തുടർന്ന് ദർശനം ലഭിച്ച കോലക്കാരൻ വാളെടുത്ത് പറഞ്ഞാർപ്പിക്കുന്നു. (വെട്ടുവാചകം പറയുന്നു) അതോടെ സ്വയം സമർപിക്കുന്നു. തുടർന്ന് മറ്റു തിറകളെല്ലാം അവസാനിച്ചതിനുശേഷം മുണ്ട്യൻ തിറയ്ക്കുമുമ്പായി ഭഗവതിത്തിറ ആരംഭിക്കുന്നു.

ഭഗവതിത്തിറ

ബ്രഹ്മമുഹൂർത്തത്തിനുമുമ്പായി ഭഗവതിത്തിറയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നു. സാധാരണപോലെ അരിയും പൂവുമെടുത്ത് കോലം അണിമറയിൽ അണിഞ്ഞൊരുങ്ങുന്നു. ഈ സമയം അരിത്താലപ്പൊലി കത്തിക്കുന്നിടത്തേയ്ക്ക് എല്ലാവരും പോകുന്നു. അരിത്താലപ്പൊലി കത്തിച്ചുവരുമ്പോൾ ഭഗവതിക്കോലം മുഖത്ത് മഞ്ഞതേച്ച് കണ്ണെഴുതി ഭഗവതിമുടി അണിഞ്ഞ് നാവുനീട്ടി രൗദ്രഭാവത്തിൽ കയ്യിൽ വാൾ, ശൂലം, കൊടിനറുക്ക് എന്നിവയുമായി താലപ്പൊലിയെ എതിരേൽക്കുന്നു.

തുടർന്ന് മൂന്ന് പ്രദക്ഷിണത്തിനുശേഷം താലപ്പൊലി ചൊരിയുന്നു. താലപ്പൊലി ചൊരിഞ്ഞതിനുശേഷം ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം ദർശനം. ദർശനസമയത്ത് രൗദ്രഭാവത്തിൽ നാലുപാടും ഓടി രൗദ്രഭാവത്തിന്റെ മൂർദ്ധന്യത്തിൽ ''കോഴിപിടുത്തം'' നടത്തുന്നു; കോഴിയുമായി കോഴിയെ അറുക്കാൻ നിശ്ചയിച്ച സ്ഥലത്തേയ്ക്ക് ഓടുന്നു. കോഴിയേയുമായി കോലം അവിടെ എത്തുമ്പോഴേയ്ക്കും മൂത്തപെരുമണ്ണാൻ ഗുരുതികുട്ടി ഇല ചുവപ്പിച്ച് നവഖണ്ഡം വെട്ടി മധ്യമകർമത്തിൽ നറുക്കും തിരിയും വെച്ച് പൂജ ചെയ്യുന്നു. തുടർന്ന് കോല

ക്കാരനിൽനിന്ന് കോഴി വാങ്ങി, കോലക്കാരനെ ഉഴിഞ്ഞെടുത്ത് അറവിനുള്ള ശ്ലോകം ചൊല്ലി കോഴിയെ അറുക്കുന്നു. കോഴിയുടെ വലതുകൊറക് കോഴിയെ നൽകിയ ഊരായ്മയ്ക്ക് കൊടുക്കുന്നു. അതോടെ ഈ കർമം പൂർത്തിയാകുന്നു. തുടർന്ന് മുണ്ട്യൻ തിറയ്ക്കുള്ള ഒരുക്കങ്ങളായി.

മുണ്ട്യൻതിറ

അണിമറയിൽ നിന്ന് പീലിമുടി വെച്ച തിറക്കോലം തുടിയടക്കമുള്ള എല്ലാ വാദ്യഘോഷങ്ങളോടുംകൂടി കാവിന്റെ തിരുമുമ്പിലേയ്ക്ക് പുറപ്പെടുന്നു. തിരുമുമ്പിൽ ദൈവത്തിന് അരിയും പൂവും ചാർത്തി പ്രാർഥിച്ച് പ്രദക്ഷിണത്തോടുകൂടി മുറ്റത്തെത്തുന്നു. തിരുമുറ്റത്തെത്തിയ കോലം ചെണ്ടയുടെയും തുടിയുടെയും താളത്തിൽ കുറച്ചുസമയം ആടുന്നു.

തുടർന്ന് പൂർവികമായി ചെയ്തുപോരുന്ന സ്ഥലത്ത് വിളക്കുവെച്ച് ഇടങ്ങഴിയും നാഴിയും നിറച്ചുവെച്ച് രണ്ട് നാക്കിലയിൽ നെല്ലും രണ്ട് നാക്കിലയിൽ വെള്ളരിയും അരിയും വെയ്ക്കുന്നു. വെള്ളരി അരിയിൽ വെറ്റില, അടയ്ക്ക, പഴം, ശർക്കര, ഓരോ നാളികേരം വീതവും ഉണ്ടാകും. ഒപ്പം ഇളനീരമൃതം ഉണ്ട്. തുടർന്ന് മൂത്ത പെരുമണ്ണാൻ ശക്തിപൂജ ചെയ്യുന്നു. പൂജയ്ക്ക് ശേഷം കോലക്കാരൻ ആയുധവുമായി എത്തുന്നു. അപ്പോൾ തണ്ടാൻമാർ കള്ളുകലശവുമായെത്തുന്നു. തുടർന്ന് ചെണ്ടക്കാരും കള്ളുകലശമേന്തിയ തണ്ടാന്മാരും ഊരായ്മകളും കാവിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു. പ്രദക്ഷിണശേഷം മൂത്ത പെരുമണ്ണാൻ തണ്ടാന്മാരുടെ കൈയിൽ നിന്ന് കള്ളുകലശം വാങ്ങി നാക്കിലയിലെ നെല്ലിൽ വെയ്ക്കുന്നു. ഓരോ കള്ളുകലശത്തിനും അഞ്ചുനറുക്കുവീതം കലശത്തിനു ചുറ്റും വെയ്ക്കുന്നു. നറുക്കൂട്ടുന്നതിനായി തലേദിവസത്തെ പുഴുക്കടക്കം നറുക്കിലുണ്ടാകും. അങ്ങനെ നറുക്കൂട്ടിക്കഴിഞ്ഞാൽ ഇളനീര് സമർപിച്ചതിനുശേഷം ആയുധമെടുത്ത് കള്ളുകലശത്തിൽ മുക്കി നറുക്കിൽ വീണ്ടും സമർപിക്കുന്നു.

തുടർന്ന് എല്ലാവരും കൂടി അരിയും പൂവും സമർപിക്കുന്നു. തുടർന്ന് എല്ലാവർക്കും പ്രസാദം നൽകുന്നു. ശേഷം തണ്ടാന്റെ അവകാശമായ നെല്ലും വെള്ള രിയും മൂത്തപെരുമണ്ണാൻ തണ്ടാന് നൽകുന്നതോടൊപ്പം കാവിന്നുടയോർ ദക്ഷിണയും നൽകി തണ്ടാനെ സന്തോഷപൂർവം പറഞ്ഞയയ്ക്കുന്നു.

കുടികൂട്ടൽ

കുടികൂട്ടലിനായി മൂത്തപെരുമണ്ണാൻ കുളിച്ച് ശുദ്ധിയായി വരുന്നു. തുടർന്ന് വിളക്കും നിറനാഴിയും വെക്കുന്നു. നാക്കിലയിൽ നെല്ലും വെള്ളരി അരിയും കയ്യിഷ്ടം വെക്കുന്നു. കൂടെ ഒരു നാളികേരവുമുണ്ട്. മൂത്ത പെരുമണ്ണാൻ കയ്യിഷ്ടമെടുത്ത് രാശിനോക്കി ഫലം പറയുന്നു. ശേഷം പുറത്തുവെച്ച നാളികേരവും അരിയും പൂവുമെടുത്ത് കാവിന്റെ കാരണവർക്ക് കൊടുക്കുന്നു. കാരണവരും അനന്തിരവരും മറ്റ് എല്ലാവരും കൂടി പ്രാർഥിച്ചുനിൽക്കുമ്പോൾ മൂത്തപെരുമണ്ണാൻ കുടികൂട്ടൽ മന്ത്രം ഉരുവിടുന്നു. ശേഷം പഞ്ചായുധത്തിന്റെ നാദത്തോടെ നാളികേരം പൊട്ടിച്ച് പിന്നോട്ടിടുന്നു. അതോടെ നട അടയ്ക്കുന്നു. നട അടച്ചശേഷം നെല്ല് എടുത്ത് കാരണവർക്കുകൊടുത്തു കൊണ്ട് ഇങ്ങനെ പറയുന്നു.

"ഈ നെല്ല് പത്തായത്തിൽ സൂക്ഷിക്കുക. ഈ വിത്തുവിതച്ച് തറവാടിനും കൃഷിക്കും നാൽക്കാലികൾക്കും അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാകട്ടെ"

ശേഷം മൂത്തപെരുമണ്ണാൻ തോർത്തമുണ്ടുവിരിച്ച് ഒരു തലയ്ക്കൽ വെള്ളരരി വെച്ചുകെട്ടുന്നു. മറുതലയ്ക്കൽ നിറനാഴിയും വെച്ചുകെട്ടുന്നു. ഈ കെട്ടുകൾ ദൈവത്തിനുമുമ്പിൽ വെച്ച് സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് "എനിക്കും എന്റെ അനന്തിരവർക്കും എന്തെങ്കിലും തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പ് നൽകി ഞങ്ങളെ കാത്തു രക്ഷിക്കണെ ഭഗവാനെ." എന്ന് അപേക്ഷിക്കുന്നു. തുടർന്ന് തോർത്തുകെട്ട് എടുത്ത് തലയിൽ വെച്ച് ഒരു പ്രദക്ഷിണം വെച്ചുകൊണ്ട് അണിയറയിലേയ്ക്ക് പോകുന്നു. ശേഷം വില്ലികളെ മോചിപ്പിക്കുന്നു.



നെടുങ്ങോട്ടൂർ രവീന്ദ്രൻ

(പയമ്പ്ര മേഖലയിലെ തിറയാട്ടത്തിന്റെ ഗുരുവായ തെക്കെ മണ്ണാറയ്ക്കൽ ഗോവിന്ദൻ എന്നവരുടെ പിൻഗാമി.



തെക്കെ മണ്ണാറക്കൽ ഗോവിന്ദൻ

നെടുങ്ങോട്ടൂർ, എടക്കാട്, കുരുവട്ടൂർ, പയമ്പ്ര പ്രദേശങ്ങളിലെ തിറയാട്ടരീതികൾ വിശദീകരിക്കുന്നത് തിറയാട്ടകലാകാരനായ ശ്രീ നെടുങ്ങോട്ടൂർ രവിയാണ്. പത്താം വയസ്സിൽത്തന്നെ അച്ഛച്ചനായ കുട്ടപ്പയിൽ നിന്നാണ് തിറയാട്ടപഠനം തുടങ്ങിയത്. തുടർന്ന് എടക്കാട്ടുമാധവൻ എന്ന ഗുരുവിൽ നിന്ന് തിറയാട്ടപഠനം പൂർത്തിയാക്കി, കൊല്ലനാറമ്പത്ത് ഭഗവതിക്കാവിൽ പുത്തൻമുടി വെച്ചു. കുട്ടിച്ചാത്തനാണ് ആദ്യം കെട്ടിയാടിയവേഷം. എല്ലാവേഷങ്ങളും കെട്ടിയാടുമെങ്കിലും കണ്ഠാകർണനും ഭഗവതിയുമാണ് പ്രത്യേക വേഷങ്ങൾ.

മുൻപറഞ്ഞ പ്രദേശങ്ങളിലെ ചില കാവുകളിൽ രാവിലെയും മറ്റുചില കാവുകളിൽ വൈകുന്നേവുമാണ് തിറനിശ്ചയം നടത്തുന്നത്. ഈ പ്രദേശങ്ങളിൽ അവകാശിയായ മൂത്തപെരുമണ്ണാന് നൽകുന്ന സ്ഥാനപ്പേരാണ് – ചോപ്പൻ. തിറനിശ്ചയത്തിനായി ചോപ്പൻ കാവിലെത്തുമ്പോൾ നിലവിളക്കും നിറപറയും വെച്ച് ചോപ്പനെ സ്വീകരിച്ച് തറവാട്ടുകാരണവർ കയ്യിഷ്ടം വെക്കുന്നു. ഇവിടെയും സാധാരണപോലെ രാശി നോക്കി ചോപ്പൻ ഫലം പറയുന്നു. ഈ പ്രദേശങ്ങളിലധികവും 'കുറിത്തിറ'യാണ് ഉണ്ടാകാറുള്ളത്. തിറയുറപ്പിച്ച ശേഷം കൊടിതൂക്കുകയും കണ്ഠാകർണന്റെ കോലം കെട്ടിയാടുന്ന വ്യക്തിയുടെ കഴുത്തിൽ ഒരു മാല അണിയിക്കുകയും ചെയ്യുന്നു. ഇവിടെ ചില നിബന്ധനകളുണ്ട്. കണ്ഠാകർണന്റെ കോലം കെട്ടിയാടുന്ന വ്യക്തി ഈ കാവിൽ കോലം കെട്ടിയാടുന്നതുവരെ വ്രതമെടുക്കണം; മറ്റൊരു കാവിലും കോലം കെട്ടിയാടാൻ പാടുള്ളതുമല്ല. മുൻപറഞ്ഞതുപോലെ കൊടിതൂക്കിക്കഴിഞ്ഞാൽ നിറത്തിന് പണവും കഞ്ഞിക്കുള്ള അരിയോ നെല്ലോ പണമോ നൽകുകയും ചെയ്യുന്നു. മറ്റ് ചില പ്രത്യേകതകളുള്ളതിങ്ങനെ.

ഉത്സവത്തലേന്ന് തിയ്യരുടെ ചിലകാവുകളിൽ സന്ധ്യവേല ഉണ്ടാകാറുണ്ട്. അവിടെ നിറപറവെച്ച് കാവുണർത്തി മേളം കൊട്ടിക്കഴിഞ്ഞാൽ സന്ധ്യവേല എന്ന ചടങ്ങ് അവസാനിക്കുന്നു. അപൂർവമായി ചില കാവുകളിൽ നഷ്ടത്തിറ ഉണ്ടാകാറുണ്ട്. അതും ഉൽസവത്തലേന്നു തന്നെയാണ്. അവിടെയും കാവുണർത്തിക്കഴിഞ്ഞാൽ ഒരു വെള്ളാട്ട് കെട്ടിയാടുന്നു. അതോടെ നഷ്ടത്തിറയെന്ന ചടങ്ങ് അവസാനിക്കുന്നു. നഷ്ടത്തിറയ്ക്ക് വരുന്ന രണ്ട് ചെണ്ടക്കാർ രാവിലെയുള്ള കലശം എഴുന്നള്ളിപ്പിനായി കാവിടങ്ങളിൽ താമസിക്കാറുണ്ട്. എങ്കിൽ മാത്രമെ രാവിലെയുള്ള കലശം എഴുന്നള്ളിപ്പിന് കൃത്യമായി പുറപ്പെടാൻ കഴിയൂ.

ഉൽസവദിവസം രാവിലെ മൂത്ത പെരുമണ്ണാന്റെ വീട്ടിൽ ചെണ്ടക്കാരെത്തുന്നു. അങ്ങനെയെത്തി കഞ്ഞികുടിച്ചുകഴിഞ്ഞാൽ ഒരു പായയിട്ട് അതിന്മേൽ വെള്ളവസ്ത്രം വിരിച്ച് കറുപ്പുതുണിയിൽ പൊതിഞ്ഞ് ഒരു തുടി വെക്കുന്നു. കൂടാതെ മട്ടലു (മടൽ) കൊണ്ട് ഒരു ദണ്ഡുണ്ടാക്കി അതിൽ മഞ്ഞൾപൂശി, ചുവന്ന പൊട്ടുകൾ ചാർത്തി തുടിക്കരികിലും വെയ്ക്കുന്നു. ഈ സമയത്ത് മൂത്ത പെരുമണ്ണാത്തി വിളക്കും നിറപറയും വെച്ച് തൊഴുതുകുമ്പിടുന്നു. തുടർന്ന് ചോപ്പൻ സ്ഥാനം ലഭിച്ച മൂത്ത പെരുമണ്ണാൻ കുറി ചാർത്തി എഴുന്നേൽക്കുന്നു. അപ്പോൾ മൂത്തപെരുമണ്ണാത്തി ഒരു കെട്ടുവെറ്റില ചോപ്പനെ ഏൽപിക്കുന്നു. അദ്ദേഹം വെറ്റിലയുടെ



നാഗകാളി തിറ

എണ്ണം നോക്കി രാശി പ്രവചനം നടത്തുന്നു. ശേഷം ഗുരുകാരണവന്മാരുടെ അനുഗ്രഹവും വാങ്ങി വാദ്യക്കാർക്ക് സ്ഥാനവെറ്റിലകൾ നൽകുന്നു. അവർ അരിയെറിഞ്ഞ് മൂത്തപെരുമ ണ്ണാനെ അനുഗ്രഹിക്കുന്നു. തുടർന്ന് ''ഒരറിയിപ്പ് കൊട്ട്'' കൊട്ടുന്നു. അപ്പോൾ ഊരായ്മ ക്കാർ സമീപക്ഷേത്രത്തിൽ നിന്നോ ഇല്ലത്തുനിന്നോ കലശം ഏറ്റുവാങ്ങി രണ്ട് ചെണ്ടക്കാ രുടെ അകമ്പടിയോടെ ആഘോഷപൂർവം ചോപ്പന്റെ പടിക്കലെത്തുന്നു. അങ്ങനെ പടിക്ക ലെത്തുമ്പോൾ ചോപ്പൻ തുടി തോളിലിട്ട് മൂന്നുതവണ പഞ്ചായുധം മുഴക്കി മേലാപ്പിന്റെ കീഴിൽ കയറുന്നു. തറവാട്ടുകാരണവർ,ചോപ്പൻ, ഏറ്റവും പിന്നിൽ കലശമെടുക്കുന്നയാൾ, മറ്റ് അനുയായികൾ അങ്ങനെ എല്ലാവരും കൂടി വാദ്യഘോഷങ്ങളോടെ കാവിലേയ്ക്ക് പുറ പ്പെടുന്നു. അവിടെ കാവിന് പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണം അവസാനിക്കുമ്പോൾ ദ്രാവിഡവൃത്തത്തിൽ പൂജ ചെയ്യുന്നു. തുടർന്ന് ചോപ്പന് ദർശനം ലഭിക്കുന്നു. ദർശനത്തോടെ വാക്കെണ്ണി കൽപനകൾ പുറപ്പെടുവിക്കുന്നു. ഇതോടെ പെരുമണ്ണാൻ കാരണവരിൽ നിന്നും തുടിയും ശരത്ക്കോലും അനുയായികൾ വാങ്ങുന്നു. കലശമേന്തിയ വ്യക്തി എല്ലാ പ്രതിഷ്ഠ കളിലും അഭിഷേകം നടത്തുന്നു. ഇതോടെ ഈ ചടങ്ങുകൾ അവസാനിക്കുന്നു. ശേഷം കാവു മുറ്റത്ത് അരിത്തറയ്ക്കരികിൽ തിറയാട്ടത്തിനാവശ്യമായ പാള, കുരുത്തോല, ചൂടിക്കെ, പാന്ത കപ്പൊളി, വാഴത്തട തുടങ്ങിയ സാമഗ്രികൾ ഊരായ്മക്കാർ വെക്കുന്നു. അവിടെ ചോപ്പൻ പൂജ ചെയ്ത് കയ്യിഷ്ടമെടുത്ത് ഫലം പറയുന്നു. തുടർന്ന് അനുയായികൾ ഈ സാമഗ്രിക ളെല്ലാമെടുത്ത് അണിയറയിലേയ്ക്ക് പോകുന്നു. അവിടെ അണിമറ പൂജ ചെയ്ത് ഗുരുകാര

ണവന്മാരെ വന്ദിച്ചതിനുശേഷം തുടി, ഇലത്താളം, പഞ്ചായുധം എന്നിവ ഉപയോഗിച്ച് എല്ലാ ദൈവങ്ങളുടെയും പേരിൽ തോറ്റം ചൊല്ലി ഒടക്ക് നടക്കുമ്പോൾത്തന്നെ കാവിന്റെ കാരണവർ എല്ലാ തറയിലും നാളികേരമുടച്ച് നാളികേരത്തിന്റെ ഇരുമുറികളും വെള്ളരിയുടെ ഇരുവശങ്ങളിലുമായി വെച്ച് തിരുടാടനിവർത്തിവെയ്ക്കുന്നു.

തുടർന്ന് ചെണ്ടമേളമാണ്. ഈ ചെണ്ടമേളത്തിൽ ആദ്യവെള്ളാട്ടിനുള്ള അരിയും പൂവുമെടുക്കുന്നു. ഇതോടൊപ്പം തന്നെ ആദ്യ വെള്ളാട്ടിനുള്ള എഴുത്ത് തുടങ്ങുകയും ചെയ്യുന്നു. എഴുത്തിനാവശ്യമായ മഞ്ഞളരച്ചതും അരിയരച്ചതും ഊരായ്മകൾ തന്നെയാണ് നൽകുന്നത്. മറ്റു പല സ്ഥലങ്ങളിലും എഴുത്തിനുള്ള സാമഗ്രികൾ പെരുമണ്ണാൻ തന്നെയാണ് കൊണ്ടുവരുന്നത്.

കോലം പൂർണമാകുന്നതിന് ഈ പ്രദേശങ്ങളിൽ ചില ചിട്ടവട്ടങ്ങളുണ്ട്. അതിങ്ങനെ. ആദ്യവെള്ളാട്ടിൽ കോലം കുറിതൊട്ട്, കണ്ണെഴുതി മഞ്ഞൾ തേച്ച് തുണിയുടുക്കുന്നു. പ്രായം കൂടിയ വ്യക്തിയാണെങ്കിൽ തുണിക്കുമേൽ കറുപ്പാണ് ചുറ്റേണ്ടത്. പ്രായം കുറഞ്ഞ വ്യക്തിയെങ്കിൽ തുണിക്കുമേൽ ചുവപ്പ് ചുറ്റണം. കോലം പൂർണതയിലെത്തിക്കഴിഞ്ഞാൽ, ഏത് ദേവന്റെ കോലമാണോ കെട്ടിയാടുന്നത് ആ ദേവന്റെ തറയ്ക്ക് മുമ്പിലെത്തി തൊഴുതുകുമ്പിട്ട് അണിയിലവും മുടിയും വെയ്ക്കുന്നു. ശേഷം കുന്തവും വാൽക്കണ്ണാടിയുമായി ചെണ്ടമേളത്തോടെ അഷ്ടദിക്ക്പാലകരെ വണങ്ങി ഒരു തവണ പ്രദക്ഷിണം വെയ്ക്കുന്നു. തുടർന്ന് ആട്ടമാണ്.

ആട്ടം അവസാനിച്ചുകഴിഞ്ഞാൽ അണിയിലമിറക്കുന്നു. അതിനുശേഷം അഞ്ചടി ചൊല്ലുന്നു. അഞ്ചടി ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ വെറ്റില, അടയ്ക്ക, നാളികേരം എന്നിവ സമർപിച്ച് വെള്ളരിക്രിയയാണ്. വെള്ളരിക്രിയയെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. വെള്ളരിക്രിയയുടെ അവസാനം ആയുധമെടുത്ത് വെട്ടുവാചകം പറയുന്നതോടെ ഈ ചടങ്ങ് അവസാനിക്കുന്നു.

മലദൈവക്കാവുകളിലെ വെള്ളാട്ടുകളെപ്പറ്റിയാണ് ഈ പറഞ്ഞത്. കുലവനൊഴികെയുള്ള എല്ലാ മലദൈവക്കാവുകളിലെ വൈള്ളാട്ടുകളുടെയും ചടങ്ങുകൾ ഇങ്ങനെതന്നെയാണ്. എന്നാൽ നാഗകാളി, കുട്ടിച്ചാത്തൻ, ഗുളികൻ വെള്ളാട്ടുകളും വ്യത്യസ്തമാണ്. കുലവൻ വെള്ളാട്ട് ഏറെ വ്യത്യസ്തം തന്നെ. അതിങ്ങനെ.

അണിയറയിൽ നിന്ന് അണിഞ്ഞൊരുങ്ങിയ കുലവൻ മദ്യപിച്ച ഭാവത്തിൽ തിരുമുറ്റത്തെത്തുന്നു. തിരുമുറ്റത്ത് ദൈവസന്നിധിയിലെത്തിക്കഴിഞ്ഞാൽ മദ്യപിച്ച ഭാവം മാറുന്നു. തുടർന്നാണ് ആട്ടം. ഇവിടെ കുലവൻ കോലത്തിന് കിരീടമില്ല എന്ന പ്രത്യേകതയുമുണ്ട്. ആട്ടത്തിനവസാനം വെട്ടും വെളിച്ചപ്പാടും (വെള്ളരരിക്രിയ) നടത്തുന്നതോടെ കോലം അടങ്ങിപ്പാർക്കുന്നു. പിന്നീടാണ് ''ചവിട്ടി പൂജ'' മദ്യം, അരിങ്ങാട് (പുഴുക്ക്), പപ്പടം എന്നിവയാണ് ചവിട്ടിപൂജയ്ക്കുള്ള പൂജാസാമഗ്രികൾ.

കുലവൻ വെള്ളാട്ടിനുശേഷം നായർ വെള്ളാട്ടാണ്.

നായർ വെള്ളാട്ട്

ഇവിടെ നായർവെള്ളാട്ടിന് ചില പ്രത്യേകതകളുള്ളതിങ്ങനെ:-

കാവിന് പുറത്ത് അധികം അകലെയല്ലാതെ ചടങ്ങുകൾക്കായി നിശ്ചയിക്കപ്പെട്ട ഒരു സ്ഥാനമുണ്ട്. അത് തറയോ ആൽത്തറയോ ആകാം. ഇവിടെ നിന്നാണ് അരിയും പൂവും കെട്ടുമുണ്ടും എടുക്കുന്നത്. മുഖത്തെഴുത്തും മേലെഴുത്തും ചമയങ്ങളുമെല്ലാം ഇവിടെ തന്നെ. അതായത് സാധാരണപോലെ അണിമറയിലല്ലെന്ന് ചുരുക്കം. എഴുത്തിനുശേഷം പെരുമണ്ണാൻ കാരണവർ കാവിലെത്തി ഊരായ്മയിൽ നിന്ന് മുറുക്കാൻ, വെള്ളിയിൽ തീർത്ത പടിയരഞ്ഞാണം, പണ്ട് പടയ്ക്ക് പോയ കാലത്ത് ഉപയോഗിച്ചതായി കരുതുന്ന കുന്തം, കഠാര തുടങ്ങിയവ വാങ്ങുന്നു.

മുൻപറഞ്ഞ നിശ്ചയിക്കപ്പെട്ട സ്ഥലത്ത് കോലം പൂർണമായി ഒരുങ്ങിയതിനുശേഷം പ്രൗഢഭാവത്തിൽ മുറുക്കിച്ചുവപ്പിക്കുന്നു. തുടർന്ന് വാദ്യഘോഷങ്ങളോടെ പുറപ്പെട്ട് തൊഴുതുകുമ്പിട്ട ശേഷം പെരുമണ്ണാൻ കാരണവരിൽ നിന്ന് കുന്തം വാങ്ങുന്നു. കുന്തം വാങ്ങിയതിനുശേഷം ഒരു പ്രത്യകതാളത്തിൽ പിന്നിലേയ്ക്ക് ചുവടുകൾ വെയ്ക്കുന്നു. അങ്ങനെ പിൻചുവടുകൾ വെച്ച് കാവിന്റെ പടിക്കലെത്തുന്നു. കാവിന്റെ പടിക്കൽ കോലത്തിന് കയറിനിൽക്കാനായി ഒരു സ്ഥാനം നേരത്തെതന്നെ നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ട്. ആ സ്ഥാനത്ത് നിന്നുകൊണ്ട് കോലം കയ്യും കലാശവും കാട്ടി വെള്ളാട്ട് അവതരിപ്പിക്കുന്നു.

തുടർന്ന് തിരുമുമ്പിലെത്തി അരിയും പൂവുമിട്ട് ഒരു തവണ കാവിനെ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം താളം ചവിട്ടിത്തുടങ്ങുന്നു. താളം ചവിട്ടിത്തുടങ്ങുമ്പോൾ കൈവശമുള്ള ആയുധം കാവിലേയ്ക്ക് കൊടുക്കുകയും അവിടെനിന്ന് പലിശയും വെള്ളിദണ്ഡും വാങ്ങുകയും ചെയ്യുന്നു. അങ്ങനെ വാങ്ങി ആട്ടം അവസാനിപ്പിച്ച ശേഷം വെള്ളാട്ട് സമർപിക്കുന്നു. സമർപണശേഷം വെള്ളരരിക്രിയ. വെള്ളരരിക്രിയയ്ക്ക്ശേഷം ഒരു കെട്ടുവെറ്റില തറവാട്ടിലെ മൂത്തകാരണവത്തിക്ക് നൽകുന്നു. വെറ്റില വാങ്ങിയ കാരണവത്തി കോലത്തിന് കിണ്ടിയിൽ പാല് നൽകുന്നു. ഇല ചീന്തിവെച്ച് അതിൽ അരിയിട്ട് കോലം പാലൂട്ടുന്നു; പാലൂട്ടിയ ശേഷം നമസ്കരിക്കുന്നു. നമസ്കാരശേഷം കാരണവത്തിയിൽ നിന്ന് സമ്മാനപ്പണം വാങ്ങി തിരുമുമ്പിലെത്തി ആയുധമെടുക്കുന്നു. ആയുധമെടുത്ത് പയറ്റുനടത്തുന്നു. പയറ്റുനടത്തുന്നതോടെ വെള്ളാട്ട് അവസാനിക്കുന്നു.

നായർവെള്ളാട്ടിനുശേഷമാണ് പൂക്കുട്ടി, കരിങ്കുട്ടിത്തിറകൾ. അതേപ്പറ്റി ഈ പുസ്തകത്തിലെ പുരാവൃത്തം എന്ന അധ്യായത്തിൽ കുട്ടിച്ചാത്തനെപ്പറ്റി പറയുന്നിടത്ത് വിശദീകരിച്ചിട്ടുണ്ട്. പൂക്കുട്ടി, കരിങ്കുട്ടി തിറകൾക്കുശേഷമാണ് താലപ്പൊലിയും ഭഗവതിത്തിറയും. താലപ്പൊലിക്കുശേഷം ഭക്ഷണം. തുടർന്ന് തായമ്പകയുടെ ഘോഷം മുഴങ്ങുമ്പോൾ ഭഗവതിക്കോലം കെട്ടിയാടുന്ന വ്യക്തി തിരുമുറ്റത്തുനിന്ന് അരിയും പൂവുമെടുത്ത് അണിമറയിലെത്തി അണിഞ്ഞൊരുങ്ങുന്നു. അപ്പോൾ ഒടക്കിനുള്ള ഒരുക്കങ്ങൾ തിരുമുമ്പിൽ നടക്കുന്നു. അതിനായി വിളക്ക്, നിറനാഴി എന്നിവയ്ക്കൊപ്പം ഏഴുനാക്കിലകളിലും ഉണങ്ങലരി, പഴം, ശർക്കര, നാളികേരം, ഒരു നാക്കിലയിൽ അവലും മറ്റൊരു നാക്കിലയിൽ മലരും വെക്കുന്നു. അവലും മലരും പ്രത്യേകമായി വെക്കുന്ന നാക്കിലകളിൽ പഴവും ശർക്കരയുമുണ്ടാകും. ഒരു ഇളനീരും സമീപം വെച്ചിട്ടുണ്ടാവും. അങ്ങനെ ഓടക്കിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാകുമ്പോൾ ഭഗവതിയുടെ തോറ്റം ചൊല്ലി ഒടക്ക് ആരംഭിക്കുന്നു. ഈ ഒടക്കിന്റെ അകമ്പടി വാദ്യങ്ങൾ ഒരു വലന്തലച്ചെണ്ട, ഒരു ഇലത്താളം, ഒരു കുഴൽ എന്നിവയാണ്. ഇവയുടെ ശബ്ദ വീചികളിലാണ് ഒടക്ക് തുടങ്ങി പൂർത്തിയാക്കുന്നത്.

ഇപ്പറഞ്ഞവയെല്ലാം തീയ്യരുടെ കാവുകളിൽ നടക്കുന്ന ചടങ്ങുകളാണ്. നായന്മാരുടെ കാവുകളിൽ നടക്കുന്ന ഒടക്ക് ഇതിൽ നിന്നും വ്യത്യസ്തമാണ്. നായന്മാരുടെ കാവുകളിലെ ഒടക്കിന് ''പറതട്ടിഒടക്ക്'' എന്നാണ് പേര്. പറതട്ടി ഒടക്കിനുള്ള നിവേദ്യങ്ങളെല്ലാം മേൽപറഞ്ഞതുതന്നെയാണ്. പറതട്ടി ഒടക്കിന്റെ മറ്റുവിവരങ്ങളിങ്ങനെ.

മൂന്നു ചെണ്ടക്കാർ അരയിൽ മദ്ദളം കണക്കെ ചെണ്ടകൾ കെട്ടിവെക്കണം. ഈ മൂന്നുപേരും അവരുടെ ശിരസ്സുകളിൽ ചുവപ്പ് തുണികെട്ടിയിരിക്കണം, നിർബന്ധമാണ്. അനുയായികൾക്കും ചുവപ്പുതുണി ശിരസ്സിൽ കെട്ടാവുന്നതാണ്. ഇവിടെ ഭഗവതിത്തോറ്റം ചൊല്ലുന്നത് പ്രത്യക തരത്തിലുള്ള ഈണത്തിലാണ്. ഇങ്ങനെ ഭഗവതിത്തോറ്റം ചൊല്ലിത്തുടങ്ങുമ്പോൾ ചെണ്ടക്കാർ വലതുകൈ പൊന്തിച്ച് ഇടതുവശത്തു കൂടെ കറക്കിക്കൊണ്ടുവന്ന് ചെണ്ടയിൽ മൂന്ന് കൊട്ടുകൊട്ടണം. ഇതേപോലെ ഇടതുകൈ പൊന്തിച്ചും മൂന്ന് കൊട്ടു കൊട്ടണം. ഇടതും വലതുമായി ഇങ്ങനെ മൂന്നുപ്രാവശ്യം കൊട്ടണം. തുടർന്ന് വലതുതിരിഞ്ഞ് മുൻപറഞ്ഞതരത്തിൽ കൊട്ടണം. വീണ്ടും ദൈവത്തിനു നേരെ തിരിഞ്ഞ് മൂന്നുകൊട്ടുകൊട്ടണം. ഇതേപോലെ വീണ്ടും ഇടതുതിരിഞ്ഞ് കൊട്ടണം. വീണ്ടും നടുക്കുകൊട്ടണം. ഇതോടെ നായന്മാരുടെ കാവുകളിലെ ഒടക്ക് തോറ്റം ചൊല്ലി അവസാനിക്കുന്നു.

തുടർന്ന് ഭഗവതിത്തിറയുടെ പുറപ്പാടാണ്. കോലം വാദ്യഘോഷങ്ങളോടെ അണിമറയിൽ നിന്ന് പുറപ്പെട്ട് പടിക്കലെത്തി "ചൊല്ലിപുറപ്പെടുവിച്ച്" രൗദ്രഭാവത്തിൽ ആയുധം ഏറ്റുവാങ്ങുന്നു. ആയുധം ഏറ്റുവാങ്ങിയ കോലം തിരുമുമ്പിലെത്തി ഭഗവതിയെ തൊഴുതുകുമ്പിട്ട് ഒരു തവണ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം ചൂട്ടുകളിയോടെ ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം താലപ്പൊലിക്ക് പുറപ്പെടുന്നു. താലപ്പൊലിയുടെ സന്നാഹങ്ങളെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. തിറക്കാരും കാവുകാരും അവകാശികളുമുൾപ്പെടെ എല്ലാവരും വാദ്യമേളങ്ങളോടെ താലപ്പൊലി കത്തിക്കുന്ന സ്ഥലത്ത് എത്തി താലപ്പൊലി കത്തിക്കുന്നു. ശേഷം കത്തിച്ച താലപ്പൊലികളുമായി മേളഘോഷത്തോടെ കാവിലേയ്ക്ക് പുറപ്പെടുന്നു. ഇവിടെയൊരു പ്രത്യേകതയുണ്ട്. ഭഗവതിക്കോലത്തിന് മേലാപ്പിനുകീഴിൽ വീട്ടുതാലപ്പൊലിയെടുക്കുന്ന കാരണവത്തിയുടെ അരികിലാണ് സ്ഥാനം. താലപ്പൊലി കാവിലെത്തി മൂന്ന് പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം വീട്ടുതാലപ്പൊലി ഒഴികെയുള്ളവ തിരുമുമ്പിൽ ചൊരിയുന്നു. തുടർന്ന് ഭഗവതിക്കോലം വീട്ടുതാലപ്പൊലി ഏറ്റുവാങ്ങി തിരുമുമ്പിൽ സമർപിക്കുന്നതോടെ താലപ്പൊലിയുടെ ചടങ്ങുകൾ അവസാനിച്ചു. ശേഷം മഞ്ഞപ്പൊടിയാരാധനയാണ്. മഞ്ഞപ്പൊടിയാരാധന പൂർണമാകുന്നതോടെ ദർശനം ലഭിച്ചകോലം അടങ്ങിപ്പാർക്കുന്നു.

തുടർന്ന് കാവിന്റെ കീഴ്വഴക്കമനുസരിച്ചുള്ള തിറയാട്ടമാണ്. ആട്ടം അവസാനിച്ചശേഷം മുടിയെടുക്കുന്നു. മുടിയെടുത്തശേഷം വെള്ളരിക്രിയയാണ്. അഞ്ചടിയുൾപ്പെടെയുള്ള അനുബന്ധകാര്യങ്ങളും വെള്ളാട്ടിൽ പറയുന്നതുപോലെ തന്നെ നടക്കുന്നു. ഇവിടെ ചാന്താട്ടമില്ല. എങ്കിലും ചാന്ത്, പൊട്ടുപോലെ നെറ്റിയിൽ ചാർത്തുന്നുണ്ട്.

ശേഷം കാവിൽ ആരാധിക്കപ്പെടുന്ന മലദൈവങ്ങളിലെ പ്രധാന തിറയൊഴികെയുള്ള എല്ലാ തിറകളും ആടിത്തീർക്കുന്നു. അങ്ങനെ ആടിത്തീർക്കുന്ന തിറകളിൽ കണ്ഠാകർണൻതിറ പുലർച്ചെ ബ്രഹ്മമുഹൂർത്തത്തിനുമുമ്പുതന്നെ പുറപ്പെടണം. അതൊരലിഖിത നിയമമാണ്. കണ്ഠാകർണൻതിറയ്ക്ക് മുമ്പ് നാഗകാളിത്തിറയുണ്ടെങ്കിൽ അത് ആടിയിരിക്കണമെന്നതും ഒരു നിയമം തന്നെ. നാഗകാളിക്കും കണ്ഠാകർണനും മുടിയേറ്റുന്ന ചടങ്ങിന് വ്യത്യസ്തതകളൊന്നുമില്ല. രണ്ടും ഒരേ പോലെയെന്നുചുരുക്കം. മുടിയേറ്റ് ചടങ്ങ് ഇങ്ങനെ.

മൂത്തപെരുമണ്ണാൻ പന്തം പിടിച്ച് കോലത്തെ ഉഴിഞ്ഞ്, പന്തത്തിൽ നിന്ന് കുരുത്തോലച്ചീളുകൊണ്ട് കരികുത്തിയെടുത്ത് കോലത്തിന് പൊട്ടുചാർത്തുന്നു. പൊട്ടുചാർത്തപ്പെട്ട കോലം, പെരുമണ്ണാൻ കാരണവരുടെ കാൽ തൊട്ടുവന്ദിക്കുന്നു. അങ്ങനെ വന്ദിക്കുമ്പോൾ കാരണവർ കോലത്തിന്റെ പുറം തടവുന്നു. വന്ദനത്തിനുശേഷം കോലം പെരുമണ്ണാനിൽ നിന്ന് പന്തം ഏറ്റുവാങ്ങുന്നു. ഈ ക്രിയ കാവിന്റെ കാരണവരിലൂടെയും ആവർത്തിക്കപ്പെടുന്നു. തുടർന്ന് അനന്തിരവരും അനുയായികളും കോലത്തിന്റെ കാൽതൊട്ടുവന്ദിക്കുന്നു. ശേഷം തിരുമുമ്പിലെത്തുന്നു. തിരുമുമ്പിലെത്തി എളങ്കോലം കുമ്പിട്ട് ദൈവത്തെ വണങ്ങി ഒരു തവണ കാവിനെ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണത്തിനൊടുവിൽ എളങ്കോലം ആട്ടം പൂർത്തിയാക്കുന്നു.

അടുത്തത് മുടിയേറ്റാണ്. അതിനായി കോലം തറവാട്ടുകാരണവരിൽ നിന്ന് രണ്ടു നാളികേരം വാങ്ങുന്നു. നാളികേരം പരസ്പരം മുട്ടിച്ചുകൊണ്ട് മുടിക്കുചുറ്റും മൂന്ന് പ്രദക്ഷിണം വെയ്ക്കുന്നു. മൂന്നാമത്തെ പ്രദക്ഷിണത്തിനൊടുവിൽ നാളികേരം പൊട്ടിച്ച് ആ വെള്ളംകൊണ്ട് മുടി ശുദ്ധിവരുത്തുകയും പൊട്ടിച്ച നാളികേരം പിന്നോട്ടിടുകയും ചെയ്യുന്നു. പിന്നീട് കോലം ആയുധമെടുത്ത് മൂന്നുപ്രാവശ്യം മുടിയുടെ നേരെ ഓങ്ങി അട്ടഹസിക്കുന്നു. മൂന്നാമത്തെ അട്ടഹാസത്തോടെ മുടിയേറ്റുന്നു. നാഗകാളിത്തിറയുടെ മുടിയേറ്റും ഇങ്ങനെതന്നെ. മുടി വെച്ചതിനുശേഷം ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം വാക്കെണ്ണിസ്വയം സമർപിച്ച് പിൻവാങ്ങുന്നു.

കാവിലെ അവസാനത്തിറയുടെ പുറപ്പാടാണ്, തുടർന്ന് അതിനായികോലം അണിമറയിൽ അണിഞ്ഞൊരുങ്ങുന്നു. ഒരുക്കം പൂർണതയിലെത്താറാകുമ്പോൾ അണിമറത്തോറ്റം ചൊല്ലിത്തുടങ്ങുന്നു. ഒരുക്കം പൂർണമാകുമ്പോൾ തോറ്റം ചൊല്ലിവാദ്യഘോഷത്തോടെ കോലം തിരുമുമ്പിലേയ്ക്ക് പോകുന്നു. തിരുമുമ്പിലെത്തി മുടിയേറ്റുന്നു. മുടിയേറ്റയതിനുശേഷം ഒരു

തവണ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം പീഠം കയറൽ ചടങ്ങ് മുമ്പ് പറഞ്ഞതുപോലെ നടക്കുന്നു. ശേഷം മുടിയെടുത്ത് സ്വയം സമർപിക്കുന്നു.

അടുത്തത് ''കുടികൂട്ടൽ'' ചടങ്ങാണ്. അതിനായി എല്ലാ തറകളിലും വെച്ചിട്ടുള്ള തിരുരാടകൾ എടുത്തുമാറ്റണം. അലങ്കാരമുൾപ്പെടെ അവിടെ വെച്ചിട്ടുള്ള എല്ലാ സാധനങ്ങളും മാറ്റി ശുദ്ധമാക്കണം. ശേഷം എല്ലാ തറകളിലും വെള്ളരിവെക്കണം. വെള്ളരിവെച്ചശേഷം തറവാട്ടുകാരണവർ ഓരോ തറയിൽനിന്നും നാളികേരമെടുത്ത് വെട്ടി ആ വെള്ളം കൊണ്ട് പ്രതിഷ്ഠകളിൽ അഭിഷേകം നടത്തുന്നു. നാളികേരമുറികൾ വെള്ളരിയുടെ ഇരുവശങ്ങളിലുമായി മലർത്തിവെക്കുകയും ചെയ്യുന്നു. എല്ലാ തറകളിലും അങ്ങനെ ചെയ്തതിനുശേഷം അദ്ദേഹം തിരുമുമ്പിലെത്തുന്നു. തറവാട്ടുകാരണവർ തിരുമുമ്പിലെത്തുമ്പോൾ മൂത്ത പെരുമണ്ണാൻ നാളികേരത്തിന്റെ ആൺമുറി കാരണവർക്ക് നൽകുന്നു. മൂത്തപെരുമണ്ണാൻ അവിടെ തോർത്ത് വിരിച്ച് പെൺമുറിയും അരിയും തോർത്തുമുണ്ടിലിടുകയും ചെയ്യുന്നു. എല്ലാ തറകളിലും ഈ ക്രിയ ആവർത്തിക്കുന്നു. അങ്ങനെ എല്ലാ തറകളിലും ആവർത്തിച്ച് തിരുമുമ്പിലെത്തി അരിവാരി ഊരായ്മകൾക്ക് നൽകുന്നു. ഊരായ്മകൾ ആ അരിയെറിഞ്ഞുകൊണ്ട് കാവിന് ഒരു പ്രദക്ഷിണം വെയ്ക്കുന്നു. കൊമ്പിന്റെ ശബ്ദസാന്നിധ്യത്തിലാണ് ഈ പ്രദക്ഷിണം. പ്രദക്ഷിണം തിരുമുമ്പിലെത്തിയതിനുശേഷം എല്ലാവരും കൂട്ടപ്രാർഥനനടത്തി, തങ്ങളുടെ ഭാഗത്തുനിന്നുണ്ടായ എല്ലാ തെറ്റുകുറ്റങ്ങൾക്കും മാപ്പുനൽകണേയെന്ന് ദൈവത്തോട് പ്രാർഥിക്കുന്നു. മാപ്പ് അപേക്ഷിച്ച പ്രാർഥനയെത്തുടർന്ന്, തറവാടിനും ''തറവാട്ടത്ത് ലോകർക്കും'' കുഞ്ഞുകുട്ടികൾക്കും കന്നുകാലികൾക്കും കൃഷിക്കും ഐശ്വര്യവും അഭിവൃദ്ധിയും സമൃദ്ധിയുമുണ്ടാകണേ ഭഗവാനേയെന്ന് അപേക്ഷിച്ചുകൊണ്ട് നടയടയ്ക്കുന്നു.

നടയടച്ചതിനുശേഷം തറവാട്ടുകാരണവരിൽ നിന്ന് ''കീയപ്പണം'' (ദക്ഷിണ) വാങ്ങി മൂത്ത പെരുമണ്ണാൻ ഉൽസവസമാപ്തി അറിയിച്ചുകൊണ്ട് പിൻവാങ്ങുന്നു.

നടയടച്ച് മൂത്തപെരുമണ്ണാനും അനുയായികളും പിരിഞ്ഞതിനുശേഷം ഏഴാം ദിവസം ഊരായ്മകൾ നടതുറന്ന് അടിച്ചുവാരി വൃത്തിയാക്കി ''ഉത്തമകർമത്തിൽ പൂജ ചെയ്യുന്നു. തുടർന്ന് വൈകിട്ട് മൂത്ത പെരുമണ്ണാനെത്തി മധ്യമകർമത്തിൽ കോഴിയെ വെട്ടി കർമം ചെയ്യുന്നു. ഈ കർമത്തോടെ എല്ലാ ഭൂതപ്രേതപിശാചുക്കളെയും തേരേറ്റുന്നു.

ശേഷം കൊടിയിറക്കുന്നതോടെ ഈ വർഷത്തെ ഉൽസവത്തിന് പരിസമാപ്തിയായി.



ചാരമംഗലത്ത് കൃഷ്ണൻ പെരുമണ്ണാൻ

കൊയിലാണ്ടി

കൊയിലാണ്ടിയുടെ പരിസരപ്രദേശങ്ങളായ പെരുവട്ടൂർ, ചേലിയ, പൂക്കാട്, മാഹി, നടുവത്തൂർ ഭാഗങ്ങളിലെ തിറയാട്ടരീതികളെയും സമ്പ്രദായങ്ങളെയും പറ്റി ശ്രീ കൊയിലാണ്ടികൃഷ്ണപ്പെരുമണ്ണാൻ വിശദീകരിക്കുന്നു. അഞ്ചാം വയസ്സിൽത്തന്നെ തിറയാട്ടം അഭ്യസിച്ചുതുടങ്ങിയ അദ്ദേഹത്തിന്റെ ആദ്യഗുരുക്കന്മാർ, അച്ഛൻ കേളുക്കുട്ടിപ്പെരുമണ്ണാനും അച്ഛച്ചൻ ബാപ്പൂട്ടിപ്പെരുമണ്ണാനുമായിരുന്നു. അഞ്ചാംവയസ്സിൽത്തന്നെ ഗുരുമുഖത്തുനിന്ന് അഞ്ചടികേട്ട് ചൊല്ലിപ്പഠിച്ച കൃഷ്ണപ്പെരുമണ്ണാൻ പതിനാലാം വയസ്സിൽ പുത്തൻമുടി വെച്ചു. ചാലോറ കുട്ടിച്ചാത്തൻകാവിൽ കരുവാളമ്മയുടെ വേഷമാണ് ആദ്യം ആടിയത്.

കൊയിലാണ്ടി പ്രദേശത്തെ തിറയാട്ടരീതികളെ ആചാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും അടിസ്ഥാനത്തിൽ അദ്ദേഹം വിശദീകരിക്കുന്നു.

സാധാരണപോലെ ഇവിടെയും തിറനിശ്ചയമാണ് ആദ്യചടങ്ങ്. തിയതി നിശ്ചയിച്ചുറപ്പിക്കുന്നതിന് കുറിയോലമംഗല്യം എന്നും പറയാറുണ്ട്. വിളക്കും നിറപറയും കയ്യിഷ്ടവും വെച്ച് ''പഞ്ചാർച്ചന'' ചെയ്തതിനുശേഷം കയ്യിഷ്ടം നോക്കി രാശിഫലം പറയുന്നു. തുടർന്ന് നിറത്തിന് പണം കൈപ്പറ്റുന്നു.

ഉൽസവദിവസം മൂത്തപെരുമണ്ണാൻ, തന്റെ വീട്ടിൽ ഉപാസനാമൂർത്തികൾക്കും കാരണവൻമാർക്കും വിളക്കുവെച്ച് പൂജ ചെയ്ത് സാധാരണവേഷത്തിൽ കാവിലേയ്ക്ക് പുറപ്പെടുന്നു. കാവിന്റെ മുറ്റത്തെത്തിക്കഴിഞ്ഞാൽ ഊരായ്മകൾ അദ്ദേഹത്തെ സ്വീകരിച്ച് ദൈവത്തിന്റെ മുമ്പിലേയ്ക്ക് ആനയിക്കുന്നു. തുടർന്ന് അണിമറയിലെത്തുന്ന മൂത്ത പെരുമണ്ണാൻ വെള്ളയുടുത്ത് നിലവിളക്കും നിറനാഴിയും തലപ്പാളിയും വെച്ച് അണിമറ പൂജചെയ്യുന്നു. അണിമറ പൂജയ്ക്ക് ശേഷം കാവിന്റെ തിരുമുറ്റത്തെത്തുന്നു. അവിടെ ''എടുപ്പുവെയ്ക്കൽ'' എന്ന ചടങ്ങുണ്ട്. കാവുമുറ്റത്തെ വെള്ളരിത്തറയിലാണ് ഈ ''എടുപ്പുവെയ്ക്കൽ'' എന്ന ചടങ്ങ്. ഊരായ്മകൾ പ്രാർഥിച്ച് അരിയും പൂവും ചാർത്തി ദൈവത്തെ ഉണർത്തുന്ന ചടങ്ങാണ് എടുപ്പുവെയ്ക്കൽ. ''തുയിലുണർത്തുന്നു'' എന്നും ഈ ചടങ്ങിന് പറയാറുണ്ട്. വലന്തലച്ചെണ്ടയുടെയും ഇലത്താളത്തിന്റെയും ശബ്ദവീചികളിൽ ''വാഴ്കേ നിനച്ചാലോ'' എന്നു തുടങ്ങുന്ന അഞ്ചടി ചൊല്ലിത്തുടങ്ങുന്നു. ഇതാണ് എടുപ്പുവെയ്ക്കൽ എന്ന ചടങ്ങ്.

എടുപ്പുവെയ്ക്കലിനുശേഷം ഭക്ഷണമാണ്. ഇവിടെ മറ്റൊരു പ്രത്യേകതയുള്ളത്, കോലക്കാരൻ ഒരു നേരം മാത്രമെ ഭക്ഷണം കഴിക്കാവൂ എന്നതാണ്.

ഭക്ഷണത്തിനുശേഷം വെള്ളാട്ടിനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നു. അണിമറയിലെ ഒരുക്കങ്ങളിങ്ങനെ. കോലം പൂർണമായും അണിഞ്ഞൊരുങ്ങിക്കഴിഞ്ഞാൽ കണ്ണാടി നോക്കി, അരി ചാർത്തി ''കോലം തെളിയിക്കുക''യെന്ന ചടങ്ങാണ്. അരിയും പൂവും ചാർത്തിയതിനുശേഷം തിരിയുഴിഞ്ഞ്, കോലത്തിന്റെ ശരീരവും ഉഴിയുന്നതാണ് ഈ ചടങ്ങ്. കോലമെഴുതുന്ന കാരണവരോ പ്രായത്തിൽ മൂത്ത പെരുമണ്ണാനോ ആണ് ഈ കർമം ചെയ്യുന്നത്. ഇങ്ങനെ കോലം തെളിയിച്ചുകഴിഞ്ഞാൽ ''തെക്കും തിരുനാടുവാണ'' എന്ന തോറ്റം ചൊല്ലി വാദ്യമേളങ്ങളോടെ കോലം കാവിലേയ്ക്ക് പുറപ്പെടുന്നു. കാവുമുറ്റത്തെത്തി പ്രാർഥിക്കുന്നു. പ്രാർഥനയ്ക്കുശേഷം ''നാലുതാളം തച്ചു'' കളിക്കുന്നു. താളം മുറുകുന്നതോടെ ദർശനമാണ്. ദർശനത്തിന്റെ പാര

മുതയിൽ കോലം മുറ്റത്തെ അരിത്തറയിൽ കൈ അമർത്തിവെക്കുന്നു. ശേഷം അരിയും പൂവും പിടിച്ച് ശംഖ് ഊതിക്കൊണ്ട് വാഴപ്പോളയിൽ കനലുകളിട്ടുള്ള പ്രദക്ഷിണമാണ്. വാഴപ്പോളയിലെ കനലുമായി കാവിന്റെ കാരണവർ ഏതാനും ചുവടുകൾ പിന്നോട്ടു വെച്ച് കോലത്തെ ഉഴിയുന്നു. ഉഴിച്ചിലിനുശേഷം കോലം മുമ്പോട്ട് ഏതാനും ചുവടുകൾ വെയ്ക്കുന്നു. കാവിന്റെ കാരണവരുടെ ഉഴിച്ചിൽ തുടരുന്നു. ഈ വിധത്തിൽ മൂന്നു പ്രാവശ്യം വലന്തലച്ചെണ്ടയുടെ ശബ്ദവിന്യാസത്തിൽ കാവിനെ പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണം മൂന്നാംവട്ടം തിരുമുമ്പിലെത്തുമ്പോൾ, തിരുമേനി കോലത്തിന് പൂവും പ്രസാദവും നൽകുന്നു. അവിടെ നാല് അരിത്തറതൊട്ട് "തലയഴിക്കുന്നു" (മുടിയെടുക്കുന്നു) മുടിയെടുത്തതിനുശേഷം അഞ്ചടി ചൊല്ലുന്നു. ദൈവത്തിന്റെ പേരുചൊല്ലി വിളിച്ച് അഞ്ചടി അവസാനിക്കുന്നതോടെ ദർശനമായി. ദർശനത്തോടെ കോലം ഊരായ്മയിൽ നിന്ന് തൊപ്പി വാങ്ങി ധരിക്കുന്നു. തൊപ്പി കൂടാതെ പട്ട്, വള, സ്വർണ്ണം, പണം തുടങ്ങിയവയെല്ലാം കോലത്തിന് ലഭിക്കുന്നുണ്ട്. പണമൊഴികെയുള്ളതെല്ലാം കോലം ദൈവത്തിന് സമർപിക്കുന്നു. ദർശനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കോലം പൊയ്ത്തിനായി ആയുധം വാങ്ങുന്നു. ആയുധം വാങ്ങിയതിനുശേഷം പഴയ കളരിമുറ ഓർമിപ്പിക്കുന്നവിധത്തിലുള്ള 'വെട്ടും തടയും" എന്ന കായികാഭ്യാസങ്ങളാണ്. തുടർന്ന് സ്വന്തം ശരീരത്തിൽ ആയുധം പ്രയോഗിക്കാൻ തുടങ്ങുമ്പോൾ അനുയായികൾ കോലത്തെ പിടിച്ചടക്കുന്നു. അതോടെ കോലം അടങ്ങിപ്പാർക്കുന്നു. (ചില കാവുകളിൽ കോലം തിരുമേനിയുടെ ഇല്ലത്ത് പോകാറുണ്ട്. അവിടെ നിറപറ വെച്ചിട്ടുണ്ടാകും. അവിടെനിന്ന് അരിവാങ്ങി വാക്കെണ്ണി തിരിച്ച് കാവിലെത്തുന്നു.)



പരദേവത

അടങ്ങിപ്പാർത്തകോലം അരിത്തറതൊട്ട് അരിയും പൂവും സമർപിക്കുന്നു. തുടർന്ന് രണ്ട് നാളികേരമെടുത്ത് സ്വയമുഴിഞ്ഞ് കൂട്ടിമുട്ടിച്ച് പിന്നിലേയ്ക്ക് ഇടുന്നു. പിന്നെ ആയുധമെടുത്ത് വാക്കെണ്ണുന്നു. ഇവിടെ വാക്കെണ്ണുന്നതിനുമുണ്ട് ചില പ്രത്യേകതകൾ. ആദ്യം തിരുമേനി, ശേഷം തറവാട്ടുകാരണവർ, തുടർന്ന് പ്രായഭേദമനുസരിച്ച് മറ്റ് ഊരായ്മകൾ.

അതിനുശേഷം ആയുധം ശുദ്ധിവരുത്തി ഇരു കൈകൾകൊണ്ടും ഭവ്യമായി ഊരായ്മക്കാരണവർക്ക് നൽകുന്നു. അങ്ങനെ നൽകിയതിനുശേഷം ദൈവത്തെ വണങ്ങി പിൻവാങ്ങുന്നു.

മറ്റ് വെള്ളാട്ടുകളും ഇതുപോലെ തുടങ്ങി സമാപിക്കുന്നു. വെള്ളാട്ടുകൾക്കുശേഷം ഭക്ഷണമാണ്. ഭക്ഷണശേഷമാണ് വെള്ളകെട്ട്.

വെള്ളകെട്ട്



ഗുരു

വെള്ളകെട്ട് കരുമകനോ കരിയാത്തനോ ആണെങ്കിൽ വെളുത്തുടുപ്പിനുമീതെ കറുത്ത കെട്ട് ധരിക്കണം. വെള്ളകെട്ട് തലശ്ശിലവനാണെങ്കിൽ വെളുത്തുടുപ്പിനുമീതെ ചുവന്ന കെട്ട് ധരിക്കണം. ഇതാണ് വെള്ളകെട്ടിന്റെ വേഷസംവിധാനം.

വെള്ളകെട്ടിനായി അണിമറയിൽ നിന്ന് അടുക്കുടുത്ത് കോലക്കാർ വെള്ളരിത്തറയ്ക്കലെത്തണം. അവിടെനിന്ന് കോലക്കാരും ഊരായ്മകളുമുൾപ്പടെ എല്ലാവരും കൂടി മുമ്പോട്ടും പിമ്പോട്ടുമായി വലന്തലകൊട്ടി മൂന്ന് പ്രദക്ഷിണം വെക്കണം. മുമ്പോട്ടും പിമ്പോട്ടുമുള്ള പ്രദക്ഷിണം എങ്ങനെയെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. പ്രദക്ഷിണശേഷം അരിത്തറയിലെത്തി പ്രസാദം വാങ്ങി അഞ്ചടി ചൊല്ലണം. അഞ്ചടിക്കവസാനം ദർശനമാണ്. ഈ സമയത്ത് കോലക്കാർക്ക് കൊടുക്കാനുള്ള ''വെള്ള'' (പുത്തൻതോർത്ത്) യുമായി ഭക്തരെത്തിയിട്ടുണ്ടാകും. കോലത്തിന് കിട്ടിയ വെള്ള ചുറ്റിവീശിക്കൊണ്ട് കോലവും നേർച്ചക്കാരനും ഒരു തവണ ചെണ്ടയുടെ താളത്തിൽ കാവിന് പ്രദക്ഷിണം വെയ്ക്കുന്നു. ചെണ്ടത്താളങ്ങളിൽത്തന്നെ ആട്ടം തുടരുന്നു. ആട്ടത്തിനവസാനം കോലം തിരുമേനിയുടെ അടുത്തെത്തുന്നു. തിരുമേനി അരിയും പൂവും നൽകുന്നു. കോലം ദൈവത്തെ പ്രാർഥിച്ചശേഷം തോർത്തുമുണ്ട് തലയിൽ കെട്ടി ആയുധമെടുക്കുന്നു. ആയുധമെടുത്ത് മുമ്പുപറഞ്ഞതുപോലെ വെള്ളരിവാങ്ങി കൽപന പുറപ്പെടുവിക്കുന്നു (വാക്കെണ്ണുന്നു) കൽപനയ്ക്ക് ശേഷം ആയുധം ഊരായ്മയ്ക്ക് തിരിച്ചുകൊടുക്കുന്നു. ഇതാണ് വെള്ളകെട്ടിന്റെ ചടങ്ങുകൾ. വെള്ളകെട്ടിന് എത്ര കോലങ്ങളുണ്ടെങ്കിലും അവരെല്ലാം ചെയ്യേണ്ട കർമങ്ങളാണ് ഇപ്പറഞ്ഞത്.

വെള്ളകെട്ടിനുശേഷം തിറയാട്ടത്തിനുള്ള ഒരുക്കങ്ങളാണ്. അണിമറയിൽ പ്രധാന തിറക്കോലത്തിന്റെ എഴുത്താണ് ആദ്യം. കോലത്തിന്റെ വേഷം പൂർത്തിയായിക്കഴിഞ്ഞാൽ ''കോലം തെളിയിച്ച്'', രണ്ടുപേർ കൈപിടിച്ച് ചെണ്ടമേളത്തോടെ കോലം കാവുമുറ്റത്തെത്തുന്നു. മുറ്റത്തെത്തി ദൈവത്തെ വണങ്ങിയതിനുശേഷം എളങ്കോലം തുടങ്ങുന്നു. ''ചട്ട'' വേഷമാണെങ്കിൽ പന്തമുണ്ടാകും. അല്ലെങ്കിൽ പന്തമുണ്ടാകില്ല. എളങ്കോലം കഴിഞ്ഞാൽ പീലിമുടി അല്ലെങ്കിൽ കൂമ്പമൂടി വെയ്ക്കുന്നു.

തുടർന്ന് നാലുതാളങ്ങളിൽ ആട്ടം തുടരുന്നു. നാലാംതാളത്തിൽ ദർശനസായൂജ്യമാകുന്നതോടെ അരിത്തറതൊട്ടുവണങ്ങി കോലം അണിമറയിലേയ്ക്ക് പോയി ചാന്താട്ടത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു. ചാന്താട്ടത്തിനായി മുടിയെടുത്ത് ശരീരത്തിലെ ചമയങ്ങളെല്ലാം ഒഴിവാക്കുന്നു. എന്നാൽ തലച്ചമയം ഒഴിവാക്കുന്നില്ല. ശേഷം അണിമറയിൽ നിന്ന് കറുപ്പുടുത്ത് അരിത്തറയ്ക്ക് അടുത്തെത്തി തറവാട്ടുകാരണവരിൽ നിന്ന് പൂവും പ്രസാദവും വാങ്ങുന്നു. പിന്നീട് മേൽവിവരിച്ചതുപോലെ കോലങ്ങളും ഊരായ്മകളും സഹായികളുമെല്ലാവരുംക്കൂടി കാവിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു. മൂന്നാംപ്രദക്ഷിണത്തിൽ അഞ്ചടി ചൊല്ലുന്നു. കാവിലെ ദൈവത്തിന്റെ പേര് വിളിച്ച് അഞ്ചടി അവസാനിക്കുന്നതോടെ ദർശനം ലഭിക്കുന്നു. ദർശനം ലഭിക്കുന്ന കോലം എല്ലാ ഉപദേവന്മാരെയും വണങ്ങി തിരിച്ച് കാവിന്റെ

തിരുമുമ്പിലെത്തുന്നു. അപ്പോൾ ഊരായ്മ, ചാന്ത് മൺപാത്രത്തിൽ നിന്ന് കോലത്തിന്റെ കയ്യിലൊഴിച്ചുകൊടുക്കുന്നു. ചാന്തുചാർത്തി കോലങ്ങളും അനുയായികളും ഭക്തരും ചാന്താട്ടം തുടങ്ങുന്നു. ചാന്താട്ടത്തിനവസാനം ഊരായ്മകൾ ചാന്തുപാത്രം കോലത്തിന് കൊടുക്കുന്നു. ചാന്ത് പൂർണമായി തീർന്നതിനുശേഷം മൺപാത്രം മുകളിലേയ്ക്ക് എറിയുന്നു. ചിലപ്പോൾ മുകളിലേയ്ക്ക് എറിയുന്ന പാത്രം ആരെങ്കിലും പിടിക്കും; താഴെ വീണ് പൊട്ടിച്ചിതറിയെന്നും വരാം.


ഭഗവതി

തുടർന്ന് വെള്ളരരിക്രിയ നടത്തി ആയുധം വാങ്ങി വാക്കെണ്ണി (കൽപന പുറപ്പെടുവിച്ച്) അടങ്ങിപ്പാർക്കുകയും ആയുധം ഊരായ്മയ്ക്ക് തിരിച്ചേൽപിക്കുകയും ചെയ്യുന്നു. ആയുധം തിരിച്ചേൽപിക്കുമ്പോൾ കാവിന്റെ കാരണവർ ഒരു നാണയം (കോലപ്പണം) കോലത്തിന് നൽകുന്നു. കോലം ആ നാണയംകൊണ്ട് നെറ്റി, നെഞ്ച്, വയർ എന്നിവിടങ്ങളിലെ ചാന്ത് മായ്ക്കുന്നു. ചാന്ത് മായ്ച്ചതിനുശേഷം നാണയം നെറ്റിമേൽ തലപ്പാളിക്ക് താഴെ തിരുകിവെക്കുന്നു. തുടർന്ന് ശിരസ്സിളക്കുമ്പോൾ നാണയം അരിത്തറയ്ക്കുമേൽ വീഴും. നാണയത്തിന്റെ അച്ചും പുള്ളിയും (ഇരുവശങ്ങളും) നോക്കി ഫലം പറയുന്നു. തലഭാഗമെങ്കിൽ ശുഭം, അല്ലെങ്കിൽ അശുഭം. മറ്റ് എത്ര തിറകളുണ്ടെങ്കിലും ആചാരങ്ങൾ ഇങ്ങനെതന്നെയാണ്. എന്നാൽ എല്ലാ തിറകൾക്കും ചാന്ത് തിറ വേണമെന്ന് നിർബന്ധവുമില്ല.

കോലങ്ങളുടെ ആട്ടശേഷം നേരം പുലർന്നാൽപിന്നെ "കരികഴുകിയ വെള്ളാട്ടാ"ണ്. കുളിക്കുന്നതിനുള്ള തിറയാട്ടഭാഷയാണിത്.

ശേഷം അണിമറയിലെത്തുന്നു. അവിടെ അടുക്കുടുത്ത് ചന്ദനംതൊട്ട് വീണ്ടും അരിത്തറയ്ക്കൽ എത്തുന്നു. അരിത്തറയ്ക്ക്മുമ്പിൽ എല്ലാ കോലങ്ങളും എത്തിയിരിക്കണമെന്നാണ് ചട്ടം. അങ്ങനെ തിരുമുമ്പിലെത്തി വലന്തലച്ചെണ്ടയുടെ താളത്തിൽ അഞ്ചടി തുടങ്ങുന്നു. അഞ്ചടിയുടെ അവസാനം ദർശനമാണ്. ദർശനശേഷം ഓരോ കോലവും ആയുധം വാങ്ങി വാക്കെണ്ണുന്നു. എല്ലാ കോലങ്ങളും അങ്ങനെ വാക്കെണ്ണി തിരുമുമ്പിൽ സ്വയം സമർപിക്കുന്നു. ഇതോടെ "കരികഴുകിയ വെള്ളാട്ട്" അവസാനിക്കുന്നു.

ദൈവത്തിനെ മണ്ഡകത്തിൽ കൂട്ടുക

അതിനായി കാവിന്റെ ഊരായ്മകൾക്ക് കോലങ്ങൾ അരിയും പൂവും കൊടുക്കുന്നു. ഈ അരിയും പൂവും മുമ്പുതന്നെ തിരുമേനി അവിടെ വെച്ചിട്ടുള്ളതാണ്. അവിടെ ഊരായ്മകളെല്ലാവരും പ്രാർഥിച്ച് പിന്നിലേയ്ക്ക് മാറിനിൽക്കുന്നു. തുടർന്ന് പെരുമണ്ണാനും അനുയായികളും പ്രാർഥിച്ച് അരിയും പൂവും ചാർത്തിക്കൊണ്ട് കുടികൂട്ടൽമന്ത്രം ചൊല്ലി ദൈവത്തെ കുടിയിരുത്തുന്നു.

ശേഷം തിരുമേനി ഒരു നാളികേരം മുട്ടി ശ്രീ കോവിലിൽനിന്ന് പുറത്തേയ്ക്ക് എറിയുന്നു. അവിടെ നാളികേരമുറികളുടെ അവസ്ഥനോക്കി ഫലം പറയുന്നു. പിന്നെ കയ്യിഷ്ടം നോക്കിയും ഫലം പറയുന്നു.

തുടർന്ന് ദക്ഷിണ വാങ്ങി അവകാശിയായ പെരുമണ്ണാനും അനുയായികളും പിരിയുന്നു.



തിറയാട്ടം പറയസമുദായത്തിൽ

മങ്ങാട് ഷാജി

തിറയാട്ടം പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുടെ അനുഷ്ഠാന കലാരൂപമായാണ് പൊതുവെ അറിയപ്പെടുന്നത്. അതിൽത്തന്നെ പ്രഥമസ്ഥാനം പെരുമണ്ണാൻ വിഭാഗത്തിനാണ്. ശിവപാർവതിമാരിൽ നിന്നും അതിനുള്ള അവകാശം അവർക്ക് ലഭിച്ചിട്ടുള്ളതായി അവർ വിശ്വസിക്കുന്നു. അതിനൊരു "മിത്തും" അവർക്കിടയിൽ പ്രചരിക്കുന്നുണ്ട്. അതെന്തായാലും മറ്റുപിന്നോക്കവിഭാഗത്തിൽപ്പെട്ട സമുദായങ്ങൾ, അവരുടെ വിശ്വാസപരിധിക്കുള്ളിൽ നിന്നുകൊണ്ട് തിറയാട്ടം അവതരിപ്പിക്കുന്നുണ്ട്. അതിൽമുഖ്യം പറയസമുദായത്തിൽപ്പെട്ടവർ അവതരിപ്പിക്കുന്ന തിറയാട്ടമാണ്. മറ്റെല്ലാ സമുദായങ്ങളും അവതരിപ്പിക്കുന്ന തിറയാട്ടത്തിലെ ആചാരാനുഷ്ഠാനാചാരങ്ങളെക്കാൾ ഏറെയാണ് ഈ സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ. അതേപ്പറ്റി ആ സമുദായത്തിലെ തിറയാട്ടകലാകാരനായ ഷാജി വിശദീകരിക്കുന്നു. പാരമ്പര്യമായി ഷാജിക്ക് ലഭിച്ച തിറയാട്ടപാഠങ്ങളും അനുഭവങ്ങളുമാണ് അദ്ദേഹം പങ്കുവെയ്ക്കുന്നത്.

ഷാജിയുടെ തിറയാട്ടപഠനം തുടങ്ങുന്നതും സാധാരണപോലെ ഗുരുമുഖത്തുനിന്നാണ്. അച്ഛൻ രാമനിൽനിന്നും അമ്മാവൻ രാമനിൽ നിന്നും. അച്ഛന്റെയും അമ്മാവന്റെയുമൊപ്പം ഏഴാംവയസ്സുമുതലെ ഷാജി കാവുകളിൽ പോയിത്തുടങ്ങി. അച്ഛച്ചൻ വെളുത്തകുട്ടി നാട്ടിലെ പ്രസിദ്ധനായ തിറയാട്ടകലാകാരനായിരുന്നു. തിറയാട്ടകലാകാരൻമാത്രമല്ല മന്ത്രതന്ത്രങ്ങളിലും അനുഷ്ഠാനങ്ങളിലുമെല്ലാം അച്ഛച്ചൻ അതിപ്രഗത്ഭനായിരുന്നുവെന്ന് നാട്ടുകാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അച്ഛച്ചനെപ്പറ്റി ഷാജിക്ക് കേട്ടറിവുമാത്രമെയുള്ളു. ഏതായാലും അച്ഛച്ചന്റെ പേരിലുള്ള വെളുത്തകുട്ടി സ്മാരക തിറയാട്ടകലാസമിതി, മങ്ങാട് ഓമശ്ശേരിയിൽ ഇപ്പോഴും സജീവമായി ഷാജിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

ചിലമ്പിടുക

സാധാരണ മറ്റുസമുദായങ്ങളിൽപ്പെട്ടവർ തിറയാട്ടപഠനത്തിനുശേഷം ആദ്യം അരങ്ങേറുമ്പോൾ "പുത്തൻമുടി" വെക്കുക എന്നാണ് പറയുക. എന്നാൽ പറയസമുദായത്തിൽ "ചിലമ്പിടുക" എന്നാണ് ഇതിന് പറയുന്നത്. ഷാജി ആദ്യം ചിലമ്പിട്ടത് എട്ടാം വയസ്സിൽ മങ്ങാട് മൂത്തേടത്ത് പറമ്പത്ത് കാളീകാവ് സന്നിധിയിലാണ്. ഈ കാവ് ഷാജിയുടെ തറവാട്ടുകാവാണ്. തറവാട്ടുകാവിൽ ചിലമ്പിട്ടതിനുശേഷമേ മറ്റുകാവുകളിൽ പോകാൻ പാടുള്ളുവെന്ന കർശനനിബന്ധനയുമുണ്ട്. ചിലമ്പിടുകയെന്ന കർമത്തിന്റെ അനുഷ്ഠാന ക്രിയകളിങ്ങനെ.



പുണ്ണുൽ കുടവരവ്

ചുവന്ന ഒരു പുതിയ പട്ടും കിണ്ണത്തിലെ അരിച്ചാന്തും കത്തിനിൽക്കുന്ന നിലവിളക്കിനും നിറയ്ക്കും (നെല്ല്, അരി) മുമ്പിൽ വെക്കുന്നു. അതോടൊപ്പം കാവിന്റെ തിരുമുറ്റത്ത് ഇടതു ഭാഗത്തായി അഞ്ചുചിരട്ടകളിൽ മദ്യവും അഞ്ചുമുറുക്കാനും (വെറ്റില, അടയ്ക്ക, പുകയില, ചുണ്ണാമ്പ്) വെക്കുന്നുണ്ട്. അപ്പോൾ അഞ്ചുതറവാടുകളിൽ നിന്നായി അഞ്ചുപേർ കോടി വസ്ത്ര വുമണിഞ്ഞ് കാവിന്റെ തിരുമുമ്പിലുണ്ടാവും. അവർ അരിച്ചാന്ത് കലക്കിവെച്ചിരിക്കുന്ന കിണ്ണ മെടുത്ത് നാലുഭാഗത്തേയ്ക്ക് ''ആശാരം എറിയുന്നു.'' (നാലുഭാഗങ്ങളിലുമായി സമർപിക്കു ന്നു). ആശാരം എറിഞ്ഞതിനുശേഷം അരിച്ചാന്തുകൊണ്ട് പൊട്ടുചാർത്തുന്നു. തുടർന്ന് അമ്മാ വൻ ചിലമ്പിടുന്ന കുട്ടിയുടെ ശിരസ്സിൽ കൂമ്പവെച്ച് ചുവപ്പ് കെട്ടിക്കൊടുക്കുകയും ചെയ്യു ന്നു. അതിനുശേഷം ആചാരപ്രകാരമുള്ള കുറിവരയ്ക്കലാണ്. അതായത് നെറ്റി, മാറ്, പുറം, കൈകാലുകൾ, വയർ എന്നിവിടങ്ങളിലെല്ലാം അരിച്ചാന്തുകൊണ്ട് കോലം വരയ്ക്കുന്നു എന്നു ചുരുക്കം.

കോലം പൂർണതയിലെത്തുമ്പോഴേയ്ക്കും കാവുമുറ്റത്ത് മുപ്പത്തിരണ്ട് ചൂട്ടുകെട്ടുകൾ പതിനാറുവീതമുള്ള രണ്ട് വലിയ കെട്ടുകളാക്കി തിരുമുമ്പിലെ വിളക്കിനിരുവശങ്ങളിലുമായി വെച്ചിട്ടുണ്ടാവും. അതോടൊപ്പം നാഴിയും നിറയും വെച്ചിടത്ത് അരമണി, ചിലമ്പ്, വാൾ എന്നി വയുമുണ്ടാകും. തുടർന്ന് കോലത്തിന്റെ അമ്മാവൻ ചിലമ്പിൽ അരിച്ചാന്ത് തൊടുവിക്കുന്നു. അങ്ങനെ അരിച്ചാന്തണിയിച്ച ചിലമ്പ് ആദ്യം വലുതകാലിൽ അണിയുന്നു ശേഷം ഇടതുകാ ലിലും. ഇതിന് ശേഷമാണ് വെള്ളാട്ട്. ''വെള്ളാട്ട് തിരിയുക'' എന്നാണ് ഇതിന് പറയുന്നത്. വെള്ളാട്ടിനായി അമ്മാവൻ കോലത്തിന്റെ കൈപിടിച്ച് കാവിന് പ്രദക്ഷിണം വെയ്ക്കുന്നു. അപ്പോൾ കർമി ഇരുവശങ്ങളിലും വെച്ചിട്ടുള്ള ചൂട്ടുകെട്ടുകൾ കത്തിക്കുന്നു. കത്തിച്ച ചൂട്ടു കെട്ടുകൾക്കൊണ്ട് ''ആശാരം'' (ആചാരം) ചെയ്യുന്നു. അതായത് കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നീ ക്രമത്തിലാണ് ''ആശാരം''. തുടിതാളത്തിൽ തുടങ്ങിയ ''ആശാരം'' എന്ന ക്രിയ കാവിനെ മൂന്നു പ്രദക്ഷിണം വെയ്ക്കുന്നു. ഈ പ്രദക്ഷിണത്തിൽ തറവാട്ടുകാരും തിറയാട്ട ക്കാരും ഭക്തരുമുൾപ്പടെ എല്ലാവരും ഭക്തിനിർഭരമായി പങ്കെടുക്കുന്നു. പതിനാറുവീതമുള്ള ഈ ചൂട്ടുകെട്ടുകളിൽ നിന്നും ഓരോ ചെറിയ ചൂട്ടുകറ്റകൾ (കത്തിച്ചത്) എടുത്ത് എല്ലാ കുടുംബങ്ങളിലെയും ആൺമക്കൾ ചൂട്ടുകളിച്ച് കാവിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു. ദേശ ത്തിന് അഗ്നിശുദ്ധി വരുത്തുകയെന്നതാണ് ഈ ചൂട്ടുകളിയുടെ ലക്ഷ്യം. മൂന്നാം പ്രദക്ഷിണ ത്തിനൊടുവിൽ തറവാടിന്റെ സ്ഥാനികൾ കത്തിച്ച ചൂട്ടുകറ്റകൾ തച്ചുകെടുത്തുന്നു (തല്ലി ക്കെടുത്തുന്നു). തുടർന്ന് ചൂട്ടുകറ്റകൾ തല്ലിക്കെടുത്തിയ സ്ഥാനികളും കൈകൾ കോർത്തു പിടിച്ച് ''വട്ടത്തിൽ (ചുറ്റി) തിരിഞ്ഞ് ആർപ്പുവിളിക്കുന്നു. ആർപ്പുവിളികഴിഞ്ഞ് ചൂട്ടുകളിക്കാർ ഉൾപ്പടെ എല്ലാവരും, അവരവർ കൊണ്ടുവന്ന നാളികേരം നിശ്ചയിച്ചുറപ്പിച്ച കല്ലിലുടയ്ക്കും. അതിനുശേഷം വെള്ളാട്ടുകെട്ടിയ കുട്ടി (മുതിർന്ന വ്യക്തിയുമാകാം) ദർശനം കിട്ടിയതോടെ മൂന്നുപ്രാവശ്യം ആർപ്പുവിളിച്ച് ആയുധമെടുക്കുന്നു. ആയുധമെടുത്തുകഴിയുമ്പോൾ അമ്മാ വൻ രണ്ട് വെറ്റിലകൾ കോലത്തിന് കൊടുക്കുന്നു. വെറ്റിലകൾ ലഭിച്ച കോലം വെറ്റിലയുടെ നാക്കുഭാഗംപിടിച്ച് നിലത്തിടുന്നു. നിലത്തുകിടക്കുന്ന വെറ്റിലയുടെ രാശിനോക്കി ഫലം പറ യുന്നു. ''വെള്ളാട്ടുതിരിഞ്ഞ'' കുട്ടിയുടെ അമ്മാവനായിരിക്കും മിക്കവാറും വെറ്റിലയുടെ സ്ഥാനംനോക്കി രാശി ഫലം പറയുന്നത്. മുതിർന്ന വ്യക്തിയാണെങ്കിൽ അയാൾതന്നെ രാശി ഫലം പറയുന്നു. (കുട്ടി ഫല പ്രവചനത്തിന് പ്രാപ്തനാകുന്നതുവരെ അമ്മാവനായിരിക്കും സാധാരണ ഫലപ്രവചനം നടത്തുക.)

തുടന്ന് ''നാളിവെക്കൽ'' ചടങ്ങാണ്. മുൻപറഞ്ഞതുപോലെ വെറ്റിലയിട്ട് ഫലം പറഞ്ഞ തിനുശേഷം കോലം ഒരു നാളികേരമെടുത്ത് ആദ്യം തിരുമുമ്പിൽ വെച്ചുതിരിക്കുന്നു. തുടർന്ന് അഷ്ടദിക്കുകളിലും തിരിക്കുന്നു. പിന്നെ കാവിന് പുറത്തുകൊണ്ടുപോയി ഉടയ്ക്കും. കോലം കുട്ടിയാണെങ്കിൽ ഒരു സഹായി കൂടെയുണ്ടാകും. ''നാളിവെയ്ക്കൽ'' ചടങ്ങിന്, ''ഗുളികനെ തിരിക്കുക''യെന്നും പറയാറുണ്ട്. നാളികേരം പുറത്തുകൊണ്ടുപോയി ഉടയ്ക്കുന്നതിന് ഒരു

കാരണമുണ്ട്. നാളിവെയ്ക്കലിനു ശേഷം അല്ലെങ്കിൽ ഗുളികനെ തിരിച്ചതിനുശേഷം, കോലം കുട്ടിയാണെങ്കിൽ പ്രത്യേകിച്ചും മറ്റൊരു മാനസികാവസ്ഥയിലായിരിക്കും. ആ മാനിസാകാവസ്ഥയിൽ അപകടമുണ്ടാകാനുള്ള സാധ്യതയുണ്ട്. മുമ്പ് അങ്ങനെ സംഭവിച്ചതായി കേൾവിയുണ്ട്.

വേഷം അഴിച്ചതിനുശേഷം കോലം (കുട്ടി) അച്ഛന്റെ സഹായത്തോടെ അഞ്ചുതറവാട്ടുകാർക്കും ദക്ഷിണകൊടുക്കുന്നു. ഒപ്പം തറവാട്ടിലെ ഓരോ കാരണവർക്കും അവകാശിക്കും ദക്ഷിണനൽകുന്നുമുണ്ട്. ഇവിടെ തണ്ടാനുമുണ്ട്, ദക്ഷിണ.

ഇപ്പറഞ്ഞ മുഴുവൻ ആചാരപരമായ അനുഷ്ഠാനങ്ങളോടുകൂടിയാണ് "ചിലമ്പിട്ട" അരങ്ങേറ്റം നടക്കുന്നത്. ഷാജിയുടെ ചിലമ്പിടലിന്റെ ക്രിയാംശങ്ങളാണ് ഇവിടെ വിശദീകരിച്ചത്. ആ സമുദായത്തിൽപ്പെട്ടവരുടെ എല്ലാ അരങ്ങേറ്റങ്ങളും ഇങ്ങനെതന്നെ നടക്കുന്നു.



വല്ല്യാപ്പൻ

തിറനിശ്ചയം

തിറനിശ്ചയത്തിനായി അവകാശിയായ അടിയാൻ (പറയസമുദായത്തിൽപ്പെട്ട അവകാശി, അടിയാൻ എന്നാണ് വിളിക്കപ്പെടുന്നത്) തറവാട്ടിലെത്തുന്നു. അവിടെ തറവാട്ടുമുറ്റത്ത് കിഴക്കുഭാഗത്തേയ്ക്ക് തിരിഞ്ഞ് നിലവിളക്കു കത്തിച്ച് രണ്ടു നാക്കിലകളിൽ മൂന്നു കൈക്കുമ്പിൾ വീതം നെല്ലും അരിയും വെച്ചിട്ടുണ്ടാകും. ഒപ്പം ഒരു നാളികേരം കിഴക്കോട്ട് കണ്ണാക്കി, അതിന്മേൽ ഒരു എണ്ണത്തിരി കത്തിച്ചുവെച്ചിട്ടുമുണ്ടാവും. ഇടതുഭാഗത്തായി അഞ്ചുചിരട്ടകളിൽ മദ്യവും അഞ്ചുമുറുക്കാനും വെക്കുന്നു. ശേഷം അവകാശിയായ അടിയാൻ തറവാട്ടിലെ എല്ലാവരേയും അങ്ങോട്ട് വിളിക്കുന്നു. എല്ലാവരും എത്തിയതിനുശേഷം അരിയും പൂവുമെടുത്ത് പ്രാർഥിക്കുന്നു. പ്രാർഥനയ്ക്ക് അവസാനം രണ്ട് വെറ്റിലകൾ അടിയാൻ തറവാട്ടിലെ കർമിക്ക് നൽകുന്നു. വീണ്ടും പ്രാർഥിച്ചതിനുശേഷം ഈ രണ്ട് വെറ്റിലകൾ മദ്യമുള്ള അഞ്ചുചിരട്ടകളിലും മുക്കി നിലത്തിടുമ്പോൾത്തന്നെ രാശിഫലം ഉള്ളിൽത്തോന്നുമെന്നാണ് വിശ്വാസം.

തുടർന്ന് തിറനിശ്ചയത്തിനെത്തിയ അടിയാനും അനുയായികളും തങ്ങളുടെ അച്ഛൻ, അച്ഛച്ചൻ, മാമൻ തുടങ്ങിയ എല്ലാ ഗുരുകാരണവന്മാരെയും സ്മരിച്ചുപ്രാർഥിക്കുന്നു. ഒപ്പം കാവിലെ ദൈവങ്ങളെയും തറവാടിന്റെ ഗുരുകാരണവന്മാരെയും സ്മരിച്ച് വെറ്റിലയിടുന്നു. വെറ്റിലയിടുന്ന ഈ ചടങ്ങിന് "നറുക്ക് ഇടുക" എന്നാണ് പറയുന്നത്. ശേഷം അരിയും പൂവുമെറിയുന്നു. അരിയും പൂവുമെറിഞ്ഞതിനുശേഷം എണ്ണത്തിരി കത്തിച്ച് അരിയിൽവെച്ച നാളികേരമെടുത്ത് എല്ലാവരേയും ഉഴിയുന്നു. ഉഴിഞ്ഞതിനുശേഷം അവിടെ നിശ്ചയിച്ചുറപ്പിച്ച കല്ലി

ലുടച്ച് നീരോടുകൂടി അരിയിൽ മലർത്തിവെയ്ക്കുകയും ചെയ്യുന്നു. ശേഷം അടിയാൻ എഴുതിതയ്യാറാക്കിയ ''കുറിയോല'' തറവാട്ടംഗങ്ങളുടെ സാന്നിധ്യത്തിൽ വായിച്ച് ''വിളിച്ചറിയിക്കുന്നു'', ഇങ്ങനെ കുറിയോല വായിച്ചു വിളിച്ചറിയിക്കുന്നതാണ് ഇവിടത്തെ തിറനിശ്ചയം. കുറിയോല വായിച്ചുവിളിച്ചറിയിച്ചുകഴിഞ്ഞാൽ വെറ്റിലയും പണവും ദക്ഷിണയായി തറവാട്ടുകാരണവർ നൽകുന്നു കാൽതൊട്ടുവണങ്ങിക്കൊണ്ട്, ഈ ഉൽസവം തെറ്റുകുറ്റങ്ങളൊന്നും കൂടാതെ നടന്ന് ദേശത്തിനും തറവാടിനും ഐശ്വര്യവും സമൃദ്ധിയുമുണ്ടാകാൻ പ്രാർഥിക്കണേയെന്ന് അപേക്ഷിച്ചതിനുശേഷം പിൻവാങ്ങുന്നു.

ഉൽസവദിവസം അവകാശിയായ അടിയാനും അനുയായികളും ആദ്യം അണിമറയിലാണ് എത്തുന്നത്. അവിടെ അണമിറപൂജയ്ക്കാവശ്യമായ എല്ലാ പൂജാസാമഗ്രികളും ആട്ടത്തിനാവശ്യമായ മറ്റെല്ലാ സാധനങ്ങളും തറവാട്ടുകാർ എത്തിച്ചിട്ടുണ്ടാവും. അണിമറയിലെത്തിയ അടിയാനും അനുയായികളും ഗുരുകാരണവന്മാരെ സ്മരിച്ച് അണിമറ പൂജ ചെയ്യുന്നു. ശേഷം തുടികൊട്ടി തങ്ങൾ എത്തിയിട്ടുണ്ടെന്ന് ആചാരപരമായ അറിയിപ്പ് നൽകുന്നു. അതോടൊപ്പം കോലം അണിഞ്ഞൊരുങ്ങുകയും ചെയ്യുന്നു. മഞ്ഞളരിച്ചാന്തുകൊണ്ട് കുറിവരച്ച് തുണി ഞൊറിഞ്ഞുടുത്ത് അണിയിലം വെച്ച് ചിലമ്പണിഞ്ഞാണ് ഒരുക്കം. ഒപ്പം മറ്റൊരനുയായിയുടെ ഒരുക്കവുമുണ്ട്. മുണ്ട് തറ്റുടുത്ത് പൂണൂൽ ധരിച്ച് ഓലക്കുടയും ചൂടിയാണ് ഈ ഒരുക്കം. ''പൂണൂൽക്കുടവരവ്'' എന്നാണ് ഇതിന് പറയുന്നത്. തുടർന്ന് രണ്ട് തുടിയുടെ നാദത്തിൽ പരമ്പ്, വെള്ളക്കൊട്ട, വട്ടി, മുറം തുടങ്ങിയവയുമായി ആട്ടക്കാരും അനുയായികളും കാവിന്റെ പടിക്കലെത്തുന്നു. ''വെള്ളയും പണിയും'' എന്നാണ് ഇതിന് പറയുന്നത്. കാവിന്റെ പടിക്കൽ അവർ എത്തുമ്പോൾ ഊരായ്മകൾ വെള്ളമുണ്ടുടുത്ത്, അരിച്ചാന്തുകൊണ്ട് കുറിവരച്ച് കുത്തുവിളക്കുമായി അവിടെ കാത്തുനിൽക്കുന്നുണ്ടാകും. അപ്പോൾ അവരോട് അടിയാന്റെ ചോദ്യങ്ങളിങ്ങനെ.

''കാവിലേയ്ക്ക് വരാൻ പാടുണ്ടോ?''

''കാവിലേയ്ക്ക് വരാമോ?''

'അവിടെ കുത്തുന്ന മൂരിയുണ്ടോ?''

'അവിടെ കൊത്തുന്ന പാമ്പുണ്ടോ?''

''അവിടെ കടിക്കുന്ന നായയുണ്ടോ?''

''അശുദ്ധിപ്പെട്ടുകിടക്കുന്നുണ്ടോ?''

അപ്പോൾ ഊരായ്മകളുടെ മറുചോദ്യം

''എവിടെന്നാണ്?''

ഊരായ്മകളുടെ ചോദ്യത്തിനുള്ള മറുപടി ഇങ്ങനെ

''അക്കടൽ, ഇക്കടൽ, ഏഴാംമറുകടൽ അവിടെന്നുതാണ്ടി വെള്ളരിമലയിൽ നിന്നുവരുന്ന ദൈവമാണ്''

അടിയാനെയും അനുയായികളെയും കാവിൽ കയറാൻ ഊരായ്മകൾ അനുവദിച്ചു. കാവിൽ കയറുന്ന ഈചടങ്ങിന് ''കാവുതീണ്ടൽ'' എന്നു പറയുന്നു.

കാവിന്റെ തിരുമുറ്റത്ത് കാവിന്നുടയോർ ഒരു കിണ്ണത്തിൽ തൊട്ടുമുമ്പ് താളിവെച്ചിട്ടുണ്ടാകും.

കാവിൽ കയറിയ കോലവും അനുയായികളും അവിടെ നിൽക്കാതെ മൂന്നുപ്രദക്ഷിണത്തിനുശേഷം തിരുമുറ്റത്തെ കിണ്ണത്തിൽ വിരൽമുക്കി ഊരായ്മകളുടെ ഉച്ചിയിൽ താളിചാർത്തുന്നു. താളിചാർത്തിയതിനുശേഷം ''കടവെറങ്ങുക'' എന്ന ചടങ്ങാണ്. കുളിച്ചുശുദ്ധിയായി വരുന്നതിനാണ് ''കട വെറങ്ങുക'' എന്നുപറയുന്നത്. ആട്ടക്കാരും അനുയായികളും

തറവാട്ടുകാരുമുൾപ്പെടെ ദൈവത്തിനൊപ്പം കടവെറങ്ങി തിരിച്ചുവന്നതിനുശേഷം ആർപ്പോടുകൂടി കാവിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു.

തുടർന്ന് ''ഗുളികനെ തിരിക്കുന്നു''. നാളികേരം കറക്കി ദിക്കുനോക്കി ഫലം പറയുന്നതാണ് ''ഗുളികനെ തിരിക്കൽ.'' ഇതിനുശേഷം കോലം വാക്കെണ്ണുകയും അവിടെയുള്ള എല്ലാവരുടെയും നെറ്റിയിൽ കിണ്ണത്തിലെ അരിച്ചാന്തുകൊണ്ട് പൊട്ട് ചാർത്തുകയും ചെയ്യുന്നു.

പൊട്ട് ചാർത്തിയതിനുശേഷം സ്വയം സമർപിച്ച് പിൻവാങ്ങുന്നു.

മുമ്പുപറഞ്ഞ പൂണൂൽക്കൊടവരവിൽ, പൂണൂൽധാരി പൂണൂൽ അഴിച്ചെടുത്ത് കാവിലെ കർമിയെ അണിയിക്കുകയും ഓലക്കുട കർമിയ്ക്ക് കൊടുക്കുകയും ചെയ്യുന്നു.

ഇതോടെ ''കാവുതീണ്ടൽ'' ചടങ്ങ് പൂർണമാകുന്നു.

കോലം അണിമറയിൽ നിന്ന് വേഷം മാറി വന്നതിനുശേഷമാണ് കാവുണർത്തൽ എന്ന ചടങ്ങ്. ഈ ചടങ്ങിനായി നെല്ല്, അരി, നാളികേരം, ഇളനീർ, വെറ്റില, അടക്ക, പുഷ്പം തുടങ്ങിയവ സമർപ്പിച്ച് തുടികൊട്ടി തോറ്റം ചൊല്ലുന്നു. അങ്ങനെ തോറ്റം ചൊല്ലിക്കൊണ്ടുതന്നെ കാവിലെ എല്ല ദൈവങ്ങളുടെയും മുമ്പിലെത്തി മേൽപറഞ്ഞ സാധനങ്ങളെല്ലാം തിരുമുമ്പിൽ സമർപിച്ച് ഓരോ ദൈവത്തേയും ഉണർത്തുന്നു.

കാവുണർത്തലിനുശേഷം മേളം. തുടർന്ന് ഭക്ഷണം.

ഭക്ഷണശേഷം ആദ്യം ഗുരുവെള്ളാട്ടാണ്. അതിനായി കോലം കെട്ടുന്നയാൾ തിരുനടയിലെത്തി തൊഴുതുകുമ്പിട്ട് അരിയും പൂവുമെടുത്ത് അണിമറയിലേക്ക് പോകുന്നു. അണിമറയിലെത്തി അണിഞ്ഞൊരുങ്ങുന്നു. കോലം പൂർണതയിലെത്തുമ്പോഴേക്കും വാദ്യക്കാരുമെത്തുന്നു. അവിടെനിന്ന് മേലാപ്പിനുകീഴിൽ കൂത്തുവിളക്കിന്റെ അകമ്പടിയിൽ വാദ്യഘോഷങ്ങളോടെ കോലം പുറപ്പെടുന്നു. കാവിന്റെ മുറ്റത്തെത്തിയ കോലം ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം ദർശനസായൂജ്യം കിട്ടിയ കോലം വാക്കെണ്ണുന്നതോടെ ഗുരുവെള്ളാട്ട് അവസാനിക്കുന്നു.

എല്ലാവെട്ടുകളും ആടി പൂർത്തിയാക്കുന്നത് ഇങ്ങനെയാണ്. ചിലയിടങ്ങളിൽ വില്ലികളുടെ വെള്ളാട്ടമുണ്ടാകും. വില്ലികളെ ദിക്കിരുത്തുന്ന ചടങ്ങാണ് ആദ്യം. ദിക്കിരുത്തുന്നതിനായി നെല്ല് ഇടിച്ചതവിടും അതിലുള്ള മലരുമാണ് ആവശ്യം. കൂടാതെ എണ്ണത്തിരി കത്തിച്ചുവെച്ച നാളികേരവും മദ്യവും വില്ലികളുടെ വെള്ളാട്ടിന് ആവശ്യം തന്നെ. തുടർന്നു ചെയ്യുന്ന കർമത്തോടെ വെള്ളാട്ട് പുറപ്പെട്ട് ആടിയവസാനിക്കുന്നു. ഇതോടെ എല്ലാ വെള്ളാട്ടുകളും അവസാനിക്കുന്നു.

ശേഷം രാത്രി ഭക്ഷണത്തിനുമുമ്പായി താലപ്പൊലിയോടുകൂടിയ ഭഗവതിത്തിറയാണ്. ഭഗവതിത്തിറയ്ക്ക് സാധാരണഗതിയിൽ രണ്ട് കോലങ്ങളുണ്ടാകും. അതുകൊണ്ടു ഭഗവതിത്തിറയ്ക്ക് ആവശ്യമായ എല്ലാ സാധനസാമഗ്രികളും രണ്ടുവീതമായിരിക്കണം.

രണ്ട് ചെമ്പുകൾ, രണ്ട് തോർത്തുമുണ്ടുകൾ, രണ്ടിലകളിൽ ചുവപ്പ്, രണ്ടിലകളിൽ വെറ്റില – അടയ്ക്ക, പണം ഭഗവതിത്തിറയ്ക്കാവശ്യമായ സാധനങ്ങളാണിവ.

ഭഗവതിത്തിറയ്ക്കുള്ള തയ്യാറെടുപ്പുകളിങ്ങനെ. കാവിന്റെ തിരുമുമ്പിലേയ്ക്ക് തറവാട്ടുകാരെല്ലാവരെയും വിളിച്ച് അരിയും പൂവും ചാർത്തുന്നു. കോലംകെട്ടുന്നയാൾ രംഗത്തുള്ള പ്രായമേറിയ വ്യക്തിയുടെ കാൽതൊട്ടുവന്ദിക്കുന്നു. ശേഷം അടിയാനൊപ്പമെത്തിയ അനുയായികളുടെ കാലും തൊട്ടുവന്ദിക്കുന്നു. തുടർന്ന് കെട്ടുമുണ്ടും ചോപ്പുമെടുത്ത് കാവിന് മൂന്ന് പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണശേഷം അണിമറയിൽ പോയി കെട്ടുമുണ്ടും ചോപ്പും വിളക്കിനടുത്തുവെച്ച് പ്രാർഥിച്ച് ഗുരുകാരണവന്മാരുടെ അനുഗ്രഹം വാങ്ങുന്നു. കോലമെഴുത്തുകാരൻ പ്രായംകുറഞ്ഞ വ്യക്തിയെങ്കിൽ കോലം എഴുത്തുകാരനെ തൊട്ടുവണങ്ങി എഴുത്തുകാരന്റെ അനുഗ്രഹം വാങ്ങുന്നു.

കോലം പൂർണതയിലെത്തിക്കഴിഞ്ഞാൽ താലപ്പൊലി കത്തിക്കുന്നിടത്തുപോയി, അവിടെനിന്ന് പുറപ്പെടുന്ന പതിവ് ചിലയിടങ്ങളിലുണ്ട്. അല്ലെങ്കിൽ കാവിന്റെ പടിക്കൽ നിന്നാണ് പുറപ്പെടുന്നത്. പുറപ്പാടാകട്ടെ മേലാപ്പിനുകീഴിൽ നിന്നുകൊണ്ടും. മേലാപ്പിനുകീഴിൽ കോലത്തിന്റെ അനുയായികളിലൊരാൾ കോമരമായി ഉണ്ടാവും. പുറപ്പാടിന്റെ ഏറ്റവും മുമ്പിൽ ഭഗവതിയായിരിക്കും. പുറപ്പാട് കാവിലെത്തി മൂന്നുതവണ പ്രദക്ഷിണം വെയ്ക്കുന്നു. മൂന്നാം പ്രദക്ഷിണത്തിനുശേഷമാണ് താലപ്പൊലി ചൊരിയുന്നത്. താലപ്പൊലി ചൊരിയുമ്പോൾ തറവാട്ടിലെ മൂത്ത മൂന്ന് വ്യക്തികളുടെ താലപ്പൊലികൾ മാറ്റിവെക്കുന്നു. മറ്റൊരു പ്രധാനകാര്യം കോലത്തിനൊപ്പമുള്ള പരികർമി എല്ലാ താലപ്പൊലികളും ഉഴിഞ്ഞുവെക്കുന്നു എന്നുള്ളതാണ്. അങ്ങനെ ഉഴിഞ്ഞതിനുശേഷം താലപ്പൊലിയുമായെത്തിയവരോട് കുറച്ചൊന്ന് ഒതുങ്ങിനിൽക്കാൻ ആവശ്യപ്പെടുന്നു. അവർ അനുസരിക്കുകയും ചെയ്യുന്നു.

മാറ്റിവെച്ച മൂന്നു താലപ്പൊലികൾ കാവിലെ കർമി മൂന്നുപേർക്കുമായി നൽകുന്നു. ഒന്ന് കോമരത്തിനും ഓരോന്നുവീതം രണ്ട് ആട്ടക്കാർക്കും. തുടർന്ന് മൂവരും ദേവീനൃത്തം ചെയ്ത് താലപ്പൊലികൾ ദേവിയ്ക്ക് സമർപിക്കുന്നു. സമർപണശേഷം ഇരുകോലങ്ങളും അണിമറയിലേക്ക് പോകുന്നു. കോമരം ദർശനസായൂജ്യത്തോടെ വാക്കെണ്ണി പിൻവാങ്ങുന്നു.

കോമരം പിൻവാങ്ങിയതിനുശേഷം അണിമറയിൽ നിന്നെത്തിയ ഭഗവതിക്കോലം പീഠത്തിന്മേൽ ഉപവിഷ്ടയാകുന്നു. ശേഷം മഞ്ഞപ്പൊടി ആരാധനയാണ്. മഞ്ഞപ്പൊടി ആരാധനയ്ക്ക് അവസാനം തുടി തല്ലി തോറ്റം ചൊല്ലിത്തീരാറാകുന്നതോടെ ദർശനം ലഭിച്ച ഭഗവതിക്കോലം വാക്കെണ്ണിസ്വയം സമർപിക്കുന്നു.

ഭഗവതിത്തിറയ്ക്കുശേഷം ഭക്ഷണം. ഭക്ഷണശേഷം മറ്റ് തിറകളുടെ ആട്ടമാണ്. ഈ തിറകൾക്ക് പൊതുവെ വെള്ളാട്ടു ചടങ്ങുകൾ തന്നെയാണ്.

ഏറ്റവും അവാസനതിറയാട്ടം പുലർച്ചയിലാണ്. സാധാരണപോലെ നിറയും വിളക്കുമുണ്ടാവും. കോലത്തിന്റെ മുടിയുടെ ഒരുക്കത്തിനായി പാളയിലെഴുതി മഞ്ഞളും ചുണ്ണാമ്പും കൊണ്ട് വെട്ടിയൊരുക്കിയ പാള ചുവപ്പിക്കുന്നു. ഏഴുകുരുത്തോലകൾകൊണ്ട് അലങ്കരിച്ച ഈ മുടിക്ക് "ഒറ്റുവെച്ചമുടി" എന്നുപറയുന്നു. മറ്റൊരുക്കങ്ങൾ ഇങ്ങനെ. പട്ടുടുത്ത് അതിനുമുകളിൽ കുരുത്തോലകൾ ചാർത്തി മേലാസകലം അരിച്ചാന്ത് തേച്ച് ചിലമ്പണിഞ്ഞ് അരമണികെട്ടി കുരുത്തോലക്കരങ്ങളുമായി തോറ്റം ചൊല്ലിയാണ് പുറപ്പാട്. ഈ പുറപ്പാടിന് മറ്റെല്ലാവരും അകമ്പടിക്കാരായുണ്ട്. വാദ്യഘോഷങ്ങളോടെയുള്ള ഈ പുറപ്പാടിനുമുമ്പുതന്നെ കനലാട്ടത്തിനുള്ള പ്ലാവിൻ വിറക് കാവുമുറ്റത്ത് പ്രത്യേകസ്ഥലത്ത് വെച്ചിട്ടുണ്ടാകും. കനൽക്കൂട്ടുന്നതിനുമുമ്പ് അരി, നെല്ല്, നാളികേരം, ഇളനീര്, പുഷ്പം, വെറ്റില – അടയ്ക്ക, മുറുക്കാൻ, മദ്യം (കള്ളും റാക്കും) എന്നിവയും വിറകിനുമുമ്പിലെത്തിക്കുന്നു. കൂടാതെ ഇപ്പോൾ ഉണ്ടാക്കിയ മുടി നാക്കിലയിട്ട് വിറകിനുമുമ്പിൽ വെക്കുന്നതോടൊപ്പം ഒരു പീഠവും അവിടെ പ്രത്യേകമായി വെയ്ക്കുന്നു. തുടർന്ന് കോലം തറവാട്ടിലെ എല്ലാ ഊരായ്മകളെയും വിളിക്കുന്നു. കോലത്തിനൊപ്പമുള്ള പ്രായമേറിയ ആൾ രണ്ട് കൊള്ളിയെടുത്ത് കാവിന്റെ കർമിയ്ക്ക് നൽകുന്നു. കർമിയ്ക്ക് കൊടുത്ത ശേഷം ഓരോ കൊള്ളിവീതം അവിടെയെത്തിയ ഓരോരുത്തർക്കും നൽകുന്നു. കൊള്ളി ലഭിച്ചതിനുശേഷം എല്ലാവരും കിഴക്കുതിരിഞ്ഞ് ദൈവത്തോട് പ്രാർഥിക്കുന്നതോടൊപ്പം നെല്ലെടുത്ത് നാലുഭാഗത്തും "ആശാരം" ചെയ്യുന്നു. "ആശാര"ശേഷം കോലത്തിന്റെ അനുയായികളിൽ പ്രായമേറിയ ആൾ തിരുമുമ്പിൽ നിന്ന് തുടിയുടെ താളത്തിൽ കൊള്ളിയെടുത്ത് ഒരു "വട്ടംവെക്കുന്നു." (കയ്യിലിരിക്കുന്ന കൊള്ളി ഇടത്തോട്ടും വലത്തോട്ടും താഴ്ത്തുന്നു.) തുടർന്ന് മൂന്നുതവണപ്രദക്ഷിണം. മൂന്നാം പ്രദക്ഷിണത്തിനുശേഷം ആർപ്പോടെ വിറകുകൂനയിൽ കൊള്ളി കുത്തിവെക്കുന്നു. അവസാനം മേലരികൂട്ടി മേലരിയുടെ നടുക്കുള്ള കൊള്ളിമേൽ കിഴക്കുതിരിഞ്ഞ് കർപൂരം വെയ്ക്കുന്നു. തുടർന്ന് മൂർത്തിയുടെ തിരുമുമ്പിലെത്തി വിളക്കിൽനിന്ന് ഒരു തിരികത്തിച്ചെടുത്ത് കർപൂരത്തിന് തീ കൊളുത്തുന്നു. പിന്നീട്

ദൈർഘ്യമേറിയ തോറ്റമാണ്. തോറ്റം പകുതി ആകുമ്പോഴേക്കും തന്നെ നെല്ലെടുത്ത് മുടിയിലിട്ട് മുടി നാലുദിക്കുകളിലും കാട്ടുന്നു. ശേഷം കോലത്തിന് മുടി ഇട്ടുകൊടുക്കുന്നു. കോലം പീഠത്തിലിരുന്ന് മുടിയേറ്റി തല ഉറപ്പിക്കുന്നു. തല ഉറപ്പിച്ചശേഷം പീഠത്തിന് മൂന്ന് പ്രദക്ഷിണം വെച്ച് വീണ്ടും പീഠമേറുന്നു. പീഠമേറി അവിടെ നിന്ന് ആർപ്പുവിളിക്കുന്നു. ആർപ്പിനുശേഷം പീഠത്തിൽ വീണ്ടും ഉപവിഷ്ടനാകുന്നു. ഈ ക്രിയകൾക്കെല്ലാം കൂടി പറയുന്ന പേരാണ്. ''കനലേരി പുറത്തേയ്ക്ക് കയ്യും കർമവും കൊടുക്കുക'' എന്നത്. ഈ കർമങ്ങളെല്ലാം നടക്കുമ്പോഴും തോറ്റം ചൊല്ലൽ തുടർന്നുകൊണ്ടേയിരിക്കുന്നു. ഒപ്പം ദൈവത്തെ വിളിച്ച് കോലത്തിന് കോഴിയെ നൽകുന്നു. തുടർന്ന് ആദ്യം കോലം കനൽ തട്ടുന്നു. പിന്നാലെ അനുയായികളും തറവാട്ടുകാരുമെല്ലാം കനൽതട്ടുന്നു. അങ്ങനെ കനൽതട്ടി കോഴി, റാക്ക്, തവിട് തുടങ്ങിയവയുമായി കോട്ടയിലേയ്ക്ക് പോകുന്നു. കോട്ടയിലെത്തി കോഴിയെ അറുത്ത്,അവിടെയുള്ള പാലയുടെ തോൽ ചെത്തിയ ഭാഗത്ത് കോഴിച്ചോര സമർപിക്കുന്നു. സമർപണ ശേഷം നാളികേരമുടച്ചിട്ട് കെട്ടിയമുടി പാലമേൽ ചാരിവെയ്ക്കുന്നു. ശേഷം സ്വയം സമർപിച്ച് പിൻവാങ്ങുന്നു.

തുടർന്ന് വല്യാപ്പൻ വെള്ളാട്ടാണ്. വെള്ളാട്ടിന്റെ ചടങ്ങുകളെല്ലാം ആദ്യം പറഞ്ഞത് പോലെതന്നെ. ഇവിടെ വല്ല്യാപ്പൻ ശിവനാണെന്ന സങ്കൽപത്തിലാണ് വെള്ളാട്ട്.

പുലിക്കോലം

വില്ലികളുള്ള അപൂർവം കാവുകളിൽ മാത്രമാണ് പുലിക്കോലത്തിന്റെ ആട്ടം. പുലിക്കോലത്തിന്റെ ഒരുക്കങ്ങളിങ്ങനെ. ചുവപ്പുപട്ട് തലയിൽക്കെട്ടി മഞ്ഞളും അരിപ്പൊടിയും കൂട്ടിക്കുഴച്ച ചാന്ത് മേലാസകലം തേച്ചിട്ട് ചുവപ്പുതുണി തറ്റുടുക്കുന്നു. തുടർന്ന് മേലാസകലം കറുപ്പ്, ചുവപ്പ്, അരിച്ചാന്ത് എന്നിവകൊണ്ട് പുള്ളികുത്തുന്നു. അപ്പോഴേയ്ക്കും ഏതാണ്ട് പുലിയുടെ രൂപമായിട്ടുണ്ടാവും. തുടർന്ന് പാള ചെത്തിയൊരുക്കിയ രണ്ട് ചെവികൾ അണിയുന്നു. പുലിക്കൊപ്പമുള്ള ആളാണ് കരിമ്പാലൻ. പുലിയെ വേട്ടയാടുന്ന വേട്ടക്കാരൻ എന്ന സങ്കല്പമാണ് കരിമ്പാലനുള്ളത്. കരിമ്പാലൻ വേട്ടയാടി പുലിനിഗ്രഹം നടത്തുന്നു. ഈ സമയമെല്ലാം തുടിതാളത്തിൽ തോറ്റം ചൊല്ലിക്കൊണ്ടിരിക്കുന്നു. പുലിനിഗ്രഹത്തോടെ ഈ കോലത്തിന്റെ ആട്ടം അവസാനിക്കുന്നു.



പുലിക്കോലം

ഉമ്മത്തുംവരതോതി

ഈ ചടങ്ങിനായി ഊരായ്മകളുടെ എല്ലാ സ്ത്രീകളെയും തിരുമുമ്പിൽ വിളിച്ച് കിഴക്കു തിരിഞ്ഞ് നിർത്തുന്നു. അങ്ങനെ നിർത്തിയതിനുശേഷം എല്ലാവരുടെയും മുന്നിൽ വിളക്ക്, നിറനാഴി, നാളികേരം, ഇളനീർ, വെറ്റില-അടയ്ക്ക എന്നിവയെല്ലാം വെയ്ക്കുന്നു. തുടർന്ന് ഊരായ്മക്കാരായ സ്ത്രീകൾ ''പൂട്ടലും'' (ഓലകൊണ്ടുനിർമിച്ച പേഴ്സുപോലെ ഒന്ന്) കല്ലുമാലയും നാക്കിലയിൽ വെക്കുന്നു. അരിപ്പൊടിയും മഞ്ഞപ്പൊടിയും കൂട്ടിക്കുഴച്ച ചാന്ത് അവിടെ കിണ്ണത്തിലുണ്ടാകും. തുടർന്ന് അവിടെ ഒരു പീഠം വെയ്ക്കുന്നു. പീഠത്തിനുതാഴെ വിളക്ക്, നെല്ല്, അരി, നാളികേരം, ഇളനീര്, വെറ്റില-അടക്ക എന്നിവയുമുണ്ടാകും. പീഠത്തിന്മേൽ ഒരു അരിവാളും ചാന്ത് കിണ്ണവും വെയ്ക്കുന്നു. തുടർന്ന് സ്ത്രീകൾക്ക് കിണ്ണത്തിലെ ചാന്തുകൊണ്ട് കുറിചാർത്തുന്നു. ശേഷം കുരുത്തോലയെടുത്ത് അരയിൽകെട്ടി അരിച്ചാന്ത് മേലാസകലം തേക്കുന്നു. തുടർന്ന് ചെമ്പട്ടും ചിലമ്പുമണിഞ്ഞ് അരമണി കെട്ടുകയും ചെയ്യുന്നു. ഒരുക്കം പൂർത്തിയായതിനുശേഷം അരിവാളും നെല്ലുമെടുത്ത് തുടിനാദത്തിൽ തോറ്റംചൊല്ലി നാലുദിക്കുകളിലേയ്ക്കും ''ആശാരം'' ചെയ്യുന്നു. ആശാരശേഷം പീഠത്തിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു. പ്രദക്ഷിണം കഴിഞ്ഞ് അരിവാളെടുക്കുന്നു. അരിവാൾകൊണ്ട് നിലത്തുവരച്ച് ഒരു തവണ കാവിനെ പ്രദക്ഷിണം വെയ്ക്കുന്നു. അതേപോലെ അരിവാൾകൊണ്ടുവരച്ച് സ്ത്രീകൾക്കുചുറ്റും മൂന്നുതവണ പ്രദക്ഷിണം വെയ്ക്കുന്നു. ഇതോടെ താളം മുറുകുകയും സ്ത്രീകൾ തുള്ളിക്കൊണ്ട് പീഠത്തിനുചുറ്റും മൂന്നുപ്രാവശ്യം പ്രദക്ഷിണം വെയ്ക്കുകയും ചെയ്യുന്നു. പിന്നീട് കോലം ഓരോ ഊരായ്മ സത്രീക്കുമായി വാക്കെണ്ണുന്നു. തുടർന്ന് കോലം ഓരോ ഊരായ്മ പുരുഷന്മാർക്കും വാക്കെണ്ണി സ്വയം സമർപിച്ച് പിൻവാങ്ങുന്നു. ശേഷം കുടികൂട്ടൽ.

പിന്നീട് ഊരായ്മകൾ കാവിന്റെ ഉള്ള് വൃത്തിയാക്കി കാവിലെ പ്രധാനദൈവത്തിന്റെ മുമ്പിൽ വിളക്കുവെച്ച് തറവാട്ടിലുള്ള എല്ലാവരേയും വിളിച്ചുകൂട്ടി പ്രാർഥിക്കുന്നു. പ്രാർഥനയ്ക്കിടയിൽ തുടികൊട്ടി തോറ്റം ചൊല്ലുന്നുമുണ്ട് തോറ്റം ചൊല്ലി തീരുന്നതോടൊപ്പം നെല്ലുംപുഷ്പവും ദൈവത്തിന് സമർപിച്ച് തിരുനട അടയ്ക്കുന്നു.

തിരുനട അടച്ചതിനുശേഷം എല്ലാവരും തിറനിശ്ചയം നടത്തിയ തറവാട്ടിലെത്തുന്നു. അവിടെ മധ്യമകർമത്തിലുള്ള പൂജയ്ക്കുശേഷം ''അകത്തൂട്ട്'' കഴിക്കുന്നു(നേർച്ചയായുണ്ടാക്കിയ ഭക്ഷണം എല്ലാവരും കഴിക്കുന്നതാണ് അകത്തൂട്ട്) അകത്തൂട്ടോടെ ദക്ഷിണനൽകി അടിയാനെയും അനുയായികളെയും അവിടെനിന്ന് അയയ്ക്കുന്നു. അവിടെ നിന്നു പിരിഞ്ഞ അടിയാനും അനുയായികളും തിറ നിശ്ചയിച്ച സ്ഥലത്ത് എത്തിപറഞ്ഞുറപ്പിച്ച പണംവാങ്ങുന്നു. പണംവാങ്ങി തൊഴുമ്പോൾ തറവാട്ടുകാരണവർ പുറംതൊട്ട് അനുഗ്രഹിച്ച് അടിയാനെയും അനുയായികളെയും യാത്രയാക്കുന്നു.

ഏഴാം പൂജ

ഏഴാം നാളിൽ തറവാട്ടുകാർ കാവ് വൃത്തിയാക്കിവിളക്കുവെച്ച് ഉത്തമകർമത്തിൽ പൂജ ചെയ്യുന്നു. വൈകിട്ട് അടിയാനും അനുയായികളുമെത്തി മധ്യമകർമത്തിൽ പൂജ ചെയ്യുന്നു. പൂജയ്ക്കുശേഷം തറവാട്ടിലെ അകത്തൂട്ടോടെ അടിയാനും അനുയായികളും പിരിയുന്നു.

ഇതോടെ ഈ വർഷത്തെ ഉത്സവം സമാപിക്കുന്നു.



തിറയാട്ടം – ചെറുമസമുദായത്തിൽ

മുടത്തായ്ക്കൽ കൃഷ്ണൻകുട്ടി (കുഞ്ഞു, ചുങ്കം)

പത്താംവയസ്സിൽ തിറയാട്ടപഠനം തുടങ്ങിയ കലാകാരനാണ് ചെറുമൻ സമുദായാംഗമായ ശ്രീ കുഞ്ഞു. ചെറുമൻ സമുദായത്തിന് തിറയാട്ടാവകാശമുള്ള സ്ഥലങ്ങളാണ് ഫറൂഖ്, ചുങ്കം, എട്ടേനാല്, ഐക്കരപ്പടി, മാവൂർ തുടങ്ങിയവ. ഈ പ്രദേശങ്ങളിലുള്ള എല്ലാ കാവുകളിലും അവകാശമുണ്ടെന്നല്ല പറഞ്ഞുവരുന്നത്. എങ്കിലും ഈ പ്രദേശങ്ങളിലെ ചില കാവുകളിൽ തിറയാട്ടാവകാശമുള്ളത് ചെറുമൻ സമുദായത്തിനാണ്. അച്ഛന്റെ സഹോദരനായ അയ്യപ്പനിൽ നിന്നാണ് കുഞ്ഞു തിറയാട്ടപഠനം തുടങ്ങിയതും കാവുകളിൽ തിറയാട്ടം അവതരിപ്പിക്കുന്നതിനുള്ള പ്രാപ്തി നേടിയതും. ചെറുമസമുദായത്തിന്റെ തിറയാട്ടരീതികളാണ് ശ്രീകുഞ്ഞു വിശദീകരിക്കുന്നത്.

സാധാരണപോലെ തിറനിശ്ചയമാണ് ഇവിടെയും ആദ്യചടങ്ങ്. തിറനിശ്ചയത്തിനായി ചെറുമൻ വിഭാഗത്തിലെ അവകാശിയായ കാരണവർ കാവിന്റെ തറവാട്ടുകാരണവരുടെ അറിയിപ്പനുസരിച്ച് അവിടെയെത്തുന്നു. അവിടെ തറവാട്ടുകാരണവർ വെറ്റിലയും കുറിപ്പണവും കൊടുത്ത് തിറനിശ്ചയിക്കുന്നു.

ഉത്സദിവസം രാവിലെ തിറയാട്ടസംഘം കാവിലെത്തി ഊരായ്മയിൽ നിന്ന് അരിയും പൂവും വാങ്ങിപ്രാർഥിച്ചശേഷം അണിമറയിലേക്ക് പോകുന്നു. തിറയാട്ടസംഘം അണിമറയിലേയ്ക്കുപോകുമ്പോൾ ഊരായ്മകൾ വിളിച്ചുണർത്തലിനാവശ്യമായ കിണ്ടിയും വെള്ളവും, വെറ്റില–അടയ്ക്ക തുടങ്ങിയവസമർപിച്ച് പൂജ ചെയ്യുന്നു. പൂജയ്ക്ക് ശേഷം തിറക്കാരെത്തി കയ്യിഷ്ടമെടുത്ത് രാശിഫലം പറയുന്നു. അതിനുശേഷം നിറച്ചുവെപ്പിൽ നിന്ന് അരിയും പൂവുമെടുത്ത് ഊരായ്മകൾക്ക് നൽകുന്നു. അവർ പ്രാർഥിച്ചുനിൽക്കുമ്പോൾ തുടിയുടെ താളത്തിൽ തോറ്റം ചൊല്ലുന്നു.

കോലം പൂർണമായതിനുശേഷം വെള്ളാട്ട് പുറപ്പെട്ട് തിരുമുമ്പിലെത്തി തൊഴുതുകുമ്പിട്ട് ആയുധം വാങ്ങി കാവിനെ ചുറ്റി ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം കാവിന് മുമ്പിൽ സ്വയം സമർപിക്കുന്നതോടെ ആദ്യവെള്ളാട്ട് പൂർണമാകുന്നു.



മുത്തിയമ്മ

എത്ര വെള്ളാട്ടുകളുണ്ടെങ്കിലും തുടക്കവും അവസാനവും ഇങ്ങനെതന്നെ ആയിരിക്കും. വെള്ളാട്ടുകളെല്ലാം സന്ധ്യയോടുകൂടി അവസാനിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആ നിഷ്കർഷ കൃത്യമായി പാലിക്കുന്നുമുണ്ട്.

ചെറുമസമുദായത്തിന് ഏറെ പ്രത്യേകതകളുള്ള വെള്ളാട്ടാണ് ''ഭൂമിവെള്ളാട്ട്'' ഭൂമിവെള്ളാട്ടിൽ കാവിന്നുടയോരും തുടിക്കാരുമുൾപ്പെടെ എല്ലാവരും പങ്കെടുക്കുന്നു. കാവിന്നുടയോർ, അനന്തിരവർ തുടങ്ങി എല്ലാവരും കെട്ടിച്ചുറ്റിയുടുത്ത് അതിന്മേൽ കുരുത്തോല ചുറ്റി, മുഖത്തും മേലും മഞ്ഞൾപൂശി കണ്ണെഴുതി കയ്യിൽ കുരുത്തോല പിടിച്ച് തുടിയുടെ താളത്തിൽ കാവിന് പ്രദക്ഷിണം വെയ്ക്കുന്നതാണ് ഭൂമിവെള്ളാട്ട്. ഇങ്ങനെ മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെയ്ക്കണം. മൂന്നാം പ്രദക്ഷിണത്തോടെ തിരുമുമ്പിൽ എല്ലാവരും അടങ്ങുന്നു.

തുടർന്ന് താലപ്പൊലിയാണ്. താലപ്പൊലിയെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ഇവിടെയും മറ്റ് പ്രത്യേകതകളൊന്നുമില്ല. താലപ്പൊലിയുടെ അവസാനം കോമരത്തിന്റെ ആട്ടമാണ്. ആട്ടത്തിനവസാനം ദർശനം ലഭിച്ച കോലം വാക്കെണ്ണിസ്വയം സമർപിക്കുന്നു.

കോമരം വാക്കെണ്ണി സ്വയം സമർപിച്ചതിനുശേഷം ഭഗവതിയുടെ തിറയാട്ടമാണ്. ആട്ടത്തിനവസാനം മഞ്ഞപ്പൊടി ആരാധന.

മധ്യമത്തിലല്ലാത്ത എല്ലാ കോലങ്ങളുടെയും ആട്ടം അവസാനിച്ചതിനുശേഷം കാവുമുറ്റത്ത് കനലാട്ടമാണ്. കനലാട്ടം തുടങ്ങുമ്പോഴേയ്ക്കും പുലർച്ചെ രണ്ടുമണിയെങ്കിലുമാകും.

കനലാട്ടത്തിന്റെ വിശദവിവരങ്ങളിങ്ങനെ.

തറവാട്ടിലെ അംഗങ്ങളെല്ലാവരും കനലാട്ടത്തിനുള്ള കൊള്ളിയെടുത്ത് തുടിതാളത്തിൽ കാവിന് മൂന്ന് പ്രദക്ഷിണം വെക്കുന്നു. പ്രദക്ഷിണശേഷം കാവുമുറ്റത്ത് നിശ്ചയിച്ചുറപ്പിച്ച സ്ഥലത്ത് കൊള്ളികളെല്ലാം കൂമ്പാരമായി വെക്കുന്നു. ശേഷം കൊള്ളിയെത്തിച്ചവരെല്ലാം ചൂട്ടുകത്തിച്ച് തുടിതാളത്തിൽ ചൂട്ടാടി കാവിന് ഒരു പ്രദക്ഷിണം വെച്ചിട്ട് കൊള്ളിക്കുമ്പാരത്തിന് തീ പകരുന്നു. ഈ കൊള്ളികൾ കത്തി കനലാകുന്നതുവരെ കരിങ്കുട്ടിയുടെ ആട്ടം കാവുമുറ്റത്ത് നടക്കുന്നു. കനലായിക്കഴിഞ്ഞാൽ ആദ്യം കരിങ്കുട്ടിക്കോലം കനലാട്ടം നടത്തുന്നു. തുടർന്ന് തറവാട്ടുകാരെല്ലാവരും കനലാട്ടം നടത്തി കോലത്തിന്റെ ദർശനത്തോടെ കനലാട്ടം അവസാനിക്കുന്നു.

തുടർന്ന് അരിത്താലപ്പൊലി. അരിത്താലപ്പൊലിയുടെ വിശദവിവരങ്ങൾ ഈ പുസ്തകത്തിൽത്തന്നെയുണ്ട്.

ശേഷം ''കലങ്കരി''യാണ്. പൊങ്കാലയ്ക്ക് സമാനമാണ് ഈ കലങ്കരി. സ്ത്രീകൾ പുത്തൻകലങ്ങളുമായി തിരുമുമ്പിലെത്തുമ്പോൾ, ഊരായ്മകൾ തുടിക്കാരെ മുമ്പേ ഏൽപിച്ചിരുന്ന അരി തുടിക്കാർ സ്ത്രീകൾക്ക് നൽകുന്നു. സ്ത്രീകൾ അത് കലങ്ങളിലാക്കി തലയിലേറ്റി കാവിന് ഒരു തവണ പ്രദക്ഷിണം വെയ്ക്കുന്നു. തുടർന്ന് അരിവേവിക്കുന്നു. ഇവിടെയാണ് മുത്തിയമ്മത്തിറയുടെ പ്രസക്തി. അടിയാളവർഗത്തിന്റെ അഭിമാനമായ മുത്തിയമ്മ ഏറെ വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നു. മന്ത്രതന്ത്രങ്ങളിലും വൈദ്യവൃത്തിയിലും മറ്റും നല്ല അവഗാഹമുണ്ടായിരുന്ന മുത്തിയമ്മയുടെ മരണശേഷം അവരെ കുടിവെച്ച് ആരാധിക്കാൻ തുടങ്ങി. മുത്തിയമ്മൻത്തിറയ്ക്കാധാരമായ ഐതീഹ്യമാണിത്. മുത്തിയമ്മൻത്തിറയ്ക്കാവശ്യമായ സാധനങ്ങളാണ് വട്ടി, അരിവാൾ, പായ, മുറം, തൂക്ക്, കൈതോല, ഉരലും ഉലക്കയും (ചെറുത്) മുറുക്കാനുള്ള വെറ്റില-അടയ്ക്ക എന്നിവ. ചെണ്ടത്താളത്തിൽ ആകർഷണീയമായ ആർഭാടങ്ങളില്ലാതെയാണ് മുത്തിയമ്മയുടെ പുറപ്പാട്. ചെണ്ടയുടെ താളത്തിൽത്തന്നെ മുത്തിയമ്മൻ കാവിനെ ഒരു തവണ പ്രദക്ഷിണം വെയ്ക്കുന്നു. തുടർന്ന് ആംഗ്യഭാഷയുടെ അനുപമമായ പ്രകടനങ്ങളിലൂടെയാണ് മുത്തിയമ്മയുടെ ആട്ടം. പാടത്ത് നെല്ല് വിതയ്ക്കുന്നതു മുതൽ കൊയ്തെടുത്ത നെൽക്കറ്റമെതിച്ച് നെല്ലെടുത്ത് അരിയാക്കി കഞ്ഞിവെച്ചുകുടിക്കുന്നതുവരേയുള്ള ഓരോ പ്രവൃത്തിയും അത്യാകർഷകമായ തരത്തിൽ മുത്തിയമ്മക്കോലം അവതരിപ്പിക്കുന്നു. സ്ത്രീകളുടെ കലങ്കരിക്കാധാരമായ വിശ്വാസമാണ് മേൽപറഞ്ഞത്. മുത്തിയമ്മക്കോലത്തിന്റെ ആട്ടത്തിനവസാനം സ്ത്രീകൾ വേവിച്ച കഞ്ഞിക്കലങ്ങൾ വായ്മൂടിക്കെട്ടി തിരുമുമ്പിലെത്തിക്കു

ന്നു. അങ്ങനെ എത്തിച്ച എല്ലാ കലങ്ങളൽനിന്നും പൊങ്കാല കോരിയെടുത്ത് മുത്തിയമ്മ നിവേദ്യമായി സമർപിക്കുന്നു. ശേഷം കോലങ്ങൾ അണിമറയിലേക്ക് പോകുന്നു. സ്ത്രീകൾ അവരവരുടെ കലങ്ങളെടുത്ത് തലയിലേറ്റുന്നു. അപ്പോൾ തുടിക്കാരിടുന്ന താളത്തിനനുസരിച്ച് സ്ത്രീകൾ ചുവടുകൾവെച്ച് കാവിനെ ഒരു പ്രാവശ്യം ചുറ്റുന്നു, തുടർന്ന് മടങ്ങുന്നു.

ശേഷം ഊരായ്മകളുടെ മധ്യമകർമത്തിലുള്ള പൂജയാണ്. കോഴിവെട്ട്, ഗുരുതി, വെച്ചുപൂജ തുടങ്ങിയവയ്ക്ക് ശേഷം കോമരം കുടികൂട്ടുന്നു. അതോടെ ഉത്സവത്തിന് സമാപ്തിയായി.

രാമനാട്ടുകര മാന്ത്രമ്മൽ ശ്രീ കരുമകൻ കാവിൽ തിറയാട്ടം നടത്തുന്നതിനുള്ള അവകാശവും ചെറുമൻ സമുദായത്തിനുണ്ട്. ചെറുമ സമുദായത്തിലെ നീലകണ്ഠൻ ആചാരാനുഷ്ഠാനങ്ങളിലും മന്ത്രതന്ത്രാദികളിലും പ്രഗത്ഭനായിരുന്നു. ദേശവാസികൾക്കും തറവാട്ടുകാർക്കും പ്രിയങ്കരനായ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് മാന്ത്രമ്മൽ കരുമകൻ കാവിലെ ആചാരനാനുഷ്ഠാനങ്ങളും തിറയാട്ടവും നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ പരമ്പരയിൽപ്പെട്ട വരാണ് അവിടുത്തെ ആചാരാനുഷ്ഠാനങ്ങൾ, തിറയാട്ടം രീതികൾ എന്നിവ വിശദീകരിക്കുന്നത്.

മാന്ത്രമ്മൽ ശ്രീ കരുമകൻ കാവിൽ തിറനിശ്ചയത്തിനും ഉത്സവത്തിനും കൃത്യമായ ദിവസങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ധനുമാസം ഒന്നാം തിയതിയാണ് തിറനിശ്ചയം, മകരമാസം മൂന്നാം ശനിയാഴ്ചയാണ് ഉത്സവം. ഈ തിയതിക്കും ദിവസത്തിനും യാതൊരുവിധ മാറ്റങ്ങളും ഉണ്ടാകൻ പാടില്ലെന്നാണ് പണ്ടുകാലം മുതലേയുള്ള കല്പന. ഉത്സവദിനത്തിന് പതിനഞ്ച് ദിവസങ്ങൾക്കുമുമ്പുതന്നെ കാവിൽ മധ്യമത്തിൽ ഗുളികൻ കർമം നടക്കണം. അതും പൂർവികകാലം മുതലേയുള്ള കല്പന തന്നെ. പൂർവികകാലത്ത് നാൽപത്തൊന്ന് തറവാട്ടുകാർക്ക് ഈ കാവും ഉത്സവവുമായി ബന്ധമുണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നു. ആ വിശ്വാസത്തിന് ഉപോൽബലകമായ ചിലചടങ്ങുകൾ ഇപ്പോഴും തുടരുന്നത് തുടർന്ന് വിശദീകരിക്കുന്നതാണ്.

ഉത്സവദിവസം രാവിലെയുള്ള ഗണപതി ഹോമത്തിനുശേഷം കാവിലെ എല്ലാ പ്രതിഷ്ഠകളെയും കുളിപ്പിച്ച് പ്രതിഷ്ഠകൾ ശുദ്ധമാക്കുന്നു. തുടർന്ന് ശുദ്ധമാക്കപ്പെട്ട എല്ലാ പ്രതിഷ്ഠകൾക്കും പൂക്കളർപിച്ച് പൂജിക്കുന്നു. പ്രതിഷ്ഠകളുടെ തിരുമുമ്പിൽ പൂക്കളർപിച്ച് പൂജിച്ചതിനുശേഷം അവിടെയുള്ള എല്ലാ തറകളിലും പോയി കാർമികൻ മുട്ടറുക്കുന്നു. മുട്ടറുത്തതിനുശേഷം വെള്ളരരിയിൽ നിവേദ്യം (ഇളനീര്, മലര്, പഴം, ശർക്കര, വെറ്റില - അടയ്ക്ക) സമർപിക്കുന്നു. നിവേദ്യസമർപണത്തിനുശേഷം കുത്തുവിളക്കിൽ മലരിട്ട് എണ്ണയൊഴിച്ച് ചൂട്ടുകത്തിച്ച് ചൂടാക്കുന്നു. എണ്ണതിളച്ചുകഴിഞ്ഞാൽ ഇളനീർ തളിച്ച് എല്ലാ ദൈവങ്ങളുടെ മുമ്പിലും ''പന്തം കളിക്കുന്നു''

ശേഷം ദേവവാദ്യമായ തുടിയുടെ നാദവീചികളിൽ കാവുണർത്തുന്നു. കാവുണർത്തലിനുശേഷം ചെണ്ടമേളം. ഇതിനുശേഷമാണ് ''ഭൂമിവെള്ളാട്ട്''; ''ഭൂമിവെള്ളാട്ട്'' ചെറുമസമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽ ഏറെ പ്രധാനം തന്നെ. ''ഭൂമിവെള്ളാട്ടി''നെ സംബന്ധിച്ച് മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

ഭൂമിവെള്ളാട്ടിനുശേഷം കാവിന്റെ അവകാശികളും വീട്ടുകോമരങ്ങളും ഈ ഉത്സവത്തിന് മാത്രമായെത്തിയ കോമരങ്ങളും മറ്റെല്ലാവരും ചേർന്ന് കോയ്മയായ തമ്പ്രാന്റെ വീട്ടിലേയ്ക്ക് പോകുന്നു. ഈ സംഘം അവിടെ എത്തുമ്പോഴേയ്ക്കും തറവാടിനുമുമ്പിൽ നിറപറകൾ (നിറച്ചുവെപ്പ്) വെച്ചിട്ടുണ്ടാവും. തമ്പ്രാൻ ഈ സംഘത്തെ സ്വീകരിക്കുന്നു. സ്വീകരണത്തോടെ ചെണ്ടമേളം ദ്രുതഗതിയിലാവുകയും അവകാശിക്ക് ദർശനം ലഭിക്കുകയും ചെയ്യുന്നു. ദർശനം ലഭിച്ച അവകാശി കൽപനകൾ നൽകുന്നതോടെ കോയ്മയുടെ തറവാട്ടിലെ ചടങ്ങ് അവസാനിക്കുന്നു.

തുടർന്ന് തമ്പ്രാൻ വെച്ച നിറപറകളുമായി കാവിലെത്തി, നിറപറകൾ കാവിൽ സമർപ്പിക്കുന്നു. കാവിലെ സമർപ്പണശേഷം മറ്റ് തറവാടുകളിലും നേർച്ചയുള്ള വീടുകളിലും പോകുന്നു. പണ്ടുമുതലെ അരിയെറിഞ്ഞ വീടുകളുണ്ടെങ്കിൽ അവിടെയും പോകുന്നു.

പിന്നീട് ഉച്ചയ്ക്കുള്ള ചെണ്ടമേളമാണ്.

ചെണ്ടമേളത്തിനുശേഷം ഭക്ഷണം.

ഭക്ഷണശേഷം വെള്ളാട്ടുകൾ തുടങ്ങുന്നു.

ആദ്യവെള്ളാട്ട് കരുമകന്റേതും തുടർന്ന് ഭഗവതിയുടേതുമാണ്. ഈ വെള്ളാട്ടുകൾക്ക് മറ്റു വെള്ളാട്ടുകളിൽ നിന്ന് വ്യത്യസ്തതകളൊന്നുമില്ല. വെള്ളാട്ടുകളുടെ സമർപ്പണശേഷം മുട്ടിയറയ്ക്ക് പോകുന്ന ചടങ്ങാണ്. വളരെ പ്രധാനപ്പെട്ട ചടങ്ങുതന്നെയാണിത്. വില്ലികളുടെ പീഠസ്ഥാനമാണ് മുട്ടിയറ. മുട്ടിയറയ്ക്ക് പോകുന്നതിന് ചില നിബന്ധനകളും അതിനായി പണ്ടുമുതലെ ക്രമപ്പെടുത്തിയ ചിട്ടകളുമുണ്ട്. മുട്ടിയറയ്ക്ക് പോകേണ്ടത് പുഴകടന്ന്, പുഴയ്ക്ക് അക്കരെയാണ്. തുടിതാളത്തിൽ കലശമേന്തുന്നയാളും ഭക്തരുമുൾപ്പടെ എല്ലാവരും കൂടിയാണ് മുട്ടിയറയ്ക്ക് പോകുന്നത്.

അവിടെ നിശ്ചിത സ്ഥലത്ത് എത്തിയശേഷം കലശം ആവാഹിക്കുന്നു. അതിനുശേഷം കലശം നിറച്ച കുടത്തിന്റെ വായ മൂടിക്കെട്ടി വളരെ ആഘോഷപൂർവമാണ് തിരിച്ചുവരുന്നത്. കാവിനടുത്തെത്തുമ്പോൾ ചക്കരച്ചോർ വിതരണവുമുണ്ട്. കുട്ടികൾക്ക് ഇത് ഏറെ ആവേശകരമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അത്യാഘോഷപൂർവമാണ് മൂടിക്കെട്ടിയ കലശക്കുടവുമായി വരുന്നതെന്ന് പറഞ്ഞല്ലോ. തുടിനാദവും ചെണ്ടതാളവും ആർപ്പുവിളികളുമെല്ലാമായി കാവിൽ എത്തുന്നു.

കാവിലെത്തിയതിനുശേഷം കാവിന് മൂന്നുപ്രദക്ഷിണം വെയ്ക്കുകയും വാൾകൊണ്ട് കലശക്കുടത്തിന് മൂന്ന് പ്രാവശ്യം കൊത്തുകയും ചെയ്യുന്നു. അപ്പോൾ കലശക്കുടത്തിൽനിന്ന് ചീറ്റിയ കലശം വില്ലികളെ അഭിഷേകം ചെയ്യുന്നു. അതോടെ ഉറഞ്ഞുതുള്ളിയ കോമരം സ്വയം സമർപ്പിച്ച് വാക്കെണ്ണുന്നു.

മുട്ടിയറയ്ക്ക് പോയവരെല്ലാവരും തിരിച്ചെത്തികുളിച്ച് ശുദ്ധിയായി വന്നതിനുശേഷം ഭഗവതിക്കുള്ള കലശത്തിനായി രാമേശ്വരം ക്ഷേത്രത്തിലേയ്ക്ക് പോകുന്നു. തുടർകാര്യങ്ങളൊക്കെ മുമ്പ് വിശദീകരിച്ചിട്ടുള്ളതുപോലെ നടക്കുന്നു. കത്തിച്ച താലപ്പൊലികളും കലശക്കുടവുമായി കാവിലെത്തുമ്പോൾ ഭഗവതിക്കോലം സംഘത്തെ എതിരേറ്റ് കാവിലേയ്ക്ക് ആനയിക്കുന്നു. തുടർന്ന് ഭഗവതിത്തിറ. മഞ്ഞപ്പൊടിആരാധന. മഞ്ഞപ്പൊടി ആരാധനയോടുകൂടിസമർപ്പണം അടുത്തതായി മുടിവെച്ച കരുമകൻ തിറയാണ്. മുളകൊണ്ടുനിർമിച്ച ഈ മുടിയുടെ നിർമിതി ഒരു പ്രത്യേകതരത്തിലാണ്.

കരുമകൻ തിറ നടന്നുകൊണ്ടിരിക്കുമ്പോൾ ദേവീസന്നിധിയിൽ വട്ടക്കളം വരച്ച് നിവേദ്യം സമർപ്പിച്ച് പൂജ ചെയ്യുന്നുണ്ട്. ''കളംകുറി'' എന്നാണ് ഇതിന് പറയുന്നത്. ഉത്സവത്തിനായി പ്രത്യേകം ക്ഷണിച്ചുകൊണ്ടുവന്ന കോമരമാണ് കളംകുറി പൂജ ചെയ്യുന്നത്.

കരുമകൻ തിറയ്ക്ക് ശേഷം കരിവല്ലിത്തിറ. തുടർന്ന് എളങ്കോലത്തിനവസാനം പീലിമുടിവെക്കുന്നു. പീലിമുടിവെച്ച തിറയ്ക്ക് ശേഷമാണ് ഉത്തമത്തിൽ ''പടിമാനമുത്തപ്പൻ'' തിറയാടുന്നത്. അതിനുശേഷമാണ് മേലരി. മേലരിയുടെ വിശേഷങ്ങളിങ്ങനെ.

മേലരിക്കായി അടിയാൻമാരെല്ലാവരുമാണ് പ്ലാവിൻവിറക് കൊണ്ടുവരുന്നത്. വിറകുകൊണ്ടുവരുന്നതിനുമുമ്പുതന്നെ മേലരികൂട്ടുന്നതിനായി പ്രത്യേകം സ്ഥാനം നിശ്ചയിച്ച് അവിടെ ഒരു കളം വരച്ചിട്ടുണ്ടാകും. ഈ കളത്തിലാണ് മേലരിക്കുള്ള വിറക് കൂട്ടുന്നത്. അങ്ങനെ വിറക് കൂട്ടിയതിനുശേഷം നാല് തറവാട്ടുകാർ ഇളനീർ വെട്ടി സമർപ്പിക്കുന്നു. ഇളനീർ വെട്ടി സമർപ്പിച്ചതിനുശേഷം കാവിന്റെ കാരണവർ കാവിനെ പ്രദക്ഷിണം വെയ്ക്കുന്നു. തുടർന്ന്

കാവിൽനിന്ന് പകർന്നെടുത്ത അഗ്നിനാളത്താൽ വിറകുകൂനയിൽ അഗ്നി പകരുന്നു. അഗ്നി യെരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ''കലംകരി''യെന്ന പൊങ്കാലയ്ക്ക് സമാനമായ ചടങ്ങ് നട ക്കുന്നു. തുടികൊട്ടി തോറ്റം ചൊല്ലിയാണ് ഈ ചടങ്ങ്. കലംകരിക്കുള്ള കലങ്ങളെടുക്കാൻ പ്രത്യേകമായി നിശ്ചയിക്കപ്പെട്ട തറവാട്ടുകാരുണ്ട്. ''കലംകരി''യുടെ അവസാനം എല്ലാം കല ങ്ങളുടെയും വായ മൂടിക്കെട്ടി ദേവിയുടെ സന്നിധിയിൽ പ്രത്യേകസ്ഥലത്ത് വെയ്ക്കുന്നു. ''കലംകരി''യെപ്പറ്റി ഈ പുസ്തകത്തിൽത്തന്നെ വിശദീകരിച്ചിട്ടുണ്ട്.

മേലരിക്കുശേഷം മധ്യമത്തിൽ ഗുളികൻ തിറയാണ്. ഗുളികൻ തിറയോടെ എല്ലാ തിറ കൾക്കും പരിസമാപ്തിയാകുന്നു. പുലർച്ചയ്ക്ക് തിരുമുമ്പിലെ എല്ലാ നിവേദ്യങ്ങളും നീക്കം ചെയ്ത് പുതിയ നിവേദ്യങ്ങൾ സമർപിക്കുന്നു.

ഏറെ വിശേഷപ്പെട്ട മറ്റൊരു അനുഷ്ഠാനപരമായ ചടങ്ങാണ് ''പാളത്തിറ''. നാൽപ ത്തൊന്നു പാളകളാണ് ഇതിനാവശ്യം. ഈ നാൽപ്പത്തൊന്നു പാളകളും കാവിലെത്തിക്കുന്ന തിനുള്ള അവകാശം നാൽപത്തൊന്ന് അടിയാന്മാർക്കാണ്. പൂർവികകാലത്ത് നാൽപത്തൊന്ന് തറവാട്ടുകാർക്ക് ഈ കാവും ഉത്സവവുമായി ബന്ധമുണ്ടായിരുന്നതായിമുമ്പ് പറഞ്ഞത്, ഇവിടെ ഓർമിക്കാവുന്നതാണ്. നാൽപത്തൊന്ന് പാളകൾ കാവിലെത്തിക്കുന്നതിന് അവകാശമുള്ള അടിയാൻമാർ തലേദിവസംതന്നെ വ്രതാനുഷ്ഠാനത്തോടെ പാളകൾ വെള്ളത്തിൽ കുതിർത്തു വെയ്ക്കുന്നതും പാളത്തിറയുടെ ഭാഗമായ ഒരു ചടങ്ങുതന്നെയാണ്.

കരുമകനുള്ള മുടിയാണ് പാളത്തിറ. ഇതിന്റെ നിർമിതി വളരെ പ്രത്യേകത നിറഞ്ഞതാ ണ്. ആദ്യമായി മുളച്ചീന്തുകൾകൊണ്ട് ത്രികോണാകൃതിയിൽ ഒരു രൂപമുണ്ടാക്കുന്നു. അതിന്റെ മേൽഭാഗം വളഞ്ഞ് പ്രത്യേകരീതിയിലായിരിക്കും. ഈ രൂപത്തിലാണ് പാളകൾ അനുഷ്ഠാ നങ്ങൾക്കനുസൃതമായി ചാർത്തുന്നത്. ഇതാണ് കരുമകൻ ദൈവത്തിന്റെ പാളത്തിറ.

കുരുത്തോലകൾ ചുറ്റും ചാർത്തി നിർമിക്കുന്നതാണ് പൂത്തറ. പൂത്തറ സമർപിക്കുന്നത് വില്ലിക്കാണ്. വില്ലിയുടെ ആയുധം അമ്പുംവില്ലുമാണെന്ന് ഈ പുസ്തകത്തിൽത്തന്നെ വിശ ദീകരിച്ചിട്ടുണ്ട്. വില്ലികളുടെ തറയ്ക്കടുത്ത് തിറയാട്ട സംഘത്തിലെ രണ്ടുപേർ ഉപവിഷ്ടരാ യിട്ടുണ്ടാകും. അവർക്ക് ദർശനം ലഭിച്ച് വാക്കെണ്ണുന്നതോടെ മുട്ടിയറയ്ക്ക് പോകാൻ എല്ലാ വരും തയ്യാറാകുന്നു.

തുടർന്ന് പാളമുടി (പാളത്തിറ) പൂത്തറ തുടങ്ങിയ സർവ്വസന്നാഹങ്ങളുമായി എല്ലാവരും മുട്ടിയറയ്ക്ക് പുറപ്പെടുന്നു. യാത്ര പാതിവഴിയിലെത്തുമ്പോൾ നിശ്ചയിച്ചുറപ്പിച്ച സ്ഥലത്ത് പാളമുടി (പാളത്തിറ) വെച്ച് മധ്യമത്തിൽ പൂജ ചെയ്യുന്നു. തുടർന്ന് സംഘം മുട്ടിയറയ്ക്ക് തിരിക്കുന്നു. അവിടെ നിശ്ചിത സ്ഥാനത്ത് മധ്യമകർമത്തിൽ കോഴി വെട്ടുൾപ്പെടെയുള്ള പൂജ ചെയ്യുന്നു. പൂജ സ്ഥലത്തേയ്ക്ക് വാദ്യക്കാരുൾപ്പെടെയുള്ള ആർക്കും കടക്കാൻ പാടില്ല.

നവഖണ്ഡംവരച്ചുള്ള പൂജയുമുണ്ട്. എല്ലാ പൂജകൾക്കുംശേഷം കലശവുമായി മടങ്ങു ന്നു. മടങ്ങുമ്പോൾ വാദ്യക്കാരും ചൂട്ടുകളിക്കാരുമുൾപ്പടെ എല്ലാവരുമെത്തി അത്യാഘോഷ ത്തോടെ പാളമുടി (പാളത്തിറ) യുമെടുത്ത് നീങ്ങുമ്പോൾ–

ചെണ്ടയുടെയും തുടിയുടെയും അതിദ്രുത രൗദ്രതാളം!

ഭീതിജന്യമായ മുഖഭാവങ്ങൾ!

അന്തരീക്ഷമാകെ ഭയജനകമാണ്. പാളത്തിറയിലേയ്ക്ക് ചുഴലിവീശുന്നു. കാറ്റ്, മഴ, മിന്നൽപ്പിണറുകൾ, ഇടിവെട്ട് എന്നു വേണ്ട വിശദീകരണങ്ങൾക്കപ്പുറമാണ് അന്തരീക്ഷം. സംഘം കാവിലേയ്ക്ക് കടക്കുന്നതിനുമുമ്പുതന്നെ മാർഗത്തിൽ മഞ്ഞപ്പൊടി വിതറിയിട്ടു ണ്ടാവും പ്രേതഭൂതാദികൾ അടുക്കാതിരിക്കാനാണ് ഈ മഞ്ഞപ്പൊടി വിതരണം.

സംഘം കാവിലെത്തിയതിനുശേഷം മൂന്ന് പ്രദക്ഷിണം വെയ്ക്കുന്നു. മൂന്നാം പ്രദക്ഷിണത്തിനിടയിൽ സ്വയം കടിച്ച്, മറ്റുള്ളവരേയും കടിച്ച് ചോരകുടിക്കാൻ വെമ്പുന്ന ഭയാനകമായ കാഴ്ച! നേർച്ചക്കോഴിയെ ലഭിക്കുന്നതോടെ കോലത്തിന്റെ കലിയടങ്ങുന്നു. മൂന്നാം പ്രദക്ഷിണത്തിൽ കലശം (മധ്യമം) മുൻപറഞ്ഞതുപോലെ പൊട്ടിക്കുന്നു. എന്നാൽ കലശത്തിൽ നിന്നും ഒരു തുള്ളിയെങ്കിലും കരുമകന്റെ സമീപമെത്താൻ പോലും പാടില്ലെന്നൊരു നിഷ്കർഷയുണ്ട്.

തുടർന്ന് കോമരത്തിന്റെ കൽപനയാണ്. കൽപനയെത്തുടർന്ന് കോഴിവെട്ട്. കോഴിവെട്ടിനുശേഷം വെച്ചുപൂജ. വെച്ചുപൂജ പൂർണമാകുന്നതോടെ ഭൂതപ്രേതപിശാചുക്കളെ തേരേറ്റുന്നു.

തുടർന്ന് അരിയുംപൂവുമെറിയുന്നു. അരിയും പൂവുമെറിഞ്ഞതിനുശേഷം രാമേശ്വരത്തുനിന്നുകൊണ്ടുവന്ന കലശത്താൽ കരുമകനെ അഭിഷേകം ചെയ്യുന്നു. ഈ അഭിഷേകം നടത്തുന്നത് മദ്യം തൊടാത്തവരായിരിക്കണമെന്നത് വർഷങ്ങളായി തുടരുന്ന കർശനനിഷ്ഠയാണ്.

ശേഷം എല്ലാ പ്രതിഷ്ഠകളെയും കുളിപ്പിച്ച് അരിയെറിഞ്ഞ് നടയടച്ച് എല്ലാവരും പുറത്തേയ്ക്ക് പോകുന്നു. ഏഴാംദിവസം കാവും പരിസരവും വൃത്തിയാക്കി വൈകിട്ട് ആദ്യം ഉത്തമകർമത്തിൽ പൂജ ചെയ്യുന്നു. അതിനുശേഷം മധ്യമകർമത്തിലെ പൂജയോടെ ഉത്സവത്തിന് പരിസമാപ്തിയാകുന്നു.



തിറയാട്ടം പാണസമുദായത്തിൽ

ഹരിദാസൻ യൂണിവേഴ്സിറ്റി

പന്ത്രണ്ടുവയസ്സുമുതൽ തിറയാട്ടപഠനം തുടങ്ങിയ വ്യക്തിയാണ് ഹരിദാസൻ. പാണസമുദായത്തിൽ ജനിച്ച അദ്ദേഹം ആ സമുദായത്തിന്റെ തിറയാട്ടപാഠങ്ങളും രീതികളുമാണ് ഇവിടെ വിശദീകരിക്കുന്നത്. തിറയാട്ട കലാകാരന്മാരായിരുന്നു., അച്ഛനായ രവീന്ദ്രനും അമ്മാവനായ ശങ്കരൻ കോവൂരും. അച്ഛനോടും അമ്മാവനോടുമൊപ്പം കാവുകളിലും കാവിടങ്ങളിലും കയറിയിറങ്ങി തിറയാട്ടത്തിൽ പ്രായോഗികപരിശീലനം ലഭിച്ച ഹരിദാസന്റെ ആദ്യ ഗുരുക്കന്മാർ അച്ഛനും അമ്മാവനും തന്നെ. തിറയാട്ടപഠനം സാമാന്യേന പൂർത്തിയാക്കിയ ഹരിദാസൻ ചേളന്നൂർ കരിമ്പനയ്ക്കൽ കാവിലാണ് ആദ്യമുടി വെച്ചത്. ഹരിദാസൻ വിശദീകരിക്കുന്ന തിറയാട്ടരീതികളാണ് ചേളന്നൂർ, ചേവരമ്പലം, ബാലുശ്ശേരി, കൊയിലാണ്ടി തുടങ്ങിയ പ്രദേശങ്ങളിൽ നടക്കുന്ന തിറയാട്ടങ്ങളിൽ അവലംബിക്കുന്നത്; പ്രത്യേകിച്ചും പാണസമുദായത്തിന് അവകാശമുള്ള കാവുകളിൽ

മറ്റ് സമുദായങ്ങളുടെ തിറനിശ്ചയത്തിൽ നിന്നും വിഭിന്നമാണ് പാണസമുദായത്തിന്റെ തിറനിശ്ചയം. ഇവിടെ ഉത്സവം എന്നുനടത്തണമെന്ന് വാക്കാൽ പറഞ്ഞുറപ്പിക്കുകയാണ് പതിവ്. അങ്ങനെ ഉറപ്പിച്ചശേഷം ദക്ഷിണവാങ്ങി അവകാശി മടങ്ങുന്നു.

തുടർന്ന് ഉത്സവത്തിന് ഏഴുദിവസം മുമ്പ് കാവിൽ ''കൊടിതൂക്കുക''യെന്ന ചടങ്ങാണ്. ഉത്സവം നിശ്ചയിച്ചവിവരം മാലോകരെ ഔപചാരികമായി അറിയിക്കുക മാത്രമല്ല ഇതിന്റെ ലക്ഷ്യം. തറവാട്ടുകാർക്കും തിറയാട്ടക്കാർക്കും ഭക്തർക്കുമെല്ലാം വ്രതാനുഷ്ഠാനത്തിനുള്ള സമയപരിധി നൽകുകയെന്നതും ഇതിന്റെ ലക്ഷ്യംതന്നെ. ഔപചാരികമായ കൊടിതൂക്കൽ



കണ്ഠാകർണൻ

ചടങ്ങിനുശേഷമാണ് മറ്റുഭക്തരും വിശ്വാസികളും കാവിടങ്ങളിൽ കൊടികൾ നേർച്ചയായി നൽകുന്നതും അവ കാവിനുചുറ്റും തൂക്കുന്നതുമെല്ലാം. കൊടിതൂക്കൽ ചടങ്ങിന് ആദ്യമായി ഇടങ്ങഴി, നാഴിനിറച്ച് കയ്യിഷ്ടം വെയ്ക്കുന്നു. പൂജയ്ക്ക് ശേഷം തിറയാട്ട സംഘത്തിലെ അവകാശിയായ കാരണവർ കയ്യിഷ്ടമെടുക്കുന്നു. കയ്യിഷ്ടമെടുത്ത് വെറ്റിലകളുടെ എണ്ണം നോക്കി രാശിഫലം പറയുന്നു.

പാണസമുദായത്തിലെ അവകാശിയായ കാരണവരെ അടിയാൻ എന്നാണ് സംബോധന ചെയ്യുന്നത്. വടക്കുദേശങ്ങളിലേയ്ക്ക് പോകുംതോറും അടിയാൻസംബോധന ''കല്ലാടി'', ''പണിക്കർ'' എന്നൊക്കെയായി മാറുന്നു. രാശിഫലം പറഞ്ഞതിനു ശേഷം അടിയാൻ ഓരോ വെറ്റിലയിലും അടയ്ക്കയുടെ കഷ്ണങ്ങൾ വെച്ച് തറവാട്ടുകാരണവർക്കും കോമരങ്ങൾക്കും പ്രായഭേദമനുസരിച്ച് മറ്റുള്ളവർക്കും നൽകുന്നു.

ഉത്സവദിവസം രാവിലെ കാവിന്റെ ഊരായ്മയായ കാരണവരുടെ തറവാട്ടിലേയ്ക്കോ നിശ്ചയിക്കപ്പെട്ട മറ്റ് ഏതെങ്കിലും സ്ഥലത്തേയ്ക്കോ അടിയാനും അനുയായികളുമെത്തുന്നു. അവിടെ വിളക്കും ഇടങ്ങഴി-നാഴി നിറയും കയ്യിഷ്ടവും വെച്ചിട്ടുണ്ടാവും. തറവാട്ടിലോ നിശ്ചയിക്കപ്പെട്ട മറ്റ് സ്ഥലത്തോ അടിയാനും അനുയായികളുമെത്തിക്കഴിഞ്ഞാൽ ''അറിയിപ്പ് കൊട്ടാണ്'' ആദ്യം. ചില സ്ഥലങ്ങളിൽ പ്രത്യേകദിവസങ്ങളിൽ സന്ധ്യവേലയും നഷ്ടത്തിറയുമുണ്ടാകാറുണ്ട്. ''അറിയിപ്പുകൊട്ട്'' എന്ന പേരിലറിയപ്പെടുന്ന ഈ മേളം മൂന്ന് തവണയുണ്ടാകും. രണ്ടാംമേളം കൊട്ടിക്കഴിഞ്ഞാൽ തിറയേറ്റ അടിയാനും അനുയായികളും കാവിലെത്തുന്നു. കാവിലെത്തി ഊരായ്മയിൽ നിന്ന് ശൂലം, വാൾ, വെള്ള, ചുവപ്പ്, മഞ്ഞപ്പൊടി എന്നിവ ഏറ്റുവാങ്ങുകയും മേളം കൊട്ടിയ സ്ഥലത്ത് തിരിച്ചെത്തുകയും ചെയ്യുന്നു. തിരിച്ചെത്തിയശേഷം അവകാശിയായ അടിയാൻ കെട്ടിച്ചുറ്റുന്നു. കെട്ടിച്ചുറ്റുന്ന സമയത്ത് മൂന്നാം മേളം കൊട്ടിത്തുടങ്ങുകയും കെട്ടിച്ചുറ്റിയ അടിയാൻ കാവിലേയ്ക്ക് പോകുകയും ചെയ്യുന്നു. അടിയാനും അനുയായികളും കാവിനടുത്തെത്തുമ്പോൾ കോമരവും ഊരായ്മകളും അടിയാനെയും അനുയായികളെയും സ്വീകരിക്കാനെത്തുന്നു. ചിലയിടങ്ങളിൽ അടിയാനെ സ്വീകരിക്കാനെത്തുന്നത് മേലാപ്പുമായിട്ടായിരിക്കും. കാവിലെത്തിയതിനുശേഷം കലശം എഴുന്നള്ളത്താണ്. കലശം എഴുന്നള്ളത്ത് തുടങ്ങുന്നത് സാധാരണ പോലെ കാവിന് ഏറ്റവുമടുത്തുള്ള മഹാക്ഷേത്രത്തിൽനിന്നോ ഇല്ലത്തുനിന്നോ ആയിരിക്കും. തുടർന്ന് പ്രഭാതഭക്ഷണമാണ്.

പ്രഭാതഭക്ഷണത്തിനുശേഷം ദൈവത്തെ ഉണർത്തൽ ചടങ്ങാണ്. അതിനായി ഇടങ്ങഴി, നാഴി നിറച്ചുവെച്ചിട്ടുണ്ടാവും. തുടി, ഇലത്താളം, കൊമ്പ്, കുഴൽ, ഒരുവട്ടച്ചെണ്ട എന്നീ വാദ്യങ്ങളുടെ അകമ്പടിയിൽ അഞ്ചടിചൊല്ലിയാണ് ദൈവത്തെ ഉണർത്തുന്നത്. ദൈവത്തെ

ഉണർത്തിയതിനുശേഷം അടിയാനും അനുയായികളും അണിമറയിലെത്തി അണിമറ പൂജ ചെയ്യുന്നു. അണിമറ പൂജയെപ്പറ്റി പലയിടങ്ങളിലായി വിശദീകരിച്ചിട്ടുള്ളതാണ്. അണിമറ പൂജയിൽ വ്യത്യസ്തതകളൊന്നുമില്ലതന്നെ. അണിമറപൂജയ്ക്ക് ശേഷം കാവിന്റെ കാരണ വരെ അണിമറയിലേയ്ക്ക് വിളിക്കുകയും കാവിന്റെ കാരണവർ അവിടെയെത്തി ഒരു വെറ്റി ലയും പണവും അടിയാന് നൽകുകയും ചെയ്യുന്നു. നിലത്തിട്ട വെറ്റിലയിലേക്ക് കൈക്കുമ്പി ളിലിട്ടുകിലുക്കിയ പണം അടിയാൻ ഇടുന്നു. വെറ്റിലയിൽ വീണുകിടക്കുന്ന പണം നോക്കി അടിയാൻ രാശിഫലം പറയുന്നു. തുടർന്ന് അണിമറയിലെ വിളക്കിന് സമീപം വെച്ചിട്ടുള്ള കുരുത്തോലമടലിൽ നിന്ന് കുറെ കുരുത്തോലകൾ കത്തികൊണ്ട് മുറിച്ചെടുക്കുന്നു. മുറിച്ചെ ടുക്കലിന്, "തറച്ചെടുക്കുക"യെന്നാണ് തിറയാട്ട ഭാഷയിൽ പറയുന്നത്. ശേഷം തറച്ചെടുത്ത കുരുത്തോലകളുടെ എണ്ണം നോക്കി രാശിഫലം പറയുന്നു. രാശിഫലം പറഞ്ഞുകഴിഞ്ഞാൽ കുരുത്തോലകൾ കൂട്ടിക്കെട്ടുകയും, ആ കെട്ട് വെറ്റിലയ്ക്കും പണത്തിനും വിളക്കിനും സമീപം ചാരിവെക്കുകയും ചെയ്യുന്നു. ഇതിനുശേഷമാണ് കുരുത്തോലപ്പണികൾ ആരംഭിക്കുന്നത്. ഇങ്ങനെ കുരുത്തോലപ്പണികൾ ആരംഭിക്കുന്നതോടെ ചെണ്ടയിൽ മേളം തുടങ്ങുന്നു. ചെണ്ട മേളം തുടങ്ങുമ്പോൾ തന്നെ കാവിലെ തറയ്ക്കുമേൽ വെച്ചിട്ടുള്ള കെട്ടുനൽകുകയും ചെയ്യു ന്നു. അരിയും പൂവും ദൈവത്തിനു സമർപ്പിച്ചശേഷം കെട്ടുമുണ്ട് തലയിൽ കെട്ടി കോലം കെട്ടുന്നതിനായി അണിമറയിലേയ്ക്ക് പോകുന്നു. അരിയും പൂവുമെടുക്കൽ ചടങ്ങ് ഇതോടെ പൂർണമാകുന്നു.

അണിമറയിൽ കോലത്തിനുള്ള മുഖത്തെഴുത്തും മേലെഴുത്തും പൂർത്തിയാകുമ്പോൾ കാലിൽ ചിലമ്പ് അണിയുകയോ കച്ചകെട്ടുകയോ ചെയ്യുന്നു. ഇവിടെ ഒരു പ്രത്യേകതയുണ്ട്. വെള്ളാട്ട് മലദൈവങ്ങൾക്കാണെങ്കിൽ ചിലമ്പിടുകയില്ല, പകരം കച്ചകെട്ടുകയേയുള്ളു.

ഇവിടെ ആദ്യം മലദൈവങ്ങൾക്കാണ് വെള്ളാട്ട്. മലദൈവങ്ങളുടെ വെള്ളാട്ട് കഴി ഞ്ഞാൽപ്പിന്നെ ഗുരുവെള്ളാട്ടാണ്. തുടർന്ന് മറ്റുവെള്ളാട്ടുകളുള്ളത് ആടിത്തീർക്കുന്നു. വെള്ളാ ട്ടുപുറപ്പാടും അനുബന്ധകാര്യങ്ങളുമിങ്ങനെ. ഒരു വലന്തലച്ചെണ്ടയുടെ നാദത്തിലാണ്. കോലം അണിമറയിൽനിന്ന് പുറപ്പെടുന്നത്. അണിമറയിൽനിന്ന് പുറപ്പെട്ട് കാവിന്റെ പടിക്കലെത്തു മ്പോൾ ഊരായ്മകൾ ആയുധവുമായി അവിടെ കാത്തുനിൽക്കുന്നുണ്ടാകും. പടിക്കൽ നിന്ന് കോലം ആയുധം ഏറ്റുവാങ്ങി പുറപ്പെട്ട് ദൈവത്തിന്റെ മുമ്പിലെത്തുന്നു. അവിടെ ദൈവത്തെ വണങ്ങി ഒരു തവണ കാവിന് പ്രദക്ഷിണം വെക്കുന്നു. പ്രദക്ഷിണം പൂർത്തിയാകുമ്പോൾ താളങ്ങൾ തച്ചുകളിക്കുകയും കോലം ആട്ടം പൂർത്തിയാക്കുകയും ദർശനം ലഭിക്കുകയും ചെയ്യുന്നു. ദർശനം ലഭിച്ചതോടെ തുടിയുടെയും വലന്തലച്ചെണ്ടയുടെയും നാദവിന്യാസത്തിൽ അഞ്ചടിചൊല്ലുന്നു. വീണ്ടും കോലം ആയുധമെടുക്കുന്നു. അഞ്ചടി അവസാനിക്കുന്നതോടെ ദർശനപാരമ്യതയിലായ കോലം ആയുധവുമായി നാലുപാടും ഓടി തിരുമുമ്പിലെത്തി കന ലാട്ടം നടത്തുന്നു. തുടർന്ന് വെള്ളരിവാരി മൂന്നുപ്രാവശ്യം ദൈവത്തെ കാട്ടുകയും രണ്ട് നാളികേരം (കൈത്തേങ്ങയും വെള്ളരിത്തേങ്ങയും) എടുത്ത് വെള്ളരിത്തേങ്ങ സ്വയം ഉഴിഞ്ഞ് അവിടെത്തന്നെ തിരിച്ചുവെക്കുകയും ചെയ്യുന്നു. കൈത്തേങ്ങ, നാളികേരമുടയ്ക്കാൻ നിശ്ച യിച്ച സ്ഥലത്തുകൊണ്ടുപോയി ഉടയ്ക്കുന്നു. അങ്ങനെ ഉടച്ചുവന്നതിനുശേഷം വാക്കെണ്ണി സ്വയം സമർപിക്കുന്നു.

എല്ലാ വെള്ളാട്ടുകളുടെയും തുടക്കവും പര്യവസാനവും ഇങ്ങനെതന്നെ. എന്നാൽ മേൽപ റഞ്ഞതിൽനിന്ന് വ്യത്യസ്തങ്ങളായ വെള്ളാട്ടുകളുമുണ്ട്. അത്തരമൊരു വെള്ളാട്ടാണ് ഭൈര വന്റേത്. ഭൈരവന്റെ വെള്ളാട്ടിന്. വെള്ളരി വാരുന്നതിനും നാളികേരം എറിഞ്ഞുടക്കുന്നതി നുംമുമ്പെ ഭസ്മം ചാർത്തണം. അങ്ങനെ ഭസ്മം ചാർത്തിയതിനുശേഷമാണ് വെള്ളരി വാരു ന്നത്.

കുട്ടിച്ചാത്തൻ വെള്ളാട്ടിനുമുണ്ട് ചിലപ്രത്യേകതകൾ. കുട്ടിച്ചാത്തൻ വെള്ളാട്ടിന്റെ പുറ

പ്പാട്, അണിമറയിൽനിന്ന് തോറ്റം ചൊല്ലിക്കൊണ്ടാണ്. അണിമറയിൽനിന്നുതന്നെ ദർശനം കിട്ടി. അവിടെനിന്ന് ആരുഷഭാവത്തിലെത്തി "പൊന്തേം പലിശേം" (ആയുധം) വാങ്ങി ഒരു പ്രത്യേകതരത്തിൽ ആട്ടം തുടങ്ങുന്നു. രൗദ്രഭാവത്തിൽത്തന്നെയാണ് കുട്ടിച്ചാത്തന്റെ ആട്ടം. ആട്ടത്തിനവസാനം വെള്ളരിവാരി, നാളികേരമെറിഞ്ഞുടച്ച് കനലാട്ടം നടത്തുന്നു. ചിലയിടങ്ങളിൽ ഗുരുതിയും കോഴിയും മദ്യവുമുണ്ടാകും. ഇതോടെ എല്ലാവെള്ളാട്ടുകളും കഴിഞ്ഞു. തുടർന്ന് ഭക്ഷണമാണ്.

ഭക്ഷണശേഷം ഭഗവതിത്തിറയാണ്. തിറയുടെ ചടങ്ങുകളും വെള്ളാട്ടിലേതുപോലെതന്നെ. അതിനായി സാധാരണപോലെ കെട്ടുമുണ്ടുടുത്ത് അണിമറയിലെത്തി കോലമെഴുത്തു തുടങ്ങുന്നു. കോലമെഴുതിപൂർത്തിയാക്കി അണിഞ്ഞൊരുങ്ങി കോലം പൂർണതയിലെത്തുന്നു. അങ്ങനെ പൂർണതയിലെത്തിയാലും തല ഉറപ്പിക്കുന്നില്ല. തല ഉറപ്പിക്കുന്നതുവരെ തലയും മുഖവും ഒരു തുണികൊണ്ട് മറയ്ക്കുന്നു. അപ്പോൾ കുത്തുവിളക്കും മേലാപ്പുമായി ഊരായ്മകൾ ചെണ്ടക്കാരോടൊത്ത് അണിമറയിലെത്തുന്നു. ഇപ്പറഞ്ഞ എല്ലാ സന്നാഹങ്ങളോടെയും തിരുനടയിലെത്തി അവിടെയുള്ള പീഠത്തിന്മേലിരിക്കുന്നു. അപ്പോൾ ഊരായ്മകൾ അരിയും പൂവും തറമേൽ വെയ്ക്കുന്നു. ഭഗവതിക്കോലം അരിയുംപൂവുമെടുത്ത് അവിടെയുള്ള എല്ലാവർക്കും നൽകുന്നു. ശേഷം കോലംതന്നെ വരവിളിക്കുന്നു. വരവിളിക്കുശേഷം എല്ലാവരും അരിയും പൂവും ചാർത്തുന്നു. അരിയും പൂവും ചാർത്തിയശേഷം തോറ്റം തുടങ്ങുന്നു. ഇങ്ങനെ തോറ്റം ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ തലയുറപ്പിക്കുന്നു. തോറ്റം പൂർത്തിയാകുമ്പോഴേയ്ക്കും ദർശനം ലഭിച്ചകോലം രൗദ്രഭാവത്തിൽ കണ്ണാടി നോക്കി ഭാവങ്ങൾ കാട്ടിയതിനുശേഷം കണ്ണാടിതിരിച്ചുകൊടുക്കുന്നു. തുടർന്ന് ഇരുവശങ്ങളിലുമുള്ള രണ്ടുപേരുടെ കൈപിടിച്ച് ആട്ടം തുടങ്ങുന്നു. ആട്ടത്തിനിടയിൽ പീഠമേറി പീഠത്തിൽനിന്നും ആട്ടം തുടരുന്നു. ശേഷം പീഠത്തിൽനിന്നിറങ്ങി കാവിന് വലം വെയ്ക്കുന്നു. ഒരു തവണ അങ്ങനെ കാവിന് വലംവെച്ചശേഷം ഭഗവതിക്കോലമുൾപ്പടെ എല്ലാവരും താലപ്പൊലിക്കുപോകുന്നു. താലപ്പൊലി കത്തിക്കുന്നിടത്തെത്തി താലപ്പൊലി കത്തിച്ചതിനുശേഷം കാവിന്റെ തിരുമുമ്പിൽ മടങ്ങിയെത്തി അവിടെ താലപ്പൊലികൾ ചൊരിയുന്നു.

താലപ്പൊലി ചൊരിഞ്ഞതിനുശേഷവും ആട്ടം തുടരുന്നു. ആട്ടത്തിനവസാനം മഞ്ഞപ്പൊടിആരാധന. മഞ്ഞപ്പൊടി ആരാധനയ്ക്ക് ശേഷം വെള്ളരിവെക്കുന്നതിനുമുമ്പ് ഭഗവതിക്കോലം പീഠത്തിന്മേലിരുന്ന് വചനം പറയുന്നു (മുമ്മുഴി പറയുന്നു) തറവാട്ടിലും അവകാശികളുടെ വീടുകളിലുംപോയി വചനം പറയുന്നുണ്ട്. അതിനുശേഷം തിരിച്ചുവന്ന് വെള്ളരിവാരുന്നതോടെ ഭഗവതിത്തിറപൂർണമാകുന്നു.

തിറകളിൽ അവസാനം കരിയാത്തൻ തിറയാണ്. കരിയാത്തൻതിറയുടെ വിശദാംശങ്ങൾ ഇങ്ങനെ. കോലം കെട്ടുന്നവ്യക്തി കുളിച്ചുശുദ്ധിയായി വന്ന് വെള്ളമുണ്ടുടുത്ത് വട്ടറകെട്ടി അതിന്മേൽ വെള്ളയും കറുപ്പും ചുറ്റുന്നു. ശേഷം തലയിൽ തോർത്ത് കെട്ടുകയും കച്ച അണിയുകയും ചെയ്യുന്നു. ഇതിനെല്ലാംശേഷം പീഠത്തിന്മേൽഇരിക്കണം. (രണ്ടുപേരുണ്ടെങ്കിൽ രണ്ടു പീഠം വേണം) ദൈവത്തിന് അഭിമുഖമായാണ് ഇരിക്കേണ്ടത്. മുഖത്തെഴുത്തിനും മേലെഴുത്തിനും വേണ്ടിയാണ് പീഠത്തിന്മേൽ ഇരിക്കുന്നത്. അതോടെ നാളികേരത്തിന്റെ ആൺമുറിയിൽ എണ്ണയൊഴിച്ച് തിരിയിട്ട് കത്തിക്കുന്നു. ഈ വെളിച്ചത്തിലാണ് എഴുത്ത്. ഇവിടെയുമുണ്ടൊരു പ്രത്യേകത. എഴുത്തിനുള്ള വെളിച്ചം കാട്ടുന്നത് ചോപ്പന്മാരൊടപ്പമെത്തുന്ന സ്ത്രീകളാണ്.

എഴുത്തിനുശേഷം അണിമറയിൽ നിന്നുകൊണ്ടുവന്ന ചമയങ്ങൾ അണിഞ്ഞ് കോലം പൂർണതിയിലെത്തുന്നു. തുടർന്ന് അഞ്ചടിചൊല്ലുന്നു. എഴുത്തുതുടങ്ങുമ്പോൾതന്നെ അഞ്ചടി ചൊല്ലിത്തുടങ്ങുന്ന കാവുകളുമുണ്ട്. അഞ്ചടിക്കുശേഷം മുടിവെയ്ക്കുന്നു. മുടിവെയ്ക്കുന്നതോടെ ദർശനം ലഭിക്കുന്നു. അതോടെ ആട്ടം തുടങ്ങുന്നു. ആട്ടത്തിനവസാനം അനു

യായികൾക്കൊപ്പം കത്തിച്ച ചൂട്ടുമായി ഓടിവന്ന് പീഠമേറുന്നു. ഈ ക്രിയ മൂന്നുപ്രാവശ്യം ആവർത്തിക്കുന്നു. മൂന്നാംപ്രാവശ്യം പീഠമേറി അഞ്ചടിയുടെ ബാക്കിചൊല്ലി പൂർത്തിയാക്കിയതിനുശേഷം പീഠത്തിൽ നിന്നിറങ്ങിസ്വയം സമർപിക്കുന്നു. ഇപ്പറഞ്ഞ എല്ലാ ചടങ്ങുകൾക്കും ശേഷം മുടിയിറക്കുന്നു.

മുടിയിറക്കിയതിനുശേഷം ചാന്താട്ടമാണ്. ചാന്താട്ടത്തിനായി തലേദിവസം അടിയാനോ അനുയായികളോ കാവിൽ ഏൽപിച്ച ചാന്ത് രണ്ട് കിണ്ണങ്ങളിലാക്കി അതിൽ ഓരോ പണവുമിട്ട് അരിത്തറയ്ക്ക് മുകളിൽ വെക്കുന്നു. മുടിയിറക്കിയ കോലം അവിടെയെത്തുമ്പോൾ അഞ്ചടി ചൊല്ലിത്തുടങ്ങുന്നു. അഞ്ചടിചൊല്ലിത്തുടങ്ങുന്നതോടെ കോലത്തിന് ദർശനം ലഭിക്കുന്നു. ദർശനം ലഭിച്ച കോലം കിണ്ണത്തിൽനിന്ന് പണമെടുത്ത് തിരുനെറ്റിയിൽ സ്വയം പതിച്ച് ചാന്തണിയുന്നു. സ്വയം ചാന്തണിയുക മാത്രമല്ല മറ്റുള്ളവരെ ചാന്ത് അണിയിക്കുകയും കാവിന്റെയും തറവാടിന്റെയും ഭിത്തികളിൽ ചാന്തണിഞ്ഞ കൈ പതിക്കയും ചെയ്യുന്നു. തുടർന്ന് ചാന്തണിഞ്ഞ കോലം ആരൂഷഭാവത്തിൽ പുറത്തേയ്ക്ക് ഓടുന്നു. അനുയായികൾ കോലത്തെ പിടിച്ചടക്കി തിരുമുമ്പിൽ കൊണ്ടുവരുന്നു. അവിടെ പുണ്യാഹത്താൽ കൈ ശുദ്ധമാക്കുന്നു. തുടർന്ന് വെള്ളരിക്രിയ നടത്തി നാളികേരമുടച്ച് ആയുധം ഏറ്റുവാങ്ങി കാവിന് വലംവെച്ച് കനലാടി, വാക്കെണ്ണുന്നു. അതോടെ മേളം കൊട്ടി കരിയാത്തൻതിറപൂർണമാകുന്നു.

കാവിൽകൂട്ടുക

കാവിലെ പ്രധാന ദൈവത്തിനുമുമ്പിൽ നാക്കിലവെച്ച്, നാക്കിലയിൽ അരിയും നാളികേരവും സമർപിക്കുന്നു. അവിടെ അടിയാൻ നാക്കിലയിൽനിന്ന് അരിയെടുത്ത് ഊരായ്മകൾക്ക് നൽകിയശേഷം അരിയും നാളികേരവുമെടുത്ത് അരിചാർത്തിക്കൊണ്ട് കാവിന് മൂന്നുവലം വെക്കുന്നു. ഇലത്താളത്തിന്റെ ശബ്ദവീചികളിലാണ് ഈ വലംവെക്കൽ. അങ്ങനെ കാവിനെ വലംവെച്ച് മൂന്നാംപ്രാവശ്യം ദൈവത്തെ കാവിനുള്ളിലേയ്ക്ക് ആനയിക്കുന്നു. കാവിലെ പ്രധാനദൈവം കാവിന്റെ ഉള്ളിലേയ്ക്ക് ആനയിക്കപ്പെട്ടതിനുശേഷം കാവിന്റെ പൂജാരി ഒരു നാളികേരമെടുത്ത് കാവിന്റെ പടിമേൽ മുട്ടിപ്പൊട്ടിക്കുന്നു. ശേഷം നടയടയ്ക്കുന്നു. തിരുമുമ്പിൽ നാക്കിലയിൽ സമർപിച്ചിട്ടുള്ള അരി നാക്കിലയിലെ ഇരുഭാഗങ്ങളിലേയ്ക്കും നീക്കി നാക്കില ചീന്തുന്നു. ചീന്തിയ നാക്കിലയിലെ ഒരോഹരി അടിയാനും മറ്റൊരോഹരി തറവാട്ടുകാരണവർക്കുമുള്ളതാണ്.

ഏഴാം പൂജ

രാവിലെ ഊരായ്മകൾ കാവും കാവിടവുമെല്ലം ശുദ്ധിയാക്കിഉത്തമപൂജ ചെയ്യുന്നു. തുടർന്ന് വൈകിട്ടോടെ അടിയാനും അനുയായികളുമെത്തി "മുടി അഴിച്ചുകൂട്ടി" കത്തിക്കുന്നു. ശേഷം മധ്യമകർമത്തിൽ വെച്ചുപൂജകഴിഞ്ഞ് തേരേറ്റുന്നു.

അവസാനം അടിയാനും അനുയായികളും ദക്ഷിണവാങ്ങിപിരിയുന്നതോടെ ഉൽസവം സമാപിക്കുന്നു.

അധ്യായം എട്ട്

പുത്തൻമുടി/ പുത്തൻതിറ



നാരായണൻ പയന്ന്വ,
തെക്കേ മണ്ണാറയ്ക്കൽ

കുട്ടിക്കാലംമുതലെ പിതൃതുല്യരായ ഗുരുക്കന്മാരോടൊത്ത് തിറയാട്ടത്തിന്റെ കോപ്പുകളും ചുമലിലേറ്റി കാവുകൾതോറും കയറിയിറങ്ങിയാണ് ഒരു കുട്ടി തിറയാട്ടപഠനം തുടങ്ങുന്നത്. ഈ പുസ്തകത്തിൽ അതേപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ചൂട്ടുകളിയുടെ ചുവടുകളും വാദ്യങ്ങളുടെ താളലയക്രമങ്ങളും നേരിൽ കണ്ടും കേട്ടും പഠിച്ച് കൗമാരത്തിലെത്തുമ്പോഴേയ്ക്കും തിറയാട്ടത്തെ സംബന്ധിച്ച സാമാന്യമായ ഒരു അവബോധം അവനിലുണ്ടായിട്ടുണ്ടാവും. തുടർന്ന് ആചാരാനുഷ്ഠാനങ്ങളുടെ കർമപദ്ധതിയും ചൊല്ലുകളും ഗുരുമുഖത്തുനിന്ന് മനസ്സിലാക്കുകകൂടി കഴിഞ്ഞാൽ തിറയാട്ടം അവതരിപ്പിക്കാനുള്ള അർഹതയിലെത്തിയെന്ന് ഗുരുക്കന്മാർ തിരിച്ചറിയും. ഗുരുക്കന്മാരുടെ ഈ തിരിച്ചറിവാണ് പുത്തൻമുടി വെച്ച് ആദ്യമായി തിറയാട്ടം അവതരിപ്പിക്കുന്നതിന് അയാളെ പ്രാപ്തനാക്കുന്നത്. പുത്തൻമുടി വെച്ച് തിറയാട്ടം അവതരിപ്പിക്കുന്നതിന് വ്യക്തമായ ചില പൂർവിക കൽപനകളുണ്ട്. അതിങ്ങനെ:–

സാധാരണഗതിയിൽ പുത്തൻമുടി വെക്കുന്നത് കൗമാരപ്രായത്തിലാണല്ലോ. പുത്തൻമുടിവെക്കുന്നതിന് ഏഴുദിവസത്തെ വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിട്ടുണ്ട്. അതായത് വ്രതാനുഷ്ഠാനം തുടങ്ങി ഏഴാംദിവസമായിരിക്കും പുത്തൻമുടി വെയ്ക്കുന്നത് എന്ന് സാരം.

കുലവന്റെ വെള്ളാട്ടിനാണ് ആദ്യമുടി വെയ്ക്കേണ്ടത് എന്നൊരു നിഷ്ഠകൂടിയുണ്ട്. യഥാർഥത്തിൽ മുടിയല്ല അണിയിലമാണ് വെക്കുന്നത്. എങ്കിലും പുത്തൻമുടി വെയ്ക്കുന്നു എന്നാണ് പറയുന്നത്. അതൊരു സാധാരണ ഭാഷാപ്രയോഗമായി കണക്കാക്കിയാൽമതി.

എന്തുകൊണ്ട് ആദ്യമുടിവെപ്പ് കുലവൻ ദൈവത്തിന്റേതായി? അതിനുമുണ്ടൊരുകാരണം. കരുമകൻ, കരിയാത്തൻ, കരിവല്ലി എന്നീ മലദൈവങ്ങളിൽ ഏറ്റവും ഇളയതാണ് കുലവൻദൈവം. അതായത് നാലാം സ്ഥാനം. ആ സ്ഥാനമഹിമയനുസരിച്ചാണ് കൗമാരത്തിലെത്തിനിൽക്കുന്ന പുത്തൻമുടിക്കാരന്റെ അരങ്ങേറ്റം.

വെള്ളാട്ട് ചടങ്ങുകൾ തുടങ്ങുന്നതിനും കെട്ടിച്ചുറ്റുന്നതിനുമൊക്കെ മുമ്പുതന്നെ പുത്തൻമുടിക്കാരൻ ദൈവത്തിന് ''കാണിപ്പണം'' സമർപിക്കണം. അതായത് കാണിപ്പണം നൽകി കുലവൻ ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങൾക്കുമായി പ്രാർഥിക്കണം. അതിനുശേഷം കാവിലെ തിരുമേനിക്ക് (ബ്രാഹ്മണൻ) ദക്ഷിണ സമർപ്പിക്കണം. ബ്രാഹ്മണനുള്ള ദക്ഷിണസമർപണം കുറച്ചകലെ നിന്നായിരക്കണമെന്നാണ് പണ്ടുമുതലെ ആചരിച്ചുവരുന്ന ഒരലിഖിത നിയമം. പഴയകാലത്തെ തൊട്ടുകൂടായ്മയുടെ ബാക്കിപത്രമാണോ ഇത്? ബ്രാഹ്മണനിൽനിന്ന് അൽപം അകന്നുമാറി ദക്ഷിണസമർപിച്ച് തൊഴുതതിനുശേഷം കാവിന്റെ പ്രധാന കാരണവർക്കും തുടർന്ന് മൂത്തപെരുമണ്ണാനും ദക്ഷിണ നൽകി അവരോരോത്തരുടെയും അനുഗ്രഹം വാങ്ങുന്നു. ശേഷം അവിടെ എത്തിയിട്ടുള്ള എല്ലാ അനന്തിരവർക്കും അവരുടെ പ്രായഭേദമനുസരിച്ച് ക്രമാനുഗതമായി ദക്ഷിണ നൽകി അവരുടെ കാൽതൊട്ടുവന്ദിക്കുന്നു.

തുടർന്ന് ആൾ അണിമറയിലെത്തുന്നു. അണിമറയിലെത്തിയ പുത്തൻതിറക്കാരന് കാരണവർ അടുക്കുടുത്തുകൊടുക്കുന്നു. അടുക്കുടുത്തുകഴിഞ്ഞാൽ കാരണവർ കാലിന്മേൽ കച്ചകെട്ടിയും കൊടുക്കുന്നു. അതിനുശേഷം കാരണവർ, പുത്തൻതിറക്കാരനെ കുലവൻ തറയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുപോകുന്നു. അവിടെ കുലവൻതറയ്ക്കുമുമ്പിൽ രണ്ട് നാക്കിലകളിലായി അരിയും പൂവും കെട്ടുമുണ്ടും വെച്ചിട്ടുണ്ടാവും. പുത്തൻതിറക്കാരനൊപ്പം കോലം കെട്ടിയാടാനുള്ള മറ്റൊരു വ്യക്തികൂടി ഉണ്ട്. തിരുമുമ്പിൽ വെച്ചിട്ടുള്ള നാക്കിലകൾ കാരണവരും കൂടെയെത്തിയ വ്യക്തിയും എടുത്ത് മൂന്ന് പ്രാവശ്യം ദൈവത്തെ ഉഴിയുന്നു. തുടർന്ന് ഇരുഭാഗങ്ങളിലേക്കുമായി ഉഴിയുന്നു. അങ്ങനെ ഇരുഭാഗങ്ങളിലേയ്ക്കും ഉഴിഞ്ഞതിനുശേഷം നടുഭാഗത്തേയ്ക്ക് ചുറ്റി ഉഴിയുകയും അരിയും പൂവും ദൈവത്തിന് സമർപിക്കുകയും ചെയ്യുന്നു. ശേഷം കാരണവർ തന്റെ കയ്യിലുള്ള നാക്കില പുത്തൻതിറക്കാരന് നൽകുന്നു. കെട്ടുമുണ്ടും മറ്റ് എല്ലാ സാധനങ്ങളും സഹിതമാണ് കാരണവർ നാക്കില പുത്തൻതിറക്കാരന്

നൽകുന്നത്. പുത്തൻ തിറക്കാരൻ, കാരണവർ ചെയ്തതുപോലെ തന്നെ ദൈവത്തെ ഉഴിയുന്നു. കാരണവരുടെ കർശനനിരീക്ഷണത്തിലാണ് പുത്തൻതിറക്കാരൻ ഇതൊക്കെ ചെയ്യുന്നത്. അതിനുശേഷം പുത്തൻ തിറക്കാരൻ ദൈവത്തിന് അരിയും പൂവുമെറിഞ്ഞ് നാക്കില കാരണവർക്ക് കൊടുക്കുന്നു. അങ്ങനെ കൊടുത്തതിനുശേഷം നാക്കിലയിൽ നിന്ന് പുത്തൻ തിറക്കാരൻ അരിയും പൂവമെടുത്ത് കാരണവരുടെ തലയിലിടുകയും കാണവരുടെ കാൽതൊട്ടുവന്ദിക്കുകയും ചെയ്യുന്നു. അതിനുശേഷം നാക്കിലയും നാക്കിലയിലെ കെട്ടുമുണ്ടുമായി അണിമറയിലേയ്ക്ക് പോകുന്നു. അണിമറയിലെത്തിയതിനുശേഷം പുത്തൻതിറക്കാരൻ അവിടെയുള്ള മറ്റെല്ലാവരുടെയും പ്രായഭേദമനുസരിച്ച് ക്രമാനുഗതമായി അവർ ഓരോരുത്തരുടെയും കാൽതൊട്ടുവന്ദിക്കുന്നു. തുടർന്ന് അണിമറയിൽ ജ്വലിച്ചുനിൽക്കുന്ന നിലവിളക്കിനുമുമ്പിൽ കെട്ടുമുണ്ട് സമർപിച്ച് ഗുരുകാരണവന്മാരെ പ്രാർഥിക്കുന്നു. അപ്പോൾ കാരണവർ കെട്ടുമുണ്ടെടുത്ത് കെട്ടുമുണ്ടിന്റെ നടുവ് മടക്കി വീണ്ടും കോണോടുകോണാക്കി നടുവ് പിടിച്ച് പുത്തൻ തിറക്കാരന്റെ ശിരസ്സിൽ മൂന്നുപ്രാവശ്യം ഉഴിയുന്നു. ഈ ഉഴിച്ചിൽ താഴോട്ടും മോലോട്ടുമായി വീണ്ടും ആവർത്തിക്കുന്നു. കൂടാതെ ഇരുവശങ്ങളിലുമായും (ഇടതും വലതും) ഉഴിയുന്നു. ഉഴിച്ചിലിനെല്ലാം ശേഷം കാരണവർ തോർത്തുമുണ്ട് പുത്തൻതിറക്കാരന്റെ തലയിൽ കെട്ടിക്കൊടുക്കുന്നു.

അടുത്തത് പുത്തൻതിറക്കാരനുള്ള മുഖത്തെഴുത്തും മേലെഴുത്തുമാണ്. ഇവിടെയുമുണ്ടൊരു നിഷ്കർഷ. ദേശത്തെ മറ്റൊരു തറവാട്ടിൽപ്പെട്ട ആളായിരിക്കണം എഴുതേണ്ടത്. എഴുത്തുൾപ്പെടെയുള്ള തിറയാട്ടത്തിന്റെ എല്ലാ ഘടകങ്ങളെപ്പറ്റിയും ബോധ്യമുള്ള വ്യക്തികൂടി ആയിരിക്കണം. ആ വ്യക്തിയുടെ സ്ഥാനപ്പേര് അണിയിലക്കാരൻ എന്നാണ്. പുത്തൻതിറക്കാരൻ അണിഞ്ഞൊരുങ്ങി പൂർത്തിയായതിനുശേഷം കോമരങ്ങളെത്തി അരിയെറിഞ്ഞ് പുത്തൻതിറക്കാരനെ സ്വീകരിക്കുന്നു.

അതോടെ പുത്തൻതിറക്കാരന്റെയും സംഘത്തിന്റെയും പുറപ്പാടായി. കൊമ്പ്, കുഴൽ, ചെണ്ട, തുടി, ഇലത്താളം തുടങ്ങിയവയുടെ ശബ്ദമുഖരിതയിൽ, വെഞ്ചാമരം, ആലവട്ടം, മുത്തുക്കുട എന്നിവയുടെ അകമ്പടിയിൽ അത്യാഘോഷപൂർവമാണീ പുറപ്പാട്.

തിരുമുമ്പിലെത്തി ആട്ടം തുടങ്ങുന്നു.

ആട്ടത്തിനവസാനം കനലാട്ടം.

കനലാട്ടത്തിനുശേഷം സമർപണം.

സമർപണശേഷം വെട്ടും വെളിച്ചപ്പാടും

വെട്ടും വെളിച്ചപ്പാടിനും അവസാനം, വെട്ടുവാചകം പറയുന്നു. വെട്ടുവാചകം ഇങ്ങനെ... ''ഹാ...ഹേ...കാക്കേറാം കാർമല പരുന്തേറാം പോർമല... പാണ്ടിയന്റെ അകംഗോപുരം പാണ്ടിയന്റെ പുറംഗോപുരം പാണ്ടിയന്റെ അകം ഗോപുരത്തൂന്ന് പ്രായത്തോടെ പുലിയും പുലിക്കന്നും കെട്ടിപ്രായത്തിലഴകിയ ചെറുക്കക്കുലനായാടി''

പുത്തൻമുടി വെക്കുന്ന ആൾ ഇപ്പറഞ്ഞ വെട്ടുവാചകം പൂർണമായിപ്പറയണമെന്നത് ഇപ്പോഴും തുടർന്നുവരുന്ന ഒരു നിയമം തന്നെയാണ്.

ഇതോടെ വെള്ളാട്ട് പൂർണമാകുന്നു.

അടുത്തത് ''ഊണാശാര''മാണ്. ഊണാശാരത്തെ സംബന്ധിച്ച് ഈ ഗ്രന്ഥത്തിൽത്തന്നെ വിശദീകരിച്ചിട്ടുമുണ്ട്. ഇരുപത്തെട്ട് ഇലച്ചോറുകൾക്കുള്ള അവകാശം പെരുമണ്ണാൻമാർക്കുണ്ട്. ഇവിടത്തെ പ്രത്യേകത, പുത്തൻമുടി വെച്ചതോടുകൂടി പുത്തൻതിറക്കാരൻ ഒരിലച്ചോറിന് അവകാശിയായി എന്നതാണ് (ഇരുപത്തെട്ട് ഇലച്ചോറിൽ ഒരിലച്ചോറിനാണ് പുത്തൻതിറക്കാരൻ അവകാശിയായി മാറുന്നത്)

ഊണാശത്തിനുശേഷം എല്ലാവരും കാവിൽ മടങ്ങിയെത്തുന്നു.

തുടർന്ന് സന്ധ്യവേല, ഊൺതട്ട് തുടങ്ങിയ ചടങ്ങുകൾ. ഇത്തരം ആചാരപരമായ ചടങ്ങുകൾക്കുശേഷം ''പുത്തൻതിറയാട്ട'' ത്തിന്റെ പുറപ്പാടാണ്. ഇവിടെ ഒരുപ്രത്യേകത, മല ദൈവക്കാവുകളിലെ ആദ്യവെള്ളാട്ട് കരിയാത്തൻ വെള്ളാട്ടാണ് എന്നതും അത് കെട്ടിയാടുന്നത് പെരുമണ്ണാൻ കാരണവർ ആണെന്നതുമാണ്. കരിയാത്തന്റെ അവസാനതിറയും അവ കാശിയായ പെരുമണ്ണാൻ കാരണവർ തന്നെ കെട്ടിയാടുന്നു.

കുലവൻകോലമാണ് പുത്തൻതിറക്കാരൻ കെട്ടിയാടുന്നതെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. അതായത് അവസാനവെള്ളാട്ടും ആദ്യതിറയാട്ടവും പുത്തൻതിറക്കാരൻ കെട്ടിയാടുന്നു.

മറ്റ് ചടങ്ങുകളൊക്കെ സാധാരണപോലെ നടക്കുന്നു. പെരുമണ്ണാൻ കാരണവരുടെ തിറയാട്ടം ഉഷസ്സന്ധ്യയിൽ മുടിയെടുക്കുന്നതോടെ കാവിൽ തിറയാട്ടങ്ങൾ പൂർണമാകുന്നു.

തുടർന്ന് അരിയും പൂവും പിടിച്ച് വലതിടൽ. അരിയും പൂവും പിടിച്ചുവലതിടലിന്റെ അവസാനം അഞ്ചടി ചൊല്ലിത്തുടങ്ങുന്നു. അഞ്ചടിചൊല്ലിത്തുടങ്ങുമ്പോൾ കാവിന്റെ കോമരങ്ങളെല്ലാം വെളിച്ചപ്പെടുന്നു. അതോടൊപ്പം എല്ലാപെരുമണ്ണാന്മാരും വെളിച്ചപ്പെടുന്നു. ഇവിടെ നിഷ്കർഷിച്ചിട്ടുള്ള മറ്റൊരു കാര്യം പുത്തൻമുടിക്കാരൻ നിർബന്ധമായും മറ്റുള്ളവരോടൊപ്പം വെളിച്ചപ്പെടണമെന്നതാണ്.

അഞ്ചടി അവസാനിക്കുന്നതോടെ കോമരങ്ങളെല്ലാം അടങ്ങിപ്പാർക്കുന്നു. തുടർന്ന് ചാന്താട്ടം. കോലക്കാർക്കൊപ്പം പുത്തൻമുടിക്കാരനും മറ്റ് എല്ലാവരും ചാന്താട്ടം നടത്തണം. പുത്തൻതിറക്കാരനുൾപ്പെടെയുള്ളവരുടെ ചാന്താട്ടം കാഴ്ചക്കാർക്ക് ഭീതികരമായ ഒരനുഭവമാണ്. ചാന്താട്ടത്തിനവസാനം പുത്തൻതിറക്കാരനും കോലങ്ങളുംമറ്റുള്ളവരും കനലാട്ടം നടത്തി നാലുപാടും ഓടുന്നു. അങ്ങനെ ഓടുന്നവരെ ബലമായി പിടിച്ചുകൊണ്ടുവന്ന് കരിയാത്തന്റെ തറയ്ക്ക്മുമ്പിൽ കിടത്തുന്നു. അബോധാവസ്ഥയിലാണ് എല്ലാവരും. അപ്പോൾ തിരുമേനി പുണ്യാഹം തളിക്കുന്നതോടെ എല്ലാവരും എഴുന്നേൽക്കുന്നു. ശേഷം അരിയും പൂവും സമർപണത്തോടെ എല്ലാവരും പിരിയുന്നു.

കുടികൂട്ടലിനും വില്ലികളെ മോചിപ്പിച്ചതിനും ശേഷം തിറയാട്ടസംഘം പുത്തൻമുടിവെച്ച കൗമാരക്കാരന്റെ വീട്ടിലെത്തുന്നു. അവിടെ ''അകത്തുവെച്ചുകൊടുക്കുക''എന്ന ഒരു ചടങ്ങുണ്ട്. ഇഹലോകത്തുനിന്ന് വേർപിരിഞ്ഞുപോയ കാരണവന്മാരെ മധ്യമകർമത്തിൽ സന്തോഷിപ്പിക്കുന്ന ചടങ്ങാണിത്. ഈ ചടങ്ങിനുശേഷം എല്ലാവരും ഭക്ഷണം കഴിച്ച് പിരിയുന്നു.

പെരുമണ്ണാൻ സമുദായത്തിൽപ്പെട്ടവരുടെ ''പുത്തൻമുടിവെപ്പ്'' ചടങ്ങ് മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഏതാണ്ട് ഇതേപോലെ തന്നെയാണ് നടക്കുന്നത്.

അധ്യായം ഒൻപത്

ചമയങ്ങൾ



ഇളമന വിശ്വൻ



തിറയാട്ടത്തിലെ സവിശേഷവും അതിപ്രധാനവുമായ ഘടകമാണ് ചമയങ്ങൾ. ചമയത്തിന്റെ വൈവിധ്യങ്ങളിലൂടെയാണ് കെട്ടിയാട്ടത്തിനുള്ള കോലം പൂർണതയിലെത്തുന്നത്. എഴുത്തുകൾ (മുഖത്തെഴുത്തും മേലെഴുത്തും) ഉടയാട, ആഭരണങ്ങൾ, മുടികൾ, കിരീടങ്ങൾ എന്നിവയെല്ലാം ചമയസമുച്ചയത്തിൽപ്പെടുന്നു. ആധുനികമായ യാതൊരു സൗകര്യങ്ങളും ചമയങ്ങളുടെ നിർമാണത്തിലും പ്രയോഗത്തിലും ഉപയോഗിക്കുന്നില്ല. പൂർവികരുടെ കലാവിരുതും കൈത്തഴക്കവും കാലാകാലങ്ങളിലായി ഒരു നിയോഗമായിത്തന്നെ തുടർന്നുകൊണ്ടേയിരിക്കുന്നു എന്നതാണ് ചമയങ്ങളുടെ അടിസ്ഥാന പ്രമാണം.

ഇടവമാസത്തോടെ ഉത്സവ തിറയാട്ടങ്ങൾ അവസാനിച്ചുകഴിഞ്ഞാൽ കെട്ടിയാട്ടത്തിനുപയോഗിച്ച ചമയസാധനങ്ങൾ കരുതലോടെ സൂക്ഷിക്കുന്നു. അടുത്തവർഷത്തെ തിറയാട്ടം വരെ ഭദ്രമായും കേടുപാടുകളുണ്ടാകാതെയും സൂക്ഷിച്ചുവെയ്ക്കുകയെന്നത് ഒരു അനുഷ്ഠാനമായിത്തന്നെ തിറയാട്ടകലാകാരന്മാർ കരുതുന്നു. അതിനായി ചമയസമുച്ചയത്തിൽപ്പെട്ട എല്ലാ സാധനങ്ങളും വൃത്തിയാക്കി ഉണക്കി തരംതിരിച്ച് പെട്ടിയിലാക്കി ചെറിയ ഒരു പൂജയോടെ സൂക്ഷിക്കുന്നു. 'പെട്ടിവെക്കൽ' എന്നാണ് ഈ ചടങ്ങിന്റെ തിറയാട്ടഭാഷ.

ചമയങ്ങളുടെ ഒരുക്കം

തുലാമാസത്തിലെ വാവുൽസവത്തിന് ശേഷമാണ് തിറയാട്ട മഹോൽസവത്തിന്റെ തുടക്കമെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. വാവുൽസവം കഴിഞ്ഞാലുടൻ തിറയാട്ടചമയങ്ങൾക്കുള്ള സാധനങ്ങളുടെ ഒരുക്കങ്ങൾ ആരംഭഭിക്കുകയായി. അതിനായി ഭദ്രമായി സൂക്ഷിച്ചുവെച്ച ചമയസാധനങ്ങളെല്ലാം പുറത്തെടുത്ത് ചൂടിക്കയറുകൊണ്ട് കെട്ടിയ അയയിൽ തൂക്കിയിടുന്നു. പാരമ്പര്യമായി ലഭിച്ച ഈ സാധനങ്ങളുടെ കൃത്യത ഉറപ്പുവരുത്താനാണിങ്ങനെ ചെയ്യുന്നത്. കഴിഞ്ഞവർഷം ഉപയോഗിച്ച ചമയസാധനങ്ങ

ളിൽ എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ ഏതെങ്കിലും സാധനത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയശേഷം നഷ്ടപ്പെട്ട സാധനങ്ങൾ പുതിയതായി ഉണ്ടാക്കുകയും കേടുപാടുകൾ സംഭവിച്ചവ പുതുക്കി നിർമിക്കുകയും ചെയ്യും. ചമയസാധനങ്ങളിലേറെയും മരംകൊണ്ടും കുറച്ചുസാധനങ്ങൾ ഓടുകൊണ്ടും നിർമിച്ചവയാണ്. മുള, പനയോല, തുണി, മയിൽപ്പീലി, വർണക്കടലാസുകൾ തുടങ്ങിയവ ഉപയോഗിച്ചാണ് മുടികൾ നിർമിക്കുന്നത്.

ചമയങ്ങൾക്കാവശ്യമായ ഓരോ സാധനങ്ങളുടെയും പേരുകൾ താഴെ കൊടുക്കുന്നു.

മരംകൊണ്ടു നിർമിക്കുന്നവ

ഹസ്താടകം, വള, ചുറ്റുവള, ചക്കമുള്ളൻ, പടിയരഞ്ഞാണം, പടി, കൊരലാരം, മുല ക്കൊരലാരം, കാറ, മാല, മരവട്ടം, താത്തട്ടി, കമ്പിക്കാത്. കാത്, ചെവിപ്പൂവ്, തോട, മിന്നി, കടുക്കമിന്നി, നാഗവട്ടം, ഫുട്ടുകോൽ, പലിശ, കപ്പലറ, അണിയിലം, മകുടം, തോൾപുട്ട്, കാളി വട്ടം.

ഓടുകൊണ്ടു നിർമിക്കുന്നവ

തലപ്പാളി, ഓട്ടുവട്ടം, കാതോല, എകറ്, കഴുത്തുപൂട്ട്, കൈത്താമര, കച്ചമണി.

മുള, പനയോല, മയിൽപ്പീലി, വർണക്കടലാസുകൾ എന്നിവ ഉപയോഗിച്ച് നിർമിക്കുന്ന മുടികൾ, വട്ടമുടി, പീലിമുടി, പൂക്കുട്ടിമുടി, ഭൈരവൻമുടി എന്നിവയാണ്.

ചയമങ്ങൾക്കുപയോഗിക്കുന്ന മറ്റ് ഏതാനും സാധനങ്ങളുടെ നിർമാണരീതിയിങ്ങനെ.

ചപ്രത്താടി

ആനക്കൈത നന്നായി ചതച്ച് വെള്ളത്തിൽ ആവർത്തിച്ച് കഴുകി നാരുമാത്രമെടുത്ത് ഉണക്കുന്നു. ഈ നാരുകൊണ്ടാണ് ചപ്രത്താടിയുടെ നിർമാണം.

ശൗരി (തലമുടി)

ആനക്കൈതയിൽ നിന്ന് നാരെടുക്കുന്നതുപോലെ പണ്ട് വാഴപ്പോളകളിൽ നിന്ന് നാര് വേർതിരിച്ചെടുത്തായിരുന്നു നിർമാണം. എന്നാലിപ്പോൾ ചണനൂലാണ് ഇതിനുപയോഗിക്കുന്നത്.

താടി, മീശ, പൂക്കാത്, എടതല എന്നിവയുടെ നിർമാണം ഇപ്പോൾ കാർഡ് ബോർഡ് കൊണ്ടും, കഴുത്താരം, ഒറ്റനാട എന്നിവ നിർമിക്കുന്നത് വെള്ളിമുത്തുകൊണ്ടുമാണ്.

മടക്കുതണ്ട

തുണികൊണ്ട് കവറുണ്ടാക്കി ആ കവറിൽ ഉന്നം (പഞ്ഞി) നിറച്ചാണ് മടക്കുതണ്ടയുടെ നിർമാണം

കൈച്ചെണ്ട്, തലച്ചെണ്ട്

ഇവയുടെ നിർമാണം പണ്ട് തെച്ചിപ്പൂവ് കൊണ്ടായിരുന്നു. എന്നാൽ തെച്ചിപ്പൂവിന്റെ ദൗർലഭ്യം മൂലം ഇപ്പോൾ വൂളൻനൂൽകൊണ്ടാണ് ഇവ നിർമിക്കുന്നത്.

മേൽപ്പറഞ്ഞ എല്ലാ ചമയസാധനങ്ങളും അണിയിലങ്ങൾ എന്നപേരിലറിയപ്പെടുന്നു. അണിയിലങ്ങൾ എന്നത് തിറയാട്ട സംജ്ഞയാണ്.

ചമയസാധനങ്ങളുടെ നിർമാണവിധം

മരം

പാല, മുരിക്ക് എന്നീ മരങ്ങളാണ് നിർമാണത്തിനുപയോഗിക്കുന്നത്. ഈ മരത്തിന് കനവും കട്ടിയും കുറവാണ് എന്നുള്ളതും കത്തികൊണ്ട് ചെത്തിയൊരുക്കാനുള്ള സൗകര്യവുമാണ് കാരണം. മരം മുറിച്ചെടുത്ത് ഈർപ്പിച്ച് (അറുത്ത്) ആവശ്യമുള്ള സാധനങ്ങളുടെ വലിപ്പത്തിൽ കഷ്ണങ്ങളാക്കുന്നു. ഉണങ്ങുന്നതിനുമുമ്പാണ് ഇപ്പണികളെല്ലാം ചെയ്യുന്നത്. ഓരോ

സാധനങ്ങളും കൃത്യവും ആവശ്യവുമായ വലിപ്പത്തിൽ മൂർച്ചയേറിയ കത്തിയുടെ സഹായത്താൽ നിർമിച്ചതിനു ശേഷം വെള്ളത്തിൽ പുഴുങ്ങിയെടുത്ത് ഉണക്കുന്നു. ഉണങ്ങിക്കഴിഞ്ഞാൽ കുപ്പിച്ചില്ലുകൊണ്ടുരസി മിനുസപ്പെടുത്തുന്നു. മിനുസപ്പെടുത്തിക്കഴിഞ്ഞാൽ അതിന്മേൽ തിളങ്ങുന്ന വർണക്കടലാസുകൾ ആവശ്യമായ വലിപ്പത്തിൽ മുറിച്ചെടുത്ത് ഒട്ടിക്കുന്നു. ഈ വർണക്കടലാസുകളുടെ തിറയാട്ടഭാഷ 'ഒലമക്കടലാസ്' എന്നാണ്. ഇന്ന് മാർക്കറ്റിൽ നിന്ന് ലഭിക്കുന്ന പശകൾകൊണ്ട് ഈ ഒലമക്കടലാസ് ഒട്ടിക്കാനാവില്ലത്രെ. പശയും നിർമാണവും തിറയാട്ടക്കാരുടെ ദൗത്യം തന്നെയാണ്; നിർമാണത്തിലുണ്ട് പ്രത്യേകതകൾ.

പശയുടെ നിർമാണം

പശനിർമാണത്തിലെ പ്രധാന അസംസ്കൃത വസ്തുവാണ് ചക്ക വിളഞ്ഞി (ചക്കയരക്ക്). ചക്കവിളവിന്റെ കാലത്ത് കുറേയെറെ വീടുകളിൽ നിന്നാണ് ഇത് ശേഖരിക്കുന്നത്. ചക്കമുറിക്കുമ്പോൾ ഊറി വരുന്ന വിളഞ്ഞി ഒരു കമ്പിന്റെ അറ്റത്ത് ചുറ്റിയെടുത്ത് വിറകടുപ്പിനടുത്ത് പുകയേൽക്കത്തക്കവിധത്തിൽ വെക്കുന്നതിനായി വീട്ടുകാരെ ചുമതലപ്പെടുത്തുന്നു. ദൈവീകകാര്യമെന്ന നിലയിൽ വീട്ടുകാർ ഈ ചുമതല സസന്തോഷം ഏറ്റെടുക്കുകയും ചെയ്യുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും ഈ വിളഞ്ഞി പുക കൊള്ളണം. ഈ ചക്ക വിളഞ്ഞിക്കുമുണ്ടൊരു തിറയാട്ടഭാഷ, കല്ലുവിളഞ്ഞി. ഒരു വർഷമെങ്കിലും പുകയേറ്റ് പഴകിയതിനുശേഷം കല്ലുവിളഞ്ഞി എല്ലായിടത്തുനിന്നും ശേഖരിക്കുന്നു. അങ്ങനെ ശേഖരിച്ചുകൊണ്ടുവന്നതിനു ശേഷം ഒരു വർഷത്തേക്ക് ആവശ്യമായ ഏകദേശം മുന്നൂറ് നാനൂറ് ഗ്രാമെടുത്ത് നല്ലതുപോലെ ചൂടാക്കിയ മൺചട്ടിയിൽ പൊട്ടിച്ചിടുന്നു. അതോടൊപ്പം വിളഞ്ഞിയുടെ തൂക്കത്തിന്റെ നേർപകുതി മെഴുകും മൺചട്ടിയിലിടുന്നു. അടുപ്പിലെ പാത്രത്തിൽ രണ്ടും കൂടിയുരുകി പതഞ്ഞുപൊന്തുന്നു. പതഞ്ഞുപൊന്തിയാലുടനെ മൺചട്ടി അടുപ്പത്തുനിന്ന് ഇറക്കിവെക്കുന്നു. വിളഞ്ഞിയും മെഴുകും ഉരുകി പതഞ്ഞുപൊന്തുമ്പോൾ പെട്രോളിന് തീപിടിക്കും പോലെ തീപിടിക്കാനുള്ള സാധ്യതയുള്ളതിനാൽ വളരെ സൂക്ഷ്മതയോടെ ഇക്കാര്യങ്ങൾ ചെയ്യണം. തന്നെയുമല്ല പതഞ്ഞുപൊന്തുമ്പോൾ ലബോറട്ടികളിൽ രാസപ്രവർത്തനം നടക്കുമ്പോഴുണ്ടാകുന്ന ഒരു ഗന്ധവും ഈ മിശ്രിതത്തിനുണ്ടാകുന്നുണ്ട്. ഈ മിശ്രിതം വട്ടച്ചെമ്പിലെ വെള്ളത്തിലൊഴിക്കുമ്പോൾ മാലിന്യങ്ങൾ വെള്ളത്തിനടിയിലാവുകയും മിശ്രിതം ഒരു പാടപോലെ പൊന്തിക്കിടക്കുകയും ചെയ്യും. ഈ മിശ്രിതമെടുത്ത് പിഴിഞ്ഞ് നന്നായി മർദിച്ച് ചപ്പാത്തിക്ക് മാവു കൂട്ടുന്ന പരുവത്തിലാക്കി ചെറിയ ഉരുളകളാക്കുന്നു. ഓരോ ഉരുളയും തുണിയിൽ പൊതിഞ്ഞ് കെട്ടിവെക്കുന്നു. വീണ്ടും ഒരു മൺചട്ടി അടുപ്പത്തുവെച്ച് ചൂടാക്കുന്നു. നന്നായി ചൂടായതിനു ശേഷം ശീലയോടെ വിളഞ്ഞിയെടുത്ത് മൺചട്ടിയിലുരസുന്നു. ഇങ്ങനെ ഉരസിയ വിളഞ്ഞി ആവശ്യാനുസരണം മുറിച്ചുവെച്ച ഒലമക്കടലാസെടുത്ത് ഉരുപ്പടികളിലൊട്ടിക്കുന്നു. ഇതോടെ മരം കൊണ്ടുണ്ടാക്കിയ ചമയസാധനങ്ങളുടെ പണികൾ പൂർണമാകുന്നു.

ഓടുകൊണ്ടു നിർമിച്ചവ

ഓടുകൊണ്ടു നിർമിച്ച സാധനങ്ങളെന്തൊക്കെയാണെന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ഈ സാധനങ്ങൾ സാധാരണയായി കേടുവരാറില്ല. ഏതെങ്കിലും കാരണവശാൽ പൊട്ടിപ്പോവുകയോ മറ്റോ ആണെങ്കിൽ മൂശാരിപ്പണിയിൽ വിദഗ്ധനായ വ്യക്തിയെ സമീപിച്ച് മോഡൽ കൊടുത്ത് അത് നിർമിക്കാൻ ചുമതലപ്പെടുത്തുന്നു. അയാളത് പണിക്കുറ്റമൊന്നും കുടാതെ നിർമിച്ച് നൽകുകയും ചെയ്യുന്നു. തിറയാട്ടത്തിലെ അണിയിലസാധനങ്ങളിൽ ഏറ്റവും പ്രധാനം ഓടുകൊണ്ടു നിർമിച്ച തലപ്പാളിയാണ്. ഈ തലപ്പാളിയിൽ ഇരുപത്തൊന്ന് കരുക്കളുണ്ട്. ഈ ഇരുപത്തൊന്ന് കരുക്കളും ഇരുപത്തൊന്ന് ഗുരുഭൂതന്മാരായി സങ്കൽപിക്കപ്പെടുന്നു. ചമയങ്ങൾക്കായി ഈ ഓട്ടുസാധനങ്ങൾ തുടച്ച് വൃത്തിയാക്കി നിറവും തിളക്കവും വെപ്പിക്കുന്നതിങ്ങനെ. ആദ്യമായി ബ്രാസ്സും മണ്ണെണ്ണയും കൂട്ടി ഓട്ടുസാധനങ്ങളിൽ നന്നായി ഉരസി കറകളയുന്നു. അതിനുശേഷം ഭസ്മമിട്ട് ശീലകൊണ്ട് അമർത്തിത്തുടയ്ക്കുന്നു. അതോടെ ഓട്ടുരുപ്പടികളെല്ലാം നല്ല നിറവും തിളക്കവുമുള്ളതായിത്തീരുന്നു.

മുടികളുടെ നിർമാണം

മുള, പനയോല, തുണിക്കഷണങ്ങൾ, മയിൽപ്പീലി, പാന്തകപ്പൊളി വർണക്കടലാസുകൾ എന്നിവയാണ് മുടികളുടെ നിർമാണസാമഗ്രികൾ. ആദ്യമായി മുള കഷണങ്ങളാക്കി ചെറുതായി ചീന്തിയെടുക്കുന്നു. ഈ ചീന്തുകൾകൊണ്ട് നിർമിക്കാൻപോകുന്ന മുടിയുടെ ഒരു അപൂർണരൂപമുണ്ടാക്കുന്നു. ഈ അപൂർണരൂപത്തിൽ പനയോല പൊതിഞ്ഞ് പാന്തകപ്പൊളിനാരുകൊണ്ട് തുന്നിക്കെട്ടിയതിനുശേഷം അതിന്മേൽ പശതേച്ച് തുണിക്കഷണങ്ങൾ ഒട്ടിക്കുന്നു. അവസാനം ഏതുനിറത്തിലുള്ള മുടിയാണോ വേണ്ടത് ആ നിറത്തിലുള്ള തുണിക്കഷ്ണം ചുളിവുനിവർത്തി നന്നായി ഒട്ടിച്ച് വെയിലത്തുവെച്ച് ഉണക്കിയെടുക്കുന്നു. ഉണങ്ങിയതിനുശേഷം മയിൽപ്പീലി, വർണക്കടലാസുകൾ എന്നിവ ഉപയോഗിച്ച് മുടികൾ അലങ്കരിക്കുന്നു. ഈ അലങ്കാരപ്പണികളിൽ മയിൽപ്പീലി ഒരു പ്രധാന ഘടകമാണ്. പീലിത്തണ്ടിന്റെ പുറത്തെ ഉറപ്പുള്ള തോട് പൊളിച്ചെടുത്താൽ പീലിത്തണ്ട് ഏത് വിധത്തിലും വഴങ്ങിക്കിട്ടും എന്നുമാത്രമല്ല ആ തണ്ടിന് ആകർഷണീയമായ നല്ല വെളുത്ത നിറവുമായിരിക്കും. എല്ലാ മുടികളുടെയും നിർമാണരീതി ഇങ്ങനെയാണ്.

ഉടയാടകൾ

അണിയില സാധനങ്ങളുടെ (മുൻപറഞ്ഞ എല്ലാ ചമയസാധനങ്ങളും) നിർമാണജോലികൾ പൂർത്തിയായതിനു ശേഷം ഉടയാടകളുടെ നിർമാണവും അനുബന്ധജോലികളും തുടങ്ങുന്നു. ഈ ഉടയാടകൾ തിറയാട്ടത്തിൽ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. ഉടയാട, കച്ചാല്, പാർശ്വകച്ചാല്, മടിനാക്ക് എന്നിങ്ങനെയാണ് പേരുകൾ. ഉടയാടകളുടെ ഏറ്റവും കൂടിയ നീളം അഞ്ചുമീറ്ററാണ്. അഞ്ച്, നാല്, മൂന്ന്, രണ്ട്, ഒന്ന് മീറ്റർ നീളവും വിവിധ അളവുകളിലുള്ള വീതിയിലുമാണ് ഉടയാടകളുടെ നിർമാണം. ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ മൂന്നു നിറങ്ങളിലുള്ള തുണികൾ കൊണ്ടാണ് വിവിധ ഉടയാടകൾ നിർമിക്കുന്നത്. അപൂർവമായി മഞ്ഞനിറത്തിലുള്ള തുണിയും ഉപയോഗിക്കാറുണ്ട്.

ഉടയാടകളെ സംബന്ധിച്ചിടത്തോളം ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു കാര്യമിതാണ്. ഓരോദിവസവും തിറയാട്ടത്തിനുശേഷം മടങ്ങിയെത്തുമ്പോൾ ഉടയാടകൾ മുഷിഞ്ഞും കഞ്ഞിപ്പശ നഷ്ടപ്പെട്ടിട്ടുമുണ്ടാവും. അതുകൊണ്ട് തുണികളെല്ലാം കഴുകി വൃത്തിയാക്കി ഉണങ്ങലരികുത്തിപ്പൊടിച്ചുണ്ടാക്കിയ കഞ്ഞിപ്പശയിൽ മുക്കുന്നു. അങ്ങനെ മുക്കിയെടുത്ത് രണ്ടുപേർ രണ്ടറ്റത്തും നിന്ന് നിവർത്തപ്പിടിച്ച് പൊരിവെയിലിൽ വിരിക്കുന്നു. ഇങ്ങനെ പൊരിവെയിലത്തുണക്കിയാലെ കഞ്ഞിപ്പശ ഉടയാടകളിൽ നന്നായി പിടിക്കുകയുള്ളു. വെയിൽപോകുന്നതിനുമുമ്പുതന്നെ തുണികൾ മടക്കിയെടുക്കുകയും വേണം. ഓരോ ദിവസത്തെയും തിറയാട്ടത്തിനുള്ള ഉടയാടകൾ സജ്ജമാക്കുന്നതിങ്ങനെയാണ്.

നിറങ്ങൾ

ചമയങ്ങളിൽ എല്ലാ എഴുത്തുകൾക്കും ആവശ്യമായ നിറങ്ങളുടെ നിർമാണവും ഒട്ടേറെ പ്രത്യേകതകൾ നിറഞ്ഞതാണ്. വെള്ള, ചുവപ്പ്, മഞ്ഞ, കറുപ്പ് എന്നീ നിറങ്ങളാണ് തിറയാട്ടത്തിൽ മുഖ്യമായും ചമയങ്ങൾക്കായി ഉപയോഗിക്കുന്നത്. പ്രകൃതിദത്തമായി ലഭിക്കുന്ന സാധനങ്ങളുപയോഗിച്ചുമാത്രം നിർമിക്കുന്ന നിറങ്ങളുടെ നിർമാണരീതികളിങ്ങനെ.

വെള്ളനിറം

ഉണങ്ങലരി തവിടുകളഞ്ഞ് നന്നായി വെളുപ്പിച്ച് ഒരു ദിവസം വെള്ളത്തിൽ കുതിർത്തുവെയ്ക്കുന്നു. അതിനുശേഷം അരിച്ചെടുത്ത് അമ്മിക്കല്ലിൽ അരച്ചെടുക്കുന്നു. മിക്സിയിലിട്ടരച്ചാൽ കൊഴുത്തുപോകുന്നതിനാൽ അമ്മിക്കല്ലിൽത്തന്നെ അരച്ചെടുക്കണം. ഇങ്ങനെ അരച്ചെടുക്കുന്നതിന് ഒരു പ്രത്യേക പാകമുണ്ട്. നന്നായി അരയാനും പാടില്ല എന്നാൽ അരയാതിരിക്കാനും പാടില്ല എന്നതാണ് പാകത്തിന്റെ അടിസ്ഥാനം. ഇങ്ങനെ അരച്ചെടുത്ത മാവിൽ

ലേശം ചുണ്ണാമ്പ് ചേർത്ത് നന്നായി ഇളക്കി പരുവപ്പെടുത്തുന്നു. ചുണ്ണാമ്പ് ചേർത്തെങ്കിലേ എഴുത്ത് നന്നായി ഒട്ടിപ്പിടിക്കുകയുള്ളു.

ചുവപ്പ് നിറം

പൊൻകാരവും നന്നായി പഴുത്താൽപോലും പുളിക്കുന്ന പച്ചനാട്ടുമാങ്ങയുടെ കറയും കൂട്ടിക്കലർത്തി കുഴമ്പുരൂപത്തിലാക്കുന്നു. ഈ മിശ്രിതം വാട്ടിയെടുത്ത പച്ച കമുകിൻ പാള യിലാക്കി പാന്തകപ്പൊളി (മടൽപ്പൊളി) കൊണ്ട് കെട്ടിവരിഞ്ഞ് തീക്കനലിലിട്ട് വേവിക്കുന്നു. വെന്തുകഴിഞ്ഞാൽ ഈ പൊതി 41 ദിവസം മണ്ണിൽ കുഴിച്ചിടുന്നു. 41-ാം ദിവസം പൊതിയെ ടുക്കുമ്പോൾ നല്ല ചുവപ്പുനിറമുള്ള പൊടികിട്ടുന്നു. ഈ പൊടിവെള്ളത്തിൽ കലക്കിയാണ് ചുവപ്പുനിറമുണ്ടാക്കുന്നത്. 'കാരം' എന്നാണ് ഇതിന് പറയുന്നത്.

മഞ്ഞ നിറം

പണ്ടുകാലങ്ങളിൽ മനയോലയാണ് മഞ്ഞനിറത്തിനുപയോഗിച്ചിരുന്നത്. മനയോല നേർമ യായി പൊടിച്ചെടുത്ത് വെള്ളത്തിൽ കലക്കി മഞ്ഞനിറമുണ്ടാക്കുന്നു.

കറുപ്പ് നിറം

നിലവിളക്കിന്റെ തട്ടെടുത്ത് നിലത്തുവെയ്ക്കുന്നു. തട്ടിൽ വെളിച്ചെണ്ണയൊഴിച്ച് നല്ലവ ണ്ണത്തിൽ ഒരു ശീലത്തിരിയുണ്ടാക്കിയിട്ട് കത്തിക്കുന്നു. അങ്ങനെ കത്തുന്ന തിരിയുടെ മുക ളിൽ ഒരു മൺചട്ടി കമഴ്ത്തിവെയ്ക്കുന്നു. കമ്ഴത്തുന്നതിനുമുമ്പ് മൺചട്ടിക്കുള്ളിൽ വെറ്റി ലയോ തുളസിയിലയോ നന്നായി ഉരസിയതിനു ശേഷം അൽപം വെളിച്ചെണ്ണ പുരട്ടണം. ഈ മൺചട്ടിയാണ് കത്തുന്നതിരിയുടെ മുകളിലായി കമഴ്ത്തേണ്ടത്. ഇങ്ങനെ കമഴ്ത്തിക്ക ഴിഞ്ഞ് തിരിനാളം കാറ്റിലാടാതിരിക്കാൻ ശ്രദ്ധിക്കണം. ഒന്നുരണ്ടുമണിക്കൂറുകൾക്കു ശേഷം മൺചട്ടിയെടുത്ത് അതിനുള്ളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കരി വടിച്ചെടുക്കണം. ഈ കരി വെളി ച്ചെണ്ണയിൽ ചാലിച്ചാൽ കറുത്ത മഷിയായി. ഈ കരിക്കുട്ടിന് മഷി എന്നുപേർ.

ചുവപ്പ്

(പാളയിലും കുരുത്തോലയിലും എഴുതുന്നതിന്)

ചെങ്കല്ലിന്റെ കഷ്ണമോ പുരമേയുന്ന ഓടിന്റെ കഷ്ണമോ അമ്മിക്കല്ലിലരച്ച് കുഴമ്പ് രൂപ ത്തിലാക്കിയാൽ ചുവപ്പ് നിറം ലഭിക്കും.

കറുപ്പ്

വിറകു കത്തിച്ചെടുക്കുന്ന കരിക്കട്ട അമ്മിക്കല്ലിലരച്ച് കുഴമ്പുരൂപത്തിലാക്കുന്നതാണ് കറുപ്പ് നിറത്തിനുപയോഗിക്കുന്നത്. കല്ലുംകരിയും എന്നാണിതറിയപ്പെടുന്നത്.

ചാന്താട്ടത്തിനുള്ള ചാന്ത്

ഉണങ്ങലരി മൺചട്ടിയിലിട്ട് കരിയുന്നതുവരെ വറുത്തെടുക്കണം. ചൂടാറിയതിനുശേഷം അമ്മിക്കല്ലിൽ വെണ്ണപാകത്തിൽ അരച്ചെടുത്ത് പനിനീർ, പൂവൻപഴം, കർപ്പൂരം, കസ്തൂരി തുടങ്ങിയവയും പഞ്ഞിമരത്തിന്റെ തോൽകത്തിപ്പിഴിഞ്ഞെടുത്തു തയ്യാറാക്കിയ താളിയും ചേർത്ത് നന്നായി യോജിപ്പിക്കണം. അപ്പോൾ കുഴമ്പുരൂപത്തിലുള്ള മിശ്രിതം ലഭിക്കും. ഈ മിശ്രിതമാണ് ചാന്താട്ടത്തിനുപയോഗിക്കുന്ന ചാന്ത്.

അണിയിലക്കാരൻ

തിറയാട്ടത്തിലെ പ്രധാനപ്പെട്ട ചമയസാധനങ്ങളുടെ പൊതുനാമമാണ് അണിയിലങ്ങൾ എന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ഈ അണിയിലസാധനങ്ങളെല്ലാം സ്വന്തമായുള്ള വ്യക്തിയാണ് അണിയിലക്കാരൻ. അണിയിലക്കാരന് ഒട്ടേറെ പ്രത്യേകതകൾ വേറെയുമുണ്ട്. അതിൽ പ്രധാ നമാണ് അനുഷ്ഠാനങ്ങളിലുള്ള അവഗാഹവും കെട്ടിയാട്ടത്തിലും പാട്ടിലും ഇതരചടങ്ങുക ളിലുമുള്ള മികവും. തിറയാട്ട സംഘത്തിന് നേതൃത്വം കൊടുക്കുന്ന വ്യക്തി എന്നതിലുപരി

കാവിന്നുടയോർക്ക് സർവസമ്മതനായിരിക്കുകയെന്നതും അണിയിലക്കാരന്റെ പ്രധാനയോഗ്യതതന്നെ.

തിറയാട്ടദിവസം രാവിലെ തിറയാട്ട സംഘത്തിൽപ്പെട്ട അനുയായികൾ, അണിയിലക്കാരന്റെ വസതിയിലെത്തി അന്ന് നടക്കുന്ന തിറയാട്ടത്തിനും വെള്ളാട്ടിനും ആവശ്യമായ ചമയസാധനങ്ങൾ തെരഞ്ഞെടുത്ത് പ്രത്യേകം കെട്ടുകളാക്കുന്നു. ഈ കെട്ടുകളും തയ്യാറാക്കിവെച്ചനിറങ്ങളും ചാന്തുമായി എല്ലാവരും കാവിലേക്ക് പുറപ്പെടുന്നു. അവിടെ സജ്ജീകരിച്ചിട്ടുള്ള അണിമറയിൽ വിരിച്ചപായയിൽ എല്ലാ സാധനങ്ങളും ഇറക്കിവെച്ച് കെട്ടുകളഴിച്ച് ഇനംതിരിക്കുന്നു. തുടർന്ന് ചൂടിക്കയർകൊണ്ട് ഒരു അയകെട്ടി ഓരോ സാധനവും സൂക്ഷ്മതയോടെ നിരനിരയായി കെട്ടിത്തൂക്കുന്നു. എഴുത്തിനാവശ്യമായ നിറങ്ങളെടുത്ത് ചിരട്ടകളിൽ കലക്കി അണിമറയുടെ ഒരു മൂലയിൽ താൽക്കാലികമായി നിർമിച്ച തട്ടുകളിലും വെയ്ക്കുന്നു. ഇതോടെ ചമയത്തിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി.

തുടർന്ന് തിറയാട്ട സംഘത്തിൽപ്പെട്ട ഒരു കൂട്ടർ ഓട്ടുസാധനങ്ങളുടെ തിളക്കം വർധിപ്പിക്കുന്നതിനുള്ള ജോലികളിൽ മുഴുകുന്നു. തിളക്കം വർധിപ്പിക്കുന്നതെങ്ങനെയെന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. മറ്റൊരു കൂട്ടർ തുണികൾ ഉപയോഗത്തിനനുസൃതമായി ഞൊറിഞ്ഞെടുത്ത് കെട്ടിവെയ്ക്കുന്നു. ഇനിയുമൊരുകൂട്ടർ കമുകിൻപാളയും കുരുത്തോലയും കൊണ്ടുണ്ടാക്കുന്ന മുടികളുടെയും മറ്റും പണികളിലേർപ്പെടുന്നു. കമുകിൻ പാള കൊണ്ടുണ്ടാക്കുന്ന ചമയസാധനങ്ങളാണ് കുട്ടിച്ചാത്തൻ വെള്ളാട്ടിനുപയോഗിക്കുന്ന കൂമ്പ (തൊപ്പി), തിറയാട്ടത്തിനുപയോഗിക്കുന്ന താടി, മീശ, തോട, കണ്ണ്, നാഗത്തിനുപയോഗിക്കുന്ന സർപപ്പത്തികൾ, ഭഗവതിത്തിറയ്ക്ക് ഉപയോഗിക്കുന്ന നാവുകൾ, കുലവൻമുടിയിൽ കെട്ടുന്ന പാളപപ്പടങ്ങൾ എന്നിവ.

കമുകിൻപാളകൊണ്ട് ചമയസാധനങ്ങൾ നിർമിക്കുന്നതിങ്ങനെ

പാള, ചുട്ടുകത്തിച്ച് ഒരു പ്രത്യേക പാകത്തിൽ വാട്ടിയെടുക്കുമ്പോൾ അത് നന്നായി വഴങ്ങിക്കിട്ടും. തുടർന്ന് നിർമിക്കേണ്ട സാധനങ്ങൾ അതാത് അളവിൽ മുറിച്ചെടുത്ത് രൂപപ്പെടുത്തുന്നു. അങ്ങനെ രൂപപ്പെടുത്തിയതിനുശേഷം കുരുത്തോലമടലിന്റെ പുറം ഒരു സെന്റിമീറ്റർ വീതിയിൽ ചീന്തിമുറിച്ചെടുത്ത് പാളയുടെ പുറം ഭാഗത്ത് കുത്തിക്കയറ്റുന്നു. പാള ഒടിഞ്ഞും മടങ്ങിയും പോകാതെ നിവർന്നുനിൽക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. ഇങ്ങനെ കെട്ടിയുറപ്പിച്ചു നിർത്തുന്നതിനുള്ള ഭാഷയാണ് 'പാളയ്ക്ക് പാന്തമോടിക്കൽ'. ഇങ്ങനെ നിർമിച്ച എല്ലാ സാധനങ്ങളിലും പാന്തമോടിച്ചു കഴിഞ്ഞാൽ കല്ലും കരിയും ഉപയോഗിച്ച് എഴുത്ത് തുടങ്ങുന്നു. എഴുതിത്തുടങ്ങുന്നതിന് തൊട്ടുമുമ്പ് പാളയുടെ ഉൾഭാഗത്തുള്ള നേർത്ത തോല് പൊളിച്ചെടുക്കണം. ഉൾഭാഗത്തെ വെള്ളനിറം ചെടിച്ചുപോകാതിരിക്കാനാണ് എഴുതിത്തുടങ്ങുന്നതിനുതൊട്ടുമുമ്പുമാത്രം തോല് പൊളിച്ചുകളയുന്നത്. ഇങ്ങനെ തോല് പൊളിച്ചെടുക്കുന്നതിന് തിറയാട്ടത്തിൽ കൂറപൊളിക്കുക എന്നാണ് പറയുന്നത്. കൂറ പൊളിച്ചുകഴിഞ്ഞാൽ കല്ലുംകരിയും കൊണ്ട് എഴുതിത്തുടങ്ങുന്നു. എഴുതാനുപയോഗിക്കുന്ന ബ്രഷ് ഉണ്ടാക്കുന്നതും പരമ്പരാഗതമായ രീതിയിൽതന്നെ. കുരുത്തോലമടലിന്റെ പുറംതോട് എടുത്ത് ചെറിയ കഷ്ണമാക്കി അറ്റംകൂർപ്പിച്ച് ചതച്ച് ബ്രഷ് രൂപത്തിലാക്കുന്നു. ഈ ബ്രഷ് കൊണ്ടുമാത്രമെ പാളമേലും കുരുത്തോലയിലും എഴുതാൻ കഴിയൂ. എഴുത്തുകോൽ എന്നാണ് ഇതിന് പറയുന്നത്. ഇന്ന് മാർക്കറ്റിൽ കിട്ടുന്ന ബ്രഷുകളൊന്നും ഈ എഴുത്തിന് പര്യാപ്തമല്ലതന്നെ.

കമുകിൻപാളകൾ കൊണ്ടാണ് ഒട്ടേറെ ചമയസാധനങ്ങൾ നിർമിക്കുന്നതെന്നു പറഞ്ഞല്ലോ. ഇവയൊക്കെ ബലമായി കെട്ടിയുറപ്പിക്കുന്നതിനാവശ്യമായ വള്ളികളുണ്ടാക്കുന്നത് പ്രകൃതിദത്തമായ രീതിയിൽതന്നെ. കുരുത്തോലയുടെ ഈർക്കിലിന്റെ തലഭാഗം നന്നായി കൂർപിച്ചതിനുശേഷം ഈർക്കിൽ നിന്ന് ഓല മുഴുവനായി ചീന്തിക്കളയാതെയൊരുക്കിയിട്ട് കത്തിച്ച ചൂട്ടിൽ ഒരു പ്രത്യേക പാകത്തിൽ വാട്ടിയെടുക്കുന്നു. ഇതിന് തുന്നം എന്ന് പറയുന്നു. ഈ തുന്നം ഉപയോഗിച്ചാണ് പാളകൊണ്ടുള്ള ചമയസാധനങ്ങൾ തുന്നിയൊരുക്കുന്നത്.

കുരുത്തോലകൊണ്ടുനിർമിക്കുന്ന ചമയസാധനങ്ങൾ

കുരുത്തോലപ്പണികളിൽ ഏർപെട്ടിരിക്കുന്നവർ നിർമിക്കുന്ന ചമയസാധനങ്ങളാണ് കുട്ടിച്ചാത്തൻ മുടി, പൂക്കുട്ടിക്ക് കൊട്ട, ഭൈരവന് വഞ്ചി, കയ്യൂർക്ക്, കയ്യരങ്ങ്, ഗുളികന് തെര, ഭഗവതിക്ക് കൊടിനറുക്ക്, കുലവന് പോള, നാഗത്തിന് നറുക്കുകൾ എന്നിവ. കുരുത്തോലപ്പണികളിൽ പ്രാവിണ്യം നേടിയവർക്കും കലാബോധമുള്ളവർക്കും മാത്രമെ ഈ ചമയസാധനങ്ങൾ ആകർഷണീയമായ രീതിയിൽ നിർമിച്ചൊരുക്കാൻ കഴിയൂ.

മുളകൊണ്ടുനിർമിക്കുന്ന ചമയസാധനങ്ങൾ

മുള ഉപയോഗിച്ചുനിർമിക്കുന്ന ചമയസാധനങ്ങളാണ് നാഗത്തിനും ഗുളികനും കുലവനുമുള്ള മുടികളും അരയിൽ കെട്ടുന്ന വട്ടറ, വെറ്റില മുടി തുടങ്ങിയവയും. ഗുളികന്റെയും നാഗകാളിയുടെയും മുടികളുടെ നീളം 21 അടിയാണ്. ഗുളികന്റെ മുടി കറുപ്പുതുണികൊണ്ട് പൊതിഞ്ഞ് അതിൽ തെര തുന്നിപ്പിടിക്കുന്നു. (21 അടി നീളത്തിലും ഒരടി വീതിയിലും പായ മെടയുന്നതുപോലെ കുരുത്തോലകൊണ്ടുമെടഞ്ഞുണ്ടാക്കുന്നതാണ് തെര).

നാഗകാളിയുടെ മുടി 21 അടി നീളത്തിൽ കെട്ടിയുണ്ടാക്കി അത് ചുവപ്പു തുണികൊണ്ടു പൊതിയുന്നു. ശേഷം വാഴപ്പോളചീന്തുകൾ ഇരുവശങ്ങളിലും തുന്നം കൊണ്ട് കുത്തിക്കെട്ടിയുറപ്പിച്ച് അതിൽ നറുക്കുകൾ പിടിപ്പിക്കുന്നു. പാളക്കഷ്ണങ്ങൾ കൊണ്ടുണ്ടാക്കിയ പത്തികൾ ഇടയ്ക്കിടെ തുന്നംകൊണ്ട് കുത്തിയുറപ്പിക്കുകയും ചെയ്യുന്നു.

പാന്തകപ്പൊളിക്കൊണ്ടു നിർമിക്കുന്നവ

നെറ്റിത്തുന്നം ചെന്നിപ്പാന്തം, ഉണ്ടപ്പാന്തം, ചിറ്റുപാന്തം എന്നിവയാണ് പാന്തകപ്പൊളി കൊണ്ടുനിർമിക്കുന്ന ചമയസാധനങ്ങൾ.

തിറയാട്ട മഹോത്സവം നടക്കുന്ന ദിവസം തിറയാട്ടസംഘം കാവിലെത്തിക്കഴിഞ്ഞാൽ ഉത്തരവാദിത്വത്തോടെയും കലാനൈപുണ്യത്തോടെയും ചെയ്തുതീർക്കുന്ന ജോലികളെപ്പറ്റിയാണ് വിശദീകരിച്ചത്. എല്ലാവരും ഒരേമനസ്സോടെ ഉൽസവത്തിന്റെ വിജയത്തിനായി ഇക്കാര്യങ്ങളെല്ലാം ചെയ്തുതീർക്കുന്നു എന്നത് തിറയാട്ടത്തിന്റെ പുണ്യം തന്നെയാണ്, സംശയമില്ല.

തിറയാട്ട സംഘം കാവിലെത്തുന്നതിനുമുമ്പുതന്നെ കാവിന്നുടയോർ പച്ചപ്പാള, കുരുത്തോലമടൽ, ചൂടിക്കയർ, പാന്തകപ്പൊളി, വാഴത്തട, പച്ചമുള, ചൂട്ടുകറ്റകൾ എന്നിവയെല്ലാം അണിമറയിൽ ഒരുക്കിവെച്ചിട്ടുണ്ടാവും.

കെട്ടിയുറപ്പിക്കൽ

എഴുത്തുകൾക്കുശേഷം കോലത്തിന്റെ പൂർണതയ്ക്കായി ആടയാഭരണങ്ങൾ ധരിക്കുന്നു. കെട്ടിയുറപ്പിക്കുക എന്നാണ് ഇതിന് പറയുന്നത്. ആദ്യം കച്ചയും തുടർന്ന് മടക്കുതണ്ടയും കെട്ടുന്നു. കച്ചയും മടക്കുതണ്ടയും കെട്ടിക്കഴിഞ്ഞ് തലയിൽ കെട്ടിയ തോർത്തമുണ്ടിന്റെ നെറ്റിഭാഗത്ത് മൂക്കിനുനേരെ മുകളിൽ നെറ്റിത്തുന്നംവെച്ച് തോർത്തുമുണ്ട് വലിച്ചുമുറുക്കിക്കെട്ടുന്നു. ഈ മൂന്നു സാധനങ്ങൾ അണിയുന്നതോടെ കെട്ടിയുറപ്പിക്കലിന്റെ പ്രാഥമികഘട്ടം കഴിഞ്ഞു. ഇവിടെയുമുണ്ടൊരു പ്രത്യേകത. കച്ചയും മടക്കുതണ്ടയും തോർത്തുമുണ്ടും സ്വയം കെട്ടിയുറപ്പിക്കുന്നു എന്നതാണ് ആ പ്രത്യേകത. മർമസ്ഥാനങ്ങളിൽ പാകത്തിനുള്ള മുറുക്കത്തിന് ഇങ്ങനെ സ്വയം കെട്ടിയുറപ്പിച്ചേ പറ്റൂ. ഇനിയുള്ള ചമയസാധനങ്ങളെല്ലാം തിറയാട്ടസംഘത്തിൽപ്പെട്ട മറ്റ് അനുയായികൾ കെട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ പ്രാവിണ്യവും പാരമ്പര്യവുമുള്ളവരായിരിക്കുകയും ചെയ്യും.

അടുത്തതായി ഉടയാടകളുടെ ധാരണമാണ്. 'അടുക്കുടുക്കുക' എന്നാണ് ഇതിന്റെ വിശേഷണം. മൂന്നു മീറ്റർ നീളമുള്ളതും കഞ്ഞിപ്പശമുക്കിയുണക്കി മടക്കിവെച്ചതുമായ വെള്ളത്തുണി തറ്റുടുത്ത് അതിനുമുകളിൽ ചുറ്റുപാന്തം വരിഞ്ഞുകെട്ടുന്നു. തിറയായാലും വെള്ളാട്ടായാലും

അടുക്കുടുക്കുകയെന്നത് നിർബന്ധം തന്നെയാണ്. അടുക്കുടുത്തതിനുശേഷം വേഷത്തിനനുസൃതമായ ഉടയാടകൾ കെട്ടിയുറപ്പിക്കുന്നു. തുടർന്ന് ഉടയാടകളുടെ മേൽ അരഭാഗത്തായി പടിയരഞ്ഞാണം കെട്ടുന്നു. ഇങ്ങനെ പടിയരഞ്ഞാണം കൂടി കെട്ടുന്നതോടെ പാദം മുതൽ അരഭാഗം വരെയുള്ള ചമയങ്ങൾ പൂർത്തിയാകുന്നു.

പടിയരഞ്ഞാണം കെട്ടിക്കഴിഞ്ഞതിനു ശേഷം കൊരലാരം മാറിലും കാറ കഴുത്തിലും കെട്ടിത്തൂക്കുന്നു. കൊരലാരവും കാറയും അണിഞ്ഞതിനുശേഷം കൈപ്പത്തികളുടെ തൊട്ടുമുകളിലായി ഹസ്താടകം കെട്ടുന്നു. ശേഷം തോളുകൾക്കു താഴെ മസിലിനോടു ചേർത്ത് വള, ചക്കമുള്ളൻ, കൈച്ചെണ്ട്, തുടങ്ങിയവ കെട്ടുന്നു. ഇതോടെ പാദം മുതൽ കഴുത്തുവരേയുള്ള എല്ലാ ചമയങ്ങളും പൂർത്തിയാകുന്നു.

തലയുറപ്പിക്കൽ

ശിരസ്സിൽ ചമയസാധനങ്ങൾ ഉറപ്പിക്കുന്നതിന് പറയുന്ന പേരാണ് തലയുറപ്പിക്കൽ. കഴുത്തിനുമുകളിൽ താടിയെല്ലിലൂടെ ആദ്യമായി താത്തട്ടി കെട്ടുന്നു. വേഷത്തിനനുസൃതമായ താത്തട്ടി, അല്ലെങ്കിൽ താടി, മീശ, പൂക്കാത്, കമ്പിക്കാത്, മിന്നി മുതലായവയിൽ ഏതെങ്കിലും ആകാം. ഇത് കെട്ടിക്കഴിഞ്ഞാൽ അണിയില സാധനങ്ങളിൽ ഏറ്റവും മുഖ്യമായ തലപ്പാളി നെറ്റിത്തുന്നത്തിന് മുകളിലൂടെ വലിച്ച് കെട്ടുന്നു. അതിനുമുകളിലായി തലച്ചെണ്ട്, ശൗരി, മരവട്ടം എന്നിവ വലിച്ച് കെട്ടുന്നു. മരവട്ടത്തിനുപകരം ഓടുവട്ടം, എടതല കൂമ്പ എന്നിവയിലൊന്ന് വേഷത്തിനനുസരിച്ചുമാകാം. തലപ്പാളിക്ക് താഴെയായി അമ്മരം കെട്ടുന്നിടത്ത് ഒരു സെന്റിമീറ്റർ സ്ഥലം ബാക്കിയുള്ളതായി നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അവിടെ ഒറ്റനാട (വെള്ളിപ്പോള) ശൗരിയോടൊപ്പം വലിച്ചുകെട്ടുന്നു. ഇതോടെ കോലത്തിനുള്ള ചമയം പൂർത്തിയാകുന്നു.

കെട്ടിയാട്ടത്തിനുശേഷം കോലം അണിമറയിൽ മടങ്ങിയെത്തി ധരിച്ചിരുന്ന ചമയസാധനങ്ങൾ ഓരോന്നായി അഴിച്ച് അവിടെ കെട്ടിയിട്ടുള്ള അയയിൽ തൂക്കിയിടുന്നു. അതിനുശേഷമാണ് മുഖത്തെഴുത്തും മേലെഴുത്തും മായ്ക്കുന്നത്. അതിനായി ആദ്യം പച്ചവെള്ളത്തിൽ മുഖവും മേലും നന്നായി കഴുകി പരുത്തിത്തുണികൊണ്ട് ജലാംശം ഒപ്പിക്കളയുന്നു. തുടർന്ന് വെളിച്ചെണ്ണ മുഖത്തും മേലും പുരട്ടിയിട്ട് പരുത്തിത്തുണികൊണ്ട് നിറങ്ങൾ അമർത്തിത്തുടച്ച് കളയുന്നു. ഇങ്ങനെ മാത്രമെ നിറങ്ങൾ മുഖത്തുനിന്നും ശരീരത്തുനിന്നും പൂർണമായും പോവുകയുള്ളു.

മരംകൊണ്ടു നിർമിക്കുന്നവ


അണിയിലം


മരവട്ടം


താത്തട്ടി


കമ്പിക്കാത്


നാഗവട്ടം


നാഗതാത്തട്ടി


തോട


കാളിവട്ടം


മകുടം


ചെവിപ്പൂവ്


കാറ


മിന്നി


കടുക്ക മിന്നി


കഴുത്ത് പൂട്ട്


വള


കപ്പലറ


ഹസ്താടകം


കൊരലാരം


ചക്കമുള്ളൻ


മുലക്കൊരലാരം


ചുറ്റുവള


പടിയരഞ്ഞാണം


പടി


തോൾപൊട്ട്


കാത്

ഓട് കൊണ്ടു നിർമിക്കുന്നവ


തലപ്പാളി


ഓട്ടുവട്ടം


കാതോല


കൈതാമര



എകിറ



കച്ച



കഴുത്ത് പൂട്ട്

കുരുത്തോല കൊണ്ടു നിർമിക്കുന്നവ



പോള



കൊട്ട



കൊടി നറുക്ക്



കുട്ടിച്ചാത്തൻ മുടി



പറക്കുട്ടിമുടി

പാള കൊണ്ടു നിർമിക്കുന്നവ



താടി, മീശ



തോട



കൂമ്പ

ചട്ട കൊണ്ടു നിർമിക്കുന്നവ



പൂക്കാത്



പൂക്കുട്ടി താടി – മീശ



പൂക്കുട്ടി കാത്



എട തല



താടി, മീശ കറുത്തത്

മുള കൊണ്ടു നിർമിക്കുന്നവ



വട്ടമുടി



പീലി മുടി



പൂക്കുട്ടി മുടി

അധ്യായം പത്ത്

വേഷങ്ങൾ



പ്രഭാകരൻ



വേഷങ്ങൾ എന്നുപറയുന്നത് ഉടയാടകൾ മാത്രമല്ല. കോലത്തിന് അനുസൃതമായ രീതിയിൽ ശരീരത്തെ രൂപപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന എന്തും വേഷങ്ങൾ എന്ന സംജ്ഞയിൽപ്പെടുന്നു. നമ്മുടെ ദേവീദേവൻമാരുടെ രൂപം ഇപ്പോൾ ഉള്ളതുപോലെ ഹൃദയങ്ങളിൽ ദൃഢമാക്കപ്പെട്ടിട്ട് അധികകാലമൊന്നും ആയിട്ടില്ല. ശ്രീരാമനും ശ്രീകൃഷ്ണനും ലക്ഷ്മീദേവിയും ഉൾപ്പെടെയുള്ള ദേവീദേവൻമാരെ ഇന്നു നാം അറിയുന്ന തരത്തിൽ രൂപപ്പെടുത്തിയത് അതുല്യ ചിത്രകാരനായ രാജാരവിവർമയായിരുന്നു. ഇക്കാര്യത്തിൽ ആർക്കും തർക്കവുമില്ല. ദേവീദേവന്മാരെ ഇന്നത്തെ നിലയിൽ രൂപപ്പെടുത്തിയതിന് അദ്ദേഹം മാതൃകയാക്കിയത് ഉത്തരേന്ത്യക്കാരെയാണ്. ലക്ഷ്മീസരസ്വതീമാരുടെ വേഷം സാരിയാക്കിയതും അങ്ങനെ തന്നെ. പറഞ്ഞു വരുന്നത് നമ്മുടെ ദേവീദേവൻമാരുടെ വേഷഭൂഷാദികളെ സംബന്ധിച്ച് അത്ര കൃത്യമായ അറിവൊന്നും നമുക്ക് ഇല്ലെന്ന് തന്നെയാണ്. പുരാണങ്ങളും ചിത്രകാരൻമാരുടെ ഭാവനക,ളും സന്ധിച്ചപ്പോൾ ചില രൂപങ്ങളുണ്ടായി, അത്രമാത്രം. ഇത്രയും പറഞ്ഞത് വിഖ്യാതമായ സവർണ ക്ഷേത്രങ്ങളിലും മറ്റുമായി സവർണരാൽ പൂജിക്കപ്പെടുന്ന ദേവീദേവൻമാരുടെ കാര്യമാണ്.

രാജാരവിവർമയുടെ ഭാവനയ്ക്ക് അനുസരണമായി രൂപംകൊണ്ട ദേവീദേവൻമാരുടെ രൂപം പോലും ആധുനിക കാലഘട്ടത്തിന്റേതല്ല. പ്രാക്തന കാലത്തെ മാനവഭാവനയിൽ രൂപം കൊണ്ടതാണ്. എങ്കിൽപോലും കാവുകളിലെ ദൈവകോലങ്ങളിലും ആധുനികത കടന്നുചെന്നിട്ടുണ്ട്. എന്നാൽ വളരെ പഴയ ആ രൂപശിൽപം ഭാഗികമായെങ്കിലും നിലനിർത്തുന്നുമുണ്ട്. അതിന്റെ ഭാഗമായി വേണം കുരുത്തോലപ്പണികളും പാളപ്പണികളും പ്രകൃതിദത്ത ചായങ്ങളുടെ നിർമാണവുമൊക്കെ കാണാൻ. തിറയാട്ടത്തിലെ വേഷങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതും ഇത്തരമൊരു കാഴ്ചപ്പാടിലൂടെയായിരിക്കണം.

പൊതുവെ തറവാട്ടുസ്ഥാനങ്ങളാണല്ലോ കാവുകൾ എന്നറിയപ്പെടുന്നത്. അവിടെ പ്രതിഷ്ഠിക്കപ്പെട്ട ദൈവം ഏതായാലും ആ ദൈവത്തിന്റെ രൂപത്തെ സംബന്ധിച്ച ഒരവബോധം തറവാട്ടംഗങ്ങൾക്കും ദേശക്കാർക്കുമുണ്ട്. തത്സമയം നടത്തപ്പെടുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും കെട്ടിയാട്ടവും ഒരു സുപ്രഭാതത്തിന്റെ സൃഷ്ടിയല്ല. അതിനൊരു പുരാവൃത്തമുണ്ട്. തലമുറകളായി കേട്ടറിഞ്ഞ് മനസ്സിലുറച്ച വിശ്വാസസംബന്ധമായ പുരാവൃത്തം! മനസ്സിലുറച്ച ആ ധാരണകളുമായാണ് തറവാട്ടംഗങ്ങളും ദേശവാസിക,ളും അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും കെട്ടിയാട്ടത്തിലുമൊക്കെ പങ്കെടുക്കുന്നത്. ഈ സാഹചര്യത്തിൽ ആചാരങ്ങളിലോ അനുഷ്ഠാനങ്ങളിലോ കെട്ടിയാട്ടത്തിലോ എന്തെങ്കിലും പോരായ്മകളുണ്ടായാൽ അത് ഏറെ ശ്രദ്ധിക്കപ്പെടും. ഭക്തരുടെ പ്രതിഷേധത്തിന് കാരണമാവുകയും ചെയ്യും.

പറഞ്ഞുവരുന്നത് കോലങ്ങൾക്കനുസരണമായ വേഷങ്ങളെ സംബന്ധിച്ചാണ്. ആ വേഷങ്ങളിൽ പഴമയ്ക്കൊപ്പം പുതുമയും പാലിൽ വെള്ളമെന്ന പോലെ അലിഞ്ഞുചേർന്നിട്ടുണ്ട്.

കോലത്തിന്റെ രൂപഭദ്രതയെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യമായി പരിഗണിക്കപ്പെടുന്നത്, നിശ്ചിതകോലം ഏതായാലും ആ കോലം കെട്ടാൻ തയ്യാറായ വ്യക്തിയുടെ ശരീരഘടന യാണ്. കോലത്തിന് അനുയോജ്യമായ ശരീരഘടന വളരെ പ്രധാനമാണെന്ന് സാരം. ഉദാഹ രണമായി ഭഗവതിക്കോലത്തെ സംബന്ധിച്ച് ഭക്തർക്ക് ഒരു ധാരണയുണ്ട്. ആടയാഭരണങ്ങൾ അണിയുന്നതെല്ലാം പ്രധാനം തന്നെ. എങ്കിലും ശരീരഘടനയും പ്രത്യേകം പരിഗണിക്കപ്പെ ടുന്നുണ്ട്. കണ്ണ്, നാക്ക്, മൂക്ക്, ഉയരം ഇതൊക്കെ വളരെ പ്രധാനമാണ്, ഭഗവതിയുടെ കോലം കെട്ടാൻ. ഗുളികന്റെ തിറക്കോലം കെട്ടുന്നതിനോ? ഗുളികന്റെ രൂപത്തെപ്പറ്റിയുള്ള ഐതീഹ്യം ഇങ്ങനെ. കൈതക്കയ്യുപോലുള്ള കൈകൾ, കരിമ്പന പോലെ കാലുകൾ, ആകാശം മുട്ടി നിൽക്കുന്ന ഉയരം. ഇങ്ങനെയുള്ള ഒരു മഹാശക്തനും ഭീമാകാരനുമാണ് ഗുളികൻ. ഗുളി കൻമുടിയുടെ ഉയരം തന്നെ ഇരുപത്തൊന്ന് അടിയാണ്. ഇത്തരത്തിൽ ഗുളികന്റെ രൂപം വർണി ക്കപ്പെടുമ്പോൾ ഇതിനോട് ലേശമെങ്കിലും യോജിച്ച ഒരു വ്യക്തിയായിരിക്കണം ഗുളികന്റെ കോലം കെട്ടേണ്ടത്. ഗുരുമുത്തപ്പന്റെ കോലമെങ്കിലോ? മന്ത്രതന്ത്രവൈദ്യരംഗങ്ങളിലും പയ റ്റുമുറകളിലുമെല്ലാം പ്രാവീണ്യമുള്ള, അതിനൊത്ത ശാരീരികയോഗ്യതയുള്ള ആളായിരിക്ക ണം ആ കോലം കെട്ടാൻ. ചുരുക്കിപ്പറഞ്ഞാൽ ആരുടെകോലമാണോ കെട്ടിയാടേണ്ടത്, ആ കോലത്തിനനുസരിച്ച ശരീരിക സവിശേഷത കുറച്ചെങ്കിലും ഉണ്ടായിരിക്കണമെന്നുമാത്രം.

ഇവിടെ പ്രധാനപ്പെട്ട കാര്യം ഇതാണ്. തറവാട്ടംഗങ്ങളുടെയും ദേശവാസികളുടെയും മനസ്സിലുള്ള കോലത്തിന്റെ രൂപം ഏതാണോ ആ രൂപം തന്നെയായിരിക്കണം വേഷവിതാന ങ്ങൾക്കുശേഷവും കോലത്തിനുണ്ടായിരിക്കേണ്ടത്.

കെട്ടിയാടുന്ന കോലങ്ങൾ

ദൈവകോലങ്ങളായും മനുഷ്യമൂർത്തികളുടെ കോലങ്ങളായും മുപ്പതിലേറെ കോലങ്ങൾ തിറയാട്ടത്തിൽ കെട്ടിയാടപ്പെടുന്നുണ്ട്. അതിൽത്തന്നെ പ്രധാനപ്പെട്ട ഏതാനും കോലങ്ങ ളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കരുമകൻ	– വെള്ളാട്ട്
കരിയാത്തൻ	– വെള്ളാട്ട്
കുലവൻ	– വെള്ളാട്ട്
കരിവില്ലി	– വെള്ളാട്ട്
മുണ്ട്യൻ	– വെള്ളാട്ട്
അറുകണ്ഠൻ, കണ്ഠാകർണൻ	– വെള്ളാട്ട്
വീരഭദ്രൻ	– വെള്ളാട്ട്
ഭഗവതി, ഭദ്രകാളി	– വെള്ളാട്ട്
കരിങ്കാളി	– വെള്ളാട്ട്
നാഗകാളി	– വെള്ളാട്ട്
ഭൈരവൻ	– വെള്ളാട്ട്
കുട്ടിച്ചാത്തൻ	– വെള്ളാട്ട്
പൊട്ടൻ	– വെള്ളാട്ട്
ഗുരുമുത്തപ്പൻ	– വെള്ളാട്ട്
മൂർത്തി	– വെള്ളാട്ട്
സ്ത്രീ മൂർത്തി	– വെള്ളാട്ട്
നായർ	– വെള്ളാട്ട്



തിറയാട്ടത്തിലെ പ്രധാന തിറക്കോലങ്ങളാണ് താഴെപ്പറയുന്നവ

ഭഗവതിത്തിറ
ഗുളികൻതിറ
പൂക്കുട്ടിത്തിറ
ഭൈരവൻ തിറ
കുട്ടിച്ചാത്തൻ തിറ
മൂർത്തി തിറ
കുലവൻ തിറ
കരിവില്ലിത്തിറ
കരിയാത്തൻതിറ
കരുമകൻതിറ
നാഗകാളിത്തിറ
എളങ്കോലം തിറ
അറുകണ്ഠൻ, കണ്ഠാകർണൻ, ദണ്ഡൻ തിറകൾ
പൂമുടിത്തിറ (നായർ വെള്ളാട്ട് – നാട്ടുപേര്)

ഏറ്റവും പ്രധാനപ്പെട്ട കോലങ്ങളെപ്പറ്റിയാണ് ഇപ്പറഞ്ഞത്. ഇവിടെ പരാമർശിക്കാത്ത മറ്റ് കോലങ്ങൾ അപ്രധാനങ്ങളാണെന്ന് അർഥമില്ല. ചില തറവാടുകളിലും പ്രദേശങ്ങളിലും ഇവിടെ സൂചിപ്പിക്കാത്ത മൂർത്തികൾക്ക് പ്രാമുഖ്യവും പ്രാധാന്യവുമുണ്ട്.

ഓരോ കോലവും പൂർണതയിലെത്തുന്നത് അതിന് ചേർന്ന ഉടയാടയും ആഭരണവും ധരിക്കുന്നതിലൂടെയാണല്ലോ. എന്നുപറഞ്ഞാൽ കോലത്തിന് ആവശ്യമായ ഉടയാടയും ആഭരണവും ധരിച്ചാൽ പൂർണതയിലെത്തുകയില്ല. പൂർണതയിലെത്തുന്നതിന്റെ ഒന്നാമത്തേതും അടിസ്ഥാനപരവുമായ കാരണം ചൂട്ടുകളിയിലൂടെ തുടങ്ങുന്ന പ്രായോഗിക നൃത്തച്ചുവടിന്റെ പരിശീലനമാണ്. പിന്നീട് എത്രയേറെ പ്രായോഗികതലങ്ങളും കടമ്പകളുമുണ്ട്. അതിനൊക്കെ ശേഷമേ ഒരു യഥാർഥ തിറയാട്ട കലാകാരനാകൂ.

ഇവിടെ പരാമർശനവിഷയം കോലത്തിന്റെ ആടയാഭരണങ്ങളെ സംബന്ധിച്ചാണ്. അവയുടെ സംജ്ഞകൾ താഴെ കൊടുക്കുന്നു.

അണിയിലം	പൂക്കാത്	പടി
തലപ്പാളി	കടുക്കമിന്നി	പടിയരഞ്ഞാണം
മരവട്ടം	മകുടം	കപ്പലറ
താത്തട്ടി	നാഗവട്ടം	മടക്കുതണ്ട
കമ്പിക്കാത്	നാഗതാത്തട്ടി	കച്ച
മിന്നി	കാറ	വട്ടറ
എകറ്	കഴുത്തുപൂട്ട്	കഴുത്താരം
ഒറ്റനാട	വള	മാല
ശൗരി	ഹസ്താടകം	വെള്ളകച്ചാല്
കാളിവട്ടം	ചക്കമുള്ളൻ	ചുകപ്പ് കച്ചാല്
ഓട്ടുവട്ടം	ചുറ്റുവള	കറുപ്പ് കച്ചാല്
ചെവിപ്പൂവ്	കൈത്താമര	കച്ചാല്
തോട	കൈച്ചെണ്ട്	മടിനാക്ക്
താടി	കൊരലാരം	വെള്ളത്തുണി
മീശ	മുലക്കൊരലാരം	വെള്ളാട്ടൊടചുകപ്പ്

ചുറ്റി ആടുന്ന ഓട	തലക്കരു
കുപ്പായം – ചുവപ്പ്	കുറ്റിച്ചാമര
അരയ്ക്ക് ചുറ്റാനുള്ള തുണി	തലയെരുത്
അരയ്ക്ക് ചുറ്റാനുള്ള കറുപ്പ്	ഉത്തരീയം
അരയ്ക്ക് ചുറ്റാനുള്ള ചുവപ്പ്	അടുക്ക്
പൊടക്കാരം തുണികൾ	വെള്ളയൊടകറുപ്പ്
നാട	കുപ്പായം കറുപ്പ്
ചുറ്റുപാന്തം	തലച്ചെണ്ട്
ഉണ്ടപ്പാന്തം	ചപ്രമീശ
ചെന്നിപ്പാന്തം	ചപ്രത്താടി
നെറ്റിത്തുന്നം	കയ്യുറുക്ക്
വട്ടമുടി	കാതോല
പീലിമുടി	പൊറമണ്ണലം
ഭൈരവൻമുടി	എടതല
ഗുളികൻ മുടി	തെര
പൂക്കുട്ടി മുടി	പോള
നാഗകാളി മുടി	നറുക്ക്
കണ്ഠാകർണൻ മുടി	കൊട്ട
പാളത്തോട	ഫൂട്ടുകോൽ
കൂമ്പ	പലിശ
പത്തി	അമ്പുംവില്ലും
നാവ്	കുന്തം
ദംഷ്ട്രം	വാള്
പപ്പടം	കഠാര
കൊടിനറുക്ക്	ശൂലം
കയ്യരങ്ങ്	കുന്തംവടി
ഏര്	പണം
കുട്ടിച്ചാത്തൻ മുടി	തോർത്തുമുണ്ട്
വഞ്ചി	കുലവൻ മുടി
മാറാപ്പ്	ആണ്ടുക്കണ
ഗ്രന്ഥക്കെട്ട്	അരച്ചെട
തലക്കുണ്ട്	തുന്നം

ആടയാഭരണങ്ങൾതന്നെ ഇത്തരത്തിൽ നൂറിലേറെയുണ്ട്. തീർത്തും അപ്രധാനങ്ങളല്ലാത്തവ ഇനിയുമുണ്ട്. തിറയാട്ടത്തിന്റെ പൂർണതയ്ക്ക് ഇവയെല്ലാം അത്യാവശ്യമാണെന്ന് മാത്രം.

എഴുത്തുകൾ

തിറയാട്ടത്തിലെ അതിപ്രധാനമായ ഘടകങ്ങളിലൊന്നാണ് എഴുത്തുകൾ. എഴുത്തുകൾ എന്നാൽ നമ്മുടെ മേക്കപ്പ് തന്നെ. ഇന്നത്തെ മേക്കപ്പും അതിന്റെ സാങ്കേതികവശങ്ങളെപ്പറ്റിയും സാധാരണക്കാർക്കുപോലും സാമാന്യ അറിവുണ്ട്. എന്നാൽ തിറയാട്ടത്തിലെ എഴുത്തുകൾക്ക് ആധുനിക മേക്കപ്പുമായി യാതൊരു ബന്ധവുമില്ല. മുഖത്തും ശരീരത്തും ചിത്രപ്പണികൾ ചെയ്ത് കോലപൂർണത വരുത്തുന്നത് എഴുത്തുകളിലൂടെയാണ്. അസാമാന്യമായ



കൈവഴക്കവും ചിത്രകലാബോധവും ഇതിനാവശ്യമാണ്. ചിത്രകലാബോധം ജന്മനാസിദ്ധിക്കുന്നതാണെങ്കിലും കൈവഴക്കം വർഷങ്ങളിലെ സപര്യയിലൂടെ മാത്രമേ ലഭിക്കുകയുള്ളു. ഇന്ന് തിറയാട്ടത്തിലെ പല എഴുത്തുകൾക്കും ന്യൂനതകളുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഉദാഹരണമായി ഒരിടത്ത് ഭഗവതിക്കുള്ള മുഖത്തെഴുത്തായിരിക്കില്ല, മറ്റൊരിടത്ത് എഴുതുമ്പോൾ. പ്രായോഗിക പരിശീലനത്തിന്റെ കുറവും പൊതുവെയുള്ള അലസതയുമൊക്കെയാണ് കാരണം. മുഖത്തെഴുത്തും മേലെഴുത്തും കൂടാതെ പാളയിലും കുരുത്തോലയിലുമുണ്ട് എഴുത്തുകൾ. എല്ലാ എഴുത്തുകൾക്കും പ്രകൃതിയിൽ നിന്നുള്ള സ്വാഭാവിക നിറങ്ങൾ മാത്രം ഉപയോഗിക്കുന്നു.

തിറയാട്ടത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളാണ് മുഖത്തെഴുത്തും മേലെഴുത്തും കേരളത്തിന്റെ ചിത്രകലാപാരമ്പര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് തെയ്യത്തിലും തിറയാട്ടത്തിലും പുലികളിയിലുമൊക്കെയുള്ള ഇത്തരത്തിലുള്ള വിവിധതരം ഉടലെഴുത്തുകൾ.

തിറയാട്ടത്തിലെ മുഖത്തെഴുത്തും മേലെഴുത്തും കേവലമായ ചിത്രകലാവിദ്യ എന്നതിലേറെ അനുഷ്ഠാനഗരിമയോടെ നിർവഹിക്കപ്പെടുന്ന ഒന്നാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചമയത്തിനായി നിയോഗിക്കപ്പെട്ട വ്യക്തി ആദ്യം അണിയറയിലെത്തി അവിടെ കത്തിച്ചുവെച്ച നിലവിളക്കിന് മുമ്പിൽ നിന്ന് ഗുരുഭൂതന്മാരെ പ്രാർഥിച്ച് അരിയും പൂവുമിട്ട് തൊഴുതതിനുശേഷം തന്നിൽ മൂത്ത എല്ലാവരുടെയും പാദങ്ങൾ തൊട്ടു വന്ദിക്കുന്നു. തുടർന്ന് കാവിന്നുടയോരിൽ നിന്നും ലഭിച്ച തോർത്തുമുണ്ട് കോണോടുകോണായി നാല് മടക്കാക്കുന്നു. ഇങ്ങനെ മടക്കിയ തോർത്തമുണ്ടാണ് അമ്മരം. അമ്മരം തലയിൽ കെട്ടി കെട്ടിയാട്ടത്തിന് നിയോഗിക്കപ്പെട്ട ആൾ നിലത്ത് പായവിരിച്ച് കിടക്കുകയും എഴുതുന്നയാൾ തലഭാഗത്തിരുന്ന് മുമ്പു പറഞ്ഞതുപോലെ എഴുത്തുകോൽ ഉണ്ടാക്കുകയും ചെയ്യുന്നു.

പാളയിലെഴുതുന്ന എഴുത്തുകോലിൽ നിന്നും വ്യത്യസ്തമാണ് ഈ എഴുത്തുകോൽ. പാളയിലെഴുതുന്ന എഴുത്തു കോലിന്റെ തലഭാഗത്തിന് കട്ടിയും പരുപരുപ്പും കൂടുതലാണ്. എന്നാൽ മുഖത്തെഴുത്തിന് ഉപയോഗിക്കുന്ന എഴുത്തുകോലിന്റെ തലഭാഗത്തിന് വണ്ണം കുറവും തലഭാഗം മൃദുലവുമായിരിക്കും. പാളയിലെഴുതുന്ന എഴുത്തുകോലുപയോഗിച്ചാൽ വേദനയും മുറിവുമുണ്ടാകാൻ സാധ്യതയുണ്ട്. അതാണ് എഴുത്തുകോലുകൾ തമ്മിലുള്ള വ്യത്യസ്തതയ്ക്ക് കാരണം.

എഴുത്തിനും (മുഖത്തെഴുത്തും മേലെഴുത്തും) ചില കീഴ് വഴക്കങ്ങളും ചിട്ടകളുമുണ്ട്. വേഷങ്ങളുടെ വൈവിധ്യമനുസരിച്ചാണ് എഴുത്തുകളുടെ ഈ വ്യത്യസ്തതകൾ. ഓരോ വേഷത്തിനും വ്യത്യസ്തനിറങ്ങൾകൊണ്ട് വ്യത്യസ്തരീതിയിലെഴുതണം. എഴുതിത്തുടങ്ങേണ്ടത് വെളുപ്പുനിറം കൊണ്ടാണോ മഞ്ഞനിറം കൊണ്ടാണോ എന്നതാണ് ആദ്യം പരിഗണിക്കുക. അരിച്ചാന്തുകൊണ്ടാണെഴുതുന്നതെങ്കിൽ അരിച്ചാന്തുപയോഗിച്ചുള്ള എല്ലാ വരകളും ആദ്യം എഴുതിത്തീർക്കും. ഈ എഴുത്ത് പൂർത്തിയായി കഴിഞ്ഞാൽ ചുവപ്പ് നിറം കൊണ്ടുള്ള എല്ലാ വരകളും എഴുതിത്തീർക്കും. അവസാനമാണ് മഷി(കറുപ്പ് നിറം) കൊണ്ടെഴുതുന്നത്. ഇവിടെയും ഒരു പ്രത്യേകതയുണ്ട്. മഷി ഉപയോഗിക്കുന്ന എഴുത്തുകോൽ വളരെ നേർത്തതായിരിക്കണം. മഷികൊണ്ടുള്ള എഴുത്ത് നേർത്തതാണ് എന്നതുതന്നെ കാരണം. മഞ്ഞനിറം കൊണ്ടുള്ള എഴുത്താണെങ്കിൽ ആദ്യം മഞ്ഞനിറം കൊണ്ടെഴുതി തുടർന്ന് മുൻപറഞ്ഞതുപോലെ മറ്റ് നിറങ്ങൾ ഉപയോഗിക്കണം. അതായത് വെളുപ്പ്, ചുവപ്പ്, കറുപ്പ് എന്നീ ക്രമത്തിലാണ് എഴുതിപൂർത്തിയാക്കേണ്ടത്. വെളുത്തനിറവും മഞ്ഞനിറവും ഒരുമിച്ച് മുഖത്തെഴുത്തിന് ഉപയോഗിക്കാറില്ല. എന്നാൽ ചില വേഷങ്ങൾക്ക് മഞ്ഞനിറം (മനയോല) മാത്രമാണുപയോഗിക്കുന്നത്. മനയോലത്തേപ്പുകഴിഞ്ഞാൽ അരിച്ചാന്തുകൊണ്ട് കുറിവരയ്ക്കുക മാത്രമാണ് പതിവ്. ഗുരുമുത്തപ്പൻ സ്ത്രീമൂർത്തി, വീരഭദ്രൻ തുടങ്ങിയവേഷങ്ങൾക്കാണ് ഇത്തരത്തിലുള്ള മുഖത്തെഴുത്ത്.

എന്നാൽ ഇപ്പറഞ്ഞ ക്രമത്തിലല്ല മേലെഴുത്ത്. മേലെഴുത്തിന് വെളുപ്പ് നിറവും ചുവപ്പ് നിറവും മഞ്ഞനിറവും ഒരേപോലെ ഉപയോഗിക്കുന്നു. ആദ്യം വെളുപ്പ് നിറത്തിലുള്ള എഴുത്തുമുഴുവൻ തീർക്കും. തുടർന്ന് ചുവപ്പ് നിറം കൊണ്ട്, വെളുപ്പ് നിറത്തിലുള്ള എഴുത്തിന്റെ ഇരുവശങ്ങളിലും വീതികുറച്ച് എഴുതിത്തീർക്കും. അതുകഴിഞ്ഞാൽ വെളുപ്പിലും ചുവപ്പിലുമുള്ള എഴുത്തുകളുടെ ഇടയിൽ മഞ്ഞനിറമെഴുതി പൂർത്തിയാക്കും. ഏറ്റവും അവസാനം ഇപ്പറഞ്ഞ എല്ലാ നിറങ്ങളുടെയും അരികിലൂടെ കറുത്തമഷിവള്ളികൾ വരച്ച് പൂർത്തിയാക്കുന്നതോടെ മേലെഴുത്ത് പൂർണമാകുന്നു.

വെള്ളാട്ടിലും, തിറയാട്ടത്തിലും മുഖത്തെഴുത്തിനും, മേലെഴുത്തിനും പ്രത്യേകം പേരുകളുള്ളത് താഴെ ചേർക്കുന്നു.

വെള്ളാട്ടുകളുടെ മുഖത്തെഴുത്ത്

കരുമകൻ, കരിയാത്തൻ	– വട്ടക്കണ്ണ്
കുട്ടിച്ചാത്തൻ	– അമ്പും വില്ലും
കരിവില്ലി	
കണ്ഠാകർണൻ	– കൂരിക്കായ
അറുകണ്ഠൻ	– കടിവായ്
ഭഗവതി, ഭദ്രകാളി	– വാളെകറും പല്ലും
കരിങ്കാളി	– കാടക്കണ്ണ്
നാഗകാളി	– ഭസ്മക്കുറിയിട്ട ഗോപി
ഭൈരവൻ	– നുറുക്ക്
പൊട്ടൻ	– ഭസ്മക്കുറിയിട്ട വരക്കുറി

ഗുരുമുത്തപ്പൻ	– വരക്കുറി
മൂർത്തി	– മനയോലതേപ്പും പുരികവും
നായർ	– തത്തക്കുറി
മുണ്ട്യൻ, തലശ്ശിലവൻ	– അണ്ടിപ്പരിപ്പ്

തിറയാട്ടത്തിന്റെ മുഖത്തെഴുത്ത്

ധർമ്മ ദൈവം, കരുമകൻ, പൂക്കുട്ടി	– കാളക്കണ്ണ്
കരിയാത്തൻ	– കുമ്പളക്കുരു
മുണ്ട്യൻ, തലശ്ശിലവൻ, കരിവില്ലി	– മാൻകണ്ണ്
കുലവൻ	– മാൻമിഴി
ഭഗവതി	– വ്യാളിമുഖം
നാഗം	– പത്തി എഴുത്ത്
ഗുളികൻ, കണ്ഠാകർണൻ, അറുകണ്ഠൻ	– കൂരിക്കായ
കുട്ടിച്ചാത്തൻ, കരിങ്കുട്ടി	– വട്ടക്കണ്ണ്
ഭൈരവൻ	– കുഞ്ചുമാല
ഭദ്രകാളി	– കടിവായ
നാഗകാളി	– കാടക്കണ്ണ്
മൂർത്തി	– നത്ത് കണ്ണ്

കോലങ്ങൾക്ക്, തിറയാട്ടത്തിൽ മാത്രമെ മേലെഴുത്തുള്ളു. എങ്കിലും കരിവില്ലി, നായർ വെള്ളാട്ടകുളിൽ കൂമ്പാളക്കുറിയെഴുത്തുണ്ട്.

തിറയാട്ടത്തിലെ മേലെഴുത്തുകൾ

കരുമകൻ, ധർമദൈവം	– ചന്ദനമാറ്
കരിയാത്തൻ, മുണ്ട്യൻ	– ചന്ദനമാറ്
തലശ്ശിലവൻ	– ആറുമാല
കരിവില്ലി	– കഠാരക്കുത്ത്
കുലവൻ, ഭൈരവൻ	– കുഞ്ചിമാല
ഗുളികൻ, അറുകണ്ഠൻ, കണ്ഠാകർണൻ	– കോട്ടിക്കള്ളി
കുട്ടിച്ചാത്തൻ, കരിങ്കുട്ടി	– ശംഖുവൈരിദളം
ഭഗവതി	– മാർതാലി
പൂക്കുട്ടി	– താലിനറുക്ക്
മൂർത്തി	– പന്നിപ്പാച്ചിൽ
നാഗം	– ഇണപ്പത്തി
പറക്കുട്ടി	– പൂണൂൽപരിശ്

ഓരോകോലത്തിനും ആവശ്യമായ സാമഗ്രികൾ

മുപ്പതിലേറെ കോലങ്ങൾ തിറയാട്ടത്തിൽ കെട്ടിയാടപ്പെടുന്നുണ്ട്. ഈ കോലങ്ങൾക്കെല്ലാം കൂടി നൂറിലധികം ചമയസാധനങ്ങൾ ആവശ്യമാണ്. എഴുത്തുകളാകട്ടെ മുപ്പത്താറെണ്ണത്തിലധികമുണ്ട്. ഇപ്പറഞ്ഞ ചമയസാമഗ്രികളും എഴുത്തുകളും കൃത്യമായി സന്നിവേശിപ്പിച്ചാലെ കോലം പൂർണതയിലെത്തുകയുള്ളു. ഈ കൃത്യതമൂലമാണ് ഓരോ കോലവും വ്യത്യസ്തമാകുന്നതും ഭക്തർക്ക് കോലത്തിന്റെ ദൈവഭാവം തിരിച്ചറിയാൻ കഴിയുന്നതും. ഉദാഹരണ



മായി കരുമകൻ വെള്ളാട്ട് പരിശോധിക്കാം. കരുമകന്റെ ശിരസ്സിലെ അണിയിലവും മുഖത്തെ വട്ടക്കണ്ണെഴുത്തും മാറ്റി മരവട്ടവും തലപ്പാളിയും താത്തെട്ടിയും അണിയിച്ച് വരക്കുറി എഴുത്തും കൂടിയിട്ടാൽ മൂർത്തിയുടെ കോലമായി. ഇതേ വേഷത്തിന്റെ, ശിരസ്സിലണിയിച്ച സാമഗ്രികൾ മാറ്റി പകരം എടതലയും താത്തെട്ടിയും തലപ്പാളിയുമാക്കുകയും മുഖത്ത് അണ്ടിപ്പരിപ്പ് എഴുത്തും കൂടിയിട്ടാൽ മുണ്ട്യൻ – തലശ്ശിലവൻ വെള്ളാട്ടാകും. അതുപോലെ തന്നെ നാഗ കാളി വെള്ളാട്ടിന്റെ തലയിലെ പത്തിവട്ടവും പത്തിതാത്തെട്ടിയും മുഖത്തെ കാടക്കണ്ണെഴുത്തും മാറ്റി പകരം കാളിവട്ടവും താത്തെട്ടിയും കടിവായ എഴുത്തുംകൂടിയായാൽ ഭദ്രകാളി വെള്ളാട്ടാകും. കരിവില്ലി വെള്ളാട്ടിന്റെ മരവട്ടവും അമ്പും വില്ലുമെഴുത്തും മാറ്റി പകരം വട്ടക്കണ്ണെഴുതി കൂമ്പയും വെച്ചാൽ അത് കുട്ടിച്ചാത്തൻ വെള്ളാട്ടാകും. ഇത്തരത്തിലാണ് വെള്ളാട്ടു കോലങ്ങളും തിറക്കോലങ്ങളും വ്യത്യസ്തമാകുന്നത്. ഈ വ്യത്യസ്തത ഭക്തർക്ക് മനസ്സിലാവുകയും ചെയ്യും.

തിറയാട്ടം എന്ന അനുഷ്ഠാനകലയുടെ ഗോത്രമഹിമയും പാരമ്പര്യവും സ്വത്വവും നിലനിൽക്കണമെങ്കിൽ ഇപ്പോൾ സജീവമായി തിറയാട്ടരംഗത്ത് നിൽക്കുന്നവരോട് ചില സത്യങ്ങൾ തുറന്നുപറഞ്ഞേ തീരു. അവരിൽ പലർക്കും തിറയാട്ടത്തിലും വെള്ളാട്ടിലും ഉപയോഗിക്കുന്ന സാധനസാമഗ്രികൾ എന്തെന്നുപോലും അറിയില്ല. അവർക്കുവേണ്ടിക്കൂടി വെള്ളാട്ടിലും തിറയാട്ടത്തിലും ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

കരുമകൻ, കരിയാത്തൻ, കുലവൻ – വെള്ളാട്ടുകൾക്ക് ആവശ്യമായ സാധനങ്ങൾ

അണിയിലം	– ശൗരി	– കമ്പിക്കാത്
ഒറ്റനാട	– കാറ	– കൊരലാരം

വള – ചക്കമുള്ളൻ – ഹസ്താടകം
കൈച്ചെണ്ട് – പടിയരഞ്ഞാണം – മടക്കുതണ്ട
കച്ച – വെള്ളാട്ടുതുണി – രണ്ട് – വെള്ളാട്ടുടയാട
നാട – ഫൂട്ടുകോലും പലിശയും
– അരയിൽ ചുറ്റാനുള്ള തുണി

കരിവില്ലി വെള്ളാട്ട്

മരവട്ടം – താത്തെട്ടി – തലപ്പാളി
ഒറ്റനാട – ഹസ്താടകം – കഴുത്ത് ഫൂട്ട്
കൈത്താമര – മടക്കുതണ്ട – പടിയരഞ്ഞാണം
കച്ച – അടുക്കിനുള്ള തുണി – കറുപ്പ് കച്ചാല്
പെടക്കാരം – അരയ്ക്കു ചുറ്റാനുള്ള തുണി – സൈഡ് കച്ചാല്
മടിനാക്ക് – അമ്പും വില്ലും – നാട
നെറ്റിത്തുന്നം
കണ്ഠാകർണൻ, അറുകണ്ഠൻ

മേൽപറഞ്ഞ കരിവില്ലിക്ക് ആവശ്യമായ സാധനങ്ങൾക്കൊപ്പം പലിശയും കഠാരവും ഒരു എടതല– കൊരലാരം എന്നിവ കൂടി ഉപയോഗിച്ചാൽ കണ്ഠാകർണനും അറുകണ്ഠനും ആവശ്യമായ സാധനങ്ങളായി.

വീരഭദ്രൻ

കണ്ഠാകർണനും അറുകണ്ഠനും ആവശ്യമായ സാധനങ്ങൾക്കൊപ്പം – ഒരു കറുത്ത കുപ്പായം – ഒരു തുണി – ഒരു കറുത്ത കഷ്ണം തുണി എന്നിവ കൂടി ചേർത്താൽ വീരഭദ്രന് ആവശ്യമായ സാധനങ്ങളായി.

- ഭഗവതി – ഭദ്രകാളി
- കാളിവട്ടം – താത്തെട്ടി – തലപ്പാളി
- ഒറ്റനാട – ശൗരി – എകറ്
- മുലകൊടലാരം – ഹസ്താടകം – ചിറ്റുവള
- കൈച്ചെണ്ട് – അടുക്കുതുണി – പൊടക്കാരം
- ചുവപ്പ് കച്ചാല് വലുതും ചെറുതും – വട്ടത്തിന് പിടിക്കാനുള്ള
- മടക്കുതണ്ട – കച്ച – കപ്പലറ – പടി – വള – ചക്കമുള്ളൻ
- ചുവപ്പിന്റെ കഷണം
- നാട
- നെറ്റിത്തുന്നം
- നാഗകാളി

മുൻപറഞ്ഞ ഭഗവതി, ഭദ്രകാളി വെള്ളാട്ടുകൾക്കുള്ള സാധനങ്ങൾക്കൊപ്പം പത്തിവട്ടം – പത്തിതാത്തെട്ടി എന്നിവകൂടി ചേർന്നാൽ ആവശ്യമുള്ള സാധനങ്ങളായി.

- ഭൈരവൻ
- മകുടം – കമ്പിക്കാത് – ചപ്രത്താടി
- ഒറ്റനാട – ശൗരി – വള
- ചക്കമുള്ളൻ – ഹസ്താടകം – പടിയരഞ്ഞാണം
- കച്ച – മടക്കുതണ്ട – രണ്ട് തുണികൾ
- വെള്ളാട്ടുടയാട – ചുകപ്പ്
- അരയിൽ ചുറ്റാൻ – ചുകപ്പ് നാട

കുട്ടിച്ചാത്തൻ

കരിവില്ലിയുടെ സാധനങ്ങൾക്കൊപ്പം ഒരു പാളകൂമ്പ കൂടി ആയാൽ കുട്ടിച്ചാത്തൻ വെള്ളാട്ടിനാവശ്യമായ സാധനങ്ങളായി.

- ഗുരുമുത്തപ്പൻ
- മകുടം – ചപ്രത്താടിമീശ – ചെറിപ്പൂവ് ഒറ്റനാട
- ശൗരി – കഴുത്താരം – പടിയരഞ്ഞാണം
- വള – ചക്കമുള്ളൻ – ഹസ്തടാകം
- ചിറ്റുവള – ചെണ്ട് – കച്ച
- മടക്കുതണ്ട – വെള്ളക്കച്ചാല് – മടിനാക്ക്
- സൈഡ് കച്ചാല് – പൊടക്കാരം – അടുക്കുതുണി
- അരയിൽ ചുറ്റാൻ – ചുവപ്പ്
- കുന്തംവടി – മാറാപ്പ്
- ഗ്രന്ഥക്കെട്ട്
- മൂർത്തി

അണിയിലവും കമ്പിക്കാതും മാറ്റി താഴെപ്പറയുന്ന സാമഗ്രികൾ ഉപയോഗിച്ചാൽ മൂർത്തിക്കോലമാകും.

- മരവട്ടം – തലപ്പാളി – താത്തെട്ടി
- സ്ത്രീമൂർത്തി
- ശൗരി – കടക്കമിന്നി – ഒറ്റനാട
- തലയിലണിയാൻ ചുവപ്പ് – ചുവപ്പ് കുപ്പായം – കഴുത്താരം
- വള – ചക്കമുള്ളൻ – ഹസ്താടകം
- ചെണ്ട് – പടിയരഞ്ഞാണം – കെച്ച
- മടക്കുതണ്ട – അടുക്കുതുണി – പൊടക്കാരം
- വെള്ളക്കച്ചാല്
- നായർ

ഗുരുമുത്തപ്പന്റെ മകുടവും ചപ്രത്താടിയും മീശയും മാറ്റി – തലയിൽക്കെട്ട് – ഉപയോഗിക്കുക.

വെള്ളാട്ടിനാവശ്യമായ സാധനസാമഗ്രികളുടെ വിശദവിവരങ്ങളാണ് മേൽപറഞ്ഞത്.

തിറകൾക്ക് ആവശ്യമായ സാധനസാമഗ്രികൾ

- ഭഗവതി
- ഓട്ടുവട്ടം – തലപ്പാളി – എകറ്
- കാതോല – ഒറ്റനാട – ശൗരി
- കഴുത്ത്പൂട്ട് – കൈത്താമര – ഹസ്താടകം
- കെച്ച – മടക്കുതണ്ട – വട്ടറ
- രണ്ടുതുണി – ചുറ്റിയാടുന്ന ആട– ചുവപ്പ് തുണി
- വാള് – പന്തം – കൊടിനറുക്ക്
- നാവ് – പടി
- ഭൈരവൻ
- വഞ്ചി – കച്ച – മടക്കുതണ്ട
- കൈനുറുക്ക് – ഹസ്തടാകം – കാറ

- കമ്പിക്കാത് – താടി – ഒറ്റനാട
- കിരീടം – ശൗരി – കയ്യരങ്ങ്

ഗുളികൻ

- വഞ്ചി – കച്ച – മടക്കുതണ്ട
- കാറ – താത്തെട്ടി – താടി
- ദംഷ്ട്ര – തലപ്പാളി – ഒറ്റനാട
- എടതല – ശൗരി – തോൽപന്തം

കുട്ടിച്ചാത്തൻ

- മടക്കുതണ്ട – കച്ച – അടക്കുതുണി
- വട്ടറ കറുത്തത് – പടി – ഹസ്തടാകം
- വള – കാറ – താടി
- തോട – മീഡ – തലപ്പാളി
- ഒറ്റനാട – മുടി – ശൗരി
- കണ്ണ് – മീശ

മൂർത്തി

- മടക്കുതണ്ട – കച്ച – അടുക്കുതുണി
- ചുവപ്പ് വട്ടറ – പടി ച ചുവപ്പ് കുപ്പായം
- വള – ഹസ്താടകം – കൊടലാരം
- താത്തെട്ടി – തലപ്പാളി – ഒറ്റനാട
- മരവട്ടം – വട്ടമുടി

കുലവൻ

- കച്ച – മടക്കുതണ്ട – അടുക്കുതുണി
- ചുവപ്പ് വട്ടറ – പടി – ഹസ്താടകം
- കൈത്താമര – കൈത്ത്ഫൂട്ട് താടി മീശ – താത്തെട്ടി
- ഓട്ടുവട്ടം – ഒറ്റനാട – കുലവൻമുടി

കരിവില്ലി

- മടക്കുതണ്ട – കച്ച – വട്ടറകറുപ്പ്
- പടി – ഹസ്താടകം – വള
- കാറ – താത്തെട്ടി – താടിമീശ
- മരവട്ടം – തലപ്പാളി – ഒറ്റനാട
- വട്ടമുടി – ശൗരി

കരിയാത്തൻ

- മടക്കുതണ്ട – കച്ച – വട്ടറകറുത്തത്
- പടി – ഹസ്താടകം – കൈത്താമര
- കൈത്ത്ഫൂട്ട് – താത്തെട്ടി – താടി
- മീശ – ഓട്ടുവട്ടം – തലപ്പാളി
- ഒറ്റനാട – പീലിമുടി

കരുമകൻ

- മടക്കുതണ്ട – കച്ച – വട്ടറ ചുവന്നത്
- പടി – താടിമീശ – കാതോല
- വള – കാറ – താടി
- തലപ്പാളി – ഒറ്റനാട – ഓട്ടുവട്ടം
- മുടി – ഹസ്താടകം – മീശ

നാഗകാളി

വെള്ളാട്ടിൽ പറഞ്ഞ സാധനസാമഗ്രികൾ തിറയാട്ടത്തിലും ഉപയോഗിക്കുന്നു. പ്രത്യേകമായി ഇരുപത്തിയൊന്ന് അടി ഉയരമുള്ളതും മുളകൊണ്ട് നിർമിച്ചതുമായ ഒരു മുടിയുണ്ടാകും.

എളങ്കോലം

- മടക്കുതണ്ട – കച്ച – വട്ടറ
- പടി – ഹസ്തടകം – വള
- കാറ – പൂക്കാത് – താടിമീശ
- തലപ്പാളി – മരവട്ടം – ഒറ്റനാട
- അറുകണ്ഠൻ, കണ്ഠാകർണൻ

ഈ മൂർത്തികൾക്ക് ഗുളികൻ തിറയുടെ സാധനസാമഗ്രികളാണ് ഉപയോഗിക്കുന്നത്.

പൂക്കുട്ടി

- മടക്കുതണ്ട – കച്ച – വട്ടറ
- പടി – ഹസ്തടകം – വള
- ചക്കമുള്ളൻ – ചെണ്ട് – കാറ
- പൂക്കുട്ടി – തോട – താടി
- മീശ – കണ്ണ് – തലപ്പാളി
- ഒറ്റനാട – പൂക്കുട്ടിമുടി – ശൗരി
- ഫൂട്ടുകോൽ പലിശ – കൊട്ട



പത്മൻ പന്തീരാങ്കാവ്

വെള്ളാട്ടിലും തിറയാട്ടത്തിലും കോലത്തിന്റെ പൂർണതയ്ക്ക് വേണ്ടി ഉപയോഗിക്കുന്ന സാധനങ്ങളുടെ പേരുകളാണ് മുകളിൽ പറഞ്ഞത്. പാരമ്പര്യമായി കേട്ടറിഞ്ഞ്, ഇപ്പോഴും ഈ പേരുകൾ തന്നെ ഉപയോഗിച്ചുവരുന്നു. മുൻപറഞ്ഞ എല്ലാ സാധനങ്ങളും തിറയാട്ടത്തിന്റെ സൂക്ഷ്മതലങ്ങൾപോലും വിശദീകരിക്കുന്നു. തെയ്യം ഉൾപ്പെടെ യുള്ള മറ്റ് കാവുകലകളിലൊന്നും ഇത്രയേറെ സൂക്ഷ്മതലസ്പർശം ഇല്ലത്രെ. അവിടെയൊരു തറയുണ്ടാക്കി ദേവീ ദേവൻമാരെ പ്രതിഷ്ഠിക്കുന്നു. പൊതുവെ തിറയാട്ടത്തിൽ ഭഗവതിയുടെയും മലദൈവങ്ങളുടെയും കോലങ്ങളാണ് കെട്ടിയാടുന്നത്. മനുഷ്യമൂർത്തികളുടെ കോലങ്ങളും കെട്ടിയാടാറുണ്ട്. മന്ത്രതന്ത്ര, വൈദ്യരംഗങ്ങളിലെ പ്രഗത്ഭരും പടകളിൽ പങ്കെടുത്ത് വിജയശ്രീലാളിതരായി മൺമറഞ്ഞവരുമാണ് മനുഷ്യമൂർത്തികൾ.

പല പേരുകളിലാണ് ഭഗവതിക്കോലങ്ങൾ കെട്ടിയാടുന്നത്. ഭദ്രകാളി, കരിങ്കാളി, കൊടുങ്കാളി, നാഗകാളി, നാഗഭഗവതി, മഞ്ഞഭഗവതി, മൂവന്തിക്കാളി എന്നിങ്ങനെ ഭഗവതിയുടെ കോലങ്ങൾ കെട്ടിയാടിവരുന്നു. മലദൈവങ്ങൾ എന്ന് അറിയപ്പെടുന്നത് ശിവഭാവത്തിലുള്ളതോ, ശിവസൃഷ്ടികളോ ആയ ദൈവങ്ങളെയാണ്. കരുമകൻ, കരിയാത്തൻ, കരിവില്ലി, തലച്ചിലോൻ, വീരഭദ്രൻ, കണ്ഠാകർണൻ, മുണ്ട്യൻ കുലവൻ ദണ്ഡൻ തുടങ്ങിയ കോലങ്ങളെല്ലാം ശിവഭാവത്തിലുള്ളവയാണ്. ഓരോ കോലത്തിന്റെയും കെട്ടിയാട്ടത്തിന് പ്രത്യേകം നിഷ്ഠകളും ആചാരങ്ങളുണ്ട്. ഇങ്ങനെ ആചാരാനുഷ്ഠാനനിഷ്ഠകളോടെ തിറയാട്ടം പൂർണമാക്കിയാൽ ഫലം ഉറപ്പെന്ന് ദേശക്കാരും തറവാട്ടുകാരും ഉറച്ച് വിശ്വസിക്കുന്നു.

ഉദാഹരണമായി, ആശ്രയിക്കുന്നവരുടെ മാത്രമല്ല, നാൽക്കാലികളുടെയും സംരക്ഷകനാണ് കരിയാത്തൻ എന്ന വിശ്വാസം ഗ്രാമാന്തരങ്ങളിൽ പ്രബലമാണ്. നാൽക്കാലികൾക്ക് പ്രത്യേകിച്ച് പശുക്കൾക്ക് എന്തെങ്കിലും രോഗം വന്നാൽ കരിയാത്തന് നെയ്യും പാലും നേരുക എന്ന ഒരു വഴിപാട് ഗ്രാമങ്ങളിലുണ്ട്. പശു പ്രസവിച്ചാൽ ആദ്യം കറന്നെടുക്കുന്ന പാൽ വഴിപാടായി കാവുകളിൽ കൊടുക്കാറുണ്ട്. പശുക്കിടാങ്ങളെ കാവിലേയ്ക്ക് നടകെട്ടുന്ന പതിവ് ഇപ്പോഴും നിലനിൽക്കുന്നു. കരിയാത്തൻ ദൈവത്തിന്റെ അനുഗ്രഹത്തിനായി കാവുകളിൽ കോലം കെട്ടിയാടി വരുന്നു. ഇത്തരത്തിൽ ഭഗവതിയിലും മലദൈവങ്ങളിലും വിശ്വാസമർപിച്ച് അനുഷ്ഠാനങ്ങൾ അണുവിടപോലും തെറ്റാതെ കോലം കെട്ടിയാടിയാൽ ഉദ്ദിഷ്ടഫലം ഉറപ്പെന്ന വിശ്വാസം തറവാടുകളിലും ദേശങ്ങളിലും നിലനിൽക്കുന്നു.

ചമയങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, പരമ്പരാഗതമായി ലഭിച്ച് ചുവടുവെയ്പുകളും താളങ്ങളും, പാരമ്പര്യമായി ചൊല്ലിക്കേട്ടു പഠിച്ചുതുടരുന്ന ഗീതങ്ങൾ എന്നിവയിലൂടെയാണ് കോലം പൂർണതയിലെത്തുന്നതും തിറയാട്ടം ഭക്തിനിർഭരമായി അവതരിപ്പിക്കപ്പെടുന്നതും. ഈ ഘടകങ്ങളിലെല്ലാം പ്രകൃതിയുടെയും പാരമ്പര്യത്തിന്റെയും കയ്യൊപ്പുമുണ്ട്. തിറയാട്ടത്തെ ഇതര അനുഷ്ഠാനകലകളിൽ നിന്ന് വ്യത്യസ്തമാക്കുന്നതും ഈ ഘടകങ്ങളാണ്. ഈ ഘടകങ്ങളാകട്ടെ ഗോത്രസ്വത്വം നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

അധ്യായം പതിനൊന്ന്

ആയുധങ്ങൾ



കടുത്തല



പള്ളിവാൾ



കുന്തം



അമ്പും വില്ലും



ചുരിക

തിറയാട്ടത്തിലെ ദൈവസങ്കൽപങ്ങളെപ്പറ്റി ഈ പുസ്തകത്തിൽത്തന്നെ വിശദീകരിച്ചിട്ടുണ്ട്. ഗോത്രപൈതൃകത്തിൽനിന്ന് ഉരുത്തിരിഞ്ഞ മലദൈവങ്ങളാണ് ഇതിൽ മുഖ്യം. ആദിപരാശക്തിയിൽ അധിഷ്ഠിതമായ ഭഗവതീസങ്കൽപവും ഐതീഹ്യങ്ങളും വേറെയുമുണ്ട്. പിന്നെയുള്ളത് മനുഷ്യമൂർത്തീസങ്കൽപമാണ്. ആ സങ്കൽപവും ഗോത്രപൈതൃകത്തിൽനിന്നുതന്നെ തുടങ്ങിയതായിരിക്കണം. ഗോത്രത്തലവന്റെ മരണശേഷം അദ്ദേഹത്തെ കൂടിവെച്ചാരാധിക്കുന്ന സമ്പ്രദായം ഗോത്രകാലം മുതലെ ഉണ്ടാകാനാണ് സാധ്യത. ആ വിശ്വാസത്തിന്റെയും സങ്കൽപത്തിന്റെയും ഇന്നത്തെ പ്രതീകമാണ് ഗുരു.

ഗുരുവുൾപ്പെടെയുള്ള എല്ലാ മൂർത്തികൾക്കും ഭഗവതിക്കും ഭഗവതിയുടെ വിവിധ ഭാവങ്ങളായ ഭദ്രകാളി, കരിങ്കാളി, കൊടുങ്കാളി, നാഗകാളി, നാഗഭഗവതി എന്നിവയ്ക്കുമെല്ലാം പൂർവികകാലം മുതലെ കൽപിക്കപ്പെട്ട ആയുധങ്ങളുണ്ട്. ഭഗവതിക്ക് കൽപിക്കപ്പെട്ടിട്ടുള്ള ആയുധങ്ങൾ പള്ളിവാളും ശൂലവുമാണ്. ഭഗവതിയുടെ മുൻപറഞ്ഞ വിവിധ ഭാവങ്ങൾക്കുള്ള ആയുധം നാന്തകവാളാണ്, ഗുരുവിന്റെ ആയുധം കുന്തവും. ചുരികയാണ് കരുമകന്റെ ആയുധം. കരിയാത്തന് കടുത്തിലയും കരിവില്ലിക്ക് അമ്പും വില്ലും മുണ്ട്യന് കഠാരയും ആയുധമാണ്. വീരഭദ്രന് വെണ്മഴുവും ക്ഷേത്രപാലകന് ഗദയുമാണ് ആയുധങ്ങൾ.

ഇത്തരത്തിൽ മലദൈവങ്ങൾക്കും മനുഷ്യമൂർത്തികൾക്കും ഭഗവതിക്കും ഭഗവതിയുടെ ഇതരഭാവങ്ങൾക്കുമെല്ലാം തിറയാട്ടത്തിൽ ആയുധങ്ങൾ കൽപിക്കപ്പെട്ടിട്ടുണ്ട്. തിറയാട്ടത്തിലെ ആചാരാനുഷ്ഠാനങ്ങൾക്ക് ഈ ആയുധങ്ങളെല്ലാം അതിപ്രധാനവുമാണ്.

കോലം അണിമറയിലൊരുങ്ങിയതിനു ശേഷം പുറപ്പെടാൻ നിശ്ചയിച്ച സ്ഥലത്തെത്തി തൊഴുതുകുമ്പിട്ട് കാരണവന്മാരിൽനിന്ന് അനുഗ്രഹം വാങ്ങുന്നതിനെപ്പറ്റിയൊക്കെ മുമ്പ് വിശദീകരിച്ചിട്ടുണ്ട്. അനുഗ്രഹലബ്ധിക്കുശേഷം കാരണവന്മാരിൽ നിന്ന് ആയുധം ഏറ്റുവാങ്ങിയാണ് കോലം പുറപ്പെടുന്നത്. ഇത് തിറയാട്ടത്തിലെ സുപ്രധാനമായ ഒരു ചടങ്ങാണ്. ഓരോ ദൈവത്തിനും നിശ്ചയിക്കപ്പെട്ട ആയുധങ്ങൾ കാവുകളിൽ ഉണ്ടാവും. ഉണ്ടാവണം. അതാണ് നിയമം.



ശൂലം

അധ്യായം പന്ത്രണ്ട്

വാദ്യങ്ങൾ



വെള്ളിമുക്ക് ശ്രീധരൻ (AIR)

ചെണ്ട

വാദ്യസമുച്ചയത്തിൽ ചെണ്ടയ്ക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. ഭക്തിദ്യോതകം എന്നതിലുപരി, ആഘോഷപ്പെരുമയുടെ വിളംബരം കൂടിയാണ് ചെണ്ടയുടെ താളമേളങ്ങൾ. അതുകൊണ്ടാണല്ലോ ഇപ്പോൾ പല കോർപ്പറേറ്റ് ബിസിനസ്സുകളുടെയും പരസ്യപ്രചാരണത്തിന്റെ വിളംബരവാദ്യമായി ചെണ്ട ഉപയോഗിക്കുന്നത്.

മദ്ദളം, കൊമ്പ്, കുഴൽ എന്നിവ മനുഷ്യവാദ്യങ്ങളായും ഇടയ്ക്ക, ശംഖ്, നാദസ്വരം, ചേങ്ങില തുടങ്ങിയവ ദേവവാദ്യങ്ങളായും ചെണ്ട അസുര വാദ്യമായും കൽപിക്കപ്പെട്ടിരിക്കുന്നു. അസുര വാദ്യമായ ചെണ്ടയുടെ താളവൈവിധ്യങ്ങൾ കീഴാളന്റെ പ്രതികരണവും പ്രതികരണത്തിനനുസരിച്ച ആവിഷ്കാരവുമായിരുന്നു, ഒരു കാലത്ത്. ഇന്ന് ഈയവസ്ഥയ്ക്ക് മാറ്റങ്ങളുണ്ടായിട്ടുണ്ട്. പല്ലാവൂരും മട്ടന്നൂരുമൊക്കെ ചെണ്ടയുടെ കുലപതികളായി ഇപ്പോൾ അരങ്ങ് വാഴുന്നു. ക്ഷേത്ര മതിൽക്കെട്ടുകൾക്കുള്ളിൽ ചെണ്ടയുടെ താളം, അവരിലൂടെ വേണം മുഴങ്ങാൻ, അവരിലൂടെ മാത്രം. കീഴാളർ അവിടെ അസ്പൃശ്യർ തന്നെ. ശ്രീകൃഷ്ണ ഭക്തനായ ഗാനഗന്ധർവൻ യേശുദാസിന് ക്ഷേത്രകവാടം കടക്കാനാവില്ല എന്ന തിട്ടൂരം നിലനിൽക്കുന്ന ഈ നൂറ്റാണ്ടിലും കീഴാളനെ അകറ്റി നിർത്തുന്നതിൽ അത്ഭുതപ്പെട്ടിട്ടോ പ്രതിഷേധിച്ചിട്ടോ എന്ത് കാര്യം!

പഴമയിൽ ജാതിവൈരുധ്യങ്ങൾക്കും മുമ്പ്, പ്രകൃതിയുടെ വൈവിധ്യ ശബ്ദങ്ങളാണല്ലോ ഇന്നത്തെ വിവിധ വാദ്യനിർമിതിക്ക് കാരണമായത്. ആദ്യതാളവാദ്യമായ ഉടുക്ക്, താണ്ഡവ നൃത്തം തുടങ്ങിയ മിത്തുകളും ശൈവചിന്തകളും നിലനിൽക്കെ, ഉടുക്കിന്റെ ഇങ്ങേത്തലയ്ക്കൽ നിർമിക്കപ്പെട്ട ചെണ്ടയുടെ താളങ്ങളുടെ തുടക്കം എങ്ങനെയെന്ന് അന്വേഷിക്കേണ്ടതുണ്ട്. തുടക്കത്തിന് പ്രത്യേക വ്യാകരണങ്ങളൊന്നുമില്ല. ആദിമ മനുഷ്യന്റെ മനസ്സിൽ ഉരുത്തിരിഞ്ഞ അവ്യക്തമായ താളബോധം മാത്രം. ആ താളബോധമാണ് തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട് വിവിധ കൈവഴികളിലൂടെ സഞ്ചരിച്ച് പലപേരുകളിലായി ഇന്ന് നാം അറിയുന്ന ശാസ്ത്രീയസംജ്ഞകൾ. ശിങ്കാരിമേളവും തായമ്പകയും യുവജനോത്സവമത്സരങ്ങളുമെല്ലാം ചെണ്ടയുടെ ഇന്നത്തെ ശാസ്ത്രീയമാനം വെളിപ്പെടുത്തുന്നു. ഈ ശാസ്ത്രീയമാനങ്ങളിൽ നിന്നാണ് നാം ഇന്നു ചെണ്ടമേളം കണ്ടും കേട്ടും അനുഭവിച്ചറിയുന്നത്. ഇത്തരം സാഹചര്യങ്ങൾ ഈ സമീപകാലംവരെ നിലനിന്നിരുന്നു. അതിനെ സംബന്ധിച്ച ഈ ലേഖകന്റെ ഒരു അനുഭവം വ്യക്തമാക്കട്ടെ.

ഈ ലേഖകനും പ്രസിദ്ധ ചെണ്ട വിദഗ്ദ്ധനായ വെളിമുക്ക് ശ്രീധരനുമൊക്കെ ചെണ്ട അഭ്യസിച്ചത് പാരമ്പര്യ വഴികളിലൂടെയാണ്. അതുകൊണ്ടുതന്നെ ഇന്ന് അറിയപ്പെടുന്ന താളമേളങ്ങളുടെ ശാസ്ത്രീയവശങ്ങളെപ്പറ്റിയൊന്നും യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. പാരമ്പര്യ കൊട്ടുകാരാണ് ഞങ്ങളെന്ന് ചുരുക്കം. കോഴിക്കോട് ജില്ലയിൽ അതിപ്രശസ്തവും സമ്പന്നവുമായ പൂതേരി കുടുംബത്തിന്റെ കാവിലെ ഉത്സവങ്ങൾക്ക് കൊട്ടുകാരാണ് കൗമാരത്തിലെത്തിയ ഞങ്ങൾ, അന്ന്.

പാരമ്പര്യ കൊട്ടിന്റെ കുലപതിയായ മനാഴി അച്ചുട്ടി ആശാനാണ് ഞങ്ങളുടെ ഗുരു. തൃശ്ശൂർ പൂരത്തിന്റെ ഖ്യാതി അറിയുന്ന പൂതേരി കുടുംബം തങ്ങളുടെ കാവിൽ കൊമ്പുകുഴലുകളുടെ അകമ്പടി കൂടി വേണമെന്ന ഒരു ആശ അച്ചൂട്ടി ആശാനുമായി പങ്കുവെച്ചു. അതനുസരിച്ച് ആശാൻ തൃശ്ശൂർ ഭാഗത്തുനിന്ന് ഏതാനും കൊമ്പുകുഴലുകാരെ ക്ഷണിച്ചുകൊണ്ടു വന്നു. തൃശ്ശൂർ പൂരത്തിന്റെ മേളപങ്കാളികൾ കൂടിയായ അവരുടെ കൊമ്പുകുഴലുകൾവാദനവും ഞങ്ങളുടെ പാരമ്പര്യ കൊട്ടും തുടർന്നുകൊണ്ടിരുന്നു. ആശാന്റെ മരണശേഷം കൊമ്പുകുഴലുകളുടെ അകമ്പടിയിലുള്ള കൊട്ടിന്റെ ശാസ്ത്രീയവശം ഞങ്ങളെ പഠിപ്പിക്കാൻ അവർ തയ്യാറായി. ആശാന്റെ മരണശേഷം മാത്രം കൊട്ടിന്റെ ശാസ്ത്രീയവശം പഠിപ്പിക്കാൻ അവർ തയ്യാറാ

യത് എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ അവരുടെ ഉത്തരം ഇതായിരുന്നു. ''പാരമ്പര്യ വഴിയിൽ കൂടി മാത്രമാണ് ഇന്നും നാം അറിയുന്ന താളവും മേളവും കൊട്ടും ലയവും ശ്രുതിയും ഉരുത്തിരിഞ്ഞത്. പാരമ്പര്യ വഴിയിലെ അതിവിദഗ്ധനായ അച്ചൂട്ടി ആശാന്റെ മുൻപിൽ ഞങ്ങൾ ഒന്നുമല്ല.''

ഏതായാലും ശ്രീധരൻ ആ വഴിക്ക് തിരിഞ്ഞു. കൊട്ടിന്റെ ശാസ്ത്രീയവശം മനസ്സിലാക്കിയെങ്കിൽ പോലും പാരമ്പര്യ വഴിയിലെ കൊട്ട് ഞാൻ തുടർന്നു. തലമുറകളായി തിറയാട്ടം ജീവിതമാർഗം കൂടിയായ എനിക്ക് പാരമ്പര്യത്തിന്റെ വഴി മറക്കാൻ കഴിയില്ലായിരുന്നു.

തിറയാട്ടത്തിലെ പാരമ്പര്യ കൊട്ട്

തിറയാട്ട മഹോത്സവം നടക്കുന്ന ദിവസം രാവിലെ ചെണ്ടക്കാർ മൂത്ത പെരുമണ്ണാന്റെ വീട്ടിലെത്തുന്നതുമുതൽ തൊട്ടടുത്ത പ്രഭാതത്തിൽ കോലത്തിന്റെ മുടിയിറക്കുന്നതുവരെയുള്ള ഓരോ ചടങ്ങിനും പ്രത്യേകം പ്രത്യേകം കൊട്ടുകളാണുള്ളത്. ഈ കൊട്ടുകളാകട്ടെ പാരമ്പര്യ വഴിയിൽ പരിശീലിച്ചതാണ്. പാരമ്പര്യമായിത്തന്നെ മിക്ക കൊട്ടുകൾക്കും പേരുകളുമുണ്ട്.

അവകാശിയായ മൂത്തപെരുമണ്ണാൻ കാവിൽ കയറുന്നതിന് തറവാട്ടിൽ നിന്ന് പുറപ്പെടാൻ തയ്യാറായി എന്ന് അറിയിക്കുന്നതിനുള്ള കൊട്ട് – മുത്താളം

കാവിലേക്ക് കോമരങ്ങളുടെയും മറ്റു അവകാശികളുടെയും ഭക്തരുടെയും അകമ്പടിയോടെ നടന്നുകൊണ്ടിരിക്കുമ്പോഴുള്ള കൊട്ട് – നടപ്പാണ്ടി

മൂത്ത പെരുമണ്ണാൻ കാവിലെത്തി കാവിന് മൂന്ന് പ്രദക്ഷിണം വയ്ക്കണം. മൂന്നാം പ്രദക്ഷിണം തിരുമുമ്പിൽ എത്തുന്നതിനു മുമ്പ് കൊട്ടി തീർക്കേണ്ടത് – തൃപിട

''കാവുണർത്തൽ'' ചടങ്ങിനുള്ള കൊട്ട് – ആറുകോൽ ചെമ്പട

ഇവിടെ ചെറിയൊരു വിശദീകരണം ആവശ്യമുണ്ട്. കുഴൽ വാദനമാണ് ആദ്യം. തുടർന്ന് വട്ടച്ചെണ്ടമേൽ തച്ചിറക്കണം. അതിനുശേഷമാണ് മേളത്തിനുള്ള ഇടന്തലചെണ്ടയുടെ ആദ്യ കോൽ വീഴുന്നത്. പിന്നീട് മേളത്തിനുള്ള നിലകൊട്ടാണ്. നില, കുറച്ചുകൊട്ടിയതിനുശേഷം ആദ്യകലാശം തുറക്കണം. മുൻകലാശക്കാരന്റെ തീരുമാനമനുസരിച്ചാണ് നിലമാറുന്നത്. കലാശം ഇറക്കാൻ പോകുകയാണ് എന്ന അടയാളം മുൻ കലാശക്കാരൻ ഇടതല്ല് ഇട്ടുകൊണ്ട് അറിയിക്കുന്നു. അടുത്ത നില കൊട്ടുന്നത് ആദ്യനിലയെക്കാൾ വേഗത്തിലാണ്. അങ്ങനെ മൂന്നോ നാലോ നിലമാറുമ്പോൾ അതിനുള്ള വേഗംമൂലം കലാശങ്ങൾ മുറി കലാശങ്ങളായി മാറുന്നു.

ക്ഷേത്രമതിൽക്കെട്ടുകൾക്കുള്ളിലും സവർണന്റെ പരിയമ്പുറങ്ങളിലും ഇപ്പോൾ നടക്കുന്ന ചെണ്ടമേളവും മുൻപറഞ്ഞ പാരമ്പര്യ ചെണ്ടമേളവും തമ്മിൽ വൈജാത്യങ്ങൾ ഏറെയുണ്ട്. ചെണ്ടയുടെ താളങ്ങൾക്ക് ശാസ്ത്രീയമാനം നൽകി കൊമ്പുകുഴലുകളുടെ താളങ്ങൾ ഇഴചേർത്ത് മേളത്തിന്റെ എണ്ണങ്ങളും ദീർഘങ്ങളും നിശ്ചയിക്കുന്നത് കുഴൽക്കാരാണ്. എന്നുപറഞ്ഞാൽ പാരമ്പര്യമനുസരിച്ചുള്ള കൊട്ടിന് മേളത്തിന്റെ എണ്ണങ്ങളും ദീർഘങ്ങളും അടയാളങ്ങളും നൽകി മുൻ കലാശക്കാരൻ നിശ്ചയിക്കുമ്പോൾ ''ശാസ്ത്രീയ'' മേളങ്ങളിൽ കുഴലിന്റെ മുൻകലാശക്കാരനാണ് ഇവയൊക്കെ നിശ്ചയിക്കുന്നത് എന്നുചുരുക്കം.

എല്ലാ മേളങ്ങളും കൊട്ടിയവസാനിക്കുന്നത് തലമുറകളായി കൈമാറി വന്ന ഒരു പ്രത്യേകതരം കൊട്ടിലൂടെയാണ്. തൃപിട കൊട്ടി അവസാനിപ്പിക്കുക എന്നതാണ് ഇതിന് പറയുന്നത്. ഇങ്ങനെ തൃപിട കൊട്ടി അവസാനിപ്പിക്കുമ്പോൾ മേളം തുടങ്ങിയത് കുഴിലിലാണെങ്കിൽ മേളം അവസാനിക്കുന്നതും കുഴലിൽ തന്നെ ആയിരിക്കണം. കാവുണർത്തലിനുശേഷം കാവിന്റെ പ്രത്യേകതകളും സമയവും മറ്റുമനുസരിച്ച് രണ്ടോമൂന്നോ മേളങ്ങൾ കൂടി കൊട്ടുന്ന പതിവുണ്ട്. ഇതിന് നാലുകോൽ പഞ്ചാരി, മൂന്നു കോൽ പഞ്ചാരി എന്നൊക്കെയാണ് പേരുകൾ.

പാരമ്പര്യത്തിന്റെയും ആധുനീകതയുടെയും ഇത്തരം വേർതിരിവുകൾ ഇന്നും നില നിൽക്കുന്നു. മറ്റു കാവുകളെ അപേക്ഷിച്ച് തിറയാട്ടത്തിൽ പാരമ്പര്യകൊട്ട് ഇപ്പോഴും തുടരുന്നുണ്ട്. ഈ പാരമ്പര്യ കൊട്ടുകളാണ് എല്ലാ അനുഷ്ഠാന കലകളുടേയും ആത്മാവും ജീവനും. ഇത്തരം പാരമ്പര്യകൊട്ടുകൾക്ക് ചൗക്ക താളങ്ങൾ എന്ന് പേരുള്ളതായി ജി.ഭാർഗവൻപിള്ള രേഖപ്പെടുത്തുന്നു.

ഉച്ചഭക്ഷണത്തിനു ശേഷമുള്ള ചടങ്ങുകളും പാരമ്പര്യകൊട്ടുകളുമാണ് താഴെപറയുന്നത്.

ഊൺവേല

ഊൺവേലയ്ക്കുള്ള ചെണ്ടമേളത്തിന്റെ പാരമ്പര്യ പേരാണ് ചമ്പ. ഈ മേളത്തിൽ വലംതലപ്രയോഗമില്ല. മേളം തുടങ്ങുന്നതും അവസാനിക്കുന്നതും കുഴൽ വിളിയോടെയാണ്.

ചെണ്ടയുടെ നിർമിതി

ചെണ്ട എന്ന വാദ്യത്തിന്റെ നിർമ്മിതിക്ക് ആവശ്യമായ എട്ട് ഘടകങ്ങളാണിവയൊക്കെ. 1) കുറ്റി, 2) വട്ടം, 3) കയറ്, 4) വട്ടക്കണ്ണി, 5) കുത്തുകയറ്, 6) തൂക്കുകയറ്, 7) കച്ച, 8) കോല്

കുറ്റി

കുറ്റി എന്നുപറയുന്നത് പഴയ മര ഉരൽ തന്നെ. വീട്ടിലെ ഉപയോഗം മൂലം ഉലക്ക കൊണ്ട് ഇടിച്ചിടിച്ച് ''കുണ്ടം'' (ആഴം) വീണ പ്ലാവിന്റെ ഉരൽ. ഇത്തരത്തിൽ ഉപയോഗിക്കപ്പെട്ട ഉരൽ തുടർന്നും 'കുറ്റിളി'' കൊണ്ട് ആവശ്യമായ പാകത്തിൽ കുഴിക്കണം. പുതിയ മരക്കുറ്റി കുഴിച്ചാൽ മരത്തിന് ആവശ്യമായ തിക്ക് കിട്ടുകയില്ല. എന്നാൽ പഴയ ഉരൽ, ഇടിച്ചിടിച്ച് തിക്ക് വളരെ കൂടിയിട്ടുണ്ടാകും. ഇപ്പോൾ ആവശ്യമായ വലിപ്പത്തിൽ മരക്കഷ്ണം എടുത്ത് ലെയ്ത്തിൽ കൊണ്ടുപോയി ഒരു മണിക്കൂർ കൊണ്ട് ഒരു കുറ്റി കടഞ്ഞെടുക്കുന്നു. പണ്ടൊക്കെ ഇടിച്ചിടിച്ച് പതം വന്ന ഉരൽ ആണെങ്കിൽ പോലും ഒരു പത്ത് തച്ച് പണിയെങ്കിലും വേണ്ടിവരുമായിരുന്നു. ഏതായാലും ചെണ്ടയുടെ താളമൂല്യം പഴയ ഉരൽ ചെണ്ടയ്ക്കു തന്നെ.

വട്ടം

കുറ്റിയുടെ വാവട്ടത്തിനനുസരിച്ച് മുളങ്കീറ് കൊണ്ട് ഒരു വളയമുണ്ടാക്കി നല്ല മൂപ്പെത്തിയ ആടിന്റെ തോൽകൊണ്ട് മറയ്ക്കുന്നു. ആട്ടിൻതോൽ പരുവപ്പെടുത്തുന്നത് എങ്ങനെയെന്ന് തുടിയുടെ നിർമാണ പ്രക്രിയയിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ തോൽ ഒട്ടിക്കുകയാണ് ചെയ്യുന്നത്. പനച്ചിംഗം എന്ന കായയിൽ നിന്നാണ് ഒട്ടിക്കാനുള്ള പശ ഉണ്ടാക്കുന്നത്. മിക്കവാറും കാവു പരിസരങ്ങളിൽ പനച്ചിംഗം കായയുടെ മരം ഉണ്ടാകും. രണ്ട് കോലുകൾ കൊണ്ട് കൊട്ടുന്ന ചെണ്ടയ്ക്ക് ഇടങ്കാരച്ചെണ്ടയെന്നും (ഇടംതലയെന്നും) ഒറ്റക്കോലുകൊണ്ട് കൊട്ടുന്നതിന് വലംതല ചെണ്ടയെന്നും പേര്. ഇടങ്കാരച്ചെണ്ടയ്ക്കും വലംതല ചെണ്ടയ്ക്കും വട്ടം മുറുക്കുന്നതിന്റെ പ്രത്യേകതകളിങ്ങനെ.

രണ്ട് കോൽ കൊണ്ട് കൊട്ടുന്ന ഇടങ്കാരച്ചെണ്ടയുടെ ഭാഗം ഒറ്റത്തോൽ കൊണ്ടാണ് മറച്ചിരിക്കുന്നത്. കയർ കോർക്കുന്ന ''അരുവട്ടം'' എന്ന ഭാഗം വീണ്ടും രണ്ടാമതൊരു തോൽ കൊണ്ടും മറയ്ക്കുന്നുണ്ട്. ഇതേ ചെണ്ടയുടെ മറുഭാഗത്തെ വളയത്തിന്മേൽ ആദ്യം കട്ടിയുള്ള ആട്ടിൻതോൽ കൊണ്ട് മറയ്ക്കുന്നു. അതിന്മേൽ വീണ്ടും രണ്ടോ മൂന്നോ തോൽ കൂടി പശ തേച്ച് ഒട്ടിക്കുന്നു. അതിനുശേഷമാണ് അരുവട്ടം ചുറ്റുന്നത്. ഇത്തരത്തിൽ ഇടങ്കാരച്ചെണ്ടയ്ക്ക് രണ്ട് വശങ്ങളിലായി രണ്ട് വ്യത്യസ്ത ശബ്ദങ്ങളുണ്ടാക്കുന്നു.

വട്ടച്ചെണ്ടയുടെ വളയം മറയ്ക്കുന്നത് മറ്റൊരു വിധത്തിലാണ്. ഒറ്റക്കോൽ കൊണ്ട് തല്ലുന്ന ഭാഗം പൂർണമായി ഒരു തോൽ കൊണ്ട് മറയ്ക്കുന്നു. വീണ്ടും ഒന്നോ രണ്ടോ തോൽകൊണ്ട് '' പറ്റുകൾ'' ഒട്ടിക്കുന്നു. മറുഭാഗത്ത് നേർമയുള്ള ഒറ്റത്തോൽ കൊണ്ട് വളയം മറച്ച് അരുവട്ടം ചേർക്കുന്നു. വട്ടച്ചെണ്ടയ്ക്ക് നല്ല മുഴക്കം കിട്ടാനുള്ള കാരണം ഇതാണ്. കുറ്റികൾക്കുമുണ്ട് ചില പ്രത്യേകതകൾ. വലംതല ചെണ്ടയുടെ കുറ്റിയുടെ ഉയരത്തേക്കാൾ കൂടുതലാണ് ഇടം

തല ചെണ്ടയുടെ കുറ്റിക്ക്. എന്നാൽ ഇടംതല ചെണ്ടയുടെ കുറ്റിയേക്കാൾ വലംതല ചെണ്ട യുടെ കുറ്റിക്ക് വാവട്ടം കൂടുതലാണ്. ഇടങ്കാരച്ചെണ്ടയുടെ കുറ്റിയുടെ വക്ക് ഉരുണ്ടതും വലം ഭാഗം കുറ്റിയുടെ വക്ക് പരന്നതുമായിരിക്കും.

ചെണ്ട വലിച്ച് മൂപ്പിക്കുന്ന രീതിക്കുമുണ്ട് ചില പ്രത്യേകതകൾ. വലിച്ച് മൂപ്പിക്കുക എന്നു പറഞ്ഞാൽ ടെമ്പർ നിലനിർത്തുക എന്നുവേണമെങ്കിൽ പറയാം. മുൻകാലങ്ങളിൽ നല്ല ആരോ ഗ്യവാനായ ഒരാൾക്കേ ചെണ്ട വലിച്ച് മൂപ്പിക്കാൻ കഴിയൂ. അതിങ്ങനെ, ആദ്യമായി ചെണ്ട ക്കച്ച അരയിൽ പാകത്തിന് ചുറ്റിക്കെട്ടി മരപ്പലകമേലോ യോജിച്ച പടിയിന്മേലോ ഇരിക്കു ന്നു. തുടർന്ന് കനമുള്ള ഇരുമ്പുകമ്പി കൊണ്ട് ഒരു തല, കച്ചയിന്മേൽ കോർക്കാനും മറുതല പരത്തിയിട്ട് ചെണ്ടക്കയറിന്മേൽ കൊളുത്തി ശക്തിയായി വലിക്കാൻ പറ്റിയ പാകത്തിലാക്കും. ഇതിനു പറയുന്ന പേരാണ് ''ചെണ്ടക്കൊക്ക.'' ചുറ്റുമുള്ള എല്ലാ കയറും മെല്ലെ കൊളുത്തിച്ച വിട്ടി വലിച്ച് ഒരു ചുറ്റ് പൂർത്തിയാക്കുമ്പോൾ ''വട്ടക്കണ്ണി'' ഉപയോഗിച്ച് അവിടെ കെട്ടിനിർത്തു ന്നു. അടുത്ത ചുറ്റ് വീണ്ടും ആവർത്തിക്കുന്നു. ഇങ്ങനെ നാലോ അഞ്ചോ ചുറ്റ് വലിച്ചു കഴി യുമ്പോൾ ചെണ്ട പാകമായ മൂപ്പിലെത്തുന്നു. ആദ്യചുറ്റുകൾ കൊളുത്തിച്ചവിട്ടി വലിക്കാൻ എളുപ്പമാണ്. എന്നാൽ മൂപ്പ് കൂടിക്കഴിഞ്ഞാൽ അതത്ര എളുപ്പമല്ല, കഠിനം തന്നെയാണ്. അതുകൊണ്ടാണ് നല്ല ആരോഗ്യമുള്ള ഒരാൾക്കേ ചെണ്ട വലിച്ചു മൂപ്പിക്കാൻ കഴിയൂ എന്നു പറയുന്നത്. എന്നാൽ ഇപ്പോൾ ചെണ്ട വലിച്ച് മൂപ്പിക്കുന്നത് ഇത്തരത്തിലല്ല, അതിനുള്ള മോഡേൺ ടെക്നോളജി വേണ്ടുവോളമുണ്ട്.

കുത്തുകയർ

തോൽ കൊണ്ട് വട്ടം മറയ്ക്കുമ്പോൾ ''അരുഭാഗത്തു'' നിന്നും അളവിനനുസരിച്ച് മുറിച്ചു മാറ്റുന്ന തോലിന്റെ ചെറിയ കഷണങ്ങൾ കൊണ്ടാണ് കുത്തുകയറിന്റെ നിർമിതി. ഇങ്ങനെ കിട്ടുന്ന ഓരോ ചെറിയ കഷ്ണവും അടുപ്പിച്ച് വെച്ച രണ്ട് വിരലുകളിന്മേൽ അഞ്ച് മടക്കായി ചുറ്റുന്നു. തുടർന്ന് അങ്ങനെ ചുറ്റിയെടുത്ത കഷ്ണങ്ങളെല്ലാംകൂട്ടിക്കെട്ടി വെയിലത്തു വെച്ച് ഉണക്കിയെടുക്കുന്നു. ചെണ്ടയുടെ മൂപ്പ് ക്രമപ്പെടുത്താനുള്ളതാണ് കുത്തുകയർ.

കോല്

മുള, പുളിമരം, പതിമുഖം – ഇവയുടെ മൂപ്പെത്തിയ കഷ്ണങ്ങളിൽ നിന്നാണ് കോലിന്റെ നിർമിതി. ഒന്നര അടി നീളത്തിലും ഒരിഞ്ച് വണ്ണത്തിലുമുള്ള കഷ്ണമെടുത്ത്, ഒരിഞ്ച് വണ്ണ ത്തിൽ നിന്ന് അരയിഞ്ച് വണ്ണത്തിലാക്കി കഷ്ണം ചെത്തിയുരുട്ടുന്നു. പുത്തൻ കോലിന്റെ നിർമാണത്തിനായി ഒരു മരക്കഷ്ണം കോലിന്റെ വളവനുസരിച്ച് രൂപപ്പെടുത്തി നേരത്തെ വെച്ചിട്ടുണ്ടാകും. അതിന്മേൽ ചെത്തിയുരുട്ടി തയ്യാറാക്കിയ പുത്തൻകോൽ എണ്ണയിൽ മുക്കി ചൂടാക്കി മയപ്പെടുത്തി വളവിനനുസരിച്ച് കെട്ടി നിർത്തുന്നു. ഒരാഴ്ചയ്ക്കു ശേഷം കോൽപാ കത്തിന് വളഞ്ഞിരിക്കും. അതെടുത്ത് മിനുസപ്പെടുത്തി ആവശ്യമായ നീളത്തിൽ കോലുക ളാക്കി മാറ്റുന്നു. മറ്റ് കോലുകളെ അപേക്ഷിച്ച് മുളങ്കോലാണ് കൂടുതൽ കാലം ഈടു നിൽക്കു ന്നത്.

ചെണ്ടയുടെ മാത്രമല്ല എല്ലാ വാദ്യങ്ങളുടെയും നിർമിതിയുടെ ആദ്യഘട്ടത്തിലെ വൈഷ മ്യങ്ങളാണ് പറഞ്ഞുവന്നത്. ഇന്നിപ്പോൾ എല്ലാം യാന്ത്രികമായി. അതുകൊണ്ടു തന്നെ ഒന്നോ രണ്ടോ മാസം ''ചെണ്ടപ്പുറത്ത് കോലുവെച്ചാൽ'' ചെണ്ടപ്രതിഭയായി പോലും. ചെണ്ടമേൽ കയറി നിന്നുള്ള നൃത്താഭ്യാസ പ്രകടനങ്ങളൊക്കെ നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. പണ്ടൊക്കെ ഗുരുമുഖത്തുനിന്ന് നേരിട്ട് പത്ത് വർഷമെങ്കിലും പഠിച്ചാലേ ചെണ്ടക്കാരൻ എന്ന പേരിന് അർഹനാകൂ.

ആഘോഷപ്പൊലിമ, അത് ഏതുമാകട്ടെ അതിനെ വീണ്ടും വീണ്ടും പൊലിപ്പിക്കുന്നതിൽ വാദ്യങ്ങൾക്കുള്ള പങ്ക് അനിഷേധ്യം തന്നെ. വാദ്യങ്ങൾ ഒട്ടനവധിയുണ്ട്. പുതിയവ ഉണ്ടായി ക്കൊണ്ടുമിരിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കോർപ്പറേറ്റുകളുടെ ബിസിനസ് സാമ്രാ

ജ്യത്തിലും വാദ്യക്കൂട്ടം ചരക്കുകൂടിയാകുന്നു. പക്ഷെ ഇന്നു നാം കണ്ടും കേട്ടും അനുഭവിച്ചുകൊണ്ടുമിരിക്കുന്ന വാദ്യക്കൂട്ടങ്ങൾക്ക് ഒരു പൂർവികത ഉണ്ടായിരിക്കണമല്ലോ, മനുഷ്യ വർഗത്തിന്റെ പ്രാഥമികഘട്ടത്തോളമെങ്കിലും.

തീർച്ചയായും ഈ പൂർവികത പ്രകൃതിയുടെ ശബ്ദവിന്യാസങ്ങളിൽ നിന്നും ശബ്ദ വൈവിധ്യങ്ങളിൽ നിന്നും ഉണ്ടായതാണ്. അത് ആദിമ മനുഷ്യൻ ഹൃദയത്തിൽ ഏറ്റുവാങ്ങി. അതിന്റെ ബഹിർസ്ഫുരണങ്ങൾ അവനിൽ നിന്നും സ്വാഭാവികമായി ഉണ്ടായി. അവന്റെ വികസ്വര ബുദ്ധി മേൽപറഞ്ഞ പ്രകൃതിയുടെ ശബ്ദവിന്യാസങ്ങളും ശബ്ദവൈവിധ്യങ്ങളും കൃത്രിമമായി സൃഷ്ടിക്കാൻ തുടങ്ങി. മുളന്തണ്ടുകളും വിവിധ നാരുകളും മരത്തോലുകളും മൃഗത്തോലുകളുമൊക്കെ അവൻ അതിനായി ഉപയോഗിച്ചു.

സംഗീതമയമാണ് പ്രകൃതി. കാട്ടരുവികളുടെ കളകളാരവം, പൂങ്കുയിലിന്റെ കളകൂജനം, ചെറുകാറ്റിലാടുന്ന മുളന്തണ്ടുകളുടെ ചൂളംവിളി അങ്ങനെ ദേവസ്വനങ്ങൾക്കുള്ള വകയെന്ന് പിന്നീട് വാഴ്ത്തപ്പെട്ട വാദ്യങ്ങളുടെപ്രാഥമിക ഘട്ടം. ഇടിമുഴക്കങ്ങളും കൊടുങ്കാറ്റിന്റെ ആരവവും വന്യമൃഗങ്ങളുടെ അലർച്ചയും കൂറ്റൻതിരമാലകളുടെ ഗർജനവുമൊക്കെ ആസുരസ്വനങ്ങളായി അനന്തരം വാഴ്ത്തപ്പെട്ട മറ്റൊരു ഘട്ടം. ഇവയെല്ലാം ആദിമമനുഷ്യന്റെ വാദ്യനിർമാണ വ്യഗ്രതയ്ക്ക് കാരണങ്ങളാണ്. ആദിമ വാദ്യത്തെപ്പറ്റി പരമശിവനെ ബന്ധപ്പെടുത്തി ഒരു മിത്തുള്ളത് ഇങ്ങനെ.

''ആദിതാളവാദ്യം ശ്രീപരമേശ്വരന്റെ ഉടുക്കാണെന്ന വിശ്വാസം പ്രബലമാണ്, വാദകനാകട്ടെ ശ്രീ പരമേശ്വരനും. ആ പാരമ്പര്യം വിവിധ ഇടങ്ങളിൽ വിവിധ തരത്തിൽ തുടർന്നുവന്ന് ഇന്നത്തെ നിലയിൽ എത്തി എന്ന വിശ്വാസവും നിലനിൽക്കുന്നു. കാവുമുറ്റങ്ങളിലെ അനുഷ്ഠാനകലകളിൽ ഉപയോഗിക്കുന്ന വിവിധ വാദ്യങ്ങൾ ഈ വിശ്വാസത്തിന് കാരണമാണ്. മാത്രവുമല്ല കാവുമുറ്റങ്ങളിൽ അരങ്ങേറുന്ന അനുഷ്ഠാനപരമായ കലാരൂപങ്ങൾ എല്ലാം തന്നെ ശ്രീപരമേശ്വരനുമായി ബന്ധപ്പെട്ടതാണ്. ഇവയെല്ലാം തന്നെ ഗോത്രവർഗ സംബന്ധിയും ദ്രാവിഡ സംസ്കാരത്തനിമയിൽ ഉള്ളതുമാണ്. ആ നിലയിൽ മേൽ പറഞ്ഞ വിശ്വാസത്തിന് ശക്തമായ ഒരു അടിത്തറയുണ്ട്. ഇന്നും വിവിധ ഗോത്രവിഭാഗങ്ങൾ തുടിതാളത്തിലാണ് അനുഷ്ഠാനപരമായ ആഘോഷങ്ങൾ നടത്തുന്നത്. ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ചെണ്ട, തുടിയുടെ പരിഷ്കരിക്കപ്പെട്ട രൂപമാണ് എന്നുകരുതുന്നതിൽ തെറ്റില്ല.''

തുടി

തിറയാട്ടത്തിൽ അഞ്ച് വാദ്യങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. തുടി, ചെണ്ട, കുഴൽ, പഞ്ചായുധം, ഇലത്താളം എന്നിവയാണ് ആ പഞ്ചവാദ്യങ്ങൾ. തിറയാട്ടത്തെ സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞ പഞ്ചവാദ്യങ്ങളിൽ പ്രധാനം തുടിയാണ്. എന്നാൽ മറ്റുനാലു വാദ്യങ്ങളും അപ്രധാനം എന്നല്ല ഇതിനർഥം.

ശ്രീ പരമേശ്വരന്റെ ആദ്യതാളവാദ്യവും ഉടുക്കാണെന്ന് വിശ്വസിക്കപ്പെടുന്നു എന്നു പറഞ്ഞല്ലോ. നിർമാണത്തിലും തുടിതല്ലിനുമെല്ലാം ഉടുക്കിനു സമാനമാണോ തുടി? ഈ ചോദ്യത്തിനു കൃത്യമായ ഒരുത്തരമില്ല. എന്നാൽ ഉടുക്കിനും തുടിക്കും തമ്മിൽ ഒരു ആത്മബന്ധം നിലനിൽക്കുന്നു എന്നതാണ് സത്യം. ഉടുക്കും തുടിയും തമ്മിലുള്ള ആത്മബന്ധം എന്നു പറയുന്നിടത്ത് ശൈവചൈതന്യത്തിന്റെ ഹൃദയത്തുടിപ്പുകളുണ്ട്. കാരണം തിറയാട്ടത്തിൽ മലദൈവങ്ങൾ എന്നറിയപ്പെടുന്ന ദൈവങ്ങളെല്ലാം ശൈവസങ്കൽപവുമായി ബന്ധപ്പെട്ടതാണ്. ശൈവസങ്കൽപത്തിലല്ലാത്ത ഒരു ദൈവവും, കുടിവെച്ച മൂർത്തികൾ ഒഴികെ തിറയാട്ടത്തിലില്ല. ഇവിടെയാണ് ആ ആത്മബന്ധത്തിന്റെ പ്രസക്തി. ശ്രീ ശങ്കരനിൽ തുടങ്ങിയ ഉടുക്കുകൊട്ടിന്റെ ശബ്ദവീചികൾ തുടി താളത്തിലൂടെ തിറയാട്ടത്തിൽ ഇന്നും നിലനിൽക്കുന്നു. തിറയാട്ടത്തിന്റെ ഗോത്രപൈതൃകമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ചുരുക്കിപ്പറ



മൂർക്കനാട്ട് സുനിൽകുമാർ – തുടി

ഞ്ഞാൽ തിറയാട്ടത്തിലെ അനുഷ്ഠാനങ്ങളുടെ അടിസ്ഥാന വാദ്യമാണ് തുടി. തുടികൊട്ടിയല്ലാതെ തിറയാട്ടത്തിൽ ഒരു അനുഷ്ഠാനവും നടക്കില്ലെന്ന് ചുരുക്കം. നടത്താൻ പാടില്ലെന്നും. തിറയാട്ടത്തിന്റെ ആദ്യവസാനം തുടിതാളവിന്യാസങ്ങൾ അനുഭവവേദ്യമാവുക തന്നെ വേണം. മൂത്ത പെരുമണ്ണാൻ "വിരുന്നു പുറപ്പെട്ട്" കാവിൽ കയറാനായി പുറപ്പെടുന്നത് തുടി തോളിൽ തൂക്കിയാണ്. തിറയാട്ടത്തിലെ ആദ്യ ചടങ്ങായ കാവിൽ കയറലിൽ തന്നെ തുടിയുടെ പ്രാമുഖ്യം വ്യക്തമാവുന്നുണ്ട്.

ശൈവസങ്കൽപത്തിലുള്ള മലദൈവങ്ങൾ ഏതൊക്കെയെന്ന് മുൻപ് വിശദീകരിച്ചിട്ടുണ്ട്. അതനുസരിച്ച് വെള്ളാട്ടിനായുള്ള ദൈവകോലത്തിന്റെ ചടങ്ങുകൾ ഇങ്ങനെ. തുടിക്ക് പ്രാധാന്യവും പ്രാമുഖ്യവുമുള്ള ചടങ്ങുകളെപ്പറ്റിയും അനുഷ്ഠാനങ്ങളെപ്പറ്റിയും മാത്രമാണ് പറയുന്നത്.

ഒടക്ക് കഴിക്കൽ

വിളിച്ചുണർത്തൽ

പുറപ്പാട്

പ്രദക്ഷിണം. പ്രദക്ഷിണത്തിന് ചെറിയൊരു വിശദീകരണം ആവശ്യമാണ്. ചെണ്ടമേള ത്തിന്റെ അകമ്പടിയുമുണ്ട്, പ്രദക്ഷിണത്തിന്. പ്രദക്ഷിണത്തിന്റെ ഏറ്റവും മുൻപിൽ തുടി ക്കാരാണ്. അവർ തുടികൊട്ടി പിന്നോട്ടു ചുവടു വയ്ക്കുമ്പോൾ കോലം മുന്നോട്ടു ചുവടു വെയ്ക്കുന്നു. ഈ ക്രമത്തിലാണ് പ്രദക്ഷിണം പൂർണമാവുന്നത്.

പ്രദക്ഷിണത്തിനു ശേഷമാണ് തുടി താളത്തിലുള്ള ഗണപതിയാട്ടം. ഗണപതിയാട്ടത്തിനു ശേഷം അൽപം ദീർഘിച്ച വെട്ടും വെളിച്ചപ്പാടും. തുടർന്ന് തുടിയിൽ കലാശം തല്ലി കോല ത്തിന്റെ സമർപണത്തോടുകൂടി ചടങ്ങ് അവസാനിക്കുന്നു.അങ്ങനെ വെള്ളാട്ടുകൾക്കും അതോ ടനുബന്ധിച്ചുള്ള അനുഷ്ഠാന കർമങ്ങൾക്കും ഭക്തിപൂർവമായ അവസാനമായി.

ഇനിയാണ് ''ഊണാശാരം'' വെള്ളാട്ടുകൾക്കും അതോടനുബന്ധിച്ചുള്ള ചടങ്ങുകൾക്കും ശേഷം ഊണുകഴിക്കുന്നതിന്റെ തിറയാട്ട ഭാഷയാണ് ഊണാശാരം. പണ്ട് ദാരിദ്ര്യത്തിന്റെ കാലത്ത് പൂർവികർ ഊണുകഴിക്കുക എന്നതും ഒരു ആചാരമായി കണക്കാക്കിയിരുന്നു.

ഊണാശാരത്തിനു ശേഷമുള്ള ആദ്യ ചടങ്ങാണ് ''ഊൺ തട്ട്'' തുടികൊണ്ടുള്ള മേള ത്തെയാണ് ഊൺതട്ട് എന്ന് പറയുന്നത്. ഊൺ തട്ടിന് ഏറ്റവും ചുരുങ്ങിയത് നാല് തുടിക്കാ രെങ്കിലും വേണം. ഇതിലെ പ്രധാനിയെ മുൻകലാശക്കാരൻ എന്നു വിളിക്കുന്നു. മുൻകലാശ ക്കാരൻ ഒന്നാം സ്ഥാനത്ത് വലതുഭാഗത്തായി നിൽക്കുന്നു. മറ്റുള്ളവർ പ്രാമുഖ്യമനുസരിച്ച് ഇടതുഭാഗത്തു നിൽക്കുന്നു. അങ്ങനെ മുൻകലാശക്കാരൻ ആദ്യ എണ്ണം തുടിതല്ലിത്തുടങ്ങു ന്നു. തൊട്ടടുത്ത ആൾ അതേറ്റു ചൊല്ലുന്നു. അങ്ങനെ എത്ര തുടിക്കാരുണ്ടെങ്കിലും അവർ ഓരോരുത്തരായി അത് ഏറ്റേറ്റു ചൊല്ലുന്നു. ''തുടിചൈ'' എന്നാണ് ഇതിന് പറയുന്നത്. തുടിചൈ എന്നുപറഞ്ഞാൽ തുടി തല്ലുന്ന എണ്ണം എന്നർഥം. ഇത്തരത്തിൽ സമയത്തിനും സന്ദർഭത്തിനും അനുസരിച്ച് ഈ തുടിചൈകൾ ഏറെ ദീർഘിപ്പിക്കാനും വളരെ ചുരുക്കാനും കഴിയും.

തുടികൊട്ട് അത് താളമായാലും മേളമായാലും ഗോത്രസംസ്കൃതിയുടെ ഭാഗമാണ്. ഈ സത്യം ബോധ്യമാകണമെങ്കിൽ വനാന്തരങ്ങളിലും വനയോരങ്ങളിലും ജീവിക്കുന്ന ഗോത്ര ജനതയുടെ അനുഷ്ഠാനങ്ങളും ആചാര രീതികളും ശ്രദ്ധിച്ചാൽ മാത്രം മതി. ഗണപതിസ്തു തിയുടെ ''തുടിചൈ'' മുതൽ താഴെ ചേർക്കുന്നു.

ട്ടയിം-ണ്ണ-ട്ടയിം ണ്ണ-ട്ടയിംണ്ണ ട്ടാ - ണ്ട - ണ്ട - ണ്ടാ ണ്ടയിം
ചെണ്ടണ്ടയിം - ചെണ്ടണ്ടണ്ടയിം - ചെണ്ടണ്ടയിം - ണ്ടയിണ്ണ
ചെണ്ടയം - ചെണ്ടയം.....
(1) ചെണ്ടാണ്ടെയിം ചെട ചെട ചെണ്ടാ ണ്ടയിം
(ടതൊട്ടടുത്ത ആൾ ഏറ്റു ചൊല്ലുന്നു)
(2) അടുത്ത തുടിചൈ
ചെണ്ടാ ണ്ടെയിം - ചെട ചെട ചെണ്ടയിം ചെണ്ടയിം ചെണ്ടാ ണ്ടെയിം
(3) ചെണ്ടാണ്ടയിം ചെടചെട ചെണ്ടയിം ചെണ്ടയിം ചെണ്ടയിം ചെണ്ടാണ്ടെയിം
(4) ചെട ചെട ചെണ്ടയിം, ചെണ്ടയിം, ചെണ്ടയിം
ചെണ്ടാണ്ടെയിം - ടുടുടു ചെണ്ടാണ്ടെയിം
ട്ടു ടുടു ചെണ്ടാണ്ടെ നോടു ചെണ്ടയിം ചെണ്ടയിം
ചെണ്ടയിം - ചെണ്ടയിം ചെണ്ടാണ്ടെയിം
(5) ചെഞ്ചഞ്ചിടയിം ചെണ്ടയിം ഇരചെചെഞ്ചടിയം
ചെണ്ടെയിം ഇര ചെഞ്ചഞ്ചിടെയിം
ചെടചെടചെണ്ടെയിം, ഇരടേനുടണ്ടെയിം, ചെഞ്ചിടെയിം, ചെഞ്ചിടെയിം
(6) ചെഞ്ചിടണ്ടേയിം - ചെഞ്ചിടണ്ടേയിം, ട്ട ണ്ട ണ്ട ണ്ടി ടെയം
ട്ട ണ്ട, ണ്ട ണ്ടയിം ചെണ്ട ചെണ്ടയിം, ഇട്ടേനുടുണ്ടേയിം

ഇടൈനുടണ്ടെയിം ചെഞ്ചിടേയം, ചെഞ്ചിടെടേയം
ചെഞ്ചിടണ്ടേയം, ചെഞ്ചിടണ്ടെയിം, ട്ട ണ്ട, ണ്ട, ണ്ടയിം
ട്ടണ്ട, ണ്ട, ണ്ടയിം, ചെണ്ട ചെണ്ടയിം
ചെണ്ടട, ചെണ്ടട, ചെണ്ടയിം, ചെണ്ടയിം, ചെണ്ടണ്ടയിം
ചെണ്ടയിം ചെണ്ടയിം ചെണ്ടാണ്ടെയിം
(7) ചെണ്ടണ്ടണ്ടയിം, ചെണ്ടണ്ട, ണ്ടയിം – ചെണ്ടയിം
ചെണ്ടയിം – ചെണ്ടയിം ..... ചെണ്ടടട്ടട ചെണ്ടണ്ടയിം

ഊൺതട്ടിനുശേഷമാണ് സന്ധ്യവേല. സന്ധ്യവേല കഴിഞ്ഞ് ആദ്യ തിറയുടെ ഒടക്കു കഴിക്കലിലെ വാദ്യവും തുടി തന്നെ. തുടന്നുള്ള കുഴൽ പറ്റ്, കേളിക്കയ്യ്, തായമ്പക എന്നിവയ്ക്ക് ശേഷമാണ് തിറ വിളിച്ചുണർത്തൽ. ഈ ചടങ്ങിലെ പ്രധാന വാദ്യവും തുടിയാണ്. ചടങ്ങുകളെല്ലാം വെള്ളാട്ടിൽ പറഞ്ഞതുപോലെ തന്നെ. പുറപ്പാടിനും ഗണപതിയാട്ടത്തിനും പ്രദക്ഷിണത്തിനുമെല്ലാം പ്രധാനവാദ്യം തുടി തന്നെയാണ്.

ചൂട്ടുകളിയോടെയുള്ള ചുവടുവെയ്പും തുടിയുടെ താളത്തിനനുസരിച്ചാണ്. തിറയാട്ടാഭ്യസനത്തിന്റെ പ്രാഥമിക പാഠങ്ങൾ ചൂട്ടുകളി മുതൽ തുടങ്ങുന്നു. ഇത് മുൻഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ചൂട്ടുകളിയിലെ തുടിയുടെ പങ്ക് അൽപം വ്യക്തമാക്കേണ്ടിയിരിക്കുന്നു. തിറയാട്ടം അഭ്യസിക്കാൻ വരുന്ന വളരെ പ്രായം കുറഞ്ഞ ആൾക്കുപോലും തുടിയുടെ താളത്തിൽ തിറയാട്ടത്തിലെ ചുവടുകളുടെ ആദ്യ പാഠങ്ങൾ അനായസകരമായും ആസ്വാദ്യകരമായും പഠിക്കാൻ കഴിയും. അഭ്യസനം അവർക്കൊരു ബാലികേറാമലയായി തോന്നുകയേയില്ല.

തുടി തല്ല് അനിവാര്യമായ മറ്റു ഘടകങ്ങൾ ഇങ്ങനെ
പ്രധാന ദൈവത്തിന്റെ അരിയും പൂവുമെടുക്കൽ
പാടിത്തെളിക്കൽ. ഇവിടെയും ചെറിയൊരു വിശദീകരണം ആവശ്യമുണ്ട്. ദൈവസ്തുതിയോടൊപ്പം പ്രപഞ്ചത്തിലുള്ള സർവ്വതും പാടിത്തെളിക്കലിൽ പരാമർശിക്കപ്പെടുന്നു. വ്യത്യസ്ത ചൊല്ലുകളാണ് അതിലുള്ളത്. ഈ വ്യത്യസ്ത ചൊല്ലുകൾക്ക് അനുസരണമായി വ്യത്യസ്ത ശ്രുതികളാണ് തുടിയിൽ മീട്ടുന്നത്.

എറയക്കളി

പ്രധാന ദൈവത്തിന്റെ (അവകാശിയായ മൂത്ത പെരുമണ്ണാൻ) തിറ വിളിച്ചുണർത്തലും ആട്ടവും സമർപണവുമുൾപ്പെടെയുള്ള എല്ലാ അനുഷ്ഠാനങ്ങളും വെള്ളാട്ടിലേതുപോലെ തന്നെ നടക്കുന്നു.

തുടർന്ന് തുടിയുടെ നാദവീചികളിൽ ഭക്തിസാന്ദ്രമായി നടക്കുന്ന ചടങ്ങുകളാണ്.
അരിയും പൂവും പിടിച്ച് വലതിടൽ
അഞ്ചടി ചൊല്ലൽ
ചാന്ത് തിറ
വെട്ടുംവെളിച്ചപ്പാടും തുടർന്നുള്ള സമർപണവും.

ഇവിടെയെല്ലാം തുടിയാണ് ദൈവീക വാദ്യമായി ഉപയോഗിക്കപ്പെടുന്നത്. ഈ തുടിയാകട്ടെ ശ്രീ ശങ്കരന്റെ താളവാദ്യമായ ഉടുക്കിനോടുള്ള ആത്മബന്ധം വ്യക്തമാക്കുകയും ചെയ്യുന്നു.

എന്നാൽ തെയ്യത്തിൽ തുടിതല്ല് ഒരു അനുഷ്ഠാന വിഷയമോ തുടി ഒരു പ്രഖുമസാമഗ്രിയോ പോലുമല്ല. ഈ സത്യം വെളിപ്പെടുത്തുന്നത് തിറയാട്ടത്തിന്റെ ഗോത്രബന്ധവും സ്വത്വവുമാണ്.

ആദ്യതാളവാദ്യം എന്ന് വിശ്വസിക്കപ്പെടുന്നതും ഉടുക്കിനോട് സാമാന്യ രൂപസാദൃശ്യ

വുമുള്ള തുടിയുടെ നിർമാണം ഇങ്ങനെ. പാരമ്പര്യമായി ഉപയോഗിച്ച് തലമുറകൾക്ക് കൈമാറി വരുന്ന തുടിക്കുറ്റികളാണ് ഇന്നും ഉപയോഗിച്ചുവരുന്ന തുടികളിൽ ഏറെയും. ആ തുടിക്കുറ്റികൾ മിക്കവാറും പ്ലാവിന്റെ കാതലുള്ള കഷ്ണത്തിൽ നിന്ന് രൂപപ്പെടുത്തിയതുമാണ്. എന്നാൽ ഇപ്പോൾ ചിലർ തുടികൾ നിർമിക്കുന്നുണ്ട്. ആവശ്യമുള്ള വലിപ്പത്തിൽ പ്ലാവിന്റെ കഷ്ണമെടുത്ത് മെഷീനിൽ കടഞ്ഞെടുത്താണ് ഇത്തരത്തിൽ തുടിക്കുറ്റികൾ ഉണ്ടാക്കുന്നത്. പക്ഷെ പാരമ്പര്യമായി ലഭിച്ച തുടിയുടെ യഥാർഥ നാദം ഇങ്ങനെ കടഞ്ഞെടുത്ത മരക്കുറ്റികളിൽ ഉണ്ടാക്കുന്ന തുടികൾക്ക് ഇല്ല. തലമുറകളായി കൈമാറി ലഭിച്ച തുടിയാണ് ഈ ലേഖകൻ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

നിർമാണ പ്രക്രിയ

മരക്കുറ്റിയുടെ വാവട്ടത്തിനനുസരിച്ച് മുളങ്കീറുകൊണ്ട് ഒരു വളയം ഉണ്ടാക്കി കനം കുറഞ്ഞ ആട്ടിൻതോൽ കൊണ്ട് മറയ്ക്കുന്നു. കഴിഞ്ഞകാലത്തെ തുടി നിർമാണം മറ്റൊരു തരത്തിലായിരുന്നു. അന്ന് ആടുബലി നടക്കുന്ന കാവുകൾ ഉണ്ടായിരുന്നു. അന്നൊക്കെ ആട്ടിൻതോൽ പൊളിച്ചെടുത്ത് മുളകൊണ്ടുള്ള കുറ്റികൾ ആണികളാക്കി വെയിലത്ത് വലിച്ചുപിടിച്ച് തറച്ചിടുന്നു. മൂന്നോ നാലോ ദിവസം വെയിലുകൊള്ളുമ്പോൾ തോല് നല്ല ഷീറ്റു പോലെയാകും. ആ തോൽ ഒരു ഉലക്ക മേൽ വലിച്ചു ചുറ്റി, അവസാനം മുതൽ ചുറ്റാൻ തുടങ്ങിയ ആരംഭം വരെ കുപ്പിച്ചില്ലുപയോഗിച്ച് രോമം വടിച്ച് വൃത്തിയാക്കുന്നു. തുടർന്ന് തോലെടുത്ത് ചുരുട്ടിക്കൂട്ടി വെള്ളത്തിൽ ഇടുന്നു. വെള്ളത്തിൽ മുങ്ങി കിടക്കാൻ അതിൻമേൽ ഏതെങ്കിലും ഒരു ഭാരം വയ്ക്കുന്നു. അടുത്ത ദിവസം തോലെടുത്ത് മുളകൊണ്ട് ഉണ്ടാക്കിയ വളയത്തിൻമേൽ മറയ്ക്കുന്നു. ഇതിനുപേര്. ''വട്ടംമാടുക''. അങ്ങനെ വട്ടംമാടിയതിനുശേഷം വട്ടത്തിൽ ചെറിയ കയറിന്റെ വ്യാസത്തിൽ ദ്വാരങ്ങൾ ഉണ്ടാക്കുന്നു. തുടർന്ന് വണ്ണം കുറഞ്ഞ കയർകൊണ്ട് കുറ്റിയും വട്ടവും വെച്ചു കോർക്കുന്നു(ബന്ധിപ്പിക്കുന്നു) ഇങ്ങനെ വച്ചു കോർക്കുന്നതിനെ ''തുടി കോത്തിരുത്തുക'' എന്ന് പറയുന്നു. അതിനുശേഷം തുടി കഴുത്തിൽ കോർത്തിടുന്നതിനുള്ള പാകത്തിൽ തുണികൊണ്ട് 'തോൾപൂട്ട്' ഉണ്ടാക്കുന്നു. തുടി വലിച്ചുമുറുക്കുന്നതിനായി പാന്തകപ്പൊളി (മടൽപ്പൊളി) ഉപയോഗിച്ച് പിരിച്ച് ചരടുണ്ടാക്കി തോൾ പൂട്ടുമായി ബന്ധിപ്പിക്കുന്നു. തുടിതല്ലാൻ ഉപയോഗിക്കുന്ന കോൽ ഉണ്ടാക്കുന്നത് പാകമായ മുളന്തണ്ടുകൊണ്ടാണ്. തുടിയുടെ ആവശ്യം കഴിഞ്ഞാൽ തോൾപൂട്ടും കോലും ഉപയോഗിച്ച് തുടി ചുറ്റി മുറുക്കി പൊതിഞ്ഞ് സൂക്ഷിക്കുന്നു. തുടി തല്ലുന്ന പ്രതലം, രോമം കുപ്പിച്ചില്ലുകൊണ്ട് വടിച്ചുകളഞ്ഞ ഭാഗമാണ്.

കുറുങ്കുഴൽ

തിറയാട്ടത്തിലെ ചില പ്രത്യേക അനുഷ്ഠാനങ്ങളുടെ മഹിമ വ്യക്തമാക്കുന്ന വാദ്യമാണ് കുഴൽ. ''കുറുങ്കുഴൽ'' എന്നാണ് ഈ വാദ്യത്തിന്റെ സംജ്ഞ. കുറുങ്കുഴൽ വാദനത്തിന്റെ താളലയങ്ങൾ തിറയാട്ടത്തിലെ പ്രധാന അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെ വിശ്വാസപരമായ പൂർണതയ്ക്ക് അനിവാര്യം തന്നെയാണ്. തിറയാട്ടക്കാവുകളിൽ ആത്മീയ പരിവേഷം നിലനിൽക്കുന്നത് കുറുങ്കുഴൽ വാദനത്തിന്റെ ശബ്ദവീചികളിലൂടെയാണ്.

മലദൈവക്കാവുകളിൽ പ്രധാന ദൈവത്തിന്റെ കോലം കെട്ടിയാടുന്നത് അവകാശിയായ മൂത്ത പെരുമണ്ണാൻ ആണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ആട്ടത്തിന്റെ അന്ത്യത്തിൽ പീഠം കയറുക എന്നൊരു ചടങ്ങുണ്ട്. പീഠം കയറുന്നതിനെപ്പറ്റിയും അതിന്റെ മാഹാത്മ്യത്തെപ്പറ്റിയുമൊക്കെ ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുമുണ്ട്. അവകാശിയായ മൂത്ത പെരുമണ്ണാന്റെ പീഠം കയറൽ എന്ന അനുഷ്ഠാനപരമായ ചടങ്ങ്, ഭഗവതിക്കാവിൽ താലപ്പൊലിക്ക് മൂത്ത കാരണവത്തി എടുക്കുന്ന ആഗ്നേയ നിവേദ്യത്തിന് സമാനം എന്നു പറയുമ്പോൾ പീഠം കയറലിന്റെ പ്രാധാന്യം വ്യക്തമാകും. ദൈവത്തിന്റെ ആരൂഢസമാനമെന്ന് കരുതപ്പെടുന്ന പീഠ

ത്തിൽ നിന്നാണ്, ദൈവത്തിന്റെ പ്രതിനിധിയെന്ന് ഭക്തർ വിശ്വസിക്കുന്ന ദൈവക്കോലം ഭക്തർക്ക് ദർശനം നൽകുന്നതും അനുഗ്രഹിക്കുന്നതും. അനുഗ്രഹലഭ്യതയ്ക്കുള്ള ഒരു ദിവ്യ മുഹൂർത്തമായി ഭക്തർ ഈ നിമിഷങ്ങളെ കണക്കാക്കുന്നു. കടുംവേനലിലെ ഇളം തെന്നൽ പോലെ അപ്പോൾ ഒഴുകിയെത്തുന്ന കുറുങ്കുഴലിന്റെ ശബ്ദവീചികൾ ഭക്തർക്ക് അനുഭൂതിദായകം എന്നതിലുപരി വിശ്വാസപൂർണതയും നൽകുന്നു. ഇവിടെ കോലദർശനവും അനുഗ്രഹവും കുറുങ്കുഴലിന്റെ താളലയങ്ങളിലാണ്. അതുകൊണ്ടു തന്നെ ഈ അനുഷ്ഠാനത്തിന് കുറുങ്കുഴൽ അനിവാര്യവും ആചാരബദ്ധവുമാണ്.



കൃഷോഭ് (കുറുങ്കുഴൽ)

കുഴൽ എന്ന് പൊതുവെ അറിയപ്പെടുന്ന കുറുങ്കുഴൽ ഗോത്രവഴിയിലൂടെ കൈമാറി ഇന്നത്തെ നിലയിലെത്തിയതാണ്. ഇപ്പോൾ ചെണ്ടമേളത്തിൽ, മേളത്തിന്റെ എണ്ണങ്ങളും ദീർഘങ്ങളും നിശ്ചയിക്കുന്നത് കുഴൽക്കാരാണല്ലോ. ഗോത്രവഴിയിലൂടെ എത്തിയ കുറുങ്കുഴൽ ഇക്കാര്യത്തിൽ വ്യത്യസ്തത പുലർത്തുന്നു. ഇവിടെ പറയുന്നത് കുറുങ്കുഴലിന്റെ കാര്യം മാത്രമാണ്, ചെണ്ടമേളത്തിന് ഉപയോഗിക്കുന്ന ശാസ്ത്രീയ കുഴലിന്റെ കാര്യമല്ല.

ഗോത്രവഴിയിലൂടെ ലഭിച്ച കുറുങ്കുഴൽ വാദനത്തിന്റെ വൈഷമ്യങ്ങളെപ്പറ്റി അൽപം പറയേണ്ടിയിരിക്കുന്നു. ഈ വാദനം വൈഷമ്യമേറിയത് എന്നതിലുപരി വാദകന്റെ ശ്വാസകോശ സംബന്ധമായ തീരാവ്യാധിക്ക് കാരണമാകുന്നുമുണ്ട്. കുറുങ്കുഴൽ വാദനം അനുഷ്ഠാനപരമായി ജീവിതമാർഗമാക്കിയ കാരണവൻമാർ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ മൂലമാണ് മരണപ്പെട്ടിട്ടുള്ളത്. ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. വാദനസമയം, വാദകൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നേരിൽ കണ്ടാലേ മനസ്സിലാകൂ. കണ്ണുകൾ തള്ളി, കവിളുകൾ വീർത്ത് മരണാസന്നന്റെ രൂപഭാവങ്ങളായിരിക്കും അവർക്ക്. ശ്വാസതടസ്സമുണ്ടായി ഹൃദയം സ്തംഭിക്കുന്ന അവസ്ഥ! അതുകൊണ്ടുതന്നെ പുതുതലമുറയിൽപ്പെട്ട ആരും കുറുങ്കുഴൽ വാദനം അഭ്യസിക്കാൻ തയ്യാറാകുന്നില്ല. പാരമ്പര്യമായി കൈകാര്യം ചെയ്തുവരുന്നതും ഇപ്പോൾ വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ മറ്റ് ഏത് വാദ്യങ്ങളെക്കാളും കുറുങ്കുഴൽ പോലെ ഇത്രയേറെ ആരോഗ്യത്തെ ബാധിക്കുന്ന വാദ്യങ്ങൾ ഇല്ലതന്നെ. ഇവിടെ സ്വാഭാവികമായും ഒരു സംശയമുണ്ടാകും. ചെണ്ടമേളത്തിൽ ഉപയോഗിച്ചു വരുന്ന കുഴലുകൾക്ക് ആരോഗ്യത്തെ ബാധിക്കുന്ന ഇത്തരം തകരാറുകളില്ലേ? ശാസ്ത്രീയ കുഴലിന്റെയും പാരമ്പര്യ കുഴലായ കുറുങ്കുഴലിന്റെയും വ്യത്യസ്തതകൾ ഇവിടെ അനാവരണം ചെയ്യപ്പെടേണ്ടതുണ്ട്. കുറുങ്കുഴലിന്റെ ''കാളവും'' ''തണ്ടും'' ''പുല്ലും'' ശാസ്ത്രീയ കുഴലിൽ നിന്ന് വ്യത്യസ്തമാണ്. ഈ വ്യത്യസ്തതകൾ മൂലമാണ് തിറയാട്ടത്തിലെ വിവിധ അനുഷ്ഠാനങ്ങൾക്ക് അനുസരണമായി വ്യത്യസ്ത നാദങ്ങൾ ഉണ്ടാകുന്നത്. എന്നുപറഞ്ഞാൽ, കുറുങ്കുഴൽ ശാസ്ത്രീയ മേളത്തിലും കുഴൽ തിറയാട്ട ചടങ്ങുകളിലും ഉപയോഗിക്കാൻ ആകി

ല്ലെന്ന് ചുരുക്കം. കുറുങ്കുഴൽ വാദനത്തിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ എങ്ങനെയുണ്ടാകുന്നു എന്ന് ''കുറുങ്കുഴൽ നിർമാണത്തിൽ'' പറയുന്നുണ്ട്.

പാരമ്പര്യമായി കുറുങ്കുഴൽ വാദനം അഭ്യസിക്കുന്നതിനുള്ള യാതൊരു സംവിധാനവും ഈ ലേഖകന്റെ അറിവിലില്ല. കുറുങ്കുഴൽ വാദകരായി വളരെക്കുറിച്ച് വ്യക്തികൾ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. അവരാകട്ടെ പ്രായമേറിയവരും. ഈ സാഹചര്യത്തിൽ പാരമ്പര്യത്തിന്റെയും ഗോത്ര സംസ്കൃതിയുടെയും സ്വത്വം നിലനിർത്തുന്ന കുറുങ്കുഴൽ അഭ്യസനത്തിന് ഒരു വേദിയുണ്ടാക്കാൻ സർക്കാരോ, ഫോക്‌ലോർ അക്കാദമിയോ കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളോ ശ്രദ്ധിക്കേണ്ടതാണ്.

ചടങ്ങുകളിലെ കുറുങ്കുഴൽ വാദനം

തിറയാട്ട ദിവസം മൂത്ത പെരുമണ്ണാൻ കാവിൽ കയറാനായി തറവാട്ടിൽ നിന്ന് പുറപ്പെടുന്നതിനെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. കോമരങ്ങൾ ഉൾപ്പെടെയുള്ള അകമ്പടിക്കാരോടൊത്ത് കാവിലേക്ക് യാത്രയാകുന്നത് മറ്റുവാദ്യങ്ങൾക്കൊപ്പം കുറുങ്കുഴലിന്റെ നാദവിന്യാസത്തിലാണ്.

കുറുങ്കുഴൽ വിളിയോടെയാണ് കാവുണർത്തൽ ചടങ്ങ് തുടങ്ങുന്നത്. കുറുങ്കുഴലിലെ പാരമ്പര്യ രാഗത്തിന്റെ വാദനത്തിന് ശേഷമായിരിക്കും ചെണ്ടമേൽ ആദ്യകോല് വീഴുന്നത്. മേളം അവസാനിക്കുന്നതുവരെ കുറുങ്കുഴലിൽ നിന്നുള്ള വ്യത്യസ്ത രാഗങ്ങൾ മേളത്തിന് കൊഴുപ്പ് കൂട്ടുന്നു. മേളം അവസാനിക്കുന്നതും കുറുങ്കുഴൽ നാദത്തിലാണ്.

ദൈവത്തിന്റെ ഒടക്കിന് കുറുങ്കുഴൽ വാദനം അനിവാര്യമാണ്. തുടിതല്ലിന് കൈവീഴുന്നതിനുമുമ്പ് കുഴൽ വിളിക്കണം എന്നത് അലിഖിത കീഴ്വഴക്കം തന്നെ. ഇവിടെയും പാരമ്പര്യമായി ലഭിച്ച പ്രത്യേക രാഗങ്ങളുണ്ട്.

ഓരോ കോലവും പുറപ്പെടുന്നത് കുറുങ്കുഴൽ വാദനത്തിന്റെ അകമ്പടിയിലാണ്, പ്രദക്ഷിണവും അങ്ങനെതന്നെ. പക്ഷെ പ്രദക്ഷിണത്തിന് പ്രത്യേകം ചിട്ടപ്പെടുത്തിയ പാരമ്പര്യ രാഗങ്ങളുണ്ട്. പ്രദക്ഷിണശേഷം കുറുങ്കുഴൽ ഉപയോഗിക്കുന്നില്ല.

കുറുങ്കുഴൽ വാദകന്റെ പ്രാവീണ്യം തെളിയിക്കുന്നത് ''കുഴൽപ്പറ്റ്'' എന്ന ചടങ്ങിലാണ്. ''കുറുങ്കുഴൽ കച്ചേരി'' എന്നു പറയാവുന്ന കുഴൽപറ്റിലെ വാദനം അതി ശ്രേഷ്ഠവും വാദകന്റെ കഴിവ് പ്രകടമാക്കുന്നതുമാണ്. ഈ പാരമ്പര്യ വാദനത്തിന്റെ ശ്രുതിയ്ക്കായി ചെണ്ടയും ഇലത്താളവും ഉപയോഗിക്കുന്നുണ്ട്. തുടക്കം ''ഗണപതിരാഗ''ത്തോടെയാണ്. തുടർന്ന് ദൈവസ്തുതികളുടെ ചൊല്ലുകളോടു കൂടി വന്ദനരാഗം വിളിച്ചാണ് കുഴൽപറ്റ് അവസാനിപ്പിക്കുന്നത്.

ഇനിയുള്ളത് അവകാശിയായ മൂത്തപെരുമണ്ണാന്റെ പീഠം കയറൽ എന്ന ചടങ്ങാണ്. അതേപ്പറ്റി തുടക്കത്തിലേ പറഞ്ഞിട്ടുണ്ട്. എങ്കിലും ചെറിയൊരു വിശദീകരണം കൂടി ഇവിടെ ആവശ്യമുണ്ട്. പീഠമേറിയ കോലം കാവ് സ്ഥാനത്തിന് അഭിമുഖമായി ദൈവത്തെ വണങ്ങി നിൽക്കുന്നു. അപ്പോൾ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ കുറുങ്കുഴൽ നാദം അനുഗ്രഹത്തിന്റെ കുഞ്ഞലകളായി പുറപ്പെടുന്നു.

കുറുങ്കുഴലിന്റെ ഈ നാദവിന്യാസത്തിൽ തിരുമുമ്പിൽ നിന്ന് ദൈവത്തെ തൊഴുത് കോലം വലംതിരിഞ്ഞ് നാലുഭാഗത്തുമായി നിൽക്കുന്ന ഭക്തരെ അനുഗ്രഹിക്കുന്നു. തുടർന്ന് പീഠത്തിൽ നിന്നുമിറങ്ങി അഷ്ടദിക്കുകളിലോടി, അഷ്ടദിക്പാലകരെ വണങ്ങി വീണ്ടും പീഠമേറുന്നു. മുൻപറഞ്ഞതുപോലെ വീണ്ടും ഭക്തരെ അനുഗ്രഹിക്കുന്നു. ഇത്തരത്തിൽ മൂന്ന് പ്രാവശ്യം ആവർത്തിക്കുന്നു.

എല്ലാ തിറക്കോലങ്ങളുടെയും ആട്ടത്തിന്നവസാനം ''മേളം കൊട്ടി'' അവസാനിപ്പിക്കുകയെന്ന ചടങ്ങാണ്. കുറുങ്കുഴൽ വാദനത്തിൽ തുടങ്ങി കുറുങ്കുഴൽ വാദനത്തിലൂടെയാണ് ഈ ചടങ്ങ് അവസാനിക്കുന്നത്.

കുറുങ്കുഴൽ വാദനവുമായി ബന്ധപ്പെട്ട തിറയാട്ടത്തിലെ അവസാന ചടങ്ങാണ് ''കുടികൂട്ടൽ''. ഈ ചടങ്ങിന്റെ അവസാനമിങ്ങനെ. കുടികൂട്ടാനായി കാവിന്റെ രണ്ട് കാരണവൻമാർ ദൈവത്തിനു മുമ്പിൽ കറുത്ത ഒരു കോടിമുണ്ട് രണ്ടറ്റങ്ങളിലുമായി നിവർത്തിപ്പിടിച്ച് നിൽപുണ്ടാകും. മൂത്തപെരുമണ്ണാൻ മന്ത്രങ്ങളുരുക്കഴിച്ച നാളികേരവും അരിയും പൂവും നിവർത്തിപ്പിടിച്ച ആ കോടിമുണ്ടിൽ സമർപിക്കുന്നു. സമർപണശേഷം കാരണവൻമാർ അവയുമായി കാവിനെ ഒരു പ്രാവശ്യം പ്രദക്ഷിണം വെയ്ക്കുന്നു. ഈ പ്രദക്ഷിണത്തിലാണ് കുറുങ്കുഴലിന്റെ നാദം വിന്യസിക്കപ്പെടുന്നത്. ഈ നാദരാഗം വിടവാങ്ങലിന്റെ നേരിയ ശോകഛായ ഉൾക്കൊള്ളുന്നു. ശബരിമലയിൽ ഹരിവരാസനം പാടി അയ്യപ്പസ്വാമിയെ ഉറക്കുന്ന ഒരു പ്രതീതി! കുടികൂട്ടലിലെ ഈ രാഗം അവിസ്മരണീയമാണ്. കുടികൂട്ടുക എന്നു പറയുന്നതു തന്നെ ദൈവം അടുത്ത ഉത്സവം വരെ സുഷുപ്തിയിൽ ലയിക്കുന്നു എന്നതാണ്.

കുറുങ്കുഴൽ നിർമാണം

നിലവിൽ ഉപയോഗിച്ചുവരുന്ന ''കാളങ്ങൾ'' ഏറെയും പാരമ്പര്യമായി കൈമാറി ലഭിച്ചിട്ടുള്ളതാണ്. ഓടും വെള്ളോടും പ്രത്യേക അനുപാതത്തിൽ ചേർത്ത് പ്രഗൽഭരായ മൂശാരിമാർ ഉണ്ടാക്കുന്നതാണ് കാളം. നമ്മുടെ കോളാമ്പിയുടെ ഏകദേശ രൂപമാണ് കാളത്തിന്. നാദം പുറത്തേക്ക് ബഹിർഗമിക്കുന്നത് കാളത്തിലൂടെയാണ്. കാളവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഭാഗം (തണ്ട്) ഉണ്ടാക്കുന്നത് വീട്ടിക്കഷ്ണത്തിൽ നിന്നാണ്. ഒരു ചാൺ നീളവും ഒരിഞ്ച് വണ്ണവുമുള്ള വീട്ടിക്കഷ്ണമെടുത്ത് ''തമര്'' ഉപയോഗിച്ചു തുരന്ന് ആവശ്യമായ വ്യാസത്തിൽ ഉള്ള് പൊള്ളയാക്കുന്നു. തുടർന്ന് വിവിധ വലിപ്പത്തിലുള്ള ദ്വാരങ്ങൾ തണ്ടിന്മേലിടുന്നു. സ്വരവൈവിധ്യത്തിനാണ് ഇങ്ങനെ ചെയ്യുന്നത്. ശേഷം വായിൽ വെച്ച് ഊതുന്ന ഭാഗത്ത് ഒരു പിച്ചളക്കുറ്റി പിടിപ്പിക്കുന്നു. ഈ പിച്ചളക്കുറ്റിയിലാണ് പുല്ല് പിടിപ്പിക്കുന്നത്. വാദകൻ ശ്വാസമെടുത്ത് ശക്തിയായും രാഗമനുസരിച്ചും പുറത്തേക്ക് ഊതേണ്ടത് ഈ പുല്ല് ചുണ്ടുകൾക്കിടയിൽ പിടിപ്പിച്ചാണ്. പുല്ലിന്റെ നിർമിതി ഇങ്ങനെ. ഗന്ധർവ സ്പർശമുള്ള വൃക്ഷമാണത്രേ കരിമ്പന. ഈ കരിമ്പനയുടെ മധ്യമൂപ്പെത്തിയ ഓലയെടുത്ത് ആദ്യമായി വെള്ളത്തിൽ പുഴുങ്ങിയെടുക്കുന്നു. തുടർന്ന് പാകത്തിനുള്ള പുകയേൽപിച്ച് ആവശ്യമായ വലിപ്പത്തിൽ മുറിച്ചെടുത്ത് പിച്ചളക്കുറ്റിയുമായി ബന്ധിപ്പിക്കുന്നു. അതായത്, കാളം, ഉള്ളുപൊള്ളയാക്കി രാഗങ്ങൾക്കനുസരിച്ച് ദ്വാരങ്ങളിട്ട വീട്ടിത്തണ്ട്, പിച്ചളക്കുറ്റി, പുല്ല് ഈ ഘടകങ്ങൾ ബന്ധിപ്പിക്കുമ്പോൾ കുറുങ്കുഴലായി. എന്നാൽ ശാസ്ത്രീയ കുഴലിന് ചെറിയ വലിപ്പ വ്യത്യാസമുണ്ട്. അതിലുപരി കരിമ്പനലയിലയ്ക്ക് പകരം ''ശീവാളി'' എന്നറിയപ്പെടുന്ന ''അമപ്പുല്ലാണ്'' പിച്ചളക്കുറ്റിയിൽ അവർ ഉപയോഗിക്കുന്നത്. കുറുങ്കുഴൽ വാദനത്തിൽ അതായത് ശ്വാസമെടുത്ത് ഊതുമ്പോൾ ശ്വാസം പൂർണമായും പുറത്താക്കപ്പെടുകയും തുടർച്ചയ്ക്ക് അതേ ശക്തിയിൽ തന്നെ വീണ്ടും ഊതുകയും വേണം. മറിച്ച് അമപ്പുല്ല് ബന്ധിച്ചിടത്ത് ആദ്യ ഊതലിൽ തന്നെ വായുവിലൊരു ഭാഗം അവിടെ തങ്ങി നിൽക്കുകയും തുടർച്ചയിൽ വാദകന് വലിയ ആയാസം അനുഭവപ്പെടുകയുമില്ലത്രെ. മറ്റൊരു കാര്യമുള്ളത് തിറയാട്ടത്തിൽ ഒരേയൊരു കുറുങ്കുഴൽ മാത്രമേ വാദനത്തിനുള്ളൂ. എന്നാൽ ചെണ്ടമേളത്തിൽ, മേളം കൊഴുപ്പിക്കാൻ ഒന്നിലധികം കുഴലുകളുണ്ട്. ഇതും കുറുങ്കുഴൽ വാദനത്തിലെ ഒരു പ്രശ്നം തന്നെയാണ്. ഇങ്ങനെ തിറയാട്ടത്തിലെ ഏകകുഴൽ വാദനവും വാദനത്തിലെ ആയാസകരമായ ശ്വാസോച്ഛ്വാസഗതികളും COPD (Chronic Obstructive Pulmonary Disease) ക്ക് കാരണമാകുമത്രെ. ഇതൊരു ശ്വാസകോശ രോഗമാണ്.

ഏതായാലും സംഗീതത്തെ സംബന്ധിച്ച ആദിമമനുഷ്യന്റെ നാട്ടറിവിൽ രൂപം കൊണ്ട കുറുങ്കുഴലിന്റെ രാഗവിസ്താരങ്ങൾ തിറയാട്ടത്തിൽ മാത്രമേ നിലനിൽക്കുന്നുള്ളു. അന്നത്തെ കാളം, ഇന്ന് പറയുന്ന ലോഹക്കൂട്ടിൽ നിന്ന് ഉണ്ടാക്കുന്നതായിരുന്നില്ല. ഏതെങ്കിലും പ്രകൃതിദത്ത സാധനങ്ങളായിരിക്കണം അന്ന് കാളമായി ഉപയോഗിച്ചിരുന്നത്. എന്നാൽ അന്നത്തെ

കുറുങ്കുഴൽ വാദനത്തിന്റെ ആയാസം ഇന്നും നിലനിൽക്കുന്നുണ്ട്. ആയാസരഹിതമാക്കാനുള്ള സാങ്കേതികത ഉണ്ടെങ്കിലും തിറയാട്ട സംഘങ്ങൾ അതിന് തുനിയാത്തത് പാരമ്പര്യം നിലനിർത്തുന്നതിന് വേണ്ടിയാണ്. തെയ്യത്തിൽ ഇത്തരത്തിൽ കുറുങ്കുഴൽ ഉപയോഗിക്കുന്നതേയില്ല. അതിലുപരി നിഷ്ഠാബദ്ധമായ ഇത്തരം ചടങ്ങുകളുമില്ല. ഇതും തെയ്യവും തിറയും തമ്മിലുള്ള പ്രധാന വ്യത്യാസം തന്നെ. ഏത് നിലയ്ക്കും തിറയാട്ടത്തിന്റെ ഗോത്ര നാളീബന്ധമാണ് ഇവിടെ വ്യക്തമാക്കുന്നത്.

പഞ്ചായുധം

പഞ്ചായുധം എന്ന വാക്കിൽത്തന്നെയുണ്ട് അഞ്ച് ആയുധങ്ങൾ. സ്വാഭാവികമായും ഇവിടെയൊരു സംശയമുണ്ടാവും. ആയുധവും വാദ്യവും തമ്മിലെന്ത് ബന്ധം? പഞ്ചവാദ്യം എന്നുപറഞ്ഞാൽ അതിനൊരു പ്രത്യക്ഷാർഥമുണ്ട്. എന്നാൽ പഞ്ചായുധത്തിനോ? ഇവിടെ വാദ്യസംബന്ധമായ അർഥകൽപനകളൊന്നുമില്ല. എന്താണ് ഈ പഞ്ചായുധങ്ങൾ? 1.ശംഖ്, 2. ചക്രം, 3. ഗദ. 4. ഗാർങ്ഗം (വില്ല്) 5. ഖഡ്ഗം (വാൾ) ഇവിടെ ശംഖ് ഒഴിച്ചാൽ ബാക്കിയെല്ലാം ആയുധങ്ങൾ തന്നെ. ചക്രം എന്നുപറയുന്നിടത്ത് മഹാവിഷ്ണുവിന്റെ ചക്രായുധം നമ്മുടെ ഓർമയിലെത്തുകയും ചെയ്യും. സ്വരസംബന്ധമായ എന്തെങ്കിലും പ്രാധാന്യം പഞ്ചായുധത്തിന് നൽകിയാൽ അത് ശംഖിന് മാത്രമായിരിക്കും.



സരുൺ (പഞ്ചായുധം)

ഇവിടെയും മേലാള – കീഴാള വൈരുദ്ധ്യം നിലനിൽക്കുന്നു. മഹാഭാരതയുദ്ധത്തെപ്പറ്റിനമുക്ക് സ്വാഭാവിക അറിവുകളെങ്കിലുമുണ്ടല്ലോ. യുദ്ധം ആരംഭിക്കുന്നത് ശംഖുവിളിയോടെയാണ്. അതായത് യുദ്ധം തുടങ്ങാമെന്ന് അടയാളം ലഭിക്കുന്നത് ശംഖനാദത്തിലൂടെയാണ്, ഇരുപക്ഷത്തിനും. ഇങ്ങനെ നോക്കിയാൽ ശംഖും ഒരായുധം തന്നെ. ക്ഷേത്രങ്ങളിലെ അനുദിന അനുഷ്ഠാനങ്ങൾക്കുള്ള തുടക്കവും ശംഖ് വിളിയോടെയാണല്ലോ. യുദ്ധത്തിലായാലും ക്ഷേത്രങ്ങളിലെ അനുഷ്ഠാനാരംഭത്തിലായാലും ശംഖ് വിളിക്കാനുള്ള അവകാശം ആധികാരികമായിത്തന്നെ സവർണ്ണനിൽ – ബ്രാഹ്മണനിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. അങ്ങനെ ക്ഷേത്രം ശംഖ് വിളിയോടെയാണ് ഉണരുന്നത്. അപ്പോൾ കീഴാളന്റെ കാവാചാരങ്ങളിലും ശംഖിന് സമാനമായ ഒരു ഉണർത്തുശബ്ദം വേണ്ടെ? വേണം. ആ ഉണർത്തുശബ്ദം പുറപ്പെടുവിക്കുന്ന ''സാധനമാണ്'' പഞ്ചായുധം.

ആദിമമനുഷ്യൻ കടലോരത്തുനിന്നോ കടലാഴത്തിൽ നിന്നോ കണ്ടെടുത്ത് ഊതിയൂതി ഉരുക്കഴിച്ച് ഓംകാരപ്പൊരുളാക്കി മാറ്റിയ ശംഖ് ഏതായാലും സവർണന് സ്വന്തമായി. അശക്തനായ ആ ആദിദ്രാവിഡൻ വീണ്ടും ഓംകാരപ്പൊരുൾ തേടിയലഞ്ഞപ്പോൾ ഒരു പുതിയ സൃഷ്ടിക്കായി, അവന്റെ ജനിതകപാരമ്പര്യം അവനെ പ്രേരിപ്പിച്ചു. അങ്ങനെ അവന്റെ അന്വേഷണത്വരയിൽ പുതിയൊരു സൃഷ്ടി നടന്നു. പഞ്ചായുധം. ഇന്ന് നാം അറിയുന്ന പഞ്ചായുധമായിരിക്കില്ല അത്. ഏതായാലും കാവാചാരങ്ങളിലെ ഉണർത്തുധ്വനിയുടെ പ്രതീകമായി ഇന്ന് നാമറിയുന്ന പഞ്ചായുധത്തിന്റെ ആദ്യരൂപമുണ്ടായി; ശംഖിന് പകരമായി.

കീഴാളന്റെ കാവുകളിലെ പഞ്ചായുധപ്രയോഗത്തിന്റെ കാരണമാണിപ്പറഞ്ഞവ. മലദൈവക്കാവുകളിലും തറവാട്ടുസ്ഥാനങ്ങളിലുമെല്ലാം ഇപ്പറഞ്ഞ പഞ്ചായുധധ്വനി മുഴങ്ങിയാലെ അനുഷ്ഠാനങ്ങൾക്ക് തുടക്കമാവൂ. ഇവിടെയും ഉണ്ട് ഒരു സന്നിഗ്ദ്ധത. മേളങ്ങളിലെ കൊമ്പുവിളിതന്നെയല്ലേ ഈ പഞ്ചായുധം?, അല്ല, അല്ലേയല്ല. കാരണം പഞ്ചായുധത്തിന് രാഗങ്ങളും താളങ്ങളുമില്ല, ശംഖുവിളിക്കുമില്ലല്ലോ. ഇതൊരു അടയാള ശബ്ദം മാത്രം. അതായത് സവർണന്റെ ശംഖുവിളി, അവർണന്റെ പഞ്ചായുധപ്രയോഗത്തിന് തുല്യം അത്രതന്നെ.

എന്നാൽ പഞ്ചായുധത്തിന്റെ രൂപത്തെ സംബന്ധിച്ചുമുണ്ടൊരു സന്നിഗ്ദ്ധത. മേളത്തിനുപയോഗിക്കുന്ന കൊമ്പുതന്നെയല്ലേ ഈ പഞ്ചായുധം. അല്ല എന്നുതന്നെയാണ് ഉത്തരം. പൂർണവളർച്ചയിലെത്തിയ ഒരു മനുഷ്യന്റെ കൈയുടെ നീളമുണ്ട് പഞ്ചായുധത്തിന്. ഈ നീളം ലേശം വളച്ചാൽ പഞ്ചായുധമായി. എന്നാൽ ''മേളക്കൊമ്പ്'' അർദ്ധവൃത്താകൃതിയോളം വളഞ്ഞതാണ്. ഇവ രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പഞ്ചായുധം ഉതിർക്കുന്ന ശബ്ദം ശംഖനാദത്തോട് സാമാന്യം സമാനമാണ്. എന്നാൽ കൊമ്പിൽ നിന്നുയരുന്ന ശബ്ദം അങ്ങനെയല്ല. എല്ലാ മേളങ്ങളിലും കൊമ്പ് മുഖ്യപങ്ക് വഹിക്കുന്നു. കൊമ്പിൽ ശാസ്ത്രീയമായി തന്നെ രാഗങ്ങളും കലാശങ്ങളും താളങ്ങളും നിജപ്പെടുത്തിയിട്ടുണ്ട്. പഞ്ചവാദ്യത്തിലുമെല്ലാം കൊമ്പ് മുഖ്യ പങ്ക് വഹിക്കുന്നു. വർഷങ്ങളിലെ അഭ്യസനത്തിലൂടെ മാത്രമെ നല്ല ഒരു കൊമ്പുവാദകനാവൂ. എന്നാൽ തിറയാട്ടത്തിലെ പഞ്ചായുധത്തിൽ നിന്ന് പുറപ്പെടുന്നത് ആദ്യശബ്ദമെന്ന് വിശ്വസിക്കപ്പെടുന്ന ഓംകാരം തന്നെയാണ്. മാനുഷീകമായ യാതൊരു കൂട്ടിച്ചേർക്കലും പരിഷ്കാരങ്ങളും വരുത്താതെ ആദ്യം മുതൽ ഈ നിമിഷം വരെ നിലനിൽക്കുന്ന ആദിമ ശബ്ദം – ഓംകാരം.

മറ്റു കാവാചാരങ്ങളിലൊന്നും ഈ പഞ്ചായുധ പ്രയോഗമില്ല പ്രയോഗം എന്ന പദം ബോധപൂർവ്വം ഉപയോഗിച്ചതാണ്. ആയുധം പ്രയോഗിക്കാനുള്ളതും വാദനം ആസ്വദിക്കാനുള്ളതും ആണല്ലോ. ഇപ്പറഞ്ഞ പഞ്ചായുധ ധ്വനികൾ തെയ്യത്തിൽ ഇല്ല എന്നുമാത്രമല്ല, ഇത് തിറയാട്ടത്തിന്റെ ഗോത്രപൈതൃകം നിലനിർത്തുകയും ചെയ്യുന്നു.

നിർമിതി

പഞ്ചായുധ നിർമിതിയെ സംബന്ധിച്ച അറിവുകൾ പാരമ്പര്യമായിപ്പോലും ഈ ലേഖന് ലഭിച്ചിട്ടില്ല. ഇപ്പോൾ നിലവിലുള്ള പഞ്ചായുധങ്ങൾ തലമുറകളായി കൈമാറി കിട്ടിയിട്ടുള്ളതാണ്. ലോഹനിർമിതമായ പഞ്ചായുധത്തിന്റെ നിർമാണത്തെ സംബന്ധിച്ച ആധികാരികമായ അറിവുകൾ ഇന്ന് ജീവിച്ചിരിക്കുന്ന പല മൂശാരിമാർക്കുമുള്ളതായി തോന്നുന്നില്ല.

ഇലത്താളം

ഇലത്താളം ഒരു സ്വതന്ത്രവാദ്യമല്ല. കാവാചാരങ്ങളിലോ അനുഷ്ഠാനങ്ങളിലോ ഇലത്താളത്തിന് പ്രത്യേകമായ ഒരു സ്ഥാനവുമില്ല. എന്നാൽ ചെണ്ടയുടെയും തുടിയുടെയുമൊക്കെ മേളക്കൊഴുപ്പിന് ഇലത്താളം അനിവാര്യമാണുതാനും. ഇലത്താളമില്ലാത്ത ചെണ്ടവാദ്യത്തിന്റെ ആസ്വാദ്യതയെപ്പറ്റി നമുക്ക് ചിന്തിക്കാനാവുമോ? ആവില്ല. ഇന്ന് നാം കാണുന്ന തരത്തിലുള്ള ഇലത്താളത്തിന്റെ ആദ്യനിർമിതി ഇങ്ങനെ – പഴയ ഓട്ടുകിണ്ണങ്ങൾ മൂശാരി അടിച്ചു പരത്തി ഷീറ്റുകളാക്കും. ആ ഷീറ്റുകൾ ഇലത്താളത്തിന്റെ രൂപത്തിലാക്കി ഉപയോഗിക്കും.



മൂർക്കനാട് ഹരികുമാർ (ഇലത്താളം)

അധ്യായം പതിമൂന്ന്

താളം നൃത്തം



''പാടി നടക്കണ പൂങ്കുയിലേ
ആടി നടക്കണ പൊൻമയിലേ''



മോഹനൻ രംഗശീല
മാമ്പറ്റ

സമീപ കാലത്ത് പണിയാളരുടെ ഉണർത്തുപാട്ടായി കേരളമാകെ അലയടിച്ച ഈരടികളാണിത്. പ്രകൃതിയുടെ ചലനവ്യവസ്ഥകളെ സൂക്ഷ്മനിരീക്ഷണം നടത്തിയ കവി നമ്മെ ക്ഷണിക്കുന്നത് ആദിമമനുഷ്യന്റെ പ്രകൃതി നിരീക്ഷണലോകത്തേയ്ക്കാണ്. ആ നിരീക്ഷണത്തിന്റെ ശാസ്ത്രീയത ഇന്നും നിലനില്ക്കുന്നു. അതൊരു സത്യമാണ്. ആ സത്യമാണ് മുൻപറഞ്ഞ ഈരടികളിലൂടെ കവി നമ്മെ ബോധ്യപ്പെടുത്തുന്നതും. പണ്ഡിത ശ്രേഷ്ഠന്മാരായ പ്രമുഖ ഫോക്‌ലോറിസ്റ്റുകളുടെ നിരീക്ഷണങ്ങൾ അടിവരയിടുന്നതും ഈ സത്യം തന്നെ.

'എല്ലാ കലകളുടെയും മാതൃത്വം നൃത്തത്തിന് അവകാശപ്പെട്ടതാണ്. അതിന് മനുഷ്യ സമുദായത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട്. പ്രാകൃത മനുഷ്യ ജീവിതത്തിൽ, പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങളെ അനുകരിക്കാനുള്ള ശ്രമത്തിൽ നിന്നാണ് നൃത്തം ഉത്ഭവിക്കുന്നത്. കൂട്ടായി നൃത്തം ചെയ്യുക എന്നതായിരുന്നു രീതി. ഒന്നിച്ചു പണിയെടുത്തു ജീവിച്ചുപോന്ന പ്രാകൃത സമൂഹം പ്രകൃതിയെ ഇണക്കിയും നിയന്ത്രിച്ചും പോരടിച്ചും മുന്നോട്ട് പോയപ്പോൾ അവരുടെ വികാരങ്ങളെ പ്രകടിപ്പിക്കാനുള്ള ഉപാധിയായി നൃത്തം ചെയ്തുപോന്നു. പ്രാകൃതനായ മനുഷ്യന് സ്വന്തം വികാരാധിക്യത്തെ പ്രകടിപ്പിക്കാനും അതുവഴി അതിൽ നിന്നും സ്വയം മുക്തി നേടാനുമുള്ള ഒരു ഉപാധി മാത്രമാണ് നൃത്തം' ഡോ. രാഘവൻ പയ്യനാട്, ഫോക്‌ലോറിന്റെ വർത്തമാനം, (എഡിറ്റർ– കെ.ചന്ദ്രമോഹൻ)

ആദിമ മനുഷ്യന്റെ വികാരവിചാരങ്ങൾ ഉൾക്കൊള്ളുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന ഇപ്പറഞ്ഞ നൃത്തത്തെ നമുക്ക് വേണമെങ്കിൽ പ്രാകൃത നൃത്തം എന്ന് വിളിക്കാം. പ്രാകൃത ജീവിതത്തിന്റെ ഒരനിവാര്യഘടകമായിരുന്നു അത്. ഇവിടെ കാണിയെന്നോ നർത്തകനെന്നോ ഉള്ള വേർതിരിവില്ല. കൂട്ടായി നൃത്തം ചെയ്യുന്നു. പ്രാകൃത നൃത്തത്തിന്റെ വികാസഘട്ടമാണ് നാടൻ നൃത്തം. ഇതിൽ ശരീര ചലനങ്ങൾക്ക് ബോധപൂർവമായ അനുകരണം സാധ്യമാക്കുന്നു. നാടോടിനൃത്തമെന്ന സങ്കല്പം രണ്ട് ആശയങ്ങളെ ഉൾക്കൊള്ളുന്നു. ഇത് രൂപപ്പെട്ടുവരുന്നത് കാലാകാലങ്ങളായി സമൂഹത്തിന്റെ കൈകളിലൂടെ കടന്നുവരുമ്പോൾ അവയുടെ സമ്മർദ്ദത്തിന് വിധേയമായിട്ടാണ്. രണ്ട് തലമുറകളിലൂടെ കൈമാറ്റം എന്ന പ്രക്രിയ, നൃത്തത്തിലെ സ്വീകാര്യമായ സവിശേഷതകളുടെ സ്വാഭാവികമായ ഉൾക്കൊള്ളലിന്റെയും ബോധപൂർവമല്ലാത്ത തെരഞ്ഞെടുപ്പിന്റെയും ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ്.

നൃത്തത്തെ സംബന്ധിച്ച വീക്ഷണങ്ങൾ അനുഷ്ഠാന സംബന്ധം കൂടിയാകുന്നുണ്ട്. കാരണം അനുഷ്ഠാന നൃത്തങ്ങൾ ഇഷ്ടദേവതാ പ്രീണനമാണ്. ആദിമമനുഷ്യൻ ആശ്രയിച്ചിരുന്ന ദൈവത്തെ പ്രീതിപ്പെടുത്താനുള്ള അവന്റെ നേർച്ച. ഇപ്പോഴും ഗുരുവായൂരമ്പലത്തിൽ നേർച്ചയായി അവതരിപ്പിക്കുന്ന കൃഷ്ണനാട്ടം ഈയവസരത്തിൽ നാം ഓർക്കേണ്ടതാണ്.

നൃത്തത്തെ സംബന്ധിച്ച അന്വേഷണങ്ങൾ ഇത്തരത്തിലാകുമ്പോൾ താളസംബന്ധമായ അന്വേഷണങ്ങളും അനിവാര്യമാകുന്നു. പ്രകൃതിയുടെ അനുഗ്രഹവായ്പ് താളമായി, ശ്രുതിയായി, ലയമായി നമ്മുടെ പൂർവികർ അനുഭവിച്ചറിഞ്ഞിരുന്നു. അത് നൃത്തബന്ധി കൂടിയായപ്പോൾ താളവും നൃത്തവുമായി. ഇതിന് ഒരടിസ്ഥാന കാരണവുമുണ്ട്. ആ അടിസ്ഥാന കാരണത്തിന്റെ ആത്മാവിലേക്ക് നോക്കിയാൽ കിട്ടുന്ന മൂന്ന് അക്ഷരമാണ് – അധ്വാനം.

അധ്വാനം, അത് ആദിമമനുഷ്യന്റെ കാലം മുതൽ തുടങ്ങിയതല്ല. അതിനും എത്രയോ മുമ്പ് ! വായിച്ചും കേട്ടുമുള്ള അറിവിൽ ഉറുമ്പുകളുടെ അധ്വാനം പോലും നാം ഉൾക്കൊള്ളേണ്ടതല്ലേ ? ഉറുമ്പുദാഹരണത്തിനും തുടർ പരിണാമ പ്രക്രിയകൾക്കും ശേഷം മനുഷ്യന്റെ അധ്വാന ശേഷിയിൽ എത്തുമ്പോഴുള്ള താള നൃത്തങ്ങളുടെ ഇടപെടലിനെപ്പറ്റി പി.കെ. ശിവശങ്കരപ്പിള്ള എഴുതുന്നു.

'മനുഷ്യൻ പ്രകൃതിയോടു പ്രതികരിക്കുന്ന അധ്വാനത്തിന്റെ ചലനങ്ങളിലാണ് കലയുടെ ആരംഭം. ബോധപൂർവമുള്ള അധ്വാനത്തിനുവേണ്ടി ആദ്യം വെച്ച ചുവടുകളും ശാരീരിക ചലനങ്ങളും അവയ്ക്ക് നിയതക്രമമുണ്ടാക്കാൻ കൈ കൊട്ടിയോ, വായ്ത്താരി പിടിച്ചോ ഇട്ട താളവും ആശയസ്ഫുരണത്തിനുതകുന്ന ശബ്ദങ്ങളെ ഈണത്തോടുകൂടി ഉച്ചരിച്ചു രൂപപ്പെടുത്തിയ പാട്ടും ചേർന്നാണ് ഗീത-വാദ്യ-നൃത്താത്മകമായ നിരവധി തൗര്യത്രിക കലകൾക്ക് അടിസ്ഥാനമിട്ടത്.' പി.കെ. ശിവശങ്കരപ്പിള്ള, മലയാള സാഹിത്യം മാസിക, റിപ്പബ്ലിക് പതിപ്പ് - 1980

ഇന്ന് നാം അനുഭവിച്ചറിയുന്ന താളങ്ങളുടെ പിന്നാമ്പുറത്തെപ്പറ്റി 1953-ലെ പ്രഭാതം വിശേഷാൽ പ്രതിയിൽ പി.കെ. ശിവശങ്കരപ്പിള്ള എഴുതുന്നു.

'ഇന്ന് കേൾക്കുന്ന ശാസ്ത്രീയസംഗീതത്തിന്റെ തിരയടികൾക്കകത്തു കൂടെ കയറി പിന്നോട്ടുപോയാൽ, വെള്ളിയലുക്കിട്ട ചെറുതരംഗങ്ങൾ ഓളം കളിച്ചു മുന്നോട്ടു കയറുന്ന അതിവിശാലമായ ഒരാഴിപ്പരപ്പിലായിരിക്കും നാം ചെന്നുചേരുക. അവിടെ മാറ്റൊലിക്കൊള്ളുന്നത്, നൂറ്റാണ്ടുകളിലൂടെ വയലുകളുടെ വിരിമാറിലും കുടിലുകളുടെ മൺതറയിലും നിന്ന് മനുഷ്യകണ്ഠങ്ങൾ പുറപ്പെടുവിച്ച 'ചാറ്റലു'കളുടെയും പാട്ടുകളുടെയും ഈണവും താളവുമായിരിക്കും. ഇന്നത്തെ ഭരതനാട്യത്തിന്റെയും മറ്റുയർന്നതരം നൃത്യപ്രഭേദങ്ങളുടെയും ചുവടുപിടിച്ച്, അവയുടെ പിന്നിൽ പതിഞ്ഞുകിടക്കുന്ന കാൽപ്പാടുകളെ നോക്കി നോക്കിപ്പോയാൽ പ്രകൃതിയോടു മല്ലിടുന്ന പ്രാകൃതമനുഷ്യൻ അവന് നേരിടേണ്ടിവന്ന ദുർജ്ഞേയങ്ങളായ പ്രകൃതിശക്തികളെ ജയിച്ചു കീഴടക്കുന്നതിനു വേണ്ടി സങ്കൽപിച്ച് ആരാധിച്ച ഏതോ ദേവതയെ പ്രീതിപ്പെടുത്താൻ രാത്രികാലത്ത് പന്തവും കത്തിച്ചുപിടിച്ച്

തികി - തികി - താ -

തികി - തികി - താ -

തിത്തിന്തക - ത്തെയ്തെയ് - താ

എന്നിങ്ങനെ താളം ചവിട്ടിത്തുള്ളിയതിന്റെ കാല്പാടുകളായിരിക്കും കാണുക''

പൊതുവെ പറഞ്ഞാൽ കലയുടെ ഉല്പത്തിക്ക് മനുഷ്യോല്പത്തിയോളം തന്നെ പഴക്കമുണ്ട്. നാലുകാലിൽ നടന്നിരുന്ന ജീവി പരിണാമഘട്ടത്തിൽ മുൻകാലുകൾ രണ്ടും കൈകളായി ഉപയോഗിക്കാൻ തുടങ്ങി. മുമ്പിൽ കണ്ട വസ്തുക്കളെടുത്ത് സ്വയം കൈകാര്യം ചെയ്തു. അപ്പോൾ സ്വാഭാവികമായി അവന്റെ തലച്ചോറിലുണ്ടായ പരിണാമ ഫലമാണ് ബോധോദയം. അധ്വാനത്തിന്റെ സോദ്ദേശവും ബോധപൂർവമുള്ള ആരംഭവും ഇവിടെ നിന്നുതന്നെ. ബോധപൂർവമുള്ള അധ്വാനത്തിന്റെ ചലനങ്ങളിലാണ് കലയുടെ ആരംഭമെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നു.

ഇങ്ങനെ ചിന്തിച്ചാൽ പ്രകൃതിയുടെ താളക്രമം തന്നെയാണ് മനുഷ്യൻ പിന്തുടരുന്ന താളക്രമമെന്ന് മനസ്സിലാകും. അതായത് മനുഷ്യനുൾപ്പെടെയുള്ള പ്രകൃതിയുടെ എല്ലാ ചലനങ്ങൾക്കും നമുക്ക് വിശദീകരിക്കാനാവാത്ത ഏതോ താളക്രമമുണ്ടത്രെ. ആ താളക്രമത്തിലാണ് അവന്റെ ആട്ടവും പാട്ടുമെല്ലാം. തിറയാട്ടത്തിലെ ആട്ടം എന്ന ധ്വനി പോലും ഗോത്ര സംബന്ധിയാണ്. കാരണം തിറനൃത്തമല്ല തിറയാട്ടം എന്നാണ് പണ്ടു മുതലേ പറഞ്ഞും കേട്ടും വരുന്നത്. സ്വാഭാവികമായും ഗോത്രതലത്തിൽ നിന്ന് തുടങ്ങി ഇന്ന് ഈ നിലയിൽ തിറയാട്ടം എത്തി നിൽക്കുന്നു എന്നതാണ് സത്യം.

തിറയാട്ടത്തിൽ താളങ്ങൾ സന്നിവേശിപ്പിച്ചിരിക്കുന്നതിനെപ്പറ്റി വ്യാപകമായി പ്രചരിക്കുന്ന ഒരു ''മിത്തു''ണ്ട്. വിശ്വാസവുമായി ഇഴചേർന്നിരിക്കുന്ന ഈ ''മിത്ത്'' ആധികാരികമാണെന്ന് അഭിപ്രായമുള്ളവരാണ് തിറയാട്ടകലാകാരൻമാർ. ഏതായാലും ആ ''മിത്ത്'' പരമശിവനുമായി ബന്ധപ്പെട്ടിരിക്കുന്നു.

പരമശിവൻ മാറ്റധികാരവും ഭഗവാന്റെ കോലം കെട്ടിയാടാനുള്ള അവകാശവും മണ്ണാന് നൽകിയതിനെ സംബന്ധിച്ച് ഈ പുസ്തകത്തിലെ ''നേരവകാശികൾ'' എന്ന അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം ദേവവാദ്യമായ ''നന്ദുണി''യും മണ്ണാന് നൽകി. മാത്രമല്ല താളോല്പത്തിയ്ക്കാധാരങ്ങളായ ഭഗവാന്റെ നെറ്റി, നെഞ്ച്, വയർ, കാൽമുട്ട് എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിച്ച ''ത'' കാരവും ''ധ'' കാരവും ''തോം'' കാരവും ''നം'' കാരവും താളസ്വരൂപങ്ങളും ഉപദേശിച്ചു കൊടുക്കുകയും ചെയ്തു. മന്ത്രനാദങ്ങളിൽ നിന്നുരിത്തിരിഞ്ഞ ഈ കാവുകളിലെ ആചാരനുഷ്ഠാനങ്ങളുടെ താളപ്രമാണമായി തുടി, ചെണ്ട, ഇലത്താളം തുടങ്ങിയ വാദ്യങ്ങൾ കാവിൽ ദൈവത്തെ ഉണർത്തുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്തു. ഓരോ കാവിലും അവിടത്തെ ആചാരാനുഷ്ഠാനങ്ങൾക്കനുസൃതമായ ഉപയോഗരീതികളുണ്ട്. പഞ്ചായുധത്തിൽ ഓംകാരമോതിയശേഷം ദേവനാദമായ തുടിയിലോ വലന്തലച്ചെണ്ടയിലോ കൊട്ടിയാണ് ദൈവത്തെ ഉണർത്തുന്നത്. അസുരവാദ്യമായ ചെണ്ടയുടെ ഉരുളുകൈ പ്രയോഗിക്കുന്ന ഭാഗം ആസുരമായും ഓംകാരനാദമുണർത്തുന്ന വലന്തല ദേവവാദ്യമായും പ്രയോഗിക്കുന്നു. അതുകൊണ്ടാണ് കാവുണർത്തൽ ചടങ്ങിലും ഉത്സവം അവസാനിക്കുന്നതോടെയുള്ള മേളത്തിലും ഓംകാരമോതിയ വലന്തല ഉപയോഗിക്കുന്നത്.

തിറയാട്ടത്തിൽ മുപ്പതിലധികം കോലങ്ങൾ കെട്ടിയാടപ്പെടുന്നുണ്ടെന്ന് മുമ്പ് പറഞ്ഞു. ഓരോ കോലത്തിന്റെയും ഓരോ ചലനത്തിന് പ്രത്യേകം താളങ്ങളുണ്ട്. ആ താളക്രമത്തിലാണ് ചുവട് വെയ്ക്കുന്നതും ആടുന്നതും. ഈ താളക്രമമാകട്ടെ വളരെ പൂർവികമാണുതാനും. അതുകൊണ്ട് ഇതിനൊന്നും പ്രത്യേകപേരുകൾ കല്പിക്കപ്പെട്ടിട്ടില്ല. അനുഷ്ഠാനങ്ങളോടനുബന്ധിച്ചുള്ള പേരുകളാണ് പറഞ്ഞുവരുന്നത്. ഉദാഹരണമായി കോലം അണിമറയിൽ നിന്ന് ഇറങ്ങുന്നത് പതിഞ്ഞതാളത്തിലുള്ള ചുവടുവെയ്പുകളോടെയാണ്. കാവിന്റെ പ്രവേശന കവാടത്തിനടുത്ത് കോലത്തിന്റെ പുറപ്പാടിനായി ഒരു സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. അണിമറയിൽ നിന്നിറങ്ങിയ കോലം നിശ്ചിത സ്ഥലത്ത് എത്തിക്കഴിഞ്ഞാൽ ആദ്യം കൊട്ടിയ താളം ഒരു കലാശം കൊട്ടിത്തീർക്കുകയും ചുവടുറപ്പിക്കുന്ന മറ്റൊരു താളത്തിലേക്ക് കടക്കുകയും വേണം. ആ താളവും ചുവടുവെയ്പും, ആദ്യത്തേതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അങ്ങനെ ചുവടുറപ്പിച്ചു കഴിഞ്ഞാൽ തൊഴുതു കുമ്പിടുന്ന നൃത്തമാണ്. ചുരുക്കിപ്പറഞ്ഞാൽ അനുഷ്ഠാനങ്ങളുടെ ഭാഗമായി നടക്കുന്ന ഓരോ നൃത്തച്ചുവടുകളും അതിന്റെ താളവും വ്യത്യസ്തങ്ങളായിരിക്കും. അതായത് ഒരു നൃത്തത്തിൽ നിന്നും അനുഷ്ഠാനപരമായ അടുത്ത നൃത്തത്തിലേക്ക് കടക്കുമ്പോൾ ഒരു കലാശം മുറിച്ചുകൊട്ടി പൂർണമാക്കിക്കൊണ്ടു വേണം അടുത്ത കൊട്ടിലേക്ക് കടക്കാൻ. വളരെക്കാലം മുമ്പുമുതലെ തിറയാട്ടരംഗത്തെ പ്രഗത്ഭമതികൾ കർശനമായി തുടർന്നുകൊണ്ടിരുന്ന അലിഖിത നിയമമാണിത്. എന്നാൽ ഇന്നത്തെ അവസ്ഥ ദുഃഖകരമെന്ന് പറയേണ്ടിയിരിക്കുന്നു. കാരണം പുതിയ തലമുറയിലെ കൊട്ടുകാർ ഈ നിയമം പാലിക്കുന്നില്ല എന്നതുതന്നെ. അതിന് പല കാരണങ്ങളുമുണ്ടാകാം. ഒന്ന് അറിവു കുറവ്, രണ്ട് നിഷ്ഠാബദ്ധമായി ഇവ അഭ്യസിക്കുന്നതിനുള്ള വൈമനസ്യം. പിന്നെ ഇന്ന് നാടൊട്ടാകെ ഇഷ്ടം പോലെയാണ് ചെണ്ടക്കാർ. ഇവരിൽ ഭൂരിപക്ഷം പേരും ചെണ്ടയുടെ ബാലപാഠങ്ങൾ പോലും വേണ്ട വിധത്തിൽ അഭ്യസിച്ചിട്ടില്ല എന്നതാണ് സത്യം. മറ്റൊരു പ്രശ്നം കൂടിയുണ്ട്. ഓരോ കൊട്ടിനും അനുസരിച്ചാണ് ചുവടുവെയ്പ്, അതായത് ഓരോ കൊട്ടിനും ഓരോ ചുവടുവെയ്പ്. ആ ചുവടുവെയ്പിലൂടെയാണ് ആട്ടം പൂർണമാകുന്നത്. കൊട്ട് പിശകിയാൽ ചുവടുവെയ്പും പിശകും. കൊട്ടും ആട്ടവും പരസ്പരം ബന്ധമില്ലാതെയാകും. ഇത് തിറയാട്ടത്തിന്റെ സ്വത്വം തന്നെ നശിപ്പിക്കും എന്ന് വളരെ വേദനയോടെ പറയേണ്ടിയിരിക്കുന്നു.

തൊഴുതുകുമ്പിടുന്ന നൃത്തത്തിന് ശേഷമാണ് പുറപ്പാട് നൃത്തം; അതായത് കോലം മുഖം കാട്ടുമ്പോഴുള്ള നൃത്തം. ഇവിടെയും കലാശം മുറിച്ചുകൊണ്ട് **പ്രദക്ഷിണതാളം** കൊട്ടി പ്രദ

ക്ഷിണ നൃത്തം ചെയ്യുന്നു. ഇതിനിടയിലാണ് അരിയും പൂവും ഇടുന്ന ചടങ്ങ്. ഈ ചടങ്ങിനു മുണ്ടൊരു കലാശം. തുടർന്ന് കോലം മുറ്റത്തെത്തി കാവിന് പ്രദക്ഷിണം വെയ്ക്കുന്നു. പ്രദക്ഷിണത്തിന്റെ ചുവടുവെയ്പുകളിൽ താളം ദ്രുതഗതിയിലാകുന്നു. ഇങ്ങനെ ദ്രുതഗതിയിലാകുന്ന താളത്തിനനുസരിച്ച് ചുവടുകൾ വെക്കുന്നതിന് **പുതുപ്പ് നൃത്തം** എന്ന് പറയുന്നു. ഒരു കലാശത്തോടെയാണ് പുതുപ്പ് നൃത്തം അവസാനിക്കുന്നത്. അടുത്ത നൃത്തത്തിനു വേണ്ടി കാത്തുനില്ക്കുമ്പോൾ പതിവുള്ള ചുവടുവെയ്പുകളാണ് **ഏകനൃത്തം.** അതായത് ഏതാനും മിനിറ്റുകൾ കോലം കണ്ണും കയ്യും കാലും ശരീരവും ഇളക്കി മെല്ലെ നടക്കുന്നു. തുടർന്ന് രണ്ടോ മൂന്നോ വ്യത്യസ്ത താളങ്ങൾക്കനുസരിച്ചുള്ള ചുവടുവെയ്പുകളാണ്. ഇവിടെ പ്രത്യേകമായി എടുത്തു പറയാനുള്ളത് തിറയാട്ടത്തിലെ മുപ്പതിലധികം വേഷങ്ങൾക്കും വ്യത്യസ്ത താളങ്ങളുണ്ട് എന്നതാണ്. ഈ വ്യത്യസ്ത താളങ്ങൾ കൂടാതെ സാധാരണഗതിയിൽ ഉപയോഗിക്കുന്ന പത്തിലേറെ താളങ്ങൾ വേറേയുമുണ്ട്. സാധാരണ ഈ പത്തിലേറെ വരുന്ന താളങ്ങളിൽ മൂന്നോ നാലോ താളങ്ങളാണ് ഒരു കോലത്തിന് ഉപയോഗിക്കുന്നത്. കോലങ്ങൾ മാറിവരുന്നതിനനുസരിച്ച് മറ്റു താളങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. ചെണ്ടവാദ്യത്തിലെ മുൻകലാശക്കാരൻ നിശ്ചയിക്കുന്ന താളം ഏതായാലും ആ താളത്തിനനുസരിച്ചായിരിക്കണം കെട്ടിയാട്ടക്കാരൻ ചുവടുകൾ വെയ്ക്കേണ്ടത്. താളത്തിൽ നിന്ന് അണുവിട മാറാതെ വളരെ കൃത്യമായി കെട്ടിയാട്ടക്കാരൻ ചുവടുകൾ വെയ്ക്കണമെന്ന് സാരം. ഓരോ താളവും ദ്രുതഗതിയിലെത്തുമ്പോൾ അതിന് 'കേറ്റം കൊട്ടു'ണ്ട്. മുൻപറഞ്ഞ തരത്തിൽ മൂന്നാമത്തെയോ നാലാമത്തെയോ താളത്തിലാണ് കെട്ടിയാട്ടം അവസാനിക്കുന്നതെങ്കിൽ അവിടെ 'കേറ്റംകൊട്ടു' കഴിഞ്ഞ് പുതുപ്പുതാളത്തിലെത്തുന്നു. **പുതുപ്പ് താള**ത്തിലെ ആട്ടമാണ് പുതുപ്പുനൃത്തം. അതിങ്ങനെ,

ഒരു കാൽ നിലത്തുനിന്നും ഉയർത്തി ഒറ്റക്കാലിൽ മുമ്പോട്ടുചാടി നാലുഭാഗത്തേക്കും തിരിയുന്നു. തുടർന്ന് ഒരു പ്രാവശ്യം ഇരുകാലുകളുടെയും പ്രത്യേക ചുവടുവെയ്പുകളോടെ സ്വയം വലംതിരിയുന്നു. വീണ്ടും ഒരു കാല് ഉയർത്തി കുമ്പിടുന്നു. ശേഷം അമർന്നുയർന്ന് ഉയരങ്ങളിലേക്ക് ചാടി പിന്നോട്ട് പോകുന്നു. ഇത് വീണ്ടും ആവർത്തിക്കുന്നതോടൊപ്പം ചെണ്ടയുടെ അതിദ്രുതതാളത്തിൽ കാവുമുറ്റമാകെ വിറപ്പിച്ച് ഓടിച്ചാടി വിജൃംഭിതമാക്കുന്നു.

ഇത്തരത്തിൽ കാവും പരിസരവും ആകെ പ്രകമ്പനം കൊള്ളത്തക്ക വിധത്തിൽ ഇളകിയാട്ടവും അതിദ്രുത താളങ്ങളും അവിസ്മരണീയം മാത്രമല്ല, അനുപമവുമാണ്. ഇപ്പറഞ്ഞ ഇളകിയാട്ടത്തിനുശേഷം ദർശനമാണ്. അതിനും പ്രത്യേക താളമുണ്ട്. ദർശന താളത്തിൽ അരിയും പൂവും എറിഞ്ഞുകൊണ്ട് പ്രത്യേക ചുവടുവെയ്പുകളോടെയാണ് കാവിനെ ചുറ്റുന്നത്. തുടർന്ന് ചെണ്ടയുടെ താളം അതിദ്രുതഗതിയിലാവുകയും കോലം അതിനനുസരിച്ച് നൃത്തച്ചുവടുകൾ വെയ്ക്കുകയും ചെയ്യുന്നു. ഓടിയും ചാടിയും അന്തരീക്ഷമാകെ പ്രകമ്പനം കൊള്ളിച്ചുള്ള നൃത്തത്തിന്റെ അവസാനം കോലം തിരുമുമ്പിൽ സമർപിക്കപ്പെടുന്നു.

നൃത്തത്തിന്റെ സാങ്കേതികത്തികവ് 'വട്ടം തല്ലുന്ന' മുൻ കലാശക്കാരനിൽ നിക്ഷിപ്തമാണ്. അയാളാണ് കോലത്തിന്റെ ചുവടുവെയ്പുകളും ശാരീരിക ചലനങ്ങളുമെല്ലാം നിയന്ത്രിക്കുന്നത്. അയാൾ ഒരു 'തല്ലോ' 'പതിക്കലോ' വട്ടച്ചെണ്ടയിൽ ചെയ്താൽ, നൃത്തത്തിലോ കൈകാൽ ചലനങ്ങളിലോ കണ്ണുകളുടെ ഇമ വെട്ടുന്നതിലോ മെയ് വഴക്കത്തിലോ അതുപോലെ എന്തിലായാലും, ആ തല്ലിനോ പതിക്കലിനോ അനുസരണമായിരിക്കണം കോലത്തിന്റെ ചലനഗതി . ആ ചലനഗതിയിൽ ഒരു സെക്കന്റിന്റെ വ്യത്യാസം പോലും വരാൻ പാടില്ല. വട്ടം തല്ലിനനുസരിച്ച് ചലനഗതി കൃത്യമായിരിക്കണമെങ്കിൽ കെട്ടിയാട്ടക്കാരൻ അക്കാര്യത്തിൽ പ്രഗത്ഭനായിരിക്കണം. പൊതുവെ കൊട്ടുകാർ ചിലപ്പോഴൊക്കെ മനോധർമ്മമനുസരിച്ച് കൊട്ടാറുണ്ട്. എന്നാൽ വട്ടംതല്ലുകാരനെ സംബന്ധിച്ച് ഓരോ തല്ലും വളരെ പ്രധാനമാണ്. യാതൊരു കാരണവശാലും തെറ്റാൻ പാടില്ല.

പുരാവൃത്തമനുസരിച്ചാണ് തിറയാട്ടത്തിലെ നൃത്തങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. കോലത്തിന്റെ രസഭാവങ്ങളാണ് മുഖ്യം. രൗദ്രഭാവമാണെങ്കിൽ (രസം) കൊട്ട് അതിനനുസരിച്ചായിരിക്കണം. ചില കോലങ്ങൾ പതിഞ്ഞ താളത്തിലുള്ള ഭാവസ്ഫുരണങ്ങളാണ് പ്രകടിപ്പിക്കേണ്ടത്. അപ്പോൾ കൊട്ട് അത്തരത്തിലാകും.

തിറയാട്ടത്തിലെ ചുവടുവെയ്പുകൾ മാത്രമല്ല, ഓരോ ചലനവും ഉൾക്കൊള്ളുകയെന്നതും അവതരിപ്പിക്കുകയെന്നതും ഒരു തപസ്സനുഷ്ഠാനം തന്നെയാണ്. തിറയാട്ടം അഭ്യസിക്കുന്നതിനുള്ള കളരികളോ സ്ഥാപനങ്ങളോ ഇല്ല. എങ്ങനെ പഠിക്കും എന്ന ചോദ്യത്തിന് ഉത്തരവുമില്ല. പാരമ്പര്യ വഴിയിലൂടെ, കാവുകൾ തോറും കയറിയിറങ്ങി ആദ്യാവസാനം വരേയുള്ള കാര്യങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കണം. തുടർന്ന് ചൂട്ടുകളിയിലൂടെ, ചുവടുവെയ്പുകളുടെ ബാലപാഠം അഭ്യസിക്കണം. അതുകൊണ്ടാണ് ഇതൊരു തപസ്സനുഷ്ഠാനം എന്നു പറഞ്ഞത്. കൗമാരകാലം മുതലേ അഭ്യസനം തുടങ്ങണം. അത് തുടരുകയും വേണം. ഏറെ വർഷങ്ങൾ, കാവുകൾതോറും കയറിയിറങ്ങിയാലേ അവതരണത്തിനുള്ള ചില അവസരങ്ങളെങ്കിലും ലഭിക്കുകയുള്ളൂ. നിത്യമായ അഭ്യസനവും വർഷങ്ങളിലെ നിതാന്തപരിശ്രമവും കൊണ്ടുമാത്രമേ ഒരു നല്ല തിറയാട്ട കലാകാരനാകാൻ കഴിയൂ. എന്നാൽ പുതുതലമുറ സമർപണാത്മകമായ ഈ ബുദ്ധിമുട്ടുകളൊന്നും സഹിക്കാൻ തയ്യാറാകുന്നില്ല. കോർപ്പറേറ്റ് സംസ്കാരത്തിന്റെ ഭാഗമാകാൻ അവർ ഇഷ്ടപ്പെടുന്നു; കോർപ്പറേറ്റ് ജീവിതം നയിക്കാനും. ഗോത്രപൈതൃകവും നാട്ടറിവുകളും സംരക്ഷിക്കപെടണമെന്നതിലുപരി പരിസ്ഥിതി സംരക്ഷണത്തിന്റെ നേർസാക്ഷ്യമായ കാവുകൾ സംരക്ഷിക്കപ്പെടണം. അതിന് തിറയാട്ടമുൾപ്പെടെയുള്ള അനുഷ്ഠാന കാവുകലകൾ നിലനിൽക്കണം. ആയതിന് സർക്കാർതല സംവിധാനങ്ങൾ ഉണ്ടാകുകയും വേണം.

പൊതുവായ താളം, നൃത്തം

തിറയാട്ടത്തിലെ ഓരോ കോലത്തിനും ഓരോ ഐതീഹ്യമുണ്ട്; അതായത് പുരാവൃത്തം. അതനുസരിച്ചാണ് നൃത്തവും വേഷവും മറ്റും എന്തെന്നും എങ്ങനെയെന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. അലിഖിതമാണീ വ്യവസ്ഥകൾ. അതായത് കോലത്തിന്റെ പുരാവൃത്തമെന്തായാലും പുറപ്പാടിലും അനുഷ്ഠാന ചടങ്ങുകളിലും അതനുസരിച്ച നൃത്തച്ചുവടുകളുണ്ടെങ്കിലും ഇളകിയാട്ടത്തിന്റെ ചുവടുവയ്പുകളിലൂടെയാണ് തിറയാട്ടത്തിന്റെ മികവും ആസ്വാദ്യതയും ആകർഷണീയതയും വ്യക്തമാകുന്നത്. പൊതുവായി പത്തിലധികം താള-നൃത്തങ്ങളുള്ളതായി നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഓരോ കോലത്തിനും മുഴുവൻ താളങ്ങൾ കൊട്ടേണ്ടതില്ല. ഏതെങ്കിലും രണ്ടോ മൂന്നോ ഏറിയാൽ നാലോ മതി. താളങ്ങളിങ്ങനെ.

കലാശം:

1	ഡ്ഗ്ഡ്ഗ	ഡ്ഠ ഃ ന്നക	ഡ്ക്ഡ്ഗ്	ഡ് X ന്നകതര	2
	| |	|	| |	|	
	ഗഡ് ഡ്ഡ്	X ഡ്ഡംഗിന്ന	നകനക	നകനക	
	|	—	—	—	
	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നകതര	
	| |	| |	| |	|	
	ഗഡ്ഡ്ഡ്	X ഡ്ംഗിന	നഗഡ്ഠ	ധിരികിടധികതര	
	|	|	|	| |	

2

ഡ്ഗ്ഡ്ഗ്	ഡ്ം X നക	ഡ്ഗ്ഡ്ഗ്	ഡ്ം X നക	11 4 തവണ
|	| |	|	| |	
നഡം	നനഗിന	നകനന	കനനക	
		—	—	
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ംന്നക	
| |	| |	| |	|	
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക	
| |	| |	| |	|	
ഡ്ഗ്ഡ്ഗ	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക		
| |	| |	|		
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക		
| |	| |	|		
ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നകതര	
| |	|	|	|	
ഗഡ്ഡ്ഡ്ം	X ഡ്ഡ്ംഗിന	നഗുംനക്ക	നന്നഗിന	
|	|	|	|	

3

ഡ്ഗ്ഡ്ഗ്	ഡ്ം X നക	ഡ്ഗ്ഡ്ഗ്	ഡ്ം നക
	|	|	|
ഗഡ്ഡ്ഡ്കതര	ഗഡ്ഡ്ഡ്കതര	ഗഡ്ഡ്ം ഗഡ്ഡം	ഗഡ്ഡ്ഡ്കതര
|	|	|	|
ഗഡ്ഡ്ഡ്	X ഡ്ംഗിന്ന	നഗുംനക്ക	നനഗിന
|		—	

കലാശം:

ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക
| |	| |	| |	|
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക
| |	| |	| |	|
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക	
| |	| |	|	
ഡ്ഗ്ഡ്ഗ്	ഡ്ഗ്ഡ്ഗ	ഡ്ം X ന്നക	
| |	| |	|	
ഡ്ഗ്ഡ്ഗ്	ഡ്ം X ന്നക	ഡ്ഗ്ഡ്ഗ്	ഡ്ം X ന്നകതര
| |	|	| |	|
ഗഡ്ഡ്ഡ്ഗതര	ഗഡ്ഡ്ഡ്കതര	ഗഡ്ംഗഡ്ം	ഗഡ്ഡ്ഡ്കതര
|	|	| |	|
ഗഡ്ഡ്ഡ്	X ഡ്ംഗിന	നഗുംനക്ക	നനഗിന
|	|	|	|

4. xഡ്ഡ്ല്ക്കതര കഡ്സ് xഡ്ംഗിന നഗുംനക്ക ധിരികിടധികതര
0 0 — 0 0
കല്ല്xഡ് xഡ്ംഗിന നഗുംനക്ക ധിരികിടധികതര
— 0 0
ഗഡ്ഡ് xഡ് xഡ്ഡ്ംനകതര ഗഡ്ംഗഡ്ം ഗഡ്ഡ്കതര
ഗിന്ന ഡ്ംഡ്ം നഗുംനക്ക ധിരികിടധികതര
— —

കലാശം

xഡല്ല്കതര ഗഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്കനന
ഗഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്കനന
ഗിന്നകനന ഗിഡ്ത്കനന ഗിഡ്ത്ക നഗ്ഗഡ്xനഗിന നഗഡ്ഡ്ല്കതര
ഗിന്ന ഡ്ഡ്ം നഗുംനക്ക നനഗിന
ഗിന്നകനന ഗിഡ്ത്കനന ഗിഡ്ത്ക നഗ്ഗഡ്xനഗിന നഗഡ്ഡ്ല്കതര
ഗിന്ന ഡ്ഡ്ം നഗുംനക്ക നനഗിന
— —

5. ഡ്ംxനന ഡ്ംxനന നഡ്ഡ്ഡ്ം നഡ്ഡ്ഡ്ം
നഡ്ഡ്ഡ്ം നഡ്ഡ്ഡ്ം നഡ്ഡ്ഡ്ം ധിരികിടധികതര കാംXന്ന
0 0
ഡ്ല്1ഡ്ല്ം1 ഗിന്നകതരകാം നകതരഗിന്നക തരകാംXനകതര
— — 0 0
ഗിഡ്ത്ക ധിരികിടധികതര ഗഡ്ഡ്ഡ് നകതരകാംXന്നകതര
0
ഗഡ്ഡ്ഡ്ല് xഡ്ല്ം1ഗ്ക ഃ ന്നകതരകാം നകതരകാംXന്നകതര

xഡ്ഡ് ഡ്ല് xഡ്ല്ം ഗ്ക നഗഡ്ല്ംധിരികിടധികതര 1 കാംXന്ന (4)

കലാശം:

1. ഗഡ്ഡ്ലംXന്നകതര ഗഡ്ഡ്ല്oXന്നകതര ഗഡ്ഡ്ല്ംന്നകതര ഗഡ്ഡ്ല്ംന്നകതര
ഗഡ്ഡ്ല് xന്നകതര ഗഡ്ഡ്ലംXന്നകതര ഗഡ്ഡ്ല്ംXന്നകതര ഗിന്നകനനഗിന
o o

2. ഗഡ്ഡ്കനനഗ്ഡ് ഗഡ്കനനഗ്ഡ് ഗഡ്കനനഗ്ഡ് ഗഡ്ഡ്കന്നഗ്ഡ്
ഗഡ്ഡ്കനനഗ്ഡ് ഗഡ്കനനഗ്ഡ് ഗഡ്കനനഗ്ഡ് നഗുംനക്കനന്നഗിന
o

3. ഗഡ്ഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്ഡ്കനന ഗഡ്കനന ഗഡ്ഡ്ഡ്കനന ഗിന്നകനനകിന
o o

4. ഗഡ്ഡ്കനന ഗഡ്ഡ്കനന ഗഡ്ഡ്ഡ്കനന ഗഡ്കനന ഗഡ്ഡ്ഡ്കനന ഗിന്നകനനകിന
o o

ഗഡ്ഡ്ഡ്കന്ന ഗഡ്ഡ്ഡ്കനന ഗഡ്ഡ്ഡ്കനന ഗിന്നകനനഗിന
o o

ഗഡ്ഡ്കനനഗ്ഡ് ഗഡ്ഡ്കനനഗ്ഡ് നഗഡ്ഡ്ഠ ധിരികിടധികതരകതാം

6. ഡ്ഠxനന ഡ്ഠxനന ഡ്ഠxനന ഡ്ഠxനന
ഡ്ഠxനന ഡ്ഠxനന ഡ്ംxനന നാനാ

ഡ്ഠxന്നക്ക ഗഡ്ഡ്ഡ്കതര ഗഡ്ഡ്ഡ്ഡ് xഡ്ഡ്യൂർക ഡ്ഡ്ംനക
o o
ഗഡ്ഡ്ഡ്കതര ഗഡ്ഡ്xഡ്ഡ് ഡ്ഡ്യൂംർക ഡ്ംxനക്ക നനഗിന

നകനന ഗിഡ്ത്ക ഗഡ്ഡ്ക ഡ്ഠഡ്ക ഡ്കഡ്ക ഡ്കഡ്ക
ഡ്കഡ്കഡ് കഡ്ക ഡ്ഡ് x ന്നകതരകാം നകതരകാം xനകതര
—

ഗഡ്ഡ്ഡ്ഡ്ഡ് ഡ്യൂർക ഡ്x ന്നകതരകാം നകതരഗിന്ന
നഗുംനക്കന്ന ന്നഡ്ഡ്കതര ഗഡ്ഡ്ഡ് xന്നകതര
ഗഡ്ഡ് ഡ്ഡ്ഠxന്നകതര ഗഡ് ഡ്ഡ്ഠxന്നകതര
ഗഡ്ഡ്ഡ്ഡ് ഡ്ഡ്xഗഡ്ഡ്ഡ് x ഉറക ഡ്ഡ്ം

7. ഡ്കനന ഗിനനക നഗ്നക നക്കഡ്കതര
— — — ° ° |

ഗഡ്ഡ്ഡ്ഡ് x ഡ്ഡ്ർക ഡ്ഡ്ന്നകതരക്വം x ന്നകതരക്വംന്നകതര
| | |
ഗിന്നകതരക്വം നകതരകാം x ന്നകതര ഗഡ്ഡ്ംഗഡ്ഡം ഡ്കതരകാംനകതര
— — — ° ° |
ഗഡ്ഡുഡ്ഡ് x ഡ്ഡ്ർകഡ്ഡന്നകതരകാം x നകതരകാം x ന്നകതര
| | |
ഗിന്നകതരകാം x നകതരകാം x ന്നകതര ഗഡ്ഡ്ഗഡ്ഡ് നകതര ഡ്ഡ്കതരകാം
— — —
ഗഡ്ഡ്ഡ്ഡ് x ഡ്ഡ് x ഡ്ഡ് x ർകഡ്ന്നകതരകാംനകതരകാം നകതര
| | | — —
ഗഡ്ഡ്ഡ് x ഡ്ഡ്ർക ഡ്ന്നകതരകാം നകതരകാം നകതര
| | | — —
ഗഡ്ഡ്ഡ്ഡ്x ഡ്ഡ്xഡ്ഡ്x ർകഡ്ന്നകതരകാം നകതരഗിന്ന
| | | —
ഡ്ന്നകതരകാം നകതരഗിന്ന ഡ്ഡന്നതരകാം നക്കഡ്ഡ്കതര
| |
കഡ്ഡ്ക ഡ്ക ഡ്ക്വ ഡ്ഠ x നാന
| | |

8. ഡ്ക ഡ്ക ഡ്കഡ്ക ഡ്കഡ്ക ഡ്ക ഡ്കഡ്ക ഡ്കഡ്ക ഡ്കഡ്ക നകനക
| | | | | | | —
ഡ്ംxനക്ക നനഗിന നഗുംനക്ക നക്കഡ്കതര
| — ° °
കഡ്ഡ്ക ഡ്കഡ്കഡ്ക ഡ്ക ഡ്കഡ്ക
| | |
ഡ്കഡ്കഡകഡ്ക ഡ്ംനക നകനക
| | |
ഡ്ംxനക ന്നഗിന നഗുംനക്ക നക്കഡ്ഡ്കതര
| — ° ° |
ഗഡ്ഡ്xക നനഗിന നഗഡ്x ഡക്നന
| | | |

കളിത്താളം

9. ഗഡ്ഡ്ഡ്കതര കാംxനക്ക ധിരികിട ധികതരകാംനക്ക
° ° | ° ° |
ധിരികിടധികതരകാംx നക്കധിരികിടധികതര
° ° | ° °
ഗഡ്ഡ്ക ഡ്കഡ്ക ഡംxനക്ക ധിരികിട ധികതര
| | | ° ° |
ഡ്ക്ഡ്ക ഡ്കഡ്ക ഡ്ഠxനക്ക ധിരികിടധികതര
| | | ° °
കാം x നക്ക ധിരികിടധികതരകാം xനക്ക
| ° ° |

ധിരികിട ധികതരഗഡ്ഡ് കഡ്കഡ്ക ഡ്കഡ്ക
° ° | | |
ഡ്കഡ്ക ഡ്കഡ്ക ഡ്കഡ്ക ഡ്ഠXനക്കധിരികിടധികതര
| | | | ° ° |
ഗXഡ്ക ഡ്കഡ്ക ഡ്കഡ്ക ഡ്കഡ്ക ഡ്കഡ്ക ഡഠXനക്ക
| | | |
ധിരികിടധികതരഗ Xഡ്ഡ്കഡ്കഡ്ക ഡ്കഡ്ക
° ° | | |
ഡ്കഡ്ക ഡ്ഠXനക്ക ധിരികിടധികതര ഗഡ്ഡ്ക
| | ° ° |
ഡ്കഡ്ക ഡ്ഠXനക്ക ധിരികിടധികതര ഗഡ്ഡ്ക
| | ° ° |
ഡ്കഡ്ക ഡ്ഠXനക്ക ധിരികിടധികതര ഗXഡ്ഡ്ക
| | ° ° |
ഡ്കഡ്കഡ്ഠ നകനകഡ്ട നകനകനകഡ്ഠ
| | | |
ധിരികിടധികതര/കാം
| |

10. പൂമുടിത്താളം

ധിരികിടധികതരകാംXനക്ക ധിരികിടധികതര
° ° | ° ° ° |
ഗഡ്ഡ്Xകനനഗിന നകഡ്കനനഗിന ടട്യൂXറ
| | | | |
ടട്യൂX നന്നXക്ക ധിരികിടധികതര നന്നXക്ക
| | |
ധിരികിടധികതരടട്യൂXറടട്യൂX റXഡ്ഡനക
| | | |

11. ലക്ഷ്മീതാളം (കളിത്താളം)

ഡ്ഡ്ഡ്ഠ നനഗിന നകനന കനനക

ഡ്ഡ്ഡഠ നനഗിന നകനന കനനക

ഡ്ഡ്ഡ്ഠ നനഗിന നകനന കനനക

ഡ്ഡ്ഡ്ഠ നനഗിന നകനന കനനക

ഡ്ഡ്ഡ്ഠ നനഗിന നകനന കനനക

12.	നXഡ്ഡ്o	നനഗിനനക	നXഡ്ഡ്o	നനഗിനനക
	നXഡ്ഡ്o	നനഗിന	നകഡ്ഗ്നക	
	ഡ്ഗ്ഡ്ഗ്	നകഡ്ഗ്	നകഡ്ഗ്ഡ്ഗ്നക	
	ഡ്ഗ്നക	ഡ്ഗ്ഡ്ഗ്Xന്ന	കതര	

പൊതുവായ പുതുപ്പുതാളം

മുൻപറഞ്ഞ പൊതുവായ ഓരോ താളവും മുറുകിക്കഴിഞ്ഞാൽ ചുവടുവെയ്പുകളും അതിനനുസരിച്ച് ദ്രുതഗതിയിലാകുന്നു. താളം അവസാനിപ്പിക്കുന്നതാകട്ടെ ആ താളത്തിന്റെ ''കയറ്റം കൊട്ടി''യും. എന്നാൽ മൂന്നു താളമാണ് ചവിട്ടുന്നതെങ്കിൽ ആദ്യത്തെ ഒരു താളം കയറ്റം കൊട്ടി അവസാനിപ്പിക്കണം. അടുത്ത താളം കയറ്റം കൊട്ടിക്കഴിഞ്ഞതിനുശേഷം പുതുപ്പു താളത്തിലേക്ക് കടക്കുന്നു. ഇവിടെയുമുണ്ടൊരു പ്രത്യേകത. പുതുപ്പുതാളംകൊട്ടിത്തുടങ്ങിയാൽ പുതുപ്പിനെ കൊഴുപ്പിക്കുന്ന മറ്റൊരു താളവും കൂടിയുണ്ട്. നൃത്തത്തിനുള്ള പുതുപ്പു താളത്തെ കൊഴുപ്പിക്കുന്ന താളം മൂന്നുപ്രാവശ്യം കൊട്ടിക്കഴിഞ്ഞാൽ അതിനോടനുബന്ധിച്ചു തന്നെ ''പുതുപ്പുകൊട്ടി'' അവസാനിപ്പിക്കുന്നു.

പുതുപ്പുതാളം – തിശ്രലയം

ഡ്ഗ്ഡ്oXനക ഡ്ഗ്ഡ്oXനക
| | | |
ഡ്ഗ്ഡ്oXനക നകനകനക
| | | |

പുതപ്പുതാളം കൊഴുപ്പിക്കൽ

ഡ്ഗ്ഡംXനക ഡ്ഗ്ഡ്oXനക നകനകനക (രണ്ട്)
| | | | — —
ഇത് ദ്രുതഗതിയാക്കുന്നു

പൊതുതാളം, ഏകതാളം

താളം ഏകമായോ താളവും കൊട്ടും ദ്വന്ദ്വമായോ ഒരു ഘട്ടത്തിൽ അവസാനിച്ചു കഴിഞ്ഞാൽ അടുത്തത് തുടങ്ങുന്നതുവരെ വിശ്രമ സമയമാണെന്ന് വേണമെങ്കിൽ പറയാം. എങ്കിൽപ്പോലും വാദ്യക്കാർ പതിഞ്ഞ ഏകതാളത്തിൽ കൊട്ടുന്നു. അതിനനുസരിച്ച് കെട്ടിയാട്ടക്കാർ ചുവടുകൾ വയ്ക്കുന്നു. ഈ വിശ്രമവേളയിലെ കൊട്ടാണ് ഏകതാളം. ഒരു താളം കൊട്ടി അടുത്ത താളത്തിലേക്ക് കടക്കുന്നതിനു മുമ്പുള്ള ഇടവേള മാത്രമല്ല, മറ്റ് പല സന്ദർഭങ്ങളും ഇത്തരത്തിലുണ്ട്. ഉദാഹരണമായി ചില കെട്ടിയാട്ടങ്ങളുടെ അവസാനം കോലത്തിന് മുടിയേറ്റാനുണ്ടാവും. മറ്റ് ചില കോലങ്ങൾക്കാകട്ടെ കാവുമുറ്റത്തെ ഉരലിലേറാനുണ്ടാവും. ആംഗ്യഭാഷയുടെ സംവേദനം സാധ്യമാകുന്നത് ഈ ഏകതാളത്തിലാണ്. അതിനനുസൃതമായ ചില കൂട്ടിച്ചേർക്കലുകളും ഈ ഏകതാളത്തിലെ തല്ലിനുണ്ട് . ഇത്തരം സന്ദർഭങ്ങളിലും 'കോഴിപിടുത്ത' ത്തിനുള്ള ഇടവേളകളിലുമൊക്കെയായി കൊട്ടുന്ന താളമാണിത്. അതായത് അടുത്ത മുഖ്യചടങ്ങിനു വേണ്ടി കാത്തു നിൽക്കുന്ന ഇടവേളകളിലെ കൊട്ട്. ഇവിടെ പ്രത്യേക വിശദീകരണമാവശ്യമില്ല. അതായത് –(വട്ടച്ചെണ്ടയിൽ ഒരു പാതിയും മൂന്ന് തുറന്നതല്ലും).



എന്ന കലാശകൊട്ട് അടുത്ത താളത്തിലേക്ക് പ്രവേശിക്കുന്നു

പൊതുവായ ദർശനതാളം

അഞ്ച് ഘട്ടങ്ങളിലൂടെയാണ് കെട്ടിയാട്ടം പൂർണമാകുന്നതെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ആ അഞ്ചു ഘട്ടങ്ങളിൽ നാലാമത്തേതാണ് ദർശനം. തിറയാട്ടത്തിൽ കെട്ടിയാടപ്പെടുന്ന ഏതു കോലവും അവസാനം ദൈവത്തിന്റെ മുമ്പിലെത്തി അരിയും പൂവുമിട്ട് ദൈവത്തെ ആവാഹിക്കുന്നു. ഇത് തിറയാട്ടത്തിലെ അലിഖിതനിയമമാണ്. ഇങ്ങനെ ആവാഹനശേഷം അവിടെ പൊതുവായി തല്ലുന്ന ഒരു താളമുണ്ട്. ഈ താളത്തിന് കൂടുതൽ പ്രത്യേകതകളൊന്നുമില്ല. താളം ഇങ്ങനെ



തൊഴുതുകുമ്പിടൽതാളം

പൊതുവായ താളങ്ങളെ സംബന്ധിച്ചും നൃത്തച്ചുവടുകളെ സംബന്ധിച്ചും മുമ്പ് വിശദീകരിച്ചു. പൊതുവായ കുമ്പിടൽ താളം തന്നെയാണ് ഇവിടെയും അതായത് വെള്ളാട്ടിലും തിറയാട്ടത്തിലും കോലങ്ങൾ ചുവടുറപ്പിച്ചതിനുശേഷം മൂത്തകാരണവരിൽ നിന്നും ആയുധം വാങ്ങാനായി നിൽക്കുമ്പോഴുള്ള താളങ്ങളും ആദ്യചുവടുവെയ്പുകളുമാണ് തൊഴുതുകുമ്പിടൽതാളം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രഥമ ചുവടുവയ്പുകളിൽത്തന്നെ കെട്ടിയാട്ടക്കാരന്റെ പ്രാവീണ്യം പ്രേക്ഷകർക്ക് ബോധ്യമാകുന്ന തൊഴുതുകുമ്പിടലിനെപ്പറ്റി മുമ്പ് പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ പ്രാധാന്യവും ചടുലതയും ഒന്നുകൂടി വിശദീകരിക്കേണ്ടതുണ്ട്. അതേപ്പറ്റി ജി.ഭാർഗ്ഗവൻ പിള്ള എഴുതുന്നു.

''കോലങ്ങൾ പുറപ്പെടുന്നത് തൊഴുതു കുമ്പിട്ടുകൊണ്ടാണ്. തിറയാട്ടത്തിലെ ചുവടുകളുടെ ആദ്യപാഠമാണ് തൊഴുതുകുമ്പിടീൽ. കളരിമുറയിൽ കാൽമുട്ടുകൾ വിടർത്തി നെഞ്ചു വിരിച്ച് അമർന്നു നിന്ന ശേഷം ഇരു കൈകളും ചുമലിനുനേരെ നിവർത്തി കൈപ്പടങ്ങൾ തൂക്കിയിട്ട് അൽപംകൂടി അമർന്നു നിൽക്കുന്നു. കൈകൾ രണ്ടും മുന്നോട്ട് എടുത്ത് മുകുളം പോലെ ചേർത്തുവച്ച് വലതുകാൽ പൊക്കി പാദംകൊണ്ട് കൈപ്പടം തൊട്ടശേഷം മുന്നോട്ടുവന്ന് കുനിഞ്ഞ് കൈപ്പടങ്ങൾ നിലത്തുകുത്തി അമർന്നിരുന്ന് തലകൊണ്ട് ഇടതു നിന്ന് വലത്തോട്ട് ഉഴിഞ്ഞ് വണങ്ങുന്നു. എഴുന്നേറ്റ് ഇടതുകാൽ പൊക്കി പിന്നോട്ടു വന്ന് പൂർവസ്ഥിതിയിൽ കൈകൾ ഇരുവശത്തേക്കും നിവർത്തി അമർന്നു നിന്നശേഷം മുന്നോട്ട് എടുത്ത് മുകുളംപോലെ ചേർത്തുവെച്ച് വലതുകാൽ പൊക്കി വീണ്ടും മുന്നോട്ടു വരുന്നു.

ഇടതുകൈപ്പത്തി അരയിലൂന്നി വലതുകൈപ്പത്തി പൊക്കിളിനു നേരെ വിടർത്തിവെച്ച ശേഷം അമർന്നുനിന്ന് വലതുകൈപ്പത്തി മുമ്പോട്ടെടുത്ത് വലതുകാൽപൊക്കി പാദംകൊണ്ട് കൈപ്പത്തിതൊട്ട് വലതുകൈ വീശിക്കൊണ്ട് ഒരു വട്ടം വലംതൊട്ട് തിരിയുന്നു. അതോടെ പഴയനിലയിൽ വന്നുനിന്ന് അമർന്നശേഷം വലതുകാൽ പൊക്കി മുമ്പോട്ടുവന്ന് ആയുധം വണങ്ങുന്നു. ഇത് ഒരു വന്ദനക്രിയയാണ്. കെട്ടിയാടുന്നവന്റെ വൈഭവമെല്ലാം തൊഴുത് കുമ്പിടുന്നതു കണ്ടാലറിയാം. തൊഴുതു കുമ്പിടുന്നതിനനുയോജ്യമായ ചെണ്ടത്താളങ്ങളുണ്ട്. ആയുധം വാങ്ങിയതിനുശേഷം കോലം പിന്നോട്ടുവന്നുനിന്നാൽ പിന്നെ താളം ദ്രുതകാലത്തിലേക്ക് കടക്കുന്നു. അതിനൊത്ത് പ്രചണ്ഡമായി ചുവടു ചവിട്ടിക്കൊണ്ട് പെട്ടെന്ന് തിരിഞ്ഞുനിന്ന് മുഖമുയർത്തുന്നു."

(നാട്ടരങ്ങ്, വികാസവും പരിണാമവും, ജി.ഭാർഗ്ഗവൻ പിള്ള, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം).

കിടതക	താംതാം	താംതാം|	താം	ധീം|ധീം
|ധീംധീം	ധീം|താംX	കുംധിത്താം||		
||താം	ധീംധീം	ധീംധീം	ധീംXകിടതക|	
||ധിത്തത്തത്ത്	തിന്തന്താകിട	ധിത്തൈതാ|		
|ധിത്താധികിത	||ത്തൈ			

പുറപ്പാട് താളം

വെള്ളാട്ടായാലും തിറയാട്ടമായാലും ഓരോന്നിനും വ്യത്യസ്തമായ പുറപ്പാട് താളങ്ങളാണുള്ളത്. ഓരോ വെള്ളാട്ടിനും തിറയ്ക്കുമായി നിശ്ചയിച്ചുറപ്പിച്ച താളങ്ങൾ മാത്രമേ പുറപ്പാട് താളത്തിന് തല്ലാൻ കഴിയൂ. അതിന് കാരണവുമുണ്ട്. ഓരോ കോലത്തിനുമുണ്ട് ഓരോ ഐതീഹ്യം. ആ ഐതീഹ്യമാകട്ടെ പുരാവൃത്തസംബന്ധിയാണ്. ഈ പുരാവൃത്തങ്ങൾ ദൈവത്തിന്റെ സ്വഭാവ വൈശിഷ്ട്യവും ചേഷ്ടകളുമൊക്കെ വ്യക്തമാക്കുന്നു. അതനുസരിച്ചാണ് തിറയാട്ടത്തിന്റെ പൂർവികാചാര്യന്മാർ താളങ്ങളും ചുവടുവെയ്പുകളും ക്രമപ്പെടുത്തിയിട്ടുള്ളത്. തിറയാട്ടത്തിലെ പുത്തൻ കൂറ്റുകാർ അതൊക്കെ പരിഷ്കരിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ഏത് പുറപ്പാട്താളവും കൊട്ടുന്നതിനു മുന്നോടിയായി ചുവടുറപ്പിക്കുന്ന ഒരു താളം കൊട്ടുകയെന്നത് തിറയാട്ടത്തിലെ അലിഖിത നിയമം തന്നെയാണ്. അത് ചുവടെ ചേർക്കുന്നു.

(ഇതിനുശേഷം ഏകതാളത്തിൽ ഗുരുക്കൻമാരെയും വാദ്യോപകരണങ്ങളെയും വന്ദിച്ച് ആയുധം വാങ്ങിയശേഷം നാലിരട്ടി ചവിട്ടി പുറപ്പാടിലേയ്ക്ക് പ്രവേശിക്കുന്നു)

കരുമകൻ, കരിയാത്തൻ, കുലവൻ (അണിയിലം വെച്ചത്)

ശിവസൃഷ്ടിയാണ് മലദൈവങ്ങൾ, അതായത് ശൈവഭാവമുള്ള സൃഷ്ടികൾ. മലദൈവങ്ങളുടെ സൃഷ്ടിസങ്കേതത്തെപ്പറ്റി ഒട്ടേറെ വിശദീകരണങ്ങളും വിലയിരുത്തലുകളും പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഈ പുസ്തകത്തിൽ ഇക്കാര്യങ്ങൾ സാമാന്യം വിശദമായിത്തന്നെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ വർണവൈരുദ്ധ്യം മൂലം അടിയാളന് സവർണ ശിവനെ ആരാ

ധിക്കാനവകാശമുണ്ടായിരുന്നില്ലല്ലോ,ഈ സമീപകാലം വരെ. ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ ഇവിടെ ഓർമിക്കാവുന്നതാണ്. ഈ അവസ്ഥയിൽ ആദിമമനുഷ്യന്റെ വിശ്വാസങ്ങൾ രൂപപ്പെടുത്തിയ പ്രകൃത്യാതീത ശക്തിയിലുള്ള വിശ്വാസത്തിന്റെ ഒരു പ്രധാന ഘടകമാകാം ശൈവവിശ്വാസം. താണ്ഡവ നൃത്തവും കുറവ - കുറത്തീ ജീവിതവും ഉടുക്കുകൊട്ടുമൊക്കെ ആദിമ മനുഷ്യന്റെ വിശ്വാസപ്രയാണത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഇതൊന്നും ഇവിടെ പ്രസക്തമല്ല. എങ്കിൽപ്പോലും അടിയാളൻ മലദൈവങ്ങളെ ആരാധിച്ച് മലദൈവങ്ങളെ കിരീടം അണിയിക്കുന്നു. അണിയിലം എന്ന് ഇവിടെ ഉദ്ദേശിക്കുന്നത് ആ കിരീടം തന്നെയാണ്. അണിയിലത്തോട് സാമ്യമുള്ള ചില എടയ്ക്കൽഗുഹാ ചിത്രങ്ങളുണ്ടത്രെ. സവർണ്ണർ, ദൈവങ്ങൾക്ക് സ്വന്തം അധികാരപ്രൗഢി ബോധ്യപ്പെടുത്താൻ സ്വർണകിരീടം അണിയിക്കുമ്പോൾ കീഴാളന്റെ ദൈവം അണിയിലത്തിലൂടെ കിരീടധാരണം നടത്തുന്നു. പാവപ്പെട്ട അടിയാളന്റെ വിശ്വാസത്തിൽനിന്ന് ഉയിർകൊണ്ട ചിന്ത - ഭാവന ! ഇത് മൗഢ്യചിന്തയോ മൗഢ്യഭാവമോ അല്ലതന്നെ.

മേൽപറഞ്ഞ മലദൈവങ്ങളുടെ പുറപ്പാട് വാദ്യസമുച്ചയത്തിലെ അഞ്ച് വാദ്യങ്ങളുടെയും താളലയ ശ്രുതിമിശ്രണത്തോടെയാണ്. ഇവിടെ മറ്റൊരു പ്രത്യേകതയുള്ളത് അണിയിലം വെച്ച വെള്ളാട്ടുകൾക്കു മാത്രമാണ് തിറയാട്ടത്തിലെ എല്ലാ വാദ്യങ്ങളും ഉപയോഗിക്കുന്നത്. തുടർന്നുള്ള വാദ്യവാദനത്തിനും ചുവുടവെയ്പുകൾക്കും യാതൊരു വിഘ്നവുമുണ്ടാകാതിരിക്കുന്നതിന് ഗണപതിയെ സ്തുതിക്കുന്നു. ശിരസ്സിൽ മുടിയേറ്റി കയ്യിൽ കുന്തവുമേന്തിയുള്ള ഈ സ്തുതി അറിയപ്പെടുന്നത് ഗണപതിയാട്ടം എന്നാണ്. ഇപ്പറഞ്ഞ അണിയിലം വെച്ച വെള്ളാട്ടുകളുടെ പുറപ്പാടിങ്ങനെ. ഇളം പുഞ്ചിരിയോടെയുള്ള മുഖഭാവം. ഈ ഇളംപുഞ്ചിരിയോടെതന്നെയാണ് പ്രദക്ഷിണവും. കുന്തം പിടിച്ച് നിലത്തമർന്ന് വലതുകാൽ പൊക്കി വീണ്ടും നിലത്തമർന്നു വീണ്ടും ഇടതുകാൽ പൊക്കി കൈകാൽ ചലനങ്ങൾ ഉൾപ്പെടെ പൂർണമായ ശാരീരിക ചലനങ്ങളോടെ പ്രദക്ഷിണം വെക്കുന്നു. ഇതാണ് അണിയിലം വെച്ച വെള്ളാട്ടിന്റെ പുറപ്പാട് നൃത്തം. ഈ പുറപ്പാട് നൃത്തത്തിന്റെ പൂർണതയും ആസ്വാദ്യതയും അതിന്റെ താളഭദ്രതയിലാണ്. താളങ്ങൾ ഇതാ ഇങ്ങനെ-

ഡ്oxനന xന്നഡ്കതര കാംനന xന്നനക
| |
നകനക നക്കഡ്കതര
— — — —

ധൃതിയിലാക്കി മുറിക്കലാശംകൊട്ടി ഒഴിവുതാളത്തിൽ പ്രവേശിക്കുന്നു.

ഗുരുമുത്തപ്പൻ വെള്ളാട്ട്, പൂക്കുട്ടി വെള്ളാട്ട്

തിറയാട്ടത്തിലെ കുടിവെച്ച മൂർത്തികളെപ്പറ്റി മുൻ അധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഗുരുമുത്തപ്പൻ വെള്ളാട്ടിന്റെ ചുവടുവെയ്പുകളിങ്ങനെ. ധ്യാനനിരതനായി അമർന്നു നിന്ന് ധ്യാനം പൂർത്തിയാക്കി അനന്തിരവരായവർക്ക് അനുഗ്രഹം നൽകുന്നു. പരിസരമാകെ വീക്ഷിച്ച് കൈയുടെ പ്രത്യേക ചലനങ്ങളാണ് അനുഗ്രഹത്തിന്റെ അടയാളങ്ങൾ. അതോടൊപ്പം പതിഞ്ഞ താളത്തിൽ ചുവടുകൾ വെച്ച് കാവിന്റെ പ്രതിഷ്ഠയ്ക്കും മറ്റ് ദൈവങ്ങൾക്കും അഷ്ടദിക്പാലകർക്കുമെല്ലാം അരിയും പൂവുമെറിഞ്ഞ് അവരെ തൃപ്തരാക്കുന്നു. കാവിനടുത്തുള്ള അനന്തിരവരുടേയും മറ്റും വീടുകൾ സന്ദർശിച്ച് അരിയും പൂവുമെറിഞ്ഞ് കുടുംബാംഗങ്ങളെ അനുഗ്രഹിച്ച് തൃപ്തരാക്കുന്നു. ഗുരുമുത്തപ്പന്റെ ചുവടുവെയ്പുകൾക്കുള്ള താളങ്ങൾ താഴെ ചേർക്കുന്നു, പൂക്കുട്ടി വെള്ളാട്ടിന്റെ താളവും ഇതു തന്നെ.

മുഖം ഡ്ഠXന ഡ്ഠXന ഡ്ഠXനന ധിരികിടധികതര
| | | ° ° |
ഗഡ് ഡ്ഡ് ഡ്ഠXനന ധിരികിടധികതര
| | ° ° |
ഗഡ്ഡഡ്യൂറ നകഡ്ഡ്ഠ Xനന ധിരികിടധികത
| | | ° °

താളം കാംനഡ് ധിരികിടധികതര ധിരികിടധികതര
| ° ° | ° ° |
ഗഡ്ഡ്ഡഡ്യൂറ ഡ്ഠനഡ്ഠ ധിരികിടധികതര
| | | ° °
ഗഡ്ഡ് ഡഡ്യൂറ ഡ്ഠനഡ്ഠ ധിരികിടധികതര
| | | ° ° |
ഗഡ്ഡ് ഡഡ്യൂറ നഗഡ്ഡ്ഠ ധിരികിടധികതരകാം
| | | | | |

ഈ നട തന്നെയാണ് ഗുരുവിനും പൂക്കുട്ടിക്കും കൊട്ടാറുള്ളത്

മൂർത്തി വെള്ളാട്ട്

കുടിവെച്ച മൂർത്തീസങ്കല്പത്തിലുള്ളതാണ് മൂർത്തി വെള്ളാട്ട്. എന്നാൽ കുടിവെച്ച മൂർത്തീ സങ്കല്പവുമായി ചില വ്യത്യാസങ്ങളുമുണ്ട്. പ്രായമേറിയവരാണ് പൊതുവെ കുടിവെച്ച മൂർത്തീ സങ്കല്പത്തിലുള്ളത്. എന്നാൽ ഇവിടെ പറയുന്ന മൂർത്തി ഒരു പടനായകന്റെയോ യോദ്ധാവിന്റെയോ തത്തുല്യമായ ധീരതയുടെ പര്യായമാണ്, ആകൃതിയും പ്രകൃതിയും ഒരു യുവാവിന്റേതും. ഫുട്ടുകോലും, പരിചയും കൈകളിലേന്തി അമർന്നുയർന്ന് ചാടി വീണ്ടും തിരിഞ്ഞ് ചാടിയാണ് മുമ്പോട്ട് നീങ്ങുന്നതും ചുവടുകൾ വെയ്ക്കുന്നതും. താളങ്ങൾ അതനുസരിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിധിം

തരികിടതകതരകം

ത – ത – തത്തതകതരികിട – തകധിംക – തരികിട തകതരകം

ത – ത – തത്തകതരികിട

ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിംട്ര – ധിധിം

തരികിടതകതരക

ഭഗവതി, ഭദ്രകാളി, കരിവില്ലി, കണ്ഠാകർണൻ, വീരഭദ്രൻ, ഗുളികൻ തുടങ്ങിയ വെള്ളാട്ടുകളുടെ പ്രദക്ഷിണ താളവും ചുവടുവെയ്പുകളും

ഈ കോലങ്ങളുടെ ചുവടുവെയ്പുകൾക്കുള്ള താളത്തിന് പൊതുവെ പറയുന്ന പേരാണ് ചാമുണ്ഡിത്താളം. ഭഗവതിയുടെയും മലദൈവങ്ങളുടെയും രൗദ്രഭാവങ്ങൾക്കും ചുവടുവെയ്പുകൾക്കും അനുസരണമാണ് ഇതിന്റെ താളങ്ങൾ. രൗദ്രഭാവത്തിലുള്ള ഭഗവതിക്കോലം വാളും കൊടിനറുക്കും കൈകളിലേന്തി നാവുനീട്ടി, കണ്ണുരുട്ടി കൂക്കിവിളിച്ച് അരങ്ങിനെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് തൊട്ടടുത്ത തറകളിൽ കയറി ഉയരങ്ങളിൽ ചാടിയും വട്ടം തിരിഞ്ഞും ചുവടുകൾ വെയ്ക്കുന്നു. കരിവില്ലി അമ്പും വില്ലും കൈകളിലേന്തി മുകളിൽ പറഞ്ഞ ഭാവ ചേഷ്ടകളോടെ പുറപ്പെടുന്നു. കണ്ഠാകർണനും വീരഭദ്രനും ശക്തി തെളിയിച്ചുകൊണ്ട് ആർത്തട്ടഹസിച്ച് കടുതലയും പരിചയും കൈകളിലേന്തി മേല്പറഞ്ഞ ഭാവത്തിൽത്തന്നെ

ചുവടുകൾ വെയ്ക്കുന്നു. ഗുളികൻ ദംഷ്ട്രകൾ കാട്ടി തോൽപന്തം കൈയിലേന്തി മാനംമുട്ടെ ഉയരത്തിൽ കാഴ്ചക്കാരിൽ ഭീകരത സൃഷ്ടിച്ചുകൊണ്ട് മുൻപറഞ്ഞ തരത്തിൽ ചുവടുകൾ വെക്കുന്നു. ചാമുണ്ഡിത്താളം ഇങ്ങനെ

ഡ്ഠനകനക ഡ്ഠXനക ഡ്ഠXനക
| | |
ഡ്ഠനകനക ഡ്ഠXനക്ക ഡ്കതര
|
കഡ്ഡ്X ഡ്ഡ്ഠനക്ക നകനക
| | |

ധൃതിയാലാക്കി പതിനൊന്നു മാത്ര ധ്രുവതാളത്തിൽ പ്രവേശിച്ച് മിശ്ര നടയായ

11ഡ്ഠന്ന1ഡ്ലർ ഡ്ഠXകി

എന്ന് കൊട്ടി ധൃതമാക്കി ചതുരശ്രനടയിൽ കലാശിക്കുന്നു.

ഭൈരവൻ വെള്ളാട്ട്

സാധാരണ ഗതിയിൽ ഭൈരവൻ ഒരു ഉപദൈവമായാണ് കാവുകളിൽ പരിഗണിക്കപ്പെടുന്നത്. എന്നാൽ ഭൈരവന്റെ വെള്ളാട്ടിന് മാത്രമായി പ്രത്യേക താളവും അതനുസരിച്ചുള്ള ചുവടുവെയ്പുകളുമുണ്ട്. ശരീരമാകെ ഭസ്മം പൂശി ചപ്രത്താടി വെച്ച ഭൈരവന്റെ കോലത്തിന് ഒരു സന്യാസിയുടെ മട്ടുണ്ട്. തൊഴുതുകുമ്പിട്ട് ആയുധം വാങ്ങിക്കഴിഞ്ഞാൽ ഭൈരവന്റെ ചുവടുവെയ്പുകളിങ്ങനെ. കോലം അമർന്നുനിന്ന് വലതുഭാഗത്തേക്ക് തിരിഞ്ഞ് ചുവടുവെക്കുന്നു. തുടർന്ന് ഇടതുകാൽ പൊക്കി ഇടത്തേയ്ക്ക് നീങ്ങുന്നു. വീണ്ടും വലതുകാൽ പൊക്കി വലത്തേയ്ക്ക്. ഇങ്ങനെയുള്ള ചുവടുവെയ്പുകളോടെ പ്രദക്ഷിണം പൂർണമാക്കുന്നു. ചുവടുവെയ്പുകളുടെ താളം താഴെ ചേർക്കുന്നു.

11ഗഡ്യൂXറ ട്യൂXറ നക്കഡ്ഡ്കതം 1ഗഡ്യൂXറ ട്യൂറെ നക്കഡ്ഡ്കതര 11
| — | | — —

നാഗകാളി വെള്ളാട്ട്

വളരെ പ്രധാനപ്പെട്ട വെള്ളാട്ടാണിത്. നാഗാരാധന വളരെ പ്രാചീനമെന്ന് പണ്ഡിതമതം. കർശനനിഷ്ഠയോടെയുള്ള വ്രതാചരണം നാഗകാളീ കോലങ്ങൾക്ക് കല്പിക്കപ്പെട്ടിട്ടുണ്ട്. കോലത്തിന്റെ ചുവടുവെയ്പുകളിലൂടെ നാഗചേഷ്ടകൾ വ്യക്തമാക്കുന്നു. പാമ്പിന്റെ പത്തിവിരിച്ചുള്ള നോട്ടവും ചലനവും ചീറ്റലും ദംശനവുമെല്ലാം കോലത്തിന്റെ ചലനങ്ങളിലൂടെയും ചുവടുവെയ്പുകളിലൂടെയും സ്പഷ്ടം. കോലത്തിന്റെ ഇരുകൈകളിലും പിടിച്ച് രണ്ടുപേർ കോലത്തെ ആനയിക്കുമ്പോൾ കാവിന്നുടയോർ മേലാപ്പും വിളക്കുമായി കോലത്തെ സ്വീകരിക്കുന്നു. മറ്റ് എല്ലാ വെള്ളാട്ടുകളെയും അപേക്ഷിച്ച് വർണാഭമാണ് നാഗകാളി വെള്ളാട്ട്; ചുവടുവെയ്പുകളും അങ്ങനെത്തന്നെ. ഈ വെള്ളാട്ടിന്റെ താളങ്ങൾ ഇങ്ങനെ–

11ഡ്കനക ഡ്കനക ഡ്കനക ഡ്കനക1
| | | |
1ഡ്കനക ഡ്കനക ഡ്ഗഡ്ഗ ഡ്ഠനകതര11
| | | |
11ഗഡ്ഡ്ഡ്ഠ നഡ് ഡ്ഠXനകതര കഗ്ഗഡ് Xനഗിന നഗഡ്ഠ നകതര 11
| | | | | | | | |

ഈ താളത്തിൽ അഷ്ടദിക്കുകൾ വന്ദിച്ച് ശേഷം കളിത്താളത്തിലേയ്ക്ക് കടക്കുന്നു.

കുട്ടിച്ചാത്തൻ വെള്ളാട്ട്

കുട്ടിച്ചാത്തൻ വെള്ളാട്ടിനായി കാവുകളിൽ കുട്ടികൾ കാത്തിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം അവരുടെ ഇഷ്ടതോഴനാണ് കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തന്റെ ചുവടുവെയ്പുകളെന്നല്ല ഓരോ ചലനവും ഹാസ്യാത്മകമാണ്. കുട്ടിച്ചാത്തന്റെ പുറപ്പാട് പ്രദക്ഷിണം തന്നെ ഉദാഹരണം. കുട്ടികളെ മാടി വിളിച്ചും അവരോടൊപ്പം കൂടി കൂക്കിവിളിച്ചും പേടിപ്പിച്ചുമൊക്കെ ചുവടുകൾ വെയ്ക്കുന്ന കുട്ടിച്ചാത്തൻ കുട്ടികളുടെ മാത്രമല്ല മുതിർന്നവരുടെയും ഇഷ്ടതോഴനാണ്. കാളകാട്ടില്ലവുമായി ബന്ധപ്പെട്ട ഐതീഹ്യമനുസരിച്ചാണ് കുട്ടിച്ചാത്തൻ വെള്ളാട്ടിന്റെ താളങ്ങളും ചുവടുവെയ്പുകളും ക്രമപ്പെടുത്തിയിട്ടുള്ളത്. ചുവടുവെയ്പിന്റെ താളങ്ങൾ താഴെ ചേർക്കുന്നു.

കുട്ടിച്ചാത്തൻ – 16 അക്ഷരം

11ഡ്ഠനഡ്ഠXഡ്ഠനക നകനക നക്കഡ്കതര ഗഡ്ഡ്ഡ് X ഡ്ഢംനക
| — — | |
നകനക നക്കഡ്ഡ്കതര ഗഡ്ഡ്ഡ്കതര ഗഡ്ഡഡ്ഡ്കതര ഗഡ്ഡ്ഠഗഡ്ം
— — | | | |
ഗഡ്ഡ്ഡ്കതര നഡ്ഡ്ഡ് ഡ്ഡ്ഠനക നകനക നകനക
| | — — —

ഈ നടകൊട്ടി പുറപ്പാട് ചെയ്യുന്നു

നായർ വെള്ളാട്ട്

പടനയിച്ച് വിജയിച്ച വ്യക്തിയെന്ന ഖ്യാതിയാണ് നായർ വെള്ളാട്ടിന്റേത്. തലയിലൊരു കെട്ടും കൈയിൽ കുന്തവുമായി ഗംഭീരഭാവത്തോടെയാണ് നായർ വെള്ളാട്ടിന്റെ ചുവടുവെയ്പുകൾ. തൊഴുതു കുമ്പിട്ട് ആയുധം കയ്യേറ്റതിനു ശേഷം അമർന്നു നിന്ന് ഉയരത്തിൽ ചാടി ഇടംവലം തിരിയുന്നു. വീണ്ടും അമർന്നു നിന്ന് ചുവടുറപ്പിച്ചതിനും ശേഷം കണ്ണു കൊണ്ട് മൂന്ന് പ്രാവശ്യം ഗംഭീരഭാവത്തിൽത്തന്നെ നോക്കുന്നു. ശേഷം കഴുത്തുംതലയും മൂന്നുതവണ വെട്ടിക്കുന്നു. ഇങ്ങനെ മൂന്നുതവണ ആവർത്തിച്ചതിനു ശേഷം അമർന്നിരുന്ന് ആദ്യം ചെയ്തതുപോലെ മൂന്നുപ്രാവശ്യം വീണ്ടും ആവർത്തിക്കുന്നു. തുടർന്ന് ഭൂമീദേവിയെ വന്ദിക്കുന്നു. നായർ വെള്ളാട്ടിനു മാത്രം പ്രത്യേകം ചിട്ടപ്പെടുത്തിയ ചുവടുവെയ്പുകളും താളങ്ങളുമുണ്ട്. താളങ്ങൾ ചുവടെ –

മുഖം – 11 ഡ്ഠനഡ്ഠ ഡ്ഠന്നഡ്കതര ഗഡഡ്ഡ്ഡ്ഠ ധിരികിടധിക
| | | | |
കാഡ്ഡം നകതരികിടതക നകനകനകനക നXഡ്ഡ്ഠ ധിരികിടധിക
| — — — — — |
ഗഡ്ഡ്ഠ ധിരികിടധികതര ഗഡ്ഠ ധിരികിടധിക തരകാംന്നകതര
| | |
കാംഠന്നകതര ഗഡ്ഡ്ഠ ധിരികിടധികതര11 കാം
| | | | |

ഇങ്ങനെ 16 അക്ഷരകാലം നടകൊട്ടി പുറപ്പെടുന്നു.

11ഗഡ്ഡ്യൂറ ട്യൂറ നക്കഡ്ഡ്കതര ഗഡ്യൂറ

ട്യൂറ നക്കഡ്കതര11 പ്രദക്ഷിണം ചെയ്യുന്നു.

ഭഗവതിത്തിറ

തിറയാട്ടത്തിലെ അതിപ്രധാനമായ ദേവീസങ്കല്പമാണ് ഭഗവതി. ഇന്ത്യയിലെമ്പാടും പ്രത്യേകിച്ച് കേരളം മുഴുവൻ പല പേരുകളിൽ പല വിധങ്ങളിൽ ഭഗവതി ആരാധിക്കപ്പെടുന്നുണ്ട്. തിറയാട്ടത്തിൽ ഭഗവതിയുടെ ചുവടുവെയ്പുകൾക്കും താളത്തിനുമെല്ലാം വളരെ പ്രത്യേകതകളുണ്ട്. ഭഗവതിക്ക് ഏറെ പ്രിയങ്കരമായ അനുഷ്ഠാനമാണല്ലോ താലപ്പൊലി. താലപ്പൊലിയെ ഭഗവതിക്കോലം എതിരേറ്റു കഴിഞ്ഞാൽ ഭഗവതിയുടെ എല്ലാ ചേഷ്ടകളും കോലം കാണിക്കുന്നു. ദാരിക നിഗ്രഹമാണ് ഭഗവതിയുടെ അവതാരലക്ഷ്യം. ദാരികനെ വധിക്കുന്നതിനുള്ള വീറും വാശിയും പകയുമെല്ലാം ഭഗവതിക്കോലത്തിന്റെ ചുവടുവെയ്പുകളിലൂടെ പ്രതിപാദിക്കപ്പെടുന്നു. ഭഗവതിക്കോലം ആയുധം കയ്യേറ്റുകഴിഞ്ഞാൽ ഇടതുകൈയിൽ പന്തവും കൊടിനറുക്കും കൈത്താങ്ങിനൊരാളുമായി അരങ്ങത്തെത്തുന്നത് നാവുനീട്ടി, രക്തം ഒലിപ്പിച്ച്, ആർത്തട്ടഹസിച്ച് കൂക്കിവിളിച്ചു കൊണ്ടാണ്; ഓരോ ചുവടു വെക്കുന്നതും അങ്ങനെത്തന്നെ. ഓരോ ചുവടുവെയ്പിനും ഭൂമി കുലുങ്ങുമോ എന്ന് ഭക്തർ ഭയന്നു വിറച്ചു നിൽക്കുന്നു. അന്തരീക്ഷമാകെ പ്രകമ്പനം കൊള്ളിക്കുന്ന ഭഗവതിയുടെ നൃത്തച്ചുവടുകളുടെ താളങ്ങളിങ്ങനെ.

```
ഗഡ്ഡ്ഡ്ഠ      Xകന്നകതര      ഗഡ്ഡ്ഡ്ഠ      Xകന്നകതര
     |            |              |              |
ഗഡ്ഡ്          ഡ്ഠXകന്നകതര   ഗിന്നകതര      ഗിന്നകതരഡിഡ്ഡ്
 |                  |            |              —        —
```

ഭൈരവൻ തിറ

മിക്കവാറും ഏതാണ്ടെല്ലാ കാവുകളിൽ തന്നെ ഭൈരവൻതിറ കെട്ടിയാടപ്പെടുന്നുണ്ട്. ഭൈരവന്റെ പുരാവൃത്തവുമായി ഈ ആട്ടത്തിന് വലിയ ബന്ധമൊന്നും കാണുന്നില്ല. തിറയാട്ടത്തിലെ ഭൈരവൻ ഒരു കുരങ്ങന്റെ ചേഷ്ടകളാണ് പ്രകടിപ്പിക്കുന്നത്. ചാടുന്നു, ഓടുന്നു, മരത്തിൽ കയറി കെട്ടിമറിയുന്നു, ചൊറിയുന്നു, മാന്തുന്നു, കുട്ടികളുമായി കളിക്കുന്നു, കടിപിടി കൂടുന്നു അങ്ങനെയങ്ങനെ. ഭൈരവൻ കോലത്തിന്റെ താളങ്ങളും ചുവടുവെയ്പുകളും അതിനനുസരിച്ചു തന്നെ. താളങ്ങളിങ്ങനെ –

```
11ഡ്ഡ്ഠ      Xകനകനകനക      നകനകനക      നകകക്കഡ്കതര
  —  —          —     —          —     —      —     —
കഡ്ഠ        Xകനകനകനക      നകനകനക      നക്കനക്കഡ്കതര
 |                —   —          —     —      —     —
കഡ്ഠ        Xകനക്കഡ്കതരക    ഡ്ഡ്ഠXക      നക്കഡ് കതരക
 |                                |
ഡ്കതരകഡ്    ഡ്ഡ്ഠXനകതര
  |      |      |
```

എളങ്കോലം

കരിവില്ലി, കണ്ഠാകർണൻ, മൂർത്തികൾ തുടങ്ങിയ കോലങ്ങളുടെ എളങ്കോലം കെട്ടിയാടാറുണ്ട്. ഇവിടെ എളങ്കോലം എന്നുപറയുന്നത്, കെട്ടിയാടപ്പെടുന്ന മൂർത്തികളുടെ കൗമാരത്തിനും യൗവനത്തിനും ഇടയ്ക്കുള്ള ഒരു പ്രായഘട്ടമാണ്. ഈ ഘട്ടമാണ് എളങ്കോലം എന്ന കോലത്തിലൂടെ കെട്ടിയാടപ്പെടുന്നത്. അതോടൊപ്പം തന്നെ ഒരു നല്ല പടവീരൻ – യോദ്ധാവ് എന്ന സങ്കല്പവും എളങ്കോല സൃഷ്ടിയിലുണ്ട്. എളങ്കോലം അരങ്ങത്തെത്തുന്നത് ഇങ്ങനെ, കൈയിൽ പന്തവുമായി, രണ്ട് സഹായികൾ ഇരുവശത്തും നിന്ന് കൈകളിൽ പിടിച്ച് മാർഗം സുഗമമാക്കി, ശരീരമാകെ വിറപ്പിച്ച്, കണ്ണുകളുരുട്ടി, കഴുത്ത് വെട്ടിച്ച്, ആർത്ത

ട്ടഹസിച്ച് ; ഈ നിലയിലാണ് പ്രദക്ഷിണം. ഏത് കോലമാണോ കെട്ടിയാടപ്പെടുന്നത്, ആ കോലത്തിന്റെ തറയിലെത്തി അരിയും പൂവുമിടുന്നു. പതിഞ്ഞ താളത്തിൽ തുടങ്ങിയ താളങ്ങളും ചുവടുവെയ്പുകളും അരിയും പൂവുമിടുന്നതോടെ ദ്രുതഗതിയിലാകുന്നു. താളങ്ങൾ ചുവടെ –

ഡ്ഡ്X നകഡ്ഠ X നകഡഠX നകഡ്ക ഡ്ഠഡ്ഠ X കഡ്Xനക
| | | | | | |
ഡ്ഠX ന്നകതര ഗഡ്ഡ് X ഡ്ഠഗിന നക്കനക നക്കഡ്കതര
| | — — —
1ഗഡ്ഡ് X ഡ്ഠഗിന്ന നകനക നക്കഡ്കതര
| — — —
1ഗഡ്ഡ്ഠ X ഗിനനഗഡ്ഠഡ്ഠ Xഡ്ഠXഗിന നഗഡ്ഠ ഡ്ഠXഗിനനക്കതര
|
ഗഡ്ഡ്ഠ X ഗിനനഗഡ്ഠ ഡ്ഠXഗിന നഗഡ്ഠ ഡ്ഠXകഡ്ഡ്കതര
| | | | | |

ഈ താളം തുടർന്ന് ദൈവത്തെ വണങ്ങി അരിയും പൂവുമിട്ട്

11ഡ്ഡ്ഠ X നകനന്നക നന്നഡ്കതര ഗഡ്ഡ്Xഡ്Xഡ്ഠഡ്ഡ്ഠ
| | | | | | |
നകനക നകന്നകതര ഗഡ്ഡ്ഡ്ഡ്ഡ്ന്നക തരകഡ്ഠനക

നക്കനക്ക ന്നകതര ഗഡ്ഡ്ഡ്ന്നകതരക ഡ്ഡ്ന്നകതരക
| | | | | |
ഡ്ഠന്നക തരകഗഡ്ഡ് ഡ്Xഡ്ഡ്Xഡ്ഡ്ഠXഡ്ഡ്ഠ
| | | |

പൂമുടിത്തിറ

നായർവെള്ളാട്ടിന്റെ തിറയാണിത്. തൊഴുതുകുമ്പിടലിനുശേഷം കുന്തം വാങ്ങി തിരിഞ്ഞ് കോലം അമർന്നു നിൽക്കുന്നു. കുന്തം കുത്തിപ്പിടിച്ച് കൈ നീട്ടുകയും ശിരസ്സ് ഒരു പ്രത്യേക തരത്തിൽ തിരിക്കുകയും ചെയ്യുന്നു. മെല്ലെ ചെയ്യുന്ന ഈ ശാരീരിക ചലനങ്ങൾക്കനുസരിച്ച് പതിഞ്ഞ താളത്തിൽ ചുവടുകൾ വെയ്ക്കുന്നു. പതിഞ്ഞ താളത്തിലുള്ള ഈ ചുവടുവെയ്പുകൾ മയിൽപക്ഷിയുടെ ചുവടുകൾക്ക് സമാനമത്രെ.

താളങ്ങൾ ഇതാ :–

ധിരികിടധികതരകാം Xനക്ക ധിരികിടധികതര

ഗഡ്ഡ് X കനനനഗിന നകഡ്കനനഗിന ടട്യൂXറ

ടട്യൂXറ നന്നXക്ക ധിരികിട ധികതരനന്നXക്ക

ധിരികിടധികതര ടട്യൂXറടട്യൂ Xറഡ്ഡ്നക നഡ്ഡ്ഡ്ഠXനക്ക

കരുമകൻ, കരിയാത്തൻ, കുലവൻ തിറകൾ

മലദൈവ സങ്കല്പങ്ങളിലെ മുഖ്യമായ ശൈവഭാവകോലങ്ങളാണ് ഇവ. പീലിമുടിയും കുലവൻ മുടിയുമണിഞ്ഞുള്ള ചുവടുവെയ്പുകൾ മയിലാട്ട സമാനമെന്നു പറയാം. **മുറിപ്പാണ്ടി** താളത്തിലാണ് ചുവടുവെപ്പുകൾ. അത് താഴെ ചേർക്കുന്നു.

11 നഡ്ഡ് X നകനഡ് ഡ്ഠXനക
| | | |

കുട്ടിച്ചാത്തൻ മറപിടുത്തം

മറപിടുത്തം എന്ന വാക്ക് കഥകളിയിലൂടെ നമുക്ക് സുപരിചിതമാണ്. എന്നാൽ ഗോത്ര സംസ്കൃതി പേറുന്ന അനുഷ്ഠാന കലകളിൽ ഇത് എങ്ങനെ സന്നിവേശിക്കപ്പെട്ടു? ഇതൊരു സ്വാഭാവിക ചോദ്യം തന്നെ. കാവുകളുമായി ബന്ധപ്പെട്ട എല്ലാ അനുഷ്ഠാന കലകളും കാണികളോടൊപ്പം മറ്റൊരു തരത്തിൽ പറഞ്ഞാൽ അവരുടെ പങ്കാളിത്തത്തോടെയാണ് നടക്കുന്നത്. ഇവിടെ മറപിടുത്തത്തിന്റെ ആവശ്യമില്ല എന്ന് സാമാന്യമായിപ്പറയാം. കാവു കലകളെല്ലാം തന്നെ ആദിമ മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. നഗ്നനായിരുന്ന അവൻ കൂട്ടമായി ജീവിക്കാൻ തുടങ്ങിയപ്പോൾ രതിക്ക് ഒരു മറ ആവശ്യമായി വന്നു. ആ മറപിടുത്തം അവന്റെ കലാസങ്കേതങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടു. പരിണാമഗുപ്തിയെന്ന സങ്കേതം പോലും അങ്ങനെ ഉണ്ടായിക്കൂടെന്നില്ലല്ലോ! കഥകളിയിലെ മുദ്രകളും കലാശങ്ങളും കൊട്ടുകളും ചൊല്ലിയാട്ടങ്ങളുമെല്ലാം തന്നെ പ്രാക്തനകലാരൂപങ്ങളിൽ നിന്ന് നേരിയ മാറ്റങ്ങളോടെ പരിഷ്കരിക്കപ്പെട്ട് കഥകളിയുൾപ്പെടെയുള്ള കലകളിലൂടെ അവതരിപ്പിക്കുന്നു; അത്രമാത്രം. എഴുത്തുകളും അങ്ങനെത്തന്നെ.

പറഞ്ഞുവന്നത് കുട്ടിച്ചാത്തന്റെ മറപിടുത്തത്തെപ്പറ്റിയാണല്ലോ. അതിങ്ങനെ, തൊഴുതു കുമ്പിട്ടതിനു ശേഷം കോലം കയ്യരങ്ങ് വാങ്ങുന്നു. തുടർന്ന് കോലത്തിന്റെ ചൊല്ലിപ്പുറപ്പാടാണ്. ചൊല്ലിയാട്ടം എന്ന ചുവടുവെയ്പുകൾക്കു ശേഷമാണ് മറപിടുത്തം. മറപിടിച്ച് മെല്ലെ ഇളക്കിക്കൊണ്ട് മറയടിക്കുന്നു. ഇങ്ങനെ മൂന്നുപ്രാവശ്യം മറയടിച്ചുകഴിഞ്ഞാൽ മറ കൈയിൽ പിടിച്ചുകൊണ്ട് കഴുത്തും മറയും ഇരുവശങ്ങളിലേക്കും മൂന്നുപ്രാവശ്യം വെട്ടിക്കുന്നു. ഇങ്ങനെ വെട്ടിച്ചു പിടിച്ചുകൊണ്ടു തന്നെ തുടക്കത്തിലേതുപോലെ മറ വിടുന്നു.

താളങ്ങളിങ്ങനെ :-

11ഡ്ഠXനഡ്ഠ ഡ്ഠXന്ന ന്ന X ന്ന കതര ഗിന്ന കനഡ്ഠ ധിരികിട ധികതരകാം
| | | | | | | | |
1 കാ X ഡ്ഡ്ഠ നകതരി കിടതക നകനക നകനക ന X ഡ്ഡ്ഠ ധിരികിട ധികതര
— — — — —
1 കാXഡ്ഡ്ഠ നകതരി കിടതക നകനക നകനക ന X ഡ്ഡ്ഠ ധിരികിടധികതര
| — — — — — — — |
1 കാംX ഡ്ഡ്ഠ നകതരി കിടതക നകനക നകനക ന X ഡ്ഡ്ഠ ധിരികിട ധികതര
| — — — — — |
1 ഗ X ഡ്ഡ്ഠ X ധിരികിട ധികതര ഗ X ഡ്ഡ്ഠ X ധിരികിടധികതര
| |
1കാം X ന്നകതര കാംXന്നകതര ഗഡ്ഡ്ഠ X ധിരികിടധികതര/ കടം
| | | | | |

വീട്ടുതാലപ്പൊലി നൃത്തം

ഭഗവതിക്ക് സമർപിക്കാനുള്ള ആഗ്നേയ നിവേദ്യം (വീട്ടുതാലപ്പൊലി) മാളികപ്പുറങ്ങളുടെ താലപ്പൊലികളുടെ അകമ്പടിയോടെ തിരുമുമ്പിലെത്തുന്നു. എത്തിയാലുടൻ ആവേൻ അത് ഏറ്റുവാങ്ങി ചുവടുകൾ വെയ്ക്കുന്നു. തുടർന്ന് ചോപ്പന് കൈമാറുന്നു. ഏറ്റവും അവസാനം തിറക്കോലങ്ങൾക്ക് കൈമാറുന്നു. അവർ ഏകനൃത്തത്തോടെ വീട്ടുതാലപ്പൊലി ഭഗവതിക്ക് സമർപിക്കുന്നു.

താളങ്ങളിങ്ങനെ :-

//ഡ്ഡ്ം x ന്ന / നഡ്ഡ് / ഡ്ഡ്ം x ന്ന നഡ്ഡ്ം/8
| — | — | —
// ഡ്ഡ്ം x നക ട്യൂ x ം / ഡ്ഡ്ം x ന്നക ട്യൂxം /8
| — | | — | —
/ ഡ്ം xന്നക / ഡ്ം x ന്നക -------ന്നക്ക //
| — | —
കലാശം / അഡ്ഡ്ഡ് x ഡ്ഡ/ x ഡ്ഡ് ട്യൂർx ന്നകതരഗിന നഗഡ് ഡ്ഡ്കനന കാം
| | | | |

ആവേനും ചോപ്പനും വടക്കും വാതിൽക്കലേക്ക് പോകുമ്പോൾ

ഭഗവതിയുടെ തിരുമുമ്പിലെ വീട്ടുതാലപ്പൊലി സമർപണത്തിനു ശേഷം ആവേനും ചോപ്പനും വടക്കും വാതിൽക്കൽ സജ്ജമാക്കിയിരിക്കുന്ന ഗുരുതിസ്ഥാനത്തേയ്ക്ക് പോകുന്നു. പോക്ക് ഒരു പ്രത്യേക വിധത്തിലാണ്. കയ്യാളുകൾ, ആവേൻ ചോപ്പന്മാരുടെ കൈകളിൽ പിടിച്ചുകൊണ്ട് ഇരുവരും പിന്നോട്ടാണ് ചുവടുകൾ വെക്കുന്നത്. ഗുരുതി സ്ഥാനത്തേയ്ക്കുള്ള ഇവരുടെ പോക്കിന് അകമ്പടിയായി രണ്ട് ചെണ്ടക്കാരും കുത്തുവിളക്കുമുണ്ടാവും.

ചുവടുവെയ്പുകളുടെ താളങ്ങളിങ്ങനെ :-

നഡ്ഡ് ട്യൂ x ം ഡ്ം x ന്നക നനഗിന

-ഈ താളത്തിൽ വരുന്നു

പാലും പൊടി സമർപണം

ആദ്യമായി സ്വസ്തികക്കളത്തിൽ നറുക്കുവെച്ച് നറുക്കിലൂട്ടുന്നു. ശേഷം ഇളനീർ വെള്ളം സമർപിക്കുന്നു. തുടർന്നാണ് പാലുംപൊടി സമർപണം. പാലുംപൊടി സമർപണത്തിനുമുണ്ടൊരു പ്രത്യേകത. ഉരുളിയിൽ നിന്ന് ചെറിയൊരു കുമ്പിൾ കൊണ്ട് പാലുംപൊടി കോരിയെടുത്ത്, വലതുകാൽ പൊക്കി നറുക്കിനു നേരെ കാല് താഴ്ത്തി നറുക്കിലേക്ക് പാലും പൊടി എറിയുന്നു. ഇങ്ങനെ എറിയുന്നതും പ്രത്യേക നൃത്തച്ചുവടുകളോടെയാണ്. ഈ നൃത്തച്ചുവടുകളുടെ താളം ഇങ്ങനെ :-

4/ ഡ്ം x ന്ന /ഡ്ം x ന ന /ഡ്ം x ന്ന/നക നക/14 - അക്ഷരം

4/നഡ്ഡ് ട്യൂxം ഡ്ം x ന്നക നനഗിന /-
| | | — —

ധൃതിയിലാക്കി പൊലുമ്പി പാലും പൊടി അർപിക്കുന്നു. പിന്നീട് ഏകതാളത്തിൽ ഗുരുതി തർപണം. നാളികേരമെറിയൽ ദർശനം

ആവേന്റെ മടമ്പടി ചിലമ്പടിനൃത്തം

ഈ നൃത്തത്തിന് ദേവീനൃത്തം എന്ന് പറയുന്നു. ദേവിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നൃത്തമാണിതെന്ന് വിശ്വസിക്കപ്പെടുന്നു. അതുകൊണ്ടു തന്നെ ഇത് വളരെ പ്രധാനവുമാണ്. ആവേൻ പീഠത്തിന്മേൽ കയറി നിൽക്കുന്നു. കാലിൽ ചിലമ്പ് ധരിച്ച് അരമണിയും കെട്ടി കൈയിൽ വാളുമായാണ് നിൽപ്. പീഠത്തിൽ നിന്നുകൊണ്ടു തന്നെ ആവേൻ പ്രത്യേക താളത്തിൽ ചുവടുകൾ വെക്കുന്നു. ഈ ചുവടുവെയ്പുകൾക്ക് പറയുന്ന പേരാണ് മടമ്പടി ചിലമ്പടി നൃത്തം. ഇതിന്റെ താളങ്ങളിങ്ങനെ :-

4/ ഡ്ഠ X നകതരക ഡ്ഠ X നക്ക നക്കധിരികിട ധികതരകാം
| | | |
ഡ്ഠ X നക്ക ഡഡ്ഡ ട്യൂ X ഠ ഡ്ഠ X നക്ക
| | |
ഡ്ഠ X നകതര ഡ്ഠX നക്ക നക്കധിരികിട ധികതരകാം
| | | |
ഡ്ഠ X നക്ക നഡ് ഡ്യൂഠ ഡ്ഠ Xനക്ക ഡ്ഡ് ട്യൂ Xഠ ഡ്ഠ Xനക്ക
| | | | | |
4/ ഡ്ഠ X നക്കതരക ഡ്ഠ X നക്ക നക്കധിരികിട ധികതരകാം
| | | |
ഡ്ഠ X നക്ക ഡഡ്ഡ ഡ്യൂഠ ഡ്ഠ X നക്ക, ഡഡ്ഡ ട്യൂ Xഠ
| | | | | |
ഡ്ഠ X നക്ക ഡഡ്ഡ ട്യൂ X ഠ ഡ്ഠ X നക്ക
| | |
ഏകതാളത്തിൽ പ്രവേശിച്ച് വ്രതതാളമാക്കി അവസാനിപ്പിക്കുന്നു.

ചോപ്പന്റെ മുക്കണ്ണിനൃത്തം

ആവേന്റെ മടമ്പടി ചിലമ്പടി നൃത്തം തന്നെയാണ് ഈ മുക്കണ്ണി നൃത്തവും. മുകളിൽ പറഞ്ഞതുപോലെ തന്നെയാണ് ഇതിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും. ഇതിന്റെ ചുവടുവെയ്പുകൾ തറയിൽ നിന്നുകൊണ്ടു മാത്രമാണ്.

താളങ്ങളിങ്ങനെ :-

1 ഡ്ഠ Xന നഡ്ഡ് /8
|
1 ഡ്ഠ X നക ട്യൂഠ /8
|
1 ഡ് ഡ്ഡ് ട്യൂ Xഠ ഡ് ന്നകനനഗിന/8
| | |
1 ഡ് ഡ്ഡ് ട്യൂ X ഠ, ഡ് ഡ്ഡ് ട്യൂഠ, ഡ് X ന്നകനനഗിന/8
| | | | | |
1 ഡ്ഡ്ഡ് ട്യൂ X ഠ, ഡ് ഡ്ഡ് ട്യൂഠ, ഡ്ഡ്ഡ് ട്യൂ Xഠ, ഡ്ഠ ന്നക നനഗിന/8
| | | | | | |
1 നഡ്ഡ്ക നനഗിന നഡ്ഡട്യൂഠ ഡ്ഠ Xന്നകനനഗിന/8
|
ഗിഡ്ത്ക നനഗിന നഡ്ഡ ട്യൂഠ ഡ്ഠX ന്നകനനഗിന
| | | | | |
1 നഡ്ഡ് ക നനഗിന നകഡ്ക നന ഗിന നഡ്ഡ് ട്യൂ Xഠ ഡ്ഠ X ന്നകനനഗിന
| | | | | | |
ഇത് ഇരട്ടിച്ച് പോകുന്നു

8 1 /ഡ്ഡ്ഠ X ന്നകനകഡ് ഡ്ഡ്ം Xന്നകനകഡ് ട്യൂ Xഠ ട്യൂ Xഠ ഡ്ഡ്ഠ X ന്നകനകഡ്
| | | | |
2/ഡ്ഠ X ന്നകനകഡ്, ഡ്ഠ Xന്നകന കഡ്ഠ – ട്യൂഠ ട്യൂഠഡ് X ന്നകനകഡ്ഠ 8
| | | | |

3/ ഡ്ഠ Xന്നകനകഡ്ഠ ഡ്ഡ്ഠ Xന്നകനകഡ്ഠ
| |
ട്യൂറ ട്യൂറ ഡ്ഡം Xന്നകനകഡ്ഠ
| | |
ട്യൂ X റ ട്യൂറ ഡ്ഠ X ന്നകനകഡ്ഠ
| | |
ട്യൂ Xറ ട്യൂ X റഡ്ഠ X ന്നകനകഡ്ഠ 8
| | |

ഏക താളത്തിൽ കേറി മുറുകി അവസാനിക്കുന്നു.

ധിം – തകധിം – തകധിം – തകധിം – തകധിം.....

(**ഏകതാളത്തിലവസാനം**)

അഷ്ടദിക്ക് പൂജ (പാലുംപൊടി പൂജ)

കാവിന്റെ അഷ്ടദിക്കുകളിലും ചെയ്യുന്ന അനുഷ്ഠാന കർമമാണിത്. അഷ്ടദിക്ക് പാലകരെ പൂജിക്കുകയെന്നതാണ് ഈ കർമം കൊണ്ട് നിർവഹിക്കപ്പെടുന്നത്. ഈ കർമത്തിന് വലംതല ചെണ്ട മാത്രം ഉപയോഗിക്കുന്നു.

വലംതല ചെണ്ടയിലെ താളങ്ങളിങ്ങനെ :-

//ധീം X ത ധീം

//ധീം X കത ധീം ത

//തകത ധീം ക

അരിയേറ്

ഭഗവതിക്കാവുകളിലെ എല്ലാ ചടങ്ങുകൾക്കുമവസാനം ആവേനും ചോപ്പനും കാവിന് വലം വെച്ച് പ്രത്യേക ചുവടുവെയ്പുകളോടെ അഷ്ടദിക്കുകളിൽ അരിയെറിയുന്നു.

ചുവടുവെയ്പുകളുടെ താളം :-

//ധീം Xത ധീം

//ധീം X കത ധീംXത

//ധീംXകതകതക

അധ്യായം പതിനാല്

ആംഗ്യഭാഷ തിറയാട്ടത്തിൽ



ആശയവിനിമയമാണല്ലോ ഭാഷ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. സംസാര ഭാഷയുടെ വളർച്ച, വളർച്ചയ്ക്കനുസരണമായ നിയമങ്ങൾ, വിവിധ ഭാഷകളുമായുള്ള ബാന്ധവം, ധ്വനിവൈവിധ്യത്തിന്റെ അർഥകല്പനകൾ ഇത്തരത്തിൽ ഒട്ടേറെ ഘടകങ്ങൾ ഭാഷാപഠനത്തിലുണ്ട്. ഭാഷയുടെ തുടക്കം എന്ന്, എങ്ങനെ എന്നൊന്നും തീർത്തുപറയാനാവില്ല. എങ്കിലും സംസാരഭാഷയെ സംബന്ധിച്ച് പണ്ഡിതന്മാർ മൊത്തത്തിൽ ഇങ്ങനെ വിലയിരുത്തിയിട്ടുണ്ട്.

സംസാരഭാഷ പരിണമിച്ചതെങ്ങനെ? ഈ ചോദ്യത്തിന് രണ്ടുതരത്തിൽ ഉത്തരം കണ്ടെത്താം. ശബ്ദം ഉല്പാദിപ്പിക്കാനുള്ള കഴിവ് പരിണമിച്ചതിന്റെ



ഫലമായും ഭാഷ കൈകാര്യം ചെയ്യാനാവശ്യമായ മാനസീക വികാസപരിണാമങ്ങളുടെ ഫലമായും. രണ്ടും വേണം നമുക്ക് സംസാരിക്കാൻ. നമ്മുടെ ശരീരഘടന പറഞ്ഞുതരുന്നത് പ്രൈമേറ്റ് തൊണ്ടയിൽ നിന്നും, ഭാഷകൾക്കനുയോജ്യമായ രീതിയിലുള്ള തൊണ്ട പരുവപ്പെടണമെങ്കിൽ അനേകകാലം വേണ്ടിവരുമെന്നാണ്. ഭാഷ ഒറ്റയ്ക്ക് ഉപയോഗിക്കാനുള്ളതല്ല. അത് സാമൂഹ്യജീവിതത്തിന്റെ ഏറ്റവും വലിയ മാധ്യമമാണ്. ഒരാൾക്ക്, മറ്റൊരാൾ ഒരു വസ്തുവിന്റെ പേര് പറയുന്നത് കേട്ടാൽ അതിനെക്കുറിച്ചൊരു ബോധമുണ്ടാകണം. ഒരുമിച്ചുള്ള ശ്രദ്ധ സാധ്യമാകുംവിധം വികസിച്ച മസ്തിഷ്കം മനുഷ്യഭാഷകൾക്ക് അത്യാവശ്യമാണ്. മറ്റുള്ളവർ പറയുന്നതെന്തെന്ന് വ്യവച്ഛേദിച്ച് അറിയാനുള്ള കഴിവ് അത് നൽകുന്നു.

അനേകകാലം കൊണ്ട് പ്രൈമേറ്റ് തൊണ്ടകളിൽ ഉണ്ടായ പരിണാമവും ഭാഷ കൈകാര്യം ചെയ്യാനാവശ്യമായ മാനസീക വികാസ പരിണാമവുമാണ് സംസാരഭാഷയുടെ മൂലകാരണം. അതിനും എത്രയോ മുമ്പും മനുഷ്യർ തമ്മിൽ ആശയ വിനിമയം നടന്നിരുന്നു. മൃഗങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുന്നതിന് എത്രയേറെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. വനങ്ങളിൽ ഇരപിടിക്കാൻ ചെന്നായ്ക്കൾ സംഘം ചേരുന്നതും കാട്ടുപോത്തിനെ ആക്രമിക്കാൻ സിംഹം തയ്യാറെടുക്കുമ്പോൾ തിരിച്ചൊരു യുദ്ധത്തിന് കാട്ടുപോത്തുകൾ സംഘം ചേരുന്നതും പിടിയാനയുടെ പ്രസവത്തിനും തുടർന്ന് കുട്ടിയാനയെ സംരക്ഷിക്കുന്നതിനുമായി ആനക്കൂട്ടം തയ്യാറെടുക്കുന്നതുമൊക്കെ നമ്മുടെ കൺമുന്നിലുണ്ട്. ഇതൊക്കെ മൃഗങ്ങൾ ചെയ്യുന്നത് സംസാരഭാഷയിലൂടെയല്ല. അവയുടേതായ ആശയവിനിമയ ഭാഷ ഉണ്ടെന്ന് സാരം .

ആധുനിക ആശയവിനിമയോപാധികൾ ഉണ്ടാകുന്നതിനു മുമ്പ് വിവിധ തരത്തിലുള്ള കൂക്കി വിളികളോടെ മറ്റുള്ളവരെ പലവിധ കാര്യങ്ങൾ ഗ്രഹിപ്പിച്ചിരുന്ന കാലം നമുക്കുണ്ടായിരുന്നു; ആ കാലം അത്ര വിദൂരവുമല്ല. പ്രസവമറിയിക്കാൻ, പ്രസവിച്ചത് ആൺകുട്ടിയോ പെൺകുട്ടിയോ എന്നറിയിക്കാൻ, മരണമറിയിക്കാൻ, അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങളും ഭാഗ്യാനുഭവങ്ങളും അറിയിക്കാൻ വിവിധ തരത്തിലുള്ള കൂക്കി വിളികളുണ്ടായിരുന്നു. അധ്യാപക പരിശീലകനും മികച്ച വാഗ്മിയും ഗാനരചയിതാവുമായ രമേശ് കാവിൽ കൂക്കിവിളിയെപ്പറ്റി പറയുന്നു.

''കുട്ടിക്കാലംമുതൽ എന്നെ കൊതിപ്പിച്ച കോലൈസിന്റെ മധുരം നാവിൽ തൊട്ടുതന്ന അയൽക്കാരൻ അനസ്സിന്റെ കൂക്കിവിളി, കോണിക്കൽ കാത്തു നിന്ന കുറിഞ്ഞി പൂച്ചയ്ക്ക് മീൻ സന്ദേശമയച്ച മൂസ്സക്കായുടെ കൂക്കിവിളി, കടത്തുതോണിയെ കടവിലേക്ക് ക്ഷണിക്കുന്ന സഞ്ചാരികളുടെ കൂക്കിവിളി, ഒളിയിടങ്ങളിലേക്ക് നുഴഞ്ഞുകയറിയ പോലീസുകാരുടെ അന്വേഷണ ബുദ്ധിയെ തോൽപിച്ച വിപ്ലവകാരികളുടെ കൂക്കിവിളി, ചാരക്കണ്ണുകളുമായി ഇരച്ചുകയറിയ വെള്ളപ്പട്ടാളത്തെ ഒളിച്ചുതോൽപിച്ച ഇന്ത്യക്കാരന്റെ കൂക്കിവിളി, അരോചകമാവുന്ന പ്രസംഗവിക്ഷേപണത്തെ അടിച്ചുതെറ്റിച്ചു കളയുന്ന ആസ്വാദകന്റെ കൂക്കിവിളി..'' (ഓലച്ചൂട്ട്, രമേശ് കാവിൽ, ഫിംഗർ ബുക്ക്സ്).

ഗ്രന്ഥകർത്താവ് ഒരു പ്രശസ്ത കോളേജിലെ ഫൈൻ ആർട്സ് ഉദ്ഘാടനത്തിന് എത്തി, അദ്ദേഹത്തെ കൂക്കി വിളിച്ച് തോൽപിക്കാൻ ശ്രമിച്ച വിദ്യാർഥിക്കൂട്ടം അവസാനം തലതാഴ്ത്തി അദ്ദേഹത്തിന്റെ ആരാധകരായി മാറുന്നതാണ് സന്ദർഭം. ഇത്തരത്തിൽ വിവിധ കൂക്കിവിളികൾ ആശയവിനിമയോപാധികൂടിയാണെന്ന് വ്യക്തമാക്കാൻ ഇത്രയും പറഞ്ഞൂ എന്നേയുള്ളു. തിറയാട്ടത്തിലെ വിവിധകോലങ്ങൾ സാന്ദർഭികവൈവിധ്യമനുസരിച്ച് കൂക്കി വിളിക്കുന്നുണ്ട്. ഈ കൂക്കി വിളികളും വ്യത്യസ്തങ്ങളാണ്.

സംസാരഭാഷയുടെ വളർച്ചയുടെ പ്രധാനഘട്ടമാണല്ലോ എഴുത്തുവിദ്യ. അതായത് ലിപികളിലൂടെയുള്ള ആശയവിനിമയം. എഴുത്തുവിദ്യയുടെ പഴക്കം കഷ്ടിച്ച് അയ്യായിരം വർഷമെന്നാണ് പണ്ഡിതമതം. അപ്പോൾ സ്വാഭാവികമായും 5000 വർഷം മുമ്പും ആശയ വിനിമയ

ത്തിന് സംസാരഭാഷയുണ്ടായിരുന്നു. അതിനും ഏറെക്കാലം മുമ്പും പ്രാകൃത ശബ്ദങ്ങളിലൂടെയായിരിക്കണം ആശയവിനിമയം നടന്നത്. ആംഗ്യങ്ങളോടെയുള്ള പ്രാകൃത ശബ്ദങ്ങളായിരുന്നു അക്കാലത്തെ ആശയവിനിമയോപാധികൾ എന്നുസാരം. ഗോത്രമായി മനുഷ്യൻ ജീവിതം തുടങ്ങുന്നതിന് മുമ്പും പിമ്പും ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്ന ഭാഷ, അതായത് ആംഗ്യഭാഷ ഇപ്പോഴും തിറയാട്ടത്തിൽ നിലനിൽക്കുന്നു എന്നു വ്യക്തമാക്കാനാണ് ഇത്രയും പറഞ്ഞത്. ഇങ്ങനെ ആംഗ്യഭാഷയുടെ അനുപമവും ഉദാത്തവുമായ പ്രകടനം അത്യാകർഷകം എന്നതിലുപരി സംവേദനക്ഷമവുമാണ്. തെയ്യം ഉൾപ്പെടെയുള്ള മറ്റു യാതൊരു കാവു കലകളിലും, ആദിമ മനുഷ്യന്റേതും തുടർന്ന് ഗോത്ര മനുഷ്യനിലൂടെ കൈമാറിയെത്തിയ ആംഗ്യഭാഷ്യയിലൂടെയുള്ള പ്രകടനം ഇല്ല തന്നെ.

കോലങ്ങളുടെ ആംഗ്യഭാഷ

ഗുരുമുത്തപ്പൻ വെള്ളാട്ട്

വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് മൺമറഞ്ഞ അതിശ്രേഷ്ഠനായ മനുഷ്യൻ, ജീവിതകാലത്ത് എല്ലാരംഗങ്ങളിലും പ്രാഗത്ഭ്യം തെളിയിച്ച അദ്ദേഹത്തിന്റെ കോലമാണ് കെട്ടിയാടാൻ തയ്യാറാകുന്നത്. അദ്ദേഹത്തിന്റെ മഹത്വം വെള്ളാട്ടു പുറപ്പാടിൽ തന്നെ വ്യക്തമാകുന്നുണ്ട്. കുന്തമായും ഉപയോഗിക്കാൻ കഴിയുന്ന വടി, മാറാപ്പ്, ഗ്രന്ഥക്കെട്ട് തുടങ്ങിയവയുമായാണ് പുറപ്പാട്. ഗുരുമുത്തപ്പന്റെ അടയാളമായ മേൽപറഞ്ഞ സാമഗ്രികൾ ഏറ്റുവാങ്ങുന്നതും മാറാപ്പു തോളിലേറ്റുന്നതും ഗ്രന്ഥക്കെട്ട് അരയിൽ സുരക്ഷിതമാക്കുന്നതും കുന്തം വടിയായി കുത്തിപ്പിടിച്ച് കാവിന് അഭിമുഖമായി നിന്ന് ഭക്തർക്ക് മുഖം കൊടുക്കുന്നതുമെല്ലാം ആംഗ്യഭാഷയിലാണ്. ഈ ആംഗ്യഭാഷയ്ക്ക് മാറ്റു കൂട്ടുന്നതിന് താളവിന്യാസങ്ങളുമുണ്ട്. ഗുരുമുത്തപ്പന്റെ ഈ കോലങ്ങളും ആംഗ്യങ്ങളും ഒരു മഹാഗുരുവിന്റെ ദർശന സാന്നിധ്യമാണ് ഭക്തരിൽ ജനിപ്പിക്കുന്നത്. തുടർന്നുള്ള പ്രദക്ഷിണത്തിന്റെ ഓരോ നിമിഷവും ആംഗ്യചിഹ്നങ്ങളോടെ തന്നെ. ഈ ആംഗ്യ ചിഹ്നങ്ങൾക്ക് അനുസരണമായ ശബ്ദങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. പ്രദക്ഷിണശേഷം കാവുമുറ്റത്ത് പ്രതിഷ്ഠിച്ച പീഠത്തിനടുത്തെത്തിയ കോലം മൂന്ന് പ്രാവശ്യം പീഠത്തെ വലംവെക്കുന്നു. ആരാധിക്കപ്പെടേണ്ടതാണ് ഈ പീഠമെന്ന കോലത്തിന്റെ ആംഗ്യവ്യവഹാരങ്ങളിൽ നിന്ന് ഭക്തർ മനസ്സിലാക്കുന്നു. തുടർന്ന് കോലം പീഠത്തിൻമേൽ കയറി നിൽക്കുന്നു. വീണ്ടും ആംഗ്യഭാഷയിലൂടെ കോലം ഭക്തരെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങളാണിവ. ബോധ്യപ്പെടുത്തുക എന്നതിലുപരി ഭക്തർ ആത്മീയമായി ഉൾക്കൊള്ളുന്നു എന്നതാണ് ശരി.

- പണ്ട് ഈ സ്ഥാനത്ത് ഒരു മഹാഗുരുവുണ്ടായിരുന്നു
- ആ മഹാഗുരുവിനെ ഇവിടെ ആര് എങ്ങനെ എപ്പോൾ കുടിവെച്ചു?
- ഇപ്പോൾ ഇവിടെ ആരൊക്കെ എങ്ങനെയൊക്കെ ആ മഹാഗുരുവിനെ പ്രാർഥിച്ച് ആരാധിക്കുന്നു?

ഇത്തരത്തിൽ ആ മഹാഗുരുവിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കുന്നു. ആർക്കും നവാഗതർക്കു പോലും മനസ്സിലാകത്തക്കവിധമുള്ള ആംഗ്യങ്ങളിലൂടെയാണ് കോലം ഈ കാര്യങ്ങളെല്ലാം അവതരിപ്പിക്കുന്നത്. അതിസൂക്ഷ്മമായ ആംഗ്യചിഹ്നങ്ങളിലൂടെ കോലം തുടർന്ന് അവതരിപ്പിക്കുന്നത് ഗുരുവിന്റെ കുളിക്കാനുള്ള തയ്യാറെടുപ്പാണ്.

- ശരീരമാകെ എണ്ണതേയ്ക്കുന്നത്
- കുളക്കടവിലേക്ക് നടക്കുന്നത്
- കുളത്തിൽ മുങ്ങുന്നത്
- ശരീരം തേച്ച് വൃത്തിയാക്കുന്നത്

– ശരീരം തോർത്തുന്നത്

– താടിയും മുടിയും ചിക്കറക്കുന്നത് (ചീകിയൊതുക്കുന്നത്)

ഇവയൊക്കെ ആംഗ്യഭാഷയിലൂടെ വളരെ സൂതാര്യമായി അവതരിപ്പിക്കുന്നു.

– തുടർന്ന് കോലം പീഠത്തിൻമേൽ ഇരിക്കുന്നു.

– ഭസ്മ ചന്ദനാദികൾ തൊടുന്നു.

– തലയിലും ചെവികളിലും പൂക്കൾ തിരുകുന്നു.

– ആവശ്യക്കാർക്ക് ദോഷമകറ്റാൻ ചരടു ജപിച്ചുകൊടുക്കുന്നു.

ആംഗ്യഭാഷയിലൂടെ തന്നെ ഇവയെല്ലാം അവതരിപ്പിച്ചതിനു ശേഷം വീണ്ടും ആംഗ്യാഭിനയത്തിലേക്ക് കടക്കുന്നു.

– ഗ്രന്ഥക്കെട്ടഴിക്കുന്നു.

– ഗ്രന്ഥത്തിലെഴുതിയ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നു.

ശേഷം ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ നൃത്തങ്ങൾ, കലാശങ്ങൾ, മാന്ത്രിക പ്രയോഗങ്ങൾ, ചികിത്സകൾ, മെയ്വഴക്കങ്ങൾ, കളരി അഭ്യാസങ്ങൾ, പയറ്റുകൾ എന്നിവയെല്ലാം അവതരിപ്പിക്കുന്നു. പ്രത്യേകമായ ആംഗ്യവ്യവസ്ഥകളോടെയാണ് ഇവ ഓരോന്നും അവതരിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ ഈ വിവിധ ആംഗ്യചിഹ്നങ്ങൾ അനുകരണമായോ സമാനമായോ അനുഭവപ്പെടുകയില്ല.

ഗുരുവിനോടൊത്ത് ഒരുശിഷ്യൻ കൂടിയുണ്ട്. ഇവിടെ ഗുരു ശിഷ്യനെ ആംഗ്യഭാഷയിലൂടെ എല്ലാം പഠിപ്പിക്കുന്നു. അതായത് എഴുത്തിനിരുത്തുന്നതു മുതൽ അറിവിൽ ഗുരുതുല്യനായി വരുന്നത് വരെയുള്ള കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. മന്ത്ര, തന്ത്ര,വൈദ്യ പഠനങ്ങൾ മാത്രമല്ല കളരി അഭ്യാസങ്ങളും പയറ്റുമുറകളുമൊക്കെ ഈ പഠന വിഷയങ്ങളിൽപ്പെടുന്നു.

ഈ ആംഗ്യാഭിനയത്തിലൂടെ തിറയാട്ടത്തിൽ ഒരു പുതുതലമുറ എങ്ങനെ രൂപപ്പെടുന്നു എന്നൊരു പാഠംകൂടിയുണ്ട്. കോലംകെട്ടി ആംഗ്യഭാഷയിലൂടെ ആടണമെങ്കിൽ തികഞ്ഞ പ്രായോഗിക പരിശീലനവും സമർപിക്കപ്പെട്ട മനസ്സും വേണം. ഇവ ഒന്നിച്ചാലെ ഒരാൾക്ക് ഇതുപോലൊരു കോലം കെട്ടി വിജയിക്കാനാവൂ. തിറയാട്ടത്തിലെ ആദ്യചുവടുവെയ്പുകൾ ചൂട്ടുകളിയിലൂടെ പഠിക്കുമ്പോൾ ഇവിടെ പാരമ്പര്യമായി തന്നെ ഗുരുവിന്റെ ശിഷ്യനായി കൂടി വർഷങ്ങളോളം പ്രായോഗിക പരിശീലനം നേടുക തന്നെ വേണം, ഒപ്പം ഏകാഗ്രമായൊരു മനസ്സും.

എളങ്കോലം

ഒരേ കോലത്തിന്റെ ദ്വന്ദ്വഭാവം കാട്ടുന്നതാണ് എളങ്കോലം, അതായത് കോലം മൂപ്പിലെത്തുന്നതിന് മുമ്പുള്ളത് ഇളയകോലം – എളങ്കോലം. കുസൃതിത്തരവും വീരഭാവവുമെല്ലാം എളങ്കോലം ആംഗ്യഭാഷയിൽ പ്രകടിപ്പിക്കുന്നു. ഉദാഹരണമായി കരിവില്ലി, മൂർത്തി, കണ്ഠാകർണൻ തുടങ്ങിയ ദൈവങ്ങൾ കുസൃതിക്കാരും കായികാഭ്യാസികളും വലിയ അങ്കക്കാരുമൊക്കെയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ഇവരുടെയെല്ലാം എളങ്കോലങ്ങളാണ് കെട്ടിയാടുന്നത്. കുസൃതികളും കായികാഭ്യാസവും അങ്കക്കലിയുമെല്ലാം വളരെ തൻമയത്വത്തോടെ ആംഗ്യഭാഷയിൽ അവതരിപ്പിക്കുന്നു. ഭീകരത സൃഷ്ടിച്ചുകൊണ്ടാണ് എളങ്കോലത്തിന്റെ പുറപ്പാട് . ഇരുകൈകളിലും പന്തം പിടിച്ച് അലറിവിളിച്ച് പുറപ്പെടുന്ന കോലം പ്രദക്ഷിണശേഷം സ്വന്തം ശക്തിതെളിയിക്കുന്ന പ്രകടനങ്ങൾ നടത്തുന്നു. ഈ പ്രകടനങ്ങളെല്ലാം ആംഗ്യഭാഷയിലൂടെയാണ്. വിവിധ പ്രകടനങ്ങളിലൂടെ ശക്തിതെളിയിച്ചു കഴിഞ്ഞാൽ യുദ്ധത്തിനുള്ള പുറപ്പാടായി. അവയെല്ലാം ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കുന്നു. ചില ശബ്ദങ്ങളല്ലാതെ സംസാരഭാഷയുടെ ലാഞ്ഛനപോലും ഇവിടെങ്ങുമില്ല

– ശത്രുവിനെ തെരയുന്നു

– ശത്രുവിനെ കണ്ടതിനു ശേഷം ആരാണു വീരൻ എന്ന നിലയ്ക്കുള്ള വാദപ്രതിവാദങ്ങൾ

– ഇരുവരും ഏറ്റുമുട്ടലിനു തയ്യാറാവുന്നു. തയ്യാറെടുപ്പ് എന്ന നിലയിൽ ആദ്യം പന്തങ്ങൾ വലിച്ചെറിയുന്നു.

– കഴിവു തെളിയിക്കാൻ വിവിധ അഭ്യാസപ്രകടനങ്ങൾ

– അഭ്യാസ പ്രകടനങ്ങൾക്കു ശേഷം വെല്ലുവിളികൾ.

ഒന്നാമൻ : – ഞാൻ നിന്റെ കഴുത്തറുക്കും

രണ്ടാമൻ: – ഞാൻ നിന്നെ വെട്ടി നുറുക്കി കഷ്ണങ്ങളാക്കും

ഒന്നാമൻ : – ഞാൻ നിന്റെ വയറുകുത്തിക്കീറി ചോരകുടിച്ച് കുടൽമാല കഴുത്തിലണിഞ്ഞ് നൃത്തം ചെയ്യും

രണ്ടാമൻ: – ഞാൻ നിന്റെ കാലുപിടിച്ച് നിലത്തടിച്ച് വായുവിൽ മൂന്ന് പ്രാവശ്യം ചുഴറ്റി പുറത്തേക്ക് വലിച്ചെറിയും

ഒന്നാമൻ : – ഞാൻ നിന്നെ കുത്തിക്കീറി കത്തിച്ച് ഭസ്മമാക്കി കുറി തൊടും

രണ്ടാമൻ: – ഞാൻ നിന്നെ പൊടിയാക്കി മൂക്കിൽ വലിച്ചു കയറ്റും

ഒന്നാമൻ : – ഞാൻ നിന്നെ കോഴിത്തൂവൽ പോലെയാക്കി ചെവിയിൽ ഇട്ടുതിരിക്കും

രണ്ടാമൻ: – ഞാൻ നിന്നെ പന്തുപോലെ തട്ടി തെറിപ്പിക്കും

ഒന്നാമൻ : – ഞാൻ നിന്നെ തുണിയലക്കുന്നതുപോലെ കല്ലിൻമേലിട്ട് തച്ചുതിരുമ്മി വെള്ളത്തിൽ കഴുകി പിഴിഞ്ഞെടുക്കും.

ഇങ്ങനെ വെല്ലുവിളികൾ ആംഗ്യഭാഷയിലൂടെ അവതരിപ്പിച്ചതിനുശേഷം ദ്വന്ദ്വയുദ്ധത്തിനുള്ള തയ്യാറെടുപ്പാണ്. ഈ തയ്യാറെടുപ്പാകട്ടെ ആംഗ്യഭാഷയിലെ തർക്കങ്ങളിലൂടെയാണ്.

– നിനക്ക് ശക്തിയേതുമില്ല

– നീ എന്നോടു മല്ലിടാനുമൊന്നുമായിട്ടില്ല

– നിന്റെ പേശിക്കു കട്ടിയില്ല

ഇത്തരം പരസ്പരമുള്ള തർക്ക വിതർക്കങ്ങൾക്കു ശേഷം ആയുധമുപയോഗിച്ച് പരസ്പരം യുദ്ധം ചെയ്യുന്നതിനുള്ള സന്നാഹമാണ്. ആയുധം കയ്യിലേന്തുമ്പോൾ ആംഗ്യഭാഷയിലൂടെ തന്നെ പരസ്പരം ആക്ഷേപിക്കുന്നുമുണ്ട്.

– നിന്റെ ആയുധം വളരെ മോശമാണ്. അതിന് മൂർച്ചയില്ല

– എന്റെ ആയുധം തൊട്ടാൽ അപ്പോൾ മുറിയും

ഇങ്ങനെ എളങ്കോലത്തിന്റെയും ശത്രുവിന്റെയും പരസ്പരമുള്ള വെല്ലുവിളികളും ആക്ഷേപങ്ങളും ദ്വന്ദ്വയുദ്ധവും ആയുധപ്രയോഗത്തിനുള്ള തയ്യാറെടുപ്പുമെല്ലാം പാരമ്പര്യവഴിയിലൂടെ ലഭിച്ച ആംഗ്യാഭിനയസിദ്ധിയിലൂടെ മാത്രമാണ് നമുക്ക് ബോധ്യമാകുന്നത്.

ഭഗവതി

ആംഗ്യാഭിനയത്തിലൂടെയുള്ള അനുപമമായ ചേഷ്ടകളാണ് ഭഗവതിക്കോലത്തിന്റേതും. ദാരുകനിഗ്രഹത്തിനുശേഷം കലിയടങ്ങിയ ഭഗവതി ചോറ്റാനിക്കരയിൽ കുടിയിരിക്കുന്നു എന്നാണല്ലോ ഭക്തജന വിശ്വാസം. ആ വിശ്വാസത്തിലധിഷ്ഠിതമാണ് ഭഗവതിക്കോലത്തിന്റെ ആട്ടവും തുടർകാര്യങ്ങളും. ആട്ടത്തിനവസാനമുള്ള ചടങ്ങുകളിലാണ് ആംഗ്യഭാഷയുടെ അവതരണം. ആംഗ്യഭാഷാചിഹ്നങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന വിശേഷങ്ങൾ താഴെ ചേർക്കുന്നു.

ഭഗവതിക്കോലം കാവിന്റെ മുറ്റത്തെ പീഠസമാനമായ ഉരലിന്റെ അടുത്തെത്തി ഉരൽതൊട്ടു വണങ്ങി നല്ലച്ഛനെ(പരമശിവൻ) പോയി കാണാനും കാഴ്ചകൾ സമർപിക്കാനുമുള്ള മകളുടെ (ഭഗവതി) പുറപ്പാടും അതിനുള്ള ഒരുക്കങ്ങളുമാണ് മഞ്ഞപ്പൊടി ആരാധനയിൽ വ്യക്തമാക്കുന്നത് . പാരമ്പര്യമായി ലഭിച്ച ആംഗ്യഭാഷയുടെ ഉദാത്തമായ പ്രകടത്തിലൂടെയാണ് പുറപ്പാടിനുള്ള ഒരുക്കങ്ങൾ ഭക്തർക്ക് മനസ്സിലാവുന്നത്. അതാകട്ടെ ഭക്തിയുടെ നിറവിൽ അത്യാകർഷകവും ഉജ്ജ്വലവുമാണുതാനും.

"ഉരലിനടുത്തെത്തിയ ഭഗവതിക്കോലം നല്ലച്ഛനു സമർപ്പിക്കാനുള്ള കാഴ്ചകളും, കാഴ്ചകൾ സൂക്ഷിക്കാൻ പാത്രങ്ങളും ഒരുക്കുന്നു. തുണക്കായി കാളികൂളികളെ ഒരുക്കി നിർത്തുകയും ചെയ്യുന്നു. പാരമ്പര്യ വഴികളിൽ നിന്ന് ലഭിച്ച ആംഗ്യഭാഷകളിലൂടെയാണ് ഭഗവതിക്കോലം ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. തുടർന്ന് കോലം ഉരലിൻമേൽ കയറി ദേവിക്ക് അഭിമുഖമായി നിന്ന് തൊഴുതു വലം തിരിഞ്ഞ് കുളിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു"

ശിരസ്സിലും ദേഹമാകെയും എണ്ണ തേച്ച് തലമുടി കൈവിരലുകൾകൊണ്ട് ചീകിയൊരുക്കുന്നു. താളിയില പറിച്ച് കുത്തിപ്പിഴിഞ്ഞ് തലയിൽ തേച്ച് പതപ്പിച്ച് കുളിക്കാനായി ആറ്റിലേക്ക് ചാടുന്നു. ആറ്റിൽ മൂന്ന് പ്രാവശ്യം മുങ്ങിപ്പൊങ്ങി മുടിയൊലുമ്പി തേച്ച് കുളിച്ച് ശുദ്ധമാവുന്നു. അങ്ങനെ തേച്ച് കുളിച്ച് ശുദ്ധമായി ഒരു മുറി ചുവപ്പുകൊണ്ടു (ചുവപ്പ് തുണി) ഞൊറിഞ്ഞുടുത്ത് മറുമുറിച്ചുവപ്പുകൊണ്ട് മുലക്കച്ച കെട്ടി വസ്ത്രധാരണം പൂർത്തിയാക്കുന്നു. തുടർന്ന് ഉരലിൻമേൽ കയറി ചന്ദനം കൊണ്ട് കുറി വരയ്ക്കുന്നു. സിന്ദൂരം കൊണ്ട് പൊട്ടുതൊട്ട് അഞ്ജനംകൊണ്ട് കണ്ണെഴുതി അകിലും നെയ്യു കൊണ്ടലങ്കരിച്ച് പുഴുകുംനെയ്യു കൊണ്ട് മുഖം മിനുക്കി കസ്തൂരി കൊണ്ട് തിലകം ചാർത്തി കർപൂരം കൊണ്ട് കൈവെള്ളകൾ തിരുമ്മി മുല്ലപ്പൂക്കൾ തലയിൽ ചാർത്തി ശരീരസൗരഭ്യം വരുത്തുന്നു. ശേഷം മാറിൽ മാലചാർത്തി വലതുകാലിൽ സ്വർണച്ചിലമ്പും ഇടതുകാലിൽ വെള്ളിച്ചിലമ്പുമണിഞ്ഞ് വലതുകൈയിൽ പള്ളിവാളും ഇടതുകൈയിൽ ത്രിശൂലവുമായി ഭഗവതിയുടെ പരിപൂർണതയിലെത്തുന്നു. തുടർന്ന് കാളികളെക്കൊണ്ട് നല്ലച്ഛനുള്ള കാഴ്ചകൾ എടുപ്പിച്ച് കൂളികളെകൊണ്ട് ആട്ടമാടിച്ച് നല്ലച്ഛന്റെ സന്നിധിയിലേക്ക് പുറപ്പെടുന്നു.

ഇങ്ങനെ ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കപ്പെടുന്ന കോലത്തിന്റെ ഓരോ ചലനവും ഭക്തർക്ക് സുപരിചിതവും മനഃപാഠവുമാണ്. അതുകൊണ്ടു തന്നെ ആംഗ്യാവതരണത്തിന് ചെറിയൊരു പിശക് ഉണ്ടായാൽ പോലും ഭക്തർ ചോദ്യം ചെയ്യും, തീർച്ച.

ഭൈരവൻ

കുരങ്ങിന്റെ വികൃതികൾക്കും ചേഷ്ടകൾക്കും സമാനമാണ് ഭൈരവന്റെ ഓരോ ചലനവും. സ്വയം ചൊറിയുക, മാന്തുക, തുപ്പുക, ഇളിച്ചു കാട്ടുക, മരത്തിൽ കയറുക പഴങ്ങളും കായ്കളും പറിച്ചെടുക്കുക, മനുഷ്യന്റെ കൈയിലുള്ള സാധനങ്ങൾ തട്ടി പറിച്ചോടുക ഇങ്ങനെ പോകുന്നു ഭൈരവന്റെ ആംഗ്യാഭിനയക്കസർത്തുകൾ.

കുട്ടിച്ചാത്തൻ

കുട്ടിച്ചാത്തന്റെ ആംഗ്യഭാഷാപ്രയോഗങ്ങൾ ഇങ്ങനെയൊക്കെ. കരിക്കട്ട തിന്നുക, കരിമ്പിൻതണ്ടുപോലെ കാഞ്ഞിരത്തിന്റെ ഇല ചവച്ചിറക്കുക, സൂക്ഷിച്ചു വച്ച സാധനങ്ങൾ കാണാതാക്കുക. കുട്ടികളുടെ ഇഷ്ട കഥാപാത്രം കൂടിയാണ് കുട്ടിച്ചാത്തൻ.

പറക്കുട്ടി

പറക്കുട്ടിയും ആംഗ്യഭാഷയിലൂടെ ഭക്തരുമായി സംവദിക്കുന്നുണ്ടെങ്കിലും പ്രാകൃത ഭാഷയിലുള്ള ചില ചൊല്ലുകൾ താളത്തിൽ ചൊല്ലുകയും ചെയ്യുന്നുണ്ട്. വെറ്റിലമുറുക്ക്, ചില പ്രത്യകതരം വിനോദങ്ങൾ, മദ്യമാംസസേവ ഇവയൊക്കെ ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.

ഇങ്ങനെ വിവിധ കോലങ്ങളുടെ അത്യാകർഷകമായ ആംഗ്യാഭിനയസിദ്ധി തിറയാട്ടത്തെ അത്യാകർഷകമാക്കുന്നു. ഇതും തിറയാട്ടത്തിന്റെ ഗോത്രബന്ധം വ്യക്തമാക്കുന്നു. തെയ്യം ഉൾപ്പെടെയുള്ള കാവുകലകളിൽ നിന്ന് തിറയാട്ടത്തെ വ്യത്യസ്തമാക്കുകയും ചെയ്യുന്നു.

അധ്യായം പതിനഞ്ച്

തിറയാട്ടത്തിലെ ഗീതങ്ങൾ



തിറയാട്ടത്തിലെ ഗീതങ്ങളെല്ലാം തന്നെ നാടൻപാട്ടുകൾ എന്ന സംജ്ഞയുടെ ഗണത്തിൽപ്പെടുന്നു. നാട്ടറിവുകളും കേട്ടറിവുകളും മനപ്പാഠമാക്കി ഭാവിതലമുറയ്ക്ക് കൈമാറിയിരുന്ന പ്രാക്തനകാലത്തിന്റെ ആചാരശേഷിപ്പുകളാണ് തിറയാട്ടത്തിലെ ഗീതങ്ങൾ. മനപ്പാഠമാക്കുന്നതിനുള്ള സൗകര്യത്തിനും കൂടിയായിരിക്കാം ഇമ്പമാർന്ന തരത്തിൽ അവ ചൊല്ലിയിരുന്നത്. ആ ഇമ്പം തന്നെയായിരിക്കണം പിൽക്കാലത്ത് വൃത്താലങ്കാരങ്ങളായി രൂപപ്പെട്ടത്. സാഹിത്യത്തിന്റെ ഉദയം വാമൊഴിരൂപത്തിലായിരുന്നു എന്നത് എല്ലാ ഫോക്‌ലോർ പണ്ഡിതന്മാരും അംഗീകരിക്കുന്നു. സമൂഹത്തിന്റെ ജീവിതചര്യകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പൊതുവെ വാമൊഴി സാഹിത്യത്തിന്റെ അടിസ്ഥാനം. അറിവുകൾ രേഖപ്പെടുത്തുവാനുള്ള സാങ്കതിക സൗകര്യവും അതിനുള്ള ശേഷിയും ഇല്ലാതിരുന്ന അക്കാലം, ഇന്നത്തെ അറിവിന്റെയും അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാന ഭൂമികതന്നെയാണ് എന്നതിൽ സംശയത്തിനാവകാശമില്ല. രേഖപ്പെടുത്താനുള്ള സൗകര്യമുണ്ടായപ്പോഴാകട്ടെ അങ്ങനെ രേഖപ്പെടുത്തുന്നത് പാപമാണെന്ന ചിന്തയും എങ്ങനെയോ ഉണ്ടായി. ഇക്കാര്യം പി.കെ. ശിവശങ്കരപ്പിള്ള ഫോക്‌ലോർ പഠനങ്ങൾ എന്ന ഗ്രന്ഥത്തിലെ തോറ്റംപാട്ട് എന്ന ലേഖനത്തിൽ ഇങ്ങനെ വിലയിരുത്തുന്നു:

ഈ പാട്ടിനെ സംബന്ധിച്ചിടത്തോളം വിഷമം അതിന് ഗ്രന്ഥം തന്നെയില്ല എന്നുള്ളതാണ്. ഒരു ഉപജീവനവൃത്തിയായി ഇതിനെ ഉപയോഗിച്ചുവന്ന മണ്ണാന്മാർ പരമ്പരയാ കേട്ടുപഠിച്ചുവന്നതല്ലാതെ അതെഴുതുന്നതു തന്നെ പാപമായിട്ടാണ് കരുതിപ്പോന്നിരുന്നത്. ഗ്രന്ഥകാരന്റെ ഈ വീക്ഷണം തിറയാട്ടത്തിലെ എല്ലാ ഗീതങ്ങൾക്കും ബാധകമാണ്. അതോടൊപ്പം ഇതിന്റെ പ്രാധാന്യത്തെപ്പറ്റി ഇങ്ങനെ വിശദീകരിക്കുന്നു.

സാഹിത്യദൃഷ്ട്യാനോക്കിയാൽ ഇതിന് വലിയ മേന്മയൊന്നും കൽപ്പിക്കുവാനില്ലെങ്കിലും ചരിത്ര ദൃഷ്ട്യാ ഇത് അതിപ്രധാനമായ കൃതിയാണ്. കേരളചരിത്ര വിഷയമായി കൂടുതൽ ചിന്തിക്കുവാനും ഉപരിഗവേഷണത്തിന് മാർഗം തുറന്നുതരുന്നതിനും ഇത് വളരെ സഹായിക്കുന്ന ഒന്നാണ്.(ശിവശങ്കരപ്പിള്ള, ഫോക്‌ലോർ പഠനങ്ങൾ)

തിറയാട്ടത്തിലെ ഗീതങ്ങളെല്ലാം തിറയാട്ടം നടത്തുന്ന സമുദായത്തിന്റെ കൂട്ടായ്മയിൽ നിന്ന് ഉരുത്തിരിഞ്ഞതും ആചാരപരമായും അനുഷ്ഠാനപരമായും ഇന്നും നിലനിൽക്കുന്നതുമാണ്. ഓരോ സമുദായത്തിനും ഇത്തരം കൂട്ടായ്മയുടെ ഉൽപന്നങ്ങളായ നാടൻപാട്ടുകളുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ തിറയാട്ടത്തിലെ ഗീതങ്ങളെല്ലാം തന്നെ സാമൂദായികവും പരമ്പരാഗതമായി ചൊല്ലിക്കേട്ടു പഠിച്ചുവന്നതുമാണ്. അവ കാവുകളിലെ അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും അനുസൃതവുമാണ്. തീവ്രവിശ്വാസത്തിന്റെയും ഭക്തിയുടെയും പിൻബലമാണ് തിറയാട്ടത്തിലെ ഗീതങ്ങളുടെ കാതൽ.

അഞ്ചടി

തിറയാട്ടത്തിലെ ഗീതങ്ങളിൽ കാവ്യഭംഗി ഏറെയുള്ളത് അഞ്ചടികളിലാണ്. വായ്മൊഴിയായി കേട്ടുപഠിച്ചുവന്ന അഞ്ചടികളിൽ കാലത്തിനനുസരിച്ച് മാറ്റങ്ങളുണ്ടായിട്ടുണ്ട്. ദ്വിതീയാക്ഷരപ്രാസഭംഗി പാലിച്ച അഞ്ചടികൾ വേണ്ടുവോളമുണ്ട്. പ്രാസഭംഗി മാത്രമല്ല അലങ്കാര പ്രയോഗങ്ങളിലും വൃത്തഭംഗി പാലനത്തിലുമെല്ലാം അഞ്ചടികൾ കവിതയുടെ വ്യാകരണത്തോട് ഒട്ടിനിൽക്കുന്നു. അഞ്ചടികളിലെ കാവ്യാനുഭവത്തെപ്പറ്റി മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ കേരള സാഹിത്യ ചരിത്രത്തിൽ പരാമർശിച്ചിട്ടുള്ളത് ഇവിടെ ഓർമിക്കേണ്ടതുണ്ട്.

അഞ്ചടി ചൊല്ലുന്നത് പ്രത്യേക ഈണത്തിലാണ്. അഞ്ചടി ചൊല്ലുമ്പോൾ താളവാദ്യങ്ങളൊന്നും അകമ്പടിയായി ഇല്ല.

രചനയിലും ചൊല്ലിലും എന്തെങ്കിലും തെറ്റുകുറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ മാപ്പേകണമെന്ന് അപേക്ഷിച്ച് ഗണപതിസ്തുതിയോടെയാണ് എല്ലാ അഞ്ചടികളും ആരംഭിക്കുന്നത്. അകാരത്തിൽ തുടങ്ങി ദ്വിതീയാക്ഷരപ്രാസമികവോടെ ആദ്യ നാല് ഈരടികൾ പൂർത്തിയാക്കുന്നു. ഈ എട്ടുവരികളുള്ള ഒരു ഖണ്ഡത്തിന് ശീൽ എന്നാണ് പറയുക. തുടർന്ന് അ, ആ, ഇ, ഈ എന്നിങ്ങനെ സ്വരാക്ഷരങ്ങളുടെ അവസാനത്തെ അം, അഃ യിൽ അവസാനിക്കുന്നു. എല്ലാ അഞ്ചടികളും ഇത്തരത്തിൽ എല്ലാ സ്വരാക്ഷരങ്ങളും ഉപയോഗിച്ചുള്ള ശീലുകൾ കാണുന്നില്ല. ഭൂരിഭാഗം അഞ്ചടികളും 'ഒ,ഓ' എന്നീ സ്വരാക്ഷരങ്ങളിൽ അവസാനിക്കുന്നു. കൂടാതെ 'ക' എന്ന അക്ഷരത്തിൽ തുടങ്ങി 'കാ, കി, കീ' എന്നിങ്ങനെ തുടർന്നു പോകുന്ന അഞ്ചടികളുമുണ്ട്. 'മ' എന്ന അക്ഷരത്തിൽ തുടങ്ങുന്ന ഒരു അഞ്ചടി മാത്രമെ എന്റെ അറിവിലുള്ളു.

മലദൈവങ്ങൾക്കെന്നപോലെ തന്നെ കുടിവെച്ച മൂർത്തികൾക്കുമുണ്ട് അഞ്ചടികൾ. അവരുടെ അപദാനങ്ങളെ വാഴ്ത്തിപ്പാടുന്ന അഞ്ചടികളാണ് അവയെല്ലാം. ഓരോ അഞ്ചടിയുടേയും അവസാനം ആ തറവാടിന്റെയും കുടിവച്ച മൂർത്തിയുടെയും പേരെടുത്തു പറഞ്ഞ് തറവാടിനെയും ദേശത്തെയും രക്ഷിക്കണമെന്നുള്ള അപേക്ഷയാണുള്ളത്.

അഞ്ചടി ചൊല്ലുന്നത് പ്രത്യേക ഈണത്തിലാണ് എന്ന് മുമ്പ് സൂചിപ്പിച്ചല്ലോ. ചൊല്ലുന്നതിനുള്ള ഈണം തന്നെയാണ് പ്രധാനം. ചിലത് ദ്രുതഗതിയിൽ ചൊല്ലുന്നു. മറ്റു ചിലത് മന്ദഗതിയിലായിരിക്കും. അഞ്ചടി ചൊല്ലുന്ന സന്ദർഭവും രീതിയും തിറയാട്ടത്തിൽ വളരെ പ്രധാനമാണ്. ചാന്താട്ടമുള്ള കാവുകളിൽ ചാന്താട്ടത്തിന് തൊട്ടുമുമ്പാണ് അഞ്ചടി ചൊല്ലേണ്ടത്. കുടിവച്ച മൂർത്തികൾക്കും ഭഗവതിക്കും ചാന്താട്ടമില്ല. ഭഗവതിക്ക് അഞ്ചടി ചൊല്ലാറുമില്ല.

മലദൈവക്കാവുകളിൽ അഞ്ചടി ചൊല്ലിത്തുടങ്ങുന്നതിന് ചില കീഴ്വഴക്കങ്ങളുണ്ട്. ആദ്യം അരിയും പൂവും പിടിച്ച് വലത്തിട്ട് നാളികേരം എറിഞ്ഞുടയ്ക്കുന്നു. അതോടെ എല്ലാവരും തൊഴുകൈയോടെ ധ്യാനിച്ചുനിൽക്കുന്നു. ഈ നിശബ്ദവും ദിവ്യവുമായ അന്തരീഷത്തിൽ തിറയാട്ടസംഘത്തിലെ പ്രധാനി തുടിയിൽ ഗണപതി താളം തല്ലിയശേഷം മുഖവുര ശ്ലോകം ചൊല്ലുന്നു. തുടർന്നാണ് അഞ്ചടികൾ.

അഞ്ചടി ചൊല്ലുന്നതിനുള്ള അർഹത നേടിയെടുക്കുന്നതും തിറയാട്ടത്തിലെ വളരെ പ്രധാനപ്പെട്ട ഘടകമാണ്. അർപണമനോഭാവമുള്ള ഒരു വ്യക്തിക്ക് പാരമ്പര്യവഴിയിലൂടെ മാത്രമെ അർഹത നേടാൻ കഴിയൂ എന്നതാണ് സത്യം. വർഷങ്ങൾ നീണ്ട പ്രയത്നത്തിലൂടെ ഗുരുമുഖത്തുനിന്നും നേരിട്ട് പഠിക്കുകയെന്നതാണ് പഠനരീതി. ഇത്തരത്തിൽ ഗുരുവിനും ദേശക്കാർക്കും ബോധ്യമാകുന്നതുവരെ പഠനം തുടരേണ്ടതുണ്ട്. എന്നാലിന്ന് അഞ്ചടി ചൊല്ലി ഫലിപ്പിക്കാൻ പ്രാപ്തിയുള്ളവർ പുതിയ തലമുറയിൽ ഉണ്ടാകുന്നില്ല എന്നതൊരു ദു:ഖസത്യം മാത്രമാണ്. ചിട്ടയായ അഭ്യസനത്തിനുള്ള വൈമുഖ്യമാണ് പ്രധാന കാരണം.

ഗ്രന്ഥകാരൻ പരമ്പരയോ കേട്ടുപഠിച്ച് ചൊല്ലിവരുന്ന അഞ്ചടികൾ ചുവടെ ചേർക്കുന്നു.

മൂർക്കനാട്ടുകരുമകൻ കാവിലെ അഞ്ചടി

(1)

അലർശരവൈരീനന്ദനനാം ഗണേശനും വാണിമാതും
മലർമകൾകാന്തനംബുജലോചനൻ ഗുരുഭൂകരെന്നിൽ
മനതളിരിങ്കൽ വാണരുളേണമെന്നു കവികൾ ചൊൽവാൻ
മുനിവരരോടും വാനവരാദിമാമറയോരുമെല്ലാം
ബാലമതിൽക്കലാധരനും തുണച്ചരുളീടവേണം

നീലകളാത്മജൻ കരുവോനെ നൽസ്തുതി ചെയ്വതിന്നായ്
ചാലവേപോലെ നാടതിൽ കേളി പൊങ്ങിന കീഴടുത്തെ
ചാരുത ചേർന്നെഴും കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

(2)

ആരണർപൂജയേറ്റ ധരിച്ചെഴുന്ന ശിരസ്സുതന്നിൽ
ചാരുതരങ്ങളാകിയ പിഞ്ജജാലാമതും നിരത്തി
താരവരൻ കലയതിനൊത്ത മോഹനാഫാലദേശേ
ചാരുവതാം തൊടുകുറി, ചാന്തും, ചന്ദനമെന്നിവേറ്റാൽ
ദാരുണമാം നയനമിഴികളും ചില കണ്ണെഴുത്തും
പാരമുരുണ്ട നാസികയും ചുരുങ്ങിയ മീശക്കൊമ്പും
ഘോരമതായ താടിയുമായി വാണെഴും കീഴടുത്തെ
മാരാരിപുഹരിസുതനാം കരുമകനെ കൈതൊഴുന്നേൻ

(3)

ഇണ്ടലകന്നു കർണമതിങ്കൽ കുണ്ഡലവും ധരിച്ച്
കണ്ഠമതിങ്കൽ മുത്തുകൾകൊണ്ട് മാലകൾ പൂണ്ടുകൊണ്ടും
വേണ്ട സുമാല്യമാണ്ടുടനങ്ങുമാറതിൽ തിങ്ങിവിങ്ങി
ക്കൊണ്ടലയും തിരുവയർ താങ്ങിനിന്ന ഘടിപ്രദേശേ
പൂണ്ടതിമോഹനാദരമായ പട്ടുഞൊറികൾ വെച്ചു
കൊണ്ടു കറുപ്പുചേലകൾ ചുറ്റി വാലുമതിട്ടുപിന്നെ
കണ്ടവരഞ്ചും പൊൻതുടർ പൂണ്ടുകൊണ്ടെഴും കീഴടുത്തെ
കുണ്ഠിതനാശാൻ കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

(4)

ഈശ്വരനോടു തുല്യത ചേർന്ന, ശൗര്യപരാക്രമങ്ങൾ
ഈശ്വര ചോൽവതിനായടിയത്തിനാവതുമില്ല പോറ്റി
വിശ്വമതിങ്കൽ കേളി മികച്ചെഴുന്നിന മൂർക്കനാട്ടെ
വിശ്വസിച്ചയ്യൻ സന്നിധി വാണെഴുന്നിന ചാരുമൂർത്തെ
ശാശ്വതബുദ്ധിയായടിയാരെ കാത്തെഴും കീഴടുത്തെ
വിശ്വവിമോഹനൻ കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

(5)

ഉറ്റവരായെഴുന്നിന പുത്തൻ പത്തനെ വാണവർക്കും
മാറ്റിടിയാതെ നൽ, വലവീട്ടുകാർക്കുമതേറ്റവും നീ
കുറ്റമകറ്റി ഏറ്റവും കീർത്തി ധാന്യധനങ്ങളുമായ്
കുറ്റമില്ലാതെ സന്തതിലാഭമൊക്കെയതും വരുത്തി
മാറ്റലരോടതേറ്റു നടന്നുപോറ്റിന ദൈവമേ നീ
മറ്റുമിതല്ലൽ തീർത്തു രക്ഷിച്ചു കാത്തരുൾ തമ്പുരാനെ

മുറ്റിന ശക്തി പൂണ്ടുടനങ്ങുവാണെഴും കീഴടുത്തെ
മറ്റലർവൈരിയാം കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

(6)

ഊക്കു തഴച്ചെഴും കരിയാത്തനും കരിവില്ലിക്കൂട്ടം
പോർക്കളം തന്നിൽ ഹതനായ് നൽ കുടികൊണ്ട ദൈവം
ചൊൽക്കിയഴമർന്നു വേലകൾ ചെയ്ക ചെയ്കതും കൊണ്ടാ-
ദിക്കിലൊക്കെവേ കേളി പൊങ്ങി വസിച്ചെഴുന്നിന ദൈവ
മൂർത്തെ-
ഇക്കവിയേതുമെൻ കുടുംബാദി ഒക്കെയും നൽ-
കുടുംബം ഉൾക്കനിവോടു കാത്തുരക്ഷിച്ചുകൊള്ളുവിൻ തമ്പുരാനെ

പാൽക്കടൽമാനിനീ കുടികൊണ്ടു മേവിന കീഴടുത്തെ
വിക്രമപരാക്രമൻ കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

(7)

എട്ടു ദിഗന്തമൊക്കവെ ഞെട്ടുമാറുനടനങ്ങാടിയാർ
കൂട്ടമതിട്ടു കൊട്ടിന ചെണ്ട നൽത്തുടി മദ്ദളങ്ങൾ
പാട്ടമകന്നീടും കുഴൽ കൊമ്പും മറ്റുമനേകമെല്ലാം
കോട്ടമകന്നു നൽധ്വനി കേട്ടു ഞെട്ടിയുറഞ്ഞ തീയിൽ
ആട്ടമതിട്ടു മുമ്മൊഴി വാക്കു ചെയ്തടിയാരെയും നീ
കോട്ടമകന്നു നിത്യവും രക്ഷ ചെയ്ത കൃപാമുരാരെ
ഒട്ടൊഴിയാതെ പുഷ്ടി കലർന്നു മേവിന കീഴടുത്തെ
ഇഷ്ടജനാധിപൻ കരുവോനെ ഞാനിതാ കൈതൊഴുന്നേൻ

കരുമകന്റെ അഞ്ചടി

അമ്പിളി തുമ്പ പാമ്പുമേലിമ്പും ചാമ്പലും മുൻപൊരാറും
അമ്പിലണിഞ്ഞരൻ മലർമങ്കയോടുമൊരാനയായി പോയ്
അമ്പലർ ബാണമേറ്റു വനത്തിൽ കാത്തുവസിച്ചകാലം
കുംഭിവരന്റെ ആകൃതിയായ് പിറന്നൊരു വിഘ്നരാജൻ
കമ്പമേറെക്കളഞ്ഞു തുണയ്ക്ക വാണിഗുരുക്കന്മാരും
കാഞ്ചനവെന്ന കണ്ണനും വിഷ്ണുപുത്തിരനെ സ്തുതിപ്പാൻ
വൻപുലി പന്നി കാട്ടികൾ കൂട്ടം ചേർന്ന മേലാട്ടിൽ വാഴും
മുൻപനതായിട്ടും കരുവോൻകഴല്ക്കിത കൈവൊഴുന്നേൻ

(2)

ആരണർപോലുമൊന്നറിയാതെ പാർത്തുഴലുന്ന നിന്റെ
ആദിയുമന്തവും മറിമായവും ബലവിക്രങ്ങൾ
കാരണമേതുമൊന്നറിയാതെ മൂഢരിൽ മൂഢനാം ഞാൻ
കാംക്ഷ മുഴുത്തു നിൻ ചരിതാമൃതം പുകഴൊന്നു പോറ്റി

പാരമെഴുന്ന വൻ പിഴയെ പൊറുത്തു തുണക്കവേണം
പാരിതിലൊക്കെയും വിന തീർത്തീടുന്ന കൃപാബുംധേ, നീ
വീരിയവും പരാക്രമവും തഴച്ച മേലാട്ടിൽ വാഴും
വീരിയ പുരുഷൻ കരുവോൻ കഴൽക്കിതാ കൈതൊഴുന്നേൻ

(3)

ഇന്ദിരയോടു നേരിയലുന്ന തീയ്യരിമാല പണ്ടമി-
ങ്ങിന്ദിരാവല്ലഭൻ കഴലുള്ളിൽ തണ്ണിയിരുന്ന കാലം
പന്നഗവൈരിതൻ മുതുകേറിയമ്മയിരുന്ന കാട്ടിൽ
കുന്നിനു താഴ്‌വരക്കെഴുന്നള്ളി അംബുജലോചനെന്നാൻ
വന്നൊരു കാറ്റുപോലെയടിച്ചുയർന്നുടനംബരത്തിൽ
സുന്ദരി തന്റെ കുങ്കുമമാണ്ട കൊങ്ക പുണർന്നകാലം
സുന്ദരനായി വന്നുപിറന്നെഴുന്ന മേലാട്ടിൽ വാഴും
സുന്ദരപുരുഷൻ കരുവോൻ കഴൽക്കിത കൈതൊഴുന്നേൻ

(4)

ഈശനുമേശനുണ്ണിയെ നാലു കൈകളിലങ്ങെടുത്തു
ഈഷൽപ്പെടാതെ നല്ല വരങ്ങൾ നൽകിയിരുന്ന കാലം
വേശലരൂപി ചാലവെ നല്ല പൈതലിനെ വളർത്തു
വേർപൊലി ചെയ്തു മൗനവുമങ്ങുമൊറ്റിയിരുന്ന കാലം
കൂസൽ കൂടാതെ ദുഷ്ടജനങ്ങളെ കൊല ചെയ്തെടുക്കാൻ
കൂർത്ത ശരങ്ങൾ വില്ലുമെടുത്തു കാട്ടിൽ നടന്ന വീരാ
നാശമൊഴിച്ചു കാത്തരുളി വസിച്ച മേലോട്ടിൽ വാഴും
നാശവിനാശനൻ കരുവോൻ കഴൽക്കിത കൈതൊഴുന്നേൻ

(5)

ഉത്തമപുരുഷൻ മകനായൊരുത്തമ ദൈവമെ നീ
നൽ തിരുമേനി ശോഭയെനിക്ക് വാഴ്ത്തുവതിന്നരിപ്പം
മത്തജനുള്ളിൽ അത്തൽ പെടുന്ന നിൻ തിരുമേനി കണ്ടാൽ
ക്കൊണ്ടരുപോലെ പോലൊളി മേനി നീല നിർമല മേനിയായേനെ
ചിത്രമതായ പൊൻമുടിയോടു ഭംഗിയുമെന്തു ചൊൽവൂ
ശത്രുജനങ്ങൾ കണ്ടുഭയപ്പെടും പരിചുള്ള നോക്കും
മത്തഗജനങ്ങളോടു പുലമ്പീടുന്ന മേലാട്ടീൽ വാഴും
ഉത്തമ പുരുഷൻ കരുവോൻ കഴൽക്കിത കൈതൊഴുന്നേൻ

ഒഴലിപ്പുറത്ത് കരുകൻ അഞ്ചടി

1)

അന്തകവൈരി പാർവ്വതിയോടുകൂടി വനാന്തരത്തിൽ
ദന്തിവരന്റെ ആകൃതിപൂണ്ടു ക്രീഢ ചെയ്തശേഷം
ദന്തിമുഖനായരണീതലത്തിലവതരിച്ച

ബന്ധുവാൽസല്യശാലി ഗണാധിപൻ തുണ ചെയ്തീടേണം.
സിന്ധുവിലുന്തിത്തള്ളി വരുന്ന വൻതിരമാല പോലെ
അന്തരം തന്നിലന്തർഭവിച്ചൊരന്ധത തീർക്കുവാനായ്
ബന്ധുരഗാത്രീലക്ഷ്മി വിളങ്ങിടുന്നുഴലിപ്പുറത്ത്
കാന്തി കലർന്ന കരുമകൻ പദപങ്കജം കൈതൊഴുന്നേൻ

2)

ആരുമേയില്ല നിൻ ചരിതങ്ങളുള്ള വണ്ണമുരപ്പാൻ
പാരിതിൽ നാമുരശേഷനും പണിപാരമാണെ
നീരജസംഭവൻ മുതലായ മൂർത്തികൾ തൻ കൃപയാൽ
ചാരുചരിതമൽപമുരച്ചിടാതറിയുന്ന വണ്ണം
പാരിൽ ജഗദ്ദൈവമെന്നിലും മൽഗുരുവും
പാരമനുഗ്രഹിക്കണെ വീരമാൻ കഥ ചൊൽവതിന്നായ്
സാരവതാം മനസ്സിനാനുഴലിപ്പുറത്തെ
വീരിയവാൻ കരുമകൻ പദപങ്കജം കൈതൊഴുന്നേൻ

3)

ഇഷ്ടമിയന്നിടും കരിവൂർകുന്നുമാടത്തിങ്കൽ മക്കൾ
പ്പെട്ടുവളർന്നാലായുധവിദ്യയെങ്ങനെയഭ്യസിപ്പാൻ
തുഷ്ടി കലർന്നിടുന്നൊരു പൂവ്വൽ പെറ്റ തൃക്കോവിൽ നിന്നോ
സ്പഷ്ടമാം തൃക്കണ്ടപുരത്തിന്നോ കണ്ടൻവെറ്റയണിഞ്ഞു
ഒട്ടുമേതല്ല പുവ്വരി നല്ലഴുത്തച്ചന്റെയരികിൽ
പ്പെട്ടുവളർന്നാൽ, ആയുധ വിദ്യകളഭ്യസിച്ചുടൻ ധീരനാകാം
വിഷ്ടപത്തിങ്കൽ കീർത്തി മികച്ചിടുന്നുഴലിപ്പുറത്ത്
ഇഷ്ടനാകും കരുമകൻ പാദപങ്കജം കൈതൊഴുന്നേൻ

4)

ഈവിധമോർത്തു നായനാരും കരുമകനും ഗുരുവേ
സേവിതനായ് മികച്ച പൂവാരിദേശികൻ മന്ദിരത്തിൽ
പാവനമായിടും പുലിത്തോലെടുത്തുകുടഞ്ഞു മോദം
സാവാധനത്തിൽ ദേശികൻ മുമ്പിലാഗതനായിരുന്നു
ഏവമെന്നിന്നു വന്നവിടുന്നു പൊന്മകനിങ്ങുപോന്നു
ഭാവനയെന്തു നിന്മനസ്സിങ്കലെന്നോടുരയ്ക്കവേണം
ഭൂവിലനന്ത കീർത്തിമികച്ചിടുന്നുഴലിപ്പുറത്ത്
മേവിന ദൈവമേ കരുമകൻ പദപങ്കജം കൈതൊഴുന്നേൻ

5)

ഉണ്ടുകരിവൂർക്കുന്നു മഠമതെന്ന് വിഖ്യാതമായിടും
പണ്ടുപണ്ടേ മികച്ചെഴും ദിക്കിൽ നിന്നു വരുന്നിതാ ഞാൻ
കണ്ടുഭവാനോടൊത്തു നീ കാലവിദ്യകളഭ്യസിപ്പാൻ

വേണ്ട കൃപയുണ്ടാകണമേ സൽഗുരോ മഹനീയരൂപാ
ഇണ്ടലുണ്ടാകുമെന്മകനെ മണലിലെഴുതിയാലോ
കൊണ്ടുവരേണം ആയിരംനാഴി പൊൻപടി പൊന്മകനെ
തണ്ടലാർമങ്ക വന്നു കുടിയിരുന്നുഴലിപ്പുറത്ത്
മണ്ഡപം തന്നിൽ വാണ കരുമകൻ കഴൽ കൈതൊഴുന്നേൻ

6)

ഊനമകന്നു മോഹനമാം മണിവിളക്കിൻ തിരിയും
സൂനമനേകമർച്ചന ചെയ്യതിന്നുമൊരുക്കീടവേണം
വാണിമുഖനാം ഗണനായകനെ, നിന്നിഹ പൂജ ചെയ് വാൻ
തേനവിലും പഴങ്ങളും പൂവുമൊക്കെയും വേണമേറ്റം
മാനസ്സാനന്ദമേറെയൊരുക്കി സർവരേയും വണങ്ങി
മാനിതനാം ഗുരുവരനും കൊടുത്തുടൻ ദക്ഷിണയും
മാനമോടെ ഗുരുഹരുയെന്നുറച്ചുഴലിപ്പുറത്ത്
ദീനദയാലുവായ കരുമകൻ കഴൽ കൈതൊഴുന്നേൻ

7)

എത്രമനോഹരം ദിനമേഴുമങ്ങു കഴിഞ്ഞിടുമ്പോൾ
സത്വരം സർവ വിദ്യകളും പഠിച്ചഭിരാമമായി
ഉത്തമമഷ്ടദിക്ക് പതിമാരൊടൊത്തൊരു എതിരുയുദ്ധം
അത്രയും വിജയിക്കാൻ വരം നൽകീടവേണം
പൃഥ്വിയതിങ്കൽ ശ്രുതി ചേർന്നൊരു വള്ളുവനാടുനമ്പി
സ്സത്തമനോടും വാളും കടുത്തീല മുതലായുധങ്ങൾ
ഇത്തരമൊക്കെയും വടുവിൽ ഗ്രഹിച്ചുഴലിപ്പുറത്ത്
സത്യവാനായെഴുന്ന കരുമകനെ കൈതൊഴുന്നേൻ

8)

ഐശ്വര്യങ്ങളിൽ പരിപൂർണ മന്ദിരം കണ്ടനേരം
വിശ്രുതി ശിൽപിവര്യനെയൊന്നുരണ്ടു വിളിച്ചിതപ്പോൾ
കശ്യപിതന്നിൽ വന്യനാകും ഭവാനെഴുന്നള്ളുവാനന്തിച്ച
യെന്നുള്ളിൽ തൽക്ഷണമുച്ചരിക്കണമെന്നുരച്ചു
വെച്ചു പണവും വെറ്റിലയും തിരുമുമ്പിൽ കാഴ്ച വെച്ചു
നിശ്ചലനായി നമ്പിശ്ശിര,രാമചിത്രാചാര്യനിരുന്നു
വിശ്വമതിങ്കൽ കേളിമികച്ചിടുന്നുഴലിപ്പുറത്തെ
വിശ്വവിമോഹനൻ കരുമകൻ പദപങ്കജം കൈതൊഴുന്നേൻ

9)

ഒന്നുമേവേണ്ട വെറ്റിലയും പണവുമെനിക്കുമിപ്പോൾ
തന്നിടേണം തുലാമുറ്റത്തുള്ള വെള്ളിക്കരിമ്പനയെ
ഇന്നുവെട്ടിമുറിപ്പതിന്നായ് ഭവാൻ പോന്നിട വേണം

തന്നിടേണം ഭവാനതിന്നായനുജ്ജനൽകീടവേണം
ഉന്നതമായ വെള്ളിക്കരിമ്പനയെ വെട്ടുന്ന നേരം
തെന്നിയാൾ വന്നുരച്ചുനീ വെട്ടല്ലേ കരിമ്പനയെ
ഇന്നതിൽ നാഗഭൂത ഭഗവതിയായുഴലിപ്പുറത്ത്
ചെന്നു വസിച്ചിടുന്ന കരുമകൻ കഴൽ കൈതൊഴുന്നേൻ

10)

ഓതിയ വാക്കുമേതുമേ കേട്ടീടാതെ മുറിച്ചുസാലം
ഭൂതഗണങ്ങളാതുരന്മാരായ് മേദിനിതന്നിലെല്ലാം
പ്രേതഗണങ്ങളെന്നതുപോൽ പറന്നു ദിഗന്തത്തിൽ
ഏതുമൊരാശ്രയം കലാരാതെയങ്ങു ഗമിച്ചു വേഗം
ഭൂവിലനന്തകീർത്തി മികച്ചിടുന്നുഴലിപ്പുറത്ത്
ശാന്തനായ കരുമകൻ കഴൽ കൈതൊഴുന്നേൻ

പുനക്കുന്നുമ്മൽ കരിയാത്തന്റെ അഞ്ചടി

1)

അസ്ഥിയും ഗംഗതിങ്കളാലിമ്പും പാമ്പണിയുമ്പുരാന്തൻ
അസ്ഥികൃതം ധരിച്ചുമയോടുമൊത്തുവസിച്ച കാലം
മസ്തകം കൊമ്പും തുമ്പിയും ഹേമശൃംഖലയോടുകൂടെ
പുത്തിരനായ് പിറന്നുവളർന്നു മത്തഗണേശനെന്നിൽ
ചിത്തകുരുന്നിൽ നൽക്കവിമാല നേരെയുദിപ്പതിനായ്
സത്യവാഗേശ്വരി മലർമങ്ക നാവിലുദിക്ക നിത്യം
പത്തുശതാക്ഷനും മുകിൽവർണനും മുനിവൃന്ദമെല്ലാം
കാത്തരുളേണമെൻ ഗുരുഭൂതരും പരദൈവമേറ്റം
നിത്യസുഖത്തോടൊത്തു വസിച്ചീടുന്ന പുനക്കുന്നുമ്മൽ
അത്തൽ വിനാശനൻ കരിയാത്താ ഞാനിതാ കൈതൊഴുന്നേൻ

2)

ആദിശിവൻ കരുവിനുദിച്ച വീര്യകിരാതമൂർത്തെ
ആദിയിൽ നിന്റെ വീര്യതരങ്ങളാരറിയുന്നുലകിൽ
മേദിനീരക്ഷ ചെയ്യുവതിനായനുജ്ഞ ഹരൻ കൊടുത്താൽ
മോദേന വില്ലി ഭൂതഗണങ്ങളോടൊരുമിച്ചു തെണ്ടി
വേദന വന്നടിയിണ കുപ്പുവോർക്കതി രക്ഷയായി
പാദകരം ശിരങ്ങളറുത്തുദുഷ്ടകുലം ഹനിച്ചും
വൈദികൾ ഭൂസുരാദികൾ പൂജവെച്ചു വണങ്ങിനിന്നും
കൈകൾകൂപ്പി ഈശ്വരായെന്നു മാനസ്സി നണ്ണിനിന്നു
നീതിയിൽ ധർമദൈവമോടൊത്തുവാണ പുനക്കുന്നുമ്മൽ
ആദിവിനാശനൻ കരിയാത്ത ഞാനിതാ കൈതൊഴുന്നേൻ

3)

ഇക്ഷുശരന്റെ വില്ലിനുവന്ന ചില്ലിയുഗങ്ങൾ നാശീ-
ദക്ഷഹരന്റെ ചെഞ്ചിടനേത്രവും അധരപ്രഭയും
അക്ഷി ചുവന്ന കൂരിരുളൊത്ത താടിയും മീശക്കൊമ്പും
പക്ഷദ്വയങ്ങളിൽ ചുരിക കടുത്തില വില്ലുമമ്പും
ശിക്ഷയിൽ മാർവിടത്തിലണിഞ്ഞ മുത്തുടെരത്നമാല
തക്ഷഗളം കനത്തെരിയുന്ന മുക്കനൽ മുല്ലദന്തം
സാക്ഷിയിൽ നൽക്കുലവനോടൊത്തുവാണ പുനക്കുന്നുമ്മൽ
ഈക്ഷണമൂർത്തിയാം കരിയാത്ത ഞാനിതാ കൈതൊഴുന്നേൻ

4)

ഈടുപെരുത്ത ചേലയെടുത്തരയ്ക്കുറയിട്ടു നന്നായ്
കേടുകളഞ്ഞ കച്ച വാലിട്ടു കോർത്തുമുറുക്കി നന്നായ്
മൂടിശിരം മറിച്ചൊരു പീലിവെച്ചൊരു പൊന്മമുടിയും
കുടവേ ചേർത്തെഴുന്നൊരു കുങ്കുമക്കുറി നെറ്റിതന്മേൽ
അടിയിണ തന്നിലരഭവും കെച്ചകാൽച്ചിലമ്പൊച്ചപൊങ്ങി
ട്ടിടിപൊടിയാകും വാണിനിനാദവും കരുത്തുള്ള നോക്കും
ഝടുതി വരുത്തി ദുഷ്ടകുലത്തെയൊക്കെ മുടിച്ചൊടുക്കാൻ
ഉടമയാം ദൈവമേ കരിയാത്ത ഞാനിതാ കൈതൊഴുന്നേൻ

5)

ഉരത്ത വനത്തിൽ വേട്ടതുടർന്നു കൂട്ടരുമായടുത്ത്
നിരക്കവേ നിന്നു കാൽവലക്കുത്തികോൽവലയും തൊടുത്തു
കരിക്കിനെ വേട്ടക്കൂട്ടി വിളിച്ചുരത്തി കടന്നു കാട്ടിൽ
പരുത്ത മൃഗം കരികരടി കാട്ടി വൻപുലി സിംഹമെല്ലാം
ക്രൂരനും പുള്ളിമാൻ കലിതുള്ളി ചാടിവരുന്നനേരം
പടകളിൽ ഘോഷമിടയ്ക്കിടെ സംഘമൊത്തു കളിച്ചുകാട്ടിൽ
തെരുതെരെ നിന്നു സലിലഗണങ്ങളെകൊലചെയ്തിരിക്കെ
പാരിളകിക്കുലുങ്ങി മറിഞ്ഞുടൻ ബലവാസരെല്ലാം
അടിമലരിങ്കൽ രക്ഷവരുത്തി വാണ പുനക്കുന്നിൽ
ഉടമയാം ദൈവമേ കരിയാത്ത ഞാനിതാ കൈതൊഴുന്നേൻ

കരിവില്ലിയുടെ അഞ്ചടി

അരനു പുത്തിര നാൻമുഖനും വാണിമാതും
മരതകമുകിൽ വർണൻ മുകുന്ദനും ഗുരുവും
പരമീശനറുമുഖനമരകളനീശം
മടുമലർ മകൾ, വേദവ്യാസനും വാൽമീകിയും
കരുണയിൽ തുണ ചെയ്ക മനതാരിൽ നിയതാ

കരിവില്ലി കവിയഞ്ചും പുകഴ്വാനായ് തുണയ്ക്ക
കരുത്തോടെ കുടികൊണ്ടു മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ

2)

ആദരാൽ മയിൽപ്പീലിമുടി തൊങ്ങൽ വടിവും
അഴകോടെ തിരുനെറ്റിത്തടത്തിലായ് നൽകുറിയും
കല്ലോലമെഴും നല്ല കുനിച്ചില്ലി കൊടിയും
അല്ലലാം മഹാവ്യാധി ഹനിക്കും കൺമിഴിയും
ഇച്ചയിലധരം നാസിക ദന്തപ്രഭയും
ചേർച്ചയിൽ വളർന്ന താടിയും മീശക്കൊടിയും
കരുത്തോടെ കുടികൊണ്ടു മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ

3)

ഇഷ്ടത്തിൽ മണിമാല വളർമാറിൽ ധരിച്ചു
പട്ടും കച്ചയും കെട്ടീട്ടുടഞ്ഞാണു മുറുക്കി
നട്ടുച്ചയ്ക്കതു നേരാമതി നൃത്തം ധരിച്ചു
കാട്ടാനയ്ക്കൽ വേലമുടയാൻ വീര്യവാനെ
പുഷ്ടകൗതുകത്തോടെ ഭവനിയിൽ വിളക്കായ്
ശിഷ്ടരക്ഷണം ചെയ്തു വസിക്കും തമ്പുരാനെ
കരുത്തോടെ കുടികൊണ്ടു മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ

4)

ഈടും പൊൻചിലമ്പും കച്ചയും തണ്ടാവളയും
കുടവേയണഞ്ഞു മാറ്റൊലി പൊങ്ങി നടന്നും
കരത്തിൽ ചാപവും നല്ലാ ശരവുമങ്ങടുത്തു
കരുത്തോടെ പനങ്കിളി കുല ചെയ്കാ വിരുതാ
ഈരാറായിരം ജനം ചതിവാക്കു പറഞ്ഞു
മാറാതൊരാധി കോപം നടിച്ച വീര്യയ്യനെ
കരുത്തോടെ കുടികൊണ്ടു മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ

5)

ഉറ്റുടൻ വയനാട്ടിന്നഴകോടെയിഴഞ്ഞു
തെറ്റെന്നു പലനാടും പുകഴ്വനായ് നടന്നു
കരുത്തും വീര്യവും വമ്പും മികച്ചപോലെ നാട്ടിൽ
കരുത്തോടെ മൂർക്കനാട്ടെ തറയിൽ വന്നുറച്ചു
കരുത്തേറും കരിയാത്തനോടുകൂടേയിരുന്നു

വിരവോടും തിറവെള്ളാട്ടോടുപൂജയും വന്നു
കരുത്തോടെ കുടികൊണ്ടു മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ
6)
ഊക്കുള്ള മഹാലോകരുടെ മെയ്യിലുറങ്ങു
വാക്കുകൾ പലവക പറഞ്ഞുകൊണ്ടഴകിൽ
കഷ്ടത വളർന്നുള്ള വസൂരി പനിയും
നഷ്ടമാക്കുവാൻ ദൈവമൊരു പേരില്ലുലകിൽ
ദൃഷ്ടിക്കൊരമൃതായി വസിക്കും തമ്പുരാന്റെ
പുഷ്ടികൊണ്ടുടൻ ലോകം ജയിച്ച വീര്യയ്യനെ
കരുത്തോടെ കുടികൊണ്ടി മേലോട്ടിൽ വാണരുളും
കരുത്തേറും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ

പുനക്കുന്നുമ്മേൽ കരിവില്ലിയുടെ അഞ്ചടി

മട്ടലർബാണനെ കണ്ണാൽ ചുട്ടെരിച്ചോരരന്റെ
കുട്ടിയാകും ഗണനാഥൻ തുണയ്ക്ക നമ്മെയെന്നും
മട്ടുരുകും മൊഴിമാതും മുകുന്ദനും ഗുരുവും
ഒട്ടുപോലും പിരിയാതെ തുണചെയ്ക സദാമെ
വിഷ്ടപത്തിൽ പുകൾപൊങ്ങും കരിവില്ലിചരിതം
ഒട്ടുംസംക്ഷേപിച്ചു ചൊൽവനറിവില്ലായ്കിലും ഞാൻ
പുഷ്പകേളി തഴച്ചിടും പുന്കകുന്നത്തമരും
ഇഷ്ടനാകും കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ
2)
മാനമോടെ ഹരൻ പണ്ടു കിരാതൻ തൻ വടിവായ്
മാനിയാകും വിജയനോടെതിർത്താൻ പന്നിമൂലം
സ്ഥാണുമൂർത്തി വിജയതാഡനത്താൽ നിസ്തൃതമായ്
ശോണിതത്തിൽ മുളച്ചുണ്ടായ് വളർന്നവീര്യവാനെ
മാനശൗര്യകാതലായ ഗാത്രഭംഗി പറയാൻ
ദീനനാകും മഹിശ്രേഷ്ഠൻ രസേനാം ക്ലാന്തിയാലെ
ദീനതമെന്നിയെ വന്നു പുനക്കുന്നത്തമരും
മൗനശാലി കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ
3)
മിന്നിയേറി ചിതറി തിയ്യലറും കണ്ണിണയും
മന്ദഹാസാ നിജയവക്ത്രാ ദന്തജാല പ്രഭയും
ഉന്നതമാം തുളുമ്പൻ മീശയും താടിയും വളരും
സുന്ദരമാമാറു പിഞ്ചം നിരന്ന പൊന്മുടിയും

മന്ദിരങ്ങൾ വിറയ്ക്കുമാർ മുഴങ്ങും വായുടിയും
മന്ദമെന്യെയിരുണ്ടു പൊങ്ങി നാഗാത്രപ്രഭയും
ഔന്നതിയെ വളർത്തുവാൻ പുനക്കുന്നത്തമരും
സുന്ദരാഗൻ കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ
4)
മീതെയുള്ള ഭൂതജാലങ്ങൾക്കുമീതെ നിരന്നു
ഭൂതനാഥൻ തന്റെ മുമ്പിൽ കൂപ്പി നിന്നൊരളവിൽ
കാതലായ കരിവില്ലും നാദവേദ്യം ശരവും
ജതമോദാൽ കരിവില്ലിയെന്നു പേരു കൊടുത്തു
പ്രീതനായ് പോയവിടുന്നുമലനോക്കി നടന്നു
ഭൂതമാം ഭൂതാടി മേക്കോട്ടയിൽ പുക്കുവസിച്ചു
ഖേദജാലമൊഴിപ്പാനായ് പുനക്കുന്നത്തമരും
പീതശംഖൻ കരിവില്ലി കഴൽക്കു കൈതൊഴുന്നേൻ
5)
മുറ്റുമുള്ള സേവകന്മാർക്കൊക്കെ രക്ഷ കൊടുത്തു
മാറ്റലരായ് കല്ലടികൊട്ടു ചുരത്തിൽ കീഴമർന്നു
ഒറ്റയും കൂട്ടവും കോട്ടവേട്ടയെന്നു വിധത്തിൽ
പോറ്റിയാകും വില്ലിസംഘം ചൂഴവും ചെയ്തവരാൽ
കാറ്റിനേക്കാൾ ബലമേറും പാർഥത്തിലിഴഞ്ഞു
മാറ്റലരെ മാറ്റി ലോകരക്ഷ ചെയ്തു പുലർത്തി
ഊറ്റമായ് ശങ്കരൻ മേവും പുനക്കുന്നത്തമരും
പോറ്റിയാകും കരിവില്ലീ കഴൽക്കു കൈതൊഴുന്നേൻ
6)
ഈ സ്തുതികളഞ്ചുമോതിയടിയരിന്നഴകിൽ
നൽതിറ വെള്ളാട്ടോടന്തിത്തിരിയും നൽവിളക്കും
ഒത്തു ചെണ്ടകുഴൽ കൊമ്പും തുടിതാളമറിഞ്ഞു
വിസ്തരിച്ചു തരുന്നോരു പൊഴുതിന തമ്പുരാനെ
ഉത്തമരായേതുമില്ല കാരണവർ മെയ്യുറഞ്ഞു
എത്രയും ഘോരമായട്ടഹസിച്ചു വാളെടുത്തു
സത്യമായ് മുന്നരുളപ്പാടതും ചെയ്തു വിരവിൽ
ശുദ്ധമാം മണ്ഡലം തന്നിൽ വസിക്ക തമ്പുരാനെ
ഭക്തരായ മർത്യരിലങ്ങത്തലെല്ലാമൊഴിച്ചു
ചിത്തശുദ്ധി നൽകി രക്ഷചെയ്ക വേണം കൃപാപതെ
ഭക്തിയില്ലെന്നിരിക്കിലും ഭക്തനെന്നു കരുതി
മുക്തി നൽകീട്ടടിയനെയെന്നും കൃപയാൽതമ്പുരാനെ

ശക്തിയോടെ പുകൾപൊങ്ങും പുനക്കുന്നമരും
മുക്തിദായീനീകരിവില്ലീ കഴൽകു കൈതൊഴുന്നേൻ

പുനക്കുന്നിൽ കുലവൻ അഞ്ചടി

1)

കരിവാരതുണ്ഡനാം ഗണനാഥനും മൊഴിമാതു കൃഷ്ണൻ
ഗുരുവരനും തുണയ്ക്ക നമുക്ക് സൽക്കവി തോന്നുവാനായ്
ധരണീതലേ ജനിച്ചുവളർന്നെഴും കുലവൻ ചരിത്രം
പരിചൊടു തോന്നുവാൻ തുണ ചെയ്ക ഭൂസുരജാലമെല്ലാം
ഗിരിമകളും പുരാന്തകനും ധരിച്ചു നായാടിവേഷം
ധരണീതലേ കളിച്ചുനടന്ന കാലമഹോ ജനിച്ചാൻ
സുരപുരിയോടു തുല്യമതായിടുന്ന പുനക്കുന്നിൽ
അരുളിന ദൈവമേ കുലവാ കഴൽകിതാ കൈതൊഴുന്നേൻ

2)

കാരണമൂർത്തിയാം പരമേശനന്ദനും മുടിപൂരാട
മതായ നാളിൽ ജനിക്കകൊണ്ടു നിമിത്തമെല്ലാ
കാലമഹോ പിഴച്ചതു കണ്ടെടുത്തു പിതാവുതാനും
ഘോരവനാന്തരേ കുഴിയും ചമച്ചതിൽ വെച്ചുപോയെൻ
മാരിചൊരിഞ്ഞു പുത്തിടിയും തകർത്തൊരു കാറ്റുമപ്പോൾ
ചാലവേ വന്നുപോൽ മലയോന്റെ ഭാര്യയതായ് കാളീ
പാരകൾ കെട്ടയെന്നിവയും ധരിച്ച പുനക്കുന്നിന്മേൽ
അരുളിന ദൈവമേ കുലവാ കഴൽകിതാ കൈതൊഴുന്നേൻ

3)

കിട്ടിയകന്ന ജാലമതൊട്ടു കൊട്ടകൾ തന്നിലിട്ട്
മുട്ടുപതിച്ചു പാരയെടുത്തു കുത്തി കിഴങ്ങിനപ്പോൾ
കുട്ടിയെവെച്ചു പൂട്ടിയപെട്ടിതൻ പലകയ്ക്ക് തട്ടി
പൂട്ടിയ പെട്ടിയിന്നഴകോടു കിട്ടിയ പൈതൽ തന്നെ
തട്ടിയെടുത്തുകൊണ്ടുടൻ ചോലവെള്ളമതിൽ കുളിപ്പി
ച്ചിട്ടു കുലവനെന്നൊരു നാമമൂട്ടിയവന്നു പാലും
ദൃഷ്ടി കുളിർക്കവെ തനു പുഷ്ടി വളർന്ന പുനക്കുന്നുമ്മൽ
അരുളീന ദൈവമേ കുലവാ കഴൽകിതാ കൈതൊഴുന്നേൻ

4)

കീർത്തി വളർന്നു പൈതലിനെ എഴുത്തിനയച്ചശേഷം
മൂർത്തിയടിച്ചുതൻ ഗുരുവേ അറുത്തു ജലത്തിലാക്കി
പേർത്തൊരു മൂരിയും കയറും കൊടുത്തൊരുവൊനയും കൊന്ന്
ഓർത്തുപറഞ്ഞു തന്റെ മാതൃശിരസ് എറിഞ്ഞുമുറിച്ചുപാരം

വേർതിരിയാതെ പുല്ലരിവോൻ കരത്തെയറുത്തശേഷം
പേർത്തൊരുപൈതലെ കുലചെയ്തു ചക്കിലമർത്തി നന്നായി
പാർത്തലമൊക്കെ കീർത്തിമികച്ചിടുന്ന പുനക്കുന്നിൽ
അരുളിന ദൈവമേ കുലവാകഴൽക്കിത കൈതൊഴുന്നോൻ

അമ്പിളിത്തെല്ലുരഗം ചാമ്പലും തുമ്പധരിക്കും
തമ്പുരാന്റെ തനയൻ കുംഭിതുണ്ഡൻ വാണിമാതും
അൻപിനോടെ ഗുരുനാഥൻ മുനിമാർ വാനവരും
മുമ്പിനാൽ വന്നനുവാദം തരിക മൽക്കവിക്കായ്
ശംഭുപുത്രൻ കുലവൻതാൻ ചരിതത്തെ ചുരുക്കി
സംഭ്രമം വിട്ടുരയ്ക്കുമ്പോൾ തുണയ്ക്ക ദൈവമേറ്റം
ജംഭവൈരി സമനാകും പുനക്കുന്നത്തമരും
വമ്പനാമങ്ങാടി വാഴും കുലവാ കൈതൊഴുന്നേൻ
2)
ആദിയിൽ ശ്രീപരമേശൻ തരുണിമാരോടൊത്തു
സാദരം നായാടീവേഷം ധരിച്ചു സഞ്ചരിച്ചു
ചൂതബാണപീഢമൂലം പുണർന്നു പാർവ്വതിയെ
ജാതനായി മുടിപ്പൂരാടമാം നാളിൽ സുതനും
ഭൂതലത്തെ മുടിക്കുമെന്നുറച്ചു പൈതലിനേ
ഭൂതനാഥൻ പർവതത്തിൽ കുഴിച്ചിട്ടു ഗമിച്ചു
നീതിമാന്മാർ നിരന്നിടും മൂർക്കനാട്ടെത്തറയിൽ
സാദരം നൽപുനക്കുന്നിൽ കുലവാ കൈതൊഴുന്നേൻ
3)
ഇന്ദുചൂഡൻ മറിഞ്ഞപ്പോളന്നു മാരി ചൊരിഞ്ഞു
കന്ദജാലം കിളപ്പാനായ് മലയോൻ ഭാര്യയോടും
കുന്നുകുത്തിക്കുഴിക്കുമ്പോൾ കുഴിയിൽ കണ്ടുകിട്ടി
സുന്ദരനാം പൈതലിനെ കണ്ടവരും മൈവളർത്തി
നന്ദനനു കുലവനെന്നിട്ടു നാമമവരും
പിന്നെ നീ ചെയ്തിടുള്ളതെണ്ണിപ്പറവാനെന്തരിപ്പം
നന്നിപൂണ്ടാര്യനാട്ടീന്നക്ഷരാഭ്യാസം പഠിച്ചു
പിന്നെയച്ചോഴനാട്ടീന്നായുധാഭ്യാസം പഠിച്ചു
പിന്നെയച്ചോഴനാട്ടീന്നായുധാഭ്യാസം പഠിച്ചു
അന്നു കോഴിശ്ശേരി വാഴും നായനാർക്കിഷ്ടനായി
സുന്ദരനാം പുനക്കുന്നിൽക്കുലവാ കൈതൊഴുന്നേൻ

4)

ഈടുറ്റ പൊന്മുടിയും കൺമിഴിയും തേൻമൊഴിയും
താടിമീശക്കൊടിയും മാറിടത്തിൽ സ്വർണമാല
മോടിയോടെ നീലവില്ലും ശരവും പട്ടുടയാടയും
നാടഖിലം വിറയ്ക്കും കാൽനടയും പൊൻചിലമ്പും
കൂടവേ ഇത്തരമോരോന്നണഞ്ഞീടും തിരുമെയ്
പ്പാടവം കണ്ടിട്ടമ്മാറുഭയം തേടും ജനങ്ങൾ
നാട്ടിനെല്ലാം കീർത്തിപൊങ്ങി മികച്ച മൂർക്കനാട്ടെ
പ്രൗഢവാനാകും പുനക്കുന്നിൽകുലവാ കൈതൊഴുന്നേൻ

5)

ഉരത്തശത്രുവൃന്ദത്തെ കൊന്നറുത്തീടുന്ന നിന്റെ
കരത്തിന്റെ മഹത്വം ചൊല്ലിയൊപ്പിപ്പാനാരിപ്പം
പ്രസിദ്ധൻ പാണ്ടിരാജാവെ മുടിച്ചു നാടടക്കി
അറുത്തിഴത്തു രാജാവെ വധിച്ച ദൈവവും നീ
എതിർത്ത ചോഴമന്നന്റെ വെളുത്തുള്ളചരണം
കയർത്തുചെന്നുടൻ വെട്ടിപ്പിടിച്ച വീര്യയ്യനെ
മദത്താൽ കല്ലടിക്കൈവർത്തനെ കൊന്നിട്ടു കപ്പൽ
ജലത്തിൽ കുത്തിയാഴ്ത്തിത്താൻ തകർത്ത തമ്പുരാനെ
മഹത്വം ദിക്കിലെയ്ക്കെങ്ങും വമിച്ച മൂർക്കനാട്ട്
ശൂരനാകും പുനക്കുന്നിൽ കുലവാ കൈതൊഴുന്നേൻ

6)

ഊനമില്ലാതുള്ള നിന്റെ ചരിതത്തെ ചുരുക്കി
ഞാനുരയ്ക്കുന്നതു ചൊല്ലി സ്തുതിക്കും മാനുഷർക്കും
ഹീനഭാവമകറ്റി നീ തറക്കും സന്തതിക്കും
വാനവർ നാഥനെപ്പോലെയിരിക്കദൈവമെന്നും
മാനമേറും പടയ്ക്കും നായാട്ടിനും മീൻപിടിക്കും
സ്ഥാനിയ്യിട്ടിരിക്ക ദൈവമെന്നും മണ്ഡകത്തിൽ
ആനപോലെയടുക്കുന്നന്തകനെ ദൂരെമാറ്റി
ദാനവാരീ പദതാരോടണവാൻ ചേരുവോരെ....

മുണ്ട്യന്റെ അഞ്ചടി

കരിവരമുഖനവനാകും കരുകണ്ടർ സുതനെ പോറ്റി
കരളിൽ വാണരുളീടേണം കവികളെ പുകഴ്ത്തുവാനായ്
കവിമകളാവുമമ്മേ നടനം ചെയ്കെന്റെ നാവിൽ
കരിമുകിൽ വർണൻ താനും ഗുരുക്കളും തുണ ചെയ്യേണം
കരുത്തെഴും മുണ്ടുകയ്യന്റെ ചരിതങ്ങളുര ചെയ്യുവാനായ്

കപർധിയും ഭവാനിതാനും വരമരുളീടവേണം
കമലജ വിലസും വാണാമേലോട്ടിൽ മരുവീടുന്ന
കരുത്തനാം മുണ്ടുകയ്യന്റെ കഴലിണക്കിതാ തൊഴുന്നേൻ
2)
കാമനെ പൊരിച്ചദേവൻ മേനകാപുത്രിതന്റെ
കാമസായകങ്ങളേറ്റുകളിച്ചുടൽ പൂർണ കാലം
കാമനെ കൃഷ്ണൻ തന്റെ തനയനായ് പിറന്നപോലെ
കാമരൂപിണിയമ്മ പെറ്റങ്ങുളവായ തമ്പുരാനെ
കാർമേഘപടലി പോലെ കാന്തിയേറിടും വീരാ
കാണുന്ന ജനങ്ങൾക്കെല്ലാമഭയം നൽകും ഭയങ്കരാ നീ
കോമള വിലസി വാണ മേലോട്ടിൽ മരുവീടിന
മുണ്ടുകയ്യന്റെ കയലിണക്കിതാ തൊഴുന്നേൻ
3)
കിലുകിലെ കിലുങ്ങീടുന്ന കിങ്ങിണിച്ചിലമ്പണിഞ്ഞു
കിളിനിറം വീരാളിപ്പട്ടുകൊണ്ടുടത്താണിട്ടു
കറുത്തൊളിമിന്നും കച്ചയരയതിൽ ചുറച്ചുകെട്ടി
കനകമാം ഉടത്താണിട്ടു കാഞ്ചിയും മുറുക്കി നന്നായ്
കരമതിൽ കടകവും നൽത്തോൾവള മോതിരങ്ങൾ
ഗളഭുവി മുത്തുമാല പൂമാല രത്നമാല
കാരുണ്യമിയലും വാണ മേലോട്ടിൽ മരുവീടിന
ദാരുണൻ മുണ്ടുകയ്യന്റെ കഴിലിണക്കിതാ തൊഴുന്നേൻ
4)
കീർത്തിയിൽ പിഞ്ചജാലം തിരുകിനമകുട തൊങ്ങൽ
മൃതുശാസനന്റെ പാദവിലോചനം കണക്കെക്കന്നം
വദനമാം കലേശം ചുറ്റും വിളങ്ങിന താടികൊണ്ട്
പടലിയും വളച്ചുനന്നായ് പിരിച്ചുയർത്തീടും മീശ
വലിയ നൽ എഴുത്തും വില്ലും വിശിഖവും കരത്തിലേന്തി
വടിവൊടു ചുരിക നല്ലനാഭിയിൽ തിരുകി നന്നായ്
വാനവർ വണങ്ങും വാണാമേലോട്ടിൽ മരുവീടുന്ന
വീരനാം മുണ്ടുകയ്യന്റെ കഴിലിണക്കിതാ തൊഴുന്നേൻ
5)
കുതുകമോടരന്റെ മുമ്പിൽ പിറന്നുടൻ വളരും കാലം
സുതനൊടും പുണർന്നു മോദലെന്നരുൾ ചെയ്തു ദേവൻ
സുമശ്ശരസുദർശനായ സുകുമാരനാകുമുണ്ണി
സുഖമോടു പോകണം നീ ഇവിടെ വാണ പ്രജകളെ രക്ഷചെയ്ത്
സന്തതം വസിക്കയെന്നു ജനകൻ തന്റെയാജ്ഞ കേട്ടു...

കേട്ടുടൻ തെളിയും വാണാ മേലോട്ടിൽ മരുവീടുന്ന
ശ്രേഷ്ഠനാം മുണ്ടുകയ്യന്റെ കഴിലിണക്കിതാ തൊഴുന്നേൻ

കുട്ടിച്ചാത്തന്റെ അഞ്ചടി

അരഭവും തിങ്കളാങ്കി ഉരകവും ധരിച്ച ദേവൻ
തിരുമകൻ ഗണേശന്റെ കരളിൽ വാണരുളുകനിത്യം
അരുമയിൽ വാണിമാതു അരവിരുനയനൻ താനും
ഗുരുവരരമരനാഥൻ മുനികളും തുണയ്ക്ക ചിത്തെ
അരൻ തിരുമകന്റെ കുക്ഷിതന്നുടെ ചരിത്രം ചൊൽവാൻ
അരനുമംബികയുമേറ്റം വരമരുളീടവേണം
പരിചൊടു കാളകാട്ടെ പൂട്ടറ പിളർന്നുചാടി
ധരണിയിൽ ചിലേടമെല്ലാം കുടികൊണ്ടുമരുവും മൂർത്തി
പരജനരക്ഷ ചെയ്തു പുനത്തിൽ വാണരുളീടിന
കുട്ടിച്ചാത്തൻ പദതളിർക്കിതാ തൊഴുന്നേൻ

2)

ആരുമില്ലിവനെപ്പോലെ അഴകീയോരെങ്ങുമോർത്താൽ
ആരംഭൻ മീശവട്ടത്താടിയും മുടിയും പൂവും
മാരകോദണ്ഡമെന്ന ചില്ലിയുമുരുണ്ടനേത്രം
നീരജാവൈരികാന്തിനിറം കെടും ഗണ്ഡദേശം
ഉരുദേശവും മുഴംകാൽക്കു ചിലമ്പും കച്ച
വീര്യസുന്ദരനാം കുക്ഷി ചരിതമൊട്ടരിപ്പമോർത്താൽ
ചാരുത ചേർന്നുകാതിൽ കുണ്ഡലപ്രഭയോടൊപ്പം
ചേരുന്ന മുത്തു ദന്തഹാവരും ഗളസ്ഥലത്തിൽ
ചാരുരൂപത്തേയ്ക്കന്നാ മാറിടം കുക്ഷിദേശം
ചേരുന്ന വീരവാളിപ്പട്ടുകൊണ്ടുടഞ്ഞാണിട്ടും
പാരതിൽ കീർത്തിപൊങ്ങി പുനത്തിൽ വാണരുളീടുന്ന
വീരനാം കുട്ടിച്ചാത്തൻ പദതളിർക്കിതാ തൊഴുന്നോർ

3)

ഇടിയതിന്നി നാദംപോലെ പൊടുപടാ അട്ടഹാസം
തൂടിവെടി, പടഹം, ചെണ്ട, തിമില, കൊമ്പിടയ്ക്ക ചിഹ്നം
ഇടയിടെ മദ്ദളങ്ങൾ പെരുമ്പറതപ്പുതാളം
ഉടനുടൻ നടുങ്ങുമട്ടം പരിചൊടു നൃത്തം വെച്ചും
കുടുകുടെ കുക്കൂമിട്ട് കുക്കുടചരിതം പോലെ
പൊടുപൊടെ ചാടിത്തുള്ളി വരവിലുടതിശയം പോൽ
മടുമലർബാണ വൈരി വിരിഞ്ചനുമാനന്ദിക്കും
അടമൂലമാർകൾ കണ്ടാലിടയിണ തുള്ളും പാരം
നിഡിലജദേവി വാണ പൂനത്തിൽ വാണരുളീടിന

വടിവെഴും കുട്ടിച്ചാത്തൻ പദതളിർക്കിതാ തൊഴുന്നേൻ

4)

ഇക്ഷണം ചെയ്യുന്നേരം രാക്ഷസപ്രവരൻമാരും
കാൽക്ഷണം വിറച്ചുപോകും രൂക്ഷസപ്രകൃതികണ്ടാൽ
മോക്ഷഭാവങ്ങളോർത്താൽ മേക്ഷദൻ തന്നോടൊക്കും
കാൽക്ഷണം കൊണ്ടു തോൽക്കും കുക്ഷികൊണ്ടാലിൻപത്രം
രൂക്ഷഭാഗങ്ങളോർത്താൽ ദക്ഷനാശനോടൊക്കും
ലക്ഷണം കൊണഅടു പാർത്താലിക്ഷിതിപാലർതോർക്കും
രക്ഷകർത്താവായിട്ടു പുനത്തിൽ വാണരുളീടിന
രൂക്ഷനാം കുട്ടിച്ചാത്തൻ പദതളിർക്കിതാ തൊഴുന്നേൻ,

5)

ഉടനെ പോയ് കാളകാടൻ പൂജയും മുകർന്നുചാത്തൻ
വടിവൊടു മേപ്പതിന്നായ് കാളയും കയറും വാങ്ങി
പൊടിയ കാനനങ്ങൾ തോറും കാലിൽമേച്ചിടും കാലം
ഇടയിടെ ദാഹംമുറ്റി വിശപ്പുമത്യുഗ്രമായ്
തടിയനാം ചെങ്കൊമ്പന്റെ മുതുകേറി നടപ്പാൽവെച്ചു
മുടിയണം ശേഷമെന്നോർത്തറുത്തുടൻ കൊന്നുതിന്നു
മുടിഞ്ഞിതു കാളയെന്നങ്ങറിഞ്ഞുടൻ കാളകാടൻ
പിടിച്ചുടൻ കെട്ടുവാനായ് അയച്ചിതുദൂതന്മാരെ

പിടിച്ചിതുകെട്ടി ദൂതരടിച്ചിതുകാരണത്താൽ
ചൊടിച്ചുടൻ പുരപൂട്ടു കാളകാടൻ ചെറിയ ചാത്തൻ
നിഡിലജാദേവി വാണാപുനത്തിൽ വാണരുളീടിന
വടിവെഴും കുട്ടിച്ചാത്തൻ പദതളിർക്കിതാ തൊഴുന്നേൻ

ഭൈരവന്റെ അഞ്ചടി

അരനുടെ തനയൻമാരിലഗ്രജൻ വിഘ്നരാജൻ
അരവിന്ദ തനകജായാ ദേവിയും തുണയ്ക്കവേണം
അരിഹരാ താനും വാണോർ മാമുനീമാരുമേറ്റം
കരളിൽ വാണരുളീടേണം കവികളെ ചൊൽവതിന്നായ്
അരുമയിൽ ഭൈരവന്റെ കഥകളെ പുകഴ്ത്തൂന്നിപ്പോൾ
അറിവുള്ള ജനങ്ങളെല്ലാം കേട്ടുടൻ ക്ഷമിക്കവേണം
അരവിന്ദതനയ വാഴും മാമിയിൽ മരുവീടിന
അലിവുറ്റ ഭൈരവന്റെ കഴലിണക്കിതാ തൊഴുന്നേൻ

2)

ആദിയിൽ ശ്രീമഹേശൻ തന്നുടെ പുത്രനായോ–
രാരോമൽ പൈതൽ തന്റെ വാർത്തയെ കേട്ടുകൊൾക

ആദിത്യശോഭ പൂണ്ടു പൊൻുമുടികുടതൊങ്ങൽ
അമ്മറു പീലിത്തണ്ടു ചുറച്ചുടൻ കുഞ്ചികേശം
ആലില മുത്തുരത്നം കോർത്തുള്ള തഴയും ചാർത്തി
ആവോളം വെള്ളിപ്പൂക്കളിന്നു തൻകലാനിരത്തി
ആദിത്യശോഭപൂണ്ടു മാമിയിൽ മരുവീടിന
ശ്രേഷ്ഠനാം ഭൈരവന്റെ കഴലിണക്കിതാ തൊഴുന്നേൻ

3)

ഇഷ്ടത്തിൽ കരിമ്പടത്താൽ ചുറച്ചിന കുഞ്ചികേശം
പട്ടുകൾ തോൽക്കും വണ്ണം പുലിത്തുകിലാടചാർത്തി
പുഷ്ടിയിൽ പഞ്ചവർണം ചേർത്തുള്ള വരക്കുറിയും
സ്പഷ്ടമായ് സ്ഫുല്ലപുഷ്പം ചെവിയിൽ തിരുകിനന്നായ്
വിഷ്ടപേ കേളിപൊങ്ങി മാമിയിൽ മരുവീടിന
ശ്രേഷ്ഠനാം ഭൈരവന്റെ കഴലിണക്കിതാ തൊഴുന്നേൻ
ഈടുറ്റ കൈക്കു നല്ലൊരുറുക്കുകൾ കെട്ടി നന്നായ്
കുടവേ ഹസ്തയുമ്മേ കവകവുമലങ്കരിച്ചു
ഓടുവാൻ ശക്തിയേറും കാളതൻ മുതുകിലേറി
നാടുകൾ തോറും ചുറ്റിസഞ്ചരിച്ചീടും വീരാ
പാടവമേറെയുള്ള കച്ചയും കാൽച്ചിലമ്പും
കേടറ്റ ഭസ്മസഞ്ചി പൊക്കിണം ചൂരകോലും
നാടതിൻ കേളിപൊങ്ങി മാമിയിൽ മരുവീടുന്ന
ശ്രേഷ്ഠനാം ഭൈരവന്റെ കഴലിണക്കിതാ തൊഴുന്നേൻ

5)

ഉന്നതമായിട്ടുള്ള പൂമരം തന്നിലേറ്റി
തന്നുടെ കൈകൾകൊണ്ടു കോയമ്പൊടിച്ചിലവിരിട്ടു
മധുരമായ് കൊഞ്ചിക്കൊഞ്ചി ചാട്ടവും ചെരിഞ്ഞ നോക്കും
സുന്ദരമായ ദന്തം കടിച്ചുടൻ പുഞ്ചിരിയും
മിന്നുന്ന പൊൻകിരീടം തുള്ളിച്ചു നോട്ടം ചെയ്തു
തന്നുടെ വൃത്തികണ്ടാൽ എത്രയും ചിത്തമോർത്താൽ
സന്യാസി വേഷമോടു മാമിയിൽ മരുവീടുന്ന
ധന്യനാം ഭൈരവന്റെ കഴലിണക്കിതാ തൊഴുന്നേൻ

കളക്കണ്ടിയിൽ ഉണിചോയി പൂശാലിയുടെ അഞ്ചടി

അരൻതന്റെ സൂതനാകും ഗണേശൻ വാണിമാതും
ഹരിയും മൽഗുരുവും മാമുനിമാരും തുണയ്ക്ക
അരുമയിലുണിച്ചോയിപ്പുലി തന്റെ ചരിതം
അഥുനാം ചൊൽവതിന്നായ് തുനിയുന്നേനടിയനും
അറിവില്ലെങ്കിലും ചൊന്ന കവിക്കുലോകരെല്ലാം

അലിവുറ്റു ശ്രവിക്ക വീഴ്ചയുണ്ടെങ്കിൽ പൊറുക്ക
നടുവട്ടത്തെഴും ചേലുപറമ്പിൽ വാണരുളും
കളക്കണ്ടിയിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

2)

ആദിയിൽപോലെ നാട്ടിന്നൊടുമ്പ്രായെന്ന ദേശേ
ആദരിച്ചെഴും നല്ലാകളക്കണ്ടീപൂരത്തിൽ
നാഥനായിടും രാരിച്ചാഖ്യാനെന്ന പുരുഷന്
ചേതോഹാരണിയാം ഭാര്യയുമായ് വാണിടും നാൾ
മോദമോടുടൻ ഗർഭം ധരിച്ചു കാമിനിയും
ആധിവ്യാധികളെല്ലാം തികഞ്ഞുപെറ്റവളും
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

3)

ഇഷ്ടത്തിൽ സൂതൻ തന്നെ പ്രസസവിച്ചൊരുശേഷം
തുഷ്ടിപുഷ്ടികളെല്ലാം വളർന്നു നാട്ടുകാർക്കും
നഷ്ടമായ് ദരിദ്രത്വം തറവാടു പുളച്ചു പൊങ്ങി
കുട്ടി വളർന്നു പാൽകുടിയൂണും കഴിഞ്ഞു
കുട്ടിയെഴുത്തുമായുധാഭ്യാസം ഗ്രഹിച്ചു
പെട്ടന്നുവളർന്നു യൗവനാരംഭം തുടങ്ങി
നടുവട്ടത്തെഴും ചെലൂപറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

4)

ഈശന്റെ കൃപയാലെ കണക്കും കയ്യെഴുത്തും
ആശുനൽസഭാമധ്യേ നടത്താൻ യോഗ്യനായി
കുശൽ കൂടാതെയോരോരായുധങ്ങൾ ഗ്രഹിച്ചു
നാശം കൂടാതെ നായാട്ടിനും മറ്റും സമർഥൻ
ഈശോപുത്രനാം സ്വാമിപ്രിയനായി ഭവിച്ചു
കേശവും വളർത്തി താനിരുന്നു നിഷ്ഠയോടെ
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

5)

ഉറ്റഭാര്യയും കാവി വസ്ത്രങ്ങൾ ധരിച്ചു
മറ്റോരോ പ്രദേശങ്ങളിൽ സഞ്ചാരം തുടങ്ങീ
കറ്റച്ചെഞ്ചിടയോൻ പുത്രരിൽ ഭക്തിമുഴുത്തു
മറ്റുള്ളീശ്വരൻമാർക്കും പ്രിയനായി ഭവിച്ചു
തെറ്റന്നുടന്നു പശ്ചിമദിക്കിലണഞ്ഞു

പറ്റിയ സ്ഥലം നോക്കി നടന്നു ചൂഴവുമായ്
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

6)

ഊരതിൽ മികച്ചുള്ള പ്രദേശം നോക്കിനോക്കി
സാരമായിടും ബേപ്പൂർത്തറ കണ്ടുപിടിച്ചു
നാരിമൗലിയാം ഭാര്യയോടുകുടിയിരിപ്പാൻ
നേരം നല്ലതുനോക്കി ഭവനമൊന്നു തീർത്തു
പാരിൽ ഗോപുരം തീർത്തു ഭവനത്തിന്നരികെ
വീരഭദ്രനാം സ്വാമിക്കതും കൂടിഭവിച്ചു
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

7)

എത്രയും വളർന്നു കൗതുകത്തോടെ വസിച്ചു
പുത്രന്മാരതുമുണ്ടായ തനിക്കു കീർത്തിയോടെ
അത്തൽ കൂടാതെയോരോ മൂർത്തി ദേവരെയും
പ്രത്യക്ഷമതുമാക്കി സുഖത്തിൽ താനിരുത്തി
പുത്രന്മാർക്കതുമോരോരുപദേശം ഗ്രഹിപ്പി
ച്ചെത്രശക്തിയും ഭക്തിയും വർധിച്ചഴകിൽ
നടുവട്ടത്തെഴും ചേലുപറമ്പിൽ വാണരുളും
കളക്കണ്ടിലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നേൻ

8)

ഏറിയ പ്രദേശത്തു വസിക്കും ലോകരെല്ലാം
മാറാതുള്ളൊരു രോഗം പിടിപെട്ടു വരുമ്പോൾ
കൂറോടെ സ്മരിച്ചൽപം ഭസീതം താൻ കൊടുക്കീ
ലേറിപ്പോകയുമില്ലാ ശമിക്കുമന്നുതന്നെ
കൂറകൾ ധനധാന്യം പട്ടുമെല്ലാം
ധാരാളം ലഭിച്ചിടും തന്നുടെ ദൈവയോഗാൽ
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നോൻ

9)

ഒട്ടുനാൾ കഴിഞ്ഞുതൻ ശിഷ്യരുമായ് നടന്നു
മട്ടലർ ശരാവൈരീസൂതന്റെ പൊന്മലയ്ക്കായ്
ഇഷ്ടമോടുടൻ സ്വാമിക്കഭിഷേകം കഴിച്ചു
പെട്ടെന്നു മടങ്ങിപ്പോന്നുടനെത്തീഭവനെ

തുഷ്ട്യാ വാണിടും കാലം ഭഗവൽകൽപനയാൽ
കഷ്ടകാലവും വന്നണഞ്ഞുതന്നുടെ കർമ ദോഷാൽ
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നോൻ

10)

ഓരോരോ ദുർനിമിത്തം കണ്ടുതുടങ്ങി
ധീരതവിടാതെതാനുറച്ചു മനസ്സിൽ പാരം
വേദന പൂണ്ടു രോഗവും വന്നണഞ്ഞു
നാരീമൗലിയാം തന്റെ കളത്രത്തെ വിളിച്ചു
കാര്യങ്ങളുറപ്പിച്ചു പറഞ്ഞു മക്കളോടും
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നോൻ

11)

ഔഷധങ്ങളോരോന്നു പ്രവർത്തിച്ചു തുടങ്ങി
രോഗശാന്തി വന്നീല തന്നുടെ ദൈവയോഗാൽ
ശേഷക്കാർ വ്യസനിച്ചു മുഴുവൻ വന്നണഞ്ഞു
ഈലെന്നിയേതാനും സ്മരിച്ചു ഗുഹനെ
ശേഷിയേറും ശിഷ്യസഞ്ചയം വന്നുകൂടി
തോഷമോടുടൻ താനും ഗമിച്ചു ദേവലോകെ
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നോൻ

12)

അക്കാലത്തഴകോടെ മറച്ചുതൻ ശരീരം
ചിക്കെന്നു കുടിവെച്ചു കരുവായ് ചമഞ്ഞു
ഒക്കുന്ന തുടി ചെണ്ട കുഴൽ താളം പിടിച്ചു
സൽക്കാരമതാം വണ്ണം തിറവെള്ളാട്ടുകളും
ധിക്കാരം വെടിഞ്ഞു തൻ നൃത്തവും വെച്ചുകളിച്ചു
ചൊൽക്കൊണ്ട ശ്രുതിയോടെ വസിപ്പോനെന്നറിക
നടുവട്ടത്തെഴും ചേലുപ്പറമ്പിൽ വാണരുളും
കളക്കണ്ടീലുണിച്ചോയിപ്പുലിക്കു കൈതൊഴുന്നോൻ

തോറ്റങ്ങൾ

തിറയാട്ടത്തിലെ മറ്റ് ഗീതങ്ങളെ അപേക്ഷിച്ച് തോറ്റങ്ങൾക്ക് ദൈർഘ്യം ഏറെയുണ്ട്. ദേവീദേവൻമാരുടെ ചരിത്രം വിശദമായിത്തന്നെ പ്രതിപാദിക്കുന്നതിനാലാണ് തോറ്റങ്ങൾക്ക് ദൈർഘ്യമേറുന്നത്. ഭഗവതി പ്രതിഷ്ഠയുള്ള കാവുകളിലും മലദൈവക്കാവുകളിലുമാണ് തോറ്റങ്ങൾ ചൊല്ലുന്നത്. ഇത്തരം കാവുകളിൽ തോറ്റങ്ങൾ ചൊല്ലുകയെന്നത് നിർബന്ധിതമാണുതാനും. തോറ്റം ചൊല്ലുന്നതിന് പ്രത്യേക താളവും ഈണവുമില്ല. ഗദ്യത്തോട് അടുത്തു നിൽക്കുന്ന ചൊല്ലുകളാണ് തോറ്റംപാട്ടുകൾ എന്ന് പൊതുവെ പറയാം.

തോറ്റം പാട്ടുകൾ എന്തുകൊണ്ട് താളനിബദ്ധമല്ല? എന്തുകൊണ്ട് പ്രത്യേക ഈണം അവയ്ക്ക് നൽകുന്നില്ല? ഈ ചോദ്യങ്ങൾക്ക് പ്രത്യേകമായൊരു ഉത്തരം കണ്ടെത്താൻ കഴിയില്ല. എങ്കിലും ദേവീദേവൻമാരുടെ ചരിത്രം വിശദമായി പ്രതിപാദിക്കുന്നതിനാലാവണം താളത്തിന്റെയും ഈണത്തിന്റെയും പരിധിക്കുള്ളിൽ തോറ്റം പാട്ടുകളെ പെടുത്താത്തത്. ഈണത്തിന്റെയും താളത്തിന്റെയും അകടമ്പടിയല്ല, ദേവീദേവന്മാരുടെ ചരിതം. ഭക്തമനസ്സുകളിൽ ഉറപ്പിക്കുകയെന്ന ധർമം നിറവേറ്റുക മാത്രമാവണം തോറ്റം ചൊല്ലലിന്റെ അടിസ്ഥാന ലക്ഷ്യം.

സാഹിത്യഭംഗി വളരെകുറവാണെങ്കിലും തോറ്റം പാട്ടുകളിൽ ദേശചരിത്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്.

തോറ്റം എന്ന വാക്കിന് സ്തോത്രം(സ്തുതി) എന്ന് അർഥമുള്ളതായി ഡോ.എം.വി വിഷ്ണുനമ്പൂതിരി അഭിപ്രായപ്പെടുന്നു

''തോറ്റത്തിന് പല അർഥങ്ങളുണ്ട്. സന്ദർഭാനുസരണം അവ സ്വീകരിക്കേണ്ടതായി വരുന്നു. തോന്നുക, സൃഷ്ടിക്കുക, പുനരുജ്ജീവിപ്പിക്കുക എന്നീ അർഥമുള്ള പഴയൊരു ക്രിയാരൂപമാണ് തോറ്റുക എന്ന പദമെന്നും അതിൽ നിന്നുണ്ടായ ക്രിയാനാമരൂപമാണ് തോറ്റമെന്നും ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ നിന്ന് മനസ്സിലാക്കാം. തോറ്റം എന്ന പദത്തിന് കാഴ്ച, ഉൽപ്പത്തി, പുകഴ്(കീർത്തി) സൃഷ്ടി, രൂപം, ഉദയം തുടങ്ങി പല അർഥങ്ങളും തമിഴിലുണ്ട്. മലയാളത്തിലും ഈ അർഥങ്ങളെല്ലാം സ്വീകരിക്കാവുന്നതാണ്.'' എന്ന് തെയ്യം എന്ന ഗ്രന്ഥത്തിൽ ഡോ.എം.വി വിഷ്ണുനമ്പൂതിരി പറയുന്നു.

തോറ്റങ്ങളുടെ കാലദൈർഘ്യം നിർണയിക്കുന്നതിനുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഏറെ പഴക്കമുള്ള ഈ ദൈവസ്തുതികൾ പാരമ്പര്യവഴിയിൽ വായ്മൊഴിയായി ലഭിച്ചതും ഇപ്പോഴും ചൊല്ലിത്തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. പെരുമണ്ണാൻമാർ തോറ്റങ്ങൾ മറ്റാർക്കും എഴുതി നൽകാറില്ല. അങ്ങനെ ചെയ്യുന്നത് കീഴ്വഴക്കലംഘനമാണെന്നാണ് വിശ്വാസം. എങ്കിലും പി.കെ. ശിവശങ്കരപ്പിള്ളയും ഡോക്ടർ എം.വി. വിഷ്ണുനമ്പൂതിരിയും ഏറെ ശ്രമപ്പെട്ട് കുറേയൊക്കെ തോറ്റം പാട്ടുകൾ ലിഖിതരൂപത്തിലാക്കിയിട്ടുണ്ട്. അതിനുണ്ടായ ബദ്ധപ്പാടുകളെപ്പറ്റി പി.കെ. ശിവശങ്കരപ്പിള്ള വ്യക്തമാക്കുന്നു.

പാട്ട് എഴുതിയെടുക്കാൻ ശ്രമിച്ചപ്പോഴാണ് അതിന്റെ ബദ്ധപ്പാട് എത്രമാത്രമെന്ന് മനസ്സിലായത്. ഏതായാലുംഅതിയായ ക്ലേശത്തിന്റെയും അൽപസ്വൽപ്പമായ ധനവ്യയത്തിന്റെയും ഫലമായി അതിന്റെ ഏറിയകൂറും പകർത്തിയെടുക്കുവാൻ എനിക്ക് സാധിച്ചു. 41 ദിവസം രാപകൽ പാടിയാണവർ ഇത് തീർത്തത് എന്ന് ഫോക്‌ലോർ പഠനങ്ങൾ എന്ന ഗ്രന്ഥത്തിൽ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) പി.കെ ശിവശങ്കരപ്പിള്ള പറയുന്നു.

തോറ്റം ചൊല്ലിത്തുടങ്ങുന്നതും ദൈവസ്തുതിയോടെ തന്നെ ഏത് ദൈവത്തിന്റെ തോറ്റമാണോ ചൊല്ലുന്നത് ആ ദൈവത്തെ സ്തുതിച്ചു തോറ്റം പാട്ട് ആരംഭിക്കുന്നു.

ഈ നാട്ടറിവുകൾ ഇഴചേർന്ന തോറ്റങ്ങൾ ദീർഘിച്ച ദൈവസ്തുതികൾ ഈ ഗ്രന്ഥകാരൻ പാരമ്പര്യമായി കേട്ടുപഠിച്ച് ചൊല്ലിത്തുടങ്ങിയതാണ്. ഇന്നും അത് തുടരുന്നു.

കരുമകന്റെ തോറ്റം

മുൻ കരുവേ പോന്നുതോന്നി മുതൽ കുരവേ പോന്നുതോന്നി
തൻകരുവേ പോന്നുതോന്നി തനിക്കരുവേ പോന്നുതോന്നി
ഒരു മുറ്റേ ഉരുത്തിരിഞ്ഞത്
ഉദിരപിണിയാൻ മക്കളും പോന്നുതോന്നി
കരുമുറ്റെ കരുംതിരിഞ്ഞത് കരുമരുവാളും പോന്നുതോന്നി
മുന്നാനാം കരുവിങ്കൽ മൂക്കൻ ചാത്തനും
പോന്നുതോന്നി, നാലാനാം കരുവിങ്കൽ നരന്മാരും
പോന്നുതോന്നി, അഞ്ചാനാം കരുവിങ്കൽ അയ്യപ്പനും
പോന്നു തോന്നി, ആറാനാം കരുവിങ്കൽ
അറയകത്ത് ആദിവാണ കരുമകൻ നാടുനായനാരും
പോന്നുപോന്നു പൊലിയപ്പെട്ട കാലത്തിങ്കൽ
വാഴ്ക ഒന്നൊന്നായിദൈവമേ ഒരു സ്വരൂപമായി ഒരുവനിലെ നേർമ
യായി
നേർമ കൂർമ പ്രകാരമായി വെള്ളപ്രളയമായി
വെളിഹെണ്ട ഹ്രീംകാരമായി, കോഴിമുട്ടപ്പരിശായി, കോദണ്ഡധൂ
ളിയായി
അമ്മിക്കുമ്മായമായി കരിമ്പാറ വെണ്ണയായി
മഞ്ഞുമഴയായി, മഴകാരണമായി, മഞ്ഞൂഴമായി കിടന്നുനീ
ആണ്ടേ സ്വാമി ആദിഭർത്താവേ സാക്ഷാൽ സദാശിവൻ
പുരുഷൻതാൻ തിരുവടിപോൽ ദൈവമേ
അന്നൊന്നന്മാർ ഒരു ഗുണമില്ല രണ്ടെന്മാർ രണ്ടു ശിവ–
ശക്തികളില്ലേ, മുന്നന്മാർ മുന്മൂർത്തികളില്ലെ, നാലന്മാർ
നാംഗുവേദങ്ങളില്ലേ, അഞ്ചന്മാർ
പഞ്ചഭൂതങ്ങളില്ലേ, ആറന്മാർ ആറാധാരമില്ലേ
ഏഴന്മാർ എഴുത്താണികളില്ലേ, ഏട്ടൻമാർ
ഇരുപത്തെട്ടക്ഷരങ്ങളില്ലേ, ഒൻപത് നവഗ്രഹങ്ങളില്ലേ
പത്തായപതി ചൂതവരല്ലേ, പതിനൊന്നു രുദ്രന്മാരില്ലേ
പതിനഞ്ചു പക്കങ്ങളില്ലേ, പതിനാറു കോടികളില്ലേ
പതിനെട്ടു ഭാഷകളില്ലേ, ഇരുപത്തൊന്നു ശ്രീഗുരുക്കന്മാരില്ലേ
ഇരുപത്തേഴു നക്ഷത്രങ്ങളില്ലേ, മുപ്പതു ദിവസങ്ങളില്ലേ
നാൽപ്പത്തൊന്ന് മണ്ഡലമില്ലേ, അൻപത്തൊന്നക്ഷരമില്ലേ
അറുപതു നാഴികയില്ലേ അറുപത്തിനാല് കലജ്ഞാനങ്ങളില്ലേ
തൊണ്ണൂറ്റാറ് തത്വങ്ങളില്ലെ നൂറ്റെട്ടുപ്രതിഷ്ഠകളില്ലെ
ആയിരത്തെട്ടു മാർത്താനമില്ലെ തീർഥാനമില്ലെ
ആകാശം താനമില്ലെ മണ്ണില്ലെ പെണ്ണില്ലെ

ചേറില്ലെ നീരില്ലെ കുളിയില്ലെ കുറിയില്ലെ
ഭസ്മമില്ലെ പഞ്ചാക്ഷരങ്ങളില്ലെ
ഇവയൊന്നുമില്ലാതിരുന്നൊരു കാല
കലിയുഗത്തിങ്കൽ എന്തിന്മേൽ ദൈവം കോവിൽ
കൊണ്ടത് മുത്തിന്മേലോ മുടിവൈരത്തിന്മേലോ ശംഖിൻമേലോ
സമചതുരത്തിന്മേലോ ആരാധനമേലോ കോരാധനമേലോ
വെറ്റിലയുടെ നാക്കിന്മേലോ മൂക്കിന്മേലോ കറുകദശപുഷ്പത്തിന്മേലോ
ചെങ്കിനാരിയെന്നും പശുവുടെ വലംകൊമ്പിന്മേലോ
ദൈവം കോവിൽ കൊണ്ടത് മുത്തിന്മേൽ കോവിൽ കൊള്ളുവാൻ
മുത്തും പൊന്നുംവഴിഞ്ഞതില്ല തേശുവിന്മേൽ കോവിൽ കൊള്ളുവാൻ
തേശുവും പോന്നു വഴിഞ്ഞതില്ലാ ചെങ്കിരാരിയെന്നും
പശുവുടെ വലം കൊമ്പിന്മേൽ കോവിൽ കൊള്ളുവാൻ
വലംകൊമ്പും പോന്നുവഴിഞ്ഞതില്ല അന്ന് മേടമെന്നും
ചരരാശിയിന്മേൽ വെള്ളമെന്നൊരു പൊട്ടുപൊട്ടി വെളിവെന്നൊരു
മുറിമുറിഞ്ഞേ മേൽമുറിഞ്ഞത് മേലും മേലാകാശവും
പോന്നുതോന്നി കീഴ്മുറിഞ്ഞത് കീഴും
കീഴ്ഭൂമിയും പോന്നു പൊന്നു പൊലിയപെട്ട
കാലത്തിങ്കൽ ആണാകാനാകാശത്തിങ്കൽ
അന്ന് ശക്തിയുണ്ട് ശിവനുണ്ട് ശക്തിയെ കാണാഞ്ഞിട്ട്
ശിവനുണ്ട് ആണ്ടുമയ്യിൽ പാടും പിണി പാടും
ഈഷൽ പാടുമായി കിടക്കുന്നൂ അവ്വണ്ണം ചാലെ
ശിവനെ കാണാഞ്ഞിട്ട് ശക്തിക്കുമുണ്ടുപോലാ
ആണ്ടുമയ്യൽ പാടും പിണിപാടും ഇഷൽ പാടുമായി
കിടക്കുന്നു അന്നാരുചാലെ ശക്തിസ്വരൂപം നല്ലമ്മയെ
തേടി നേൽപ്പെടുത്തി കൊണ്ടുവരുവാനാരുള്ളൂ
എന്നിങ്ങനെ പട പറഞ്ഞൊരു നേരത്തിങ്കൽ പകലേക്ക്
പകൽ വാഴും ആദിത്യഭഗവാനെ രാവേയ്ക് രാവേഴും
ചന്ദ്രഭഗവാനെ മുപ്പതുമുക്കോടി ദേവകളെ
അറുപത്താറായിരക്കോടി അസുരകളെ ഇരുഷികളെ(ഋഷികൾ)
ഇന്ദ്രാദികളെ ചന്ദ്രാദികളെ മാർത്താണ്ഡമഹാരിഷി
കർത്താക്കന്മാരെ നിങ്ങൾക്കാർക്കാനുമാമോ ശക്തി
സ്വരൂപം നല്ലമ്മയെ തേടി നിഴൽ പെടുത്തിക്കൊണ്ടു വരുവാൻ
എന്നിങ്ങനെ പടപറഞ്ഞൊരു നേരത്തിങ്കൽ അയ്യയ്യേ
എന്റേതൊരു ശിവൻപുരുഷന് നല്ലച്ഛാ ഞങ്ങൾക്കും ഞങ്ങൾക്കും
ആവത്ല്ലാ ഞങ്ങൾക്കും ഞങ്ങൾക്കും ഞഞങ്ങളുടെ മായമല്ലാതെ
മറ്റൊരു മായമില്ല മറിപൊരുളില്ല എന്നിങ്ങനെ പെഴതുണ തീർത്തിച്ചോരു

നേരത്തിങ്കൽ അന്നയവരിലും മൂവരിലും മൂന്നുപോന്ന്
പ്രകാശിച്ചൊരു വായ് പുരുഷാ നിക്കാമാട്ടാമെന്നു ചോദിച്ചോരു
നേരത്തിങ്കൽ ഓം എന്നൊരു അലങ്കാരത്തെ ഒടുക്കിനാം
വായും മയിൽ രൂപം കിയിൽ രൂപം കോഴി രൂപം
കൊത്തുകൾ രൂപം പറക്കും പക്ഷി എണ്ണി എന്തത്തി
നാംഗു നൂറായിരം കോടി രൂപമായി തേടികാണാവുന്നു
എന്നിട്ടും ചാലെ കണ്ടതില്ലല്ലോ ശക്തിസ്വരൂപം
നല്ലമ്മയെ ശിവൻ പുരുഷൻ നല്ലച്ഛന്റെ തിരുമുമ്പിലേക്കെമ്മാറും
വഴിചൊല്ലുന്നൊരു നേരത്തിങ്കൽ ശക്തിയെ കണ്ടടാവായും
കണ്ടീലടാവയും എന്നിങ്ങനെ പടപറഞ്ഞൊരു നേരത്തിങ്കൽ
അയ്യയ്യോ എന്റെ തോരുതമ്പുരാനെ അടിയനെങ്ങാതൊരു
തോഴിയിലും കണ്ടതില്ലല്ലോ നീ അവ്വണ്ണം എപ്രകാരം
തേടിയെടാ വായു അടിയൻ മാനായും മീനായും
പാർത്തനാൽ പരൽമീനായും എറുമ്പുതൊട്ടാനാ നാഗ
നരമൃഗപശു എണ്ണി എമ്പത്തിനാലു നൂറായിരം കോടി രൂപ
മായി തേടി കാണാവുന്നു എന്നിട്ടു ചാലെ കണ്ടതില്ലല്ലോ
ശക്തി സ്വരൂപം നല്ലമ്മയെ ഇനി ഞാൻ ചെന്നവണ്ണം തേടണം
വായുകാറ്റുപോലെ അടിക്കണം വായു കടൽപോലെ കോപിക്കണം
വായു വായുകോടിക്കെന്നടിച്ചിട്ട് അഗ്നികോടിക്കൽകൊണ്ട്
നിലപാടെടുപ്പിക്കണം വായു അഗ്നിയെന്നൊരു പുറ്റു തന്നെ തച്ചുടച്ചു
നോക്കിയാൽ കാണാം കിഴക്കു കീഴായിരത്തിന്മേലെ യോജ്യയ്ക്കും
മീതെ ചൊട്ടളവ് മറയാതെ മറമറച്ചു തെരയാലെ തിരതിരച്ചു
മഞ്ഞുകൊണ്ടു പന്തലിട്ടു വെണ്ണകൊണ്ട് അടുപ്പുമൂട്ടി
വേദാന്തം കൊണ്ടു തീയരച്ചു നക്ഷത്രാദികളെക്കൊണ്ടു
വിളക്കുവെച്ചു എടഭാഗം വെള്ളിവിളക്ക് വല ഭാഗം പൊൻവിളക്ക്
അതിലായിരമായിരം തിരിയും തെളിച്ചിരിക്കുന്നോരു ശക്തിസ്വരൂപം
നല്ലമ്മ മറച്ചൊരു മറമീതെയും തിരിച്ചൊരു തിരമീതേയും
കാറ്റുപോലെ അടിക്കുന്ന വായു കടൽപോലെ കോപിക്കുന്നുവായു
ആരെടാ ഞാൻ മറച്ചൊരു മറമീതേക്ക് തിരച്ചൊരു തിരമീതേക്ക്
വന്നാടുന്നാര് എണയോ തുണയോ മാതാവോ പിതാവോ
ഗുരുവോ ശിഷ്യനോ ഭാര്യയോ ഭർത്താവോ മാലയിടാനോ
കോറയുടുപ്പിക്കാനോ എന്നിങ്ങനെ ചോദിച്ചോരു നേരത്തിങ്കൽ
അയ്യയ്യേ എന്റേതൊരു തമ്പുരാട്ടി എണക്കുണയാൻ അടിയൻ
പോരാ തുണയ്ക്കണെങ്കിലെ അടിയൻ പോരുമാലയിടാനും
കോറയുടുപ്പിക്കാനും തക്കൊരു ശിവൻ പുരുഷൻ
ചൊല്ലിയിട്ടിരിക്കുന്നു നിങ്ങളേതോര് മണ്ണിലോ വിണ്ണിലോ

കപ്പള്ളി മണിയരങ്കിന്ന് തട്ടിത്താങ്ങി ഉലകിഴഞ്ഞ് പോരേണ
മെന്നിങ്ങനെ പട പറഞ്ഞൊരു നേരത്തിങ്കൽ അതിനൊരുകുറ്റ
മുണ്ടെടാ വായു ഞാനിവിടുന്നിളകുമ്പോൾ കല്ലിളകും
കഴമിളകും കടൽകലങ്ങും ഭൂമി കുലുങ്ങും നക്ഷത്രാദികളെല്ലാം
ഇളകിപ്പോകുമെടാവായു ഇവയൊന്നുമിളകാതെ
കൊണ്ടുപോയിക്കെൾകെ എന്നിങ്ങനെ പടപറഞ്ഞൊരു നേരത്തിങ്കൽ
വായുവിന്റെ വലഭാഗം പൊൻചിറക് ഇടഭാഗം വെള്ളിച്ചിറക്
തോറ്റിട്ടു കാണാവുന്നു വായുവിന്റെ വായ്ഭാഗം പൊൻചിറകിന്മേൽ
പല്ലിപിള്ളയുടെ ആകാരമായിട്ടുരുത്തിരിഞ്ഞ് കാണാവുന്നു
എകരത്തട്ടി താഴെത്തട്ടിൽ മീതെ പറക്കുന്നൊരു നേരത്തിങ്കൽനീ
യിത് കളമൊഴി ഉപായം പറഞ്ഞതൊപ്പിച്ചതാണെടാ
വായു കണ്ടെതിരിക്കെ
കള പറഞ്ഞാലോ അടിയത്തിന്റെ പഴം തലയ്ക്ക് ഭംഗം വരുമല്ലോ
അപ്പോഴേക്കും ഞാനും വന്നു പ്രകാശിക്കുന്നുണ്ടെടാ വായു
കണ്ടാലടിയൻ കണ്ണാടിയകത്തെ നിഴൽപോലെ ഒഴിഞ്ഞക്കുരു
രുദ്രാക്ഷത്തിൽ ദ്വാരംപോലെ എള്ളിലെ എണ്ണപോലെ
ഇരുമ്പിനുള്ളിൽ മൂർച്ചപോലെ കരിമ്പിനുടെ രസംപോലെ മുളകിനുടെ
എരിവുപോലെ കറന്നെടുത്ത പാലിൽ കടഞ്ഞെടുത്ത വെണ്ണപോലെ
എന്നിങ്ങനെ പറഞ്ഞിരിക്കെ ആരുഞ്ഞാണേമിൽ കടഞ്ഞെടുത്തൊരു
ശംഖുചക്രമെടുത്ത് മൂന്നു ചാണേമിൽ മൂർച്ചകൂട്ടിവായുവിന്റെ
ശിരസ്സെറിഞ്ഞ് മുറിക്കുവാൻ വിളങ്ങുന്നൊരു നേരത്തിങ്കൽ
കീഴുഭൂമിയും പോന്നുപോന്നു പൊലിയവെട്ട കാലത്തിങ്കൽ
ആണാകാനാകാശത്തിങ്കൽ ശിവൻ
പുരുഷൻ നല്ലച്ഛനും പോന്നുതോന്നി കാണാവുന്ന്
പെണ്ണാകാൻ ശ്രീഭൂമിയിങ്കൽ ശക്തിസ്വരൂപം
നല്ലമ്മയും പോന്നു പൊലിയപ്പെട്ട കാലത്തിങ്കൽ
അന്ന് ശക്തിയുണ്ട് ശിവനുണ്ട്, ശക്തിയെ കാണാഞ്ഞിട്ട്
ശിവനുണ്ട്, ആണ്ടുമെയ്യിൽ പാടും പിണിപ്പാടും
ഈഷൽപ്പാടുമായി കിടക്കുന്നു അവ്വണ്ണം ചാലെ
ആണ്ടുമെയ്യിൽ പാടും പിണിപ്പാടും ഈഷൽപ്പാടുമായ്
പളുങ്കുപോലെ ഉരുത്തിരിഞ്ഞു കാണാവുന്നു ശക്തിമുഖത്ത്
ശിവൻ പുരുഷൻ നല്ലച്ഛന്റെ വലംഭാഗം മുത്തുപോലെ പൊട്ടി
പളുങ്കുപോലെ ഉരുത്തിരിഞ്ഞു കാണാവുന്നു ശക്തിമുഖത്ത്
ശിവൻ നോക്കി ശിവൻമുഖത്ത് ശക്തിനോക്കി നവശുദ്ധയായി
എന്ന് ശിവൻ ചൊല്ലി നാരായണാ എന്ന് ശക്തിചൊല്ലി
ശക്തിയാലെ ശിവൻ തെളിഞ്ഞു ശിവനാലെ ശക്തി തെളിഞ്ഞു

ശിവനും ശക്തിയും കൂടി നൽക്കണ്ണിൽ ഇരുമുഖം തെളിഞ്ഞാറെപ്പോലെ
തെളിഞ്ഞിരിക്കേണം അറയകത്ത് ആദിവാണ കരുമകൻ
നാടുനായന്മാരും തെളിഞ്ഞിരിക്കണം അരിയാരി ആദി
ആദിമൂല ശ്രീ പരമഗുരുവേ നമ
എന്നിങ്ങനെ കരുമകന്റെ തോറ്റം അവസാനിക്കുന്നു.

കരിയാത്തന്റെ തോറ്റം

വാഴ്കരൂപിണിയാരമ്മ പെറ്റുദൈവത്തെ
വാഴ്കതിരൂപിണിയാരമ്മയെടുത്തുമെയ് വളർത്തു
ദൈവത്തെ പിറന്നതെല്ലാമുണ്ട് വില്ലികളെ
വളർന്നതല്ലാമുണ്ട് വാഴികളെ
വില്ലികളിൽ പിരിയാതുണ്ട് വാഴികളെ
വാഴികളിൽ പിരിയാതുണ്ട് മടമ്പി പൂനചേകവരെ
കെട്ടിയെടുത്തതുണ്ട് ചെനമ്പടിക്കെട്ടെകുല
ച്ചുചാരിയതുണ്ട് പള്ളിവില്ല് പടർശരം
ദൈവത്തിന് ആറ് നൂറ് പീലി
തിരികെട്ടിനോര് പീലിപ്പെരുന്തഴയുണ്ട്
ഒറ്റമാകാളനുണ്ട് ഒണർ ശങ്കുപന്നിപ്പറ
വീരമദ്ദളം ചെലിതഴകിയ ചെണ്ട
ചേർ മംഗലമുണ്ട് പരുത്തഴകിയ വാന
വീരളം കുലയാനയുണ്ട്
ചമ്മട്ടി ഒത്തൊരു പോർ മുഴക്കമുണ്ട് ദൈവ
ത്തിന് ചായില്യമൊത്തൊരു പടമുഴക്കമുണ്ട്
ദൈവത്തിന് മാനം കൊള്ളരുതാത്ത വട്ടം
കുടയുണ്ട് ദൈവത്തിന് നിലം കൊള്ളരുതാത്ത
വട്ടംപടയുണ്ട് ദൈവത്തിന് വാഴ്ക മേക്കരുർ
മേക്കോട്ടയിന്നെല്ലാ വെള്ളാട്ടഭൂതത്താനെ
വിളിച്ചു ആയിരകാതം വെളുക്കെ എടുപ്പിച്ചു
കാരാടഭൂതത്താനെ വിളിച്ചുകറു
കയാൽ തളിപ്പിച്ചു നിലയറഭൂതത്താനെ
വിളിച്ചു നിലയരിയും വിണ്ണിച്ചു
മണ്ഡലഭൂതത്താനെ വിളിച്ച് മണ്ണഴൽ
കുറിയിടിയിച്ചേ നാരി വരൂ
കഴിച്ചൂട്ടിന്നും തിരികൊളുത്തി മദ്ദള
ത്തിന് ചോറിടിച്ചു മകുടക്കുടയ്ക്കുകാൽ
തിരുകിക്കെട്ടി കൊമ്പുകാള തളികയിൽ

നീരൂറ്റി താരെ വിളിച്ചു മരവും മദ്ദളവും
ഓശപ്പെടുത്തി ചെണ്ടചേർമംഗലമറിയിച്ചിന കാലത്തിങ്കൽ
വാഴുക മേക്കരുർ മേക്കോട്ടയിന്നെല്ലാം
എടുത്തുവിളിച്ചൊരു ശംഖുകൊ
മ്പുടെ അണിവാരലോശയെല്ലാം
വാഴുക കീഴ്ക്കരൂർ കിഴക്കോട്ടയിൽ
ഓടിയുണർച്ച വിണ്ണിയിരിപ്പതാകയുണ്ടു
വാഴ്ക കീഴ്ക്കരൂർ കിഴക്കോട്ടയിന്നെല്ലാം എടു
ത്തുവിളിച്ചൊരു ശംഖുകൊമ്പുടെ അണിവിരംടലാശയെല്ലാം
വാഴ്ക വേട്ടുവിന്റെ എളങ്കാവിൽ
വെണ്ണിയിരിപ്പതാകയുണ്ടു
നോംപിറന്ന നാട്ടിലിരുന്നു വാഴുവാനും
വളരുവാനും വശമല്ലാ ശത്രുമക്കൾ രാ
ജാതി സംബന്ധക്കാർ നിമിത്തത്താൽ
മുളച്ചതെല്ലാമുണ്ടു കല്ലും മുള്ളും മൂർ
ഖമ്പാമ്പാകെയുണ്ടു വളർന്നതെല്ലാമുണ്ടു
ശത്രുമക്കൾ രാജാതി സംബന്ധക്കാരാകെയുണ്ടു
നോം ഒരു നാട്ടീന്ന് ഒരു നാട്ടിലേക്ക്
നാടുവിട്ട് നാടുപഴകി പടപോകുലും
വാഴ്ക കീക്കരൂർ വാഴും നല്ലയ്യനെ കെട്ടി
യുണ്ട് ചേകിച്ചേ മറ്റൊരു കാവീന്ന്
എളന്തിരു നാട്ടീന്ന് പടപോകാവൂ
എന്നു ചൊല്ലി പതിർ കഴിച്ചു പന്തീ
രായിരമുള്ള വില്ലികളും പുനചേ
കവരും തട്ടിക്കുറുക്കി നിലയിളകി
പടപുറപ്പെട്ട് തിരുമേനിക്കഴകിയ
കരിയാത്തനും കൂടി കാൽനട അടിയി
രുത്തിനാരവര് എടുത്തുകൊൾവിൻ
വില്ലികൾ ചേകരവരെ കാഴ്ചപോന്ന്
നിലയറ പണ്ടാറ ചുമട് അതിനെയെല്ലാം
കണ്ടിരിക്കുന്നു വാഴ്ക തിരുകാവിൽ വാഴും
നല്ലയ്യൻ എലമരമേറിയിരുന്ന് എളവെ
യിലും കാണ് തൃത്താടിലയാമ്പി തിരു
മീശയും പിരിച്ചേറ്റി വടക്കിഴക്കായിട്ട്
അരയിരിക്കുന്നു വാഴ്ക തിരുക്കാവിൽ വാഴും
നല്ലയ്യൻ ഇത്രനല്ല കെട്ടുചുറ്റം അഴകും

അലങ്കാരവുമുള്ളൊരു ചേകോർ വരുന്നത്
നിമിത്തത്താൽ തേവര് പ്രധാനിയായി
രിപ്പത് ഒട്ടുയോഗ്യമല്ലാ എളമരത്തിന്ന്
ഇഴി ഞാനയ്യൻ നീട്ടിയ കാൽ
കുറുക്കി വാകട കൈകെട്ടി യാചാര
മോചാരത്തിനും വഴിയെ നിൽക്കുന്നു
ഇത്രനല്ല കെട്ടും ചിറ്റും അഴകും അല
ങ്കാരവുമുള്ളൊരു ചോകോർ വരുത്തത്
നിമിത്തത്താൽ നോം കൂടെ പോരുന്നെന്ന്
തിരുമുത്തിളക്കി പടപറഞ്ഞ് വാഴ്ക തിരൂർ
കാവിൽ വാഴും നല്ലയ്യൻ ഓലരാതെ
ഒലപ്പെണ്ണ നിറയെ ചാർത്തി ഉഴറാ
തെ നീരാട്ടുപള്ളി പുക്കുനീളത്തി
ലോരേണ ചേല ചുറ്റി നീലവെള്ളി
ക്കരിമ്പന കൊണ്ട് വിൽപിടിച്ചു
കണക്കുമവോർ ചെയ്ത
കണക്ക് തെരിഞ്ഞിടിച്ചമഞ്ഞൽ
പൊടിച്ചു തെള്ളി മതിയറിഞ്ഞിട്ട് ആവണിക്കിടെ എണ്ണ ചേർത്തി കുമ്പിളിലെ
കുഴമ്പാക്കി കുടിയൊപ്പിച്ചു മുൻകൈയ്ക്കും
തിരുമുഖത്തും മഞ്ഞൾ നിറയെ പൂശിനാതയ്യൻ
മഞ്ഞളുടെ നിറവും താൻ ഗുണവും താൻ
കണ്ട് തുരമ്പിച്ചു പുഞ്ചിരിയിട്ടു ചിരി
ച്ചാനയ്യൻ ആനയേറി മുൻപെടാനയ്യൻ
പൊന്നിയേയിന്തോളത്തിമേൽ കരി
യാത്തൻ കുതിരയേറി കുടപിടിച്ചു
കരുമകൻ നാടുനായനാരും എലിമു
തുകേറിന് ഗണപതി ശാസ്താവ്

കരിവില്ലി തോറ്റം

വാഴ്ക ദൈവമേ മണ്ഡലം കണ്ട്
മതിലറ ചൊല്ലുന്നേൻ മതുവുഞാൻ ചൂടും
കുടയറ ചൊല്ലുന്നേൻ കുടമിമ്പിൽ
പിടിച്ചിനോര് തഴയറ ചൊല്ലുന്നേൻ
തഴമുമ്പിൽ തണലാണ്ടേ ഇന്നുകേൾ വീര്യമുള്ള
പൂതാടി ഉണ്ണി ഇളം കരുവില്ലി നോവേ
കാവു ഇടങ്ങഴിപീഠം പുള്ളിപ്പുലിത്തോലെ

അത്താഴം ഊണുറക്ക് തേങ്ങയേറ് തിരു
വെപ്പാനർഥം കാവിലലങ്കാരം കാളമദ്ദളം
മുരുളോശ കരിക്കൊമ്പുടെ തിരുവായു
ച്ചുണർച്ചയ്ക്കും നൂറ്റാണ്ടു വാഴും വീര്യമുള്ള
പൂതാടി ഉണ്ണി ഇളം കരുവില്ലിനോവേ
കിഴക്കുപടിഞ്ഞാറായ് തിരിഞ്ഞു വീണൊരു
ഗംഗഭൂമി ശ്രീ സരസ്വതി മേൽ ചൊല്ലുന്ന
തമ്പുരാനെ ശീട്ടു തിരുവെഴുത്തേ മാറ്റം മട
ക്കോല അന്നമേ കളത്തിൽ വയ്ക്കും നന്ദാർ
മണിവിളക്ക് ഇട്ടോരു ഇളംമരം ചൊല്ലുന്ന
തമ്പുരാനേ നട്ടൊരു പൂമരം ചൊല്ലുന്നു തമ്പുരാനെ
വെട്ടിനാട്ടി ചമച്ചിനോര്
ചിത്രകൂടമണിമണ്ഡപം ചൊല്ലുന്ന തമ്പു-
രാനെ വെട്ടിനാട്ടി ചമച്ചിനോര്
ചിത്രകൂടമണിമണ്ഡപത്തിനകത്ത് കുത്തിക്കുറിച്ചു
കലശമാടിച്ചുവെയ്ക്കും പൊന്നാരം തട്ടും
തിരുരൂപം ചൊല്ലുന്ന തമ്പുരാനെ
പൊന്നാരം തട്ടും തിരുരൂപത്തിന്മേൽ
ഏറി നിൽപ്പാൻ ഒന്നേകാൽ ഉള്ളോരെ ഒറ്റ
വള്ളി ശ്രീപീഠം ചൊല്ലുന്ന തമ്പുരാനെ
ഒന്നേകാലുള്ളോരു ഒറ്റവൈള്ളി ശ്രീപീഠ
ത്തിന്മേൽ നൂർത്തിടും പുള്ളിപ്പുലിത്തോല്
വലിച്ചുവെയ്ക്കും കണ്ടയുരുണ്ട് കാള
മദ്ദളം ഒപ്പിച്ചുവെക്കും ഓമനക്കാല്
ഉരുട്ടിമിഴിക്കും തൃക്കണ്ണ് ചരിച്ചുനോക്കും
തൃക്കഴുത്ത് തൃക്കാണ്ടാരപ്പൻ വിളക്കുമാറ്
പറയും കുറിയും പീലിക്കണ്ണും ചിന്തുമ്പയും
വേതപ്പാച്ചിലും കണ്ടാലോ അഴകിയ
വീര്യമുള്ള പൂതാടി ഉണ്ണി ഇളം കരിവില്ലിനോവേ
ആയിരക്കാതം വഴിയാലേ പോയിരിക്കുലും
ആനതളമറ്റാറെപ്പോലെ കരിച്ചുരത്തിന്മേൽ
പാഞ്ഞാറെപ്പോലെ കുന്നും പന്നിയും
നിലയിളകിയാപ്പോലെ നായയും പന്നിയും കിത-
ച്ചോടിയാറെപ്പോലെ ഒരു വട്ടം കാവകത്തോടിവന്ന് വിളയാടാൻ കാലമായിലേ എന്റെ
വീര്യമുള്ള പൂതാടി ഇളം കരുവില്ലി നോവേ
കരിയാന മദം പൊട്ടിയാറെപ്പോലെ കരിം

കുതിര കടിഞ്ഞാൺ മുറുക്കിയാറെപ്പോലൊരുവട്ടം കാവകത്തോടിവന്നു വിളയാടാൻ
കാലമായില്ലേ എന്റെ വീര്യമുള്ള പൂതാടി ഉണ്ണി
ഇളം കരിവില്ലി നോവേ
മണ്ഡകത്തിങ്കൽ അരയിലിരിക്കുലം മണ്ഡകത്തിന്റെ
നാലുകാലും ചവിട്ടി നിലയിളകാൻ
കാലമായില്ലേ എന്റെ വീര്യമുള്ള പൂതാടി
ഉണ്ണി ഇളം കരുവില്ലി നോവേ
കരിയാന നടച്ചങ്ങല പൊട്ടിച്ചാറെപ്പോലെ
കാരിച്ചുരത്തിന്മേൽ നിന്നും കല്ലുരുട്ടിയിടാ-
റെപ്പോലെ ഒരുവട്ടം കാവിൽ കളിച്ചു
മണ്ഡകത്തിങ്കൽ കുടിയിരിക്കാൻ കാല
മായിലേ എന്റെ വീര്യമുള്ള
പൂതാടി ഉണ്ണി ഇളംകരുവില്ലി നോവേ

ഭഗവതിയുടെ തോറ്റം

തുളുനാടുവാണാമണികുളങ്ങരയോ- തെയ്താ
മറുകുലാധാരം ഘണ്ടമാകുന്നേ-തെയ്താ
കാലഴകിയ പീഠം വെച്ചിട്ടേ-തെയ്താ
മൂർച്ചയുള്ളോരെ ആയുധം വെച്ചു-തെയ്താ
ഗോവിന്ദാഷ്ഠകമേ ചൊല്ലുന്നേരം- തെയ്താ
കോഴിയറുത്തിട്ടു ബലി കൊടുത്തല്ലോ
കളരിവാളിലുമെ പൊട്ടി തുറന്നല്ലോ- തെയ്താ
കളരി തന്നൂടെ ഹോമം മൂലയ്ക്ക്
കല്ലിട്ടു നല്ല തേങ്ങയും മൂട്ട്യേ- തെയ്താ
അരിയെറിഞ്ഞവളോ കുടിയിരുന്നമ്മ- തെയ്താ
ബദിപ്പാനോ ഞാനോ വഴിയും പോകവേണ്ടൂ
സേവിപ്പാനോ ഞാനോ വഴിയും പോകവേണ്ടൂ
ബദിപ്പാൻ പോയാലോ പല കുടിയുണ്ട്
സേവിപ്പാൻ പോയാലാ നാടുനായനാരെ
ഞാനെന്റെ നായനാരെ കാൺമാൻ പോകുമ്പോൾ
എന്തൊരു കാഴ്ചഞാനും കൊണ്ടുപോകവേണ്ടൂ
കെട്ടോടെ കെട്ടും നല്ലാവെറ്റില കാഴ്ച
നറുക്കണ്ണിക്കൊത്തെ തോരെ ചെമ്പഴുക്ക കാഴ്ച
കുംഭത്തിൽ സ്വൽപം നല്ലെ കുരുമുളകു കാഴ്ച
കുലയിൽ മികച്ചതോരെ നാളികേരം കാഴ്ച
തേക്കിലയിൽ നല്ലാ തേനമൃതുകാഴ്ച

പാക്കിലയിൽ നല്ലാ പാലമൃതു കാഴ്ച
കാഴ്ച പലതരമേ ഒരുക്കിവെച്ചമ്മ
പൊന്നും താലമൊന്നേ പൊടി തുടച്ചമ്മ
വെള്ളി താലമൊന്നും വെളുക്കെ പൂശുന്നു
പൊന്നും താലത്തിലേ കാഴ്ച പൊന്നും വെച്ചു
വെള്ളിത്താലം കൊണ്ടു ഇതൃക്കാമെന്നുമുടി
വെള്ളിയാഴ്ച നല്ലെ കുടിയൊരാഴ്ചയ്ക്ക്
ആറ്റിലിറങ്ങിയമ്മാ കുളി കഴിച്ചല്ലോ
ഒരു മുടി ചോലു കൊണ്ടു ഉത്തരീയം കെട്ടി
കാളിമാരെക്കൊണ്ടു കാഴ്ചയെടുപ്പിച്ചു
കുളിമാരെക്കൊണ്ടു കുട്ടമാടിച്ചു
നടനടായെന്നു നടത്തം ചൊല്ലുന്നു
ഇടിയിടിയെന്നു പൊടിയും വെച്ചല്ലോ
വെയിലത്ത് വേദമൊന്നു ഓടുന്നപോലെ
കാറ്റത്ത് പഞ്ഞിയൊന്ന് പാറുന്നപോലെ
പൊയ്കാ കണ്ടാടമെ പൂവറുത്തോ
അമ്പലം കണ്ടാടമെ തൊഴുതുസേവിച്ചു
ആൽത്തറ കണ്ടാടമെ തണൽ കരുതുന്നു
ഇടയിലെങ്ങുമെ താസമിയാതെ
നല്ലച്ചന് തന്റെ തിരുമുമ്പിൽ ചെന്ന് കാനകാവാഴയുടെ തുമ്പരിഞ്ഞിട്ടു
കാഴ്ചയും വെച്ചമ്മ കയ്യേന്തി തൊഴുന്നു
എന്തിനായ് വന്നെന്റെ തിരുമകളെയോ
എവിടെക്കായിട്ടു വഴി പുറപ്പെട്ടു
നിങ്ങളെ കാൺമാനോ കൈതൊഴുവാനോ
വന്നു ഞാനെന്റെ നല്ലച്ചാ കേൾക്കാൻ
എന്നെ കാണുവാൻ വന്നവളെങ്കിൽ
എങ്ങാതൊരുതൊഴിൽ പോകയും വേണ്ട
എന്തൊരു വാഹനമേ നിനക്കു വേണ്ടത്
ഏതൊരു ജീവിതമേ നിനക്കു വേണ്ടത്
ആനയൂർ വാഹനമേ നിക്കു വേണ്ടത്
ആനയ്ക്ക് ഞാനൊട്ടു പാപ്പാനല്ലല്ലോ
കുതിരയൂർ വാഹനമേ നിനക്കു വേണ്ടത്
കുതിരയ്ക്ക് ഞാനൊട്ടും വെള്ളാടിയല്ലാ
പാൽ ചൂരക്കുന്നോരെ പശുവേ വേണ്ടത്
പശുവിനു ഞാനൊട്ടും ബ്രാഹ്മിണിയല്ലാ
പിന്നെയെന്തുണ്ണി നിനക്കു വേണ്ടത്

ചൊല്ലിക്കോ ചൊല്ലിക്കോ തിരുമകളെ നീ
നാൽപതുണ്ടല്ലോ കോട്ടമലഭാരം
നാൽപത്താന്നുണ്ട് പുലിയും മക്കളും
അതിലൊന്നങ്ങു ഏകി തന്നാട്ടെ
മുമ്പിൽ വന്നോരു തള്ളപ്പുലിയുടെ
തൃക്കഴുത്തിലും തുള്ളിവീണമ്മ
നരിയേറി വന്നൊരു തുരിമകൾക്കാണെ
ഭഗവതിയെന്നു പേർ കൊടുത്തല്ലോ
ഹരഹരയെന്നമ്മ അരയിരുന്നല്ലോ
പരിചിലഴകിയ ഭഗവതിയാണ്

ഗുളികന്റെ തോറ്റം

ഹരിഓം ഹരൻതൻ തിരുനന്ദനൻ
കാലവേഷം ഭുവനോതിയ ബാലനും
ഭീമരൂപം വളർന്നുള്ള പത്രം
പുറം നീണ്ട ദന്തം, തടം താണുരുണ്ടുന്നതുമായ കണ്ണും
വലം കൈയ്യതിലങ്കുശം
കാലദണ്ഡും ചില്ലിയും ചിലമ്പൊച്ചയും
കണ്ടു ദേശേ കറുത്തുള്ളൊരു ചേലയും
പോത്തുതന്നിൽ നിറഞ്ഞാടിനാൻ, ഗൗരവഭാവം
മുറിക്കൊള്ളിയും പന്തവും ചൂട്ടുമായി
മൃതിപ്പെട്ടണിഞ്ഞീടന മണ്ണകത്തും
ചതിച്ചാളറുക്കുന്ന നീലമാകത്തും നോക്കുമെല്ലായിടത്തും
ശിശുക്കൾ കളിക്കും കളിപ്പന്തലിലും
അഴിഞ്ഞമ്പലം വെണ്ണീറായിടത്തും
കുഴിഞ്ഞുള്ളൊരു വൻകിണർ തന്നകത്തും
മടവാളുള്ള നാലനാലമുള്ളിടത്തും
മരക്കൊമ്പിലും ഏണിമേൽ കോണിമേലും
നരികൂട്ടിലും നായ ചത്തിടത്തും
പിരിയാതെ കണ്ടെപ്പോഴും സഞ്ചരിക്കും
കരിഭീഷണമേറ്റവും ക്രോധത്തോടെ
അവൻ മർത്യരെ കണ്ടുബാധിച്ചതാകിൽ
അവർക്കേറ്റമായ് ഉൽഭവിക്കുന്ന രോഗം
ചിലനാൾ പനി മിന്നലും പൊക്കുവീക്കം
കരങ്കാലുകൾ കായവും ചൂടെടുക്കും
ഉറക്കത്തൊരു ഞെട്ടലും പല്ലിറുക്കിക്കുറുക്കിക്കളിക്കും
യമം നീങ്ങുവാനുള്ളൊരു പൂജകർമങ്ങളെല്ലാം

ഹിമം, ചാന്തൊടു ചന്ദനം കോഴിയും കോടിമുണ്ടും
പുതുപ്പാത്രവും പാളട, മണ്ണട, പച്ചിറച്ചി
കരിനീരും തരിപ്പമം വെള്ളവിലും
അരി, നാക്കില, പൂക്കുല, പുഷ്പമെല്ലാം
തിരിപ്പന്തവും ചുട്ടുമായ്
കർമങ്ങളൊക്കെ ചെയ്തൊന്നു നോക്കിയാൽ
ഗുളികനുടെ നീളമെല്ലാം
ഭൂമിതൊട്ടാകാശത്തോളം
കറുത്തൊരു പോത്തിൻ പുറത്തേറി മെല്ലെ
അകത്തിട്ടുകണ്ടാൽ ഭയമാകുമാറ്
കൈതക്കയ്യുപോലെ കൈ രണ്ടും
കരിമ്പനപോലെ കാലു രണ്ടും
വല്ലംപോലെ നെഞ്ചു, വട്ടിപോലെ വയർ
പുഴുപോലെ പല്ല്
കൊഴുപ്പോലെ നാവ്
രുധിരം ചെമ്പരത്തിപൂകൊണ്ടുണ്ടമാല കെട്ടി
വലയും കോലും പതിനാറായിരം കയ്യിൽ
പതിനാറായിരം ആയുധങ്ങളും
കങ്കണമുട്ടിയും ഒട്ടേറെ ചിട്ടയും
വില്ലുംചുരികയുമായിട്ട് ചത്തോയെന്നും
ചത്തിലേയെന്നും മൂത്തോയെന്നും മൂത്തിലേയെന്നും
മൂന്നുനേരം വന്നറിയുന്നൊരു കാലഗുളികൻ, യമഗുളികൻ
മാർത്താണ്ഡാൽമജ മന്ത്രജം മനസ്സിൽ ഞാൻ
കീർത്തിയാമി വൈവൽസകം പോത്തിൻ കണ്ഠവുമേറു
ദണ്ഡുകയറും തൃത്വാകപാലങ്ങളും മർത്ത്യാനാം
പിണിപൊക്കു മാശുശതകം കർമങ്ങൾ
കൈകൊള്ളുവാൻ തൃപ്പങ്ങോട്ടരുളീടുമാശുഗുളികാ നീ..

ഒടക്ക്

വെള്ളാട്ടുകൾ തുടങ്ങുന്നതിന് മുമ്പ് കാവിലെ പ്രധാന ദൈവത്തിനാണ് ഒടക്ക് കഴിക്കൽ എന്ന ചടങ്ങ്. തിറയാട്ടത്തിന്റെ പ്രാരംഭച്ചടങ്ങാണിത്. തുടക്കം എന്ന അർഥത്തിലാവാം ഒടക്ക് എന്ന വാക്ക് വളരെ പ്രാചീന കാലം മുതൽക്കേ ഉപയോഗിച്ചുവരുന്നത്. വിഘ്നം(ഒടക്ക്) ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലെടുക്കുന്നതു കൊണ്ടുമാവാം ഈ വാക്കിന്റെ ഉപയോഗം ഇന്നും തുടരുന്നത്.

മലദൈവക്കാവുകളിലെല്ലാം ഒടക്കിന് ഒരേ ചൊല്ലുകളാണുള്ളത്. വെള്ളാട്ടും തിറയാട്ടവും യാതൊരു വിഘ്നവുമുണ്ടാകാതെ പൂർണമാക്കുന്നതിനുള്ള ഒരു അപേക്ഷാ ചടങ്ങാണിത്. ഈ ചടങ്ങിനായി പെരുമണ്ണാൻ തിരുനടയിലെത്തി തുടി, കൊമ്പ്, കുറുങ്കുഴൽ, ഇലത്താളം എന്നീ വാദ്യങ്ങളുമായി നിൽക്കുമ്പോൾ കാവിന്റെ കാരണവരെയും കോമരങ്ങളേയും കാവിന്നുടയോരെയും മറ്റ് അവകാശികളേയും തിരുനടയിലേക്ക് വിളിക്കുന്നു. തുടർന്ന് കാവിന്റെ കാരണവർ തിരുനടയിൽ നിന്ന് അരിയും പൂവുമെടുത്ത് പ്രാർഥിക്കാനായി എല്ലാവർക്കും നൽകുന്നു. എല്ലാവരും കൂടി പ്രാർഥിച്ചു നിൽക്കുമ്പോൾ മൂത്ത പെരുമണ്ണാൻ ഇങ്ങനെ ചോദിക്കുന്നു. "എന്നാലോ ദൈവത്തെ ഉണർത്തിക്കട്ടെ."

ഇങ്ങനെ ദൈവത്തിൽ നിന്ന് സമ്മതം വാങ്ങി ഒടക്കിന്റെ ശീലുകൾ ചൊല്ലിത്തുടങ്ങുന്നു. ഇതൊരു പ്രാർഥനയായതുകൊണ്ട് ഈണവും താളവും പ്രത്യേകമായി കൽപിക്കപ്പെട്ടിട്ടില്ല. എങ്കിലും ചൊല്ലുകൾക്കിടയിലെ നിശ്ശബ്ദതയിൽ തുടി, കൊമ്പ്, കുറുങ്കുഴൽ, ഇലത്താളം എന്നിവയുടെ നാദവീചികൾ ഭക്തിയുടെ അന്തരീക്ഷത്തിന് തിളക്കം വർധിപ്പിക്കുകയും ചെയ്യുന്നു. പ്രാർഥനയിലെ ഏകാഗ്രതയോടു കൂടിയ സമർപണത്തിന് ഈണവും താളവുമൊന്നും ആവശ്യമില്ല എന്ന വിശ്വാസമാകാം ഇതിനു കാരണം. എല്ലാ ഒടക്കിന്റെയും ചൊല്ലുകൾ ആരംഭിക്കുന്നത് ഗണപതി സ്തുതിയോടെയാണ്.

മലദൈവത്തിന്റെ ഒടക്ക്

ഹരഹര ശ്രീ മഹാഗണപതി കൂടെ ശേഷമായിരിപ്പൂ
വാഴ്ക ഗംഗയാടാൻ പോയതാകിലും വഴിവരൂ
തീർഥമാടാൻ പോയതാകിലും വഴിവരൂ
തിരുനെല്ലിഗോപുരം വലംവെയ്പാൻ പോയതാകിലും വഴിവരു
വെട്ടുകാര്യത്തിന്നും വീര്യത്തിന്നും സ്വരൂപത്തിനും
കൂടെ ശേഷ ചങ്ങാതമായെ
മറവും പിഴവും തീർത്തു പ്രകാരത്തിന്നും
അഭിപ്രായങ്ങളെ സാധിപ്പാനും കാവിൽ കുടികൊള്ളുവാനും
നിങ്ങളേതോരെ തിറ വെള്ളാട്ട് കയ്യേൽപ്പാനും
ഓടി എഴുന്നള്ളിയേൻ വഴിവരണേ എന്റെ പരദേവതേ.

2)

വാഴ്കേ അടിയും തളിയും അന്തിത്തിരിയും
മനന്നെഴിവാളും ചെമ്പടിക്കെട്ടും ചേടക
വാളും നീർന്നിരുന്നാഴുരി
ശരത്തുകോലാലെ ആണ്ടു നിങ്ങൾകാലം
പിഴയാതെ കൊടുപ്പുവിളിപ്പൂ കാൺമ
അനുസരിപ്പൂ നമ്മുടെയൊരു പരദേവതയ്ക്ക്

3)
വാരിവിതച്ചൊരു വിത്തിനും തുറ
ന്നിട്ടൊരു കന്നുകാലിക്കും മക്കൾക്കും
കൃഷിക്കും പാമ്പിനെ നാരായി
പ്പകയവരെ കുറ്റിയാക്കി ശത്രുക്കളെ
ബന്ധുക്കളാക്കി നിന്നു രക്ഷിച്ചേ
നിന്നന മൂർത്തിയാട്ടിങ്ങെഴുന്നള്ളൂ പരദേവതേ
4)
കൊമ്പൊന്നെടുത്താൽ ദേവകൾ കൂടെപ്പോയി
ട്ടാനയേറി കളത്തകം പൂക്കാനൻ കന്നിലും
തേന്നും കരിവരിക്കച്ചൂളയെടുത്തുണ്ണും
ഗണപതീ ഗണപതീ കൂടെ തിരുവുള്ള
മായിട്ടിങ്ങെഴുന്നള്ളൂ പരദേവതേ
5)
ഭൂമിദേവി വഴികിഴക്കും കാൽനീട്ടി
ഇന്ദിര രക്ഷണാ മന്ദിരരക്ഷണാ
സർവാങ്ങരക്ഷണാ കിണ്ടീലെ
നീരും കുലദർഭപ്പുല്ലും കൊണ്ടുവന്നു
മന്ത്രത്തെ ചൊല്ലി ഓതി ഉണർത്തിച്ചാരെ
മഹാത്മക്കുലത്തൊരപ്പുകഴുന്നേ
6)
ശ്രീ പാൽക്കടലിൽ പള്ളികൊള്ളുന്ന
യ്യൻ, അറുമുഖൻ, ഗണപതിചന്ദ്രാദി
ത്യൻമാർ ശ്രീ പാൽക്കടലിൽ കല
ശമാടി തെളിവിധം വന്നാറെപ്പോലെ
തെളിവിധം വന്നിരിപ്പൂ പരദേവതേ
7)
പൂവോപോറ്റി പൂനലോപോറ്റി
മതിക്കുന്ന ദേവതയും വട്ടവും ചതുരവാക്കും
ആർപ്പൂർപ്പു മണ്ഡകം ചൊല്ലി വിളിക്കുമ്പോൾ
കടുകവന്നു കളരികളത്തകം പൂവ്വാൻ നമ്പൂരി
മണ്ഡകത്തിൽ കറുപ്പാചാര്യൻ ഗുരുപുത്രൻ
നോവിത വന്നു കളരികളത്തകം പൂകുന്നു
8)
പുസ്തകം വന്നുടനെ പുസ്തകം ചുടുമാർക്കു

അരിക്കരീ എന്നു ചൊല്ലുമാർക്ക് ആയിരമാ
യിരം കുറ്റത്തെ നീക്കി ഗുണം ചെയ്യുമാ
റിങ്ങെഴുന്നള്ളൂ പരദേവത

9)

അൽഭൂതമേ അനുകൂലമാക്കിവെപ്പു
ശിക്കനെ ശിവനാക്കി വെപ്പു ശ്രീ ഓംഹരി
നമോ നാരായണാ ശൂരദേവാ എന്നു
ചൊല്ലിപാർത്തു പീഠത്തിന്മേൽ ശേഷാ

10)

ആദിമുതലായൊരു പരദേവതേന്റെ കൈയ്കൊണ്ട് ചാർത്തി
യോരെ
കർമ്മശേഷാ ശർമശേഷാ പറഞ്ഞത് സത്യമായിരിപ്പാനും
അവർ തരുന്നോരെ അവയും പുകയും പൂവും ചാന്തും ചന്ദനവും
അടിയാർ തരുന്നോരെ തിറവള്ളാട്ടും തന്തിനിക്കും
നിന്തിരുവുള്ളമായിരിക്കെ അഞ്ചോ പത്തോ കോമരത്തിന്മേൽ
ആടിപ്പാടി അടിയാൻ മെയ്യിൽ കൊണ്ടാടി
പട്ടാങ്ങമായുള്ള വാക്കിനെ അരുളിച്ചെയ്യുവാനും
അറയകം പൂക്കുവേല ചെയ്യുവാനും നിങ്ങളോ തോരെ
തിറവെള്ളാട്ട് കയ്യേൽപ്പാനും ഓടിയെഴുന്നള്ളിയെൻ
വഴിവരണേ എന്റെ പരദേവതേ

ഭഗവതിക്ക് ഒടക്ക്

അനുഷ്ഠാനങ്ങളിൽ മലദൈവക്കാവുകളിലെ ഒടക്കിൽ നിന്ന് ഭഗവതിക്കുള്ള ഒടക്കിന് നേരിയ വ്യത്യാസങ്ങളുണ്ട്. ഭഗവതിക്കുള്ള ഒടക്കിന്റെ ചൊല്ലുകൾ മലദൈവക്കാവുകളിലേതിൽ നിന്ന് വ്യത്യസ്തമാണ്. ഗണപതി സ്തുതിയോടെയാണ് ഇവിടെയും ചൊല്ലുകളാരംഭിക്കുന്നത്. ഭഗവതിക്കാവുകളിലെ പ്രധാന വഴിപാടായ താലപ്പൊലി മംഗളകരമായി സമാപിക്കുന്നതിനുള്ള അപേക്ഷാ ചടങ്ങാണിതും. ഇവിടെ കാവിന്റെ തിരുമുമ്പിൽ വീട്ടുതാലപ്പൊലിയെടുക്കുന്ന തറവാട്ടുകാരണവത്തി, കാവിന്നുടയോർ, വീട്ടുകോമരങ്ങൾ, ആവേനും, ചോപ്പനും കുത്തുവിളക്ക്, മേലാപ്പ്, കിണ്ടിപ്പൂക്കുല, ആനപ്പന്തം, തുടങ്ങിയവ വഹിക്കുന്ന അവകാശികൾ, കലശം തളിക്കുന്ന അവകാശി എന്നിവരെല്ലാം അരിയും പൂവും പിടിച്ച് പ്രാർഥിച്ചു നിൽക്കുമ്പോൾ പെരുമണ്ണാൻ ഒടക്കിന്റെ ശീലുകൾ ചൊല്ലി തുടങ്ങുന്നു. തുടർന്നുള്ള കാര്യങ്ങൾ മുൻപറഞ്ഞതുപോലെ തന്നെ.

അതെ അരിഹം.... ഹരിശ്രീ ഗണപതയേനമഃ

അവിഘ്നമസ്തു ശ്രീ ഗുരുഭ്യോ നമഃ
ശ്രീ സൂര്യാദി സർവഗ്രഹഭ്യോ നമഃ
നമസ്തപോൽ ഹരിദൈവമേ
അതെഗണപതി വാഴ്ക മുമ്പിൽ സരസ്വതി വരിക പിന്നെ
ഗുരുക്കളെ അലങ്കരിപ്പാൻ ഗുണമൊടെ സ്തുതിക്കുന്നേ ഞാൻ
നല്ലതെ അറിവിനാലും നാരായണനെ നോം ശരണം
മാടത്തിന്മേൽ മണിവിളക്കും വെച്ചു ശ്രീപീഠത്തിന്മേൽ

ബ്രാഹ്മനെയും എഴുന്നള്ളിച്ചു വെച്ചു നമ്മുടെതൊരു
വലഭാഗം ഇരുന്നരുളും അപ്പനാം ആചാര്യൻ ശ്രീ
ഗുരുക്കന്മാർ വന്നു കൂടെ വലഭാഗം നിൽക്കെ
ചൊന്നേൻ ദൈവമേ താൻ

2)

അതേ കതിരവനുദിക്കും മുമ്പെ കൽപകമുല്ലപ്പന്തൽ
എതിരുപോയ് അടിച്ചു നീക്കി സ്ഥലം തോന്നികുലം
തോന്നികുലം ഗോദാവരിയെന്നൊരു പശുവെ തോന്നി
പശുവിട്ടൊരു കറ്റു ചാണകത്താൽ കൊണ്ടുവന്നു
കിഴക്കുനോക്കി നീർതളിച്ചപ്പോൾ
ഭൂമിദേവിയും പുണ്യമായ്

3)

അതേ ഇരുട്ടിനെ പൊലിവതാക്കി വിളക്കത് തിള
ക്കെ പൂശി അലക്കിയ ചേല കീറി അഴകതായ് തിരിയുമിട്ട്
മകാളിയെന്നും നെയ്വീഴ്ത്തി അങ്കുശം വായിൽ തി
രിയും വെച്ചു തുന്നീരേഴു യുഗത്തിലേയ്ക്കു വെച്ചൊരാദി
അണിവിളക്ക് ചോതി തുടർവിളക്ക് അൽഭുതമായ് വെച്ച
വിളക്ക് വിളക്കിന് വന്ന തിളക്കമെല്ലാം ഞാനതറുത്തിന
പൂമലരിട്ടു തൊഴുതെ വിളക്കെനിക്ക് തുണച്ചരുൾ തുണച്ചരുൾ
അരിയരിയാദി ആദിമൂല ശ്രീ പരമഗുരുവേ നമഃ

4)

അതെ മൂത്തെത്തതിറത്തിൽ മുതുവേദത്തിന്ന
ചിത്തെ ഭക്തർക്കൊരുവിത്തൈ പരമാനന്ദവിളക്ക്
ശക്തി ശിവശക്തി ശിവനുറ്റൂരടിയത്തിൽ ബുദ്ധി
കമലത്തിൽ കുടികൊണ്ടരുൾകെ മങ്കേ

5)

തുമ്പിക്കൈയ്യിലമർന്ന പൊൻകലശവും മറ്റുള്ള കയ്പത്തിലും
നാരാങ്ങാഗദയും കൊമ്പും ധനുഷാശൂലം തഥാ ചക്രവും
പിന്നെ പങ്കജമൊട്ട് പാശമുടനെ മേലോൽഫലം
വില്ലുമായ് കൊമ്പുകൊണ്ടരുളും വിനായകനെ
നിക്കേറ്റം തുണച്ചീടേണം

6)

അതെ വെള്ളപ്പളുങ്കിനൊളിച്ചെന്നു വിദഗ്ദരൂപി
കള്ളം കളഞ്ഞ് കമലത്തിലെഴുന്ന ശക്തി വെള്ളത്തി
ലെ തിരകൾ തള്ളിവരും കണക്കെന്നുള്ളത്തിൽ
നിന്ന് വിളയാടുക സരസ്വതി നീ,

അനുസരിക്കൽ

തിറയാട്ടത്തിലെ അനുഷ്ഠാന കർമങ്ങളിൽ അനുസരിക്കൽ എന്ന ചടങ്ങും അതിപ്രധാനം തന്നെ. കാവിന്നുടയോരും ദേശവാസികളുമെല്ലാം ദൈവത്തെ അനുസരിക്കണം എന്ന അർഥത്തിൽ കൂടിയാകണം ഈ അനുഷ്ഠാനത്തിന് അനുസരിക്കൽ എന്ന പേര് കൽപിക്കപ്പെട്ടത്. ദൈർഘ്യമേറിയ തോറ്റം ചൊല്ലൽ പൂർത്തിയാക്കിയില്ലെങ്കിൽ പോലും അനുസരിക്കൽ ചൊല്ലിയേ തീരു. അതുകൊണ്ടു തന്നെ തോറ്റത്തിന്റെ ആറ്റിക്കുറുക്കിയ സത്തായി അനുസരിക്കലിലെ ചൊല്ലുകളെ കണക്കാക്കുന്നു. മലദൈവങ്ങൾക്കും കുടിവെച്ച മൂർത്തികൾക്കുമാണ് അനുസരിക്കൽ. അതിനായി പ്രത്യേക ചൊല്ലുകൾ പരമ്പരാഗതമായി തുടർന്നു വരുന്നുണ്ട്. തുടിതല്ലി ദൈവത്തെ ഉണർത്തുന്ന ഈ ചടങ്ങിനും ഈണവും താളവുമില്ല. ഇവിടെ ഭക്തിയുടെ സാന്ദ്രതയ്ക്കാണ് പ്രാമുഖ്യം.

പഠനാർഹമായ മറ്റൊരു കാര്യം കൂടി അനുസരിക്കലിലുണ്ട്. ഇതിലെ ചൊല്ലുകൾ കേട്ടാണ് ഏത് ദൈവത്തിന്റെ കോലമാണ് കെട്ടിയാടാൻ പോകുന്നതെന്ന് പ്രേക്ഷകർ മനസ്സിലാക്കുന്നത്. പരസ്യബോർഡുകളും നോട്ടീസുകളും മറ്റു പ്രചാരണ മാധ്യമങ്ങളൊന്നുമില്ലാതിരുന്ന ആ പഴയ കാലത്ത് അനുസരിക്കലിന് ഇങ്ങനെയൊരു ഒരു പ്രസക്തിയുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

കരുമകന്റെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക
ദൈവമെന്റെ കരുവോനെ വാഴ്ക യൂരും
തിരൂരും തച്ചനാട് തുലാമുറ്റം
കുടിവുതൊള്ളായിരം
ചേരമാം നൂറ്ററുപതു കാതത്തിനും ചെറുമല അഞ്ചുമുന്നൂറ് കാത
ത്തിനും
അടിയല്ലൂർ അൻപത്തൊന്നു കാതത്തിനും
മുടിയല്ലൂർ മുപ്പത്തൊന്നു കാതത്തിനും
ഏനിയോടെൺപത്തൊന്നു കാതത്തിനും
നലയും നാലപ്പാടും വിളിയും വീഴ്ചയും
ഒറ്റ നായയും ഒടുക്കത്തിയും പിള്ളയോരും
ചേകോരുടയോരു പരദേവതേ

കരിയാത്തന്റെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക ദൈവമെന്റെ
കരിയാത്താ വാഴ്ക നായരമ്മാവരെ ചക്കൻനായരുടപ്പിറപ്പ്
ചങ്കരൻ നേതിയാർ ഏതിയാർ
കുന്നത്തറയില്ലം കോതേരി നായരെ
പള്ളുപള്ളാം കോവിൽ പള്ളയേന്തോളത്തിന്നും
തട്ടയാർ മൂപ്പിൽ ചെറിയ മൂലത്ത് പടിപ്പുര
അയനിക്കാട് കളക്കോട്ടിൽ മപ്പുറത്തിളമരം
പേരൂർ ചിറ്റവാടി

പേരക്കുന്നു തുലാമുറ്റം പുത്തലത്ത് കുടി
പാലക്കോട്ട്കുടി, പാലയാർ പെറ്റകുടി
ഇല്ലത്തെയ്യും കരിയാത്തെയ്യും
ചെമ്പകക്കോട്ടച്ഛൻ തിരുമേനിമാരെയും മറ്റും
വേർപൊന്നൊരു ദൈവമല്ലോ എന്റെ കരിയാത്താ...
എട്ടുകൂട്ടം മതിലകം ചേരിസ്വരൂപ
ത്തിനും പുഴായിമൂവായിരത്തിന്നും
മുക്കോന്തിക്കാളിക്കും അറയിൽ ഭഗവതിക്കും
മുൻനടന്ന് വേലകാര്യം സാധിപ്പോരു പരദേവത
വെലങ്ങനെ പുഴായ്
കരയ്ക്കു തിരിച്ചാൽ പിന്നെ, ഏറനാട്
സ്വരൂപത്തിനും നെടിയിരുപ്പിൽ സ്വരൂ-
പത്തിനും പണിയും പണിയാണ്ട്
പള്ളിയേന്തോളത്തിനും
കെട്ടിച്ചുറ്റി ചേകിച്ചോര കമ്പടി ജനത്തിനും
കുടക്കീഴും തലക്കീഴും പള്ളിമാറാടിക്കും ഏറി
ക്കെട്ടിക്കലഹിച്ച് വില്ലും വേലയും ചെയ്യുന്നോരു പരദേവതേ,

കരിവില്ലിയുടെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക ദൈവമെന്റെ
പൂതാടി ഉണ്ണി ഇളം കരുവില്ലി
കല്ലൻ, വെല്ലൻ, ചാലിയൻ, ചാലിത്തയ്യൻ, നടക്കാവ്
വിഗ്രം, വിഗ്രത്തുവാഴും പനംതോട്ട പൂതാടി, മേക്കോട്ട
പൂതാടി , കിഴക്കോട്ട് ഇരുളൻ വാഴും
കനലാടി ഇരുളത്ത്കോട്ട, വാക്കത്തുകോട്ട
വഴിവരാടി സ്വരൂപത്തെയും മറ്റും വേർപോന്നോരു
ദൈവമല്ലോ എന്റെ പൂതാടി ഉണ്ണി ഇളം കഴിവില്ലി
കുണ്ടം വാണോരു ഉടപ്പിറപ്പ് നടപ്പള്ളി
തെക്കു തലയാർ മുത്തപ്പനും കൂടി തെക്കു തനയാറ്റിൽ
പുജയും കഴിഞ്ഞ് നായയേയും കൊണ്ടുപോരുമ്പോൾ
അവരോടൊപ്പം വാപറഞ്ഞെ-
ഴുന്നള്ളിപ്പോന്നു കുണ്ടത്തും പുണരും അയിലിങ്ങിലും പൊയിലിങ്ങിലും
മഞ്ഞത്തുലാമുറ്റത്തും ഏഴാംപുലാക്കിലും വന്നു കുടി-
യിരുന്നോരു ദൈവമല്ലോ എന്റെ പൂതാടി
ഉണ്ണി ഇളം കരിവില്ലി.

കുലവന്റെ അനുസരിക്കൽ

തിരുവുള്ളലമായിരിക്ക വരിക പൊലിക ദൈവമെന്റെ ചെറുക്കക്കുലനായാടി
കാക്കേറാം കാർമല
പരുന്തേറാം പോർമല
പാണ്ടിയന്റെ അകംഗോപുരം പാണ്ടിയന്റെ പുറം ഗോപുരം
പാണ്ടിയന്റെ അകം ഗോപുരത്തൂന്ന്
പ്രായത്തോടെ പുലിയും പുലിക്കന്നും കെട്ടി
പ്രായത്തിലഴകിയ ചെറുക്കക്കുലനായാടി
ആധാംവയറ്റിൽ പിറന്നൊരു പൈത
ലല്ലി പൈതല് മുടി പൂരാടം
നാളിൽ ജനിച്ചോര് പൈതലല്ലെയീ
പൈതല് നാട്ടിലിരുന്നാൽ നാടുമുടിക്കും
പൈതല് വീട്ടിലിരുന്നാൽ വീടു മുടിക്കും
പൈതല് അങ്ങനെയുള്ളോര് പൈ
തലിനെയല്ലാവതാനെ അണിക്കുന്നാവുന്ന
അണിമലവാരത്തു കൊണ്ടുവന്നു അകലെ
കുഴികുഴിച്ചു ആച്ചിപലയാലെ അടി.
പടുത്ത് മുച്ചി പലയാലെ മുഖം
മുടി കാണാവുന്ന് കാർകൂടാതെ
കടുംകുംഭമാസത്തിൽ പുത്തിടിവെട്ടും
പുതുമലവാരത്ത് പുതുമഴപെയ്യും
പുതുമലവാരത്ത് കുത്തിയൊഴുകുന്ന
നീലവള്ളി സമുദ്രത്തിൽ

കുട്ടിച്ചാത്തന്റെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക
ദൈവമെന്റെ കാളകാട്ടു കരിങ്കുട്ടി
ശ്രീ മഹാദേവന്റെ പുത്രനായി പിറന്ന്
ചാത്തനാട്ടും വെള്ളാംകൂറും കുറ്റിയാട്ടും
പുത്തില്ലം, പുതുശ്ശേരി, മാമ്പള്ളിമനയാം പള്ളിയിന്നും
മറ്റും വേർപോന്നോരു ദൈവമല്ലോ
എന്റെ കാളകാട്ടുകരിങ്കുട്ടി
കാളകാട്ടച്ചൻ തിരുമേനിയെല്ലാവതാനെ തെക്കോരു മാമാങ്കം
കുളി കുളിക്കാനും വടക്ക് വയ്യാപുരി തീർഥ
മാടുവാനും പോയൊരു നേരത്തിങ്കൽ

അവരോടൊപ്പം വാ പറഞ്ഞെഴുന്നള്ളിപ്പോന്നു
പത്തുകുറേ നാനൂറു സ്വരൂപമായി കാളകാട്ടില്ല
പ്പൂര വളഞ്ഞ് ഇല്ലത്തിന്റെ നാലുമൂലയ്ക്ക്
തീയും വെച്ച് നടുവിന് കൊള്ളി വലിച്ചെറിഞ്ഞ്
ഇല്ലവും ചുട്ടുമുടിച്ച് കാളകളെ പടിഞ്ഞാറ്റിയിൽ
നാൽപത്തീരടി കളരികെട്ടി കൂടിയിരുന്നൊരു
ദൈവമല്ലോ എന്റെ കാളകാട്ടു കരിങ്കുട്ടി.

കണ്ഠാകർണന്റെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക ദൈവമെന്റെ
ഇഴുക്കയിലുണ്ണി കണ്ഠാകർണനാം ദൈവമെ
മേലൊഴുക്കുന്നതെന്നാട ചൊല്ലുന്നേൻ
കീഴൊഴുക്കുന്നതെന്നാട ചൊല്ലുന്നേൻ
ഇരിമ്പിങ്ങലാട്ടാട്ടു ചെട്ടിയെ ചൊല്ലുന്നേൻ
ഇരിമ്പിങ്ങലാട്ടാട്ടു ചെട്ടികളും പാറക്കോട്ടു
നെച്ചാടികളും കൂടി വടക്കു വയനാട്
സ്വരൂപത്തിൽ പോയി നൂറ്റിപ്പതിറ്റരക്കന്നുകാലികളെയും കൊണ്ട്
ഇരിമ്പിങ്ങലാട്ടാട്ടു മുറ്റത്തും
പാറക്കോട്ടും വന്നു കൂടിയിരുന്നൊരു
ദൈവമല്ലോ എന്റെ ഇഴുക്കയിലുണ്ണി കണ്ഠാകർണൻ

നാഗത്തിന്റെ അനുസരിക്കൽ

കേട്ടു തിരുവുള്ളമായിരിപ്പു എന്റെ ഉണ്ണി മാണിക്യനാഗങ്ങളെ
നാഗങ്ങളെ, നാഗരാജാക്കന്മാരെ നിങ്ങളെല്ലാം
എരിനാഗം , പൊരിനാഗം , പഞ്ചനാഗം , പവിഴനാഗം
എങ്ങും നാഗം , വീണ്ടും നാഗം , എന്നിഷ്ടനാഗം എന്നിങ്ങനെ
നാലായിരത്തി നാന്നൂറായിരക്കോടി സർപ്പങ്ങളെക്കൊണ്ട്
കൊട്ടാരപ്പെട്ടി അണയപ്പെട്ട് ഇരുപ്പെടുത്തി മാണിക്യനാഗകാളി

ഭൈരവന്റെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക
ദൈവമെന്റെ കാളഭൈവരൻ, യോഗിഭൈരവൻ
യോഗാണ്ടഭൈരവൻ, കുത്തുഭൈരവൻ, കുളർത്ത ഭൈരവൻ
അഗ്നിഭൈരവൻ, ആകാശഭൈരവൻ
ജലഭൈരവൻ എന്നിങ്ങനെയുള്ള

നൂറ്റെട്ടു ഭൈരവന്മാരെല്ലാം വതാനെ
ശ്രീ മഹാദേവന്റെ മായയിങ്കൽ പൊട്ടിപ്പിറന്ന്
ആകാശത്തോടു തിരുമുടിയും ഭൂമിയോടു കുടവയറും
കാതിൽ കുണ്ഡലവും രുദ്രാക്ഷമാലയും
പൂജാമണി, ശംഖും വലംകൈയിൽ ശംഖുമുദ്രയും
ഇടംകൈയിൽ ചൂരക്കോലും
വെൺകൊറ്റക്കുട പിടിച്ച് വെള്ളരുതിൻ
മുകളിലേറി വഴി വരുന്നൊരു കാളഭൈരവനെന്നും
യോഗിഭൈവരവനെന്നും പേർക്കൊണ്ടു പുതുകാലത്തിങ്കൽ.

മുണ്ട്യന്റെ അനുസരിക്കൽ

കറുപ്പുടുത്ത് അവനൊരു നാക്കുമിട്ട് കുല-
തല്ലും കത്തിയും പാളയുമായി തണ്ടും തളപ്പെടുത്ത
വൻനിറ പകലുച്ചസന്ധ്യനേരം ഉയരിന തെങ്ങു-
മേറി ഇരുപുറം പൊടിച്ചു വരുന്നോരിളങ്കുല
തച്ചുമാട്ടി രസകനിവോടു പൂവരിഞ്ഞതുകീറി
മുത്തിക്കുടിച്ചവൻ പൊരുതിയും പട
പറഞ്ഞുരുണ്ടു പിരണ്ടു നടന്നവൻ
കിടന്നവൻ ആൽത്തറക്കൽ ഗണപതി കേളയ്യൻ
അവിടെ തുണയ്ക്ക
മുണ്ട്യൻദൈവമെ തുണയ്ക്ക

കുടിവെച്ചമൂർത്തിയുടെ അനുസരിക്കൽ

തിരുവുള്ളമായിരിക്ക വരിക പൊലിക ദൈവമെന്റെ കുടിവെച്ച ദൈവമേ
നിങ്ങൾ ഇഹലോകം വിട്ട് പരലോകം പ്രാപിച്ചപ്പോൾ
നിങ്ങൾക്കുവേണ്ടുന്നോരു നീരും
കർമവുമില്ലാതിരുന്നൊരു കാലത്തിങ്കൽ
തറയിൽ വാണോരു മെയ്യടിയാനെ വരുത്തി
കെട്ടും തറയും ദേവാർകോലവും വെച്ചു
വിളിക്കുന്നൊരു നേരത്തിങ്കൽ ആലശക്തിയാലെ
അടിയിളകി മൂലശക്തിയാലെ മുടിയിളകി
താനിരിക്കുന്നൊരു പീഠത്തിന്മേൽ നിന്നും
നിലയിളകി തന്റില്ലക്കാരുടെ മെയ്യിൽ കൊണ്ടാടി പട്ടാംഗമായുള്ള വാക്കിനെ
അരുളി ചെയ്യുവാനും അറയകം പൂക്കുവേല
ചെയ്യാനും പീഠസ്ഥലത്ത് വരുന്ന
ലോകരെ രക്ഷചെയ്യാനും നിങ്ങളെ
തോരെ തിറവെള്ളാട്ട് കയ്യേൽപ്പാനും
ഓടിയെഴുന്നള്ളിയെൻ വഴിവരണേ
എന്റെ കുടിവെച്ച ദൈവമേ.

ചൊല്ലിപ്പുറപ്പാട്

ഏത് ദൈവത്തിന്റെ കോലമാണോ കെട്ടിയാടുന്നത് ആ ദൈവത്തിന്റെ ചൈതന്യം കെട്ടിയാട്ടക്കാരനിൽ പ്രവേശിക്കുന്നത് ചൊല്ലിപ്പുറപ്പാടോടെയാണ്. വെള്ളാട്ടിലും തിറയാട്ടങ്ങളിലും പുറപ്പാടിനാവശ്യമായ ചൊല്ലുകളുണ്ട് . ഈ ചൊല്ലുകളാകട്ടെ ദൈവത്തിന്റെ ഉൽഭവം മുതലുള്ള ചരിത്രം വിശദീകരിക്കുന്നു. എന്നാൽ ഈ വിശദീകരണത്തിന് തോറ്റം പാട്ടുകളോളം ദൈർഘ്യമില്ല. തിറയാട്ട സംഘത്തിലെ മുതിർന്നയാളാണ് ഇത് ചൊല്ലുന്നത്. പ്രത്യേക താളങ്ങളും ഈണവുമുള്ള ഈ ചൊല്ലുകൾ അവസാനിക്കുന്നതോടെ കെട്ടിയാട്ടക്കാരൻ ദൈവത്തിന്റെ ചേഷ്ടകൾ പ്രകടിപ്പിക്കുകയും ഭക്തർ അതിൽ ആമഗ്നരാകുകയും ചെയ്യുന്നു.

ഭഗവതിയുടെ ചൊല്ലിപ്പുറപ്പാട്

മന്ദാരം മുല്ല നല്ലോരുമകൾ കലരും
പിച്ചകം തെച്ചി പുഷ്പം
വില്ലത്തിന്റെ പത്രമങ്ങത്തലമുടിയിലണിഞ്ഞിട്ട്
കാണാം ചിലപ്പോൾ
കണ്ടാൽ കൗതുകമേറ്റമുള്ള മുടിയിൽ
പണ്ടാടുക ചണ്ഡികേ
ശ്രീചക്രാന്തര സമസ്തിതേ ഭഗവതി

നാഗകാളി ചൊല്ലിപ്പുറപ്പാട്

മുടിയിലല്ലി മുത്തുമാല പാമ്പണിയുന്നമ്മാ..
മുടിയഴകിട്ടുള്ളതൊരു നാഗകാളിയമ്മ...
മുടിയിലല്ലി മൂവായിരം പാമ്പണിയുന്നമ്മാ..
നാഗരാജൻ തൻമകളായ നാഗകാളിയമ്മാ..
മൂക്കിനൊരു മൂക്കുത്തിയായും പാമ്പണിയുന്നമ്മാ..
നാഗലോകം വാണിടുന്ന നാഗകാളിയമ്മ...
കാതിലൊരു കുണ്ഡലമായും പാമ്പണിയുന്നമ്മാ..
അച്ചുതന്റെ ഓമനമകൾ നാഗകാളിയമ്മാ..
തോളിലൊരു തോൾ വളയായും പാമ്പണിയുന്നമ്മാ..
നാഗരാജൻ തൻമകളായ നാഗകാളിയമ്മാ...
മാറിലൊരു മാലയായും പാമ്പണിയുന്നമ്മാ..
നാഗകോട്ടയിൽ വാണരുളും നാഗകാളിയമ്മാ...
അരയിലൊരു അരഞ്ഞാണമായും പാമ്പണിയുന്നമ്മാ..
നാഗലോകം വാണിടുന്ന നാഗകാളിയമ്മാ...
കാലിലൊരു കൽചിലമ്പായും പാമ്പണിയുന്നമ്മാ..
നാഗരാജൻ തൻമകളായ നാഗകാളിയമ്മാ..

(NB: കാവിന്റെ പേര് കൂട്ടിച്ചൊല്ലുക)

കുട്ടിച്ചാത്തന്റെ ചൊല്ലിപ്പുറപ്പാട്

വരിക പൊലികയെന്റെ കരിങ്കുട്ടിച്ചാത്തോ
നീ വരുവാൻ നല്ലതോരെ നേരമില്ലിപ്പോൾ .... ഓ...
കാളകാട്ടല്ലോ നിന്റെ മുതലില്ലം മകനെ....ഓ....
കാട്ടുമാടത്തിലല്ലോ മെയ് വളർന്നതെ... ഓ..
ശങ്കരനല്ലോ നിന്റെ നല്ലച്ഛൻ മകനെ... ഓ...

ദേവിയാളല്ലോ നിന്റെ നല്ലമ്മ മകനെ
എട്ടല്ലെടകൂട്ടി നിന്റെ വട്ടപ്പുള്ളിയെടോ
മെയ് നിറഞ്ഞൊമ്പതല്ലൊ മെയ്പുള്ളിച്ചാത്തോ
ആകാശമല്ലോ നിന്റെ കളിപ്പന്തലാണെ... ഓ...
ശ്രീ ഭൂമിയല്ലോ നിന്റെ ശ്രീപീഠമാവുന്നു ഓ...
തെക്കല്ലെടാ തോഴാ നിന്റെ തിരുപിറവിയോ
വടക്കല്ലെടാ കുട്ടി നിന്റെ മെയ് വളർന്നതെ
ചാന്തല്ലെടാ കൂട്ടി നിന്റെ തൊടുകൂറിയോ
പൂവല്ലെടാ തോഴാ നിന്റെ പുനൽപൊലി ചാത്താ
കൂട്ടത്തിൽ കുറിയവനെ കുറുവടിക്കാരാ
കാളകാട്ടില്ലം വാണാ കരിങ്കുട്ടിച്ചാത്താ
കാളകാട്ടച്ചൻ തന്റെ നാമം കേട്ടാലോ.....
ഒരു വട്ടം വന്നിവിടെ കളിച്ചുകാണട്ടേ....

ഭദ്രകാളിയുടെ ചൊല്ലിപ്പുറപ്പാട്

വരിക പൊലികയെന്റെ
തോരെ ശ്രീ ഭദ്രകാളി
തത്തെയ് ത തെയ്തെയ്താ
നീ വരുവാൻ നല്ലതോരെ
നേരമല്ലേയിപ്പോൾ
തത്തെയ് ത തെയ്തെയ്താ
കിഴക്കുദയമാനാനല്ലാ
പർവതം പൊലീക
തത്തെയ് ത തെയ്തെയ്താ
പടിഞ്ഞാറസ്തമാനനല്ലാ
പർവതംപൊലിക
തത്തെയ് ത തെയ്തെയ്താ
തെക്കു ശരീകുടമേനല്ലാ
പർവതം പൊലിക
തത്തെയ് ത തെയ്തെയ്താ
വടക്കു മഹാമേരുനല്ലാ
പർവതം പൊലിക
തത്തെയ് ത തെയ്തെയ്താ
നാലുപർവതത്തിൻ തന്റെ
തൻനടുവിലാണേ
തത്തെയ് ത തെയ്തെയ്താ
വിതുര ചതുരയെന്നാതോരെ
മണിക്കിണർ തോന്നി
തത്തെയ് ത തെയ്തെയ്താ
വിതുര ചതുരയെന്നാതോരെ
മണിക്കിണറ്റിൽ നിന്ന്
തത്തെയ് ത തെയ്തെയ്താ
വിതുരചെന്താമരയോ നല്ല

ദശപുഷ്പം തോന്നി
തത്തെയ് ത തെയ്തെയ്താ
ദശപുഷ്പത്തിൽ നിന്ന്
പൊട്ടിപ്പിറന്നോളമ്മ
ദേവീ, ശ്രീ ഭദ്രകാളി

ഗുളികന്റെ ചൊല്ലിപ്പുറപ്പാട്

മാർത്താണ്ഡാത്മജാ മന്ത്രജം മനസ്സി ഞാൻ
കീർത്യമി വൈവൽസ്യതം പോത്തിൽ കണ്ഠവു-
മേരുദണ്ഡുകയറും ധൃതാ കപാലങ്ങളും
മർത്യാനാം പിണിപോക്കിയാശു സതതം
കർമങ്ങൾ കൈക്കൊൾ നീ
തൃപ്പങ്ങോട്ടരുളീടുമാശു ഗുളികാ
വന്നേ സദാ ഭോരൂഹം

പൊലിച്ചുപാടൽ

മുമ്പ് വിശദീകരിച്ച അനുസരിക്കൽ എന്ന ചടങ്ങിനോട് ചില കാര്യങ്ങളിൽ പൊലിച്ചുപാടലിന് സാമ്യമുണ്ട് . കെട്ടിയാടാനുള്ള ദൈവ കോലം ഏതെന്ന് അറിയുന്നത് അനുസരിക്കലിന്റെ ചൊല്ലുകൾ കേട്ടാണെന്ന് സൂചിപ്പിച്ചിരുന്നു. പൊലിച്ചുപാടലും ഈ ധർമം നിർവഹിക്കുന്നുണ്ട്. എന്നാൽ വിവിധ ഘട്ടങ്ങളിൽ പൊലിച്ചുപാടലിന്റെ ചൊല്ലുകൾ ആവർത്തിക്കുന്നുമുണ്ട്. മലദൈവക്കാവുകളിൽ മാത്രമാണ് വിവിധ ഘട്ടങ്ങളിൽ പൊലിച്ചുപാടലിന്റെ ചൊല്ലുകൾ ആവർത്തിക്കുന്നത്. പൊലിക്കുക, പൊലിപ്പിക്കുക എന്ന ധർമ്മം ഇവിടെ പ്രസക്തമാകുന്നു.

തിറയാട്ടത്തിലെ വിവിധ അനുഷ്ഠാനങ്ങളിൽ പൊലിച്ചുപാടൽ തുടരുന്നത് വിളിച്ചുണർത്തുക. വളിച്ചുണർത്തിക്കൊണ്ടേയിരിക്കുക എന്ന അർഥത്തിലാവാം. പൊലിച്ചുപാടലിന്റെ ഏറ്റവും വലിയ പ്രത്യേകത വിവിധഘട്ടങ്ങളിലെ ചൊല്ലുകൾക്ക് പ്രത്യേകം പ്രത്യേകം ഈണവും താളവും കൽപ്പിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതാണ്. പൊലിച്ചുപാടലിന്റെ ശക്തിയും ആസ്വാദ്യതയും ഈ താളസാന്നിധ്യവും ഈണവൈവിധ്യവും തന്നെ. ഈ താളവൈവിധ്യമാകട്ടെ തിറയാട്ടത്തിൽ വളരെ പ്രധാനവുമാണ് പൊലിച്ചുപാടലിലെ ആദ്യരണ്ട് ചൊല്ലുകൾക്ക് താളമില്ല ഈണം മാത്രമാണുള്ളത്. തുടർന്നുവരുന്ന ചൊല്ലുകൾക്ക് ഈണവും താളവുമുണ്ട്. ഈണത്തിലും താളത്തിലുമുള്ള ഈ വ്യവസ്ഥ പൊലിച്ചുപാടലിൽ ഉടനീളം നമുക്ക് ബോധ്യമാകും .

പൊലിച്ചുപാടലിന്റെ അസ്വാദ്യതയിൽ കോലത്തിന്റെ പുറപ്പാടിനായി സദസ്സ് കാത്തിരിക്കുമ്പോൾ ഉറഞ്ഞുതുള്ളി കനലാട്ടം നടത്തുന്ന കോമരങ്ങളും പൊലിച്ചു കൊണ്ടേയിരിക്കുന്ന ചൊല്ലുകളും മനസ്സുകളെയാകെ പൊലിപ്പിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ് പൊലിച്ചുപാടലിന്റെ സവിശേഷത.

കരുമകന്റെ പൊലിച്ചുപാടൽ

ഓ...വരുവെ.....
പൊലികിൻ ദൈവമെല്ലാ.....ഏ.....
കുലദൈവോമെ ..... ഏ .....
ഏ വരികിനമെ വന്നുദൈവമെല്ലാ
ഏ .....ഏ..... ട്ടുണരുദൈവോമെ

ആരോമെ ..... വാഴ്കയെന്റെ .....
കരുവോമേ ..... നോവേ .....ആ.....
നോവാടീ..... എഴുന്നള്ളുവാൻ നല്ലേ .....
നേരമല്ലൻ ദൈവോമെ ..... ആ
ഒന്നാന്നെ ..... ആയതെല്ലാം ..... ഒരു
സ്വരൂപമായെ ..... . ആ ഒരു വനിലെ.....
നേർമ കൂർമപ്രകാരാമായെ ..... ആ
തട്ടൊന്നെ ..... ആയതെല്ലാം ..... തന്നിലൊ ....
ന്നെ ആയേ..... ആവിത്തൊന്നെ
ആയതെല്ലാം ..... വിളവൊന്നെ ആയെ.....
ആ മുൻ കരുവെ തോന്നിത....
ല്ലോ മുതൽ കരുവെ തോന്നിതെ
ആ തൻ കരുവെ തോന്നിതല്ലാ
തനിക്കരുവെ തോന്നിതെ..... ആ
ഒരു മുറ്റെ ഉരുത്തിത്തിരിഞ്ഞതെല്ലാം
ഉദിരപണിയാൻ മക്കളെ ..... ആ ...
കരുമുറ്റെ കരുത്തിരിഞ്ഞതെല്ലാം .....
കരുമരുവാൾ തോന്നിതേ ..... ആ
മൂന്നാനാം കരുവിങ്കലെല്ലാം ..... മൂക്കൻ
ചാത്തൻ തോന്നിതെ ..... ആ നാലാനാം
കരുവിങ്കലെല്ലോ നരന്മാരും തോന്നീതെ .....
.....ആ അഞ്ചാനാം കരുവിങ്കലെല്ലാ .....
അയ്യപ്പൻ തോന്നീതെ ..... . ആ ആറാനാം
കരുവിങ്കലെല്ലാം അറയകത്തുകരുമകൻ

2

ആടുക ദൈവമെന്റെ കരുവോനെ
നോവേ ..... ആ .... നോവാടി എഴുന്ന
ഉളുവാൻ നേരമല്ലിപ്പോൾ
.....ആ.....ആദിയെല്ലാം ദൈവത്തൂടെ
യെല്ലാ ദൈവത്തുടെ സൽപെരു-
മാളായ.....ആ.....ആദിഭഗവാൻ
നല്ലച്ഛന്റെ അനുഗ്രഹത്താലെ
.....ആ ചോതി ഭഗവാൻ നല്ലച്ഛന്റെ
സ്വാതപുത്രനായെ.....ആ..... താനെ
പോയ് സ്വയം ഭുവായ് പൊടിചെഴുന്നാ
.....ആ.....കരിവുള്ളൂർ കുന്നുവാഴും
മെയ്മഠത്തിൽ.....ആ.....കരിവു
ള്ളൂരുള്ള തോരെ വാണാ മക്കൾക്ക്
..... ആ ചെപ്പനിലെ അരിവാരീ ശേഷാചാർത്തി

3

ആടുക ദൈവമെന്റെ കരുവോനെ നോവെ
നോവാടീ എഴുന്നളളുവാൻ നേരമല്ലിപ്പോൾ

പാണ്ടിയനോടു ചെന്നു പടപൊരുതും കരുവോൻ
പാണ്ടീയൻ തിരുന്നാടൊന്നെ വെട്ടിപ്പിടിച്ചുതെ
ചോഴാവനോടു ചെന്നു പടപൊരുതും കരുവോൻ
ചോഴവൻ കുതിരയൊന്നു വെട്ടിപ്പിടിച്ചുതെ
ഏറനാട്ടുവാണാ സ്വരൂപത്തിങ്കലേക്കോ
മുൻനാടന്നു വേലകൾ സാധിപ്പൊനല്ലെ-
നെടിയിരുപ്പിൽ വാണതൊരു സ്വരൂപത്തിങ്കലെക്കോ
മുൻനാടന്നു വേലകൾ സാധിപ്പോനല്ലേ
4
ആ ആ ആടുക ദൈവമെന്റെ കരുവോനെ നോവേ.....ആ ആ
ളനാവാടി എഴുന്നള്ളുവാൻ നേരമില്ലപ്പോൾ.....ആ ആ
വെളുപ്പിച്ചാനുടകം ചാണാൽ ചന്ദനത്തോലെ
കറുപ്പിച്ച ചാന്താകിൽ നല്ല ചന്ദനം ദൈവോമെ
ആ.....ആ.....
ചന്ദനം കൊണ്ടല്ലാ ദൈവം കുറിവരച്ചു
കുങ്കുമം കൊണ്ടല്ലോ ദൈവം കുളിർക്കെ പൂശിതു
ആ.....ആ.....
അഞ്ജനം കൊണ്ടല്ലോ . ദൈവം കണ്ണെഴുതി
മുല്ലപ്പു കൊണ്ടെല്ലാ ദൈവം മുടിയിൽ ചൂടീതു
ആ.....ആ.....
അകിലും നെയ്യാൽ കൊണ്ടെല്ലാ ദൈവം അലങ്കരിച്ചു
പുഴുകും നെയ്യാൽ കൊണ്ടല്ലാ ദൈവം മുഖം മിനുക്കി
എടച്ചാന്താൽ കൊണ്ടെല്ലാദൈവം എടനറുക്കി
പൂറച്ചാന്താൽ കൊണ്ടെല്ലാ ദൈവം ഓരാടിച്ചു
എടുത്തു നീ വലത്തു വജ്റം കെട്ടീതു ദൈവോമെ
എടുത്തു നീ പിടിച്ച് പള്ളിവിൽ പടർശരാമെ
അരച്ചിട്ടങ്ങരമ്പുന്ന നല്ല തുരുമ്പൻ മുടിക്ക്
വിൽ പുറമെ പിടിച്ചതുണ്ട് വേട്ടയമ്പ്
നാലില്ല പാട്ടീനൂടെ നടുമുറ്റത്ത്
നട്ടഴകി വളരുന്ന നാഗമുല്ലയോ
നട്ടഴകി വളരുന്ന നാഗമുല്ലയ്ക്ക്
കെട്ടിട്ട പടുത്തിനാ നല്ല മണിത്തറയോ
കെട്ടിട്ടുപടുത്തി നല്ല മണിത്തറയ്മൽ
കോരിട്ടു നിറച്ചിനാ നെല്ലതിടങ്ങഴിയോ
മുക്കണ്ണൻ തേങ്ങയുടെ ഏറുകേൾപ്പു
ശിവനെഴുതി ശിത്തിരം കുറിച്ചപോലെ
അകത്തറയിൽ തപസ്സുചെയ്യും കരുവോമെ നോവെ....

പൊലിച്ചുപാടൽ അരിയും പൂവും പിടിച്ച് വലത്തിടൽ
കരിയാത്തന്റെ പൊലിച്ചുപാടൽ

ആടുകാ ദൈവമെന്റെ കരിയാത്തനോവെ
നോവാടി എഴുന്നള്ളുവാൻ നല്ലെനേരമല്ലെൻ ദൈവമെ
വാഴുകരൂപിണിയാരമ്മയെല്ലാ പെറ്റിതു ദൈ-
വത്തെ വാഴുകതിരുപിണിയാരമ്മയല്ലോ

മെയ്‌വളർത്തു ദൈവത്തെ-പിറന്ന-
തെല്ലാമുണ്ടെല്ലോ വില്ലികളെല്ലേ
വളർന്നതെല്ലാമുണ്ടല്ലോ വാഴികളെല്ലേ
വില്ലികളിൽ പിരിയതുണ്ടെല്ലാ വാഴികളെല്ലാ
വാഴികളിൽ പിരിയതുണ്ടെല്ലാ
മാടമ്പി പുനചേകവരെ കെട്ടിയെടു-
ത്തതുണ്ടെല്ലാ ചെമ്പടികെട്ടെ
കുലച്ചു ചാരിയതുണ്ടെല്ലാ പള്ളിവില്ല്
പടർശരമെ എടുക്കാൻ നടക്കാൻ
നമ്മുടെയോ പള്ളിവില്ലെൻ അല്ലേ
ഏറുക നമ്മുടെയോ കുലയാറായെല്ലാ
വാഴ്കരൂരാനയുടെ മസ്തകത്താളെല്ലാ
പള്ളിവില്ലൂന്നി ദൈവം വന്നു കരിച്ചാടുവേനെല്ലാ
ദൈവം വന്നോരെ മൂലാധാരാമെല്ലാ
വാണലർ കോട്ടയിലെ വാക്കുകേട്ടനല്ലോ
മേക്കരൂർ മേക്കേട്ടായിന്നേ നിലയിളകി ദൈവം
കീഴ്കരൂർ കീക്കോട്ടലേയ്ക്ക് ഇതുകൊണ്ടിനാരെല്ലാ
ആടുക ദൈവമെന്റെ കരിയാത്ത നോവേ
നോവാടി എഴുന്നള്ളുവാൻ നേരമല്ലിപ്പോൾ
ഏറനാട്ടുവാണ സ്വരൂപത്തിലേക്കേ
മുൻ നടന്നു വേലകൾ സാധിപ്പോനല്ലെ
ചെമ്പാടി കെട്ടിമ്മിൽ വന്നുറയാതെ കണ്ടെ
ചേടോകവാളുമ്മിൽ കളിച്ചാടുവാനെ
വീരിയമുള്ളാതോരു ചേലൂർ മയിലാടി
ഇതം പറഞ്ഞു ദൈവം കളിച്ചാടുവോമെ

കരിവില്ലിയുടെ പൊലിച്ചുപാടൽ

ദൈവോമേ ..... പൊലികെല്ലാ ...
പൊലികപൊലിക രാജാവേ ..... നോവേ .....
ഏ.....ഏ.....ഏ.....വാഴ്ക.....
പൊലികല്ലോ .....പോലികദൈവ.....
ത്തുടെ.....പടപൊലികരാജാവേ.....നോവേ.....
ഏ.....വാഴ്ക.....
മണ്ഡലോ.....കണ്ടല്ലേ.....മതിലറ
രാജാവേ.....നോവേ.....ഏ.....ഏ.....വാഴ്ക.
മതുവുന്താൻ.....ചൂടിനോരേ.....
കുടയറ രാജാവേ.....നോവേ.....വാഴ്ക.
തഴമുമ്പിൽ.....തണലാണ്ടേ.....ഇന്നുകേൾ
രാജാവ ..... നോവേ.....ഏ.....വാഴ്ക.
പീഠോം.....പുലിത്തോലെ.....
എനംപൊലിക രാജാവേ.....നോവേ.....വാഴ്ക
കാറു.....ഇടങ്ങഴിയെ.....അവപൊലിക
രാജാവേ.....നോവേ.....ഏ.....വാഴ്ക.....

വെട്ടുവാചകം ചൊല്ലൽ

വെള്ളാട്ടിലും തിറയാട്ടത്തിലും വെട്ടുവാചകം ചൊല്ലുകയെന്നത് അനുഷ്ഠാനപരമായ ഒരു ആചാരമാണ്. വാചകം പറയുകയെന്നാണ് സാധാരണ പറയാറുള്ളതെങ്കിലും ഒരു പ്രത്യേക ഈണത്തിലാണ് ചൊല്ലുന്നത്. അതുകൊണ്ടുതന്നെ തിറയാട്ടത്തിലെ ഗീതങ്ങളുടെ പട്ടികയിൽ വെട്ടുവാചകത്തിന്റെ ചൊല്ലുകളേയും പെടുത്താവുന്നതാണ് സന്നിഹിതരായ ലോകരോട് അനുവാദം വാങ്ങി ആട്ടവും അനുബന്ധ കാര്യങ്ങളും അവസാനിപ്പിക്കുകയെന്ന ധർമ്മമാണ് ഇവിടെ നിർവഹിക്കപ്പെടുന്നത്. തിറയാട്ടത്തിൽ വലിയ വെട്ടുവാചകമെന്നും വെള്ളാട്ടിൽ ചെറിയ വെട്ടുവാചകമെന്നും ഇവ വിശേഷിപ്പിക്കപ്പെടുന്നു.

വെട്ടുവാചകം വലുത്

വന്നേൻ കളിച്ചേൻ സന്തോഷിച്ചേൻ കാള-
ത്തിന്റെ ഓശയും കരിങ്കൊമ്പുതിരുവായു-
ണർച്ചയും കേട്ടാരെ എത്രയും മഹാകീർത്തി
സന്തോഷമാകയും , ചെയ്തെന്റെ അകമ്പടി ജനസ്വരൂപം
വാണോരെ എന്റെ നായനാരുടെ വലത്തെ
ചെവി കുളൂർക്കെ മൂന്നു കൂടി ഉരിയാടിക്കപ്പെട്ടത്.
പട്ടാങ്ങമെങ്കിൽ എത്രയും മഹാകീർത്തി
സന്തോഷമാകയും ചെയ്തെന്റെ അകമ്പടി
ജനസ്വരൂപം വാണോരെ എന്റെ ചന്ദന
മാറും ചതുരക്കുറിയും തൃക്കണ്ഠപ്രഭയും
തൃക്കാൽവിളയാട്ടവും കണ്ടാലെ
എത്രയും മഹാകീർത്തി സന്തോഷമാകയും ചെയ്തെന്റെ
അകമ്പടി ജനസ്വരൂപം വാണോരെ
എന്റെ നായനാരുടെ വലത്തെ ചെവികുളുർക്കെ
മൂന്നും കൂട്ടി ഉരിയടിപ്പെട്ടതും പട്ടാംഗമെങ്കിൽ എത്രയും
മഹാകീർത്തി സന്തോഷമാകയും ചെയ്തെന്റെ
അകമ്പടി ജനസ്വരൂപം വാണോരെ
തിരുവിളനാടമ്മ മുക്കോന്തിക്കാളി
അറയിൽ ഭഗവതി കോട്ടേലയ്യൻ
വേട്ടക്കരുമകൻ ഒരു കാവിൽ നിന്നൊരുകാവിൽ
പടപോക്കുലും വെട്ടിപ്പിടിച്ചു രണ്ടാ
യുധം തരുന്നുണ്ടെന്റെ അകമ്പടി
ജനസ്വരൂപം വാണോരെ
വാലേ പിടിച്ചു പുലിക്കുത്തുവാനും
ചെവിയരിഞ്ഞു നായാടുവാനും
ഇടയ്ക്കിടയ്ക്ക് നഞ്ഞിനും
നായാട്ടിനും പോകുമ്പോൾ തട്ടിക്കൂട്ടി

കണക്കൊപ്പിച്ചു തരുന്നുണ്ടെന്റെ
അകമ്പടി ജനസ്വരൂപം വാണോരെ
ഞാനെന്റെ കൊടുവൻകാവിൽ കരുമകന്റെ കരിങ്കോലമാടി
ഞാനെന്റെ മണ്ഡപത്തിൽ കുടിയിരിക്കുമ്പോൾ
അയിലും പൊയിലും അറിയാർ തക്കവണ്ണം മൂന്നും കൂട്ടി
ഉരിയാടി കേൾക്കുമാറാകട്ടെന്റെ ലോകരെ

വെട്ടുവാചകം ചെറുത്

ഏറനാടു സ്വരൂപത്തിനും നെടിയിരുപ്പ് സ്വരൂപത്തിനും
പണിയും പണിയാണ്ടു പള്ളി ഐമ്പോളത്തിനും
കെട്ടിച്ചുറ്റി ചേകിച്ചോരകമ്പടി ജനസ്വരപത്തിനും
കുടക്കീഴും തലക്കീഴും പള്ളിമാറാടിക്കും
ഏറിക്കെട്ടി കലഹിച്ചു വില്ലും വേലയും ചെയ്യുന്നൊരു പരദേവത
കാരണോരെ അനന്തിരക്കാരെ
എന്റില്ലം എന്റെതറയും നിറയപ്പുലി
എന്റെ കാവകത്ത് പലർക്കുണ്ടുവേല
കാര്യം സാധിപ്പാൻ പലരോടും കൂടി പറഞ്ഞെന്റെ
ഇലവെള്ളാട്ടു കയ്യേൽക്കട്ടെ ലോകരെ.

പാടിത്തെളിക്കൽ

ഏറയക്കളിയിലെ ഗീതങ്ങളാണ് പാടിത്തെളിക്കൽ എന്നു പൊതുവായി അറിയപ്പെടുന്നത്. പേരുപോലെ തന്നെ പാടിപ്പാടി കേൾവിക്കാരിൽ നവരസങ്ങളുടെയും അനുഭൂതി തെളിക്കുകയാണ് ഇതിലെ ചൊല്ലുകൾ. പ്രാദേശികമായി വട്ടക്കളി, പന്തലാട്ടം എന്നിങ്ങനെ വിവിധ പേരുകളിലും ഇത് അറിയപ്പെടുന്നു. അനുഷ്ഠാനപരമായ ആചാരമാണെങ്കിലും ഈ ഗീതങ്ങൾക്ക് ഒട്ടേറെ പ്രത്യേകതകളുണ്ട്. പ്രപഞ്ചത്തിലുള്ള സർവചരാചരങ്ങളും ഈ ഗീതങ്ങളിൽ പരാമർശിക്കപ്പെടുന്നു. എന്നുമാത്രമല്ല സാമൂഹ്യവിമർശനത്തിന്റെ ദ്വയാർഥ പ്രയോഗങ്ങളും ഈ ഗീതങ്ങളിൽ സുലഭമാണ്. തൂണിലും തുരുമ്പിലും ദൈവീകസാന്നിധ്യമുണ്ടെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗീതങ്ങൾ സ്തുതിപ്പുകളായും കരുതാവുന്നതാണ്.

പാടിത്തെളിക്കലിലെ ചൊല്ലുകളും തിറയാട്ടത്തിലെ മറ്റ് ഗീതങ്ങൾ പോലെ പരമ്പരാഗതമായി കേട്ടു പഠിച്ചു ചൊല്ലി വരുന്നവയാണ്. അതു കൊണ്ടുതന്നെ ഇതിന്റെയും രചനാകാലവും രചയിതാക്കളും അജ്ഞാതമാണുതാനും.

എഴുതിയെടുത്താൽ സാധാരണക്കാർക്കെന്നല്ല ആർക്കും ഉൾക്കൊള്ളാൻ കഴിയാത്തവയാണ് ഇതിന്റെ ചൊല്ലുകൾ. കുറച്ച് അക്ഷരങ്ങളും പരിമിതമായ പദങ്ങളും കൊണ്ട് ദീർഘമായി ചൊല്ലുന്ന പാടിത്തെളിക്കൽ കേൾവിക്കാർക്ക് ആസ്വാദ്യകരമാകുന്നത് തുടിയുടെയും താളത്തിന്റെയും നാദവിന്യാസത്തിലാണ്. ചൊല്ലി പഠിക്കേണ്ടതും ഇപ്പറഞ്ഞ നാദ വിന്യാസത്തിൽ തന്നെ. എങ്കിലേ അതിന് പൂർണത കൈവരൂ. ചുരുക്കിപ്പറഞ്ഞാൽ ഗുരുമുഖത്തുനിന്ന് നേരിട്ട് തുടിയുടെയും ഇലത്താളത്തിന്റെയും നാദതാളങ്ങളോടെ പാടിപ്പഠിച്ച് പാടിത്തെളിക്കലിനുള്ള അർഹതയും കഴിവും നേടുകയെന്നതുമാത്രമാണ് കരണീയം.

പ്രപഞ്ചത്തിലുള്ള എന്തും പാടിത്തെളിക്കലിന് വിഷയമാണെന്ന് പറഞ്ഞല്ലോ. ഏത് വിഷയത്തെപ്പറ്റിയാണ് പാടുന്നതെങ്കിലും അവസാനം കാവിലെ പ്രധാന ദൈവത്തിന്റെ സ്തുതിപ്പിലാണ് അവസാനിക്കുന്നത്. പാടുന്ന വിഷയങ്ങളെപ്പറ്റിയുള്ള വിശദീകരണങ്ങൾ ദൈവവുമായി സമരസപ്പെടുത്തി അതാത് കാവിലെ ദൈവത്തെ സ്തുതിക്കുന്നതായി പരിണമിക്കുന്നു. ഇവിടെ പരാമർശ വിധേയമാകുന്ന ഓരോന്നിനും പ്രത്യേകം പ്രത്യേകം താളങ്ങളാണുള്ളത്. സൂര്യചന്ദ്രന്മാർ, പൂവിറുക്കുന്ന കന്യകമാർ, മൽസ്യം, തത്തപ്പനങ്കിളി തുടങ്ങി ഏതിനെപ്പറ്റിയും എന്തിനെപ്പറ്റിയും ചൊല്ലുമ്പോൾ അല്ലെങ്കിൽ പാടുമ്പോൾ വ്യത്യസ്തതാളങ്ങൾ ഉപയോഗിക്കുന്നു. എന്നാൽ തുടങ്ങുന്നതിനും അവസാനിക്കുന്നതിനും പ്രത്യേകം പാട്ടുകളുണ്ട്. തുടക്കത്തിലും അവസാനത്തിലും ആ പ്രത്യേക പാട്ടുകൾ ചൊല്ലിയിരിക്കണമെന്നത് നിർബന്ധം തന്നെയാണ്. സമയ ദൈർഘ്യമനുസരിച്ച് പാട്ടുകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ആവാം.

പാടിത്തെളിക്കൽ കാവിലെ തിരുമുമ്പിലെ കുത്തുവിളക്കിനടുത്താണ് നടക്കുന്നത്. കുത്തുവിളക്കിനുചുറ്റും തുടികൊട്ടി ചൊല്ലുന്നയാളും ഏറ്റുചൊല്ലുന്നവരും മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെച്ച് പാടിത്തുടങ്ങുന്നു. ഓരോന്നിനെപ്പറ്റിയും ഒരു വട്ടം (ഏകദേശം പതിനഞ്ച് മിനിറ്റോളം) പാടിപൂർത്തിയാക്കിയതിനു ശേഷം താളവ്യത്യാസത്തോടെ അടുത്ത കാര്യത്തിലേക്ക് കടക്കുന്നു.

ഇതിനായി ഓരോന്നിനെപ്പറ്റിയുമുള്ള ഓരോ പാട്ടിനും വിവിധ താളങ്ങൾ തുടിയിൽ നിജപ്പെടുത്തിയിട്ടുമുണ്ട്. താളവ്യത്യാസത്തോടെയുള്ള ചൊല്ലലിനനുസരിച്ച് ചുവടുവെപ്പുകളുമുണ്ട്

മന്ദമായും ദ്രുതഗതിയിലുമുള്ള ചുവടുവെയ്പുകളും അതനുസരിച്ചുള്ള കൈമുദ്രകളും പാടിത്തെളിക്കലിന്റെ ആസ്വാദ്യതയ്ക്ക് മാറ്റ് കുട്ടുന്നു.

സമയദൈർഘ്യമനുസരിച്ചാണ് പാടിത്തെളിക്കലിലെ ചൊല്ലുകൾ അവതരിപ്പിക്കേണ്ടത് എന്ന് സൂചിപ്പിച്ചല്ലോ. എന്നാൽ എല്ലാ കാവുകളിലും നിർബന്ധമായും അവതരിപ്പിക്കുന്ന ചൊല്ലുകളുണ്ട്. അവ അവതരിപ്പിച്ചേ മതിയാകൂ.

പാടിത്തെളിക്കലിലെ ചൊല്ലുകൾ ഇപ്പോഴും ഗോത്രസമൂഹത്തിന്റെ ചൊല്ലുകളായിത്തന്നെ നിലനിൽക്കുന്നു. അങ്ങനെ തന്നെ തുടർന്നു കൊണ്ടുമിരിക്കുന്നു. കാലത്തിനനുസരിച്ച് യാതൊരു മാറ്റങ്ങളുമുണ്ടാകാതെ ഗോത്രത്തനിമയുടെ സങ്കേതത്തിൽ തന്നെയാണ് ഈ ചൊല്ലുകളുടെ നിലനിൽപ്. ഈ നിലനിൽപ്പാകട്ടെ ആദിവാസി സമൂഹത്തിന്റെ ജീവിതാവസ്ഥകളെ വ്യക്തമാക്കുകയും ചെയ്യുന്നു. വികാസം പ്രാപിക്കാത്ത ഭാഷയുടെ പ്രാഥമിക തലത്തിലാണ് ചൊല്ലുകളെല്ലാം. അതുകൊണ്ടുതന്നെ വളരെ കുറഞ്ഞ വാക്കുകൾ കൊണ്ട് ഈ ചൊല്ലുകളിലൂടെ ആശയപൂർണത കൈവരുന്നു; ഉപയോഗിക്കുന്ന വാക്കുകളാകട്ടെ തനി ദ്രാവിഡവും.

ഇന്നും പണിയർ ഉൾപ്പെടെയുള്ള ഒട്ടേറെ ആദിവാസി സമൂഹങ്ങൾ കാടിന്റെ ഓരങ്ങളിലാണ് വസിക്കുന്നത്. എന്നാൽ തിറയാട്ട കലാകാരന്മാർ നാട്ടിലും; തിറയാട്ടത്തിന്റെ അവതരണം നടക്കുന്നതാകട്ടെ നാട്ടിലെ കാവുമുറ്റങ്ങളിലും. എങ്കിൽ പോലും പാടിത്തെളിക്കലിലെ ചൊല്ലുകൾ യാതൊരു തരത്തിലും പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്നതിലുപരി ഗോത്ര സംസ്കൃതിയോട് ഇണചേർന്നു നിൽക്കുകയും ചെയ്യുന്നു. അതോടൊപ്പം ഈ ചൊല്ലുകൾ വനവാസികളുടെ ജീവിതസാഹചര്യത്തെ വിശദമാക്കുന്നുമുണ്ട്. അങ്ങനെയാണ് ആഹാരത്തിനുള്ള വേട്ടയാടലും വന്യമൃഗങ്ങളോടുള്ള ഭയസംഭ്രമങ്ങളും ദേവന് അർച്ചന നടത്താനുള്ള പൂക്കളും മൽസ്യബന്ധനവും രാജാക്കന്മാരും ദേവീദേവന്മാരുമെല്ലാം പാടിത്തെളിക്കലിലെ സജീവവിഷയമാകുന്നത്. ഈ സജീവത നില നിർത്തുന്നത് വളരെ

ചുരുങ്ങിയ വാക്കുകൾകൊണ്ടും പരമ്പരാഗതമായി കൈമാറി വരുന്ന ഈണവും താളവും കൊണ്ടുമാണ് . അതുകൊണ്ടു തന്നെ കേൾവിക്കാർക്ക് ആസ്വാദ്യകരമാവുകയും ചെയ്യുന്നു.

പാടിത്തെളിക്കലിലെ ചൊല്ലുകൾ വിശദമായി താഴെ ചേർക്കുന്നു . (1)

വാഴ്ക ..... പൊലികലോ .....

വാഴ്കാലോ ..... പൊലികേ .....

വാഴ്ക .... പൊലിച്ചിട്ടു ....

പാടുന്നു ..... ദൈവമേ .....

മുമ്പിൽ ..... ഗണപതി . .....

വാഴ്കല്ലോ..... പൊലിക .....

പിന്നെ ..... സരസ്വതി .....

വാഴ്കല്ലോ.... പൊലികേ ...

ഋഷി ..... പൊലികലോ .....

ഇന്ദ്രാദി ..... പൊലികേ .....

മാർത്താണ്ഡം ..... മഹർഷി .....

വാഴ്കലോ ..... പൊലികേ

മുപ്പതു..... മുക്കോടീ....

ദേവകൾ..... പൊലികേ.....

അറുപത്താറ് ..... ആയിരം .....

അസുരകൾ ..... പൊലികേ .....

പൂവു ..... പൊലികലോ .....

പുനർപൊലിക ..... ദൈവമേ .....

പൂവറുക്കും..... കന്യകമാർ.....

വാഴ്കല്ലോ.....പൊലികേ.....

കാവൂ.....പൊലികലോ.....

കളം പൊലിക.....ദൈവമേ.....

കളമിട്ടോ.....രാചാദ്യൻ.....

വാഴ്കലോ.....പൊലികല്ലോ.....

പന്തൽ.....പൊലികല്ലോ

കാൽപൊലിക.....ദൈവമേ.....

കാൽപൊലിക.....കൂറകൾ

വാഴ്കലോ.....പൊലികേ.....

നിന്നാടും.....തിരുമുറ്റം

വാഴ്കല്ലോ.....പൊലികേ.....

ഇരുന്നാടും.....ശ്രീപീഠം

വാഴ്കലോ.....പൊലികേ.....

ആടിക്കും.....തമ്പുരാൻ

വാഴ്കല്ലോ.....പൊലികേ.....
ആടുന്നോ.....രടിയാരും.....
വാഴ്കല്ലോ.....പൊലികേ.....
ആടുന്നോ.....രടിയാരും.....
വാഴ്കല്ലോ.....പൊലികേ.....
വീടു.....പൊലികലോ.....

വിധം.....പൊലിക.....ദൈവമേ.....
വീട്ടിലെ.....കാരണോർ.....
വാഴ്കല്ലോ.....പൊലികേ.....
നാടു.....പൊലികലോ.....
നഗരംതാൻ.....പൊലികേ.....
നാട്ടിലെ.....രാജാവും.....
വാഴ്കല്ലോ.....പൊലികേ.....
കരുമകൻ.....തമ്പുരാൻ.....
വാഴ്കല്ലോ.....പൊലികേ.....
എറവക്കണ്ടൻ.....ദൈവവും.....
വാഴ്കല്ലോ ..... പൊലികേ.....
2)
ഏലോലോം .....മേലേലോം.....
ഏലോലോം.....മാമ.....
ഏലോലോം.....പാടുന്ന.....
പാട്ടല്ലേ.... എന്തുവേ...
ഞാനൊരേ .....പാരീതം.....പാടുന്നതുണ്ടേ
ഞാനൊരേ.....പാരീതം മൂളുന്നതുണ്ടേ.....
ചെട്ടിച്ചീ.....മുറ്റത്ത്.....
പന്തം.....പുലാക്കിലേ.....
ഒരുകൂട്ടം.....കിളിപറന്നു
താഴത്തെ.....പുഞ്ചയില്.....
പുഞ്ചക്കതിർകൊത്തി.....
കൊമ്പത്ത്കൊണ്ടുവെച്ചു.....
ചുള്ളലൊടിച്ചിട്ട്.....
കൂടുമേ കൂട്ടുന്നേ.....
കൂട്ടിന്നകത്തു രണ്ട്.....
മുട്ടയുമിട്ടല്ലോ.....

മുട്ടയിട്ടൊട്ടുനാൾ.....
ചെല്ലുന്നനേരത്ത്.....
എന്നുണ്ണിപ്പൈങ്കിളിയേ.....തത്തപ്പനങ്കിളിയേ.....
തത്തപ്പനങ്കിളിയേ.....തത്തപ്പനന്തത്തെ.....
അവറ്റുടെ തലയെല്ലാം.....
പമ്പരക്കായ്കണക്കെ.....
അവറ്റുടെ കണ്ണെല്ലാം.....
കുന്നിക്കുരു കണക്കെ.....
അവറ്റുടെ കഴുത്തെല്ലാം.....

ചെറുനായ് കടഞ്ഞപോലെ.....
അവറ്റുടെ ചിറകെല്ലാം.....
പാരിൽ പറന്നപോലെ
അവറ്റൂടെ കാലെല്ലാം.....
ചെഞ്ചീരതണ്ടുപോലെ.....
എന്നുണ്ണിപ്പൈങ്കിളിയേ.....
തത്തപ്പനങ്കിളിയേ .....
തത്തപ്പനംതത്തേ.....
നീകൂടെപ്പോരുന്നോ.....
കാൽക്കുചിലമ്പണിയാൻ.....
നീക്കൂടെ പ്പോരുന്നോ.....
ചിറകിനു പൊന്നണിയാൻ.....
കാൽക്കുചിലമ്പണിഞ്ഞാൽ.....
ചിക്കിപ്പെറുക്കിക്കൂട.....
ചിറകിനുപൊന്നണിഞ്ഞാൽ.....
പാരിൽ പറന്നുകൂട.....
നീകൂടെ പോരുന്നോ.....
ചുണ്ടിനുപൊന്നണിയാൻ.....
നീകൂടെ പോരുന്നോ.....
കഴുത്തിന് മാലയിടാൻ.....
ചുണ്ടിനു പൊന്നണിഞ്ഞാൽ.....
കൊത്തിക്കൊറിച്ചുക്കൂട.....
കഴുത്തിന് മാലയിട്ടാൽ.....
കൊത്തിവിഴുങ്ങിക്കൂട.....
എന്നുണ്ണിപ്പൈങ്കിളിയേ.....

തത്തപ്പനങ്കിളിയേ.....
തത്തപ്പനങ്കിളിയേ.....
തന്തപ്പനംതത്തേ.....
മുറിയരിവാൾ എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
മുറിയരിവാൾ അല്ലേയോ.....
തിനയരിയാൻ കൊണ്ടുപോയി.....
ആ തിന എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ തിന അല്ലേയോ.....
പൊത്താച്ചി തിന്നുപോയി.....
ആ പോത്താച്ചി എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ പോത്തച്ചി അല്ലേയോ.....
മരം വീണടിഞ്ഞുപോയി.....
ആ മരം എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ മരം അല്ലേയോ.....
തച്ചൻമുറിച്ചുപോയേ.....
ആ ഉളി എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ ഉളി അല്ലയോ.....
കടലിൽ തെറിച്ചുപോയേ.....
ആ കടൽ എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ കടൽ അല്ലേയോ.....
മണലിട്ടു തൂർന്നുപോയേ.....
ആ മണൽ എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ മണൽ അല്ലേയോ.....
കൊട്ടയിൽ കോരിപ്പോയേ.....
ആ കൊട്ട എന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ കൊട്ട അല്ലേയോ.....
ദേവനു പൂവറൂത്തു.....

ആ പൂവങ്ങെന്തെയ്തോ.....
തത്തപ്പനങ്കിളിയേ.....
ആ പൂവങ്ങല്ലേയോ.....
ദേവന് മാല കെട്ടി.....
ആ മാല എന്തെയ്തോ.....
തത്തപനങ്കിളിയേ.....
ആ മാല അല്ലേയോ.....
ദേവന് മാല ചാർത്തി.....
3)
ഏലേലോ.....മേലേലോ.....
ഏലേലോ.....മാമ.....
ഏലോലോ പാടുന്ന.....
പാട്ടല്ലേ.....ഏന്തുവേ.....
ഞാനോരേ.....പാരീതം.....
പാടുന്ന.....തുണ്ടേ.....
ഞാനോരേ.....പാരീതം.....
മൂളുന്ന.....തുണ്ടേ.....
കിങ്കിണ്ണം.....ചെറുകിണ്ണം.....
കിണ്ണം.....പൊലികേ.....
കിണ്ണത്തിന്റെകത്തൊരു.....
പാൽക്കിണർതോണി.....
പാൽക്കിണറ്റിന്റെകത്തോരു
വാളമീൻ ചാടി.....
വാളമീൻ പിടിക്കുവാൻ.....
ചാട്ടൂളിവേണം...
ചാട്ടൂളിതീർക്കുവാൻ.....
കൊല്ലനാർ വേണം.....
കൊല്ലനാർ ആലയിൽ.....
തീയും ചമഞ്ഞേ.....
തീയെ ചെറുക്കുവാൻ
കാർക്കൊണ്ടിരുണ്ട മഴയും ചമഞ്ഞേ.....
കാർകൊണ്ടിരുണ്ട മഴയെ ചതിപ്പാൻ.....
പൂൽകൊണ്ടുമേഞ്ഞ.....
പൂരയും ചമഞ്ഞു.....
പൂൽകൊണ്ടുമേഞ്ഞ പുരയെ ചതിപ്പാൻ.....
വേലിമേൽ വെഞ്ചിതൻ.....

താനും ചമഞ്ഞേ.....
വേലിമേൽ വെഞ്ചിതൻ.....
തന്നെ ചതിപ്പാൻ.....
വീട്ടിലെ കൂറുകോഴി.....
താനും ചമഞ്ഞു.....
വീട്ടിലെ കൂറുങ്കോഴി.....
തന്നെ ചതിപ്പാൻ.....
കാട്ടിലെ കരിങ്കുറുക്കൻ.....
താനും ചമഞ്ഞു.....
കാട്ടിലെ കരിങ്കുറുക്കൻ.....
തന്നെ ചതിപ്പാൻ.....
വീട്ടിലെ കാളുനായ്.....
താനും ചമഞ്ഞു.....
വീട്ടിലെ കാളുനായ്.....
തന്നെ ചതിപ്പാൻ.....
നാട്ടിലെ രാജാവ്.....
താനും ചമഞ്ഞു.....
നാട്ടിലെ രാജാവ്.....
തന്നെ ചതിപ്പാൻ.....
വെളുത്തേടൻ ശ്രീരാമൻ
താനും ചമഞ്ഞു
വെളുത്തേടൻ ശ്രീരാമൻ
തന്നെ ചതിപ്പാൻ
വെള്ളത്തിൽ നീർക്കോലി
താനും ചമഞ്ഞു
വെള്ളത്തിൽ നീർക്കോലി
തന്നെ ചതിപ്പാൻ
മാനം പറക്കും
പരുന്തും ചമഞ്ഞു
4)
ഏലോലോ... മേലേലോ... ഏലോ... മേലോലോ.....
ഏലോലോ.....മേലേലോ.....ഏലോ....മേലോ...
ഏലേലം പാടുന്ന .....പാട്ടുമല്ലേ.....
ഏലേലം പാടുന്ന .....പാട്ടുമല്ലേ.....
ഞാനോരേ .....പാരിതം
പാടുന്നുണ്ടേ.....ഞാനോരേ പാരീതം.....

മൂളുന്നുണ്ടേ.....
മയിലെയ്യാൻ പോകണ്ടെ പാണ്ഡുരാമാ....
മയിലെയ്യാൻ പോകണ്ടെ പാണ്ഡുരാമാ.....
മയിലെയ്യാൻ പോയാലങ്ങെന്തുകിട്ടും...
തൂവലും കിട്ടുമിറച്ചികിട്ടും.....
അന്നന്തിവിളക്കിനു നെയ്യും കിട്ടും
അതുകേട്ടാൽ നമ്മുടെ പാണ്ഡുരാമൻ
അതുകേട്ടാൽ നമ്മുടെ പാണ്ഡുരാമൻ
നൂൽവല കെട്ടുന്നോൻ പാണ്ഡുരാമൻ
നൂൽവല കെട്ടുന്നോൻ പാണ്ഡുരാമൻ
കൊട്ടമെടയുന്നോൻ പാണ്ഡുരാമൻ
കൊട്ടമെടയുന്നോൻ പാണ്ഡുരാമൻ
കുളിർമണിത്തോട്ടിലെ നീർകുടിപ്പാൻ
കുളിർമണിത്തോട്ടിലെ നീർകുടിപ്പാൻ
വന്നിറങ്ങുന്നു മയിലും കുയിലും
വന്നിറങ്ങുന്നു മയിലും കുയിലും
വല കൊണ്ടു കെണിക്കുന്നോൻ പാണ്ഡുരാമൻ
വല കൊണ്ടു കെണിക്കുന്നോൻ പാണ്ഡുരാമൻ
ആട്ടിയടുപ്പിച്ചാൽ പാണ്ഡുരാമൻ
അട്ടിയടുപ്പിച്ചാൽ പാണ്ഡുരാമൻ
വലയിൽ കുടുങ്ങുന്നു മയിലും കുയിലും
വലയിൽ കുടുങ്ങുന്നു മയിലും കുയിലും
കൂട്ടമിട്ടാർക്കുന്നു മയിലും കുയിലും
കൂട്ടമിട്ടാർക്കുന്നു മയിലും കുയിലും
കൈക്കൊട്ടിചിരിക്കുന്നു പാണ്ഡൂരാമൻ
കൈയ്ക്കൊട്ടി ചിരിക്കുന്നു പാണ്ഡുരാമൻ
കഴുത്തുമുരുണ്ടുന്നു പാണ്ഡുരാമൻ
കഴുത്തുമുരുണ്ടുന്നു പാണ്ഡുരാമൻ
കൊട്ടയിലാക്കുന്നു പാണ്ഡുരാമൻ
കൊട്ടയിലാക്കുന്നു പാണ്ഡുരാമൻ
പീലി പറിക്കുന്നോൻ പാണ്ഡുരാമൻ
പീലി പറിക്കുന്നോൻ പാണ്ഡുരാമൻ
തൂവൽ പറിക്കുന്നോൻ പാണ്ഡുരാമൻ
തൂവൽ പറിക്കുന്നോൻ പാണ്ഡുരാമൻ
തൂവൽ പറിച്ചവൻ അമ്പും കെട്ടി
പീലി പറിച്ചുമുടിയും കെട്ടി

അടുന്നു പാടുന്നു പാടുന്നു രാമൻ
പീലിമുടിവെച്ചിട്ടാടുന്നു രാമൻ
ആടുന്നു പാടുന്നു പാടുന്നു രാമൻ
മഞ്ഞളും പൂശിക്കൊണ്ടാടുന്നു രാമൻ
(5)
ഏലേലോ ... മേലേലോ.....
ഏലേലോ...മാമാ...
ഏലേലോം പാടുന്ന
പാട്ടല്ലേ.... ന്തുവേ...
ഞാനോരേ... പാരിതം....
പാടുന്നതുണ്ടേ....
ഞാനോരേ... പാരീതം
മൂളുന്നതുണ്ടേ
ഏല..... മലവെട്ടി....
പോരുന്ന.... നേരം
വന്നങ്ങ...ടുത്താൻ പോൽ
മലപ്പുലീ... തനിയൻ
കൈയ്യും.... പരത്തിക്കൊണ്ട്
അണയുന്നാൻ..... പുലിയേ....
മീശപി.... രിച്ചുംകൊ....
ണ്ടണയുന്നാൻ....പുലിയേ....
ണ്ടണയുന്നാൻ.... പുലിയേ....
പല്ലുംക...ടിച്ചും കൊ.....
ണ്ടണയുന്നാൻ.... പുലിയേ...
വായും പി.... ളർന്നുകൊ.....
ണ്ടണയുന്നാൻ..... പുലിയേ
വായും പി..... ളർന്നുകൊ.....
ണ്ടണയുന്നാൻ.... പുലിയേ
കാലും പി...ണച്ചുകൊ....
ണ്ടണയുന്നാൻ..... പുലിയേ...
അയ്യോ.... പുലിയെന്നെ.....
കൊല്ലും.... കൊല്ലുവേ....
അയ്യോ... പുലിയെന്നെ....
തിന്നും..... തിന്നുവേ....
അയ്യോ..... പുലിയെന്നെ....

കൊല്ലായ്..... കിലുവേ....
അയ്യോ.....പുലിയെന്നെ.....
തിന്നായ്കി.....ലുവേ.....
കൊല്ലവും..... കോരംകൊണ്ടി.....
ളമിയിലാ.....തടിയൻ
ചെത്തിയ.....ടിച്ചു
വിളക്കുമേ.....വെച്ചു
പന്തലു.....മിട്ടു.....
പഴക്കുലാ.....തൂക്കി...
ഞാനൊരേ.....മയിലാട്ടം
കിളിപ്പിക്കുന്നു...ണ്ടേ
(6)
ഏലേലോം.... ഏലേലാം... ഏലലോം മാമ....
ഏലേലംപാടുന്ന പാട്ടല്ലേ ഭൂവേ....
ഞാനൊരേ പാരിതം പാടുന്നതുണ്ടേ
ഞാനൊരേ പാരിതം മൂളുന്നതുണ്ടെ
ഏലാമലവെട്ടിപോരുന്ന നേരം
തോട്ടീന്നൊരുകഷ്ണം ചക്കകെട്ടി ഉവ്വേ...
ചക്കയും നന്ന് കുരുവും നന്നളിയാ
മടൽ നന്ന് ചൂളനന്ന് ചകീണി നന്നളിയാ...
അതിറ്റാലൊരോതി കൊടുവാഞ്ഞീട്ടല്ലേ..
ഏറെ കരയുന്നു. തലചൊറിച്ചിമാതാ
ഏലോം.... ഏലോം..ഏലേലോം...
ഏലാം കോട്ടക്കൽ മാതപ്പാ
ചത്തുകിടക്കുന്ന മുത്തപ്പാ
പന്തലാട്ടിനു പോകണ്ടെ?
പണ്ടൊരു കാലം പോയിട്ടല്ലേ
കാരിയമൊന്നും ചൊവ്വല്ല
കോമണം കൊണ്ടു കൊടപ്പൂലും
ശൂരമ്പു കൊണ്ടു കൊടുപ്പുതരാ
ഉള്ളിലുമുത്തൊരു കണ്ണിലടി
മഞ്ഞളുപൂശി മണിയും കെട്ടി
ആറ്റിലിളയൊരു കണ്ണിലടി
ഒറ്റത്തൂടി മുട്ടി തോറ്റം ചൊല്ലി
എന്തേ ദൈവം പോരാത്തെ
കൊട്ടും പാട്ടും പോരാഞ്ഞിട്ടോ

എന്തേ ദേവം പോരാത്തെ
വെള്ളരി വെറ്റില പോരാഞ്ഞിട്ടോ
എന്തേ ദൈവം പോരാത്തെ
ചാന്തും ചന്ദനോ പോരാഞ്ഞിട്ടോ

അന്നു തച്ച തുടിയല്ലേ
ഇന്നും ഞങ്ങളും തല്ലുന്നെ
അന്നുപാടിയ പാട്ടല്ലേ
ഇന്നും ഞങ്ങളും പാടുന്നെ
തെളിപ്പൂ തെളിപ്പൂ തെളിപ്പൂ തെളിക
കരുമകൻ തമ്പുരാൻ താൻ തെളിക
കരിയാത്തൻ തമ്പുരാൻ താൻ തെളിക
തെളിപ്പൂ തെളിപ്പൂ തെളിപ്പൂ തെളിക
എറവക്കണ്ടൻ ദൈവവും താൻ തെളിക
തെളിക തെളിക ദൈവമേ
എറക്കണ്ടൻ താൻ തെളിക ദൈവമെ
അപ്പവും വാഴപ്പഴവും വെച്ചുവിളിക്കും ദൈവത്തിന്
അപ്പവും വാഴപ്പഴവും വെച്ചു വിളിച്ചാൽ ദൈവമെ
ചാന്തും ചന്ദനവും വെച്ചുവിളിക്കും ദൈവത്തിന്
ചാന്തും ചന്ദനവും വെച്ചുവിളിച്ചാൽ ദൈവമെ
വെള്ളരിയും വെറ്റിലയും വെച്ചുവിളിക്കും ദൈവത്തിന്
വെള്ളരിയും വെറ്റിലയും വെച്ചുവിളിച്ചാൽ ദൈവമെ
കാവും ഇടങ്ങഴിപീഠം പുള്ളി പുലിത്തോല്
അത്താഴം ഊണുറക്ക് തേങ്ങയേറ് തിരുവെയ്പിനാർഥം
കാവിനലങ്കാരം കാളമദ്ദളം ഉരുളോശ
കരിങ്കൊമ്പുടെ തിരുവായുണർച്ചയ്ക്കും
നൂറ്റാണ്ടുവാഴും വീതിയുള്ള
എറവക്കണ്ടൻ നോവേ
ആടുക ദൈവമെന്റെ
എറവക്കണ്ടൻ നോവേ
നോവാടി എഴുന്നള്ളുവാൻ നല്ലനേരമല്ലേ ദൈവമേ
ക്ക.....ക്ക.....ക്ക.....
തുട്ടണ്ടടട്ടെയിം.....തുടട്ടണ്ട.....ടെട്ടയിം
ട്ടടണ്ടട്ടടെടുയിം.....ട്ടടണ്ടട്ടടെടുയിം

സമയദൈർഘ്യമനുസരിച്ചാണ് പാടിത്തെളിക്കലിലെ ചൊല്ലുകൾ അവതരിപ്പിക്കുന്നതെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നിർബന്ധമായും അവതരിപ്പിക്കേണ്ട ചൊല്ലുകളുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗണപതി ചൊല്ലിയതിനു ശേഷം സമയമുണ്ടെങ്കിൽ മുൻപറഞ്ഞവയെല്ലാം പൂർണമായും ചൊല്ലി അവതരിപ്പിക്കാം. ഒന്നിനെ സമയമുള്ളുവെങ്കിൽ അങ്ങനെ.

ശ്ലോകങ്ങൾ

തിറയാട്ടത്തിലെ ചില അനുഷ്ഠാന കർമങ്ങൾക്ക് ശ്ലോകങ്ങൾ ചൊല്ലുകയെന്നത് വളരെ പ്രധാനമാണ്. തിറക്കോലം പുറപ്പെട്ടു കഴിഞ്ഞാൽ കോലം ചെയ്യേണ്ടതായ ചില അനുഷ്ഠാനകർമങ്ങളുണ്ട്. ഈ അനുഷ്ഠാനകർമങ്ങൾക്കാണ് ശ്ലോകങ്ങൾ ചൊല്ലുന്നത്. ഉത്തമത്തിലും മധ്യമത്തിലുമുള്ള അനുഷ്ഠാനകർമങ്ങളെപ്പറ്റി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇവിടെ ഉത്തമത്തിലും മധ്യമത്തിലും നടത്തുന്ന കർമങ്ങൾക്കുള്ള ശ്ലോകങ്ങൾ വ്യത്യസ്തങ്ങളാണ്. ഭഗവതി സങ്കൽപ്പത്തിലാണ് ഏറ്റവും കൂടുതൽ കർമങ്ങൾ നടക്കുന്നത്. സ്വസ്തിക കളത്തിനും സ്വസ്തികക്കളത്തിൽ നിറം പകരുന്നതിനും വട്ടക്കളത്തിനും പാലും പൊടിപൂജയ്ക്കും കോഴിവെട്ടിനുമെല്ലാമുള്ള ശ്ലോകങ്ങൾ താഴെ കൊടുക്കുന്നു.

സ്വസ്തികക്കളത്തിൽ നിറം പകരുന്നതിനുള്ള ശ്ലോകം

പൂർവേ പച്ചയൊടാശി ദക്ഷിണേ കരി
ഉത്തരഭാഗേ ചേർത്തിടുക സിന്ദൂരം
പീതാംബര വർണം പശ്ചിമം

സ്വസ്തികക്കളത്തിൽ ശ്ലോകം

ആര്യാഷ്ടകം
ഹരി...ഓം...ഏം...ഓം...
ബ്രഹ്മര്യാഷ്ടക ശതം നാമം
വക്ഷേൽ സർവ യഥാസുഖം
ഭക്തനാം ദേവിശ്രദ്ധായാം
ലഭതേം അർഥസംശയാൽ
ആര്യകാർത്യായനി, ഗൗരി, കുമാരി, വിന്ധ്യാവാസിനി
വാഗ്വേശ്വരി മഹാമായെ കാളിങ്കകാളധാരിണി
യോണ സംഹാരിണി, രൗദ്രേ, സ്ഥൂലജംഘീ, മഹേശ്വരി
ചട്ടാംഗധാരിണിചണ്ഡി, രോഷിണി മഹിഷാന്തകി
ഭസ്മിനി, ഗന്ധനി, ദുർക്ഷെ, ഗാന്ധർവികലഹപ്രിയെ
വികാരാളി, മഹാകാളി, ഭദ്രകാളി, തരംഗിണി
വാരുണെ ഗഹനെ കൃഷ്ണെ
മേദനി ചേദനി ശിവെ
അഗ്രിണി ഗ്രാമിണി നിദ്രേ വിമാനെ ശീഘ്രകാമിനി
ചണ്ഡഭേദിമഹാമായെ
വീരഭദ്ര പ്രജാപതി
കരാളി ഭൈരവിരൗദ്രേ
അഷ്ടഹാസിക കപാലിനി
ചാമുണ്ഡേ രക്ത ചാമുണ്ഡെ
ആഘോരേ ഘോര രൂപിണി
വിരൂപ്രതിമഹാരൂപേ

സ്വരൂപേ സഹസ്രപ്രിയേ
അജയവിജയേ ദേവി
അജിതേ അപരാജിതേ
ധരണി ധാരിണി ധാത്രി
പാപനാശിനി വസുന്ധരി
സ്വർണിനി ലലാടാക്ഷിക
കവർധിനി സിംഹവാഹിനി
കദ്രുവിനിത സാവിത്രി
സത്യവാദിത്വം അരുന്ധതി
കൗശികത്വം മഹാലക്ഷ്മി
വിദ്യേ മേധേ സരസ്വതി
ത്രിമ്മികേചത്രിസന്ധ്യേച
ത്രിമൂർത്തി ത്രിപുരാന്തകി
ഖഡ്ഗകേടകയൂരിചശംഖുചക്രധനുർദ്ധരി
രേവതീത്വം ജഗന്നാഥെ വിദ്യാം വേദമാതരെ
പാർവതി സാർവതിസിദ്ധരൂപേ
ശ്രേഷ്ഠ ഉഷെ ഉമെ
അമരെ അംബികെ ലീലെ
ഹാഹാഹുങ്കാര നാദിനി
നാരായണി വിശ്വരൂപെ
മേരൂർ മന്ദരവാസിനി
കാവേരി, കനകേ ഗംഗേ
യമുനെച സരസ്വതി
താമ്രവർണി ഗൗതമീച
ദണ്ഡകീ, ഭയനാശിനി
ഇത്യാർഷ്ടക ശതംനാമം
ചതുർവക്ഷേണ ഭാഷിതം
ശ്രദ്ധായുക്തം ത്രിസന്ധ്യേശ്ച
യേൽ പഠേൽ സ്തോത്രമൂത്തമം
ജലേർപാപിസ്ഥലേർപാപി
ചോരപീഠവിനാശിനി
സംഗ്രാമെരാജസംഘട്ടെ
വ്യാധിതെ ശത്രു പീഠിതേ
ബന്ധനെ നിഗളെ വ്യാപി
ദുഃഖിതേചമഹാഭയെ

ഭവവജ്ഞാന ഭവേരാത്ര
തരണെ ദുരിതാർണവം
സർവപാപവിശുദ്ധ്യാന്നു
ശ്രീ ആര്യ ലോകം സരസ്വതി
ശ്രീ ആര്യലോകം സരസ്വതി
ശ്രീ ആര്യ ലോകം സരസ്വതി

വട്ടക്കളത്തിൽ ശ്ലോകം

ശ്രീപത്മത്തിന്റെ രൂപങ്ങൾ
പറയാം കേൾക്കുക തന്ത്രികൾ
മക്കോണം ദളവും മൂന്നു
വീഥിവൃത്തം നറുകഥ
പിന്നേയും വേണമെന്നോർക്കൂ
പുണ്യമാം വീഥിവൃത്തവും
ചുവടെ പീഠവും വേണം
അതിന്റെ രൂപമിങ്ങനെ
മധ്യത്തിൽ ശംഖുരണ്ടെണ്ണം
കാലുകൾ രണ്ടു ഭാഗം
അതിനായങ്ങുവേണ്ടുന്ന
സാധനങ്ങൾ പറഞ്ഞീടാം
കൃഷ്ണപൊടിയതുവേണം
നാഴിമൂന്നുമതപ്പോഴേ
അരിപ്പൊടി അതും നാഴി
രണ്ടുവേണമതെന്നുമേ
മഞ്ഞപ്പൊടിയും വേണം
നാഴിയൊന്നു ധരിക്കൊലാ
പച്ചപ്പൊടിയും തന്നെ
ഉരിയെന്നുമതോർക്കലാ
നേദ്യത്തിനുള്ളതെല്ലാമേ
പറയുന്നുണ്ടുഞാനിഹ
വെള്ളരിയിലയെട്ടിങ്കൽ
മുന്നാഴിശ്ശങ്ങുവീതവും
അവ്വണ്ണം തന്നെവെക്കേണം
അവിലും ഇലയെട്ടിലും
പച്ചത്തേങ്ങാ എട്ടുവേണം
പഴവും കുലയൊന്നുമേ

ശർക്കരാ അപ്പവും വേണം
മലരും ഇളനീരുമായി
വെറ്റില പതിനാറങ്ങു
അടയ്ക്കാ കഷ്ണവും-തഥാ
നറുക്കും തിരിയും വേണം
മുപ്പത്തഞ്ചെണ്ണമോർക്കുക
പാലും പൊടിയും നേദിക്കു
മന്ത്രധ്യാനങ്ങളോടെയും
നിവേദ്യം പൂജ ചെയ്തിട്ട്
പിന്നെ കയ്യിഷ്ടമേൽക്കുക
ശേഷം കളം വണങ്ങീട്ട്
പട്ടും വെള്ളയുമായുടൽ
മേലാപ്പുകൂടി ചാർത്തേണം
മറക്കരുതതൊട്ടുമേ
കാണിവേണ്ടതുവാങ്ങീട്ട്
ഉദ്ധ്വസിപ്പിച്ചു കൊള്ളുക
ഇങ്ങനെ ചെയ്തുകൊണ്ടലോ
ശുഭം ഭവതുനിശ്ചയം

ഓരോ പുരുഷന്റെ കർമങ്ങൾ
ആദ്യമായി ചെയ്തുകൊള്ളുക
നവഖണ്ഡം രചിച്ചിട്ട്
രാഹുരൂപം വരയ്ക്കണം
ഗണേശപൂജയും വേണം
നിവേദ്യം വെച്ചുകൊണ്ടഥ
അതിന്നു വേണ്ടതെല്ലാമേ
പറയുന്നുണ്ടുഞാനിഹ
നെല്ലിടങ്ങഴി ഒന്നല്ലോ
അരിയും നാഴിയുമൊന്നുമാം
അവിലും മലരും പിന്നെ
അരിയും പഴവും തഥാ
നാളികേരം രണ്ടുവേണം
ഇളനീരൊന്നുമങ്ങിനെ
അപ്പവും തരിയും വെല്ല
എന്നിത്യാദികളൊക്കെയും
നറുക്കും തിരിയും വേണം

ഒമ്പതെന്നുമോർക്കുക
നിവേദ്യം വെച്ചു ചെയ്യേണം
കർമങ്ങൾ വിധിപോലെയാം
തർപ്പണത്തിനു വേണല്ലോ
പാലും പൊടിയുമങ്ങിനെ
അല്ലാഞ്ഞാൽ ദോഷമൊട്ടേറെ
വരുമെന്നു ധരിക്കൊല
നാഗദോഷങ്ങളും പൂന
ഒടിയും കലിയും ഭ്രാന്തും
പ്രേതാപസ്മാരബാധയും
യക്ഷ, രാക്ഷസ, ഗന്ധർവൻ
ശത്രുപീഡകളെന്നുമേ
പനിയും പലതായുള്ള
ദോഷമെല്ലാം ശമിച്ചിടും

പാലും പൊടിപൂജയ്ക്കുള്ള ശ്ലോകം

ഓം...ബാലനാർമതുർത്തെഴുന്ത്
മഹാദേവൻ നെറ്റിക്കണ്ണിൽ
നീലമാം നീല കണക്കെ
ഉതിംമ്പട ഉദിച്ചദേവി
അഞ്ചില ദേവി അഖിലേശ്വരി
പഞ്ചമാം ഭൂതം നിർത്തി
പരിപൂർണമണിഞ്ഞുനിൽക്കും
തക്കവാറൊഴിക വാറോ
ദാരികൻ പെരികവാറോ
മങ്കവാർ മണത്തെ കേട്ട്
അങ്കുശം കൺ ചുവക്കും
അംഗമെല്ലാം വിയർക്കുന്നിപ്പോൾ
ഓരോരോ വചനം ചൊല്ലി
ഉലകിന് ബലിചമപ്പാൻ
വാഴ്ക നീ മകളെ പോറ്റി
അരയാൽ അത്തിയ്ക്കെന്നും
പേരയാൽ ഇത്തിയ്ക്കെന്നും
തെച്ചിമുല്ലയ്ക്കെന്നും
ആദിമഹാദേവർ നല്ലച്ഛൻ

വെച്ചോരു പാലും പൊടിയും
ഇമ്രപൂജയും കയ്യേറ്റ്
തൃപ്തിയും തിരുവുള്ളമായാരെപ്പോലെ
ഇന്നടിയാൻ വെയ്ക്കുന്നോരു
പാലും പൊടിയും ഇമ്രപൂജയും
കയ്യേറ്റ് തൃപ്തിയും തിരുവുള്ളമായി-
രിക്കണെ ശ്രീമൂല മൂക്കണ്ണനെതായെ, തമ്പുരാട്ടി
ദേവിപാദം നാമം നമസ്തെനമസ്തെഹരി

ഉത്തമഗുരുതിക്കുള്ള ശ്ലോകം

രക്തഗീരരക്തവക്ത്രം കരിവരവില
സൽഭൂത പൈശാഖവൃന്ദം ഘോരം
ഘോരാട്ടഹാസം കരകടിതകപാ-
ലം ത്രിനേത്രം ത്രിരൌദ്രം ശത്രുണാം
പ്രാണഹന്തിം സശിശുമകുടം ഭാവ
യെൽ ഭദ്രകാളീപാദം നമസ്തെ
നമസ്തെ ഹരിശ്രീപാദം നാമം
നാമം നമസ്തേ നമസ്തേ ഹരി

കോഴിവെട്ടിന്റെ ശ്ലോകം

മുപ്പുരവൈരിതന്റെ
മൂക്കണ്ണിൽ പിറന്നാളമ്മെ
ശക്തിചാമുണ്ഡിനി, ശങ്കരവല്ലഭേ
മണ്ണിലോക പള്ളിക്കിന്ന്
മാതാവായിരുന്നുകൊണ്ട്
കൊല്ലവും കൊടുങ്ങല്ലൂര്
ഇഴുവൻ തുളുവനാട്
കാന്താവൂർ കണ്ണന്നൂര്
പാലപ്പെട്ടിമൂല സമ്പ്രദായെ
കൊന്നേൻ കണ്ടേൻ ആവേത്താന്റെ
മധുരയിൽ യോഗി ചോപ്പന്റെ
നന്തുണി തേർക്കളം പാട്ട് കേട്ട്
ഹിതമാനാം വടക്കിൻ വാക്കിൻ വാതിൽക്കൽ
വാളോട് ചെപ്പ് കണ്ണാടി പീഠവും
വെച്ചുകൊണ്ട് ദാരികനായി

കുവുന്നോരു കോഴിതൻ

ശിരസ്സെവെട്ടി

രക്തം ഞാൻ അർപ്പിക്കുമ്പോൾ

കാട്ടമ്മെ നീട്ടുകാവാലം

വായ്നിറത്തേറ്റ് കൊൾവാൻ

കോഴിച്ചോര ശ്രീഭദ്രമാം ഭദ്രകാളി

നാമം പാദം നമസ്തെ നമസ്തെ ഹരി

മന്ത്രങ്ങൾ

തിറയാട്ട ചടങ്ങുകളെല്ലാം പൂർത്തിയായതിനുശേഷം ഏഴാം ദിവസം കാവിന്റെ തിരുനട തുറക്കുന്നതുവരെ ദൈവം സുഷുപ്തിയിലാകുന്നതിനെപ്പറ്റി മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഈ സുഷുപ്തിക്കായി മന്ത്രം ചൊല്ലി ആ മന്ത്രശക്തിയാൽ ദൈവത്തെ കൂടികൂട്ടുന്നു. മലദൈവങ്ങൾക്കും ഭഗവതിക്കും പ്രത്യേകം പ്രത്യേകം മന്ത്രങ്ങളാണുള്ളത്. ഈ മന്ത്രങ്ങൾ ഉരുവിടുന്നത് രഹസ്യമായിട്ടല്ലെങ്കിലും മറ്റാർക്കും കേൾക്കാൻ കഴിയില്ല എന്നത് മന്ത്രങ്ങളുടെ രഹസ്യസ്വഭാവം വ്യക്തമാക്കുന്നു. ഗുരുതുല്യനായ മൂത്തപെരുമണ്ണാന്റെ മന്ത്രമർമരത്തോടെയാണ് ദൈവം സുഷുപ്തിയിൽ ലയിക്കുന്നത് എന്നാണ് വിശ്വാസം.

ഈ മന്ത്രങ്ങൾ എഴുതിയോ കേട്ടോ പഠിക്കുന്നതല്ല, അതിന് കഴിയുകയുമില്ല. ഒരു വ്യക്തി തിറയാട്ടത്തിലെ സർവ ആചാരങ്ങളും അനുഷ്ഠാനങ്ങളും പൂർണമായി പഠിച്ചു എന്ന് ഗുരുവിന് ബോധ്യമാകണം. പഠിച്ചാൽ മാത്രം പോര ഈ മന്ത്രമർമരത്തിന് അയാൾ അർഹനാണെന്ന് ഉറപ്പുണ്ടാവുകയും വേണം. എങ്കിൽ മാത്രമെ ഈ മന്ത്രോപദേശം ഗുരു നൽകുകയുള്ളൂ. ഈ മന്ത്രോച്ചാരണത്തിന് പ്രത്യേക താളങ്ങളോ ഈണങ്ങളോ ഒന്നുമില്ല. പ്രകൃതി പോലും നിശ്ചലമായ ഒരു ദിവ്യാന്തരീക്ഷത്തിലാണ് ഈ മന്ത്രമർമരം. മന്ത്രോപദേശവും അങ്ങനെതന്നെ. ഒരു വിശുദ്ധരഹസ്യമായി കരുതുന്നതിനാൽ ഈ മന്ത്രങ്ങൾ രേഖപ്പെടുത്താനുമാവില്ല.

.

അധ്യായം പതിനാറ്

കോമരങ്ങൾ



കോമരങ്ങൾക്കധിപനായിരുന്ന
പട്ടയിൽ കേളുകുട്ടി കോമരം

തറവാടുകളുമായി ബന്ധപ്പെട്ടാണ് കാവുകളിലെ ചടങ്ങുകളും അനുഷ്ഠാനങ്ങളും ആചാരങ്ങളും നടക്കുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. മിക്കവാറും കാവുകളെല്ലാം തന്നെ തറവാടിന്റെ കന്നിമൂലയിലാണ് സ്ഥിതിചെയ്യുന്നത്. തറവാടിന്റെ കുടുംബദേവതകളാണ് കാവുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഭഗവതി ഉൾപ്പെടെയുള്ള ദൈവങ്ങളെല്ലാം തന്നെ. ഒരു കാലത്ത് തറവാടുകളുടെയും ദേശത്തിന്റെയും ആദരവിനും ആരാധനയ്ക്കും പാത്രമായിരുന്ന കുടിവെച്ചമൂർത്തികളും കാവുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള തിനെപ്പറ്റിയൊക്കെ നേരത്തെ വിശദീകരിച്ചിട്ടുണ്ട്.

കാവുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദൈവങ്ങളുടെ പ്രതിരൂപങ്ങളായി വെളിച്ചപ്പെടുന്നവരാണ് കോമരങ്ങൾ. ദൈവത്തിന്റെ ഇംഗിതങ്ങൾ, തറവാട്ടിലും ദേശത്തും സംഭവിച്ചുകൊണ്ടിരിക്കുന്നതും സംഭവിക്കാൻ പോകുന്നതുമായ കാര്യങ്ങൾ, അത്തരം കാര്യങ്ങളിലെ നന്മതിന്മകൾ, അതിനുള്ള പ്രതിവിധികൾ എന്നിവയെല്ലാം കോമരങ്ങളിലൂടെയാണ് വെളിപ്പെടുന്നത്. ഇത്തരം വെളിപാടുകൾ കൃത്യമായിരിക്കുമെന്നും അതിനനുസരിച്ച് ഭാവികാര്യങ്ങൾ രൂപപ്പെടുത്തണമെന്നും തറവാട്ടംഗങ്ങളും ദേശക്കാരും വിശ്വസിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ തറവാടുകളിൽ കോമരങ്ങളുണ്ടാകുന്നത് ദൈവനിശ്ചയമാണ്. ആ ദൈവനിശ്ചയം കർശനമായി പാലിക്കപ്പെടുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ടത് തറവാട്ടംഗങ്ങളുടെ കടമയാണ്.

തറവാട്ടിലെ ഒരംഗത്തിനോ ഒന്നിലധികം അംഗങ്ങൾക്കോ കോമരമാകുന്നതിനുള്ള നിയോഗമുണ്ടാകും. പരമ്പരാഗതമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കീഴ്വഴക്കം മാനുഷജന്യമല്ല; പൂർണമായും ദൈവീകനിയോഗം മാത്രമാണ്. വീട്ടുകോമരങ്ങൾ എന്നറിയപ്പെടുന്ന ഇവർ, കോമരത്വത്തിന്റെ പൂർണതയിലെത്തുന്നത് കഠിനമായ അനുഷ്ഠാനങ്ങളിലൂടെയും ജീവിതചര്യയിലൂടെ



കളരിക്കൽ സജീവൻ കല്ലായ് വീട്ടുകോമരം

യുമാണ്. ഇങ്ങനെ പൂർണതയിലെത്തുന്ന കോമരങ്ങൾ വെളിപ്പെട്ടു പറയുന്നതെന്തും ദൈവത്തിന്റെ അരുളപ്പാടുകളായാണ് തറവാട്ടുകാരും ദേശക്കാരും കരുതുന്നത്. ഒരു കാവിൽ കോമരങ്ങൾ ഉണ്ടായാൽ മാത്രമെ ദൈവത്തിന്റെ ഇംഗീതം വെളിപ്പെടുകയുള്ളൂ എന്നാണ് വിശ്വാസം. അതുകൊണ്ടുതന്നെ ദൈവത്തിന് കൊടുക്കുന്ന എല്ലാ ആരാധനകളും വണക്കങ്ങളും കോമരത്തിനും നൽകണം. അങ്ങനെ നൽകുകയും ചെയ്യുന്നു. കാവിലെ പ്രധാന ദൈവത്തിന്റെ കോമരം കൂടാതെ ഉപദൈവങ്ങൾക്കും തറവാടുകളിൽ നിന്ന് കോമരങ്ങൾ ഉണ്ടാകാറുണ്ട്. എല്ലാ വീട്ടുകോമരങ്ങളും വെളിച്ചപ്പാട് എന്നാണ് അറിയപ്പെടുന്നത്. ഇത്തരത്തിൽ സ്ത്രീകോമരങ്ങളും തറവാടുകളിൽ ഉണ്ടാകുന്നുണ്ട്. കുളി, ജപം, ധ്യാനം തുടങ്ങിയ ചര്യകളിലൂടെ മാത്രമെ ദൈവചൈതന്യം തറവാട്ടംഗങ്ങളിൽ പ്രവേശിക്കുകയും അവർ കോമരങ്ങളായി തീരുകയും ചെയ്യൂ. ഇങ്ങനെയുള്ളവർ ഹൃദയശുദ്ധിയുള്ളവരും തറവാടിനും ദേശത്തിനും സർവസമ്മതരായിരിക്കുകയും ചെയ്യും.

ഇത്തരത്തിൽ ദൈവചൈതന്യം പൂർണമാകുന്നതോടെ ആ തറവാട്ടംഗം വീട്ടുകോമരമായി, വെളിച്ചപ്പാടായി. ഉൽസവ നിശ്ചയം മുതൽ ഇരുപത്തൊന്നു ദിവസം കർശനനിഷ്ഠകളോടെ നോയമ്പ് എടുക്കണം. ഉൽസവദിവസം കുളിച്ച് ശുദ്ധിയായി മുണ്ടുടുത്ത് അരയിൽ കച്ചകെട്ടി (ചുവന്നതോ കറുത്തതോ ആകാം)യൊരുങ്ങി കാവിന്റെ മുറ്റത്ത് അവർക്കായി നിർണയിച്ച സ്ഥലത്ത് ദൈവഭാവത്തിലുണ്ടാവണം. ആ സ്ഥലവും ദിവ്യമാണെന്നാണ് വിശ്വാസം. ഓരോ ദൈവത്തിന്റെയും കോമരങ്ങൾ അതാത് ദൈവത്തിന്റെ ഭാവത്തോടെയുള്ള ചേഷ്ടകൾ പ്രകടിപ്പിക്കുന്നു. നാഗദൈവത്തിന്റെ കോമരം, നാഗം ഇഴയുന്നുതും കോഴിമുട്ട ഭുജിക്കുന്നതുമായ ഭാവചേഷ്ടകളാണ് പ്രകടിപ്പിക്കുന്നത്. ദേവിയുടെ കോമരം അരമണിയും ചിലമ്പുമണിഞ്ഞ് ദേവിയുടെ ആയുധമായ വാളുമെടുത്ത് നാവ് പുറത്തേയ്ക്ക് നീട്ടി രൗദ്രഭാവം പ്രകടിപ്പിക്കുന്ന കാളിയുടെ ഭാവചേഷ്ടകൾ കാണിക്കുന്നു. കുട്ടിച്ചാത്തന്റെ കോമരം കറുപ്പുടുത്ത് വികൃതികൾ കാട്ടുന്നു. കരിക്കട്ട വാരിത്തിന്നുക, കാഞ്ഞിരയില കടിച്ചു ചവച്ചിറക്കുക, കല്ലെറിയുക, തീക്കനൽ വാരിത്തിന്നുക തുടങ്ങിയവയാണ് വികൃതികൾ. ഇങ്ങനെ എല്ലാ ദൈവങ്ങളുടെയും ഭാവചേഷ്ടകൾ കോമരങ്ങൾ പ്രകടിപ്പിക്കാറുണ്ട്. ഭക്തരെ സംബന്ധിച്ചിടത്തോളം കോമരം ദൈവമായി ഭവിച്ചിരിക്കുകയാണ്.

പ്ലാവിന്റെ വിറക് കത്തിച്ച കനലുകളുടെയും ചിരട്ടക്കനലുകളുടെയും മുകളിൽ നിന്ന് സാമാന്യം ദീർഘമായി കോമരങ്ങൾ കനലാട്ടം നടത്തുമ്പോൾ ജനം ഭക്തിയുടെ പാരമ്യത്തിലെത്തി തങ്ങളുടെ കൺമുമ്പിൽ പ്രത്യക്ഷമായി നിൽക്കുന്നത് ദൈവം തന്നെയെന്ന് ഉറപ്പിക്കുന്നു. ഈ കനലാട്ടത്തിൽ കോമരങ്ങൾക്ക് പൊള്ളൽ ഏൽക്കാത്തതും അവരുടെ വിശ്വാസത്തെ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. കനലാട്ടത്തിനു ശേഷം ദൈവത്തിന്റെ ആയുധമായ വാളെടുത്ത് ശിരസ്സിൽ വെട്ടി രക്ഷാഭിഷിക്തനായി നിൽക്കുമ്പോൾ കോമരത്തിന്റെ മുമ്മുഴിക്കും അനുഗ്രഹത്തിനുമായി ഭക്തജനം കാത്തുനിൽക്കുന്നു.

കാവുകളിൽ സമർപ്പിക്കുന്ന എല്ലാ കാണിക്കകളും സ്വീകരിക്കുന്നതും കോമരങ്ങളാണ്. അവരുടെ ഭക്ഷണത്തിനുമുണ്ട് പ്രത്യേകതകൾ. തരിക്കഞ്ഞി, കൂവപ്പൊടിവെള്ളം, ഇളനീർ, പഴം, ചിലപ്പോൾ പുഴുക്ക് എന്നിവയാണ് ഭക്ഷണം. അരിഭക്ഷണം വർജ്യം തന്നെ.

ചുരുക്കത്തിൽ കാവുകളിൽ ദൈവതുല്യനായി കോമരം പരിഗണിക്കപ്പെടുന്നു. കാരണം ദൈവത്തിന്റെ പ്രതിരൂപമാകാൻ ദൈവീകമായിത്തന്നെ നിയോഗിക്കപ്പെട്ടവർക്കുമാത്രമെ കഴിയൂ. അതുകൊണ്ടുതന്നെ കോമരങ്ങളുടെ അരുളപ്പാട് ധിക്കരിക്കാൻ ആർക്കുമാവില്ല എന്നതിലുപരി അരുളപ്പാടുകൾ തറവാട്ടുകാരും ദേശക്കാരും അനുസരിച്ചേ മതിയാകുതാനും. ഉൽസവനാളുകളിലല്ലെങ്കിൽപ്പോലും കോമരത്തിന് തറവാട്ടിൽ പ്രമുഖസ്ഥാനമാണുള്ളത്. കോമരം എത്രപ്രായം കുറഞ്ഞവ്യക്തിയായാലും തറവാട്ടുകാരണവർക്കുള്ളതിനൊപ്പമോ അതിലേറെയോ പ്രാമുഖ്യം തറവാട്ടിൽ കോമരത്തിനുണ്ട്. അതുകൊണ്ടുതന്നെ തറവാട്ടുകാർ കോമരത്തിന്റെ വാക്കുകൾക്ക് കാതോർക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

ആവേനും ചോപ്പനും

ഭഗവതിപ്രതിഷ്ഠയുള്ള കാവുകളിലും മുമ്പ് പറഞ്ഞതുപോലെ വീട്ടുകോമരങ്ങളുണ്ടാവും. എങ്കിലും ഭഗവതിക്കാവുകളിലെ അനുഷ്ഠാനങ്ങൾക്കും ചടങ്ങുകൾക്കും ആചാരപരമായി പുറത്തുനിന്ന് കോമരങ്ങളെ വിളിക്കാറുണ്ട്. ഈ കോമരങ്ങൾ ആവേനെന്നും ചോപ്പനെന്നും അറിയപ്പെടുന്നു. കാലങ്ങളായി അനുവർത്തിച്ചും അനുസരിച്ചും വരുന്ന ഒരു കീഴ്വഴക്കവും ഇവിടെയുണ്ട്. ആവേൻ തീയസമുദായത്തിലും ചോപ്പൻ പെരുമണ്ണാൻ സമുദായത്തിലും പെട്ടവരാണ്. എന്നതാണ് ആ കീഴ്വഴക്കം.

ഇങ്ങനെ ആവേൻ സ്ഥാനവും ചോപ്പൻ സ്ഥാനവും ലഭിക്കുന്നതിന് ഒട്ടേറെ ചിട്ടവട്ടങ്ങളുണ്ട്. ഭഗവതിക്കാവുകളിലെ അനുഷ്ഠാനകർമങ്ങളിലും ഇതരചടങ്ങുകളിലും പ്രാവീണ്യം തെളിയിച്ചവരായിരിക്കണമവർ. ഇക്കാര്യത്തിൽ വർഷങ്ങളിലെ അഭ്യസനം ആവശ്യമാണ്. ഈ അഭ്യസനമാകട്ടെ പാരമ്പര്യവഴിയിൽ ലഭിച്ചതുമാണ്. ഇങ്ങനെ ആവേൻ സ്ഥാനവും ചോപ്പൻ സ്ഥാനവും ലഭിക്കുന്നതിനുള്ള അർഹത നേടിയെന്ന് ദേശക്കാർക്ക് ബോധ്യമായാൽ ദേശത്തെ പ്രമാണിമാരായ ഭക്തരുടെ ഒരു സദസ്സ് വിളിച്ചുകൂട്ടും. ഈ സദസ്സിലാണ് ആവേൻ സ്ഥാനവും ചോപ്പൻ സ്ഥാനവും നൽകി അവരെ ആദരിക്കുന്നത്. ഇങ്ങനെ സ്ഥാനമഹിമ ലഭിച്ചവരാണ്, കാട്ടാച്ചിറ ആവേൻ, കൊടിഞ്ഞി ചോപ്പൻ. പാലക്കുറുമ്പിൽ ആവേൻ, തിരുവന്നൂര് ചോപ്പൻ കാരയിൽ വിശ്വൻ ചോപ്പൻ തുടങ്ങിയവർ.



പൂളക്കണ്ടി ഷാജി (ആവേൻ)

ആവേന്റെയും ചോപ്പന്റെയും രൂപഭാവങ്ങൾക്കുമുണ്ട് ചില പ്രത്യേകതകൾ. ഇവർ തലമുടി നീട്ടിവളർത്തി പിന്നിൽ ചുരുട്ടി കെട്ടിയിരിക്കണം. ഉൽസവനാളിലേ ഈ മുടി അഴിച്ചിടാവൂ. അങ്ങനെ അഴിച്ചിട്ടമുടി ദേവിയുടെ മുടിക്കുതുല്യമാണെന്നാണ് വിശ്വാസം. ആവേനും ചോപ്പനും പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ ബഹുമാനിക്കപ്പെടണം എന്ന നിഷ്കർഷ ഇന്നും നിലനിൽക്കുന്നു. അതുകൊണ്ടാണ് ശിരസ്സിനു പിന്നിൽ ചുരുട്ടിക്കെട്ടിയ മുടിയും നെറ്റിക്കുമേൽ വാൾകൊണ്ടുവെട്ടിയ അടയാളവും തോളിലൊരു തോർത്തുമായി സമൂഹത്തിൽ ജീവിക്കുന്ന ആവേനും ചോപ്പനും ദേവിയുടെ പ്രതിരൂപങ്ങളായി ഇന്നും ബഹുമാനിക്കപ്പെടുന്നത്.

ഇപ്പറഞ്ഞ പരിവേഷവും ദേശത്തെ ഭക്തസദസ്സിന്റെ അംഗീകാരവും നേടിയ കോമരങ്ങളെയാണ് (ആവേനും ചോപ്പനും) ഭഗവതിക്കാവുകളിലെ ഉൽസവത്തിന്റെ അനുഷ്ഠാനങ്ങൾക്കായി വിളിക്കുന്നത്. ഉൽസവദിവസം ആവേനും ചോപ്പനും എത്തിക്കഴിഞ്ഞാൽ കാവിന്നുടയോർ അവരെ ആദരിച്ചിരുത്തണം. തുടർന്ന് അവർ ധരിച്ചിരുന്ന കുപ്പായം അഴിച്ചുമാറ്റി കാലുകൾ കഴുകി ശുദ്ധിവരുത്തണം. പൊതിഞ്ഞുകൊണ്ടു വന്ന വാളും നാക്കിണിയും പൊതിയഴിച്ചെടുത്ത് ദേവിയെ തൊഴുതുകുമ്പിട്ട് നമസ്കരിച്ച് നാക്കിണി കിലുക്കി വാൾ ദേവിയുടെ തിരുമുമ്പിൽ സമർപ്പിക്കണം. സമർപണശേഷം കാവിന്നുടയോർ അവരെ സ്വീകരിച്ച് അവർക്കുമാത്രമായി നിർണയിച്ച സ്ഥലത്തേയ്ക്ക് അവരെ ആനയിക്കണം. അവിടെ അവർക്കായി മാത്രം ഒരു പായ വിരി

ച്ചിട്ടുണ്ടാവും. പായയിലിരുന്നതിനു ശേഷം അവർക്ക് മുറുക്കാൻ നൽകണം. ഇന്നും തുടർന്നു വരുന്ന അനുഷ്ഠാനപരമായ ഒരാചാരമാണിത്.

താലപ്പൊലി എഴുന്നള്ളത്തിനുള്ള ചടങ്ങുകൾ ആരംഭിക്കുമ്പോൾ ആവേനും ചോപ്പനും കുളിച്ച് ഈറനുടുത്ത് തെക്കിനിയിലെത്തുന്നു. തെക്കിനിയിലെത്തി കെട്ടിച്ചുറ്റുന്നതിനെപ്പറ്റിയും തുടർന്നുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും മുമ്പ് വിശദീകരിച്ചിട്ടുള്ളതുപോലെ തന്നെ നടക്കുന്നു.

മറ്റു ചില പ്രത്യേകതകളുള്ളതിങ്ങനെ

ദേവിയുടെ ആയുധമായ വാൾ, നാക്കിണി, അരമണി, ചിലമ്പ്, പീഠം എന്നിവയും അരയിൽ കച്ചകെട്ടാനുള്ള ചുവന്ന പട്ടും ആവേനും ചോപ്പനുമാണ് കാവിൽ കൊണ്ടുവരേണ്ടത്.

കെട്ടിച്ചുറ്റുന്നതിനു വേണ്ടി അലക്കി വൃത്തിയാക്കി കഞ്ഞിയിൽ മുക്കി ഉണക്കിയെടുത്ത വസ്ത്രവും മേലാസകലം പൂശാനും കുറിതൊടാനുമുള്ള മഞ്ഞളരിച്ചാന്തും കൊണ്ടുവന്ന് ആവേനും ചോപ്പനും നൽകേണ്ടത് മൂത്തപെരുമണ്ണാത്തിയാണ്.



പ്രകാശൻ പൂവാട്ട് പറമ്പ് (ചോപ്പൻ)

ആവേന്റെയും ചോപ്പന്റെയും കഴുത്തിലിടുന്നതിനുള്ള ഉണ്ടമാല കെട്ടാനാവശ്യമായ കുങ്കുമപ്പൂവും നെറ്റിയിൽ ചാർത്താൻ തെച്ചിത്തണ്ടയ്ക്കുള്ള പൂക്കളും നൽകേണ്ടത് കാവിന്നുടയോരാണ്. ഈ തെച്ചിത്തണ്ടയാകട്ടെ ദേവിയുടെ കിരീടമാണെന്നാണ് വിശ്വാസം. തെച്ചിത്തണ്ട കെട്ടുന്നതും ഒരു പ്രത്യേക രീതിയാണ്.

വീട്ടുകോമരങ്ങൾക്കുള്ള അതേ ഭക്ഷണം തന്നെയാണ് ആവേനും ചോപ്പനും കഴിക്കുന്നത്. ഇതും ഒരു പ്രത്യേകത തന്നെ.

അധ്യായം പതിനേഴ്

മുമ്മുഴി

(വെളിച്ചപ്പാടിന്റെ വാക്കെണ്ണൽ)



കാവുകളിൽ ''വെളിച്ചപ്പെടുന്ന'' കോമരങ്ങളെപ്പറ്റി ഈ പുസ്തകത്തിൽ സാമാന്യമായി ത്തന്നെ വിശദീകരിച്ചിട്ടുണ്ട്. എങ്കിലും മനശ്ശാസ്ത്രപരമായ ഒരു വിശകലനം ആ വിശദീകരണത്തിലുണ്ടായിട്ടില്ല എന്ന ഒരു പരിമിതിയുണ്ടതിന്. കോമരത്തിന്റെ ''വെളിച്ചപ്പെടലി''ലൂടെ ദൈവീകമായ ഏതെങ്കിലും ദൗത്യം നിർവഹിക്കപ്പെടുന്നുണ്ടോ? പൊതുവെ വിദ്യാസമ്പന്നർക്കിടയിൽ ഉയർന്നുവരുന്ന ഒരു ചോദ്യമോ സംശയമോ ആണിത്. ഇതിനുത്തരം കണ്ടെത്തണമെങ്കിൽ കാവിടങ്ങളിലെ അവരുടെ ചെയ്തികൾ പരിശോധിക്കണം. അതോടൊപ്പം കുടുംബത്തിന്റെ അല്ലെങ്കിൽ തറവാടിന്റെ അസ്തിത്വം ആരിൽ എവിടെ എങ്ങനെ വേരൂന്നിനിൽക്കുന്നു എന്നും അന്വേഷിക്കേണ്ടി വരുന്നു. ഈ അന്വേഷണത്തിൽ സ്വാഭാവികമായും എത്തിച്ചേരുന്നത് മൺമറഞ്ഞ ഏതോ കാരണവരിലായിരിക്കും. നൂറ്റാണ്ടിനുമുമ്പെങ്കിലും മൺമറഞ്ഞ ആ കാരണവരാണ് കുടിവെച്ചമൂർത്തിയായി ഇപ്പോഴും ആരാധിക്കപ്പെടുന്നത്. അങ്ങനെയൊരു കാരണവരെപ്പറ്റി കേട്ടുകേൾവി മാത്രമുള്ളു, ഈ തലമുറയ്ക്കും ഏതാനും മുൻതലമുറകൾക്കും. ഇവിടെ കാരണവരെപ്പറ്റിയുള്ള ഐതീഹ്യത്തിന്റെ പെരുമയാണ് ഇന്നും കാവിടങ്ങളിൽ ആ കാരണവർ ഒരു മഹാഗുരുവായി ആരാധിക്കപ്പെടുന്നതിന് കാരണം. തറവാട്ടിലും തറവാട്ടംഗങ്ങളിലൂടെ ദേശത്തും ഗുരുമൂർത്തിയായി ആരാധിക്കപ്പെടുന്ന ആ കാരണവർ തീർച്ചയായും ഒരു സത്യമായിരുന്നു എന്ന തിരിച്ചറിവാണ് സംശയാലുക്കൾക്ക് ആദ്യം വേണ്ടത്. ആ കാരണവരായിരുന്നു ഈ കാവിന്റെ എല്ലാമെല്ലാം. അദ്ദേഹത്തിന്റെ ഉപാസനാമൂർത്തികളാണ് കാവിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. ആ ഉപാസനാമൂർത്തികളുടെ ശക്തിചൈതന്യം ഇന്നും നിലനിൽക്കുന്നതിന് കാരണം മഹാഗുരുവിന്റെ അദൃശ്യസാന്നിധ്യം തന്നെ.

ഈ ഗുരുമൂർത്തിയുടെ കൽപനകൾ ''വെളിപ്പെടുന്നു'' എന്ന് ഭക്തർ വിശ്വസിക്കുന്നു. തറവാട്ടംഗങ്ങൾ പ്രായോഗികമായി നടപ്പിലാക്കേണ്ട വിവരങ്ങളാണ് കോമരത്തിലൂടെ വെളിപ്പെടുന്നത്. എന്തുകൊണ്ട് മറ്റ് തറവാട്ടംഗങ്ങൾക്ക് ഇക്കാര്യം വെളിപ്പെടുന്നില്ല? ഇവിടെയാണ് കോമരത്വത്തിലെത്തുന്നതിന്റെ മൂല്യം തിരിച്ചറിയേണ്ടത്. കോമരമായി നിയോഗിക്കപ്പെടുന്നത് ദൈവീക നിശ്ചയമാണെന്നും അതിനായി നിയോഗിക്കപ്പെട്ട വ്യക്തി അനുഷ്ഠിക്കേണ്ട കർമപദ്ധതികളേറെയുണ്ടെന്നും ഈ ഗ്രന്ഥത്തിലെ കോമരങ്ങൾ എന്ന അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

പറഞ്ഞുവരുന്നത് തറവാടിന്റെയും തറവാട്ടംഗങ്ങളുടെയും ഒരു പരിധിവരെ ദേശവാസികളുടെയും ഭൂതഭാവികാര്യങ്ങളും വർത്തമാനകാല സാധ്യതകളുമാണ് കോമരത്തിലൂടെ വെളിപ്പെടുന്നത്. ഇതെങ്ങനെ കഴിയുന്നു? ഈ ചോദ്യത്തിനുത്തരമാണ് 'മെന്റലിസം' ഇത് വിശ്വാസത്തിലൂടെ, സാധനയിലൂടെ, ഗുരുവന്ദനങ്ങളിലൂടെ, വ്രതാനുഷ്ഠാനങ്ങളിലൂടെ, കഠിനനിഷ്ഠകളിലൂടെ കോമരമെത്തുന്ന ഒരു പ്രത്യേക മാനസ്സികാവസ്ഥയാണ്. ഈ മാനസ്സികാവസ്ഥയാണ് ഉപബോധമനസ്സ്. ഇവിടെ കോമരം ദൈവത്തിന്റെ പ്രതിനിധിയായി മാറുന്നു. ഭക്തിയുടെ മൂർദ്ധന്യത്തിൽ ചിലർ, തങ്ങളുടെ മുമ്പിൻ നിൽക്കുന്നത് ദൈവം തന്നെയെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഇപ്പോൾ കോമരത്തിന്റെ വെളിപ്പെടുത്തലുകൾ കല്പനകളായി ഭക്തർ സ്വീകരിക്കുന്നു, വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ താഴെപ്പറയുന്ന അലിഖിത നിയമങ്ങൾ ഇപ്പോഴും പാലിക്കപ്പെടുന്നു.

കോമരങ്ങളെ ധിക്കരിക്കാൻ പാടില്ല. അവരോട് ദേഷ്യപ്പെടാൻ പാടില്ല. അവരെ പരിഹസിക്കാൻ പാടില്ല.

ഭക്തരുടെ വിശ്വാസദൃഢതക്ക് മറ്റൊരു കാരണമുള്ളതിതാണ്. ഏത് ദൈവത്തിന്റെ കോമരമാണോ പ്രത്യക്ഷീകരിക്കുന്നത്, ആ ദൈവത്തിന്റെ ചേഷ്ടകൾ കോമരത്തിലൂടെ വ്യക്തമാകുന്നു.

വാൾകൊണ്ടു സ്വയം വെട്ടിചോരയൊലിപ്പിക്കുന്നു.

തീക്കനലിൽ ചാടുന്നു

അരിയും പൂവുമെടുത്തെറിയുന്നു.

ഉപദൈവപ്രതിഷ്ഠകൾക്കുമുമ്പിൽ പോയി ആർത്തട്ടഹസിക്കുന്നു.

വർദ്ധിത വീര്യത്തോടെയും ശക്തിയോടെയും നാലുപാടും ഓടുന്നു.

ശേഷമാണ് വാക്കെണ്ണുന്നത്.

ഇപ്പറഞ്ഞ പ്രവൃത്തികളെല്ലാം അമാനുഷികമെന്നാണ് വിശ്വസിക്കപ്പെടുന്നത്. തൊട്ടുമുമ്പുപറഞ്ഞതുപോലെ അമാനുഷിക ശക്തി പ്രകടിപ്പിക്കുന്ന കോമരത്തെ മറ്റു ഭക്തരെല്ലാവരും പിടിച്ചടക്കിക്കൊണ്ടുവന്ന് തിരുമുമ്പിൽ സമർപിക്കുന്നു. തുടർന്ന് തീർഥം തളിക്കപ്പെടുന്നതോടെ കോമരം പഴയ സ്ഥിതിയിലാകുന്നു.

അമാനുഷികശക്തി ദൈവീകമായി ലഭിക്കുമോ? സ്വാഭാവികമായി ഉന്നയിക്കപ്പെടാവുന്ന ഒരു ചോദ്യമിതാണ്. ഈ ചോദ്യത്തിനുത്തരമായി ഒരു ഉദാഹരണമിതാ.

കൊടുങ്ങല്ലൂരമ്മയുടെ മഹാഭക്തനായിരുന്നു കേരളവ്യാസൻ എന്ന് അറിയപ്പെടുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 45 വയസ്സിനുമുമ്പുതന്നെ തീപ്പെട്ട (അന്തരിച്ച) അദ്ദേഹമാണ് മഹാഭാരതം കമ്പോടുകമ്പ് (പദാനുപദം) മലയാളീകരിച്ചത്. ഏത് കുഞ്ഞിനും വായിച്ചാൽ മനസ്സിലാകുന്ന ലളിതമലയാളം. പത്തുമനുഷ്യായുസ്സുകൾക്കു പറ്റാത്ത ഒരു മഹാദൗത്യം ഈ ചെറിയ പ്രായപരിധിക്കുള്ളിൽ അദ്ദേഹം നിർവഹിച്ചു. ഇന്നും അതൊരു മഹാത്ഭുതമായി അവശേഷിക്കുന്നു. ഭൗതീകവാദികൾ, തമ്പുരാന്റെ ഈ ഉദ്യമത്തെപ്പറ്റി പറഞ്ഞത് അദ്ദേഹത്തിന്റെ ഉപബോധമനസ്സിന്റെ അസാമാന്യപ്രേരണയെന്നാണ്. ഉപബോധമനസ്സിന്റെ പ്രേരണയ്ക്ക് ആധാരം ബോധമനസ്സ് തന്നെയാണല്ലോ. ബോധമനസ്സിൽ മുളയ്ക്കുന്ന അറിവിന്റെ വിത്ത് പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് ഒരു വ്യക്തി സാംശീകരിക്കുന്നത്. അങ്ങനെ സാംശീകരിക്കുന്ന വിവരങ്ങൾ മസ്തിഷ്കത്തിന്റെ വിവിധ മേഖലകളിൽ രേഖപ്പെടുത്തുന്നു. വിശ്വാസവും ഒരു മസ്തിഷ്ക പ്രക്രിയയാണ്. ഭയം, കൊതി, അലസത, ലൈംഗികത ഇവയൊക്കെ മസ്തിഷ്കത്തിന്റെ സഹജനിലപാടുകളാണ്. വൈകാരിക കേന്ദ്രമായ ലിമ്പിക് വ്യവസ്ഥയും മസ്തിഷ്ക കാണ്ഡവുമാണ് ഈ നിലപാടുകളുടെ മുഖ്യ സ്രോതസ്സുകൾ. മസ്തിഷ്ക പരിണാമത്തിന്റെ ആദ്യഘട്ടത്തിൽ ഉരുവം കൊണ്ട ഘടകങ്ങളാണിവ. കോർട്ടക്സ് വികസിക്കുന്നതിനുമുമ്പുതന്നെ ഈ നിലപാടുകൾക്ക് സ്വാഭാവികമായ നിർധാരണത്തിലൂടെ മനുഷ്യനിൽ അനുകൂലനം സിദ്ധിച്ചിരുന്നു.

ഇങ്ങനെ മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങൾക്ക് ആധാരമായ നിരവധി ഘടകങ്ങളുണ്ട്. ആ ഘടകങ്ങളെപ്പറ്റിയല്ല ഇവിടെ ചർച്ച ചെയ്യുന്നത്. ലളിതമായി പറഞ്ഞാൽ മസ്തിഷ്കം എന്തു ചെയ്യുന്നുവോ അതാണ് മനസ്സ്. ബോധമനസ്സ്, ഉപബോധമനസ്സ്, അബോധമനസ്സ് എന്നീ അവസ്ഥകൾ മസ്തിഷ്ക പ്രവർത്തനത്തിന്റെ ഫലമെന്നു ചുരുക്കം.

തിറയാട്ട കോലങ്ങളുടെ "വാക്കെണ്ണൽ"

കോമരങ്ങൾ വെളിപ്പെടുത്തുന്ന ഭൂതഭാവിവർത്തമാനകാല സംഭവങ്ങളെപ്പറ്റി തൊട്ടുമുമ്പു ചർച്ചചെയ്തതാണ്. തിറയാട്ടത്തിലെ കോലങ്ങളും ദർശനശേഷം ഇങ്ങനെ ഫലപ്രവചനങ്ങൾ നടത്തുന്നുണ്ട്. ഈ ഫല പ്രവചനത്തിന് മുമ്മുഴി, വാക്കെണ്ണൽ എന്നൊക്കെയാണ് പേരുകൾ. തിറയാട്ടത്തിലെ എല്ലാ കോലങ്ങളും ഇങ്ങനെ വാക്കെണ്ണാറില്ല. കുടിവെച്ച മൂർത്തിക്കോലത്തിന്റെ വാക്കെണ്ണലാണ് മുഖ്യം. ഈ വാക്കെണ്ണലിന്റെ പ്രസക്തിയാണ് ചർച്ച ചെയ്യപ്പെടേണ്ടതും വിശദീകരിക്കപ്പെടേണ്ടതും. കുടിവെച്ചമൂർത്തി ആരെന്ന് മുമ്പുപറഞ്ഞുകഴിഞ്ഞു. നൂറ്റാണ്ടുകൾക്കുമുമ്പ് വേർപിരിഞ്ഞുപോയ വ്യക്തിയാണെങ്കിലും ആ വ്യക്തിയുടെ ചൈതന്യം തറവാട്ടിലും കാവിലും ദേശത്തും ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു എന്നാണല്ലോ വിശ്വാസം. ആ വിശ്വാസമനുസരിച്ചാണ് കുടിവെച്ച മൂർത്തിയുടെ കോലംകെട്ടിയാടുന്നത്.

ആട്ടത്തിനവസാനം കോലത്തിന് ദർശനം ലഭിക്കുന്നു. അതായത് മിസ്റ്റിക് അനുഭൂതിയിലാകുന്നു എന്നു സാരം. ഇത് മനസ്സിലാക്കുന്ന തറവാട്ടംഗങ്ങൾ കോലം വെളിപ്പെടുത്താൻ പോകുന്ന കാര്യങ്ങൾക്കായി ഭക്ത്യാദരപൂർവം കാതോർക്കുന്നു. ഇവിടെയാണ് കോലത്തിന്റെ വാക്കെണ്ണലിലെ മനശ്ശാസ്ത്രതലം നാം തിരിച്ചറിയുന്നത്. അതായത് മിസ്റ്റിക് അനുഭൂതിയിലെത്തിയ കോലം, തറവാട്ടംഗങ്ങൾക്കും ഭക്തർക്കും വെറും കെട്ടിയാട്ടക്കാരനല്ല. എന്നോ മൺമറഞ്ഞ, ഈ തറവാടിന്റെയും ദേശത്തിന്റെ തന്നെയും ചൈതന്യധാരയായ ഗുരുമൂർത്തിയാണ്.

അദ്ദേഹത്തിന്റെ അരുളപ്പാടുകൾ അവർക്ക് വേദപ്രമാണവുമാണ് അതുകൊണ്ടുതന്നെ കോലത്തിന്റെ കൽപനകൾ അവർ അക്ഷരം പ്രതി അനുസരിക്കുകയും ചെയ്യുന്നു. അതിന്റെ ഫലങ്ങളിങ്ങനെ..

തറവാട്ടംഗങ്ങൾ തമ്മിലുള്ള ചെറുതും വലുതുമായ പ്രശ്നങ്ങളും വൈരാഗ്യബുദ്ധിയോടെയുള്ള ഇടപെടലുകളും അവസാനിക്കുന്നു. പൂർവാധികം ശക്തിയോടെ അവർ സ്നേഹബദ്ധരായിത്തീരുകയും ചെയ്യുന്നു. രണ്ടാമതായി തറവാട്ടിലെ വ്യക്തികളിലെ ദുർന്നടപ്പുകൾ അവരെ ബോധ്യപ്പെടുത്തി താക്കീത് നൽകുന്നു. കുടുംബത്തിന്റെ ശാന്തിയ്ക്ക് ഇതും പ്രയോജനപ്പെടുന്നു.

അയൽക്കാരുമായോ മറ്റുദേശവാസികളുമായോ നിലനിൽക്കുന്ന കുടിപ്പകകൾ അവസാനിക്കുന്നു. അവർ തമ്മിലുള്ള സിവിൽ–ക്രിമിനൽ കേസുകൾ തീർപ്പാക്കുന്നു. അതുകൊണ്ടുതന്നെ തുടർവർഷങ്ങളിൽ കാവും കാവിടവും സംരക്ഷിക്കപ്പെടുന്നതിന് അവർ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു.

ഈ പ്രവർത്തനം മൂലം കാവും കാവിടത്തെ ആവാസവ്യവസ്ഥയും സംരക്ഷിക്കപ്പെടുന്നു. അത് പ്രകൃതി–പരിസ്ഥിതി സംരക്ഷണം കൂടിയാകുന്നു.

മിസ്റ്റിക് അനുഭൂതിയിലെത്തിയ കോമരങ്ങളും കോലങ്ങളും, തങ്ങളുടെ മുമ്പിലുള്ള ഭക്തരുമായി വാക്കെണ്ണലിലൂടെ അല്ലെങ്കിൽ ''വെളിച്ചപ്പെടുന്ന''തിലൂടെ സംവദിക്കുകയാണ്. ഈ ശബ്ദരഹിത ആശയവിനിമയത്തിലൂടെയാണ് കോലം നിർദേശങ്ങൾ നൽകുന്നതും ഭക്തർ അത് കൽപനകളായി സ്വീകരിക്കുന്നതും. കോലത്തിന്റെ ഈ നിർദേശങ്ങളെ ''ഹിപ്നോട്ടിക് സജഷൻസ്'' എന്നു പറയാം. പക്ഷെ ഒരു സാധാരണ ഹിപ്പ്നോട്ടിസ്റ്റിന്റെ നിർദേശങ്ങൾ വൈകാതെ നിരാകരിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തേക്കാം. എന്നാൽ ഗുരുമൂർത്തിയിൽ നിന്നോ ദൈവമൂർത്തികളിൽ നിന്നോ പുറപ്പെട്ട കൽപനകൾ നിഷേധിക്കപ്പെടുന്നില്ല.

കോലങ്ങളുടെ അരുളപ്പാടുകളിൽ വർത്താമനകാലസാഹചര്യങ്ങളാണ് കുറഞ്ഞ വാചകങ്ങളിലൂടെ കൽപനകളായി പുറപ്പെടുന്നത്. ഭൂതകാലചെയ്തികളും ഭാവികാലകാര്യങ്ങളും സാധാരണ പരാമർശിക്കപ്പെടാറില്ല. തറവാട്ടംഗങ്ങൾ എങ്ങനെ മുമ്പോട്ടു പോകണമെന്ന സത്സന്ദേശമാണ് ഭക്തർക്ക് നൽകുക. അതവർക്ക് പോസിറ്റീവ് – എനർജി നൽകുകയും ചെയ്യുന്നു.

ഏതായാലും മുമ്മുഴികൾ എന്ന വാക്കെണ്ണലിലും കോമരങ്ങളുടെ അരുളപ്പാടിലും സദുദ്ദേശപരമായ ഒരു മനശ്ശാസ്ത്രവശമുണ്ടെന്നുള്ളതാണ് സത്യം. അതാണ് അംഗീകരിക്കപ്പെടേണ്ട ശാസ്ത്രീയത.

അധ്യായം പതിനെട്ട്

കനലാട്ടം തിറയാട്ടത്തിൽ



സർവ്വ ഊർജങ്ങളുടെയും സ്രോതസ്സ് സൂര്യൻ എന്ന് പറയുന്നതുപോലെ അഗ്നിസ്രോതസ്സിൽ നിന്ന് കനലുണ്ടാകുന്നു. ആ കനലാടി സ്വയം ശുദ്ധി നടത്തുന്നു. തിറയാട്ടത്തിൽ മാത്രമല്ല തെയ്യമുൾപ്പെടെയുള്ള ഇതരഅനുഷ്ഠാനകലകളിലും കനലാട്ടം അനിവാര്യമാണ്. അതിപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നു.

ഭൂമിയുടെയും അതിലെ സർവചരാചരങ്ങളുടെയും നിലനിൽപിനാവശ്യമായ സർവതും നമുക്ക് ലഭിക്കുന്നത് സൂര്യനിൽനിന്നാണ്. അതുകൊണ്ടുതന്നെ സൂര്യനെ നാം ഭഗവാനെന്ന് സംബോധന ചെയ്യുന്നു. സൂര്യാഭിമുഖമായി നമസ്കാരം ചെയ്യുന്നതിന്റെ ആരോഗ്യപരമായ ഗുണവിശേഷണങ്ങളൊക്കെ ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലംകൂടിയാണിത്. ഭൂമിയിൽ നാം അഗ്നിക്ക് ഒരു ദൈവീകപരിവേഷം നൽകുന്നു. അഗ്നിസാക്ഷിയായി എല്ലാ ശുഭകാര്യങ്ങളും ചെയ്യുന്നു, വിവാഹമുൾപ്പെടെയെല്ലാം. വേദകാലം മുതലെ ഭാരതീയരുടെ ആത്മാനുഭൂതിയുടെ ഒരു ഭാഗമായിരുന്നു ജ്വാല. അതുകൊണ്ടുതന്നെ അഗ്നിസംബന്ധമായ ഒട്ടേറെ മിത്തുകളും ഐതീഹ്യങ്ങളും നിലവിലുണ്ട്.

ദേവഗുരുവായ ബൃഹസ്പതിക്ക് ചന്ദ്രമാസി എന്ന ഭാര്യയിൽ ആറുപുണ്യാഗ്നികൾ ജനിച്ചു. അതിൽ മുത്തവനായ ശാംയുവിന് സത്യ എന്ന ഭാര്യയിൽ ജനിച്ച പുത്രനാണ് അഗ്നി.

ഋഗ്വേദം പറയുന്നതിങ്ങനെ. മേഘങ്ങളിൽ നിന്നാണത്രെ അഗ്നിയുടെ ജനനം. മേഘങ്ങളിൽ നിന്നുജനിച്ച അഗ്നിമിന്നൽപ്പിണറായി ഭൂമിയിലെത്തുന്നു. വേദകാലത്ത് ആര്യന്മാർ പ്രകൃതിശക്തികളെയാണ് മുഖ്യമായും ആരാധിച്ചിരുന്നത്. "അഗ്നിമീളേ പുരോഹിതം" എന്ന് അഗ്നിയെവാഴ്ത്തിക്കൊണ്ടാണ് ഋഗ്വേദം ആരംഭിക്കുന്നത്.

അഗ്നിസംബന്ധമായ മിത്തുകൾ തുടരുന്നു. അഗ്നിക്ക് സ്വാഹാദേവി എന്ന ഭാര്യയിൽ മൂന്നു പുത്രന്മാർ ജനിച്ചു. പാവകൻ, പാവമാനൻ, ശുചി എന്നിവരാണ് ആ മൂവർ.

ദിക്കുകളുടെ അധിപന്മാരായ അഷ്ടദിക്ക് പാലകരിൽ ഒരാളാണ് അഗ്നി. ആ അഗ്നി തെക്ക് കിഴക്ക് ദിക്കിലായി നിലകൊള്ളുന്നു.

വെള്ളം, ഭൂമി, അഗ്നി, ആകാശം, വായു എന്നീ പഞ്ചഭൂതങ്ങളിൽ ഒന്നാണല്ലോ അഗ്നി. ഋഗ്വേദത്തിൽ ദേവേന്ദ്രൻ കഴിഞ്ഞാൽ അഗ്നിക്കാണ് സ്ഥാനം.

പ്രപഞ്ചത്തിന് വെളിച്ചം നൽകുന്ന സൂര്യൻ, തന്റെതേജസ് നിത്യവും അഗ്നിയിൽ നിക്ഷേപിക്കും. പുലർകാലത്ത് അഗ്നി അതിനെ സൂര്യന് തിരിച്ചു നൽകുന്നു. ഇതാണ് മറ്റൊരു മിത്ത്.

യവനപുരാണത്തിലെ പ്രേമിത്യൂസിന്റെ കഥ സുവിദിതമാണല്ലോ. മനുഷ്യനോട് ദയ തോന്നിയ പ്രോമിത്യൂസ് സൂര്യരഥത്തിൽനിന്ന് മോഷ്ടിച്ചെടുത്ത അഗ്നിയെ മനുഷ്യർക്ക് നൽകി. കോപിഷ്ടനായ സീയൂസ് ദേവൻ പ്രോമിത്യൂസിനെ പിടിച്ചുകെട്ടി. (സീയുസ് ദേവന് പണ്ടേ പ്രോമിത്യൂസിനോട് കടുത്ത പകയുണ്ടായിരുന്നു.) കാക്കസ്സസ് പർവ്വതത്തിലെ ഒരു തൂണിൽ നഗ്നനായിട്ടാണ് പ്രോമിത്യൂസിനെ ബന്ധിതനാക്കിയത്. പകൽമുഴുവൻ ഒരു കഴുകനെത്തി പ്രോമിത്യൂസിന്റെ കരൾ കൊത്തിപ്പറിച്ചു. നഷ്ടപ്പെട്ട കരളിന്റെ ഭാഗം രാത്രിയിൽ വീണ്ടും വളർന്നുവന്നു. മുപ്പത് വർഷങ്ങൾ ഇത് തുടർന്നുകൊണ്ടിരുന്നു. അവസാനം സീയുസ് ദേവന് ദയ തോന്നി. ഹെർക്കുലീസ്, സീയൂസ് ദേവന്റെ അനുവാദത്തോടെ പ്രോമിത്യൂസിനെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ചു.

അഗ്നിസംബന്ധമായി ഇങ്ങനെ ഒട്ടേറെ ഐതീഹ്യങ്ങളും മിത്തുകളും എല്ലാ ലോകസംസ്കാരങ്ങളിലുമുണ്ട്.

അഗ്നി എന്നും സത്യത്തിന്റെ ഭാഗത്തുമാത്രം നിൽക്കുന്നുവെന്നാണ് വിശ്വാസം. അതുകൊണ്ടാണ് ചാരിത്ര്യത്തിലും സത്യത്തിലുമെല്ലാം ആശങ്ക ഉണ്ടാകുമ്പോൾ പണ്ടുകാലങ്ങളിൽ അഗ്നിപരീക്ഷ നടത്തിയിരിക്കുന്നത്. സത്യവും ധർമബോധവും ചാരിത്ര്യവുമുള്ളയാളെ

അഗ്നി ബന്ധവുവിനെപ്പോലെ കാത്തുസംരക്ഷിക്കുമത്രെ. അയാൾ അഗ്നിജ്വാലയിൽ തലമുടി നാരിഴയ്ക്കുപോലും പൊള്ളലേൽക്കാതെ നിന്നിരിക്കുമെന്നും മാത്രമല്ല ഒരു പടി കൂടി കടന്ന് തീയിലുരുക്കി മാറ്റ് വർദ്ധിച്ച പൊന്നുപോലെ കൂടുതൽ മേന്മയും വിശുദ്ധിയും ആർജ്ജിക്കുകയും ചെയ്യും. തിരിച്ചാണെങ്കിലോ? ആ അഗ്നിയിൽ ഹോമിക്കപ്പെടും. സീതാദേവിക്ക് അഗ്നി പരീക്ഷ നടത്തിയതൊക്കെ സുവിദിതമാണല്ലോ.

ഇവിടെയൊക്കെ അഗ്നിക്ക് പവിത്രമായ സ്ഥാനമാണ് നൽകിയിരിക്കുന്നത് അതുകൊണ്ടുതന്നെ അഗ്നി സത്യമാണെന്ന് നാം വിശ്വസിക്കുന്നു. അഗ്നിസാക്ഷി എന്ന സങ്കൽപം മുതൽ അഗ്നിപരീക്ഷ എന്ന വിശ്വാസംവരേയുള്ള എല്ലാമെല്ലാം അഗ്നിയുടെ വിശുദ്ധിയാണ് വിളംബരം ചെയ്യുന്നത്.

തിറയാട്ടത്തിലെ കനലാട്ടത്തെപ്പറ്റി പറഞ്ഞപ്പോൾ അഗ്നിസംബന്ധമായ മിത്തുകളും വിശ്വാസങ്ങളും ലളിതമായി ചർച്ചചെയ്തെന്നുമാത്രം. അഗ്നി വിശുദ്ധിയുടെയും സത്യത്തിന്റെയും ജ്വലിക്കുന്ന പ്രതീകമായാണ് തിറയാട്ടത്തിലൂടെ വ്യക്തമാക്കുന്നത്. തിറയാട്ടത്തിലെ ദർശനത്തിൽ മറ്റ് അനുഷ്ഠാന കർമങ്ങൾക്കൊപ്പം ദൈവചൈതന്യം ആവാഹിച്ചെടുക്കുന്നതിനെപ്പറ്റി മുമ്പ് പലയിടത്ത് വിശദീകരിച്ചിട്ടുണ്ട്. ഇവിടെയെല്ലാം അഗ്നി, സാക്ഷിയും അനുഷ്ഠാന ഘടകവുമാണ്. മുമ്പുപറഞ്ഞ ആവാഹനശേഷം കോലം ദൈവതേജസ്സ് നിറഞ്ഞവനായി രൂപാന്തരപ്പെടുകയും കനലാട്ടത്തിന് പ്രാപ്തനാകുകയും ചെയ്യുന്നു. തിറയാട്ടത്തിൽ കനലാട്ടം നടത്തുന്നതിന്റെ പ്രായോഗികവും ദൈവീകവുമായ വശമിതാണ്.

മറ്റൊരു പ്രധാനകാര്യം മേലരികൂട്ടുമ്പോൾ ദേശമാകെ ശുദ്ധീകരിക്കപ്പെടുന്നു എന്നതാണ് തിറയാട്ടത്തിൽ കനലാകുന്നതിനു മുമ്പുള്ള ശാസ്ത്രീയമാനം. വസൂരിയുൾപ്പടെയുള്ള പോയ കാലത്തെ മാരകരോഗങ്ങളുടെ നിർമാർജനത്തിന് കാവിടങ്ങളിലെരിഞ്ഞിരുന്ന അഗ്നി എത്രയോ അനിവാര്യമായിരുന്നെന്ന് ഈ തലമുറ തിരിച്ചറിയേണ്ടിയിരിക്കുന്നു.

അഗ്നിശുദ്ധിയുടെ പ്രാധാന്യം കനലാട്ടത്തിലൂടെ തിറയാട്ടം നമ്മെബോധ്യപ്പെടുത്തുന്നുണ്ട്.

താലപ്പൊലി



മലദൈവക്കാവുകളിൽ നടക്കുന്ന തിറയാട്ടത്തോളം തന്നെ പ്രാധാന്യമുണ്ട് ഭഗവതിക്കാവുകളിലെ താലപ്പൊലിക്കും. ആദിപരാശക്തിയാണ് ഭഗവതി എന്ന വിശ്വാസത്തിലും സങ്കൽപത്തിലും ശാക്തേയപൂജയാണ് ഭഗവതിക്കാവുകളിൽ മുഖ്യം. ഭഗവതിക്ക് ഏറെ പ്രിയങ്കരമായ താലപ്പൊലിക്ക് സ്ഥലഭേദമനുസരിച്ച് ചില വ്യത്യാസങ്ങളുണ്ട്. ചാലിയാർപ്പുഴയുടെ വടക്കുഭാഗത്തു നടക്കുന്ന താലപ്പൊലി അരിത്താലപ്പൊലിയെന്നും തെക്കുഭാഗത്തു നക്കുന്ന താലപ്പൊലി മഞ്ഞത്താലപ്പൊലിയെന്നും അറിയപ്പെടുന്നു. വടക്കൻപ്രദേശത്തു രാവിലെ കലശം എഴുന്നള്ളിച്ച് വൈകുന്നേരം അരിത്താലപ്പൊലി നടത്തുന്നു. തെക്കൻപ്രദേശത്തു വൈകുന്നേരം കലശാട്ടിനൊപ്പമാണ് താലപ്പൊലി എഴുന്നള്ളത്ത്.

അരിത്താലപ്പൊലി

താലപ്പൊലി മഹോൽസവം നിശ്ചയിച്ചതിന്റെ അടയാളമായാണ് കാവിലും പരിസരങ്ങളിലും കൊടിയേറ്റുന്നത്. ഈ കൊടികൾക്കുമുണ്ട് പ്രത്യേകതകൾ. കൊടിയുടെ കുറഞ്ഞനീളം മൂന്ന് മുഴമാണ്. നീളം എത്രയുമാകാം. എന്നാൽ കൊടിയുടെ വീതി പരമാവധി ഒരു മുഴമായിരിക്കും. ചുവപ്പ്, കറുപ്പ്, മഞ്ഞ, വെള്ള എന്നീ നിറങ്ങളിലുള്ള തുണികൾക്കൊണ്ടാണ് കൊടികൾ നിർമിക്കുന്നത്. ഭക്തർ വഴിപാടായി കാവിൽ കൊടികൾ സമർപ്പിക്കാറുണ്ട്. കാവിൽ കൊടിയേറ്റിയാൽ അവിടെ തിറയാട്ട, താലപ്പൊലി മഹോൽസവം നിശ്ചയിച്ചുകഴിഞ്ഞു എന്ന് അർഥം. ദേശമാകെ ഈ ഉൽസവദിനത്തിനായി കാത്തിരിക്കുകയും ചെയ്യുന്നു. താലപ്പൊലിദിവസം കാവിൽ രാവിലെയുള്ള പതിവുപൂജകൾക്കുശേഷം താലപ്പൊലി ഉൽസവത്തിന്റെ ആദ്യചടങ്ങായ 'കൂറയിടൽ' നടക്കുന്നു. ആവേന്റെയും ചോപ്പന്റെയും സാന്നിധ്യത്തിൽ പട്ടും വെള്ളയും മണിപ്പന്തലിനുള്ളിൽ മുകളിലായി വിതാനിക്കുന്ന ചടങ്ങാണ് കൂറയിടൽ. തുടർന്ന് കാവുണർത്തിക്കഴിഞ്ഞാൽ കലശം എഴുന്നള്ളത്താണ്. ഭഗവതി പ്രതിഷ്ഠയിൽ അഭിഷേകം നടത്തുന്നതിനുള്ള കലശം തൊട്ടടുത്തുള്ള ക്ഷേത്രത്തിൽ നിന്നോ ഇല്ലത്തുനിന്നോ വാദ്യഘോഷങ്ങളോടെയാണ് കൊണ്ടുവരിക.





ഗുരുതി പൂജ - പട്ടയിൽ കൃഷ്ണൻകുട്ടി കോമരം

കോമരങ്ങളുടെ അകമ്പടിയും ഭക്തജനങ്ങളുടെ പങ്കാളിത്തവും കലശം എഴുന്നള്ളത്തിനു ഉൽസവഛായ പകരുന്നു. കലശം അഭിഷേകം ചെയ്തശേഷം ദേവിക്ക് തിരുടാട(തിരുഉടയാട) ചാർത്തി നിവേദ്യം സമർപ്പിക്കുന്നു. ഈ നിവേദ്യ സമർപ്പണത്തിനു തണ്ണീരമൃതുപൂജ, വെള്ളരിവെപ്പ് എന്നീ പേരുകളും പറയുന്നു. അവലും മലരും, പഴം, ശർക്കര, കൽക്കണ്ടം, മുന്തിരി, ഇളനീർ മുതലായവ നിവേദ്യത്തിലുണ്ട്.

നിവേദ്യത്തിനുശേഷം വെള്ളാട്ടുകൾ തുടങ്ങുന്നു. ഭഗവതിക്കാവുകളിൽ ഉപദേവതകൾക്കും കുടിവെച്ച മൂർത്തികൾക്കുമാണ് കോലംകെട്ടിയാടുന്നത്. താലപ്പൊലിക്ക് മുൻപ് വെള്ളാട്ടുകൾ തീർന്നിരിക്കണം. രാത്രി പന്ത്രണ്ടുമണിക്ക് മുൻപായി താലപ്പൊലി ചൊരിഞ്ഞിരിക്കണമെന്നതും നിർബന്ധമാണ്. താലപ്പൊലി കത്തിക്കുന്നിടത്ത് അനുഷ്ഠാനപരമായ ചില കർമങ്ങളുണ്ട്. അവിടെ ചാണകം മെഴുകി ശുദ്ധീകരിച്ച നിലത്ത് കുരുത്തോലകൊണ്ട് അരങ്ങുതൂക്കിയ ഒരു പാലക്കൊമ്പ് സ്ഥാപിച്ച് അതിനുമുൻപിൽ നിറനാഴിയും നിലവിളക്കും കയ്യിഷ്ടം വെച്ചിട്ടുണ്ടാകും.

ഭഗവതിക്ക് ഏറെ പ്രിയപ്പെട്ട താലപ്പൊലിയിൽ പങ്കെടുക്കുന്നതിനായി കാവിന്റെ തിരുനടയിൽ വ്രതശുദ്ധിയോടെ എത്തുന്ന സ്ത്രീകളുടെ കൈയിലെ താലത്തിൽ ഉണങ്ങലരിയും നാളികേരത്തിന്റെ മൂടുമുറിയും അതിൽ അരിത്തിരിയും ഉണ്ടാകും. അവർ കുറിതൊട്ട് ഭണ്ഡാരം ചാർത്തി ദേവിയെ പ്രാർഥിച്ച് ഭക്തിനിർവൃതിയോടെ കാവിൽനിന്നും പുറപ്പെട്ട് താലപ്പൊലി തുടങ്ങുന്നിടത്ത് എത്തി ഇരുവശങ്ങളിൽ വരിയായി കാത്തുനിൽക്കും. ഒരുക്കങ്ങൾ പൂർത്തിയാകുന്നതോടെ കാവിന്റെ അവകാശികൾ കുളിച്ചുവന്ന് വ്രതശുദ്ധിയോടെ വെള്ളമുണ്ടുടുത്ത് അരയിൽ താലപ്പൊലിക്കാവശ്യമായ മേലാപ്പ്, ആനപ്പന്തം, കുത്തുവിളക്ക്, കിണ്ടിപ്പൂക്കുല, കലശംനിറച്ചകുടം എന്നിവയെടുത്ത് തിരുനടയിൽ നിൽക്കുന്നു. ചുവപ്പ്, വെളുപ്പ്, മഞ്ഞ, കറുപ്പ് എന്നീ

നിറങ്ങളിലുള്ള മേന്മയേറിയ തുണികൾകൊണ്ടാണ് മേലാപ്പ് നിർമിക്കുന്നത്. ഒരു കാവിൽ ഒരു മേലാപ്പ് മാത്രമേ ഉണ്ടാകൂ. ഏഴുമുഴമാണ് മേലാപ്പിന്റെ കുറഞ്ഞനീളം. ഏഴ്, പതിനാല്, ഇരുപത്തിയൊന്ന് എന്നീ ദൈർഘ്യത്തിലാണ് മേലാപ്പുകൾ നിർമിക്കുക. ഇവക്ക് യഥാക്രമം നാല്, ആറ്, എട്ട് എന്നീ എണ്ണങ്ങളിൽ കാലുകളുണ്ടായിരിക്കും.

സാമാന്യം നീളമുള്ള കമുകിന്റെ അലകിൽ മൂന്ന് ഇരുമ്പുദണ്ഡുകൾ കുത്തനേ ഉറപ്പിച്ച് അതിൻമേൽ നല്ല കനത്തിൽ തുണിചുറ്റി ഉണ്ടാക്കുന്നതാണ് ആനപ്പന്തം. അലക്കിശുദ്ധീകരിച്ച തുണിയിൽ അരിയിട്ട് ഗോളാകൃതിയിൽ തെറുത്ത് കെട്ടിയുണ്ടാക്കിയ അരിത്തിരിയാണ് കുത്തുവിളക്കിൽ കത്തുന്നത്. കിണ്ടിയിൽ തെങ്ങിൻപൂക്കുല കുത്തനെനിർത്തി അതിന്റെ നടുവിൽ ഒരു പന്തം ഉറപ്പിച്ച് നിർത്തുന്നതാണ് കിണ്ടിപ്പൂക്കുല. മേലാപ്പിനു കീഴിൽ നിന്ന് ദേവിയുടെ പ്രതിരൂപങ്ങളായ ചോപ്പനും ആവേനും വീട്ടുതാലപ്പൊലിയേന്തിയ കാരണവത്തിയും കാവിലേക്ക് എഴുന്നള്ളും. ഇവരുടെ മാർഗം പുണ്യാഹം തളിച്ച് ശുദ്ധീകരിക്കുന്നു. കലശം നിറച്ച മൊന്തയിൽ ദർഭമുക്കി തളിക്കുകയാണ് പതിവ്. പ്രത്യേകം നിയോഗിക്കപ്പെട്ട കാവിന്റെ അവകാശികൾക്കു മാത്രമേ കുത്തുവിളക്കും കിണ്ടിപ്പൂക്കലയും കലശംനിറച്ച മുരടും എടുക്കുവാനും മേലാപ്പ് പിടിക്കാനും അവകാശമുള്ളൂ. കാവിന്റെ തിരുനടയിൽ നിൽക്കുന്ന അവകാശികൾക്കൊപ്പം തറവാട്ടിലെ മൂത്ത കാരണവത്തി ശുദ്ധമായ മുണ്ടുടുത്ത് അതിന്റെമേലെ ചുവപ്പുകൊണ്ട് എടമ്പിരി വലമ്പിരികച്ച കെട്ടി വീട്ടുതാലപ്പൊലിയുമായി നിൽക്കും. ചെറിയ ഉരുളിയിൽ ഉണക്കലരി, നാളികേരം, മഞ്ഞൾ, കരി, ഇരുമ്പാണി എന്നിവയിട്ട് വാട്ടിയ നാക്കിലകൊണ്ട് ഉരുളിപൊതിഞ്ഞ് വാഴപ്പോളകൊണ്ട് കെട്ടി അതിന്മേൽ മൂന്ന് പന്തങ്ങൾ കുത്തിനിർത്തുന്നതാണ് വീട്ടുതാലപ്പൊലി.

കീഴ്വഴക്കമനുസരിച്ച് ചോപ്പനും ആവേനും വേണ്ടി നൽകിയിരിക്കുന്ന സ്ഥാനമാണ് കാവിന്റെ തെക്കിനി. തിറയാട്ടക്കാർക്ക് അണിമറപോലെ പവിത്രവും പ്രധാനവുമാണ് ചോപ്പനും ആവേനും തെക്കിനി. തെക്കിനിയിൽ പായിട്ട് അതിൻമേൽ നിലവിളക്കും നിറനാഴിയും താമ്പൂലവും ഒരു പീഠവും വെച്ചിട്ടുണ്ടാകും.

ചോപ്പനും ആവേനും കുളിച്ച് ഈറനോടെ നീളൻമുടി അഴിച്ചിട്ട് പൂജചെയ്ത് പഞ്ചഭൂതങ്ങളെ തൃപ്തിപ്പെടുത്തുന്നു. പൂജക്കു ശേഷം കെട്ടിച്ചുറ്റി (വെള്ളത്തുണികൊണ്ട് ഞൊറിഞ്ഞുടുത്ത് അതിന്മേൽ ചുവപ്പു കച്ചകെട്ടി കാലിൽ ചിലമ്പണിഞ്ഞ് അരയിൽ അരമണിയും നെറ്റിയിൽ തെച്ചിത്തണ്ടയും കഴുത്തിൽ കുങ്കുമത്തിന്റെ മാലയും ചാർത്തി) കണ്ണെഴുതി പൊട്ടുതൊട്ട്, മേലാസകലം മഞ്ഞൾ പൂശി ചോപ്പനും ആവേനും തിരുനടയിലെത്തുന്നു. അവിടെ തറവാട്ടുകാരണവരും ചോപ്പനും ആവേനും കാവിന്റെ അവകാശികളും അരിയും പൂവുമെടുത്ത് ദേവിയെ പ്രാർഥിച്ച് അരിയും പൂവും ചാർത്തി ദേവീകടാക്ഷത്തിനായി നിലകൊള്ളുന്നു. അപ്പോൾ വലംതല ചെണ്ടയുടെയും കുറുംകുഴലിന്റെയും താളശ്രുതിയിൽ മൂത്തപെരുമണ്ണാൻ ദേവിയെ വണങ്ങി തോറ്റം ചൊല്ലി ഉണർത്തുന്നു. തുടർന്ന് ഗുരുകാരണവൻമാരെ വന്ദിച്ച് അനുവാദം വാങ്ങി കാവിലെ മൂത്തകാരണവരിൽ നിന്നും ചോപ്പനും ആവേനും ദേവിയുടെ ആയുധമായ പള്ളിവാളും നാക്കിണിയും വാങ്ങുന്നു. അതോടെ ദേവീചൈതന്യം ചോപ്പനിലേക്കും ആവേനിലേയ്ക്കും മറ്റു കോമരങ്ങളിലേയ്ക്കും പ്രവഹിക്കുന്നു എന്നാണ് വിശ്വാസം. ശേഷം എല്ലാവരും ഭക്തിനിർഭരമായ മനസ്സോടെ സർവതും ദേവിയിലർപ്പിച്ച് ഒരുതവണ കാവിനുവലംവെച്ച് താലപ്പൊലി ആരംഭിക്കുന്നിടത്തേക്ക് നീങ്ങുന്നു. അവിടെ അരങ്ങുതൂക്കിയ പാലക്കൊമ്പിനടുത്ത് ഇരുവശങ്ങളിലും വരിവരിയായി താലപ്പൊലിയേന്തിയ സ്ത്രീകൾ നിൽക്കുന്നു. കോമരങ്ങളും വീട്ടുതാലപ്പൊലിക്കാരും ഇവിടെ എത്തിക്കഴിഞ്ഞാൽ താലപ്പൊലി കത്തിക്കുന്നതിനുള്ള തയ്യാറെടുപ്പുകളായി. ഏറ്റവും മുൻപിൽ ആനപ്പന്തവും പിന്നിലായി താലപ്പ1ലി ഏന്തിയ സ്ത്രീകളും അവർക്കുപിന്നിലായി വാദ്യക്കാരും വാദ്യക്കാർക്കുപിന്നിലായി നിവർത്തിയ മേലാപ്പിനു കീഴിൽ വീട്ടുതാലപ്പൊലിയേന്തിയ കാരണവത്തിയും ചോപ്പനും ആവേനും കുത്തുവിളക്കും കിണ്ടിപൂക്കുലയും കലശവും ഏന്തിയ അവകാശികളും അണിനിരക്കുന്നു. വീട്ടുതാലപ്പൊലിമേൽ കുത്തി

നിറുത്തിയ ഒരു പന്തമെടുത്ത് കുത്തുവിളക്കിൽ നിന്നും കത്തിക്കുന്നു. തുടർന്ന് വീട്ടുതാലപ്പൊലിയിലെ മറ്റ് പന്തങ്ങളും ആനപ്പന്തവും സ്ത്രീകളുടെ താലത്തിലെ അരിത്തിരികളും കത്തിക്കുന്നു. തുടർന്ന് വെടിവഴിപാട് നടത്തുകയും വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ താലപ്പൊലി സാവധാനം കാവിലേക്കു നീങ്ങുകയും ചെയ്യുന്നു. മേലാപ്പിനുമുൻപിൽ മുരടിലെ കലശത്തിൽ ദർഭമുക്കി പുണ്യാഹം തളിച്ച് വീഥി ശുദ്ധീകരിച്ച് കൊണ്ടാണ് താലപ്പൊലി കാവിനെ ലക്ഷ്യമാക്കി നീങ്ങുന്നത്. താലപ്പൊലി കാവിന്റെ തിരുമുൻപിൽ എത്തുമ്പോൾ ഭഗവതിക്കോലം താലപ്പൊലിയെ എതിരേൽക്കാൻ കാത്തുനിൽക്കുന്നുണ്ടാകും. താലപ്പൊലി ഏന്തിയ സ്ത്രീകൾ കാവിലേക്കു പ്രവേശിച്ചു കഴിഞ്ഞാൽ വാദ്യക്കാർ കോലത്തിനടുത്തെത്തി കൊട്ടിവന്നമേളം അവിടെ വെച്ചുതന്നെ കൊട്ടിതീർക്കുന്നു. ശേഷം പെരുമണ്ണാൻ പള്ളിവാൾ പിടിച്ചുകൊണ്ട് ''മന്ദാരം, മുല്ല നല്ലോരരുമകൾ കലരും പിച്ചകം, തെച്ചിപുഷ്പം'' എന്ന് ആരംഭിക്കുന്ന ശ്ലോകം ചൊല്ലിത്തുടങ്ങുന്നു. ശ്ലോകം തീരുന്നതോടെ ചെണ്ടക്കാർ പുറപ്പാടിനുള്ള താളം കൊട്ടിത്തുടങ്ങുകയും രൗദ്രഭാവത്തോടെ ഭഗവതിക്കോലം പുറപ്പെടുകയും ചെയ്യുന്നു. ഭഗവതിത്തിറയുടെ പുറപ്പാട് മറ്റ് കോലങ്ങളുടെ പുറപ്പാട് പോലെയല്ല. ഇവിടെ ഭഗവതിയുടെ രൗദ്രഭാവം അതിന്റെ ഉച്ചസ്ഥായിയിൽ പ്രകടമാക്കി കോലം സംഹാരതാണ്ഡവമാടുന്നു. അട്ടഹാസങ്ങളാൽ ദേശത്തെയാകെ കിടിലം കൊള്ളിച്ചുകൊണ്ടാണ് ഭഗവതിക്കോലത്തിന്റെ പുറപ്പാട്. തുടർന്ന് തിരുനടയിലെത്തി ദേവീചൈതന്യം ഉൾക്കൊണ്ട് ഉഗ്രഭാവത്തോടെ ഭക്തർക്ക് അഭിമുഖമായി നിൽക്കുന്നു. താലപ്പൊലി സംഘം അഷ്ടദിക്ക് പാലകരെ വണങ്ങി കാവിനു മൂന്നുപ്രാവശ്യം പ്രദക്ഷിണം പൂർത്തിയാക്കി ദേവിയുടെ തിരുനടയിൽ നിശ്ചിത സ്ഥലത്ത് താലപ്പൊലി ചൊരിയുന്നു. തുടർന്ന് പവിത്രമായ വീട്ടുതാലപ്പൊലി സമർപണത്തിനുള്ള ദിവ്യമുഹൂർത്തമാണ്. ഭക്തജനങ്ങൾ കണ്ണും കാതും മനസ്സും ദേവിയിലർപ്പിച്ച് ദേവീകടാക്ഷത്തിനായി കാത്തുനിൽക്കുന്നു. ഈ സമയം ദേവിയുടെ പ്രതിരൂപമായ ആവേൻ ദേവീനൃത്തം ചവിട്ടിത്തുടങ്ങുമ്പോൾ വീട്ടുതാലപ്പൊലി ഏന്തിയ കാരണവത്തി ഭക്ത്യാദരപൂർവം വീട്ടുതാലപ്പൊലി ആവേനു സമർപിക്കുന്നു. ദേവീഭാവത്തിൽ നൃത്തം ചെയ്തുകൊണ്ടുതന്നെ ആവേൻ വീട്ടുതാലപ്പൊലി ചോപ്പനുപകരുന്നു. തുടർന്ന് ചോപ്പനും ദേവീഭാവത്തിൽ ചുവടുകൾവെച്ച് വീട്ടുതാലപ്പൊലി ഭഗവതിക്കോലത്തിനു സമർപിക്കുന്നു. തുടർന്ന് ഭഗവതിക്കോലവും ദേവീഭാവത്തിൽ നൃത്തം പൂർത്തിയാക്കി താലപ്പൊലി ഭഗവതിയുടെ തിരുമുമ്പിൽ സമർപിക്കുന്നു. ഇവിടെ ആവേനും ചോപ്പനും ഭഗവതിക്കോലവും ദേവീനൃത്തമാടുന്നത് ചെണ്ടയുടെ ഏകതാളത്തിലാണ്. ഭക്തിനിർഭരമായ ഈ അന്തരീക്ഷം താലപ്പൊലിമഹോൽസവത്തിനു കാവിൽ എത്തിച്ചേർന്നിരിക്കുന്ന ഭക്തജനങ്ങളിൽ അനിർവചനീയമായ അനുഭൂതിയുളവാക്കുന്നു. അതുകൊണ്ടുതന്നെ കാവുകളിലെ താലപ്പൊലിസമർപണം അർഥപൂർണമാവുകയും ചെയ്യുന്നു. അഗ്നിയോടുകൂടിയ ഈ സമർപണത്തിനു ആഗ്നേയനിവേദ്യം എന്നും പറയുന്നു.

ഗുരുതിതർപണം

ഭഗവതിക്കാവുകളിൽ വാർഷിക ഉൽസവത്തോടനുബന്ധിച്ച് നടത്തുന്ന ഊർവരതാപൂജയാണ് ഗുരുതിതർപണം. താലപ്പൊലി സമർപണത്തിനുശേഷം കാവിന്റെ വടക്കുംഭാഗത്താണ് ഗുരുതിതർപണം. അതിനായി അവിടെ സ്വസ്തികക്കളം വരച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്തിരിക്കും. ചെണ്ടമേളത്തിന്റെയും കുത്തുവിളക്കിന്റെയും അകമ്പടിയിൽ ചോപ്പനും ആവേനും ദേവീനൃത്തം ചെയ്ത് കാവിനുവലംവെച്ച് സ്വസ്തികക്കുളത്തിനു മുൻപിലെത്തുന്നു. ചോപ്പനും ആവേനും അവിടെയുള്ള പീഠത്തിൽ ആയുധംവെച്ചു കളത്തിൽ നമസ്കരിച്ച് ഗുരുതിപൂജക്കായി തയ്യാറാകുന്നു. താലപ്പൊലിയോളമോ അതിലേറെയോ പ്രാധാന്യം ഭഗവതിക്കാവുകളിൽ ഗുരുതിപൂജക്കും തർപണത്തിനുമുണ്ട്. ഏതെങ്കിലും കാരണവശാൽ തിറയാട്ടവും താലപ്പൊലിയും നടത്തിയില്ലെങ്കിൽപോലും ഗുരുതിപൂജയും തർപണവും നടന്നേതീരു.

ദേവീചൈതന്യം പൂർണമാകുന്നതും നിലനിൽക്കുന്നതും ഗുരുതിതർപ്പണത്തിലൂടെയാണെന്നാണ് വിശ്വാസം. തർപണം നടത്തുന്ന ഗുരുതി ദേവിയുടെ ആർത്തവരക്തമാണെന്നും അതിനാൽ ഗുരുതിതർപ്പണം നടത്തിയാൽ കൃഷിഭൂമിയുടെ ഊർവരത വർധിച്ച് കൃഷിയും കാലിസമ്പത്തും മെച്ചപ്പെട്ട് നാട്ടിൽ ഐശ്വര്യമുണ്ടാകുമെന്ന് വിശ്വസിക്കപ്പെട്ടത്. അതുകൊണ്ട് ഭാഗവതിക്കാവുകളിൽ ഗുരുതിതർപണം മുടങ്ങാതെ നടക്കുന്നു.

വലിയ വട്ടച്ചെമ്പിലെ നാൽപാമര വെള്ളത്തിൽ ചുണ്ണാമ്പും മഞ്ഞളും ചേർക്കുമ്പോൾ അത് നല്ല ചുവപ്പുനിറമാകും. നിണസമാനമായ ഈ വെള്ളത്തിൽ പനിനീർ, നെയ്യ്, തേൻ, കുങ്കുമം, കമുകിൻപൂക്കുല മറ്റ് സുഗന്ധദ്രവ്യങ്ങൾ എന്നിവ ചേർത്ത് മിശ്രണംചെയ്യുമ്പോൾ സുഗന്ധപൂരിതമാകുന്നു. മന്ത്രങ്ങൾ ഉരുക്കഴിച്ച് ഗുരുതി ശക്തിമത്താക്കുന്നു. തർപണസജ്ജമായ ഈ ഗുരുതിയിൽ നിന്നും കുറച്ചെടുത്ത് മാറ്റിവെയ്ക്കണം. ഗുരുതി വഴിപാടായി നടത്തുന്നവർ ഇത് ചെറിയ പാത്രങ്ങളിലാക്കി വീട്ടിൽ കൊണ്ടുപോകാറുണ്ട്. മന്ത്രങ്ങൾ ഉരുക്കഴിച്ച് ശക്തിപൂർണമാക്കിയ ഗുരുതിക്കുമുൻപിൽ ഭക്തജനം ഭയഭക്തിയോടെ നിന്ന്, തങ്ങളുടെ എല്ലാ ദുഃഖങ്ങളും ദുരിതങ്ങളും അകറ്റി ജീവിതം ഐശ്വര്യപൂർണമാക്കണമെന്ന് ദേവിയോടു പ്രാർഥിച്ച് ഒരുനാളികേരവും പണവും സ്വയം ഉഴിഞ്ഞു ഗുരുതിയിൽ സമർപ്പിക്കുന്നു. സ്വസ്തികക്കളത്തിൽ തൊഴുതു നമസ്കരിച്ചു നിൽക്കുന്ന ചോപ്പനും ആവേനും ഗുരുതിപൂജ നടത്തി ദേവിയെ ആവാഹിച്ചിരുത്തി പാലുംപൊടി കർമം നടത്തുന്നു. പശുവിൻപാൽ, മഞ്ഞൾപ്പൊടി, അരിപ്പൊടി, പൂവൻ പഴം, ശർക്കര, കമുകിൻപൂക്കുല എന്നിവ കുഴമ്പുരൂപത്തിൽ അരച്ചെടുത്തു ചെറിയ ഉരുളിയിലാക്കി പാലുംപൊടി ശ്ലോകം ചൊല്ലി പ്രത്യേക നൃത്തത്തോടെ ഗുരുതിക്കളത്തിലേക്ക് സമർപിക്കുന്നു. ഇതാണ് പാലുംപൊടി കർമം. ഇതിനുശേഷം സ്വസ്തികമന്ത്രമായ ആര്യാഷ്ടകം ചൊല്ലി കളത്തിൽ വെച്ചിട്ടുള്ള ഇളവനെ (കുമ്പളങ്ങ) വെട്ടുന്നു. തുടർന്ന് ചോപ്പൻ നാളികേരമുട്ടുത്ത് ഗുരുതി, കളത്തിലേക്കു ചൊരിയുകയും ചെമ്പ് കമഴ്ത്തിവെച്ച് അതിനുമുകളിൽ തിരികത്തിച്ച് അരിയും പൂവും ചാർത്തി ചൂണ്ടുവിരൽ മടക്കി മൂന്നാവർത്തി ചെമ്പിൽ മുട്ടുകയും ചെയ്യുന്നു. ശേഷം ചെമ്പുനിവർത്തി കമഴ്ത്തുന്നതോടെ ദേവീചൈതന്യത്തിന്റെ പൂർണതയിൽ ചോപ്പനും ആവേനും മുക്കണ്ണിനൃത്തം തുടങ്ങുന്നു; അനുഷ്ഠാനപരമായ നൃത്തമാണ് മുക്കണ്ണിനൃത്തം. അതിനാൽ ചോപ്പനും ആവേനും മാത്രമേ ഇത് അഭ്യസിക്കുന്നതിനും കാവുകളിൽ അവതരിപ്പിക്കുന്നതിനും അവകാശമുള്ളൂ. ദ്രുതഗതിയിൽ പള്ളിവാൾ ചുഴറ്റി ചടുലനൃത്തം നടത്തുന്ന ചോപ്പനും ആവേനും സ്വയംമറന്ന് ദേവിയായി വെളിച്ചപ്പെടുന്നു. ശേഷം ചോപ്പനും ആവേനും ചെണ്ടക്കാരും കുത്തുവിളക്കേന്തിയ അവകാശിയും ദേവിയുടെ തിരുനടയിലെത്തുന്നു. ഇവിടെ ആവേനും ചോപ്പനും സ്വയം മറന്ന് ദേവീഭാവത്തിൽ അസാമാന്യ മെയ്വഴക്കത്തോടെ ചടുലമായ നൃത്തം തുടരുന്നു.

നൃത്തത്തിനൊടുവിൽ ഉറഞ്ഞുതുള്ളി ആർത്തട്ടഹസിച്ച് വാളുകൊണ്ട് സ്വന്തംശിരസിൽ വെട്ടി അട്ടഹാസത്തോടെ ശ്രീകോവിലിലേയ്ക്ക് ഓടിക്കയറി അവിടെ മുകളിൽ തൂക്കിയ അരങ്ങ് അറുത്തിട്ട് പുറത്തിറങ്ങുന്നു. അസുരനിഗ്രഹത്തിന്റെ അടയാളമായാണ് ഇങ്ങനെ ചെയ്യുന്നത്. ശ്രീകോവിലിനു പുറത്ത് ഭക്തജനം ദേവിയായി ഭവിച്ച ചോപ്പന്റെയും ആവേന്റെയും അനുഗ്രഹത്തിനും അരുളപ്പാടിനുമായി കാത്തുനിൽക്കുന്നുണ്ട്. അനുഗ്രഹം തേടുന്ന ഭക്തരുടെ തലയിൽ പള്ളിവാൾകൊണ്ട് ആശിർവദിക്കുകയും മുമ്മുഴി, പറയുകയും ചെയ്യുന്നു. ഭക്തരുടെ ആവലാതികൾ ദേവീഭാവത്തിൽ മനസ്സിലാക്കി തക്കതായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ആശ്വാസവചനങ്ങൾ പറയുന്നതുമാണ് മുമ്മുഴി, അല്ലെങ്കിൽ വാക്കെണ്ണൽ. മുമ്മുഴിക്കുശേഷം ഭഗവതിയുടെ ആയുധമായ പള്ളിവാൾ ഭക്തരുടെ മൂർധാവിൽവെച്ച് അരയിലെ കച്ചയഴിച്ചു അവരെ തച്ചുഴിയുന്നു. ഭക്തർ അവരുടെ വിഷമതകൾ എല്ലാം ദേവീസമക്ഷം ഇറക്കിവെച്ച് സംതൃപ്തരാകുന്നു. തുടർന്ന് ആവേനും ചോപ്പനും കാവിനു ചുറ്റിലും തറവാടിന്റെ പടിഞ്ഞാറ്റയിലും അരിയെറിഞ്ഞ് രൗദ്രഭാവത്തോടെ ദേവിയുടെ തിരുനടയിലെത്തി മൂന്നുപ്രാവശ്യം അരിയും പൂവും ചാർത്തി ദേവിക്ക് സ്വയം സമർപിച്ച് പിൻവാങ്ങുന്നു.

മഞ്ഞപ്പൊടി ആരാധന

ഭഗവതിക്കോലത്തിന്റെ തിറയാട്ടത്തിനു ശേഷമാണ് ഈ ചടങ്ങ്.

കൊടിയാഴ്ചയായ വെള്ളിയാഴ്ച നല്ലച്ഛനെ (പരമശിവൻ) പോയികാണാനും കാഴ്ചകൾ സമർപ്പിക്കാനുള്ള മകളുടെ (ഭഗവതി) പുറപ്പാടും അതിനുള്ള ഒരുക്കങ്ങളുമാണ് മഞ്ഞപ്പൊടി ആരാധനയിൽ വ്യക്തമാക്കുന്നത്. പാരമ്പര്യമായി ലഭിച്ച ആംഗ്യഭാഷയുടെ ഉദാത്തമായ പ്രകടനത്തിലൂടെയാണ് പുറപ്പാടിനുള്ള ഒരുക്കങ്ങൾ മനസ്സിലാകുന്നത്. അതാകട്ടെ ഭക്തിയുടെ നിറവിൽ അത്യാകർഷകവും ഉജ്വലവുമാണുതാനും.

മഞ്ഞപ്പൊടി ആരാധനയ്ക്ക് വേണ്ടിമാത്രമായി കാവിന്റെ മുറ്റത്ത് മരത്തിന്റെ ഒരു ഉരലുണ്ടാകും. ഈ ഉരൽ പീഠത്തിന് സമാനമാണ്. ഭക്തർ വഴിപാടായി ഭഗവതി പ്രീതിക്കുവേണ്ടി ഇത്തരം ഉരലുകൾ കാവുകളിൽ സമർപ്പിക്കുന്നു. ഭഗവതിക്കോലം ഉരലിനടുത്തെത്തി തൊട്ടുവണങ്ങി നല്ലച്ഛന് സമർപ്പിക്കാനുള്ള കാഴ്ചകളും, കാഴ്ചകൾ സൂക്ഷിക്കാൻ പാത്രങ്ങളുമൊരുക്കുന്നു. തുണയ്ക്കായി കാളികൂളികളെ ഒരുക്കി നിർത്തുകയും ചെയ്യുന്നു. പാരമ്പര്യവഴികളിൽ ലഭിച്ച ആംഗ്യഭാഷയിലൂടെയാണ് ഭഗ വതിക്കോലം ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. തുടർന്ന് കോലം ഉരലിനുമേൽ കയറി ദേവിക്ക് അഭിമുഖമായി നിന്ന് തൊഴുത് വലം തിരിഞ്ഞ് കുളിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു.

ശിരസ്സിലും ദേഹമാകെയും എണ്ണതേച്ച് തലമുടി കൈയ്വിരലുകൾകൊണ്ട് ചീകിയൊരുക്കുന്നു. താളിയില പറിച്ച് കുത്തിപ്പിഴിഞ്ഞ് നീരെടുത്ത് തലയിൽ തേച്ച് പതപ്പിച്ച് കുളിക്കാനായി ആറ്റിലേക്ക് ചാടുന്നു. (ഉരലിൽ നിന്ന് നിലത്തേയ്ക്ക്) ആറ്റിൽ മൂന്ന് പ്രാവശ്യം മുങ്ങിപ്പൊങ്ങി മുടി ഒലുമ്പി തേച്ചുകുളിച്ച് ശുദ്ധമാകുന്നു. അങ്ങനെ കുളിച്ച് ശുദ്ധമായി ''ഒരു മുറിച്ചുവപ്പുകൊണ്ട് ഞൊറിഞ്ഞുടുത്ത് മറുമുറിച്ചുവപ്പുകൊണ്ട് മുലക്കച്ച കെട്ടി'' വസ്ത്രധാരണം പൂർത്തിയാക്കുന്നു. തുടർന്ന് ഉരലിന്മേൽ കയറി ചന്ദംകൊണ്ട് കുറിവരയ്ക്കുന്നു. എന്നിട്ട് ''സിന്ദൂരം കൊണ്ട് പൊട്ടുതൊട്ട്, അഞ്ജനം കൊണ്ട് കണ്ണെഴുതി, അകിലും നെയ്കൊണ്ട് അലങ്കരിച്ച് പുഴുകും നെയ്കൊണ്ട് മുഖം മിനുക്കി കസ്തൂരികൊണ്ട് തിലകം ചാർത്തി കർപ്പൂരം കൊണ്ട് കൈവെള്ളകൾ തിരുമ്മി മുല്ലപ്പൂക്കൾ മുടിയിൽ ചാർത്തി'' ശരീരസൗരഭ്യം വരുത്തുന്നു. ശേഷം ''മാറിൽ മാല ചാർത്തി വലതുകാലിൽ സ്വർണച്ചിലമ്പും ഇടതുകാലിൽ വെള്ളിച്ചിലമ്പുമണിഞ്ഞ് വലതുകൈയിൽ പള്ളിവാളും ഇടതുകൈയിൽ ത്രിശൂലവുമായി'' ഭഗവതിയുടെ പരിപൂർണതയിലെത്തുന്നു. തുടർന്ന് ''കാളികളെക്കൊണ്ട് നല്ലച്ഛനുള്ള കാഴ്ചകൾ എടുപ്പിച്ച് കൂളികളെക്കൊണ്ട് കൂട്ടമാടിച്ച്'' നല്ലച്ഛന്റെ സന്നിധിയിലേക്ക് പുറപ്പെടുന്നു.

ആംഗ്യഭാഷയുടെ ഈ അനുപമമായ ആംഗികാഭിനയാനുഷ്ഠാനത്തിനുശേഷം കോലം ദേവീചൈതന്യം ആവാഹിച്ച് ഉരലിന്മേൽ നിന്ന് ഇറങ്ങി ഉരലിന്മേൽ ഇരിക്കുന്നു. അപ്പോൾ കാവിന്റെ അവകാശികൾ കുറ്റിമുറത്തിൽ മഞ്ഞൾപ്പൊടിയും ആരാധനപ്പണവുമായെത്തി ആരാധനപ്പണം കോലത്തിന്റെ തിരുനെറ്റിയിൽ പതിക്കുന്നു. അതോടൊപ്പം ചെണ്ടയുടെയും, ഇലത്താളത്തിന്റെയും താളത്തിൽ പെരുമണ്ണാനും അനുയായികളും ഭഗവതിയെ സംബന്ധിച്ച ഐതീഹ്യം തോറ്റം ചൊല്ലി പൊലിപ്പിച്ചുകൊണ്ടിരിക്കുന്നു. കാവിന്റെ അവകാശികൾ തിരുനെറ്റി പതിക്കുന്നു. പതിച്ചുകഴിഞ്ഞാൽ അവിടെ കൂടിയ ഭക്തർ തിരുനെറ്റി പതിക്കയും മഞ്ഞൾകൊണ്ട് കുറി ചാർത്തി പിൻവാങ്ങുകയും ചെയ്യുന്നു.

പെരുമണ്ണാനും അനുയായികളും ഭഗവതിയുടെ തോറ്റം ചൊല്ലി പൊലിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ കോലം ഭഗവതീഭാവത്തോടെ മുടിയഴിച്ച് ഉറഞ്ഞുതുള്ളി ഉഗ്രഭാവത്തിൽ കുറ്റിമുറത്തിൽ നിന്ന് ഒരു പിടി മഞ്ഞൾപ്പൊടി വാരി ഉരലിന്മേൽ കയറുന്നു. അവിടെ നിന്ന് വലം തിരിഞ്ഞുകൊണ്ട് മേലാസകലവും മുഖത്തും മഞ്ഞൾപ്പൊടി വാരിപ്പൂശി ആർത്തട്ടഹസിച്ച് ഉരലിന്മേൽ നിന്ന് ചാടിയിറങ്ങി ദേവിയുടെ തിരുമുമ്പിലെത്തി ദേവിയുടെ ആയുധവും അരിയും പൂവുമെടുത്ത് കാവിന് വലം വെച്ച് അത്യുഗ്രഭാവത്തോടെ ഉരൽവാരി ചുറ്റിയെടുത്ത് വലിച്ചെറിയുന്നു. എന്നിട്ട്

വാൾകൊണ്ട് ഉരലിനെ വെട്ടുന്നു. അസുരനിഗ്രഹത്തിന്റെ അടയാളമായാണ് ഇത് കണക്കാക്കുന്നത്. മുഖത്തും മേലാസകലവും മഞ്ഞൾപ്പൊടി വാരിപ്പൂശി അസുരനിഗ്രഹം നടത്തുന്നതോടെ ദേവിസുഷുപ്തിയിൽ ലയിക്കുന്നതായി വിശ്വസിക്കപ്പെടുന്നു.

ചാലിയാറിന്റെ വടക്കുഭാഗത്തു നടക്കുന്ന താലപ്പൊലിയുടെ അനുഷ്ഠാന ചടങ്ങുകളാണ് വിവരിച്ചത്. ഇങ്ങനെ ചടങ്ങുകൾ നടക്കുന്ന ഏതാനും കാവുകളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. ചിറക്കൽ കാവ്, കൊടൽ നടക്കാവ്
2. കൂടത്തിൽ കാവ്, പന്തീരങ്കാവ്
3. വടക്കേപ്പറമ്പ് കാവ്, വള്ളിക്കുന്ന്
4. കുഴിപ്പള്ളിക്കാവ്, പുത്തൂർമഠം
5. ഇളമനക്കാവ്, പാറക്കുളം
6. പടിഞ്ഞാറുവീട്ടിൽ കാവ്, കൈമ്പാലം
7. വില്ലിക്കാവ്, തിരുവണ്ണൂർ
8. കിളിപ്പറമ്പത്ത് കാവ്, കോഴിക്കോട് റെയിൽവേ സ്റ്റേഷൻ
9. കല്ലിക്കാവ്, കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പരിസരം
10. നമ്പിക്കാട്ട് കാവ്, കോട്ടൺമിൽ പ്രദേശം
11. കിഴക്കേ മുരിങ്ങത്ത് കാവ്, പന്നിയങ്കര
12. പയ്യാനക്കൽ കാവ്, പയ്യാനക്കൽ
13. കിണറ്റിൻകര കാവ്, കല്ലായി
14. വാഴേക്കാവ്, കല്ലായി
15. പടിഞ്ഞാറെ മുരങ്ങിത്ത് കാവ്, കല്ലായി
16. തളിയാടത്ത് കാവ്, പന്നിയങ്കര
17. നീക്കാംപറമ്പത്ത് കാവ്, ചെറുവണ്ണൂർ
18. കക്കാടത്ത് കാവ്, ബി.സി.റോഡ്
19. ചെങ്ങോട്ട് കാവ്, ബേപ്പൂർ
20. കുനിയിൽ കവ്, ബേപ്പൂർ
21. പള്ളത്തും കാവ്, ബേപ്പൂർ
22. ചിറ്റേക്കാട്ട് കാവ്, ഗോതീശ്വരം
23. പിണ്ണാണത്ത് കവ്, നടുവട്ടം
24. ഇളയിടത്ത് കാവ്, വെള്ളിപ്പറമ്പ്

മഞ്ഞൾ താലപ്പൊലി

ചാലിയാർ പുഴയുടെ വടക്കൻ പ്രദേശങ്ങളിൽ നടക്കുന്ന അരിത്താലപ്പൊലിയെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. അവയിൽ നിന്നും അനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും ചില വ്യത്യസ്തതകളുണ്ട് തെക്കൻ പ്രദേശങ്ങളിൽ നടക്കുന്ന താലപ്പൊലിക്ക്. കാവുണർത്തലിനും കൂറയിടലിനും ഇവയോടനുബന്ധിച്ചുള്ള മറ്റ് ചടങ്ങുകൾക്കും വ്യത്യസ്തതകളൊന്നുമില്ല. വ്യത്യസ്തതകളുള്ളതിങ്ങനെ.

വടക്കൻ പ്രദേശങ്ങളിലെ കലശം (പുണ്യാഹം) എഴുന്നള്ളത്ത് രാവിലെയാണെങ്കിൽ തെക്കൻ പ്രദേശങ്ങളിലെ കലശാട്ട് എന്ന് അറിയപ്പെടുന്ന കലശം (പുണ്യാഹം) എഴുന്നള്ളത്ത് വൈകുന്നേരമാണ്. വടക്കൻ പ്രദേശങ്ങളിലെ അരിത്താലപ്പൊലിയുടെ പുറപ്പാടിനു സമാനമാണ് തെക്കൻ പ്രദേശങ്ങളിലെ കലശാട്ട് പുറപ്പാട്. അവിടെ താലപ്പൊലിക്കു മുമ്പ് എത്ര വെള്ളാട്ടുകളുണ്ടെങ്കിലും കെട്ടിയാടിത്തീർന്നിരിക്കണം. ഇവിടെ കലശാട്ട് പുറപ്പാടിനുമുമ്പാണ് എല്ലാ വെള്ളാട്ടുകളും കെട്ടിയാടിത്തീർക്കേണ്ടത്.

വടക്കൻ പ്രദേശങ്ങളിൽ താലപ്പൊലി സമർപണത്തിന് വേണ്ടി സ്ത്രീജനങ്ങൾ താലവുമായി നേരത്തെ തന്നെ പാലക്കൊമ്പിന് അടുത്തുപോയി കാത്തുനിൽക്കുന്നു. ഇവിടെ മഞ്ഞപ്പയറ്റടി സമയത്ത് (സായംസന്ധ്യ) കലശാട്ട് പാലക്കൊമ്പിനടുത്തെത്തുമ്പോൾ മാത്രമേ സ്ത്രീജനങ്ങൾ അവടെ എത്തേണ്ടതുള്ളു.

തെക്കും വടക്കും ഭാഗങ്ങളിൽ കൈയിലെടുക്കുന്ന താലപ്പൊലികൾക്കുമുണ്ട് വ്യത്യസ്തത കൾ. അവിടെ എല്ലാതാലങ്ങളിലും (ഓട്ടുകിണ്ണം) ഉണങ്ങലരിയും നാളികേരവും അരിത്തിരിയു മാണുള്ളത്. ഇവിടെ രണ്ട് തരത്തിലാണ് താലങ്ങളിൽ നിവേദ്യം. ചിലരുടെ താലങ്ങളിൽ വാഴ പ്പോളക്കഷ്ണത്തിൽ തിരിയും മഞ്ഞൾപ്പൊടിയുമാണുണ്ടാവുക. മറ്റ് ചിലരുടെ താലങ്ങളിൽ പട ലപ്പഴം, നാരങ്ങ, മുന്തിരി, ചന്ദനത്തിരി മുതലായവയും മഞ്ഞൾപ്പൊടിയുമാണുണ്ടാവുക. വീട്ടു താലപ്പൊലിയും വ്യത്യസ്തമാണ്. ഇവിടെ വീട്ടുതാലപ്പൊലിയേന്തി കാരണവത്തിയുടെ ഉരുളിയിൽ രണ്ട് നാളികേരത്തിന്റെ മൂടുമുറികളിൽ എണ്ണയൊഴിച്ച് അതിലിട്ട അരിത്തിരികളും ഉണങ്ങലരി, വാൽക്കണ്ണാടി, പുടവ, സിന്ദൂരച്ചെപ്പ്, മഞ്ഞൾപ്പൊടി എന്നിവയാണുള്ളത്.

തുടർന്ന് എല്ലാ താലപ്പൊലികളും കത്തിച്ച് എഴുന്നള്ളത്തിനുള്ള നിമിഷങ്ങൾക്കായി ഓരോ മനസ്സും തുടിക്കുമ്പോൾ പാണ്ടിമേളം കൊട്ടിത്തുടങ്ങുകയായി. ഒട്ടേറെ വാദ്യങ്ങളോടുകൂടിയ പാണ്ടിമേളത്തിന്റെ താളഘോഷം ആ പ്രദേശമാകെ മാറ്റൊലിക്കൊള്ളുമ്പോൾ ഒരു മഹോൽസ വത്തിന്റെ പ്രതീതിയായി. അതോടൊപ്പം ഈ എഴുന്നള്ളത്തിന് മാറ്റുകൂട്ടുവാൻ കാവടിയാട്ടം, ദേവ നൃത്തം, പന്തം വീശൽ തുടങ്ങിയ അനുഷ്ഠാനകലാപ്രകടനങ്ങളും നെറ്റിപ്പട്ടം കെട്ടിയ ഗജവീ രൻമാരുടെ അകമ്പടിയും വെടിക്കെട്ടും ഉണ്ടാകാറുണ്ട്. ഒരു പറ്റം ആളുകളുടെ നടത്തം ചൊല്ലലും (ഹായ് നടാ....നടാ.....നട) ഈ എഴുന്നള്ളത്തിന് ആവേശം പകരുന്നു. അത്യുജ്വലമായ ഈ എഴുന്നള്ളത്ത് രണ്ട് പ്രാവശ്യം കാവിന് വലം വച്ച് തിരുമുമ്പിലെത്തുകയും അവിടെ വെച്ചു തന്നെ സർവരേയും സംതൃപ്തരാക്കിക്കൊണ്ട് പാണ്ടിമേളം കൊട്ടിത്തീർക്കുകയും ചെയ്യുന്നു. വടക്കൻ പ്രദേശങ്ങളിലെ താലപ്പൊലിയെ എതിരേൽക്കാൻ ഭഗവതിക്കോലം കാത്തുനിൽക്കുന്നു ണ്ടെങ്കിൽ ഇവിടെ എഴുന്നള്ളത്ത് രണ്ട് പ്രാവശ്യം കാവിന് വലം വച്ച് പാണ്ടിമേളം കൊട്ടിത്തീർത്ത തിനു ശേഷമാണ് അണിമറയിൽ നിന്നുള്ള ഭഗവതിക്കോലത്തിന്റെ വരവും പുറപ്പാടും. ഇവിടെ ഭഗവതിക്കോലത്തിന്റെ പുറപ്പാട് വടക്കൻ പ്രദേശങ്ങളിലെ ഭഗവതിക്കോലത്തിന്റെ പുറപ്പാടിന് തുല്യമാണ്. ഭഗവതിക്കോലത്തോടൊപ്പം എഴുന്നള്ളത്ത് കാവിന് പ്രദക്ഷിണം വച്ച് തിരുമുമ്പി ലെത്തി തൊഴുതു നമസ്കരിച്ച് പ്രാർഥിച്ച് താലപ്പൊലികൾ ഓരോരുത്തരായി സമർപിക്കുന്നു. തുടർന്ന് ആവേനും ചോപ്പനും കലശം ഏറ്റുവാങ്ങി ദേവിക്ക് അഭിഷേകം നടത്തുന്നു. അഭിഷേ കശേഷം മറ്റ് ഉപദൈവങ്ങളുടെ പ്രതിഷ്ഠകളിൽ അഭിഷേകം നടത്തുകയും കാവിന് പ്രദക്ഷിണം വച്ച് ബാക്കി കലശം ശ്രീകോവിലിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

അതിനുശേഷം നടക്കുന്ന വീട്ടുതാലപ്പൊലി സമർപണം വടക്കൻ പ്രദേശങ്ങളിലേതുപോലെ തന്നെയാണ്. കാരണവത്തി ആവേനിലേയ്ക്ക് പകരുന്ന വീട്ടുതാലപ്പൊലി ആവേൻ ഏറ്റുവാങ്ങി ചോപ്പനിലേയ്ക്കും ചോപ്പൻ ഏറ്റുവാങ്ങി ഭഗവതിക്കോലത്തിനും പകരുന്നു. ഭഗവതിക്കോലം അത് ദേവിയുടെ തിരുമുമ്പിൽ സമർപിക്കുന്നതോടെ താലപ്പൊലി സമർപ്പണം പൂർണമാകുന്നു.

താലപ്പൊടി സമർപണത്തിനു ശേഷം വടക്കൻ പ്രദേശങ്ങളിൽ ഗുരുതിപൂജയ്ക്കും തർപ്പ ണത്തിനുമാണ് ആവേനും ചോപ്പനും പോകുന്നത്. എന്നാൽ തെക്കൻ പ്രദേശങ്ങളിൽ അങ്ങ നെയല്ല. ഇവിടെ കാവിന്റെ മുമ്പിൽ ഒരു പീഠം വെച്ചിട്ടുണ്ടാകും. ഈ പീഠത്തിനുമുണ്ട് പ്രത്യേക തകളേറെ. പീഠം ദേവിയുടെ തൃച്ചേവടികളാണെന്നാണ് സങ്കൽപ്പം. ദേവിയുടെ പ്രതിരൂപമെന്ന നിലയിൽ നിലം തൊടാതെ ദേവീഭാവത്തിൽ തന്നെ പീഠമേറിവേണം ആവേൻ അടുത്ത അനു ഷ്ഠാനങ്ങൾ ചെയ്യേണ്ടത്. രഥമേറി സർവദിക്കുകളിലും സഞ്ചരിച്ച് ഭക്തജനത്തിന് അനുഗ്രഹ മേകുന്ന ദേവിയുടെ രഥത്തിന് സമാനമാണ് ഇവിടെ പീഠം. പീഠത്തിനടുത്തെത്തിയ ആവേനും ചോപ്പനും പീഠത്തെ വലംവെച്ച് തൊട്ടുതൊഴുതു നമസ്കരിച്ചിട്ട് ആവേൻ പീഠത്തിന്മേൽ കയറു

ന്നു. വടക്കൻ പ്രദേശങ്ങളിലെ മണിപ്പന്തലിൽ ആവേനും ചോപ്പനും മുക്കണ്ണി നൃത്തം വെക്കുമ്പോൾ ഇവിടെ പീഠത്തിന്മേൽ നിന്ന് ആവേനും നിലത്തുനിന്ന് ചോപ്പനും മടമ്പടി ചിലമ്പടി നൃത്തമാണ് ചെയ്യുന്നത്.

ഈ നൃത്തച്ചുവടുകൾ പാരമ്പര്യ വഴിയിൽ മാത്രം ആവേനും ചോപ്പനും അഭ്യസിച്ചുപോന്നിട്ടുള്ളതാണ്. ഏറ്റച്ചുരുക്കങ്ങളുള്ള ഈ നൃത്തച്ചുവടിന്റെ എണ്ണങ്ങളും വണ്ണങ്ങളും നൃത്തത്തിന്റെ പൂർണതയ്ക്ക് വേണ്ടിയുള്ളതാണ്. ഈ നൃത്തച്ചുവടുകൾ മറ്റാർക്കും വഴങ്ങാത്തതും പാരമ്പര്യത്തിന്റെയും ദേവീഉപാസനയുടെയും ഫലമായി മാത്രം ലഭിക്കുന്ന വരദാനവുമാണ്.

മടമ്പടി ചിലമ്പടി നൃത്തത്തോടെ ദേവീചൈതന്യം പൂർണമായി പ്രവേശിച്ച ആവേൻ പീഠത്തിൽ നിന്ന് ആർത്തട്ടഹസിച്ച് ശിരസ്സിൽ വെട്ടി ചാടിയിറങ്ങി ശ്രീകോവിലിൽ ഓടിക്കയറി മുകളിൽ തൂക്കിയ തോരണങ്ങൾ അസുരനിഗ്രഹഭാവത്തിൽ അറുത്തിട്ട് കാവിന് പുറത്തുവരുന്നു. അവിടെ കാത്തുനിൽക്കന്ന ഭക്തരോട് മുമ്മുഴി പറഞ്ഞ് അനുഗ്രഹവും ആശ്വാസവും നൽകുന്നു. തുടർകാര്യങ്ങളെല്ലാം വടക്കൻ പ്രദേശങ്ങളിലെ അരിത്താലപ്പൊലിയിൽ പറഞ്ഞതുപോലെ തന്നെ നടക്കുന്നു.

തുടർന്ന് വടക്കൻ പ്രദേശങ്ങളിലേതുപോലെ ഇവിടെയും ഭഗവതിക്കോലത്തിന്റെ തിറയാട്ടവും മഞ്ഞൾപ്പൊടി ആരാധനയുമാണ്. അവിടെ എത്രകോലങ്ങൾ കെട്ടിയാടാനുണ്ടെങ്കിലും നേരം വെളുക്കുന്നതിനുമുമ്പ് കെട്ടിയാടിത്തീർത്താൽ മതി. എന്നാൽ ഇവിടെ ഇപ്പറഞ്ഞ എല്ലാ കാര്യങ്ങളും ബ്രഹ്മമുഹൂർത്തത്തിനുമുമ്പ് തീർന്നിരിക്കണമെന്നത് കർശനമായി പാലിക്കപ്പെടുന്ന നിയമമാണ്.

മഞ്ഞൾപ്പൊടി ആരാധനയ്ക്ക് ശേഷം ഉപദൈവങ്ങളുടെ എത്രകോലങ്ങൾ കെട്ടിയാടാനുണ്ടെങ്കിലും ബ്രഹ്മമുഹൂർത്തത്തിനുമുമ്പ് അവയെല്ലാം കെട്ടിയാടിത്തീർന്നിരിക്കണമെന്ന് മുമ്പേ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ കെട്ടിയാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ തെക്കൻ പ്രദേശങ്ങളിലെ ഭഗവതിക്കാവുകളിൽ നടക്കുന്ന ചടങ്ങുകളിങ്ങനെ.

വടക്കൻ പ്രദേശങ്ങളിലേതുപോലെ ഇവിടെയും ദേവിക്ക് കലശാഭിഷേകം നടത്തിയ ശേഷം തിരുരാട ചാർത്തി പൂജ ചെയ്യുന്നുണ്ട്. അവിടെ കാവിന്റെ വടക്കും ഭാഗത്ത് സ്വസ്തികക്കളം വരച്ച് അതിലാണ് പൂജ ചെയ്യുന്നതെങ്കിൽ ഇവിടെ മണിപ്പന്തലിൽ ദേവിയുടെ തൃക്കണ്ണ് കുറിക്കൽ നടത്തി അതിലാണ് പൂജ ചെയ്യുന്നത്. ഈ 'തൃക്കണ്ണ് കുറിക്കൽ' എന്ന് പറയുന്നത് വട്ടക്കളം വരയ്ക്കൽ ആണ്. ഇവിടെ വട്ടക്കളത്തിൽ ദേവിയെ ആവാഹിച്ചിരുത്തി ഇരുപത്തൊന്ന് ഇലകളിൽ നിവേദ്യം സമർപിച്ച് പൂജ ചെയ്യുന്നു. പൂജയിൽ പ്രസാദിച്ച ദേവി പൂർണതൃപ്തിയോടെ വട്ടക്കളത്തിൽ കുടികൊള്ളുമ്പോൾ വലംതല ചെണ്ടയുടെ പ്രത്യേകതാളത്തിൽ പ്രത്യേക നൃത്തച്ചുവടുകളോടെ ചോപ്പനും ആവേനും അഷ്ടദിക്കുകളിലെല്ലാം പാലും പൊടിപൂജ ചെയ്യുന്നു. ഇങ്ങനെ മൂന്ന് പ്രാവശ്യം കാവിന് വലംവെച്ച് അഷ്ടദിക് പാലകർക്ക് പൂജ ചെയ്ത് പാലുംപൊടി സമർപിക്കുന്നതോടെ ചോപ്പനും ആവേനും ദേവീചൈതന്യത്തിന്റെ പൂർണതയിലെത്തുന്നു എന്ന് വിശ്വസിച്ചു പോരുന്നു. തുടർന്ന് അരിത്താലപ്പൊലി സമർപണത്തിനുള്ള ഒരുക്കങ്ങളാണ്. അതിനായി വടക്കൻ പ്രദേശങ്ങളിലെ അരിത്താലപ്പൊലിയിൽ വ്യക്തമാക്കിയതുപോലെ കാവിന്റെ അവകാശികൾ ഉൾപ്പെടെയുള്ളവർ കാവിന്റെ തിരുമുമ്പിൽ കാത്തുനിൽക്കുന്നു. അപ്പോൾ തെക്കിനിയിലോ മച്ചിനകത്തോ ആവേനും ചോപ്പനും മധ്യമകർമത്തിൽ പൂജചെയ്ത് ഗുരുകാരണവന്മാരെ തൃപ്തിപ്പെടുത്തി കെട്ടിച്ചുറ്റുന്നു. (കെട്ടിച്ചുറ്റിന്റെ വിശദവിവരങ്ങൾ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.) അങ്ങനെ കെട്ടിച്ചുറ്റി അവർ തിരുമുമ്പിലെത്തുന്നു. തുടർന്ന് കാവിനെ വലം വെച്ച് എല്ലാവരും താലപ്പൊലി കത്തിക്കുന്നിടത്തേക്ക് നീങ്ങുന്നു. വടക്കൻ പ്രദേശങ്ങളിൽ കിണ്ടിപ്പൂക്കുല എടുക്കുന്നത് കാവിന്റെ അവകാശികളിലൊരാളാണെങ്കിൽ ഇവിടെ അതിനുള്ള അവകാശം ആവേനാണ്.

താലപ്പൊലി കത്തിച്ചു കഴിഞ്ഞാൽ പാലക്കൊമ്പിനടുത്ത് ഒരു പീഠം വെക്കുകുയും ചോപ്പനും ആവേനും അഞ്ചുമൂന്നും താളത്തിൽ നൃത്തം ചവിട്ടിക്കൊണ്ട് പീഠത്തിന് മൂന്ന്

പ്രാവശ്യം വലം വെക്കുകയും ചെയ്യുന്നു. തുടർന്ന് ആവേൻ പീഠത്തിന്മേൽ കയറി ഏകനൃത്തം ചെയ്യുന്നു. ഈ നൃത്തം അതിന്റെ മൂർധന്യത്തിലെത്തുമ്പോൾ ആവേൻ കിണ്ടിപ്പൂക്കുലയിലെ കത്തുന്ന പന്തം മേലാകെ ആളിച്ച് (ഉരസി) അഗ്നിചൈതന്യത്തിന്റെ പൂർണതയിലെത്തി പീഠത്തിൽ നിന്ന് ഇറങ്ങുന്നു. ഇവിടെയുമുണ്ട് ഒരു പ്രത്യേകത. ഈ താലപ്പൊലി എഴുന്നള്ളത്തിൽ വീട്ടുതാലപ്പൊലിയേന്തിയ കാരണവത്തി പിന്നിലേക്കാണ് നടക്കുന്നത്. കിണ്ടിപ്പൂക്കുല പിടിച്ച ആവേനും ചോപ്പനും അഞ്ചും മൂന്നും താളത്തിൽ നൃത്തച്ചുവടുകളോടെ മുന്നോട്ടും. ഇങ്ങനെ നീങ്ങുന്നതിനിടയിൽ ആവേൻ മേലാകെ പന്തം ആളിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം അഷ്ടദിക്കുകളിലും പീഠം വെച്ച് ആവേനും ചോപ്പനും നൃത്തച്ചുവടുകൾ വെയ്ക്കുകയും ചെയ്യുന്നു. എഴുന്നള്ളത്ത് കാവിന്റെ തിരുമുമ്പിലെത്തി കാവിന് മൂന്ന് പ്രാവശ്യം പ്രദക്ഷിണം വെക്കുമ്പോഴും അഷ്ടദിക്കുകളിൽ പീഠം വെച്ച് വാദ്യങ്ങളുടെ താളത്തിൽ ആവേനും ചോപ്പനും നൃത്തച്ചുവടുകൾ വെയ്ക്കുകയും ആവേൻ കിണ്ടിപ്പൂക്കുലയിലെ പന്തം മേലാസകലം ആളിക്കുകയും ചെയ്യുന്നു. മൂന്നാം പ്രാവശ്യം എഴുന്നള്ളത്ത് കാവിന്റെ തിരുമുമ്പിലെത്തി ദേവിയെ തൊഴുതു പ്രാർഥിച്ച് താലപ്പൊലികൾ ദേവിയുടെ തിരുമുമ്പിൽ സമർപിക്കുന്നു. തുടർന്ന് വടക്കൻ പ്രദേശങ്ങളിലെ മഞ്ഞൾ താലപ്പൊലിയിൽ പറഞ്ഞതുപോലെ വീട്ടുതാലപ്പൊലി സമർപണവും നടക്കുന്നു.

ശേഷം കാവിന്റെ തിരുമുമ്പിൽ വെച്ച പീഠത്തെ ആവേനും ചോപ്പനും മൂന്ന് പ്രാവശ്യം വലം വെക്കുന്നു. തുടർന്ന് ആവേൻ പീഠത്തിന്മേൽ കയറി ഏകനൃത്തം ചെയ്ത് മേലാസകലം പന്തം ആളിച്ച് ദേവിയുടെ പൂർണചൈതന്യത്തിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ കിണ്ടിപ്പൂക്കുല മറ്റൊരാൾക്കു നൽകി ദേവിയുടെ ആയുധമായ വാൾ കയ്യേൽക്കുന്നു. വാൾ കൈയിലേന്തി ആവേൻ മടമ്പടി ചിലമ്പടി നൃത്തം ചെയ്യുകയും നൃത്തത്തിന്റെ മൂർധന്യത്തിൽ വാൾകൊണ്ട് ശിരസ്സിൽ വെട്ടി പീഠത്തിന്മേൽ നിന്ന് ചാടിയിറങ്ങി ആവേനും ചോപ്പനും കലശാട്ടിൽ പറഞ്ഞതുപോലെയുള്ള ചടങ്ങുകൾ നടത്തി ദേവീ സന്നിധിയിൽ സ്വയം സമർപിച്ച് പിൻവാങ്ങുന്നു.

പന്തീരാംകർമം

ആവേനും ചോപ്പനും അടങ്ങിപ്പാർത്തതിനുശേഷം കാവിന്റെ വടക്കും ഭാഗത്ത് നടക്കുന്ന ചടങ്ങാണ് പന്തീരാംകർമം. ഭൂതപ്രേതപിശാചുക്കളെ തൃപ്തിപ്പെടുത്തി പറഞ്ഞയയ്ക്കുകയെന്നതാണ് ഈ ചടങ്ങുകൊണ്ട് ഉദ്ദേശിക്കുന്നത്. പന്തീരാംകർമത്തിനായി ചുണ്ണാമ്പും മഞ്ഞളും കൂട്ടി നാക്കില ചുവപ്പ് നിറമാക്കുന്നു. അതിൽ തവിടുകൊണ്ട് ഇരുപത്തൊന്ന് കളംവരച്ച് ഇരുപത്തൊന്ന് കളങ്ങളിലും നറുക്കും നറുക്കിൽ നിവേദ്യങ്ങളും കത്തിച്ച തിരികളും വെക്കുന്നു. തൊട്ടടുത്ത് ദണ്ഡന്റെ സ്ഥാനത്ത് നിണസമാനമായ ഗുരുതിയും ഉരുളിയിലുണ്ടാകും. മധ്യമകർമത്തിൽ ആവേനും ചോപ്പനും പൂജചെയ്ത് ഭൂതപ്രേതപിശാചുക്കളെ കളങ്ങളിലേയ്ക്ക് ആവാഹിക്കുന്നു. തുടർന്ന് ആവേൻ കോഴിയെ ഗുരുതിയിൽ മുക്കിയെടുത്ത്

മുപ്പുരാവൈരി തന്റെ മുക്കണ്ണിൽ പിറന്നതായേ

ശക്തിയേ, ചാമുണ്ഡിയെ, ശങ്കര വല്ലഭേ...

എന്നു തുടങ്ങുന്ന ശ്ലോകം ചൊല്ലി കോഴിയെ വെട്ടി മദ്യവും കോഴിച്ചോരയും നറുക്കുകളിൽ സമർപിക്കുന്നു. അതിനുശേഷം ഗുരുതി തർപ്പണവും നടക്കുന്നു. തുടർന്ന് വിധിയനുസരിച്ച് കോഴിമാംസം വേവിക്കുന്നു. കോഴിമാംസം വെന്തതിനുശേഷം വെന്തകോഴിമാംസം, ചുട്ടെടുത്ത കോഴിമാംസം, പച്ചക്കോഴിമാംസം, ഓട്ടട, തവിടട, മണ്ണട എന്നിവയെല്ലാം സമർപിച്ച് കത്തുന്ന പന്തങ്ങളുടെ വെളിച്ചത്തിൽ വിധിയനുസരിച്ചുള്ള കർമങ്ങൾ ചെയ്യുന്നു. വെച്ചുപൂജ എന്നാണിതിനു പറയുന്നത്. വെച്ചു പൂജയോടെ ഭൂതഗണങ്ങൾ തൃപ്തരാകുമെന്നാണ് വിശ്വാസം. ഭൂതപ്രേതപിശാചുക്കൾ തൃപ്തരായതിനുശേഷം എല്ലാവർക്കും അരിയും പൂവും നൽകുന്നു. അവർ അത് കളത്തിലെ നിവേദ്യത്തിൽ സമർപിക്കുന്നു. ശേഷം എല്ലാവരും നിവേദ്യത്തിന്റെ ബാക്കി പ്രസാദം കഴിക്കുന്നു. തുടർന്ന് എല്ലാ അവശിഷ്ടവും തവിടും വേവിച്ച കോഴിക്കാലും മദ്യവും കത്തിച്ച പന്തവും ചൂട്ടുകറ്റകളുമായി എല്ലാവരും തെക്കുദിക്കിലേയ്ക്ക് പോകുന്നു. ദിക്കിരിക്കുക

എന്നാണ് ഇതിന് പറയുന്നത്. ദിക്കിരുന്ന് അവിടെയുള്ള മരത്തിൽ പന്തം കുത്തുന്നു. കത്തുന്ന പന്തത്തിലേക്ക് കൂക്കി വിളിച്ച് തവിടുവാരിയെറിയുമ്പോൾ ചെറിയ ശബ്ദത്തോടെ പന്തം ആളിക്കത്തുന്നു. അപ്പോൾ എല്ലാവരും അരിയും പൂവും സമർപ്പിക്കുന്നു. തുടർന്ന് കോഴിക്കാല് പിച്ചിപ്പറിച്ച് തിന്നുകയും മദ്യം കുടിക്കുകയും ചെയ്യുന്നു. ഭൂതപ്രേതപിശാചുക്കളെ പഞ്ഞയക്കുന്ന ഈ ചടങ്ങിന് തേരേറ്റുക എന്നാണ് പറയുന്നത്. തേരേറ്റുന്നതോടെ സർവദുർമൂർത്തികളിൽ നിന്നും ദേശം മോചിതമായി എന്നാണ് വിശ്വാസം. ഇങ്ങനെ ഭൂതപ്രേതപിശാചുക്കളെ തേരേറ്റിയതിനുശേഷം കത്തിച്ചചൂട്ടുകളുമായി മടങ്ങുന്നവർ പിന്തിരിഞ്ഞ് നോക്കാതെ കൈയിൽ കത്തിക്കൊണ്ടിരിക്കുന്ന ചൂട്ടുകറ്റകൾ കൂക്കിവിളിച്ചുകൊണ്ട് പിന്നിലേയ്ക്ക് എറിയുന്നതോടെ ഈ ചടങ്ങ് അവസാനിക്കുന്നു.

അരിയേറ്

ഭൂതപ്രേതപിശാചുക്കളെ തേരേറ്റിയതിനുശേഷം നടക്കുന്ന ചടങ്ങാണ് അരിയേറ്. വലംതലചെണ്ടയുടെ താളത്തിൽ ആവേനും ചോപ്പനും നൃത്തച്ചുവടുകൾ വെച്ചുകൊണ്ട് നിൽക്കുന്നിടത്തുനിന്ന് വലം തിരിഞ്ഞ് നാല് ഭാഗങ്ങളിലേയ്ക്കും അരിയെറിയുന്നു. ശേഷം വലംതല ചെണ്ടയുടെ താളത്തിലുള്ള നൃത്തച്ചുവടുകളോടെ കാവിന് മൂന്ന് പ്രാവശ്യം വലം വെച്ച് അഷ്ടദിക്പാലകർക്കും അരിയെറിയുന്നു. അരിയേറ് എന്നാണ് ഈ ചടങ്ങ് അറിയപ്പെടുന്നത്.

കൂറവലിക്കൽ

അരിയേറിനുശേഷമാണ് കൂറവലിക്കൽ ചടങ്ങ്. മണിപ്പന്തലിനുള്ളിൽ മേൽഭാഗത്ത് അരങ്ങ് തൂക്കിയതിനു മുളിൽ ചെമ്പട്ടുകൊണ്ടും വെള്ളത്തുണികൊണ്ടും വിതാനിച്ച കാര്യം നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അതിനുതാഴെ പടിഞ്ഞാറുഭാഗത്തേക്ക് തിരിഞ്ഞ് ദേവിക്ക് അഭിമുഖമായി ആവേനും കിഴക്കുഭാഗത്തേക്ക് തിരിഞ്ഞ് ചോപ്പനും നിൽക്കുന്നു. ആവേൻ ചെമ്പട്ടിന്റെ ഒരറ്റവും ചോപ്പൻ വെള്ളത്തുണിയുടെ ഒരറ്റവും പിടിച്ച് കൂറ വലിക്കട്ടെ എന്ന് ദേവിയോട് അനുവാദം ചോദിച്ചതിനു ശേഷം ആവേൻ ചെമ്പട്ടും ചോപ്പൻ വെള്ളത്തുണിയും വലിച്ചെടുക്കുന്നതോടെ കൂറവലിക്കൽ ചടങ്ങ് പൂർത്തിയാകുന്നു.

കുടികൂട്ടൽ

മലദൈവപ്രതിഷ്ഠയുള്ള കാവുകളിലെ കുടികൂട്ടലിനെപ്പറ്റി മുമ്പ് വിശദീകരിച്ചിട്ടുണ്ട്. അവിടെ കുടികൂട്ടൽ ചടങ്ങ് നടത്തേണ്ടത് അവകാശിയായ മൂത്ത പെരുമണ്ണാനാണ്. എന്നാൽ ഇവിടെ ദേവിക്ക് കുടികൂട്ടൽ ചടങ്ങ് നടത്താനുള്ള അവകാശം ആവേനും ചോപ്പനുമാണ്. ചടങ്ങുകളിങ്ങനെ.

കുടികൂട്ടലിനു പ്രാരംഭമായി കാവിന്റെ വാതിൽ പൂർണമായി അടയ്ക്കുന്നില്ല, ചാരിയിട്ടേയുള്ളൂ. വാതിൽക്കൽ നെല്ലും (ഒരിടങ്ങഴി) അരിയും (ഒരു നാഴി) കയ്യിഷ്ടവും (വെറ്റിലയും അടയ്ക്കയും) വെയ്ക്കുന്നു. തുടർന്ന് തൃപ്പടിമേൽ ആദ്യം അഞ്ച് നറുക്കുകൾ വെച്ചിട്ട് നിറനാഴിയിൽ നിന്ന് അരിയെടുത്ത് നറുക്കുകളിൽ സമർപിക്കുന്നു. നറുക്കിലൂട്ടുക എന്നാണ് ഇതിന് പറയുന്നത്. അതോടൊപ്പം നറുക്കുകളിൽ ഓരോ തിരിയും കത്തിച്ചുവെക്കുന്നു. അതിനുശേഷം ആവേൻ ഒരു നാളികേരമെടുത്ത് തൃപ്പടിമേൽ മുട്ടി ഉടച്ചിട്ട് നാളികേരവെള്ളം വാളിന്റെ തലഭാഗത്തുകൂടി നറുക്കുകളിലൊഴിച്ച് കത്തിനിൽക്കുന്ന തിരികൾ കെടുത്തുന്നു. ഉടച്ചനാളികേരമുറികൾ പുറത്തേക്ക് ഇടുകയും നാളികേരമുറികളിൽ നോക്കി ഫലം പറയുകയും ചെയ്യുന്നു. അതിനുശേഷം കയ്യിഷ്ടം നോക്കിയും ഫലം പറയുന്നു. തുടർന്ന് എല്ലാവരും ദേവിയെ തൊഴുതു പ്രാർഥിച്ച് നിൽക്കുമ്പോൾ ആവേൻ കുടികൂട്ടൽ മന്ത്രം ചൊല്ലി കാവിന്റെ വാതിൽ ചേർത്തടയ്ക്കുന്നു. തുടർന്ന് കലശക്കുടമെടുത്ത് ബാക്കിയുള്ള കലശവുമായി കാവിന് വലം വെച്ച് പടിഞ്ഞാറ്റിയിലേക്ക് പോകുന്നു. കലശം അവിടെ സമർപിച്ച് തൊഴുതുകുമ്പിടുന്നതോടെ കുടികൂട്ടൽ ചടങ്ങ് പൂർണമാകുന്നു.

ചാലിയാർ പുഴയുടെ തെക്കൻ പ്രദേശങ്ങളിൽ മഞ്ഞത്താലപ്പൊലി നടക്കുന്ന പ്രധാനപ്പെട്ട ഏതാനും കാവുകൾ

1. തച്ചമ്പലത്ത് കാവ്, കാക്കഞ്ചേരി
2. അണിമംഗലത്ത് കാവ്, സിയാംകണ്ടം
3. വെണ്ണാതൊടിക്കാവ്, പെരിയമ്പലം
4. പാലപ്പറമ്പ് കാവ്, കൊട്ടപ്പുറം
5. ചോലക്കൽ കാവ്, പുതുക്കോട്
6. മാളിൽ കാവ്, പുതുക്കോട്
7. മൂത്തേടത്ത് കാവ്, പെരിങ്ങാവ്
8. വട്ടഞ്ചേരി കാവ്, കക്കോവ്
9. കരിക്കീരികണ്ടി കാവ്, വാഴയൂർ
10. കുറ്റിക്കാട്ടിൽ കാവ്, അഴിഞ്ഞിലം
11. നെല്ലിക്കോട്ട് കാവ്, രാമനാട്ടുകര
12. കുറ്റൂളിൽ കാവ്, കുറ്റൂളങ്ങാടി
13. മാളീരികാവ്, കുറ്റൂളങ്ങാടി
14. കോടശ്ശേരി കാവ്, ഫാറൂഖ് കോളേജ്
15. മുള്ളാശ്ശേരി കാവ്, പരുത്തിപ്പാറ
16. പാലക്കോട്ട് കാവ്, ഫറോക്ക് ചുങ്കം
17. പൊറ്റത്തിൽ കാവ്, കരുവൻതിരുത്തി
18. ചെറാട്ട് കാവ്, മണ്ണൂർ
19. പറമ്പിൽ കാവ്, കോട്ടേക്കടവ്
20. കോട്ടാശ്ശേരി കാവ്, വള്ളിക്കുന്ന്
21. നെടുപറമ്പിൽ കാവ്, പരപ്പനങ്ങാടി
22. ചീനിക്കിനാരി കാവ്, ചെനക്കലങ്ങാടി
23. പാലയ്ക്കൽ കാവ്, ഇളമീൽ
24. അരീക്കുന്ന് മുത്തപ്പൻ കാവ്, കാരാട്
25. തെയ്യപ്പൻ കാവ്, പരുത്തിപ്പാറ

ധർമദൈവത്തിനു വെള്ളാട്ട് കഴിക്കൽ



"പണ്ടുള്ളോരെന്തു ചെയ്തോ
അതു കണ്ടറിഞ്ഞു ചെയ്തീടണം
ധർമദൈവം പ്രസാദിച്ചാലെ
കിളിർക്കൂ തറവാട്ടുകാർ"

ഈ ചൊല്ല് ഉത്സവതിറയാട്ടങ്ങൾ നടക്കന്ന കാവുകളിലെ ധർമദൈവത്തിന്റെ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കുന്നു. ധർമദൈവം എന്ന വിവക്ഷ കാവിന്റെയും തറവാടിന്റെയും മൂലകാരണമായ, ഭൗതികമായി മാത്രം വേർപിരിഞ്ഞുപോയ വ്യക്തിയെപ്പറ്റിയാണ്. ഭൗതികമായി വേർപിരിഞ്ഞെങ്കിലും ഇന്നും ആ ചൈതന്യവും അനുഗ്രഹവും തറവാടിനും കാവിനും ദേശത്തിനും അനിവാര്യമാണ്. ഒരു പക്ഷെ നൂറ്റാണ്ടുകൾക്കു മുമ്പാകാം ആ വേർപാടുണ്ടായത്. എങ്കിലും ആ ചൈതന്യം നിലനിൽക്കുന്നു എന്ന വിശ്വാസമാണ് ധർമദൈവത്തിന് അർപിക്കുന്ന പൂജകൾക്ക് നിദാനം. ധർമദൈവത്തിനു മാത്രമല്ല അദ്ദേഹം ഉപാസിച്ചിരുന്ന എല്ലാ ദേവതകൾക്കും പ്രത്യേകിച്ച് കരുമകനും പൂജകൾ നടത്തുന്നു. കുടിവെച്ച മൂർത്തികൾക്കുള്ള പൂജയും അതിപ്രധാനം തന്നെ. മലദൈവപ്രതിഷ്ഠയ്ക്ക് പ്രാധാന്യമുള്ള കാവുകളിൽ ഉത്സവം നിശ്ചയിച്ചുകഴിഞ്ഞാൽ ഉൽസവത്തലേന്ന് അവിടെ വെള്ളാട്ട് കഴിക്കണം എന്നത് കീഴ്വഴക്കമാണ്. ഉൽസവം വിജയകരമായി പൂർത്തിയാക്കാനും ധർമദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകണം. അതിനുവേണ്ടിയാണ് ധർമദൈവത്തിനു വിധിയാംവണ്ണമുള്ള അനുഷ്ഠാനങ്ങളും കർമങ്ങളും നടത്തുന്നത്. ഈ അനുഷ്ഠാനകർമങ്ങൾ നടത്തേണ്ടത് തിറയാട്ടം നടക്കുന്ന കാവിലല്ല. അതിനായി ഒരു ചെറിയ കാവോ തറയോ തറവാടിനടുത്ത് ഉണ്ടായിരിക്കും. ഇവിടെയാണ് ധർമദൈവത്തിനുള്ള അനുഷ്ഠാനകർമങ്ങൾ നടക്കുന്നത്. ഈ അനുഷ്ഠാനകർമങ്ങളും ചടങ്ങുകളുമെല്ലാം ഉച്ചയോടുകൂടി തുടങ്ങി വൈകിട്ട് ആറുമണിയോടുകൂടി അവസാനിക്കുകയും വേണം. അതിന്റെ ചടങ്ങുകൾ ഇങ്ങനെ.

തിറയാട്ട മഹോൽസവത്തലേന്ന് ഉച്ചയോടുകൂടി വാദ്യക്കാരും അനുയായികളും മൂത്തപെരുമണ്ണാന്റെ തറവാട്ടിലെത്തുന്നു. കാവിന്നുടയോർ കൊടുത്തയച്ച വിഭവങ്ങൾ കൊണ്ടുണ്ടാക്കിയ ഭക്ഷണം തന്നെയാണ് കാവിന്നുടയോരുടെ തറവാടിലെ ഉച്ചഭക്ഷണവും. കാലാകാലമായി തുർന്നുവരുന്ന ഒരാചാരമാണിത്. ഉച്ചഭക്ഷണത്തിനുശേഷം മൂത്ത പെരുമണ്ണാനും വാദ്യക്കാരും ആർഭാടത്തോടെ അല്ലെങ്കിലും വിരുന്നു പുറപ്പെട്ട് കാവിലെത്തുന്നു. തിറയാട്ടത്തിലേതുപോലെതന്നെ പൂവും നാരും കയ്യിഷ്ടം എടുക്കൽ, കാവുണർത്തൽ, വെള്ളാട്ട് ഒടക്ക്, അരിയും പൂവും എടുക്കൽ, വിളിച്ചുണർത്തൽ തുടങ്ങിയ എല്ലാ ചടങ്ങുകളും നടക്കുന്നു. ഈ ചടങ്ങുകൾക്ക് തിറയാട്ടദിവസത്തെ ആർഭാടമോ പൊലിമയോ ഇല്ലെങ്കിലും ആചാരങ്ങൾ കർശന നിഷ്ഠയോടെയാണ് നടക്കുന്നത്. തുടർന്ന് കരുമകന്റെ വെള്ളാട്ടാണ്. വെള്ളാട്ട് പുറപ്പെട്ട് തിരുമുമ്പിൽ എത്തി മുടിയേറ്റിയതിനുശേഷം ഗണപതിയാട്ടത്തോടെ കരുമകന്റെ വെള്ളാട്ട് തുടങ്ങുന്നു. മുൻപ് വിശദീകരിച്ചതുപോലെ ആട്ടം അവസാനിച്ചതിനുശേഷം നാളികേരമുടച്ച് വെട്ടുവാചകം പറയുന്നതോടെ കരുമകൻ വെള്ളാട്ട് പൂർണമാകുന്നു. കരുമകന്റെ വെള്ളാട്ടിനുശേഷം കുടിവെച്ച മൂർത്തിയുടെ വെള്ളാട്ടാണ്. അതിനായി കാവിന്റെ മുറ്റത്തോ കുടിവെച്ച മൂർത്തിയുടെ തറയിലോ കാവിന്നുടയോരുടെ തറവാട്ടു മുറ്റത്തോ, അപ്പം, പഴം കാച്ചിയപാൽ, ഇളനീർ, ശർക്കര എന്നിവ നിവേദ്യം വെച്ചിട്ടുണ്ടാകും. മധ്യമപൂജയുള്ളിടത്ത് അവകാശികളായ തണ്ടാന്മാർ/ തീയ്യർ കൊണ്ടുവന്ന കള്ള് കലശവും നിവേദ്യസമുച്ചയത്തിലുണ്ട്. തുടർന്ന് കുടിവെച്ച മൂർത്തിയുടെ വെള്ളാട്ട് പുറപ്പാട് കാവ് പ്രദക്ഷിണം വെച്ച് കുറേ ആട്ടങ്ങൾ കഴിഞ്ഞതിനു ശേഷം തറവാട്ടു മുറ്റത്തേക്കോ മൂർത്തിയുടെ തറയിലേക്കോ വാദ്യഘോഷങ്ങളോടെ പോകുന്നു. തറവാട്ടു മുറ്റത്ത് കാവിന്നുടയോരും ഭക്തജനങ്ങളും കാത്തുനിൽപ്പുണ്ടാവും. കോലം അൽപനേരം ചുവടുകൾ വെച്ചശേഷം അവിടെ വെച്ചിട്ടുള്ള നിവേദ്യത്തിനടുത്തെത്തി ശക്തിപൂജ ചെയ്യുന്നു. പൂജയിൽ

സംതൃപ്തരായി കാവിന്നുടയോരും ഭക്തജനങ്ങളും നിൽക്കുമ്പോൾ അവരുടെ സന്തോഷത്തിനും ഐശ്വര്യത്തിനും വേണ്ടി കോലം ചില കലാശച്ചുവടുകളും നൃത്തച്ചുവടുക,ളും വയ്ക്കുന്നു. തുടർന്ന് നിവേദ്യമെടുത്ത് കാവിന്റെ മേൽക്കോയ്മകൾക്കും വാദ്യക്കാർക്കും മുറ്റുള്ളവർക്കും പ്രസാദം നൽകുന്നു. പ്രസാദം സ്വീകരിക്കുന്നതോടെ മേൽക്കോയ്മക്കാരും അവകാശികളും മറ്റുള്ളവരും കോലത്തിനു സമ്മാനപ്പണം നൽകുന്നു. വളരെ പണ്ടുമുതലേ തുടർന്നുവരുന്ന ആചാരമാണിത്. സമ്മാനപ്പണം മൂർത്തിക്കു നൽകുന്ന കാണിക്കയായിട്ടാണ് കരുതുന്നത്. ശേഷം കോലം വാദ്യഘോഷങ്ങളുടെ അകമ്പടിയിൽ കാവിന്റെ തിരുമുമ്പിലെത്തി ആട്ടം പൂർണമാക്കുന്നു. ആട്ടത്തിനവസാനം ചൈതന്യം പൂർണമായി ആവാഹിച്ച് കോലം കനലാട്ടം നടത്തുകയും കാവിന്റെ മുൻപാകെ സ്വയം സമർപിച്ച് പിൻവാങ്ങുകയും ചെയ്യുന്നു. കുടിവെച്ച മൂർത്തിയുടെ വെള്ളാട്ടിനവസാനം ധർമദൈവത്തിന്റെ പുറപ്പാടാണ്. ധർമദൈവത്തെ പ്രസാദിപ്പിക്കാൻ നടത്തുന്ന ചടങ്ങുകളുടെ പ്രാധാന്യവും മഹത്വവും വളരെ ഏറെയാണ്. ധർമദൈവത്തിന്റെ അനുഗ്രഹവും ചൈതന്യവുമാണ് കാവിന്റെയും തറവാടിന്റെയും ദേശത്തിന്റെയും ഐശ്വര്യത്തിന്റെ നിദാനമെന്ന വിശ്വാസമാണ് അതിനു കാരണം. ധർമദൈവം പ്രസാദിച്ചാലെ തലമുറകളുടെ തുടർച്ചയും അവരുടെ നന്മയും സാധ്യമാകൂ. ധർമദൈവത്തിന്റെ പുറപ്പാടിനായി തറവാടിന്റെ തെക്കുകിഴക്കേ മൂലയിൽ സ്ഥാനനിർണയം നടത്തി അവിടെ ഒരു സ്വസ്തികക്കളം വരച്ച് തൊട്ടടുത്ത് കറുപ്പുതുണി വിരിച്ച പീഠം വെച്ച് അതിന്മേൽ കടുതലയും (ആയുധം) വിളക്കും നിറനാഴിയും നിവേദ്യങ്ങളും വെച്ച് പാലും പൊടിപൂജയ്ക്ക് ശേഷം തുടിയുടെ താളത്തിൽ മന്ത്രമർമരത്തോടെ ഒടക്കുകഴിക്കുന്നു. ഈ ഒടക്ക് മറ്റ് ദേവതകളുടെ ഒടക്കുകളിൽ നിന്നും നേരിയ വ്യത്യാസമുണ്ട്. ധർമദൈവത്തിന്റെ കോലം കെട്ടിയാടാൻ കാവിന്റെ അവകാശിയായ മൂത്തപെരുമണ്ണാനു മാത്രമേ അവകാശമുള്ളു. മൂത്തപെരുമണ്ണാൻ കോലം കെട്ടി മയിൽപ്പീലികൾ കൊണ്ട് ആവരണം ചെയ്ത് വാദ്യഘോഷങ്ങളോടെ ഈ തിരുമുറ്റത്തേയ്ക്കുവരുമ്പോൾ കന്യകമാരായ പെൺകൊടികൾ താലപ്പൊലികളുമായി കോലത്തെ എതിരേൽക്കുന്നു. കോലം താലപ്പൊലികൾ വാങ്ങി കുട്ടികളെ ഉഴിഞ്ഞ് താലങ്ങൾ കളത്തിൽ സമർപിക്കുന്നു. ശേഷം ബാലികമാർ അരിയും പൂവുമിട്ട് ഗുരുവന്ദനം നടത്തി മടങ്ങുന്നു. തുടർന്ന് കളത്തിൽ പാലും പൊടികർമം നടത്തുന്ന കോലത്തിലേയ്ക്ക് ദൈവചൈതന്യം പ്രവഹിക്കുകയും, സമർപിച്ച താലപ്പൊലികളെടുത്ത് കോലം നൃത്തം വെയ്ക്കുകയും ചെയ്യുന്നു. നൃത്തത്തിനിടയിൽ പീഠത്തിൽ കയറിനിന്ന് ആയുധമെടുത്ത് നൃത്തം തുടരുന്നതോടെ ദൈവചൈതന്യം കോലത്തിൽ പൂർണമായി പ്രവേശിച്ചിരിക്കുമെന്നാണ് വിശ്വാസം. ദൈവചൈതന്യം കോലത്തിൽ പൂർണമാകുന്നതോടെ കോലം ധർമദൈവമായിത്തന്നെ ഭവിക്കുകയും മുമ്മുഴി പറയുകയും ചെയ്യുന്നു. മുമ്മുഴി പറഞ്ഞ് ഭക്തർക്ക് ആശ്വാസം പകർന്നതിനുശേഷം കോലം ദൈവത്തിനു മുമ്പാകെ സ്വയം സമർപിക്കുന്നതോടെ ധർമദൈവത്തിനുള്ള അനുഷ്ഠാനങ്ങൾ പൂർണമാകുന്നു. ധർമദൈവത്തിന്റെ കോലം അടങ്ങിയതിനുശേഷം അരിയും പൂവും പിടിച്ചു വലത്തിടൽ ചടങ്ങാണ്. ഈ ചടങ്ങിനവസാനം നാളികേരം എറിഞ്ഞുടയ്ക്കുന്നതോടുകൂടി കാവിന്നുടയോരും മറ്റെല്ലാവരും കാവിന്റെ തിരുമുൻപിൽ ഭക്ത്യാദരപൂർവം പ്രാർഥിക്കുമ്പോൾ മൂത്തപെരുമണ്ണാനും അനുയായികളും കരുമകന്റെ പ്രസിദ്ധമായ അഞ്ചടി ചൊല്ലുന്നു. ഇതോടെ വീട്ടുകോമരങ്ങൾ ഉറഞ്ഞുതുള്ളി മുമ്മുഴി പറഞ്ഞ് എല്ലാവരേയും തൃപ്തരാക്കി ദൈവത്തിനു മുൻപിൽ അടങ്ങിപ്പാർത്തതിനുശേഷം സായംസന്ധ്യയോടെ കാവിൽ നിന്നും പിരിഞ്ഞുപോകുന്നു.

അധ്യായം ഇരുപത്തൊന്ന്

നട്ട(ഷ്ട)ത്തിറയും ഏഴാംപുജയും



മലദൈവക്കാവുകളിൽ ഉൽസവത്തലേന്ന് നടക്കുന്ന അനുഷ്ഠാനങ്ങളെയും ചടങ്ങുകളെയും പറ്റിയാണ് മുമ്പ് വിശദീകരിച്ചത്. അതുപോലെ ഭഗവതിക്കാവുകളിൽ ഉൽസവത്തലേന്ന് നടക്കുന്ന ചടങ്ങുകൾക്ക് പൊതുവേ പറയുന്ന പേരാണ് സന്ധ്യവേല അല്ലെങ്കിൽ അന്തിവെള്ളാട്ട്. ചില സ്ഥലങ്ങളിൽ നട്ടത്തിറയും നടക്കാറുണ്ട്.

നട്ട(ഷ്ട)ത്തിറ

നട്ടത്തിറയ്ക്ക് ചില ദേശങ്ങളിൽ നഷ്ടത്തിറ എന്നും പേരുണ്ട്. കുടിവെച്ചമൂർത്തിയെ പ്രീതിപ്പെടുത്തി അടുത്തദിവസം നടക്കാൻ പോകുന്ന താലപ്പൊലി മഹോൽസവത്തിന് യാതൊരുവിധ ഭംഗവുമുണ്ടാകാതിരിക്കുന്നതിനുവേണ്ടി നടത്തുന്ന ഒരു അനുഷ്ഠാനമാണിത്. തറവാടിന്റെ കുലദൈവമായ കുടിവെച്ചമൂർത്തി തറവാടിനുമാത്രമല്ല ദേശത്തിന്റെയും സംരക്ഷകനാണെന്നാണല്ലോ വിശ്വാസം. ആ വിശ്വാസത്തിലൂന്നിയ നട്ടത്തിറയുടെ ചടങ്ങുകളിങ്ങനെ.

സായംസന്ധ്യയ്ക്കുമുമ്പ് ഏതാനും തിറയാട്ടക്കാരും കുറച്ച് വാദ്യക്കാരും കാവിലെത്തുന്നു. മുമ്പ് വിശദീകരിച്ചതുപോലെ അവിടെ വിളക്കുനിറനാഴിയും കയ്യിഷ്ടവും (വെറ്റില, പാക്ക്) വെച്ചിട്ടുണ്ടാവും. കാവിലെത്തിയ പെരുമണ്ണാൻ വെറ്റില എണ്ണിനോക്കിയും പാക്കിന്റെ മുഖം നോക്കിയും നാളെ നടക്കാൻ പോകുന്ന ഉൽസവമുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി ഫലം പറയുന്നു. തുടർന്ന് ചെറിയ ഒരു മേളത്തോടെ കാവുണർത്തൽ ചടങ്ങ് നടക്കുന്നു. കാവുണർത്തൽ ചടങ്ങിനുശേഷം തുടിയുടെ താളത്തിൽ ഒടക്ക് കഴിച്ച് ദേവിയെ ഉണർത്തുന്നു. ശേഷം അരിയും പൂവും കെട്ടുമുണ്ടും (തോർത്ത്) എടുത്ത് മൂർത്തിയുടെ കോലം കെട്ടിയാടി മുമ്പ് വിശദീകരിച്ച ചടങ്ങുകളുടെ അവസാനിക്കുന്നു.

ഏഴാം പൂജ

ഉൽസവം സമാപിച്ച് കുടികൂട്ടൽചടങ്ങ് നടന്ന കാവുകളിൽ ഏഴാം ദിവസം നടക്കുന്ന അനുഷ്ഠാന പരമായ ചടങ്ങാണ് ഏഴാംപൂജ. കുടികൂട്ടൽ ചടങ്ങോടെ ദൈവം സുഷുപ്തിയിലായെന്നും ഈ നാളുകളിൽ കാവിന്റെ പരിസരം ദുർമൂർത്തികളുടെ കേളീരംഗമാണെന്നും വിശ്വസിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഈ നാളുകളിൽ കാവിന്റെ പരിസരത്തേയ്ക്ക് പോലും ആരും പോകാറില്ല. ഏഴാം ദിവസം നടതുറന്ന് ദൈവത്തെ ഉണർത്തി ദേശത്തെ സംരക്ഷിക്കുകയെന്ന ദൗത്യനിർവഹണമാണ് ഏഴാം പൂജകൊണ്ട് ഉദ്ദേശിക്കുന്നത്. ഏഴാം പൂജയുടെ ചടങ്ങുകളിങ്ങനെ.

കുടികൂട്ടലിനുശേഷം ഏഴാം ദിവസം രാവിലെ നടതുറന്ന് കാവിനകവും പരിസരവും അടിച്ചുവാരി വൃത്തിയാക്കി പുണ്യാഹം തളിച്ച് ശുദ്ധീകരിക്കുന്നു. തുടർന്ന് ഉത്തമകർമത്തിൽ നിവേദ്യം സമർപിച്ച് പൂജ ചെയ്യുന്നു. ഉത്തമകർമത്തിലുള്ള ഈ പൂജയ്ക്ക് ശേഷം വൈകുന്നേരം മധ്യമകർമത്തിൽ ഗുളികൻ, കരിങ്കുട്ടി, ദണ്ഡൻ തുടങ്ങിയ മൂർത്തികൾക്ക് കോഴിയെ അറുത്ത് മദ്യനിവേദ്യത്തോടെ പൂജ ചെയ്യുന്നു. പൂജയ്ക്ക് ശേഷം തെക്കൻ പ്രദേശങ്ങളിലെ പന്തീരാംകർമത്തിൽ വിശദീകരിച്ചതുപോലെ ദുർമൂർത്തികളെ ദിക്കിരുത്തി തേരേറ്റുന്നു. അതോടെ ഇതുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളും അവസാനിക്കുന്നു.

ശേഷം ഉൽസവനിശ്ചയത്തിന്റെ അടയാളമായി കാവിന്റെ തിരുമുമ്പിലും പരിസരങ്ങളിലുമായി തൂക്കിയ കൊടികളെല്ലാം താഴെയിറക്കുന്നു. അതോടെ ഒരു വർഷത്തെ ഉൽസവത്തിന് പരിസമാപ്തിയാകുന്നു.

അധ്യായം ഇരുപത്തിരണ്ട്

ഹാസ്യം





ഹാസ്യാനുഭവം സ്വാഭാവികമാണ്. സ്വന്തം ജീവിതത്തിലെ ഓരോ ചലനങ്ങളിൽപ്പോലും ഹാസ്യം കണ്ടെത്തി സ്വയം ഊറിച്ചിരിക്കുന്നവരാണ് നാമൊക്കെ. ഇതാകട്ടെ ശുദ്ധഹാസ്യവും. ശുദ്ധ ഹാസ്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണം നമ്മുടെ കുഞ്ചൻ നമ്പ്യാർ തന്നെ. എത്രയേറെ അനായാസകരമായാണ് അദ്ദേഹം ഹാസ്യം കൈകാര്യം ചെയ്തത്. ഇന്ദ്രനെയും ഇന്ദ്രസദസ്സിനെയും കേരളയീതലത്തിലെത്തിച്ച് ആക്ഷേപഹാസ്യത്തിന്റെ മധുരവും ചേർത്ത് നമ്മുടെ മുമ്പിലവതരിപ്പിച്ചത് അതീവഹൃദ്യം തന്നെയല്ലേ? രാവണഭാര്യ മണ്ഡോദരിക്ക് ദാസ്യവേല ചെയ്യാൻ ഇന്ദ്രസദസ്സിലെ ഉർവ്വശിമേനക രംഭ തിലോത്തമമാരെ എത്തിച്ച നമ്പ്യാരുടെ ഹാസ്യലോകം വിശാലം മാത്രമല്ല, മൗലീകം കൂടിയാണ്.

പുരാണകഥാപാത്രങ്ങളെ മാത്രമല്ല, സ്വന്തം സമുദായത്തെപ്പോലും അദ്ദേഹം വെറുതെ വിടുന്നില്ല.

''നായന്മാരങ്ങോടുന്നേര-
ത്തായുധമെല്ലാം വഴിയിൽപ്പോയി
ആയതുപിന്നെയുമുണ്ടാക്കീടാം
കായം കിട്ടുകിലതുബഹുലാഭം''

ശുദ്ധഹാസ്യം ഇങ്ങനെ ആസ്വാദ്യകരമാകുമ്പോൾത്തന്നെ അത് വികൃതവും സദാചാരവിരുദ്ധവുമായ ചില തലങ്ങളിലെത്തുന്ന സാഹചര്യം ഇപ്പോഴുണ്ട്. കലകളിൽ മാത്രമല്ല സാധാരണ ദൈനംദിന ജീവിതത്തിൽ പ്പോലും ഈയൊരു സാഹചര്യം നിലനിൽക്കുന്നു എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. തിറയാട്ടത്തിലും ഈയൊരവസ്ഥ കാണാതിരുന്നുകൂടാ. കാവുക ളിലാണല്ലോ തിറയാട്ടം അവതരിപ്പിക്കപ്പെടുന്നത്. കാണികളും ഇതിൽ പങ്കാളികളാണ്. തിറയാട്ടസംഘത്തിനൊപ്പം തന്നെ കാണികൾ ആസ്വാദ്യകരമായി ഇതിനോട് സഹകരിക്കുന്നു. എന്നാൽ ചില സന്ദർഭങ്ങളിലെങ്കിലും ഇത് സദാചാരവിരുദ്ധമായ മുതലെടുപ്പായി മാറുന്നുണ്ട്. ഇതിന് സംഘടിതമായ ശ്രമങ്ങളിലൂടെ ഒരു പരിഹാരമുണ്ടാകണം. അല്ലെങ്കിൽ പേരുദോഷവും കുറ്റവും തിറയാട്ടമെന്ന ഗോത്രകലയ്ക്കായിരിക്കും.


പറക്കുട്ടി

തിറയാട്ടത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്ന ഒരു കലാവിഭാഗമാണ് എറയക്കളി ഈ എറയക്കളിയിലെ ഹാസ്യാത്മകമായ ഇനങ്ങളാണ് വേശീപുറപ്പാടും പട്ടർപുറപ്പാടും പന്നിനായാട്ടുമൊക്കെ. ഇവിടെയെല്ലാം ശുദ്ധഹാസ്യത്തിനും സാമൂഹ്യവിമർശനത്തിനും ഗൗരവതരമായ പ്രസക്തിതന്നെയുണ്ട്. പഴുതുകൾ ഏറെയുണ്ടെങ്കിലും സദാചാരവിരുദ്ധമായ പെരുമാറ്റങ്ങളും ഇടപെടലുകളുമൊന്നും സമീപകാലം വരെ ഈ കലാവിഭാഗത്തിനുണ്ടായിരുന്നില്ല എന്നതും വിസ്മരിച്ചുകൂടാ.

തിറയാട്ടത്തിലെ ഹാസ്യാനുഭവങ്ങളിലേയ്ക്ക് കടന്നാലോ? തിറയാട്ടത്തിൽ ഭക്തരെ ചിരിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവർ ഇവരൊക്കെയാണ്. കുട്ടിച്ചാത്തൻ, ഭൈരവൻ, പൊട്ടൻ, ഗുളികൻ തുടങ്ങിയ ദൈവങ്ങൾ. അതോടൊപ്പം നാം മനസ്സിലാക്കേണ്ട ഒരു കാര്യം കൂടിയുണ്ട്. വെറും വിദൂഷകവേഷം കെട്ടുന്ന ദൈവങ്ങൾ മാത മല്ല ഇവർ. ഐതീഹ്യങ്ങളിലും വിശ്വാസങ്ങളിലും ഇവരുടെ ഭീകരസാന്നിധ്യം നാം അറിയുന്നുമുണ്ട്. ആദ്യമായി കുട്ടിച്ചാത്തൻ ദൈവത്തിന്റെ ചരിത്രമൊന്നു പരിശോധിക്കാം.

ജനിച്ച ഉടനെതന്നെ കുട്ടിച്ചാത്തന്റെ ഭീകരരൂപം കണ്ട വയറ്റാട്ടി പേടിച്ചുവീണ് അപ്പോൾത്തന്നെ മരിച്ചു. വെട്ടിനുറുക്കി കഷണങ്ങളാക്കി അഗ്നികുണ്ഠത്തിലെറിയപ്പെട്ട കുട്ടിച്ചാത്തന്റെ അത്ഭുതരൂപം കണ്ട കാളകാട്ടില്ലക്കാരും ഇല്ലത്തെ കാര്യസ്ഥന്മാരും പേടിച്ചുവിറച്ച് കുട്ടിച്ചാത്തന് എന്തുവേണമെങ്കിലും നൽകാമെന്ന് സത്യം ചെയ്തു. ഇതേകുട്ടിച്ചാത്തനാണ് തിറയാട്ടത്തിൽ കുട്ടികളുടേയും മുതിർന്നവരുടെയും കളിത്തോഴനായി പ്രത്യക്ഷപ്പെടുന്നത്. തിറയാട്ടത്തിൽ, കുട്ടിച്ചാത്തന്റെ കുസൃതികളെന്തൊക്കെയാണ്? കല്ലെറിയുന്നു, കാഞ്ഞിരയിലകൾ

തിന്നുന്നു, ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സാധനങ്ങൾ തൽക്ഷണം ഒളിപ്പിക്കുന്നു, പന്തലുകളുടെ കാലിളക്കുന്നു, ഇരിപ്പിടത്തിന്റെ കാല് ഊരിയെടുക്കുന്നു, ഭക്ഷണം പാകം ചെയ്യുന്നത് മലിനമാക്കുന്നു, തീ കത്താതെ പാത്രത്തിലെ വെള്ളം തിളയ്ക്കുന്നു, മദ്യം കുടിക്കുന്നു – കുടിപ്പിക്കുന്നു, കോഴിയെ കട്ടു പിടിക്കുന്നു, ഇറച്ചി ചുട്ടു തിന്നുന്നു, അങ്ങനെ പോകുന്നു കുട്ടിച്ചാത്തന്റെ വികൃതികൾ. ഈ വികൃതികളിലെവിടെയാണ് ഹാസ്യം? കല്ലെറിയുന്നു എന്നിരിക്കട്ടെ. ആ കല്ലേറിൽ തല പൊട്ടി ആർക്കെങ്കിലും പരിക്കുപറ്റിയാൽ അവിടെ എവടെയാണ് ഹാസ്യം? തീക്കനൽ വാരിയെറിഞ്ഞ് ആർക്കെങ്കിലും പൊള്ളലേറ്റാൽ എവിടെയാണ് ഹാസ്യം? ഇത്തരം ചോദ്യങ്ങൾ ദോഷൈകദൃക്കുകൾക്ക് ചോദിക്കാനുണ്ടാവും. പക്ഷെ ഇത്തരം ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരമുണ്ട്. ചാത്തൻ കല്ലെറിയുന്നില്ല, തീക്കനൽ വാരി ആരെയും എറിയുന്നില്ല. അങ്ങനെ ചെയ്യുന്നു എന്ന് ഭാവിക്കുകയാണ്. ഈ മാജിക്കൽ റിയലിസം തന്നെയാണ് ഇവിടെ ഹാസ്യത്തിന്റെ ആത്മാവായി വർത്തിക്കുന്നത്. കുട്ടിച്ചാത്തന്റെ ഇത്തരം ചേഷ്ടകൾ പകരുന്ന ഹാസ്യാത്മകതയാണ് ശുദ്ധ ഹാസ്യമായി നമുക്കനുഭവപ്പെടുന്നത്.

ഹാസ്യാനുഭവം കാണികൾക്ക് നൽകുന്ന ദൈവമാണ് ഭൈരവൻ. തിറയാട്ടത്തിലെ എല്ലാ ദൈവങ്ങളും പരമശിവന്റെ മഹാതേജസ്സിൽ നിന്ന് ജനിച്ചവരാണല്ലോ. അങ്ങനെ ജനിച്ച മൂർത്തിയാണ് ഭൈരവനും. നാട്ടിലാകെ വറുതിയായപ്പോൾ ഇങ്ങനൊരു പരിഹാരം കണ്ടെത്താൻ ശിവഭക്തനായ ഒരു കാരണവർ കഠിനതപം ചെയ്തതും മഹാകാള ഭൈരവരൂപത്തിൽ മഹാദേവൻ പ്രത്യക്ഷപ്പെട്ടതും ഈ പുസ്തകത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ മഹാകാളഭൈരവരൂപം കണ്ട കാരണവർ തൽക്ഷണം ഭയവിഹ്വലനായി മോഹാലസ്യപ്പെട്ടുവീണു. മനസ്സലിവുതോന്നിയ മഹാദേവൻ തുടർന്ന് വാനരരൂപത്തിൽ പ്രത്യക്ഷപ്പെട്ട് തന്റെ ഭക്തനെ അനുഗ്രഹിച്ചു. ഇക്കാര്യങ്ങളെല്ലാം ഈ പുസ്തകത്തിൽത്തന്നെ വിശദീകരിച്ചിട്ടുണ്ട്.

ഇവിടെ പറഞ്ഞുവരുന്നത് ഭൈരവൻ കാണികൾക്കു നൽകുന്ന ഹാസ്യാനുഭവത്തെപ്പറ്റിയാണ്. ഭൈരവന്റെ ഓരോ ചലനങ്ങളും വാനരകുസൃതികൾക്ക് തുല്യം തന്നെ. സാധാരണ വാനരകൂട്ടത്തിന്റെ ഓരോ ചേഷ്ടകളും നമ്മളിൽ കൗതുകവും ചിരിയുമുണർത്താറുണ്ടല്ലോ. വാനരന്മാർ തമ്മിത്തമ്മിൽ കെട്ടിപ്പിണഞ്ഞ് തിമിർക്കുക, ചൊറിയുക, മാന്തുക, പേനെടുക്കുക, തുപ്പുക, കടിക്കുക, കൊഞ്ഞനം കുത്തുക എന്നുവേണ്ട ഇവയൊക്കെ കാണികളിൽ ഹാസ്യാനുഭൂതി സൃഷ്ടിക്കുകതന്നെ ചെയ്യുന്നു. മരങ്ങളിലൂടെ ഓടിച്ചാടി നടന്ന് കായ്കനികൾ പറിച്ചെടുക്കുക, പറിച്ചെടുത്ത കായ്കൾ കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും എറിയുക, മരത്തിന്റെ ചില്ലകൾ ഒടിക്കുക, പഴം തൊലിയോടെതിന്നുക, കുട്ടികളുടെ നേരെ ചാടി വീണ് അവരെ ഭയപ്പെടുത്തുക ആംഗ്യാഭിനയമിഴിവോടെ അവതരിപ്പിക്കുന്നത് തീർച്ചയായും കൗതുകകരം തന്നെയാണ്. ഒരു കുരങ്ങന്റെ ''സാമ്രാജ്യ''ത്തിലേയ്ക്ക് മറ്റുകുരങ്ങുകൾ കടക്കാതിരിക്കാൻ മരച്ചില്ലകളൊടിച്ച് അതിര് നിശ്ചയി,ക്കുന്നതും, ആ അതിര് ലംഘിച്ചാൽ പരസ്പരം യുദ്ധം ചെയ്യുന്നതും ഹാസ്യത്തിന്റെ ഉദാത്തഭാവത്തിൽത്തന്നെ കാണണം. യുദ്ധത്തിനവസാനം ആരും ജയിക്കുകയോ തോൽക്കുകയോ ചെയ്യാത്തതിനാൽ സൗഹൃദത്തിലാകുന്നതുമൊക്കെ ചിരിയുടെ മേഖലകളിലേയ്ക്ക് നമ്മെ നയിക്കുക തന്നെ ചെയ്യും.

തിറയാട്ടത്തിലെ ''പൊട്ടൻ'' ദൈവവും ഹാസ്യാഭിനയത്തിലൂടെയാണ് കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നത്. സംസാരശേഷിയും കേൾവിശക്തിയും പൊട്ടൻദൈവത്തിന് നഷ്ടപ്പെട്ടതിനെക്കുറിച്ച് ഈ പുസ്കത്തിലെ പുരാവൃത്തം എന്ന അധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. കേൾവിശക്തി തെല്ലുപോലുമില്ലാത്ത പൊട്ടൻദൈവത്തിന്റെ പുറപ്പാടുതന്നെ ഹാസ്യാനുഭവം നമുക്ക് പകരുന്നതാണ്. സാധാരണപോലെ പുറപ്പാടിനുള്ള വാദ്യഘോഷങ്ങൾ മുഴങ്ങുമ്പോൾ കേൾവിശക്തിയില്ലാത്ത പൊട്ടൻ ദൈവത്തിന് അത് മനസ്സിലാവില്ലല്ലോ. എന്നാൽ ആരോടെങ്കിലും ചോദിക്കാമെന്നുവെച്ചാൽ സംസാരശേഷിയുമില്ല. കേൾവിശക്തിയും സംസാരശേഷിയുമില്ലാത്ത പൊട്ടൻദൈവത്തിന്റോ ഓരോ ചേഷ്ടകളും നർമ്മമധുരം തന്നെ. ചെണ്ടയുടെ താളം എത്ര മുറുകിയാലും പൊട്ടൻ ദൈവത്തിന് അത് മനസ്സിലാവില്ല. അതുകൊണ്ട് മൂപ്പര്. ചെണ്ടക്കാരുമായി ഇടയ്ക്കിടെ കൊമ്പുകോർക്കുന്നത് രസകരമായ നിമിഷങ്ങളാണ് നമുക്ക് പകരുന്നത്. പൊട്ടൻ ദൈവത്തെനോക്കി കുട്ടികൾ മൂക്കുചൊറിയുന്നതും മറ്റും മൂപ്പർക്ക് സഹിക്കാനാവുന്നില്ല.

അതിന്റെ അസഹിഷ്ണുതയാൽ സ്വന്തം ചെവിയിൽ തിരുമ്മുന്നു, കെട്ടിമറിഞ്ഞ് വീഴുന്നു, വെറുതെ നിലവിളിക്കുന്നു ഇത്തരം ചേഷ്ടകളൊക്കെ ഹാസ്യാത്മകമായിത്തന്നെ അവതരിപ്പിക്കുന്നു. കാണികൾ അത് ആസ്വദിക്കുകയും ചെയ്യുന്നു.

ഭീകരനാണ് ഗുളികൻ എന്ന് വിലയിരുത്തപ്പെടുമ്പോഴും ഗുളികന്റെ പ്രവൃത്തികളിൽ ഹാസ്യാത്മകത വേണ്ടുവോളമുണ്ട്. ഹാസ്യാത്മകമായി പ്രത്യക്ഷപ്പെടുന്നത് കാലഗുളികനാണ് എന്നതും ഇവിടെ ഓർമിക്കേണ്ടിയിരിക്കുന്നു. കാലമാർത്താണ്ഡന്റെ പുത്രനാണല്ലോ ഗുളികൻ. ഭൂമിയുടെ കാവൽക്കാരനായാണ് ഗുളികൻ പൊതുവെ അവതരിപ്പിക്കപ്പെടുന്നത്. ഗുളികനെപ്പറ്റിയുള്ള മറ്റ് ഐതീഹ്യങ്ങൾ ഈ പുസ്തകത്തിലെ പുരാവൃത്തം എന്ന അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ കാവൽക്കാരൻ എന്ന നിലയിൽ ഗുളികനെപ്പറ്റിയുള്ള ഒരു ചൊല്ല് ഇതാണ്, ''എവിടെ പത്തുജനിച്ചാലും എവിടെ പത്തുമരിച്ചാലും'' എന്ന് തിട്ടപ്പെടുത്തുന്ന ദേവനായി ഗുളികനെ അവതരിപ്പിക്കുന്നു. അതായത് ജനനമരണങ്ങൾ തിട്ടപ്പെടുത്തുന്ന ദേവനത്രെ ഗുളികൻ. തിറയാട്ടത്തിൽ രണ്ട് ഗുളികന്മാരെയാണ് അവതരിപ്പിക്കുന്നത്. ഉഗ്രരൂപിയായ ഗുളികനും ഹാസ്യരൂപിയായ കാലഗുളികനുമാണവർ. ഉഗ്രമൂർത്തീഭാവത്തിൽ ഗുളികനെ അവതരിപ്പിക്കുമ്പോൾ അവിടെ ഹാസ്യാത്മകത തീരെയില്ല. ചിലപ്പോഴൊക്കെ ഒറ്റക്കോലമായും ഗുളികനെ അവതരിപ്പിക്കാറുണ്ട്. എന്നാൽ കാലഗുളികന്റെ അവതരണം തീർത്തും ഹാസ്യാത്മകമായിതന്നെയാണ്. ഉഗ്രരൂപിയായ ഗുളികന്റെ സഹചാരിയായാണ് മിക്കവാറും കാലഗുളികൻ പ്രത്യക്ഷപ്പെടുന്നത്. കാലഗുളികന്റെ രൂപഭാവങ്ങളും ചുവടുവെയ്പുകളും കാണികളിൽ ചിരിഉണർത്തുകതന്നെ ചെയ്യും. രണ്ട് തലകളിലും കത്തിച്ച ചൂട്ടുമായെത്തുന്ന ഗുളികൻ, മുറിച്ചൂട്ടും ഉലക്കയും കയറുമായി ചിത്രഗുപ്തഭാവത്തിലെത്തുന്ന ഗുളികൻ, ഒറ്റനാളികേരം മാത്രമുള്ള കുലയുമായെത്തുന്ന ഗുളികൻ, മുളത്തൂണുമായെത്തുന്ന ഗുളികൻ. കാലഗുളികന്റെ ഇമ്മാതിരിയുള്ള പ്രത്യക്ഷപ്പെടൽ കാണികളിൽ ചിരി ഉണർത്തുകതന്നെ ചെയ്യും. മാത്രവുമല്ല എഴുത്താണിയും പുസ്തകവുമായാണ് കാലഗുളികന്റെ പുറപ്പാട്. കാവിടങ്ങളിൽ കാണികൾക്കിടയിലൂടെ ഓടിപ്പാഞ്ഞുനടക്കുന്ന കാലഗുളികൻ പ്രായമേറിയവരെ ചൂണ്ടിക്കാണിച്ചുപറയുന്നു, ''ഇതാണ് നമ്മുടെ അടുത്ത ഇര'' കാലഗുളികന്റെ വിഡ്ഢിത്തം കേട്ട ഗുളികൻ കയറെറിഞ്ഞ് കാലഗുളികനെ പിടിക്കുന്നു. തനിക്ക് ആളുമാറിപ്പോയെന്നും മാപ്പാക്കണമെന്നുമായി കാലഗുളികൻ. തന്നെ കബളിപ്പിച്ചതിന് ഗുളികൻ, കാലഗുളികനെ ദേഹോപദ്രവം ഏൽപ്പിക്കുന്നു. അതോടെ കാലഗുളികൻ പുതിയ തന്ത്രം പയറ്റുന്നു. കോഴിയെ കാട്ടി ഗുളികനിൽ നിന്ന് രക്ഷപ്പെടുകയെന്നതാണ് തന്ത്രം.

ഇത്തരത്തിൽ ഒട്ടേറെ ഹാസ്യനുറുങ്ങുകൾ കാലഗുളികനെന്ന കഥാപാത്രത്തിലൂടെ തിറയാട്ടത്തിൽ അവതരിപ്പിക്കപ്പെടാറുണ്ട്.

ഇവിടെ തിറയാട്ടസംഘങ്ങൾ വളരെ ഗൗരവതരമായി പരിഗണിക്കേണ്ട ചില വിഷയങ്ങളുണ്ട്. ഈ ലേഖനത്തിൽ ആദ്യം സൂചിപ്പിച്ച കാര്യം ഒരിക്കൽക്കൂടി എടുത്തുപറയുകയാണ്. വികൃതവും സദാചാര വിരുദ്ധവുമായ ചില പ്രവണതകൾ സമീപകാലത്തായി തിറയാട്ടത്തിലെ ഹാസ്യപ്രകടനങ്ങളിൽ കാണുന്നുണ്ട്. സ്ത്രീകളുടെയും യുവതികളുടെയും ഇടയിലൂടെയാണ് മിക്കവാറും മേൽപ്പറഞ്ഞ പല ഹാസ്യകോലങ്ങളും ഓട്ടപ്പാച്ചിൽ നടത്തുന്നത്. ഈ ഓട്ടപ്പാച്ചിലിനിടയിൽ പെൺകുട്ടികളെ പിടിച്ചുകൊണ്ടുവന്ന് അലോസരമുണ്ടാക്കത്തക്കവിധത്തിൽ ഡാൻസ് ചെയ്യിക്കുന്നു. കൂടാതെ കോലങ്ങളുടെ നോട്ടം, സ്വരം താഴ്ത്തിയുള്ള കമന്റ്സ് ഇതൊക്കെ ഇപ്പോൾ സർവസാധാരണമാണ് എന്ന് പറയേണ്ടിവരുന്നു. ഇതിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്ന് ഊഹിക്കാനാവാത്ത സ്ഥിതിയിലാണെന്നുമാത്രം ഇപ്പോൾ പറയട്ടെ. എല്ലാ തിറയാട്ട സംഘങ്ങളും കാരണവസ്ഥാനത്തുള്ളവരും വളരെ ഗൗരവപൂർവം ഇത് പരിഗണിക്കണം, ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കുകയും വേണം.

അധ്യായം ഇരുപത്തിമൂന്ന്

സമുദായാധിപത്യം- തിറയാട്ടത്തിൽ



''ഒരു പ്രത്യേക സമുദായം മാത്രമെ തിറയാട്ടം അവതരിപ്പിക്കാവൂ''

ഇങ്ങനെയൊരഭിപ്രായം പലയിടങ്ങളിൽ നിന്നുമുയരുന്നുണ്ട്. സത്യത്തിൽ ഒരു ചർച്ച യ്ക്കുപോലും അർഹമല്ലാത്ത ഒരു വായ്ത്താരിമാത്രമല്ലേ ഇത്?

ഇവിടെ ഗൗരവതരമായി പരിഗണിക്കേണ്ട ചില വിഷയങ്ങളുണ്ട്. അതായത് തിറയാട്ടം ഇതേവരെ കാവിടങ്ങളിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത് പിന്നോക്ക സമുദായങ്ങൾ മാത്ര മാണ്; പ്രത്യേകിച്ച് പെരുമണ്ണാൻ സമുദായം. പെരുമണ്ണാൻ സമുദായത്തിനുമാത്രമെ തിറ യാട്ടം അവതരിപ്പിക്കാൻ അവകാശമുള്ളു എന്ന തരത്തിൽ ഒരു മിത്തും അവർക്കിടയിൽ പ്രചാ രത്തിലുണ്ട്. മിത്ത് എന്തായാലും ചെറുമ, പാണ, പറയ, മലയ സമുദായങ്ങളും പല കാവുക ളിലും തിറയാട്ടം അവതരിപ്പിച്ചുവരുന്നു എന്ന സത്യം നാം തിരിച്ചറിയുന്നു. തിറയാട്ടം അവ തരിപ്പിക്കുന്നതിനുള്ള അവകാശം ലഭിച്ചതിനെ സംബന്ധിച്ച് അവർക്കിടയിലും ഐതീഹ്യ ങ്ങളുണ്ടാകും.

പക്ഷെ പ്രശ്നം അതല്ല. സാമൂഹിക നീതിയെപ്പറ്റി വാതോരാതെ നമ്മൾ പറഞ്ഞുകൊ ണ്ടിരിക്കുകയാണിപ്പോൾ. കുറെയേറെ വർഷങ്ങൾക്കുമുമ്പ് നമ്മുടെ സാമൂഹികാവസ്ഥ എന്താ യിരുന്നു? ഓരോ ജോലിയും ഓരോ വിഭാഗത്തിനായി കൽപ്പിച്ചുകൊടുത്ത ഒരു സാമൂഹിക നീതിയായിരുന്നു ഇവിടെ നിലനിന്നിരുന്നത്. തെങ്ങുകയറാനും കള്ളുചെത്താനും തണ്ടാൻ, സ്വർണ്ണപ്പണിക്ക് തട്ടാൻ, ഇരുമ്പു പണികൾക്ക് കൊല്ലൻ, മരപ്പണികൾക്ക് ആശാരി, ഓട്ടുരു പ്പടികളുടെ നിർമാണത്തിന് മൂശാരി, അലക്കുൾപ്പടെയുള്ള ശുദ്ധീകരണ ജോലിക്ക് മണ്ണാൻ, പാടത്തെ ചേറിലും ചെളിയിലും പണിയെടുക്കാൻ ചെറുമൻ, കൊട്ട, വട്ടി, മുറം, പായ തുട ങ്ങിയവയുടെ നിർമാണത്തിന് പറയൻ, ചക്കിലാട്ടി എണ്ണയെടുക്കാൻ ചെട്ട്യാർ. അങ്ങനെ എന്തിനും ഏതിനും ജാതി തിരിച്ച് തൊഴിലെടുപ്പിക്കുന്ന ആ സംസ്കാരത്തിൽ നിന്ന് ഇന്ന് ഏറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ജന്മിത്വം മേധാശക്തിയായിരുന്ന അക്കാലത്ത് സവർണൻപോലും വിഭജിക്കപ്പെട്ടിരുന്നു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ഇവിടെ ശൂദ്രൻവരേയു ള്ളവർക്കേ മനുഷ്യനെന്നൊരു പരിഗണനപോലും ലഭിച്ചിരുന്നുള്ളൂ. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രവിഭാഗങ്ങളിൽപ്പെടാത്തവർക്ക് വീടുവെക്കാനുള്ള ഭൂമിയെക്കുറിച്ച് വാസ്തു ശാസ്ത്രം നിശബ്ദമാണെന്ന് നാം തിരിച്ചറിയണം. വാസ്തുശാസ്ത്രഗ്രന്ഥങ്ങൾക്കെല്ലാം പൊതുവേയുള്ള പ്രത്യേകത ബ്രാഹ്മണർക്കു മേൽക്കോയ്മയുള്ള കർമങ്ങളുടെ ആധിക്യമാ ണ്. ഗംഗാതടത്തിലെ പരിസ്ഥിതിക്കനുസരിച്ച് തച്ചന്മാർ വികസിച്ചെടുത്ത വാസ്തുവിദ്യയെ വാസ്തുശാസ്ത്രമെന്ന ''ശാസ്ത്ര''മാക്കിയത് ബ്രാഹ്മണരാണ്. കാരണം തച്ചന്മാരും എല്ലാ ത്തരം കൈത്തൊഴിൽക്കാരും ശൂദ്രന്മാരോ അതിൽ താഴെയുള്ളവരോ ആയിരുന്നു. (വൈദ്യ ന്മാർപോലും) അവർക്കന്ന് സംസ്കൃതം നിഷിദ്ധമായിരുന്നു. അവർ തൊഴിലിലൂടെ സൃഷ്ടി ച്ചെടുത്ത അറിവുകൾ ഗ്രന്ഥങ്ങളാക്കിയത് ബ്രാഹ്മണരാണ്. അവരത് ചെയ്യുമ്പോൾ അവർക്ക് പ്രാമുഖ്യം ലഭിക്കുന്നതിനും തൊഴിലെടുക്കാതെ വരുമാനമുണ്ടാക്കാനുതകുന്നതുമായ പൂജാ ദികർമങ്ങൾ ഗ്രന്ഥങ്ങളിൽ ഉൾച്ചേർക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

പറഞ്ഞുവന്നത് ശൂദ്രർവരെയുള്ളവരെമാത്രം അംഗീകരിച്ചിരുന്ന പഴയ കാലത്തിൽ മറ്റ് പിന്നോക്ക വിഭാഗങ്ങളെല്ലാം ചണ്ഡാളന്മാരായിരുന്നത്രെ. അല്ലെങ്കിൽ ജന്മിമേധാവിത്വം അവരെ അങ്ങനെ ആക്കിത്തീർത്തു അവർക്ക് അല്ലറ ചില്ലറ സൗകര്യങ്ങളും ചെയ്തുകൊ ടുത്തു. ഗോത്രകലാരൂപം മാത്രമായ തിറയാട്ടം തറവാട്ടു സ്ഥാനങ്ങളിലും കാവുകളിലും അവ തിരിപ്പിക്കാനുള്ള അവകാശവും അവർക്ക് നൽകി. അങ്ങനെകുറെ ദൈവങ്ങളെയും അവർക്ക് ലഭിച്ചു. ആ ദൈവങ്ങളുടെ കോലം കെട്ടിയാടാനും അതനുസരിച്ചുള്ള ആചാരാനുഷ്ഠാന ങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യവും ലഭിച്ചു. പക്ഷെ ഇവയ്ക്കെല്ലാംകൂടി വർഷത്തിൽ ഒരു ദിവസമാണ് അവർക്ക് കൽപ്പിച്ചനുഗ്രഹിച്ച് കിട്ടിയത്. അതായത് തിറയാട്ടദിവസം മാത്രം. 363

അല്ലെങ്കിൽ 364 – ദിവസം തമ്പ്രാനുവേണ്ടി പണിയെടുക്കുക; ഒരു ദിവസം പിന്നോക്കക്കാരന്റെ ദൈവങ്ങൾക്കുവേണ്ടിയുള്ള ഉത്സവം നടത്തുക. ഈയൊരുദിവസം തിറയാട്ടക്കാർക്കുകിട്ടിയ സ്വാതന്ത്ര്യം എന്തെന്നുകൂടി നമുക്ക് പരിശോധിക്കേണ്ടതുണ്ട്. തമ്പ്രാന്റെ തറവാടുകളിൽ കയറിയിറങ്ങാം. അവരോട് കൽപനകൾ പുറപ്പെടുവിക്കാം. ദൈവത്തിന്റെ പ്രതിനിധിയെന്ന ആദരവും ആ ഒറ്റ ദിവസം തമ്പ്രാക്കൾ അവർക്ക് നൽകിയിരുന്നു. പക്ഷെ അതെല്ലാം ഈ ഒരേയൊരുദിവസം മാത്രം.

പക്ഷെ ഇവിടെ ഗോത്രസംസ്കാരത്തിന്റെ ഉൽപന്നമായ തിറയാട്ടം വളരുകയായിരുന്നു; ഒരിക്കലും തളരുകയായിരുന്നില്ല. തിറയാട്ടം അവതരിപ്പിക്കുന്ന പിന്നോക്കവിഭാഗക്കാരുടെ അറിവ് ജീവിത്തിന്റെ എല്ലാ മേഖലകളിലും സ്പർശിച്ചുകൊണ്ടും വർദ്ധിച്ചുകൊണ്ടുമിരുന്നു. അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, താളം, സംഗീതം, എഴുത്തുകൾ ചൊല്ലുകൾ മുതൽ ചികിത്സയിൽ വരെ പിന്നോക്കക്കാരന് പ്രകൃത്യാ ലഭിച്ച അറിവുകൾ ക്രമേണ വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഇന്നു നാം കാണുന്ന തിറയാട്ടത്തിന്റെ കഴിഞ്ഞ ഒരു ഘട്ടത്തെപ്പറ്റി അൽപം പറഞ്ഞെന്നുമാത്രം.

ഈയൊരുസാഹചര്യത്തിലാണ് തിറയാട്ടം പെരുമണ്ണാന്റെ കുത്തകയാണെന്നും പെരുമണ്ണാനുമാത്രെ തിറയാട്ടം അവതരിപ്പിക്കാൻ അവകാശമുള്ളു എന്നൊക്കെയുള്ള ജല്പനങ്ങൾ പുറത്തുവരുന്നത്. സത്യത്തിൽ ഇത്തരം ജല്പനങ്ങളിൽ എന്തെങ്കിലും അർഥമുണ്ടോ? യാതൊരർഥവുമില്ല. തിറയാട്ടം ഒരു ഗോത്രകലാരൂപമായാണ് പ്രമുഖഫോക്ക്ലോറിസ്റ്റുകൾ വിശേഷിപ്പിക്കുന്നത്. അങ്ങനെതന്നയാണുതാനും. തിറയാട്ടത്തിലെ ആചാരങ്ങൾ അനുഷ്ഠാനങ്ങൾ, ആട്ടം, പാട്ട്, താളം തുടങ്ങിയവയെല്ലാം ഗോത്രകാലത്ത് രൂപപ്പെട്ടതും കാലത്തിന്റെ പരിഷ്കരണങ്ങളിലൂടെ ഇന്നത്തെ നിലയിലെത്തിയിട്ടുള്ളതുമാണ്. അതുകൊണ്ട് ഇപ്പോഴും വനത്തിനുള്ളിലും വനയോരങ്ങളിലുമായി ജീവിക്കുന്ന ആദിവാസിഗോത്രവർഗം മാത്രമെ തിറയാട്ടം അവതരിപ്പിക്കാവൂ എന്ന് ശഠിക്കാൻ പാടുണ്ടോ?

ഇവിടെ മറ്റൊരു പ്രശ്നമുള്ളതുകൂടി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. അതായത് യൂറോപ്യന്മാരുടെ വരവോടുകൂടിയാണ് ഫോക്ലോർ എന്നൊരു വിഭാഗമുണ്ടെന്നും ഓരോ പ്രദേശത്തിന്റെയും എല്ലാ തനതുരീതികളും നിലനിൽക്കുന്നത് ഫോക് ലോറിലൂടെയാണെന്നുമുള്ള ഒരു സാമാന്യ ബോധമെങ്കിലും നമ്മുടെ അക്കാദമിസ്റ്റുകൾക്കുണ്ടായത്. അതുവരെ നമ്മുടെ തെയ്യം, തിറയാട്ടം തുടങ്ങിയ അനുഷ്ഠാനകലകളെല്ലാം തന്നെ പിന്നോക്കക്കാരുടെ വിദൂഷകവേഷംകെട്ടൽ മാത്രമാണെന്നാണ് ഇവിടത്തെ നാടൻ പണ്ഡിതവർഗ്ഗം വിവക്ഷിച്ചിരുന്നത്. യൂറോപ്യൻമാരുടെ വരവോടെ സ്ഥിതിയാകെ മാറി. അനുഷ്ഠാനകലകളെല്ലാം തന്നെ ഗൗരവതരമായ പഠനത്തിനു വിധേയമാക്കണമെന്ന ഒരു പൊതുധാരണ പൊതുവെ ഉണ്ടായി. തിറയാട്ടത്തിലെ തോറ്റം പാട്ടുകളെപ്പറ്റി ''ഫോക് ലോർ പഠനങ്ങൾ'' എന്ന ഗ്രന്ഥത്തിൽ പി.കെ.ശിവശങ്കപ്പിള്ള പറയുന്നു. ''സാഹിത്യദൃഷ്ട്യാ നോക്കിയാൽ ഇതിന് വലിയ മേന്മയൊന്നും കൽപിക്കുവാനില്ലെങ്കിലും ചരിത്രദൃഷ്ട്യാ ഇത് അതിപ്രധാനമായ കൃതിയാണ്. കേരളചരിത്രവിഷമായി കൂടുതൽ ചിന്തിക്കുവാനും ഉപരിവഗവേഷണത്തിന് മാർഗം തുറന്നുതരുന്നതിനും ഇത് വളരെ സഹായിക്കുന്ന ഒന്നാണ്'' ചരിത്രപരമായ അറിവുകൾ അന്തർലീനമായിരിക്കുന്നതിനെ സംബന്ധിച്ചാണ് പി.കെ.ശിവശങ്കരപ്പിള്ള പറഞ്ഞിരിക്കുന്നത്.

തിറയാട്ടം ഉൾപ്പെടെയുള്ളതും കാവിടങ്ങളിൽമാത്രം നടക്കുന്നതുമായ എല്ലാ അനുഷ്ഠാനകലകളും പ്രകൃതിയുടെ കാവലിന് കാലം നൽകിയ സെക്യൂരിറ്റിയാണ്. ആലങ്കാരികമായി ഇങ്ങനെ പറഞ്ഞെങ്കിലും ഈ വിഷയം അക്കാദമിസ്റ്റുകളുടെയും ശാസ്ത്രകുതുകികളുടെയും ഇടയിൽ ഇപ്പോൾ സജീവചർച്ചാവിഷയം തന്നെയാണ്. ജീവജലവും ജീവവായുവും മറ്റനേകം സൂക്ഷ്മജീവികളും സസ്യജാലങ്ങളും കാവിടങ്ങളിലേയുള്ളു അല്ലെങ്കിൽ കാവിടങ്ങളിൽ മാത്രമേയുള്ളു എന്ന സത്യം പലരും തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. കാവുകളുടെ പ്രസക്തി

അതുകൊണ്ടുതന്നെ വർദ്ധിക്കുകയും ചെയ്യുന്നു. പക്ഷെ കാവുകളുടെ നിലനിൽപ്പിന് തിറയാട്ടമുൾപ്പടെയുള്ള അനുഷ്ഠാനകലകളുടെ പങ്ക് എത്രമാത്രം വിപുലമെന്ന വസ്തുതയാണ് പലരും തിരിച്ചറിയാതെ പോകുന്നത്. ഈ സത്യം തിരിച്ചറിയുമ്പോഴാണ് തിറയാട്ടം കാവിടങ്ങളിൽ അനിവാര്യമാണെന്ന സത്യം നമുക്ക് ബോധ്യപ്പെടുന്നത്. കാവിടങ്ങളിലെ തിറയാട്ടമുൾപ്പെടെയുള്ള അനുഷ്ഠാനകലകളിലൂടെ മാത്രമാണ് പരിസ്ഥിതി സംരക്ഷണം ഒരു പരിധിവരേയെങ്കിലും നിലനിൽക്കുന്നത്. സ്വാഭാവികമായും ഇവിടെയൊരു ചോദ്യമുണ്ടാകാം. തിറയാട്ടമില്ലെങ്കിൽ പരിസ്ഥിതി സംരക്ഷിക്കപ്പെടില്ലേ? സത്യത്തിൽ അസംബന്ധമാണീ ചോദ്യം. അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും അടിത്തറ വിശ്വാസമാണല്ലോ. ആ വിശ്വാസം നിലനിർത്താനും അതിലൂടെ പാരിസ്ഥിതിക സംരക്ഷണം സാമാന്യേനയെങ്കിലും ഉറപ്പാക്കാനും തിറയാട്ടത്തിന് കഴിയുന്നുണ്ട് എന്നുമാത്രമെ ഇക്കാര്യത്തിൽ പറയാനുള്ളു.

പക്ഷെ തിറയാട്ടം ഇന്ന് അപചയത്തിലാണ് എന്ന് വളരെ ഖേദപൂർവം പറയേണ്ടിവരുന്നു. കുട്ടിക്കാലംമുതലെ ഗുരുമുഖത്തുനിന്ന് നേരിട്ട് കണ്ടും കേട്ടും അനുഭവിച്ചും വർഷങ്ങളോളം പഠിച്ചാൽ മാത്രമെ നല്ല ഒരു തിറയാട്ടക്കലാകാരനാകാൻ കഴിയൂ. എന്നാൽ ഇന്ന് അങ്ങനെയല്ല. വാളെടുത്തവനെല്ലാം വെളിച്ചപ്പാടെന്ന നിലയാണുള്ളത്. എല്ലാവരെപ്പറ്റിയുമല്ല പറയുന്നത്. പക്ഷെ വാളെടുത്തവനെല്ലാം വെളിച്ചപ്പാടായാൽ തിറയാട്ടം, തിറയാട്ടമല്ലാതാകും, അതൊരു കോലം കെട്ടൽമാത്രമായി മാറും. എന്താണിതിന് പരിഹാരം?

തിറയാട്ടത്തെ രണ്ട് വ്യത്യസ്ത അനുഭവങ്ങളാക്കി മാറ്റണം. കാവുകളിൽ അവതരിപ്പിക്കപ്പെടുന്ന തിറയാട്ടം വിശ്വാസത്തിന്റെയും ആചാരനുഷ്ഠാനങ്ങളുടെയും നിഷ്ക്കർഷകളിലും ദാർഢ്യത്തിലും ഊന്നി നിന്നുകൊണ്ടാകണം. തിറയാട്ടം അവതരിപ്പിക്കുന്നതിന് പൂർണയോഗ്യത നേടിയെന്ന അവസ്ഥയിൽമാത്രം കാവിടങ്ങളിൽ തിറയാട്ടം അവതരിപ്പിക്കുക. ഇതിന് കാവിന്നുടയോരും തിറയാട്ടസംഘങ്ങളിലെ കാരണവന്മാരും മുൻകയ്യെടുക്കുക. അങ്ങനെയെങ്കിൽ കാവിടങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന തിറയാട്ടം, അതിന്റെ ഗോത്രമഹിമയോടെ തന്നെ നിലനിൽക്കും. പക്ഷെ ഇത്തരമൊരു സാഹചര്യത്തിൽ തിറയാട്ടകലാകാരന്മാർക്ക് സാമ്പത്തികമായി നിലനിൽക്കാനാവുമോ? ഇല്ല എന്നുതന്നെയാണ് ഉത്തരം.

അതിനെന്താണ് മാർഗ്ഗം?

താൽപര്യമുള്ളവർക്ക് തിറയാട്ടം പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുക. ഹൈന്ദവവിശ്വാസികളെങ്കിൽ കാവിടങ്ങളിൽ ആചാരാനുഷ്ഠാനങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തിറയാട്ടം അവതരിപ്പിക്കുന്നതിന് അവരെ അനുവദിക്കുക. ഹൈന്ദവവിശ്വാസികളിലെ ഒരു പ്രത്യേക ജാതി മാത്രമെ തിറയാട്ടം അവതരിപ്പിക്കാവൂ എന്ന ശാഠ്യം ഒഴിവാക്കുക. താന്ത്രിക വിദഗ്ദ്ധരായ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്രയോപേർ ഇന്ന് മേജർക്ഷേത്രങ്ങളിൽ പൂജ ചെയ്യുന്നു. ഈ സത്യം തിരിച്ചറിയേണ്ട സമയം വൈകിയിരിക്കുന്നു എന്നുമാത്രം പറയട്ടെ.

''ജാതിവ്യവസ്ഥ രൂപപ്പെടുന്നതിനുമുമ്പ് ജനങ്ങളെല്ലാം സമന്മാരായിരുന്ന ഒരു കാലം ഉണ്ടായിരുന്നെങ്കിൽ അതാണ് ഇന്ത്യൻ സംസ്കാരത്തിന്റെ നല്ലമുഖം.''

ചരിത്രപണ്ഡിതനായ പ്രൊഫസർ ചൗത്തിറാമിന്റെ വാക്കുകളാണ് മേലുദ്ധരിച്ചത്. അങ്ങനെയൊരു കാലത്തെക്കുറിച്ച് സംശയാസ്പദമായിട്ടാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇപ്പോൾ നല്ലൊരു വിഭാഗം അങ്ങനെയൊരുകാലം ഉണ്ടായിരുന്നുവെന്ന് തറപ്പിച്ചുതന്നെ പറയുന്നു. സാമാന്യ ബോധവും യുക്തിയും അതിന് പിൻബലമായിട്ടുണ്ട്. ആര്യന്മാർ 3500 വർഷങ്ങൾക്കു മുമ്പ് ഹിമാലയത്തിനപ്പുറത്തുനിന്ന് ഇവിടേയ്ക്ക് വന്നവരാണ് എന്ന് ഋഗ്വേദം പറയുന്നു. അവരെത്തി സിന്ധുനദീതടവാസികളെ ആക്രമിച്ചപ്പോൾ അവർ നാലുപാടും ഓടി രക്ഷപ്പെട്ടതായിട്ടാണ് ഋഗ്വേദത്തിൽ പരാമർശിക്കുന്നത്. ഋഗ്വേദത്തിലെ പല സ്തോത്രങ്ങളും ഇന്ദ്രനോടുള്ള അപേക്ഷയാണ്. അതിൽ അവരുടെ പ്രധാന ആവശ്യം തങ്ങളുടെ ചുറ്റും വസിക്കുന്ന ലിംഗാരാധകരെ തോൽപിക്കാനുള്ള ശക്തിതരണെയെന്നാണ്. ലിംഗാരാധകരായ ജനങ്ങൾ

അന്ന് ഇവിടെ വസിച്ചിരുന്നുവെന്നും, തങ്ങൾ ലിംഗാരാധകരല്ലെന്നുമാണ് അതിൽ നിന്നും വ്യക്തമാകുന്നത്. പൂനയിലെ ഒരു ചിത്പവാർ ബ്രാഹ്മണനും ഗാന്ധിജിക്ക് മുമ്പ് കോൺഗ്രസ്സിലെ വലിയ നേതാവുമായിരുന്ന ബാലഗംഗാധരതിലകൻ ആര്യന്മാരുടെ ജന്മസ്ഥലം റഷ്യയിലെ സൈബീരിയ ആയിരുന്നുവെന്ന് പരീക്ഷണനിരീക്ഷണങ്ങൾക്കുശേഷം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആര്യന്മാർ പുറത്തുനിന്നുവന്നവരാണെന്ന് ഇന്ന് നിഷ്പക്ഷചരിത്രകാരന്മാരല്ലാവരും അംഗീകരിച്ചിട്ടുള്ളതുമാണ്.

എന്നാൽ ഇന്നത്തെ ബ്രാഹ്മണപക്ഷപാതികളായ ചരിത്രകാരന്മാർ അതിനെ ഇപ്പോൾ നിഷേധിക്കുന്നുണ്ടെന്നുമാത്രം. ആര്യന്മാർ ഇവിടെ വരുന്നതിനു മുമ്പ് ഈ പ്രദേശം ജനവാസമില്ലാത്ത കാടായിരുന്നില്ല എന്ന് വ്യക്തമാണ്. അവരുടെ പിൻതലമുറയാണ് ഇന്ന് ആദിവാസികളായും ദലിതരായും മറ്റും ഇവിടെയുള്ളത്. അന്ന് അവരുടെ എണ്ണം പരിമിതമായിരിക്കാം. പക്ഷെ അവരുടെയിടയിൽ ജാതിഭേദമോ ഉച്ചനീചത്വമോ അയിത്തമോ ഒന്നുമുണ്ടായിരുന്നില്ല. പ്രൊഫസർ യാദവ് അഭിപ്രായപ്പെടുന്നതുപോലെ ഇന്ത്യൻ സംസ്കാരത്തിന്റെ നല്ല മുഖമായിരുന്നു അത്. ചാതുർവർണ്യവും ഉച്ചനീചത്വവും ജാതിവ്യവസ്ഥയുമെല്ലാം ബ്രാഹ്മണരുടെ സൃഷ്ടിയാണ്.

1400 വർഷങ്ങൾക്കുമുമ്പത്തെ കേരളത്തിന്റെ സ്ഥിതിയും അതുതന്നെയായിരുന്നു. ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ 3500 വർഷങ്ങൾക്കുമുമ്പാണ് ആര്യന്മാർ വന്നതെങ്കിൽ കേരളത്തിൽ അവർ എത്തിയിട്ട് 14 നൂറ്റാണ്ടുകൾ മാത്രമെ ആയിട്ടുള്ളു. അവർ വന്നതിനുശേഷമുള്ള മാറ്റം നമുക്കിന്ന് വ്യക്തമാണ്. അവർവന്നു, ഇവിടെ ചാതുർവർണ്യവും ജാതിവ്യവസ്ഥയും ഉച്ചനീചത്വവുമെല്ലാം നടപ്പാക്കിയ കാലത്തെ ബ്രാഹ്മണപക്ഷപാതികളായ ചരിത്രകാരന്മാർ അതിനെ അജ്ഞാതകാലമായി മുദ്രയടിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ തമസ്ക്കരിച്ചിരിക്കുകയാണ്. എന്നാൽ പ്രസ്തുത "അജ്ഞാത" കാലത്തനുമുമ്പ് രചിക്കപ്പെട്ട സംഘം കൃതികളിൽ നിന്നും ഗവേഷണങ്ങളിൽ നിന്നും ഇപ്പോൾ ലഭിച്ചിരിക്കുന്ന തെളിവുകളിൽ നിന്നും വ്യക്തമാകുന്നത് അക്കാലത്ത് ചാതുർവർണ്യവും ജാതിവ്യവസ്ഥയുമൊന്നും ഇവിടെ ഉണ്ടായിരുന്നില്ല എന്നാണ്.

എന്തിനും ഏതിനും ജാതിപറയുന്ന ഇക്കാലത്ത് നൂറ്റാണ്ടുകൾക്കുപിന്നിലേയ്ക്ക് പോയത് ജാതിവ്യവസ്ഥ മിഥ്യയാണ് എന്ന് ബോധ്യപ്പെടുത്താനാണ്.

ജന്മിത്ത വ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിൽ പിന്നോക്കക്കാർക്ക് കിട്ടിയ ഒരു വർഷത്തിലെ ഒരു ദിനം അവർ ആഘോഷിച്ചു. അതിനായി കുറെ മിത്തുകളും സൃഷ്ടിക്കപ്പെട്ടു. അതിൽ മുറുകെപ്പിടിച്ച് മുമ്പോട്ടുപോയാൽ തിറയാട്ടത്തിന്റെ ഭാവി ഇരുളടഞ്ഞതുതന്നെയായിരിക്കും.

ഇതിനൊരു പരിഹാരംവേണ്ടേ?

തിറയാട്ടം അഭ്യസിക്കാൻ താൽപര്യമുള്ളവർക്ക് അതിനുള്ള സംവിധാനം ഒരുക്കിക്കൊടുക്കുക.

കാവുകളിൽ തിറയാട്ടം അവതരിപ്പിക്കപ്പെടുന്നത് ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിശ്വാസത്തിന്റെയും നിലപാടുതറയിൽ ഊന്നിനിന്നുകൊണ്ടായിരിക്കണമെന്ന കർശനനിഷ്ഠ ഉറപ്പാക്കുക.

തിറയാട്ടത്തിന്റെ ഗോത്രപൈതൃകവും കലാമൂല്യവും ദേശീയ – അന്തർദേശീയ തലങ്ങളിലെത്തിക്കുന്നതിന് എന്ത് ചെയ്യാനാവുമെന്ന് ഗൗരവമായി ചർച്ച ചെയ്യുക.

താൽപര്യമുള്ളവർക്കെല്ലാം തിറയാട്ടം അഭ്യസിക്കുന്നതിനും കാവിടങ്ങളിലല്ലാതെ തിറയാട്ടം ഒരതുല്യകലാരൂപം എന്ന നിലയിൽ അവതരിപ്പിക്കുന്നതിനുമുള്ള സാഹചര്യത്തെപ്പറ്റി ആലോചിക്കുക. തിറയാട്ടത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥയിൽ നിന്നുള്ള മോചനമായിരിക്കട്ടെ തുടർലക്ഷ്യം.

അധ്യായം ഇരുപത്തിനാല്

എന്തുകൊണ്ടാണ് സ്ത്രീകൾ തിറയാട്ടകോലങ്ങൾ കെട്ടിയാടാത്തത്



സീത

സാധാരണയായി ചില അക്കാദമിസ്റ്റുകളിൽ നിന്നും സ്ത്രീപക്ഷവാദികളിൽനിന്നും കേൾക്കാറുള്ള ഒരു ചോദ്യമാണിത്.

എന്തുകൊണ്ടാണ് സ്ത്രീകൾ തിറയാട്ടത്തിൽ കോലങ്ങൾ കെട്ടിയാടാത്തത്?

തീർച്ചയായും ഈ ചോദ്യത്തിന് പ്രസക്തിയുണ്ട്. കഥകളി വേഷങ്ങൾപോലും സ്ത്രീകൾ കെട്ടിയാടുന്ന ഒരു കാലഘട്ടം കൂടിയാണല്ലോ ഇത്. അതുകൊണ്ടുതന്നെയാണ് മേൽപറഞ്ഞ ചോദ്യത്തിന് പ്രസക്തിയുണ്ടെന്ന് പറഞ്ഞത്. ഭരതമുനി നാട്യശാസ്ത്രത്തിൽ, താണ്ഡവ നൃത്തം സ്ത്രീകൾക്ക് ചേർന്നതല്ല എന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം പറഞ്ഞിട്ടുണ്ട്. (പും നൃത്തം താണ്ഡവം പ്രാഹു സ്ത്രീനൃത്തം ലാസ്യമുച്യതേ.)

താണ്ഡവനൃത്തമാടുന്നതിന് സ്ത്രീകളുടെ ശരീരഘടന അനുയോജ്യമല്ലെന്നതാകാം കാരണം. തിറയാട്ടത്തെ സംബന്ധിച്ചിടത്തോളം അതിരൗദ്രഭാവത്തിലുള്ള ഒട്ടേറെ ആട്ടങ്ങളുണ്ട്. ആ ആട്ടങ്ങളാകട്ടെ ഏതാണ്ട് താണ്ഡവനൃത്തത്തിന് സമാനവും. ചൂട്ടുകളിയോടെയുള്ള ആട്ടത്തിലും സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിൽ അപാകത കാണാതിരുന്നുകൂടാ. കുട്ടിക്കാലം മുതല്ക്കെ ചൂട്ടുകളിയുടെ ചുവടുകൾ കണ്ടും കേട്ടും ചൂട്ടുകളിച്ചും മാത്രമെ ഒരു തിറയാട്ടകലാകാരനാകാൻ കഴിയൂ. അതുകൊണ്ടു തന്നെ പെൺകുട്ടികളെ നന്നേ കുട്ടിക്കാലത്ത് ചൂട്ടുകളി അഭ്യസിപ്പിക്കുന്നത് വളരെ വിഷമകരം തന്നെയാണ്. ക്രാന്തദർശികളായ പൂർവികർക്ക് ഈ തിരിച്ചറിവുള്ളതിനാലായിരിക്കണം താണ്ഡവസമാനമായ ആട്ടങ്ങളേറെയുള്ള തിറയാട്ടത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തം അനുവദിക്കാതിരുന്നത്.

മറ്റൊരു പ്രധാനകാരണം, സ്ത്രീകളുടെ ആർത്തവകാലത്തെ സംബന്ധിച്ചാണ്. തിറയാട്ടത്തിന്റെ കാലമാകട്ടെ ധനുമുതൽ മേടംവരെ അഞ്ചുമാസങ്ങളും. ഈ കാലയളവിൽ മിക്കവാറും എല്ലാ തിറയാട്ടസംഘങ്ങളും തിരക്കിലായിരിക്കും. സ്ത്രീകളുടെ ആർത്തവകാലത്ത് ക്ഷേത്ര-കാവ് സന്ദർശനം നിഷിദ്ധമാക്കിയിട്ടുണ്ടല്ലോ. മനുസ്മൃതിയും സ്കന്ദ-ഭവിഷ്യപുരാണാദികളും നിഷിദ്ധമാക്കിയ ഈ ശാരീരിക ചോദനയിൽ സ്ത്രീകൾക്ക് പങ്കെടുക്കാനാവില്ല.

ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളും ആശയവിനിമയ മാർഗങ്ങളുമൊന്നുമില്ലാതിരുന്ന കാലത്ത് തിറയാട്ടസംഘത്തിന്റെ യാത്ര ഒരു കാവിൽ നിന്ന് മറ്റൊരു കാവിലേയ്ക്ക് എന്നതായിരുന്നു. ദേശത്തെ മാടമ്പികൾ പോറ്റി വളർത്തുന്ന റൗഡികളും ചെറുകിട കൊള്ള സംഘങ്ങളും വിഹരിച്ചിരുന്ന അക്കാലത്ത്. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കാനാകുമായിരുന്നില്ല. പ്രത്യേകിച്ചും സവർണ മേധാവിത്വം കൊടിക്കുത്തിവാണിരുന്ന അക്കാലത്ത് ഇതോടൊപ്പം കൂട്ടിവായിക്കേണ്ട മറ്റൊരു വസ്തുതകൂടിയുണ്ട്. സ്ത്രീകൾ അണിഞ്ഞൊരുങ്ങി ആട്ടത്തിനായി കാവുമുറ്റത്തെത്തിയെന്നിരിക്കട്ടെ. മാടമ്പികളുടെ കണ്ണിൽ അവർ പെട്ടുപോയാലുള്ള സ്ഥിതി തീർച്ചയായും ഭയാനകം തന്നെയായിരുന്നു.

എന്നാൽ തിറയാട്ടത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വേണ്ടുവോളമുണ്ട്. ചാന്തു തിറയ്ക്കുള്ള ചാന്ത്, കോലങ്ങളുടെ മുഖത്തെഴുത്തിനും മേലെഴുത്തിനുമുള്ള അരിച്ചാന്തുകൾ, മഷി ഇവയൊക്കെ ആചാരപരമായി നിർമിക്കുന്നത് സ്ത്രീകളാണ്. മാത്രമോ? ദേവിക്കുള്ള തിരുരാടകളും കോമരങ്ങൾക്കുള്ള മാറ്റ് ശുദ്ധിയാക്കിക്കൊടുക്കേണ്ടതും സ്ത്രീകൾതന്നെ. അരിത്തിരിയുടെ നിർമിതിയിലും കോലങ്ങൾക്ക് ഉടുത്തുകെട്ടിനുള്ള തുണികളുടെ ശുദ്ധിയാക്കലുമെല്ലാം സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണ്.

ചുരുക്കിപ്പറഞ്ഞാൽ ആട്ടത്തിലൊഴികെ തിറയാട്ടത്തിന്റെ മറ്റെല്ലാഘടകങ്ങളിലും പിന്നിൽ നിന്ന് പ്രവർത്തിക്കുന്നത് സ്ത്രീകളാണ്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ സജീവപങ്കാളിത്തം തിറയാട്ടത്തിലുണ്ട് എന്നത് നാം അംഗീകരിച്ചേമതിയാകൂ. ഇതുമാത്രമല്ല പല കാവുകളിലും സ്ത്രീകൾ കോമരങ്ങളാണ്. കോമരം തുള്ളി പറയുന്ന സ്ത്രീകൾക്ക് തിറയാട്ടത്തിൽ പങ്കാളികളാകുന്നതിൽ തെറ്റില്ല.

അധ്യായം ഇരുപത്തഞ്ച്

തെയ്യവും തിറയും
വ്യത്യസ്ത അനുഷ്ഠാനകലകൾ



ഭഗവതി തിറ



ഭഗവതി തെയ്യം



കുട്ടിച്ചാത്തൻ തിറ



കുട്ടിച്ചാത്തൻ തെയ്യം

വടക്കൻ മലബാറിന്റെ അനുഷ്ഠാന കലാരൂപമാണ് തെയ്യം. കേരളത്തിലെ എന്നല്ല ദ്രാവിഡത്തനിമ പേറുന്ന ദക്ഷിണേന്ത്യയിലെത്തന്നെ പ്രമുഖ അനുഷ്ഠാന നൃത്തകലാരൂപമായി തെയ്യം കൊണ്ടാടപ്പെടുന്നു. ഈയവസ്ഥക്ക് കാരണഭൂതർ ഡോക്ടർ എം. വി. വിഷ്ണു നമ്പൂതിരി, ഡോക്ടർ രാഘവൻ പയ്യനാട് തുടങ്ങിയ പ്രമുഖ ഫോക്‌ലോറിസ്റ്റുകളാണ്. വടക്കൻ മലബാറിൽ നിന്ന് മെല്ലെ തെക്കോട്ടു നീങ്ങുമ്പോഴോ? ഇവിടെ പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ തിറയാട്ടം എന്ന അനുഷ്ഠാനഗോത്രകലാരൂപത്തിനാണ് പ്രാമുഖ്യവും പ്രസക്തിയും. എങ്കിൽപ്പോലും തിറയാട്ടം പൊതുവെ അവഗണിക്കപ്പെടുന്നു എന്നതാണ് സത്യം.

സത്യത്തിൽ അത്യുത്തര മലബാറിലെ തെയ്യവും ദക്ഷിണ മലബാറിലെ തിറയാട്ടവും തമ്മിലുള്ള വ്യത്യസ്തതകളെന്തൊക്കെയാണ്? ഈ ചോദ്യത്തിൽ അടിസ്ഥാനപരമായ ചില സന്നിഗ്ദ്ധതകളുണ്ട്. തെയ്യവും തിറയാട്ടവും ഒന്നാണെന്ന് ഒരു കൂട്ടർ, തെയ്യത്തിൽ നിന്നാണ് തിറയാട്ടത്തിന്റെ ഉത്ഭവമെന്ന് മറ്റൊരു കൂട്ടർ. ഈ സന്നിഗ്ദ്ധതകൾക്ക് എന്തെങ്കിലും കാരണങ്ങളുണ്ടോ? തെയ്യത്തിന് ലഭിച്ച അംഗീകാരം എന്തുകൊണ്ട് തിറയാട്ടത്തിന് ലഭിക്കുന്നില്ല? തെയ്യത്തിന്റെ തൊഴുത്തിൽ തിറയാട്ടത്തെ ബന്ധിപ്പിക്കാൻ എന്തുകൊണ്ടാണ് പലരും ഉത്സാഹിക്കുന്നത്? ഗോത്രത്തനിമ ഭാഗികമായെങ്കിലും ഇന്നും നിലനിൽക്കുന്നത് തെയ്യത്തിലോ തിറയാട്ടത്തിലോ? ഇക്കാര്യങ്ങളൊക്കെ തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

തെയ്യവും തിറയാട്ടവും തമ്മിലുള്ള വ്യത്യസ്തതകളെ സംബന്ധിച്ച്, ഇക്കാര്യത്തിൽ ഗൗരവതരമായ പഠനവും ഗവേഷണവും നടത്തിയ ജി. ഭാർഗവൻപിള്ള പറയുന്നു.

'അത്യുത്തര കേരളത്തിലെ അനുഷ്ഠാന നൃത്തമായ തെയ്യവും തിറയും ഒന്നുതന്നെയെന്ന് ചിലർ ധരിച്ചുവെച്ചിട്ടുണ്ട്. അത് ശരിയല്ല. ഇവ തമ്മിൽ വളരെ വ്യത്യാസമുണ്ട്. ദൈവീക സങ്കൽപത്തിൽ, കോലങ്ങളുടെ കാര്യത്തിൽ, വേഷവിധാനങ്ങളിൽ, ചമയങ്ങളിൽ, ആട്ടപ്രകാരങ്ങളിൽ എല്ലാം തന്നെ വ്യത്യാസങ്ങളുണ്ട്.'

(നാട്ടരങ്ങ്, വികാസവും പരിണാമവും, ജി. ഭാർഗ്ഗവൻപിള്ള, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം)

തെയ്യവും തിറയാട്ടവും തമ്മിലുള്ള വൈവിധ്യത്തെ സംബന്ധിച്ചും തിറയാട്ടത്തിലെ ഓരോ ഘട്ടത്തിന്റെയും തനതുശൈലിയെ സംബന്ധിച്ചും പ്രമുഖ ഫോക്‌ലോറിസ്റ്റ് ഡോക്ടർ കെ. എം. അനിലിന്റെ നിരീക്ഷണം ഇങ്ങനെ.

'തെയ്യവും തിറയാട്ടവും തമ്മിലുള്ള വ്യത്യാസം പല കൂട്ടായ്മകളും തിരിച്ചറിയുന്നില്ല. തലശ്ശേരി, മാഹി പ്രദേശങ്ങളിൽ ഈ രണ്ട് കലാരൂപത്തെയും ഒന്നായിത്തന്നെയാണ് പരിഗണിക്കുന്നത്. തിറയാട്ടം നൃത്ത പ്രധാനമാണ്. തെയ്യത്തേക്കാൾ തിറയാട്ടം അതിന്റെ ചുവടുകൾകൊണ്ട് അനന്യമാകുന്നു.'

ഏതായാലും തെയ്യവും തിറയാട്ടവും ഏറെ വ്യത്യസ്തതകളും വൈവിധ്യങ്ങളുമുള്ളതും തനതായ സൃഷ്ടിഭദ്രത കാത്തുസൂക്ഷിക്കുന്നതുമായ അനുഷ്ഠാനകലാരൂപങ്ങളാണ് എന്ന് നിസ്സംശയം പറയാൻ കഴിയും.

കാവും ക്ഷേത്രവും

തിറയാട്ടം തറവാട്ടു സ്ഥാനങ്ങളിലും കാവിടങ്ങളിലുമാണ് നടക്കുന്നതെന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ തെയ്യാട്ടം നടക്കുന്നത് ക്ഷേത്രസങ്കേതങ്ങളിലാണ്. ക്ഷേത്രങ്ങളെന്ന്

പറയുമ്പോൾ മഹാക്ഷേത്രങ്ങൾ എന്ന ധാരണ തെക്കൻ കേരളത്തിലുള്ളവർക്കെങ്കിലു മുണ്ടാകാം. എന്നാൽ തെയ്യാട്ടം നടക്കുന്നത് മഹാക്ഷേത്രസങ്കേതങ്ങളിലല്ല. ക്ഷേത്ര സംജ്ഞയ്ക്ക് അനേകം നിരുക്തികളുണ്ട്. എങ്കിലും, വസിക്കുന്നത് ക്ഷേത്രം. ഇതിൽ ആത്മാവ് നിവസിക്കുന്നു(ക്ഷേത്രം ക്ഷിയതേ: നിവാസ കർമ്മണ:) എന്ന നിരുക്തിയാണ് ഏറെ യോജിക്കുന്നതെന്ന് ഡോ: എം. വി വിഷ്ണു നമ്പൂതിരി നിരീക്ഷിക്കുന്നുണ്ട്. വൈദീകസംസ്കാരത്തിന്റെ ഭാഗങ്ങളായ ആഗമങ്ങൾ, അനുഷ്ഠാനങ്ങൾ, തന്ത്രശാസ്ത്രങ്ങൾ തുടങ്ങിയവയുടെ വ്യാപ്തിയും വാസ്തുവിദ്യയിലുണ്ടായ വികാസപരിണാമങ്ങളുമാണ് ഇന്നു കാണുന്ന മഹാക്ഷേത്രങ്ങളുടെ നിർമ്മിതിക്ക് കാരണമായതെന്ന് ഡോ: എം. വി.വിഷ്ണു നമ്പൂതിരി അഭിപ്രായപ്പെടുന്നു.

തെയ്യാട്ടം നടക്കുന്നത് ക്ഷേത്രസങ്കേതങ്ങളിലാണ് എന്നുപറഞ്ഞല്ലോ. ഈ ക്ഷേത്രങ്ങൾ, മഹാക്ഷേത്രപരിധിയിൽപ്പെടുന്നതല്ല. വിവിധസമുദായങ്ങളാണ് ഓരോ ക്ഷേത്രത്തിന്റെയും സാരഥ്യം വഹിക്കുന്നത്. അതിന് പ്രത്യേകം പേരുകളും കൽപ്പിക്കപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണർ സാരഥ്യം വഹിക്കുന്ന തെയ്യാട്ടസ്ഥാനങ്ങൾക്ക് ക്ഷേത്രം എന്നുതന്നെ പറയുന്നു. നായർ, മണിയാണി (യാദവ) സമുദായത്തിന്റേത് കോട്ടം എന്നറിയപ്പെടുമ്പോൾ തിയ്യരുടെ തെയ്യാട്ടസങ്കേതം മടപ്പുരയാണ്. വാണിയസമുദായത്തിന്റെ തിറയാട്ടസങ്കേതമാണ് മുച്ചിലോട്ട്.

ചില തെയ്യക്കോലങ്ങൾ വീടുകളിൽ വഴിപാടായി കെട്ടിയാടാറുണ്ട്. ഇങ്ങനെ കെട്ടിയാ ടുന്ന കോലങ്ങളാണ് കതിവന്നൂർ വീരൻ, കരിഞ്ചാമുണ്ഡി തുടങ്ങിയവ. എന്നാൽ തിറക്കോ ലങ്ങൾ കാവുകളിലും തറവാട്ടുസ്ഥാനങ്ങളിലും മാത്രമെ കെട്ടിയാടുന്നുള്ളു. ഇവിടെ തറവാ ട്ടുസ്ഥാനങ്ങൾ എന്നുപറയുന്നത് വീടുകളല്ല, കാവുകൾക്ക് സമാനമായ സങ്കേതങ്ങളാണ്. തെയ്യക്കോലങ്ങൾ കെട്ടിയാടാനുള്ള അധികാരം ദേശത്തെ അവകാശികൾക്ക് മാത്രമായി നിഷ്കർഷിച്ചിരിക്കുന്നു. ഇവർ ചെറുജന്മാവകാശികൾ എന്നറിയപ്പെടുന്നു. അത്തരമൊരു നിഷ്കർഷ തിറയാട്ടത്തിനില്ല. കാവിന്നുടയോരുടെ താത്പര്യമനുസരിച്ച് ഏതൊരു തിറയാട്ട സംഘത്തിനും കോലം കെട്ടിയാടാവുന്നതാണ്. എങ്കിലും ഓരോ കാവിനും തറവാട്ടുസ്ഥാന ത്തിനും അവകാശിയായി ഒരു ദേശപ്പെരുമണ്ണാൻ ഉണ്ടായിരിക്കും.ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം തെയ്യവും തിറയും തമ്മിലുള്ള വ്യത്യാസം അരക്കിട്ടുറപ്പിക്കുന്നു.

പ്രാക്തനകലാരൂപങ്ങൾ

ഗോത്രമനുഷ്യന് ജീവിതം തന്നെയായിരുന്നു കല. രണ്ടും രണ്ടല്ല, ഒന്നു തന്നെ. പ്രകൃതി യുടെ ജീവതാളങ്ങൾക്കൊപ്പം ജീവിതം കരുപ്പിടിപ്പിച്ചവരാണവർ. പ്രകൃതി ദുരന്തങ്ങളോടും വന്യമൃഗങ്ങളോടും മാരകരോഗങ്ങളോടുമൊക്കെ മല്ലിട്ട് ജീവിതം കരുപ്പിടിപ്പിക്കുന്നതിന് കണ്ടെ ത്തിയ മാർഗ്ഗമാണ് ആരാധന, പ്രകൃത്യാതീതശക്തികളോടുള്ള ആരാധന. പ്രാകൃതരൂപത്തി ലുള്ള ഈ ആരാധനയുടെ തുടർച്ചയാണ് ഇന്നുള്ള ആരാധനക്രമങ്ങളുടെ കാതൽ. ഇത്തരം ആരാധനക്രമങ്ങളുടെ ബ്രാഹ്മണപ്പതിപ്പുകൾ ക്ഷേത്രാരാധനയായും ദ്രാവിഡപ്പതിപ്പുകൾ കാവാ രാധനയായും ഇന്ന് നിലനിൽക്കുന്നു. ഈ കാവാരാധനകളാണ് തെയ്യാട്ടവും തിറയാട്ടവുമൊ ക്കെയായി ഇപ്പോഴുംതുടർന്നുകൊണ്ടിരിക്കുന്നത്. ഇതിന് സമാനതകളാരോപിക്കുന്നത് അര ങ്ങിൽ അവതരിപ്പിക്കുന്ന കഥകളിയും നാടകവും സമാനമെന്നു പറയുന്നതു പോലെയാണ്. എല്ലാം പരിണാമവിധേയമാണ് എന്ന സത്യം നിലനിൽക്കെ പരിണാമത്തിന്റെ വിവിധ കൈവഴികളിലൂടെ സഞ്ചരിച്ച് ഗോത്രബന്ധിയായ കലകളും ദ്രാവിഡബന്ധിയായ കലകളും തനതു വ്യക്തിത്വം പുലർത്തി നിലനിൽക്കുന്നു എന്നതാണ് സത്യം.

ഫോക്ലോറിന്റെ അടിസ്ഥാനസ്വഭാവങ്ങളിലൊന്നാണ്, അത് പരിണാമവിധേയമാണ് എന്നത്. ഒരു ഫോക്ലോർ രൂപം ഇന്നലെ എങ്ങനെ ആയിരുന്നുവെന്നോ നാളെ എങ്ങനെ ആയിരിക്കുമെന്നോ പറയാൻ കഴിയില്ല. പക്ഷെ ചില പ്രത്യേക സാമൂഹ്യസാഹചര്യങ്ങളിൽ നാം കണ്ടും കേട്ടുമറിയുന്ന കാലങ്ങളിലുള്ള പരിണാമങ്ങൾ നമുക്ക് തിരിച്ചറിയാൻ കഴിയും.

തലമുറകളിലൂടെ കൈമാറിയാണ് ഫോക്‌ലോർ നിലനിൽക്കുന്നത്. ചില വിഭാഗങ്ങൾ ചില ഫോക്‌ലോർ രൂപങ്ങളെ വിപരീത സാഹചര്യങ്ങളിൽ അതിനനുസരിച്ച് മാറ്റങ്ങളോടെ നിലനിർത്തുന്നത് കാണാം. ഈ മാറ്റങ്ങൾ എങ്ങനെയൊക്കെ സംഭവിക്കാം?

പിൻതുടർന്നു വരുന്ന രീതി പ്രാകൃതമാണെന്നും മാറുന്ന കാലഘട്ടത്തിന് അനുയോജ്യമല്ലെന്നും വരുമ്പോൾ അതിന് പകരം മറ്റൊന്ന് കണ്ടെത്തും.

നിയമാവലികൾ തടസ്സം നിൽക്കുമ്പോൾ ചില ഫോക്‌ലോറുകളെ നാം പരിണാമവിധേയമാക്കി പരിഷ്കരിക്കും.

പ്രാകൃത നീതിക്ക് അനുയോജ്യമല്ലെന്നതും മനസ്സിന് പൊരുത്തപ്പെടുത്താൻ വൈഷമ്യമുള്ളതുമായ കാര്യങ്ങളെ തള്ളിക്കളയുന്ന രീതിയുമുണ്ട്.

കൈകാര്യം ചെയ്യുന്നവർക്ക് താത്പര്യമുണ്ടെങ്കിലും വിപത്തുകൾ ഒളിഞ്ഞിരിക്കുന്നവയെ ബഹിഷ്ക്കരിക്കാൻ പലരും പ്രേരിപ്പിക്കും. നടപ്പിൽ വരുത്താനായി നിയമനടപടികൾ സ്വീകരിക്കും.

പരിണാമ പ്രക്രിയക്ക് ഉദാഹരണമാണ് ആരാധനയുമായും അനുഷ്ഠാനവുമായും ബന്ധപ്പെട്ടുള്ള മൃഗബലിയും പക്ഷിബലിയും. ഇവ രണ്ടും ഉപേക്ഷിക്കുകയും അതിനു പകരം മഞ്ഞളും ചുണ്ണാമ്പും വെള്ളത്തിൽ കലർത്തി മലരും തെച്ചിപ്പൂവും മറ്റുമിട്ട് രക്തപ്രതീതി വരുത്തി തർപ്പണം ചെയ്യുകയും ചെയ്യുന്നു. മൃഗബലി നിയമം മൂലം തടയപ്പെട്ടിട്ടുണ്ട്. ജീവനുള്ള കോഴിയെ കടിച്ചുപറിച്ച് ചോരകുടിച്ചുകൊണ്ടുള്ള നൃത്തം അവതരിപ്പിച്ചപ്പോൾ അതിനെതിരെ ജനരോഷം ഉയർന്നത് നാം കണ്ടതാണ്. ഇത്തരം അനുഷ്ഠാനങ്ങളുടെ ക്രൂരമുഖം പലപ്പോഴും പരിഷ്കൃത ലോകത്തെ ഞെട്ടിക്കുകയും അതിന്റെ ഫലമായി നിരോധനം കൊണ്ടുവരികയും ചെയ്തതൊന്നും മറക്കാൻ കാലമായിട്ടില്ല.

ഫോക്‌ലോർ എന്ന് നാം സംബോധന ചെയ്യുന്ന എന്തും പരിണാമ വിധേയമാണെന്ന് സൂചിപ്പിക്കാൻ ഇത്രയും പറഞ്ഞു എന്നേയുള്ളു. പക്ഷെ ഇത്തരം പരിണാമ വഴികളിലും ഗോത്രത്തനിമ ഏറെ സൂക്ഷിക്കുന്ന അനുഷ്ഠാന കലാരൂപമാണ് തിറയാട്ടം. തിറയാട്ടത്തിന്റേത് തനതുവഴികൾ മാത്രമാണ്. ചടങ്ങുകളിലും ചൊല്ലുകളിലും ആട്ടത്തിലും അനുഷ്ഠാനത്തിലുമെല്ലാം തന്നെ തിറയാട്ടം ഗോത്രത്തനിമയുടെ സ്വത്വം ഇപ്പോഴും ഒരു പരിധി വരെയെങ്കിലും നിലനിർത്തുന്നു എന്നതാണ് സത്യം.

ദൈവസങ്കൽപം തെയ്യത്തിലും തിറയാട്ടത്തിലും

ദൈവീക സങ്കൽപത്തിൽ തെയ്യവും തിറയാട്ടവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്. ഈ വ്യത്യാസങ്ങൾ പ്രമുഖ ഫോക്‌ലോറിസ്റ്റുകൾ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

വിവിധ മാധ്യമങ്ങളുപയോഗിച്ച് നിർമിച്ച ദൈവീകവിഗ്രഹങ്ങളും പഞ്ചവർണപ്പൊടികൾ കൊണ്ട് തറയിൽ ചിത്രീകരിക്കുന്ന ദേവതകളുമെല്ലാം നമുക്ക് ചിരപരിചിതമാണല്ലോ. ഈ രൂപങ്ങൾ വിവിധ തരങ്ങളിൽ ആരാധിക്കപ്പെടുകയും ചെയ്യുന്നു. ഇതിനോടു സമാനമാണ് വിവിധ ദൈവങ്ങളുടെ കോലം കെട്ടിയുള്ള ആട്ടവും. ബിംബാരാധനയെക്കാൾ ലളിതവും സുഗമവുമെന്നാണ് കോലം കെട്ടിയാടുന്നതിനെപ്പറ്റി ഡോക്ടർ എം. വി. വിഷ്ണു നമ്പൂതിരി അഭിപ്രായപ്പെടുന്നത്. കാരണം ഭക്തിമാർഗത്തിന്റെ പ്രാരംഭഘട്ടത്തിൽ പ്രതീകോപാസന ആവശ്യമായി വരുമത്രെ. പ്രതീകമില്ലാതെ ദേവതാധ്യാനം സാധിക്കുവാൻ സാമാന്യ ജനങ്ങൾക്ക് പ്രയാസമാണത്രെ. ഡോക്ടർ എം. വി. വിഷ്ണു നമ്പൂതിരി കോലം കെട്ടി ആടുന്നതിലെ അന്തസ്സത്ത ഇങ്ങനെ വ്യക്തമാക്കുന്നു.

'അവരിൽ (സാമാന്യ ജനങ്ങളിൽ) ഭക്തിവിശ്വാസാദികൾ ജനിക്കുവാനും പ്രവൃദ്ധമാകുവാനും പ്രതിരൂപ ദർശനം സഹായകമത്രെ. കോമരം(വെളിച്ചപ്പാട്) തുള്ളലിലും മറ്റു ചില അനുഷ്ഠാന നർത്തനങ്ങളിലും ഈ വിധമുള്ള സങ്കൽപാരോപങ്ങൾ കാണാം. എന്നാൽ മനുഷ്യനിൽ ദേവതാസങ്കൽപം പൂർണമായി ആരോപിക്കപ്പെടുന്നതിന് തെയ്യങ്ങളും തിറകളും ഉത്തമദൃഷ്ടാന്തമാണ്. തോറ്റംപാട്ടിലൂടെ ദേവതയെ വരവിളിച്ചു വരുത്തുകയും, ദേവത നർത്തകനിൽ ആവേശിച്ച് ഉറഞ്ഞു തുള്ളുകയും ചെയ്യുന്നുവെന്നാണ് സങ്കൽപം. ഓരോ അനുഷ്ഠാന ചടങ്ങുകളും അതിന് തെളിവാണ്'.

(തെയ്യം ഡോക്ടർ എം. വി. വിഷ്ണു നമ്പൂതിരി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

ഏതായാലും രൂപമില്ലാത്ത ദൈവങ്ങൾക്ക് ജീവനുള്ള രൂപം നൽകി തെയ്യത്തിലും തിറയാട്ടത്തിലും കെട്ടിയാടിക്കുന്നു. ഈ രൂപകൽപന ഭക്ത്യുത്തേജകവുമാണ്. അതുകൊണ്ടു തന്നെ അനുഗ്രഹിക്കാനും നിഗ്രഹിക്കാനും ശക്തിയുള്ളവരത്രെ ഈ ദേവതകൾ. ഈ വിശ്വാസമാണ് ആരാധനയുടെ ആത്മാവും പ്രസക്തിയും.

പരദേവതകളെയും കുലദൈവങ്ങളെയും കൃത്യമാക്കപ്പെട്ട കാലയളവുകളിൽ കെട്ടിയാടിക്കാതിരുന്നാൽ തറവാടിനും ദേശത്തിനും ദോഷകരമാകുമെന്ന വിശ്വാസവും പ്രബലമായി. ഇന്നും ഈ വിശ്വാസം ഗ്രാമാന്തരങ്ങളിൽ ശക്തിയായിത്തന്നെ തുടരുന്നു. ദോഷങ്ങൾ ഇല്ലാതാക്കുമെന്നു മാത്രമല്ല അഭീഷ്ടഫലസിദ്ധിയും ദേശത്തിനാകെ ഐശ്വര്യവും കോലം കെട്ടിയാടിക്കുന്നതിലൂടെ ഉണ്ടാകുമെന്ന വിശ്വാസവും പ്രബലം തന്നെ. ഉദ്ദിഷ്ടകാര്യസാധ്യത, ജീവിതവിജയം, ആപത് മോചനം, കാർഷികാഭിവൃദ്ധി എന്നിവയെല്ലാം അഭീഷ്ടസിദ്ധിയിൽപ്പെടുന്നു. തെയ്യത്തിലെയും തിറയാട്ടത്തിലെയും പൊതുധാരണയാണ് ഇപ്പറഞ്ഞതെല്ലാം. എന്നാൽ അവ രണ്ടിനെയും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഒട്ടേറെയുണ്ട്.

തെയ്യം – തിറ

തെയ്യവും തിറയും തമ്മിലുള്ള വ്യത്യാസം ഏതവസരത്തിലും പഠനാർഹമാണ്. പ്രത്യേകിച്ച് ഫോക്‌ലോർ പഠന,ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്

തെയ്യം എന്നത് ദൈവം എന്ന നാമത്തിന്റെ തൽഭവമാണ്. അവർണനായ പ്രാചീനന്റെ വാമൊഴിവഴക്കം എന്നും പറയാം. തിറയാകട്ടെ ദൈവപ്രീതിക്കു വേണ്ടി കെട്ടുന്ന കോലമാണ്. പ്രകടമായ അർഥവൈവിധ്യമുണ്ടിവിടെ.

വരുക നിരൂപിച്ച കാര്യം വീര്യം സാധിച്ച്
പാമാടപ്പലകമേൽ കളിച്ചു വിളയാടി
കുടികൊണ്ടു തോറ്റം കേൾക്കുന്നതോടു കൂടി

കോലം കെട്ടി അരങ്ങിലെത്തുന്ന തെയ്യക്കോലം ദൈവമായി ഭക്തജനങ്ങളുടെ മുമ്പിൽ അവതരിക്കുന്നതായി ഈ ചൊല്ലുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

എന്നാൽ തിറക്കോലം അണിമറയിൽ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞാൽ കെട്ടിയാടുന്ന ദേവന്റെ സ്ഥാനത്ത് വിളക്കും വെള്ളരിയും വെച്ച് കോലത്തിന്റെ വരവ് ഇങ്ങനെ അറിയിക്കുന്നു.

'വരിക പൊലിക ദൈവമെന്റെ
കരുവോൻ പരദേവതേ
നിൻ തിരുവുള്ളമാകെയുണ്ട്,
പണ്ടു പണ്ടൊരില്ലം പാരമ്പര്യം
മറവാതസ്വരൂപത്തിന്

സ്വരൂപ ദിന ശക്തിയായി

ഓടിയുഴറി വെളിച്ചപ്പെട്ടു

വഴിവരൂ തിരുവന്മേനിക്കഴകിയ– കരുവോൻ'

(ഇവിടെ കരുമകനാണ് കരുവോൻ. ഏത് ദൈവത്തിന്റെ കോലമാണോ കെട്ടുന്നത് ആ ദൈവത്തിന്റെ പേര് ചൊല്ലണം).

മേൽപറഞ്ഞ ചൊല്ല് കേൾക്കുന്നതോടുകൂടി വെളിച്ചപ്പെട്ട് വഴി തരുന്നത് ദൈവത്തിന്റെ കോമരമാണ്. ചൊല്ലിന്റെ അന്ത്യത്തിലുയരുന്ന വാദ്യമേളങ്ങളുടെ അകമ്പടിയോടെ അരങ്ങിലെത്തുന്ന കോലങ്ങളെ കോമരം അരിയെറിഞ്ഞ് ആർപ്പു വിളിച്ച് സ്വീകരിക്കുന്നു. ഇവിടെ ദൈവത്തിന്റെ സ്ഥാനം പ്രധാനമായും കോമരങ്ങൾക്കാണ്.

'കെട്ടിയാടിച്ച കോമരത്തിന്റെ കാഴ്ചയും വീഴ്ചയും കണ്ടറിഞ്ഞ് ഞാനെന്റെ കരിങ്കോലം ഏറ്റം സന്തോഷത്തോടെ കയ്യേറ്റു' എന്നോ 'ഞാനെന്റെ കരിങ്കോലം വേണ്ടും പ്രകാരം പ്രീതിപ്പെട്ടില്ല' എന്നോ കൽപിക്കാനുള്ള അധികാരം കോമരങ്ങൾക്കുണ്ട്. സങ്കടങ്ങൾ ഉണർത്തിച്ച് പരിഹാരങ്ങൾ തേടുന്നതിനും കുറ്റങ്ങൾ തെളിയിക്കുന്നതിനും ഭക്തർ സമീപിക്കുന്നത് കോമരങ്ങളെയാണ്, കെട്ടിയാട്ടക്കാരെയല്ല. ഉത്സവമില്ലാത്തകാലത്തുപോലും ഈ ആവശ്യങ്ങൾക്കായി തയ്യാറെടുത്തു നിൽക്കുന്ന ചില കാവുകളെങ്കിലും തെക്കേ മലബാറിലുണ്ട്.

എന്നാൽ തെയ്യക്കോലത്തിന്റെ സ്ഥിതി ഇതല്ല. ഭക്തജനങ്ങൾ സങ്കടങ്ങൾ ഉണർത്തിക്കാനും പരിഹാരം തേടാനും പൊതുനിവേദനങ്ങൾ നൽകാനുമൊക്കെയായി സമീപിക്കുന്നത് തെയ്യക്കോലങ്ങളെയാണ്. തെയ്യക്കോലങ്ങൾ ഭക്തജനങ്ങളെ സംബന്ധിച്ചിടത്തോളം ദൈവം തന്നെയാണ്. തെയ്യക്കോലത്തിന്റെ വചനങ്ങൾ ഭക്തർക്ക് ദൈവവചനങ്ങൾ തന്നെയാണ്.തെയ്യത്തിലെയും തിറയാട്ടത്തിലെയും മൂർത്തീസങ്കൽപത്തിലെ വിശ്വാസപരമായ പ്രധാന വ്യത്യാസം ഇതുതന്നെ.

വാക്കെണ്ണൽ തെയ്യത്തിലും തിറയാട്ടത്തിലും

വാക്കെണ്ണുക എന്ന അനുഷ്ഠാനത്തിലുമുണ്ട് വ്യത്യസ്തതകൾ. ഭക്തരുടെ ആവലാതികൾക്കും സങ്കടങ്ങൾക്കും പരിഹാരവും ആശ്വാസവും നിർദേശിക്കുന്ന അനുഷ്ഠാനപരമായ ചടങ്ങാണ് വാക്കെണ്ണൽ. ഭക്തരുടെ 'ശിക്ഷാരക്ഷണ'ത്തിനുള്ള ദൈവീകാധികാരമാണ് വാക്കെണ്ണലിലൂടെ വ്യക്തമാകുന്നത്. തെയ്യക്കോലങ്ങളുടെ ഈ അധികാരം പൂർണമായും ദൈവീകമാണെന്ന് ഭക്തർ വിശ്വസിക്കുന്നു. എന്നാൽ തിറയാട്ടത്തിൽ വാക്കെണ്ണലിനുള്ള അധികാരവും അവകാശവും തിറക്കോലങ്ങൾക്കല്ല, കോമരങ്ങൾക്കാണ്. കോമരങ്ങളുടെ പ്രാർഥനാനിർഭരമായ ഈ അരുളപ്പാടിന് വളരെ ചുരുങ്ങിയ സമയമേ വേണ്ടൂ. എന്നാൽ തെയ്യക്കോലങ്ങളുടെ 'ശിക്ഷാരക്ഷണ'മെന്ന അരുളപ്പാടിന് അഥവാ വാക്കെണ്ണലിന് ദൈർഘ്യമേറെയുണ്ട്.

തിറയാട്ടത്തിൽ വാക്കെണ്ണൽ പൊതുവെ കുടിവെച്ച മൂർത്തികളുടെ കോലം കെട്ടിയാടുമ്പോഴാണ്. മൺമറഞ്ഞ പൂർവപിതാക്കളുടെയോ മാതാക്കളുടെയോ അരുളപ്പാടുകളായാണ് തറവാട്ടംഗങ്ങൾ ഈ വാക്കെണ്ണലിനെ കണക്കാക്കുന്നത്. കുടുബാംഗങ്ങൾ തമ്മിൽത്തമ്മിലും അയലത്തുകാരുമായും ഉണ്ടാകുന്ന അന്തച്ഛിദ്രങ്ങളും വ്യക്തിവൈരാഗ്യവുമൊക്കെ മിക്കവാറും ഈ വാക്കെണ്ണലിലൂടെ പരിഹരിക്കപ്പെടുന്നു എന്നതാണ് ഈ വാക്കെണ്ണലിന്റെ സവിശേഷത. തെയ്യത്തിലെ വാക്കെണ്ണൽ എല്ലാ തെയ്യക്കോലങ്ങൾക്കുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ തിറയാട്ടത്തിലെ വാക്കെണ്ണൽ ചുരുങ്ങിയ സമയത്തേക്കാണെങ്കിലും ഭക്തർക്ക് അത് ആശ്വാസകരമായ ഒരു അനുഭവമാകുന്നു.തെയ്യത്തിലാകട്ടെ ഭൂത ഭാവി വർത്തമാനകാലവിശകലനങ്ങളിലൂടെ ദീർഘമായി കടന്നുപോകുന്നു. വാക്കെണ്ണലിനോടനുബന്ധിച്ച് തിരുനെറ്റി പതി

ക്കുക' എന്നൊരു ചടങ്ങ് തിറയാട്ടത്തിലുണ്ട്. തെയ്യത്തിൽ തിരുനെറ്റി പതിക്കുക എന്നൊരു ചടങ്ങില്ല എന്നതും തെയ്യവും തിറയാട്ടവും തമ്മിലുള്ള വ്യത്യസ്തതകളിൽപ്പെടുന്നു.

ഭഗവതീ സങ്കൽപം തിറയാട്ടത്തിലും തെയ്യത്തിലും

വളരെയേറെ ആരാധനാ സമ്പ്രദായങ്ങളും രീതികളും നിലവിലുണ്ടായിരുന്നു, നമ്മുടെയിടയിൽ. വൃക്ഷാരാധന, ശക്ത്യാരാധന, ശൈവാരാധന, ഭൂതാരാധന, നാഗാരാധന, മൃഗാരാധന, യക്ഷ- ഗന്ധർവർക്കുള്ള ആരാധന, പ്രേതാരാധന, പരേതാരാധന, വീരാരാധന അങ്ങനെ പോകുന്നു ആരാധനയുടെ വഴികൾ. എന്നാൽ ഇപ്പറഞ്ഞ ആരാധനകളിൽ പലതും ഇന്നില്ല. ആരാധനയുടെ ആരംഭം ആദിമ മനുഷ്യന്റെ ജീവിത രീതികളിൽ നിന്ന് രൂപപ്പെട്ടതാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമേതുമില്ല. ആരാധനാരീതികളിൽ ഏറെ പൂർവികം മാതൃദേവതാപൂജയ്ക്കാണെന്നാണ് പണ്ഡിതമതം. അതേപ്പറ്റി ഡോക്ടർ വിഷ്ണു നമ്പൂതിരി പറയുന്നു.

'മാതൃദേവതാപൂജ വൈദികേതര സങ്കൽപത്തിലുള്ളതാണ്. നൈൽനദീതടം മുതൽ സിന്ധുനദീതടം വരെ ഒരു കാലത്ത് ഇതിന് വ്യാപ്തിയുണ്ടായിരുന്നു. സാർവ ലൗകികവും അടിസ്ഥാനപരവുമായ ഈ ആരാധനാരീതി ഭാരതത്തിലെന്നപോലെ മറ്റെങ്ങും പ്രബലവും അവികലവുമായിരുന്നില്ല. വൈദീക സങ്കൽപത്തിലുള്ള പൃഥി, പ്രകൃതി, ദുർഗ, കാളി എന്നിവയ്ക്കെല്ലാം അടിസ്ഥാനം മറ്റൊന്നല്ല. അമാനുഷ മാതൃദേവതാപൂജയാണ് പിൽക്കാലത്ത് ശക്ത്യാരാധനയായി പരിണമിച്ചതെന്നാണ് പണ്ഡിതരുടെ പക്ഷം.'

(തെയ്യം, ഡോ: എം.വി. വിഷ്ണു നമ്പൂതിരി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

ഇത്തരത്തിൽ ശക്ത്യാരാധനക്ക് ഉപോൽബലകമായി ഇന്നും നിലനിൽക്കുന്നു,പരാശക്തി എന്ന സങ്കൽപവും വിശ്വാസവും.

'പ്രപഞ്ച ജീവനാണ് ആദിപരാശക്തി. അത് പ്രപഞ്ചത്തെ അനവരതം ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. ജഗദംബികയായ ഈ ആദിപരാശക്തി തന്നെയാണ് ഭഗവതി. ഭഗവതിപ്രതിഷ്ഠയുള്ള കാവുകളിൽ പല പേരുകളിലാണ് ഭഗവതി അറിയപ്പെടുന്നത്. ഭദ്രകാളി, രക്തേശ്വരി, രക്തചാമുണ്ഡി, നീലഭട്ടാരി, കരിങ്കാളി, കൊടുങ്കാളി, ഓടക്കാളി എന്നിങ്ങനെ ഒട്ടേറെ നാമങ്ങളിൽ ആരാധിക്കപ്പെടുന്നു.

തെയ്യത്തിലും തിറയാട്ടത്തിലും പല പേരുകളിൽ ഭഗവതിയുടെ കോലം കെട്ടിയാടപ്പെടുന്നുണ്ട്. മുൻ പറഞ്ഞ പേരുകളിൽ ഭഗവതിയുടെ തിറക്കോലം കെട്ടിയാടുമ്പോൾ ഭഗവതി, കാളി, ഈശ്വരി, ചാമുണ്ഡി എന്നൊക്കെയുള്ള പേരുകളിലാണ് ഭഗവതിയുടെ തെയ്യക്കോലങ്ങൾ കെട്ടിയാടുന്നത്. ഭഗവതിയുടെ വിവിധ കോലങ്ങൾ തിറയിലും തെയ്യത്തിലും കെട്ടിയാടുന്നുണ്ടെങ്കിലും വേഷങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കുമൊന്നും സമാനതകൾ തെല്ലുമേയില്ല. കാളിയും കാളിയുടെ സങ്കൽപഭേദങ്ങളുമായി കെട്ടിയാടുന്നതിലെ ഏകസമാനത ദാരിക നിഗ്രഹമെന്ന കാളിയുടെ അവതാരലക്ഷ്യമാണ്.

തിറയാട്ടത്തിൽ ഭഗവതിക്ക് കലശം, തിരുരാടചാർത്തൽ, താലപ്പൊലി, ആവേൻ- ചോപ്പൻമാരുടെ ഗുരുതിതർപണം എന്നീ അനുഷ്ഠാനങ്ങൾ കർശനനിഷ്ഠയോടെ നടത്തുമ്പോൾ തെയ്യത്തിൽ ഭഗവതിയുടെ കോലം കെട്ടിയാടുന്നതേയുള്ളു.

ദൈവങ്ങൾ

തിറയാട്ടത്തിലെ ദൈവങ്ങൾ മലദൈവങ്ങൾ, ദേവീസങ്കൽപദൈവങ്ങൾ, മനുഷ്യമൂർത്തീസങ്കൽപങ്ങൾ എന്നിങ്ങനെയാണ്. ഈ മലദൈവങ്ങൾ ശിവജന്യങ്ങളാണ്. ശിവജന്യമൂർത്തികളായ ദൈവങ്ങളുടെ കോലങ്ങളാണ് തിറയാട്ടത്തിൽ കെട്ടിയാടുന്നതെന്ന് ചുരുക്കം. ഈ ദൈവങ്ങൾ ശിവജന്യമെങ്കിലും അവരുടെ പേരുകൾ ദ്രാവിഡത്തനിമയിലുള്ളതാണ്. സമുദായത്തിലെ മേലാളൻമാർ ആര്യാധിഷ്ഠിതമായ ദേവകളെ ആരാധിച്ചു വന്നപ്പോൾ

പിന്നോക്കാവസ്ഥയിൽ നിലകൊണ്ടിരുന്ന ജനത ഈ ദേവീദേവൻമാരുടെ രജോഗുണമൂർത്തികളായ പ്രതിരൂപങ്ങളെ ആരാധിക്കുകയും അവരുടെ കോലങ്ങൾ കെട്ടിയാടുകയും ചെയ്തുവന്നു. ശിവൻ കുറവനായും പാർവതി കുറത്തിയായും രൂപമെടുത്ത് സഞ്ചരിച്ചുവെന്നും മറ്റുമുള്ള വിശ്വാസങ്ങൾ ഈ വിഭാഗക്കാർ ശിവനേയും പാർവതിയേയും തങ്ങളുടേതായ പരിധിയിലേക്ക് കൊണ്ടു വന്ന് ആരാധിച്ചതിന്റെ ഫലമായിരിക്കണമെന്ന് സി. ഗോപാലൻ നായർ അഭിപ്രായപ്പെടുന്നു.

തിറയാട്ടത്തിൽ ദേവഭാവത്തിൽ കോലം കെട്ടിയാടപ്പെടുന്ന മലദൈവങ്ങളാണ് കരുമകൻ, കരിയാത്തൻ, കരിവില്ലി, കുലവൻ, തലശ്ശിവൻ(തലച്ചിലോൻ), മുണ്ട്യൻ, കണ്ഠാകർണൻ, വീരഭദ്രൻ തുടങ്ങിയവ. ഇവയൊക്കെ ശൈവമൂർത്തികളാണ്. തെയ്യത്തിൽ ശൈവഭാവത്തിൽ കെട്ടിയാടപ്പെടുന്ന കോലങ്ങളാണ് ഭൈരവൻ, പൊട്ടൻ, വേട്ടയ്ക്കൊരു മകൻ, പുലിക്കണ്ടൻ, വൈരജാതൻ, കണ്ഠാകർണൻ, ക്ഷേത്രപാലൻ, ഗുളികൻ, ദണ്ഡൻ തുടങ്ങിയവ. ഇവയിൽത്തന്നെ ചില കോലങ്ങൾ തെയ്യത്തിലും തിറയാട്ടത്തിലും കെട്ടിയാടപ്പെടുന്നുണ്ട്.

ഇവിടെ മറ്റൊരു വൈവിധ്യമുള്ളത് തെയ്യത്തിൽ വൈഷ്ണവകോലങ്ങൾ കെട്ടിയാടപ്പെടുന്നു, വൈഷ്ണവാരാധന നിലിൽക്കുന്നു എന്നതാണ്. തിറയാട്ടത്തിൽ വൈഷ്ണവാരാധനയുമായി ബന്ധപ്പെട്ട യാതൊരു അനുഷ്ഠാനങ്ങളോ ചടങ്ങുകളോ ഇല്ല. വൈഷ്ണവാംശങ്ങളായ കോലങ്ങളുമില്ല. ആദിമ മനുഷ്യന്റെ പ്രാകൃതഭാവനയിൽ നിന്ന് ഉയിർകൊണ്ട ദൈവസങ്കൽപത്തിന് ചേർന്ന വിധമാണ് മലദൈവ സൃഷ്ടി. പക്ഷെ വൈഷ്ണവ വീക്ഷണത്തിലേക്ക് കടക്കുമ്പോൾ ആര്യാധിനിവേശത്തിന് ശേഷമാണ് തെയ്യത്തിന്റെ തുടക്കമെന്ന് വരുന്നു. അതായത് ഋഗ്വേദ രചനയ്ക്കും നൂറ്റാണ്ടുകൾക്കുശേഷം, കാരണം ഋഗ്വേദത്തിൽ വൈഷ്ണവ ദൈവങ്ങളില്ല തന്നെ. അതുകൊണ്ടുതന്നെയാണ് തിറയാട്ടത്തിന്റെ വേരുകൾ ആണ്ടിറങ്ങിയിരിക്കുന്നത് ഗോത്രഭൂമികയിലാണെന്ന് പറയുന്നത്.

തെയ്യത്തിലെ ഊർപ്പഴച്ചി ദൈവത്തിന്റെ സൃഷ്ടി തന്നെ, വേട്ടയ്ക്കൊരു മകന്റെ ആയുധപ്രയോഗ ശേഷികുറയ്ക്കാനാണത്രെ. ഈ ഊർപ്പഴച്ചി ദൈവം വൈഷ്ണവാംശമാണ്. വേട്ടയ്ക്കൊരു മകൻ ശൈവാംശവും. അതുപോലെ തന്നെ നരസിംഹാവതാരത്തെ പ്രതിനിധാനം ചെയ്യുന്ന തെയ്യമാണ് വിഷ്ണു മൂർത്തി; മത്സ്യാവതാരം പ്രതിനിധീകരിക്കുന്നത് പാലോട്ടു ദൈവവും. അണ്ടല്ലൂർ ദൈവമാകട്ടെ രാമാവതാരത്തെ പ്രതിനിധാനം ചെയ്യുന്നു. വൈഷ്ണവാംശങ്ങളായ മറ്റ് ദൈവങ്ങൾ ഇങ്ങനെ. കാരൻ തെയ്യവും മണവാളൻ തെയ്യവും പാക്കാൻ തെയ്യവുമൊക്കെ വൈഷ്ണവാംശങ്ങളാണ്.

ഇതിഹാസങ്ങളിലും പുരാണങ്ങളിലുമുള്ള കഥാപാത്രങ്ങളിൽ ചിലവ തെയ്യത്തിൽ കോലം കെട്ടിയാടുന്നുണ്ട്. അതേപ്പറ്റി ഡോക്ടർ വിഷ്ണു നമ്പൂതിരി എഴുതുന്നു

'ബമ്മുരിക്കൻ, കരിമുരിക്കൻ എന്നീ തെയ്യങ്ങൾ ലവകുശൻമാരുടെ സങ്കൽപത്തിലുള്ളതാണ്. ഈ രണ്ട് ദേവതകളെയും ചേർത്ത് മുരിക്കൻമാർ എന്ന് പൊതുവായി പറയാറുണ്ട്. അണ്ടലൂർക്കാവിലെ അങ്കദൈവം ലക്ഷ്മണന്റെയും ബപ്പൂരിയൻ തെയ്യം ഹനുമാന്റെയും സങ്കൽപത്തിലുള്ളതാണ്. കമ്മാളരുടെ ആരാധ്യദേവതയായ നിടുബാലിയൻ തെയ്യം ബാലിയുടെ സങ്കൽപത്തിലുള്ള ദേവതയത്രെ. ചിലയിടങ്ങളിൽ സുഗ്രീവ സങ്കൽപത്തിലുള്ള കിഴക്കൻ ദൈവം എന്ന തെയ്യവുംകെട്ടിയാടപ്പെടുന്നു.'

(തെയ്യം, ഡോ: എം. വി. വിഷ്ണു നമ്പൂതിരി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

ദൈവങ്ങളുടെ കാര്യത്തിൽ തെയ്യവും തിറയും തമ്മിൽ ഒട്ടേറെ വ്യത്യാസങ്ങൾ ഉള്ളത് കാണാതിരുന്നുകൂട. തെയ്യത്തിലെ ഒട്ടനവധി ദൈവസങ്കൽപങ്ങൾ വൈഷ്ണവാരാധന വ്യാപകമായതിനു ശേഷം പലകാലങ്ങളിലായി രൂപപ്പെട്ടതാണ്. തിറയാട്ടത്തിലെ ദൈവസങ്കൽപമാകട്ടെ ആദിമ മനുഷ്യന്റെ വിശ്വാസങ്ങളിലൂടെ രൂപപ്പെട്ടതും. തിറയാട്ടത്തിന്റെ ഗോത്രകാല

ബന്ധം ഇവിടെ വ്യക്തമാകുന്നു. അതുകൊണ്ടുതന്നെയാണ് തിറയാട്ടത്തിലെ ദൈവസങ്കൽപ്പങ്ങൾ ശൈവാംശത്തിലൂടെ പരിമിതമാക്കപ്പെട്ടതും കർശനമായ അനുഷ്ഠാനങ്ങളിലൂടെയും ആചാരങ്ങളിലൂടെയും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതും.

കുടിവെച്ച മൂർത്തീ സങ്കൽപം

തെയ്യത്തിലും തിറയാട്ടത്തിലും കുടിവെച്ച മൂർത്തികളുടെ കോലങ്ങൾ കെട്ടിയാടുന്നുണ്ട്. ഇവിടെയും തെയ്യവും തിറയും തമ്മിൽ അടിസ്ഥാനപരമായ വൈവിധ്യങ്ങളുണ്ട്.

കൂട്ടുകുടുംബസമ്പ്രദായമായിരുന്നല്ലോ പൊതുവെ കേരളത്തിൽ കഴിഞ്ഞ ഒരു കാലം വരെ നിലനിന്നിരുന്നത്. ഇപ്പോഴത്തെ അണുകുടുംബജീവിതം പരിചയപ്പെട്ടവർക്ക് കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ പ്രാധാന്യം പറഞ്ഞാൽ മനസ്സിലായെന്ന് വരില്ല.അല്ലറചില്ലറ ദോഷങ്ങൾ ഉണ്ടായിരുന്നെങ്കിലും കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ബന്ധങ്ങൾ ദൃഢമായിരുന്നു. നാം പരിചയപ്പെട്ട കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തുടക്കം ഗുഹാമനുഷ്യരിൽ നിന്നായിരിക്കണം. ഗുഹയിലേയോ ഒറ്റപ്പെട്ട മറ്റിടങ്ങളിലേയോ ഒന്നിച്ചുള്ള ജീവിതം സംഘശക്തിയുടെ ആദ്യരൂപമായിരുന്നിരിക്കണം. പ്രകൃതി ദുരന്തങ്ങളെയോ വന്യമൃഗങ്ങളുടെ ആക്രമണങ്ങളെയോ രോഗങ്ങളെയോ ഒക്കെ നേരിടാൻ, ഒറ്റപ്പെട്ട് ജീവിക്കുന്ന ആ ചെറു സംഘങ്ങൾക്ക് കഴിയുമായിരുന്നു. പരസ്പരം ബോധ്യപ്പെട്ടും സഹകരിച്ചും സഹായിച്ചും ആശ്രയിച്ചും ജീവിച്ച ആ ചെറു കൂട്ടത്തിന് സ്വാഭാവികമായും ഒരു നേതാവ് ഉണ്ടായിരുന്നിരിക്കണം. അത്തരം ജീവിതം നയിച്ച ആദ്യ ഹോമോസാപ്പിയൻസിന്റെ ആധുനിക പതിപ്പായിവേണം കൂട്ടുകുടുംബ വ്യവസ്ഥിതിയെ മനസ്സിലാക്കാൻ. ഗുഹാ മനുഷ്യരുടെ ചെറുകൂട്ടത്തിന് ഒരു നേതാവ് ഉണ്ടായിരുന്നതുപോലെ പുതിയകാലത്തെ കൂട്ടുകുടുംബ വ്യവസ്ഥിതിയിലും ഒരു നേതാവ് ഉണ്ടായിരുന്നു. ആ നേതാവാണ് തറവാട്ടു കാരണവർ. തറവാടിന്റെയും തറവാട്ടംഗങ്ങളുടെയും പുരോഗതിയും മേൽഗതിയുമായിരുന്നു കാരണവൻമാരുടെ ലക്ഷ്യം. ദേശത്തും ഏറെ ബഹുമാനിക്കപ്പെട്ട വ്യക്തിത്വത്തിന് ഉടമകളായിരുന്നു അവർ. മന്ത്ര, തന്ത്ര, വൈദ്യരംഗങ്ങളിലും പടകളിൽ പങ്കെടുത്ത് വിജയമകുടം ചൂടിയവരുമൊക്കെയായ അത്തരം ആളുകളെ കുടിവെച്ചാരാധിക്കുന്ന സമ്പ്രദായത്തിന് ഏറെ പഴക്കമുണ്ടെന്ന് വേണം കരുതാൻ. തിറയാട്ടത്തിൽ കുടിവെച്ചാരാധിക്കപ്പെടുന്ന മൂർത്തികൾ പ്രഗത്ഭരും പ്രസിദ്ധരും എന്തിനും പോന്നവരും ആയിരുന്നു.

എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമാണ് പൊതുവെ തെയ്യത്തിൽ കുടിവെച്ചാരാധിക്കപ്പെടുന്ന മൂർത്തികൾ. ഈ വ്യത്യസ്തതകൾക്ക് അപവാദങ്ങൾ ഇല്ലെന്നില്ല. പരേതാരാധനയും വീരാരാധാനയുമെല്ലാം തെയ്യത്തിലെ കോലംകെട്ടുഘടകങ്ങളാണെങ്കിലും സവർണരാലും നാടുവാഴികളാലും ചവിട്ടിയരക്കപ്പെട്ട കീഴാളന്റെ സ്വത്വം, വെളിപ്പെടുത്തുന്ന തെയ്യക്കോലങ്ങൾ എത്രയുമെങ്കിലും ഉണ്ട്. അതേപ്പറ്റി അറിയാൻ കഴിഞ്ഞകാല സാമൂഹികാവസ്ഥയിലേക്ക് തിരിഞ്ഞുനോക്കേണ്ടതുണ്ട്.

അന്ന് അടിച്ചമർത്തപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ കീഴാള വർഗം സവർണനും നാടുവാഴിക്കും വേണ്ടി പണിയെടുക്കാൻ മാത്രം വിധിക്കപ്പെട്ടവരായിരുന്നു. സവർണന്റെയും നാടുവാഴിയുടെയും പത്തായം നിറയ്ക്കുമ്പോഴും പണിയാളർക്ക് പട്ടിണിയായിരുന്നു മിച്ചം. കഴിഞ്ഞ ഒരു കാലത്തെ സവർണ്ണ പ്രമാണികളുടെ മുദ്രാവാക്യം മറക്കാൻ കാലമായിട്ടില്ല.

"തമ്പ്രാനെന്ന് വിളിപ്പിക്കും
പാളേൽ കഞ്ഞികുടിപ്പിക്കും"

കീഴാളന്റെ ഈ അവസ്ഥയിൽ അറിവിന്റെയും സംസ്കാരത്തിന്റെയും കുത്തക സ്വയം ഏറ്റെടുത്ത നാടുവാഴിത്ത വ്യവസ്ഥിതിയാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ബ്രാഹ്മണ മേധാവിത്വമാണ് സംസ്കാരത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നതും മതപരമായ പെരുമാറ്റ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടിരുന്നതും. ആ നിയമ വ്യവസ്ഥക്ക് അകത്ത് കീഴാളന്റെ ഭൗതികവും സർഗാ

ത്മകവുമായ ആവിഷ്കാരങ്ങൾക്ക് ഇടമില്ലായിരുന്നു. അറിവ് സ്വായത്തമാക്കാനുള്ള കവാടങ്ങൾ കീഴാളരുടെ മുൻപിൽ കൊട്ടിയടക്കപ്പെട്ടു. സ്വാതന്ത്ര്യം എല്ലാ അർഥത്തിലും നിഷേധിക്കപ്പെട്ടിരുന്ന അവർക്ക് തങ്ങളുടെ ശബ്ദം ഉന്നതങ്ങളിൽ എത്തിക്കാൻ സാധിച്ചിരുന്നില്ല.

അന്ന് അധികാരം കയ്യാളിയിരുന്നവരും അവരുടെ കുഴലൂത്തുകാരും അടിച്ചേൽപിച്ച നിയമങ്ങളായിരുന്നു കീഴാളന്റെ വേദപ്രമാണങ്ങൾ.അവർ അത് അനുസരിച്ചേ തീരൂ. കീഴാളന് അത് അംഗീകരിക്കുകയല്ലാതെ മറ്റൊരു പോംവഴിയും ഇല്ലായിരുന്നു. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ഉണ്ട്. കൂലി കൊടുക്കുമ്പോൾ നെല്ലിൽ നിന്ന് ഒരു പിടി ജന്മിയുടെ പാത്രത്തിലേക്ക് വാരിയിടുന്നതും കൊയ്ത്തു കഴിഞ്ഞാൽ കറ്റക്കെട്ടിൽ നിന്ന് കുറെ നെൽക്കതിരുകൾ (ചിലപ്പോൾ പകുതിയോളം) വലിച്ചൂരിയെടുക്കുന്നതുമൊക്കെ കർഷകത്തൊഴിലാളിയെ ചൂഷണം ചെയ്യുന്നതിനായി ജന്മിത്വം അടിച്ചേൽപ്പിച്ച ആചാരങ്ങളായിരുന്നു. സംക്രമം, കറുത്തവാവ് തുടങ്ങിയ വിശേഷദിവസങ്ങളിലും ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിലും കൂലി കൊടുക്കാൻ പാടില്ല എന്ന വിലക്കും ജന്മിത്വം ഏർപെടുത്തിയിരുന്നു. നട്ടുച്ചക്കും സന്ധ്യാസമയത്തും കൂലികൊടുക്കരുതെന്ന വിലക്കും നിലനിന്നിരുന്നു. ഇത്തരം ആചാരങ്ങളും വിലക്കുകളും ധനികകൃഷിക്കാർ വ്യാപകമാക്കി തീർത്തു. ഓണത്തിനും വിഷുവിനും വിവാഹത്തിനുമൊക്കെ ജന്മിക്ക് കാഴ്ച വസ്തുക്കൾ (നേന്ത്രക്കുലയും മറ്റും) സമർപിക്കണം എന്ന ആചാരവും സൃഷ്ടിക്കപ്പെട്ടു. കീഴാളന് ഇത് അനുസരിക്കാതെ നിവൃത്തിയില്ലായിരുന്നു.

സാമൂഹികമായ പല വിലക്കുകളും പണ്ടുകാലത്ത് നിലവിലുണ്ടായിരുന്നു. അയിത്തം, തൊട്ടുകൂടായ്മ, തീണ്ടൽ തുടങ്ങിയവ ഇവയിൽ ചിലതു മാത്രമായിരുന്നു. വണ്ണാത്തി മാറ്റ് വിലക്കൽ, ഊരുവിലക്ക്, ഭ്രഷ്ട് കൽപിക്കൽ, പിഴ ചുമത്തൽ തുടങ്ങിയവ നാടുവാഴികൾ ഏർപ്പെടുത്തിയ വിലക്കുകളാണ്. വടക്കൻ പാട്ടുകളിലെ ഇതിവൃത്തത്തിലേറെയും കയ്യൂക്കുകാരായ നാടുവാഴികളുടെ താന്തോന്നിത്തങ്ങളാണ്. കീഴാള വിഭാഗത്തിന്റെ ചാരിത്ര്യചോരണം നടത്തുകയെന്നത് തച്ചോളി ഒതേനനെപ്പോലെയുള്ള ഇടപ്രഭുക്കൻമാരുടെ വിനോദമായിരുന്നു. 'കട്ടും കവർന്നും പുലയാടീറ്റും' കഴിയുന്ന ഒരു വിടനായിരുന്നു ഒതേനനെന്ന് ധീരയായ ഒരു വനിത വടക്കൻ പാട്ടിൽ പറയുന്നതായി ഡോ. എ.കെ. നമ്പ്യാർ നിരീക്ഷിക്കുന്നു.

ഇത്തരത്തിൽ നാടുവാഴികളുടെയും ശിങ്കിടികളുടെയും തോന്ന്യാസങ്ങളെ എതിർത്തതിന്റെ പേരിൽ പൈശാചികമായി കൊല്ലപ്പെട്ട രക്തസാക്ഷികളുണ്ട്. അവരുടെ രക്തസാക്ഷിത്വത്തിനു ശേഷം അവരിൽ പലരും കുടിവെച്ചാരാധിക്കപ്പെടുന്നുണ്ട്, തെയ്യത്തിൽ. അതിന് പലകാരണങ്ങൾ ഉണ്ടാകാം. താൻ നേരിട്ടോ തന്റെ നിർദേശമനുസരിച്ചോ കൊല്ലപ്പെട്ട ആളിന്റെ ആത്മാവ് തന്നെ വേട്ടയാടുന്നു എന്ന ധാരണ. അതിനു കാരണമായി തനിക്കോ സ്വന്തം കുടുംബത്തിലോ ഉണ്ടാകുന്ന എന്തെങ്കിലും അനിഷ്ടമോ അസ്വസ്തതയോ, ഇവയൊക്കെ കാരണമാവാം. ശാസ്ത്രീയ വീക്ഷണവും മനശാസ്ത്രവിശകലനവും വളരെ കുറവായിരുന്ന അക്കാലത്ത് ഇതൊക്കെ സ്വാഭാവികം.

അങ്ങനെ നാടുവാഴിത്തത്തിന്റെ ദുർനയങ്ങളെ എതിർത്ത തന്റേടിയായിരുന്നു, മുരിക്കഞ്ചേരി കേളു. നാടുവാഴിത്തത്തോടു പരസ്യമായി ഇടയാനുള്ള തന്റേടം കാണിച്ച കേളുവിനെ അന്നത്തെ നാടുവാഴിയായ കോലത്തിരിയുടെ ശിങ്കിടികൾ തന്നെ വധിച്ചു. ഇത്തരത്തിലുള്ള രക്തസാക്ഷികളാണ് ഐപ്പുള്ളി തെയ്യം, ചാത്തമ്പിള്ളി വിഷകണ്ഠൻ തുടങ്ങിയവ.

മൺമറഞ്ഞ പടവീരൻമാർ, നായാട്ടു വീരൻമാർ, മാന്ത്രികർ, പരേതരായ കാരണവൻമാർ, ഗുരുക്കൻമാർ, സാത്വികരായ വീര വനിതകൾ, ദുർമരണം പ്രാപിച്ചവർ എന്നിവയെല്ലാം തെയ്യക്കോലങ്ങളായി ആരാധിക്കപ്പെടുന്നുണ്ട്. പക്ഷെ ഇവിടെയും തിറയാട്ടത്തിലെ കുടിവെച്ച മൂർത്തീ സങ്കൽപവുമായി ഏറെ വ്യത്യാസങ്ങളുണ്ട്. തിറയാട്ടത്തിലെ കുടിവെച്ച മൂർത്തികൾ

തറവാട്ടിലും ദേശത്താകെയും ജീവിതകാലത്തുതന്നെ സ്വന്തം വ്യക്തിത്വം നിലനിർത്തിയവ രായിരുന്നു എന്നാതാണ് ആ പ്രധാന വ്യത്യാസം.

സ്ത്രീമൂർത്തികൾ

തിറയാട്ടത്തിലെ സ്ത്രീമൂർത്തീസങ്കൽപത്തിലുമുണ്ട് മുൻ പറഞ്ഞ വ്യത്യാസം.

തിറയാട്ടത്തിലെ സ്ത്രീ മൂർത്തികൾ ജീവിച്ചിരിക്കെ തന്നെ എല്ലാ വിഭാഗം ജനങ്ങളാലും ആദരിക്കപ്പെട്ടവരും ആരാധിക്കപ്പെട്ടവരും ആണ്. എന്നാൽ തെയ്യത്തിലാകട്ടെ മുൻ പറഞ്ഞ തുപോലെ രക്തസാക്ഷികളാകേണ്ടി വന്ന സ്ത്രീകളാണ് ഏറെയും. അതിന് എത്ര വേണമെ ങ്കിലും ഉദാഹരണങ്ങളുമുണ്ട്. നാടുവാഴിയുടെ കാമദാഹത്തിന് വഴങ്ങാത്ത പൂമാതെ പൊന്നമ്മ എന്ന പുലയപ്പെണ്ണ് കൊല്ലപ്പെട്ടതാണ്. ജീവിച്ചിരിക്കെ വ്യക്തിത്വമുള്ള ഇത്തരം സ്ത്രീകളുടെ പ്രതിരോധങ്ങൾ പലപ്പോഴും ഫലവത്താകുന്നില്ലെങ്കിലും മരണാനന്തരമെങ്കിലും അത് ഫലപ്രാപ്തിയിൽ എത്തുന്നുണ്ടത്രേ.

പൂമാതെയുടെ തെയ്യത്തിൽ നാടുവാഴിയുടെ കാമാതുരതയെ ചെറുക്കുന്ന പുലയിപ്പെണ്ണിന് മരണം വരിക്കേണ്ടി വരുന്നുണ്ടെങ്കിലും അവളുടെ മരണാനന്തരം നാടുവാഴിക്കും കുടുംബ ത്തിനും നാശം സംഭവിക്കുന്നു. തോട്ടുങ്കരപ്പോതിയുടെ പുരാവൃത്തത്തിൽ, രാമായണം വായ നയിലൂടെ മക്കൾ മരിച്ച ദുഃഖം മറക്കാൻ ശ്രമിക്കുന്ന തീയ്യ യുവതിയെ, തലയിൽ നെരി പ്പോടുവെച്ച് ശിക്ഷിക്കുകയാണ് കോലത്തിരി. മരണാനന്തരം അവൾ തോട്ടുങ്കര ഭഗവതിയായി കോലത്തിരിയോട് പ്രതികാരം ചെയ്യുന്നു. സഹോദരൻമാരാൽ ചതിച്ചു കൊല്ലപ്പെട്ട കടാ ങ്കോട്ടുമാക്കമെന്ന നിരപരാധിനിയുടെ സങ്കൽപത്തിലുള്ളതാണ് മാക്ക ഭഗവതി. അമ്മാവനാൽ വധിക്കപ്പെട്ട കന്യകയാണ് മനയിൽ ഭഗവതി. മനോദുഃഖത്തോടെ ശിവഭജനം ചെയ്ത് അഗ്നി യിൽ ആഹൂതി ചെയ്ത കന്യകയാണ് മുച്ചിലോട്ടു ഭഗവതി. ഇതുപോലുള്ള ഒട്ടനവധി സങ്കൽപ ങ്ങൾ തെയ്യത്തിലെ സ്ത്രീ മൂർത്തീ വിഭാഗത്തിലുണ്ട്. സ്ത്രീ മൂർത്തികൾ മാത്രമല്ല പുലിമ റഞ്ഞ തൊണ്ടച്ചൻ, പാലന്തായി കണ്ണൻ, കരിങ്കുട്ടിശാസ്തൻ, ചാത്തമ്പള്ളി വിഷകണ്ഠൻ തുടങ്ങിയ തെയ്യക്കോലങ്ങളും നാടുവാഴിത്തത്തിന്റെ ക്രൂരതമൂലം വധിക്കപ്പെട്ടവരാണ്. മര ണാനന്തരം ഇവരൊക്കെ മൂർത്തീഭവം പ്രാപിച്ച് നാടുവാഴികളോട് പകരം വീട്ടിയതായി വിശ്വ സിക്കപ്പെടുന്നു.

ദുർമരണം പ്രാപിച്ചവരുടെ തെയ്യക്കോലങ്ങളും കെട്ടിയാടാറുണ്ട്. കണ്ടനാർകേളൻ, പെരു മ്പുഴയച്ചൻ, പൊൻമലക്കാരൻ, കമ്മാരൻ തെയ്യം, പെരിയാട്ടുകണ്ടൻ, മലവീരൻ തുടങ്ങിയ തെയ്യങ്ങൾ ഇത്തരത്തിലുള്ളതാണ്.

ഏതായാലും കുടിവെച്ച് ആരാധിക്കപ്പെടുന്ന മൂർത്തീ സങ്കൽപങ്ങളിലും അവയുടെ കെട്ടി യാട്ടത്തിലും തിറയാട്ടവും തെയ്യാട്ടവും സ്വന്തം തനിമ വ്യക്തമാക്കുന്നു. അവ തമ്മിൽ കാര്യ മാത്ര പ്രധാനമായ സമാനതകളൊന്നും ഇല്ല തന്നെ.

തെയ്യവും തിറയാട്ടവും വ്യത്യസ്ത അനുഷ്ഠാന കലാരൂപങ്ങളാണ്. ഈ ലേഖകന്റെ അറി വിലും അന്വേഷണത്തിലുമുള്ള നാൽപ്പത്തിയൊന്നു വ്യത്യസ്തതകൾ താഴെ ചേർക്കുന്നു.

തെയ്യം	തിറ
1. തെയ്യം സാമുദായിക ക്ഷേത്രങ്ങളിലാണ് നടക്കുന്നത്	കാവുകളിലും തറവാട്ടുസ്ഥാനങ്ങളിലുമാണ് നടക്കുന്നത്.
2. ചില തെയ്യക്കോലങ്ങൾ വഴിപാടായി വീടുകളിൽ കെട്ടിയാടുന്നു.	വഴിപാടായി ഒരു വീട്ടിലും കെട്ടിയാടുന്നില്ല.
3. തെയ്യക്കോലങ്ങൾ, കെട്ടിയാടാനുള്ള അധികാരം ചെറുജന്മാവകാശികൾക്കുമാത്രമാണ്.	ദേശവകാശികൾ ഉണ്ടെങ്കിലും തിറയാട്ട സംഘങ്ങളെ മാറിമാറി ഏൽപിക്കാനുള്ള അധികാരം കാവിന്നുടയോർക്കുണ്ട്.
4. വൈഷ്ണവ കോലങ്ങൾ കെട്ടിയാടുന്നു.	വൈഷ്ണവ കോലങ്ങൾ ഇല്ല.
5. ചില കോലങ്ങൾ കെട്ടിയാടാനുള്ള അവകാശം ചില പ്രത്യേക സമുദായങ്ങൾക്കുമാത്രം	ഇത്തരം വിഭാഗീയത ഇല്ല. എല്ലാ കോലങ്ങളും കെട്ടിയാടുന്നത് പെരുമണ്ണാൻ സമുദായത്തിലുള്ളവർ (എങ്കിലും മറ്റ് സമുദായത്തിലുള്ളവരും കോലം കെട്ടിയാടുന്നുണ്ട്.)
6. ഒരു മണിക്കൂർ മുതൽ ഒരു ദിവസം വരെ നീണ്ടുനിൽക്കുന്ന കെട്ടിയാട്ടങ്ങളും അനുബന്ധകാര്യങ്ങളുമുണ്ട്.	മിക്കവാറും ഒരു മണിക്കൂർ വരെ നീണ്ടുനിൽക്കുന്നകെട്ടിയാട്ടങ്ങൾ മാത്രമെയുള്ളു.
7. ചില ക്ഷേത്രങ്ങളിൽ കോലം കെട്ടുന്നവർ വ്രതമിരിക്കണം (ഉദാ: മുച്ചിലോട്ട് ഭഗവതി, പുലിയൂര് കാളി, പുള്ളിക്കരിങ്കാളി)	ഒരു മണ്ഡലക്കാലം (41 ദിവസം) വ്രതമെടുക്കണമെന്ന ഒരലിഖിതനിയമം നിലവിലുണ്ട്. എങ്കിലും ഉത്തമത്തിലും മധ്യമത്തിലും അനുഷ്ഠാനങ്ങൾ നടക്കുന്ന കാവുകളുണ്ടെന്നുള്ളതും ദിവസവും ഉത്സവം ഉണ്ട് എന്നതുകൊണ്ടും വ്രതാനുഷ്ഠാനം പൂർണമായും പാലിക്കപ്പെടുന്നില്ല.
8. വിശ്വാസം ദൃഢതരമാക്കാൻ വളരെയേറെ സാഹസപ്രവൃത്തികൾ ചെയ്യുന്നു. തീക്കനലുകളിൽ ആവർത്തിച്ച് വീഴുക, അഴികൾക്കിടയിലൂടെ നൂണ്ടുപോവുക, തെങ്ങിൽ കയറുക, അരയ്ക്ക് ചുറ്റും പന്തം കൊളുത്തി ആടുക, ഉയരം കൂടിയ മുടികൾ വെച്ച് പൊയ്ക്കാൽ നൃത്തം ചെയ്യുക അങ്ങനെയങ്ങനെ.	ഇത്തരം സാഹസപ്രവൃത്തികളില്ല
9. കെട്ടിയാട്ടക്കാർക്കൊപ്പം സ്ത്രീകളും കാവുകളിലെത്തുന്നു.	ഇല്ല
10. പ്രാദേശിക വിശ്വാസങ്ങൾക്കനുസരിച്ച് പലതരത്തിലുള്ള ഭഗവതീസങ്കൽപങ്ങളുണ്ട്.	ഓരോ കോലവും പുരാവൃത്തമനുസരിച്ചുമാത്രം കോലം കെട്ടിയാടുന്നു. പ്രാദേശിക വ്യത്യാസങ്ങളില്ല.

11. ഭക്തരുടെ വിശ്വാസങ്ങൾക്കനുസരിച്ചുള്ള പ്രശ്നപരിഹാര നടപടികൾക്ക് കോലങ്ങൾക്കധികാരമുണ്ട്.	കോലങ്ങൾക്ക് അതിന് അധികാരമില്ല. അധികാരം കോമരങ്ങൾക്കാണ്.
12. ഉത്സവദിനങ്ങൾ ഒന്നുമുതൽ എട്ടുദിവസം വരെ നീണ്ടു നിൽക്കും.	ഉത്സവ ദിവസം രാവിലെ തുടങ്ങി തൊട്ടടുത്ത പ്രഭാതത്തിൽ ചാന്താട്ടത്തോടെ അവസാനിക്കുന്നു.
13. കഴിഞ്ഞ കാലത്ത് അടിച്ചമർത്തപ്പെട്ട കീഴാള വർഗത്തിൽ നിന്ന് രക്തസാക്ഷികളായ മനുഷ്യ മൂർത്തികളാണ് ഏറെയും.	മന്ത്ര, തന്ത്ര, വൈദ്യരംഗങ്ങളിലും പടകളിലുമൊക്കെയായി പ്രാഗത്ഭ്യം തെളിയിച്ച തറവാട്ടു കാരണവൻമാരാണ് മനുഷ്യമൂർത്തികൾ.
14. കോലം കെട്ടുക്കഴിഞ്ഞാൽ ഭക്തർക്ക് ദൈവം മാത്രമാണ് (ദൈവക്കോലം)	കോലം കെട്ടുന്നത് ദൈവപ്രീതിക്കാണ്.
15. കോലം കെട്ടിക്കഴിഞ്ഞാൽ കോമരത്വത്തിലൂടെ പൂർണ ദൈവശക്തിയിലെത്തുന്നു.	കോമരങ്ങൾക്ക് ദൈവ താദാത്മ്യം കൈവരുന്നു.
16. കോലങ്ങൾ പുറപ്പെടുമ്പോൾ കാവിന്നുടയോരാണ് കോലങ്ങളുടെ കൈപിടിച്ച് പുറത്തേക്ക് ആനയിക്കുന്നത്.	കോലങ്ങളുടെ കൈപിടിച്ച് പുറത്തേക്ക് ആനയിക്കുന്നത് കാവിന്നുടയോരല്ല തിറയാട്ടക്കാരാണ്.
17. കോലങ്ങൾ പുറപ്പെടുന്നത് ആയുധവുമായല്ല.	ഓരോ കോലത്തിനും പ്രത്യേകമായി നിഷ്കർഷിച്ച ആയുധങ്ങൾ, കാരണവരിൽ നിന്ന് കയ്യേറ്റാണ് കോലങ്ങൾ പുറപ്പെടന്നത്.
18. കണ്ണൂർ ജില്ലയിലെ ചെറുകുന്നത്ത് ഒരു കാവിൽ സ്ത്രീ കോലം കെട്ടിയാടുന്നു.	ഒരു കാവിലും സ്ത്രീകൾ കോലം കെട്ടിയാടുന്നില്ല.
19. വേഷപ്രധാനമാണ്	ആട്ടപ്രധാനമാണ്
20. വേഷവിതാനം വർണപ്പകിട്ടാർന്നതാണ്.	ലളിതവേഷവിതാനം
21. അണിയില സാധനങ്ങളിലേറെയും ചട്ട ഉപയോഗിക്കുന്നു. ഒലമക്കടലാസുകൾ ചായില്യ നിറത്തിലാക്കുന്നു.	കൂടുതലും മുരിക്കും പാലയും ഉപയോഗിക്കുന്നു. ഒലമക്കടലാസിന്റെ നിറം മാറ്റുന്നില്ല.
22. ചെണ്ട, ഇലത്താളം, കുറുങ്കുഴൽ എന്നീ വാദ്യങ്ങൾ ഉപയോഗിക്കുന്നു.	ചെണ്ട, ഇലത്താളം, തുടി, പഞ്ചായുധം, കുറുങ്കുഴൽ എന്നിവയെല്ലാം പ്രധാനം.
23. തുടി ഉപയോഗിക്കുന്നതേയില്ല	ഏറ്റവും പ്രധാനം തുടിയാണ്.
24. ആംഗ്യഭാഷ അപ്രധാനം	ആംഗ്യഭാഷ വളരെ പ്രധാനം.
25. ചൂട്ടുകളി അപ്രധാനം	ചൂട്ടുകളി പ്രധാനം. തിറയാട്ടം അഭ്യസിക്കുന്നത് ചൂട്ടുകളിയിലൂടെയാണ്.
26. വെള്ളി തലപ്പാളിയും കാലിൽ ചിലമ്പും എല്ലാ കോലങ്ങൾക്കും നിർബന്ധം. വെള്ളിയാഭരണങ്ങളും ചിലമ്പുമണിയാത്ത യാതൊരു കോലങ്ങളുമില്ല.	ഒരു കോലവും ചിലമ്പണിയുന്നില്ല.

27. വളരെ അപൂർവമായി മാത്രമാണ് കോലങ്ങളുടെ അട്ടഹാസങ്ങളും കൂക്കിവിളികളും.	കോലങ്ങളുടെ സ്വഭവമനുസരിച്ച് അട്ടഹാസങ്ങളും കൂക്കിവിളികളും ധാരാളം.
28. മുഖത്തെഴുത്തിന് ചായില്യമോ മനയോലയോ തേച്ച് അതിനുമേൽ സൂക്ഷ്മമായിവരയ്ക്കുന്നു.	പ്രകൃതിദത്തമായ നാല് നിറങ്ങൾകൊണ്ട് കൃത്യമായ ദൂരത്തുനിന്ന് വ്യക്തമായി കാണാവുന്നതരത്തിലുള്ളതും വിവിധ വലിപ്പത്തിലുള്ളതുമായ വരകൾ കൊണ്ടാണ് മുഖത്തെഴുത്ത്.
29. ഇല്ല	വിരുന്ന് പുറപ്പാട്
30. ഇല്ല	വില്ലികളെ കെട്ടൽ
31. ഇല്ല	വെട്ടും വെളിച്ചപ്പാടും
32. ഇല്ല	ഏറയക്കളി
33. ഇല്ല	വേശീപുറപ്പാട്, പട്ടർപുറപ്പാട്
34. ഇല്ല	പന്നിനായാട്ട്
35. ഇല്ല	പീഠം കയറൽ
36. ഇല്ല	അരിയും പൂവും പിടിച്ച് വലതിടൽ
37. ഇല്ല	ചാന്താട്ടം
38. ഇല്ല	കുടികൂട്ടൽ
39. പ്രാധാന്യമില്ല	താലപ്പൊലി (വളരെ പ്രധാനം)
40. ഇല്ല	വീട്ടുതാലപ്പൊലിനൃത്തം
41. ഇല്ല	മഞ്ഞപ്പൊടി ആരാധന

മേൽപ്പറഞ്ഞ വ്യത്യസ്തതകൾ വിശദീകരിച്ചു സാക്ഷ്യപ്പെടുത്തിയത് പ്രസിദ്ധ തെയ്യം കലാകാരൻമാരായ ചെറുതാഴം രാമചന്ദ്രൻപണിക്കരും, കണ്ണൻ പെരുമണ്ണാന്റെ മകൻ പി.പി.ഗിരീഷും, തിറയാട്ട കലാകാരൻമാരായ അച്ചുതൻ എടക്കാട്ടും ഇളമന ദിനേശനുമാണ്



ചെറുതാഴം
രാമചന്ദ്രൻപണിക്കർ
തെയ്യം



കണ്ണൻ പെരുവണ്ണാൻ
മകൻ **ഗിരീഷ്.പി.പി.**
വയലപ്ര തെയ്യം



എടക്കാട്ട്
അച്ചുതൻ
തിറ



ഇളമന
ദിനേശൻ
തിറ

തിറയാട്ടോത്സവവും താലപ്പൊലിയും നടക്കുന്ന കാവുകളിൽ, തിറനിശ്ചയം മുതൽ കുടികൂട്ടൽ വരെ അനുഷ്ഠാനപരവും ആചാര നിബദ്ധവുമായ ഒട്ടേറെ ചടങ്ങുകളുണ്ട്. അതുപോലെ

തന്നെ ഒട്ടേറെ പോലെ തന്നെ ഒട്ടേറെ ചടങ്ങുകൾ തെയ്യാട്ടക്ഷേത്രങ്ങളിലുമുണ്ട്. തിറയാട്ടകലാകാരനായ ലേഖകന്റെ അനുഭവജ്ഞാനത്തിൽപ്പെട്ട തിറയാട്ടച്ചടങ്ങുകൾ ക്രമാനുഗതമായി താഴെ ചേർക്കുന്നു.

തിറനിശ്ചയം
വിരുന്ന് പുറപ്പാട്
വില്ലികളെ കെട്ടൽ
പൂവും നാരും കയ്യിഷ്ടമെടുക്കൽ
കാവുണർത്തൽ
ഒടക്കു കഴിക്കൽ
വിളിച്ചുണർത്തൽ
വെട്ടും വെളിച്ചപ്പാടും
ഊണാശാരം
സന്ധ്യവേല
ഊൺതട്ട്
കൊഴൽപറ്റ്
തായമ്പക
ചൂട്ടുകളിയും തിറയാട്ടവും
മൂത്തപെരുമണ്ണാന്റെ അരിയും പൂവുമെടുക്കൽ
ഏറയക്കളി
വേശീപുറപ്പാട്, പട്ടർ പുറപ്പാട്
പന്നിനായാട്ട്
പീഠം കയറൽ
അരിയും പൂവും പിടിച്ച് വലതിടൽ
അഞ്ചടി ചൊല്ലൽ
ചാന്താട്ടം
വെട്ടുവാചകം ചൊല്ലൽ
കൂറയിടൽ
കലശം എഴുന്നള്ളത്ത്
തിരുരാട വെക്കൽ
വെള്ളരി പൂജ
ഭഗവതി ഒടക്ക്
താലപ്പൊലി
ഭഗവതിത്തിറ–എതിരേൽക്കൽ
വീട്ടുതാലപ്പൊലിയാടൽ
പാലുംപൊടി സമർപ്പിക്കൽ
ഗുരുതിതർപ്പണം
മഞ്ഞപ്പൊടി ആരാധന
കളംകുറി
അഷ്ടദിക്ക് പൂജ
അരിയേറ്
പന്തീരാങ്കർമം
കൂറവലിക്കൽ
കുടികൂട്ടൽ

മേൽപറഞ്ഞ ചടങ്ങുകൾ പരിശോധിച്ചാൽ തെയ്യവും തിറയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ വ്യക്തമാകുന്നതാണ്.

അധ്യായം ഇരുപത്തിയാറ്

ശാസ്ത്രവും തിറയാട്ടവും



ഗോത്രകാലംമുതൽക്കേ പ്രകൃത്യരാധയുടെ ഭാഗമായി തുടങ്ങിയതാവാം ഇന്നത്തെ തിറയാട്ടത്തിന്റെ പ്രാക്തനരൂപം. അതിനുള്ള തെളിവുകൾ നിരത്താൻ കഴിയില്ല. എങ്കിലും തിറയാട്ടത്തിൽ ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എല്ലാ വസ്തുക്കളും പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്നതാണ്. ഈ വസ്തുക്കൾ ഉപയോഗിച്ചുതുടങ്ങിയത് ഗോത്രകാലത്തുതന്നെയാണ്. ഉപയോഗക്രമം ഇന്നത്തേതുപോലെ ആയിരിക്കണമെന്നില്ല. എങ്കിലും ഉപയോഗം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. വ്യത്യാസങ്ങൾ ഉണ്ടായിട്ടില്ല എന്നും പറയാനാവില്ല. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചുള്ള വ്യത്യാസങ്ങളും പുതുമകളും ഉണ്ടായിട്ടുണ്ട്. എങ്കിലും തിറയാട്ടത്തിന്റെ എല്ലാ ഘടകങ്ങളിലും പ്രകൃതിദത്തമായി ലഭിക്കുന്ന സാധനങ്ങൾ ഇപ്പോഴും ഏറെ ഉപയോഗിക്കുന്നുണ്ട് എന്നത് വസ്തുതയാണ്.

വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയമാണ് അഗ്നിയെ ദൈവമായോ ദൈവപ്രതീകമായോ ഗോത്രകാലമനുഷ്യർ കണ്ടിരുന്നു എന്നത്. അവരുടെ ആരാധനകളിൽ അഗ്നി വളരെ പ്രധാനപ്പെട്ട ഒരു ഘടകമായിരുന്നിരിക്കണം. അഗ്നിയെ സംബന്ധിച്ച ഒട്ടേറെ മിത്തുകളും ഐതീഹ്യങ്ങളും രൂപപ്പെട്ടത് ഗോത്രകാലഭാവനകളിൽ നിന്നായിരിക്കാനാണ് സാധ്യത. ''ഹോമോ ഇറക്ട്സ്'' വിഭാഗത്തിൽപ്പെട്ട മനുഷ്യർ തീ ഉപയോഗിച്ചിരുന്നതായി പല പണ്ഡിതരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും ഗോത്രകാലബന്ധമുള്ള എല്ലാ അനുഷ്ഠാനകലകളിലും അഗ്നിവളരെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. തിറയാട്ടവുമായി ബന്ധപ്പെട്ട മൂർത്തികളിൽ അഗ്നിവാഹകരായ ഒട്ടേറെ ദൈവങ്ങളുണ്ട്. തീച്ചാമുണ്ഡി മുതൽ തുടങ്ങുന്നു അത്തരം ദൈവങ്ങളുടെ പേരുകൾ. അവരുടെ ഒരുക്കംതന്നെ കാഴ്ച്ചക്കാരിൽ ഭീതി ജനിപ്പിക്കുന്നതാണ്. മേലാസകലം കത്തിക്കാളുന്ന പന്തങ്ങൾ ചാർത്തിയുള്ള ഇത്തരം ദൈവങ്ങളുടെ ചുവടുവെയ്പ്പുകൾ ഭീതികരമായി കാണികൾക്ക് അനുഭവപ്പെട്ടിട്ടില്ലെങ്കിലെ അത്ഭുതത്തിനവകാശമുള്ളു. ഒരുപക്ഷെ ആദ്യകാലങ്ങളിൽ ഇതിനെക്കാൾ ഭീതികരമായിരിക്കണം ഇത്തരം മൂർത്തികളുടെ ചുവടുവെയ്പുകൾ. കാണുമ്പോൾ അഗ്നിയിൽ അവർ വെന്തുരുകുമോ എന്ന് നമ്മൾ ഒരു നിമിഷമെങ്കിലും സംശയിച്ചുപോകും.എന്നാൽ സാധാരണയായി ലേശംപോലും പൊള്ളൽ ഏൽക്കുകയില്ല എന്നതാണ് സത്യം.

എന്താണ് കാരണം?

ഇവിടെയാണ് പൂർവ്വികരുടെ ശാസ്ത്രബോധം നമുക്ക് വ്യക്തമാകുന്നത്. ഇപ്പറഞ്ഞ കഥാപാത്രങ്ങളുടെ ചമയത്തിന് മുൻപറഞ്ഞതുപോലെ പ്രകൃതിദത്തസാധനങ്ങൾ മാത്രമുപയോഗിക്കുന്നു എന്നതാണ് ഒന്നാമത്തെ കാര്യം; അന്ന് സിന്തറ്റിക് ഐറ്റംസ് ഒന്നുമുണ്ടായിരുന്നില്ലല്ലോ. അതവിടെ നിൽക്കട്ടെ അതെപ്പറ്റി പിന്നീട് ചർച്ച ചെയ്യാം.

തിറയാട്ടത്തിലെ ആദ്യഘട്ട പ്രവൃത്തികളിലൊന്നാണ് കാവിന്റെ മുമ്പിലെ മണിപ്പന്തൽ നിർമാണം. ഈ മണിപ്പന്തൽനിർമാണത്തിനവകാശമുള്ള ''മൂത്താശ്ശാരി'' ദേശത്തെ പെരുന്തച്ചനാണ്. അദ്ദേഹമാണ് മണിപ്പന്തൽ നിർമാണത്തിന്റെ ആർക്കിടെക്റ്റ്. ഈ മണിപ്പന്തൽ നിർമാണത്തിന് ചില നിയമങ്ങളും അതിന്റേതുമാത്രമായ ഒരു ജ്യോമെട്രിക്കൽ മെത്തേഡുമുണ്ട്. അതനുസരിച്ചുമാത്രമെ മണിപ്പന്തൽ നിർമിക്കാവൂ. വളരെ പണ്ടുമുതലെ ഈ നിയമം അനുസരിച്ചു വരുന്നു. അതിപ്പോഴും തുടർന്ന് കൊണ്ടുമിരിക്കുന്നു. പഴയകാലത്തിന്റെ ശാസ്ത്രീയാടിത്തറയിൽ തന്നെയാണ് തുടരുന്നതും. മറ്റ് എല്ലാ അലങ്കാരങ്ങളും അതേപോലെതന്നെ. മണിപ്പന്തലിന്റെ വിതാനം മുതൽ കാവിടങ്ങളിലെ അലങ്കാരപ്പണികളും കൊടികൾ തൂക്കുന്നതുവരേയുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനും ചില നിഷ്ഠകളും നിയമങ്ങളുമുണ്ട്. ഇതെല്ലാം ചെയ്യുന്നത് ഒരു മാത്തമാറ്റിക്കൽ തിയറിയെ അടിസ്ഥാനമാക്കിക്കൊണ്ടുതന്നെയാണ്.

കോലങ്ങളുടെ രൂപപരിണാമത്തിന് ഉപയോഗിക്കുന്ന വസ്തുവാണ് കമുകിൻ പാളകൾ. ഈ കമുകിൻ പാളകൾ രൂപപരിണാമത്തിന് വിധേയമാക്കുന്നത് അത്ഭുതകരമായ ഒരു കരകൗശല മാതൃകയാണെന്നുപറയാം. കമുകിൻ പാളകൊണ്ട് ചമയസാധനങ്ങൾ നിർമ്മിക്കുന്നരീതി എങ്ങ


മഷി നിർമാണം

നെയെന്ന് ഈ പുസ്തകത്തിൽത്തന്നെ വിശദമാക്കിയിട്ടുണ്ട്. ചമയസാധനങ്ങളുടെ നിർമാണം ശാസ്ത്രീയമായ രീതിയിൽത്തന്നെ യാണ് പണ്ടുമുതലെ നടക്കുന്നത്, അത് കുറ്റമറ്റരീതിയിലുമാണ്. പാത്രങ്ങൾക്ക് രൂപപരിണാമം നടത്തി കോലം പൂർണതയിലെത്തുന്നതിന് കമുകിൻ പാളകൾക്ക് വലിയപങ്കുണ്ട്. അതിനായി പാള ആദ്യം വാട്ടിയെടുക്കണം. അങ്ങനെ വാട്ടിയെടുക്കുമ്പോഴുള്ള നിറവ്യത്യാസം പാളയിൽ രാസപ്രവർത്തനം നടക്കുന്നതിനാലാണ്. ഏത് വിധത്തിലും പാളയെ മുറിച്ചുരൂപപ്പെടുത്തുന്നത് ഈ രാസപ്രവർത്തനഫലമായാണ്. താടി, മീശ, തോട, ദംഷ്ട്ര, കണ്ണ്, നാവ്, പത്തി, ഏര്, വ്യാളിമുഖം, കൂമ്പ, പോള തുടങ്ങിയവയുടെ നിർമാണം ഇങ്ങനെ സംസ്കരിക്കച്ചെടുത്ത പാളയിൽ നിന്നാണ്. പറക്കുട്ടിക്കാവുകളിൽ ചടങ്ങിന്റെ ഭാഗമായി ഇറച്ചി പാളയിൽ പൊതിഞ്ഞ് വേവിക്കുന്ന ഒരു രീതിയുണ്ട്. വെള്ളം കോരിയെടുക്കുന്നതിനുള്ള പാളത്തൊട്ടികൾ, കാവിൽനിന്ന് ചോറിനൊപ്പം ലഭിക്കുന്ന കറികൾ കൊണ്ടുപോകാനുള്ള പാളപ്പാത്രങ്ങൾ, പാളവിശറി ഇങ്ങനെ പോകുന്നു. പാളയുടെ തിറയാട്ടവിശേഷങ്ങൾ. ഇവിടെയൊക്കെ ഈ പാള സമുച്ചയത്തിന് ഒരു ശാസ്ത്രീയ മാനം കൂടിയുണ്ട് എന്നുമാത്രം.

എഴുത്തുകൾക്കാവശ്യമായ ചാന്തുകളുടെ ഉൽപാദനരീതിയും സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽതന്നെയാണ്. തിറയാട്ടത്തിൽ എഴുത്തുകൾ രണ്ട് വിധമുണ്ട്. മുഖത്തെഴുത്തും, മേലെഴുത്തും. പാളകളിലും മറ്റുമുള്ള എഴുത്ത് വേറെ. ഈ രണ്ട് എഴുത്തുകളുടെയും സാങ്കേതികത്തികവാണ് പാത്ര(കോലം) സൃഷ്ടിയെ പൂർണമാക്കുന്നത്. അതായത് കോലത്തെ പൂർണതയിലെത്തിക്കുന്നതെന്ന് സാരം. മുഖത്തെഴുത്തിനും മേലെഴുത്തിനുമാവാശ്യമായ വിവിധ ചാന്തുകളുടെയും ചാന്താട്ടത്തിനാവശ്യമായ ചാന്തിന്റെയും പാളയിലെഴുത്തിനാവശ്യമായ വിവിധ നിറങ്ങളുടെയും നിർമിതിയെപ്പറ്റിയും ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇവയുടെ നിർമിതിയിലെല്ലാം പൂർവികരുടെ ശാസ്ത്രീയ വീക്ഷണം കുറ്റമറ്റതായിരുന്നു എന്ന് മനസ്സിലാക്കാൻ നമുക്കിന്നു കഴിയുന്നുണ്ട്. മുൻപറഞ്ഞ ചാന്തുകൾ ഉപയോഗിക്കുമ്പോഴാകട്ടെ പാളയിലെ നിറമെഴുത്തുകൊണ്ടാകട്ടെ ആർക്കും യാതൊരുവിധ ''അലർജിക് റിയാക്ഷനു''മുണ്ടാവുകയില്ല. അങ്ങനെ ഉണ്ടായിട്ടുള്ളതായി കേട്ടിട്ടുമില്ല.

തിറയാട്ടത്തിലെ മുടിനിർമാണത്തിലും അണിയില നിർമാണത്തിലും പശ ഒരത്യാവശ്യഘടകമാണ്. ഈ പശ നിർമാണവും നമ്മുടെ പൂർവ്വികരുടെ ശാസ്ത്രീയമാനം വെളിവാക്കുന്നതാണ്. ചക്കയരക്കിൽ നിന്നുണ്ടാക്കുന്ന പശയുടെ നിർമാണ രീതി ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കോലങ്ങളുടെ പൂർണതയ്ക്ക് നിറങ്ങൾ വളരെ അനിവാര്യമാണല്ലോ. വെളുപ്പ്, ചുവപ്പ്, മഞ്ഞ, കറുപ്പ്, പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്ന വസ്തുക്കൾക്കൊണ്ടുമാത്രം യാതൊരുവിധ യന്ത്രസഹായവുമില്ലാതെ കൈകൾകൊണ്ട് സമയമെടുത്തുനിർമിക്കുന്നതാണീ നിറങ്ങളെല്ലാം. അതുകൊണ്ടുതന്നെ യാതൊരുവിധ ദോഷഫലങ്ങളും ഈ നിറങ്ങളുടെ ഉപയോഗം ഉണ്ടാ

ക്കുന്നില്ല. ഇവിടെ എടുത്തു പറയേണ്ട ഒരുകാര്യം ധനുമുതൽ മേടം വരെ അഞ്ചുമാസങ്ങളിലധികം ഈ നിറങ്ങൾ സ്ഥിരമായി ഓരോ തിറയാട്ടകലാകാരനും ഉപയോഗിക്കുന്നുണ്ട്. ഈ സ്ഥിരോപയോഗം യാതൊരു ദോഷഫലങ്ങളുമുണ്ടാക്കാത്തത് നമ്മുടെ പൂർവികൾ അതിന്റെ ശാസ്ത്രീയതയെപ്പറ്റി തികഞ്ഞ ബോധമുള്ളവരായതുകൊണ്ടുതന്നെയാണ്.

തിറയാട്ടത്തിലെ മൂർത്തി മുതലുള്ള ചില കോലങ്ങൾക്ക് താടിയും മീശയും അത്യാവശ്യം തന്നെ. ചില മരങ്ങളുടെ തോലിൽനിന്നും ആനക്കൈത, പനയോല തുടങ്ങിയവയിൽ നിന്നുമാണ് താടിയും മീശയും നിർമിക്കുന്നത്. അതിന്റെ നിർമാണത്തിലും പൂർവികരുടെ ശാസ്ത്രബോധം നിഴലിക്കുന്നുണ്ട്.

മരം കൊണ്ട് നിർമിക്കുന്ന ചമയസാധനങ്ങൾ തിറയാട്ടത്തിൽ ഒട്ടേറെയുണ്ട്. ശാസ്ത്രീയമായ അവയുടെ നിർമ്മാണ രീതിയെപ്പറ്റി ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുള്ളതാണ്. അതേപോലെതന്നെ ഓടുകൊണ്ടു നിർമ്മിക്കുന്നവയുമുണ്ട്. അതിന്റെ വിശദാംശങ്ങളും ഈ പുസ്തകത്തിലുണ്ട്. പണ്ട് നമ്മുടെ പൂർവ്വികർ എങ്ങനെയാണോ ഇവയൊക്കെ നിർമിച്ചിരുന്നത്, ആ നിർമാണ രീതിയും അനുബന്ധമായ പുതുക്കലുമൊക്കെയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

മുടിയുടെ നിർമാണമാണ് പൂർവികരുടെ ശാസ്ത്രീയ വീക്ഷണത്തിന്റെ മറ്റൊരു കൊടിയടയാളം. ഗുളികൻ പോലുള്ള കോലങ്ങളുടെ മുടികളുടെ ഉയരം ഇരുപത്തൊന്ന് അടിയാണ്. ഇരുപത്തൊന്നടി ഉയരമുള്ള ഈ മുടി ശിരസ്സിലേറ്റിയാണ് കോലത്തിന്റെ ആട്ടം. മുടി തലയിൽ കെട്ടിയുറപ്പിക്കുന്നതുമുതൽ യാതൊരു സ്ഥാന ഭ്രംശവും വരാതെ ആട്ടത്തിനവസാനം വരെ മുടി കോലത്തിന്റെ ശിരസ്സിലുണ്ടാവും. ഒരു കാറ്റടിച്ചാൽ മുടിവെച്ച കോലത്തിന്റെ അവസ്ഥ എന്താകുമെന്ന് സ്വാഭാവികമായും സംശയമുണ്ടാകും. സാമാന്യം ശക്തമായ ഒരു കാറ്റടിച്ചാൽപ്പോലും ഈ ഇരുപത്തൊന്നടി ദൈർഘ്യമുള്ള മുടിക്ക് ഒന്നും സംഭവിക്കില്ലെന്നുള്ളതാണ്, അതിന്റെ നിർമാണത്തിലെ ശാസ്ത്രീയ വശം. കാറ്റിനനുസരിച്ച് പണ്ട് പായ്ക്കപ്പലുകൾ സഞ്ചരിച്ചതുപോലെയുള്ള ഒരു ചലനപഥം ഈ ആട്ടത്തിലുണ്ട് എന്നതും കാണാതിരുന്നുകൂടാ.

പായ, വട്ടി, കൊട്ട, മുറം തുടങ്ങിയ നിത്യോപയോഗസാധനങ്ങളുടെ നിർമാണവും തിറയാട്ടത്തോടനുബന്ധിച്ച് നടക്കുന്നു. അവ നിർമിച്ച് കാവുകളിൽ സമർപിക്കുന്നതിനുള്ള അവകാശം പണ്ടുമുതലെ ഒരു പ്രത്യേക സമുദായത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ആ പാരമ്പര്യം ഇപ്പോഴും തുടരുന്നു. ഇവയുടെ നിർമാണത്തിലെ കരകൗശലബോധവും ശാസ്ത്രീയമാനവും നാം തിരിച്ചറിയേണ്ടതുണ്ട്.

തുടക്കത്തിലെ വ്യക്തമാക്കിയ ഒരു കാര്യമുണ്ട്. മേലാസകലം പന്തം ചാർത്തി ആട്ടം തുടരുന്ന തീച്ചാമുണ്ഡിപോലെയുള്ള കോലങ്ങൾ കാണികളെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്നതിനെപ്പറ്റിയാണ് പറഞ്ഞത്. അതുപോലെതന്നെ കനലാട്ടത്തിലൂടെയും ഭക്തരെ മാത്രമല്ല മുഴുവൻ കാഴ്ചക്കാരെയും ഉൽക്കണ്ഠയുടെ നെരിപ്പോടിൽ നിർത്തുന്നതും തിറയാട്ടത്തിലെ സാധാരണകാഴ്ചയാണ്. പക്ഷെ എന്തുകൊണ്ട് ഈ കോലങ്ങൾക്ക് പൊള്ളലേൽക്കുന്നില്ല? കാരണം കുരുത്തോലയുടെ ഉപയോഗം തന്നെ. തീച്ചാമുണ്ഡിക്കും കനലാട്ടം നടത്തുന്ന കോലത്തിനും ഒരു രക്ഷാകവചമാണ് ഈ കുരുത്തോല. ഇത്തരത്തിൽ കുരുത്തോല കോലങ്ങളുടെ രക്ഷാകവചമായിരിക്കുമെന്ന് മനസ്സിലാക്കിയത് നമ്മുടെ പൂർവികർ തന്നെ. വാഴപ്പോളയും ഇവിടെ ആവശ്യാനുസരണം ഉപയോഗിക്കുന്നുണ്ട്. പൊള്ളൽ ഏൽക്കാതിരിക്കാനുള്ള കവചമാണ് വാഴപ്പോളയും. സ്വാഭാവികമായുണ്ടാകുന്ന പൊള്ളലുകൾക്ക് വാഴപ്പോളയുടെ നീര് അനുപമമായ ഔഷധം തന്നെ. ഇവയൊക്കെ നമ്മുടെ പൂർവ്വികരുടെ ശാസ്ത്രബോധത്തിൽ നിന്നും ഉയിർകൊണ്ടതുതന്നെ.

ആട്ടം നടക്കുന്ന കാവിടങ്ങളിലെ പരുക്കൻനിലം നികത്തി "നിലം തല്ലി" കൊണ്ട് തല്ലിയൊതുക്കി ചാണകം മെഴുകി ആട്ടത്തിനും കളമെഴുത്തിനും ഗുരുതിക്കുമൊക്കെ അനുയോജ്യമാക്കുന്നത് പൂർവ്വികരുടെ കൈത്തൊഴിൽപാടവം തന്നെ. ചാണകവരളി കത്തിച്ച് ഉണ്ടാക്കുന്ന



ഭസ്മം, ശരീരത്തിലെ വിഷാംശം നീക്കുന്ന മഞ്ഞൾപോലെ പ്രവർത്തിക്കുന്നതും പഴമയുടെ ശാസ്ത്രീയ ബോധമാണെന്ന് നാം തിരിച്ചറിയണം.

പണ്ടുകാലത്ത് കോടിക്കളറുള്ള കോറത്തുണികൾ ചാണകവെള്ളത്തിൽ മുക്കിവെച്ച്, പിന്നീട് മടൽചാരമുപയോഗിച്ച് അലക്കിവെളുപ്പിച്ച് ശുഭ്രസുന്ദരമാക്കുന്ന വിദ്യയും പഴമയുടേതുതന്നെ.

ദേശമാകെ കട്ടക്കൂരിരുട്ടിൽ പ്രകാശം പരത്താനും അഗ്നിശുദ്ധിക്കായി നടത്തുന്ന ചൂട്ടുകളിയും മുറിവിനുള്ള മഞ്ഞൾപ്പൊടി ചികിത്സയും പൊള്ളലിനുള്ള വാഴപ്പോള നീർച്ചികിത്സയുമെല്ലാം തിറയാട്ടത്തിന്റെ പൂർവ്വികരുടെ സംഭാവനയാണ്.

മറ്റൊരു പ്രധാനവശമുള്ളതു കൂടി നമ്മുടെ ശ്രദ്ധയിൽപ്പെടേണ്ടതുണ്ട്. വ്യക്തിഗതമായോ കുടുംബപരമായോ ഉള്ള പ്രശ്നങ്ങൾക്കും സങ്കടങ്ങൾക്കും പരിഹാരം നിർദേശിക്കുന്ന കോലങ്ങളുടെ വാക്കെണ്ണൽ മനശ്ശാസ്ത്രവൈദഗ്ധ്യത്തിന്റെ ഭാഗമായിത്തന്നെകാണണം.

ഇങ്ങനെ ഏത് തരത്തിൽ നോക്കിയാലും തിറയാട്ടത്തിന് പൂർവികർ കൽപിച്ചനുഗ്രഹിച്ചാശിർവദിച്ച ഒരു ശാസ്ത്രവശമുണ്ടെന്നും ആ ശാസ്ത്രവശം ഭാഗികമായെങ്കിലും ഇന്നും തുടരുന്നുവെന്നുള്ളതും സത്യമാണ്. അതാണ് തിറയാട്ടത്തെ മറ്റു അനുഷ്ഠാനകലകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

അധ്യായം ഇരുപത്തിയേഴ്

ഗവേഷണം





പൊതുവെ നാമെല്ലാവരും അന്വേഷണ കുതുകികളാണ്. ആ അന്വേഷണ കൗതുകമാണ് നിരീക്ഷണത്തിലേയ്ക്കും തുടർന്ന് ഗവേഷണത്തിലേക്കും നമ്മെ എത്തിക്കുന്നത്. പക്ഷെ ഈ അന്വേഷണ കൗതുകം അയലത്തുകാരന്റെ കുറ്റവും കുറവും കണ്ടുപിടിക്കുന്നതിലേക്ക് എത്തുമ്പോൾ അത് ക്രിമിനൽ കുറ്റംകൂടിയാകുന്നു. ഇവിടെ പറഞ്ഞുവരുന്നത് അത്തരമൊരു അന്വേഷണത്തെക്കുറിച്ചോ, അതിന്റെ ദോഷങ്ങളെയോ, അനന്തഫലങ്ങളെ കുറിച്ചോ അല്ല.

ഗവേഷണത്തിന്റെ വ്യാകരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ ഓർമകളിൽ ആദ്യം എത്തുന്നവരും നിറഞ്ഞുനിൽക്കുന്നവരും വിദേശികൾ തന്നെയാണ്. (നിരീക്ഷണ പരീക്ഷണങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയും ഭാരതീയത ഉയർത്തിപ്പിടിച്ച ശാസ്ത്രജ്ഞനായ ആര്യഭടനെ (എ.ഡി.476 – 550) മറന്നുകൊണ്ടല്ല സായ്പിന്റെ പിമ്പേ പോയത്. ഭൂമി സ്വയം ഭ്രമണം ചെയ്യുകയാണെന്ന് കണ്ടെത്തിയത് ആര്യഭടനാണ്. കണ്ടെത്തുകമാത്രമല്ല, അതിനുവേണ്ടിവരുന്ന സമയം പശ്ചാത്തലനക്ഷത്രത്തെ ആധാരമാക്കി ഗണിക്കാനും അദ്ദേഹത്തിന് സാധിച്ചു. 23 – മണിക്കൂർ 56 മിനിറ്റ് 4.1 സെക്കന്റാണ് എ.ഡി 5 – ാം നൂറ്റാണ്ടിൽ അദ്ദേഹം കണക്കുകൂട്ടിയെടുത്ത സമയം. ഇതാകട്ടെ ആധുനികശാസ്ത്രം തിട്ടപ്പെടുത്തിയ സമയത്തെക്കാൾ കേവലം 0.99 – സെക്കന്റ് മാത്രം കൂടുതലാണ്. മലയാളിയായ നീലകണ്ഠ സോമയാജി (1443 – 1545), വരാഹമിഹിരൻ (എ.ഡി.505 – 557), ബ്രഹ്മഗുപ്തൻ (എ.ഡി.598 – 668) തുടങ്ങിയവരെല്ലാം ജ്യോതിശാസ്ത്രത്തിന് അതുല്യ സംഭാവനകൾ നൽകിയവരാണ്. അതായത് പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും തത്ഫലമായി ഗവേഷണങ്ങളിലൂടെയുമാണ് സയൻസ് ശൈശവദശയിലായിരുന്ന അക്കാലത്ത് ഈ മഹാപ്രതിഭകൾക്ക് അതിന് കഴിഞ്ഞത്)



ഗവേഷണത്തിന്റെ ഗൗരവം വ്യക്തമാക്കാൻ ഇത്രയും പറഞ്ഞെന്നുമാത്രം. ഗവേഷണത്തിനുമുണ്ടല്ലോ ഒരു വ്യാകരണം ആ വ്യാകരണത്തെപ്പറ്റി ചർച്ചചെയ്യുമ്പോൾ ആ ഓർമകളിൽ ചില വിദേശികൾ നിറഞ്ഞുനിൽക്കുന്നുണ്ടാവും. മലയാളഭാഷയ്ക്ക് ലക്ഷണമൊത്ത ഒരു നിഘണ്ടു തയ്യാറാക്കിയത് ഹെർമൻ ഗുണ്ടർട്ടാണ്. ഇന്ത്യൻഭാഷകളിലെ ഏറ്റവും വിഷമം പിടിച്ച ഭാഷയാണ് മലയാളം എന്നാണ് പല ഭാഷാപണ്ഡിതരും അഭിപ്രായപ്പെടുന്നത്. സ്വരാക്ഷരങ്ങൾ കൂടാതെ 36 വ്യഞ്ജനാക്ഷരങ്ങൾ ക, ഖ, ഗ, ഘ,ങ – ച, ഛ. ജ, ഝ, ഞ – ട, ഠ, ഡ, ഢ, ണ – ത, ഥ, ദ, ധ, ന – പ, ഫ, ബ, ഭ, മ. ബാക്കി വ്യഞ്ജനങ്ങൾ അവിടെ നിൽക്കട്ടെ. ഇപ്പറഞ്ഞ വ്യഞ്ജനാക്ഷരങ്ങൾ അതേ അക്ഷരശുദ്ധിയോടെ നമുക്ക് ഉച്ചരിക്കാൻ കഴിയുമോ? ഇന്ത്യൻ ഭാഷകളുമായോ പോട്ടെ ഏഷ്യയിൽ നിലവിലുള്ള ഏതെങ്കിലും ഭാഷയുമായോ പുലബന്ധം പോലുമില്ലാത്ത ഒരു സായ്പ്പ് കേരളത്തിൽ വന്ന് മലയാളം, അതിന്റെ സർവ നൂലാമാലകളും മനസ്സിലാക്കി പഠിച്ച് ലക്ഷണമൊത്ത ഒരു ഡിക്ഷ്നറി ഉണ്ടാക്കുകയെന്നു പറഞ്ഞാൽ അതിന്റെ പിന്നിലെ നിരീക്ഷണ പരീക്ഷണങ്ങളും ഗവേഷണത്വരയുമൊക്കെ എത്ര കഠിനമായിരിക്കണം? നിരീക്ഷണ പരീക്ഷണങ്ങളിലൂടെയുള്ള ഗവേഷണത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താൻ ഇത്രയും പറഞ്ഞെന്നുമാത്രം.

ഇപ്പോൾഡോക്ടറേറ്റിന്റെ (പി.എച്ച്.ഡി) കാലമാണല്ലോ. ഇങ്ങനെ ലഭിക്കുന്ന ഡോക്ടറേറ്റുകളെപ്പറ്റി മാധ്യമങ്ങളിൽ നിറയെ വാർത്തകൾ വരാറുള്ളതും നമ്മുടെ ശ്രദ്ധയാകർഷിക്കാറുമുണ്ട്. ഇക്കാലത്ത് വലിയ റിസ്ക്കുകളൊന്നുമില്ലാതെ ലഭിക്കുന്ന ഒരു പി.എച്ച്.ഡി വിഷയമാണ് ഫോക്ലോർ. സത്യത്തിൽ ഫോക്ലോറിൽ പി.എച്ച്.ഡി.എടുക്കുകയെന്നത് വളരെ ലളിതമായി ചിലരൊക്കെ വിചാരിക്കുന്നുണ്ടാകാം. അങ്ങനെ വളഞ്ഞ വഴികളിലൂടെ പി.എച്ച്.ഡി എടുത്തവരുമുണ്ടാകാം. പക്ഷെ തിറയാട്ടത്തിൽ പി.എച്ച്.ഡി.എടുക്കാനായാലും തിറയാട്ടത്തെപ്പറ്റി സവിസ്താരം പഠിച്ച് തിറയാട്ടത്തിന്റെ ആത്മസത്ത ഉൾക്കൊള്ളാനായാലും അവർക്ക് ചില മാർഗനിർദേശങ്ങൾ നൽകേണ്ടുതുണ്ട് എന്നാണ് ഒരു തിറയാട്ടകലാകാരൻകൂടിയായ എന്റെ എളിയ അഭിപ്രായം. ആ അഭിപ്രായം പങ്കുവെക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഗവേഷണ വിദ്യാർഥികളാണ് ഇപ്പോൾ സാധാരണയായി കാവിടങ്ങളിൽ തിറയാട്ടത്തെപ്പറ്റി പഠിക്കുന്നതിനായി എത്താറുള്ളത്. അവരുടെ ലക്ഷ്യം മിക്കവാറും ഡോക്ടറേറ്റ് സ്വപ്നം തന്നെയായിരിക്കും. അവരിൽ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരുണ്ടാകാം. തിറയാട്ടവുമായി യാതൊരു ബന്ധവുമില്ലാത്ത ജില്ലകളിൽ നിന്നുള്ളവരുമാകാം. സാധാരണഗതിയിൽ അവരെത്തുന്നത് ഉത്സവകാലത്ത് തിറയാട്ടം നടക്കുന്ന ഏതെങ്കിലും കാവിലായിരിക്കാം. അവിടെയെത്തിയാലോ? അണിമറയിലോ കാവിടങ്ങളിലെവിടെയെങ്കിലുമോ എത്തി ആദ്യം കാണുന്നവരോട് സ്വാഭാവികമായി തിറയാട്ടത്തെപ്പറ്റി അന്വേഷിക്കും. അവരിൽ നിന്ന് പ്രത്യേകിച്ച് ഉത്സവത്തിരക്കുകൾക്കിടയിൽ ആധികാരികമായ യാതൊരറിവുകളും ലഭിക്കുകയില്ല എന്നതാണ് സത്യം. ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊടുക്കുന്നത് നോട്ട് എഴുതി വിദ്യാർഥികൾ മടങ്ങും. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. ഈ സ്ഥിതിയിൽ തിറയാട്ടത്തിന്റെ ആത്മസത്ത ഒരിക്കലും ഉൾക്കൊള്ളാനാവില്ല.

മറ്റൊരു പ്രശ്നം കൂടിയുണ്ട്. കാവിനുള്ളിൽ ആചാരാനുഷ്ഠാനങ്ങൾ നടക്കുന്നിടത്ത് വിദ്യാർഥികൾക്ക് സ്വാതന്ത്ര്യത്തോടെ കയറി നിരീക്ഷിക്കാനാവില്ല. കാവിന്റെ ഉള്ളിൽ മാത്രമല്ല താലപ്പൊലി കത്തിക്കുന്നയിടം, കലശം പുറപ്പെടുന്നയിടം തുടങ്ങി തറിയാട്ടവുമായി ബന്ധപ്പെട്ട ഒട്ടേറെ ഇടങ്ങളുണ്ടല്ലോ. അവിടെങ്ങളിലൊന്നും സ്വാതന്ത്ര്യത്തോടെയെത്തി നിരീക്ഷണം നടത്തി സംശയങ്ങൾ ചോദിച്ച് ഒരു പഠനറിപ്പോർട്ട് തയ്യാറാക്കാനാവില്ല എന്നതാണ് സത്യം. ഏതാണ്ട് മുപ്പതിലേറെ ചടങ്ങുകളാണ് തിറയാട്ടത്തിലുള്ളത്. ഈ മുഴുവൻ ചടങ്ങുകൾ എന്തെന്നും അവതരിപ്പിക്കുന്നതെങ്ങനെയെന്നും അതിന്റെ പിന്നിൽ എന്തെങ്കിലും ഐതീഹ്യങ്ങളോ ചരിത്രപരമായ വസ്തുതകളോ ഉണ്ടോ എന്ന് അന്വേഷിച്ച് കണ്ടെത്താൻ ഒരു ദിവസത്തെ തിറയാട്ടോത്സവത്തിൽ പങ്കെടുത്തതു കൊണ്ടാവില്ല എന്നതൊരു സത്യം തന്നെയാണ്. തിറയാട്ടത്തെസംബന്ധിച്ച ഗവേഷണം എങ്ങനെ ആയിരിക്കണം? എങ്ങനെയുള്ള അന്വേഷണത്തിലൂടെ തിറയാട്ടത്തിന്റെ ഗവേഷണഫലം കുറ്റമറ്റതാക്കാൻ കഴിയും? ഒരു ദിവസത്തെ ഉത്സവം കണ്ട് അവിടെയുള്ള ആരോടെങ്കിലും അന്വേഷിച്ചാൽ തിറയാട്ടത്തിന്റെ സമഗ്രചരിത്രം ലഭിക്കുമോ? ഇതൊക്കെയാണ് നാം ചർച്ച ചെയ്യേണ്ട വിഷയങ്ങൾ. ഇവയ്ക്കാണ് ഉത്തരം കണ്ടെത്തേണ്ടതും.

നൂലാമാല പിടിച്ച മറ്റൊരു പ്രശ്നം കൂടിയുണ്ടിവിടെ. ചില കാവുകളിലെങ്കിലും ആചാരാനുഷ്ഠാനങ്ങളെപ്പറ്റി മറ്റുള്ളവർക്ക് വിശദീകരിച്ചു കൊടുക്കാൻ പാടില്ലെന്നൊരു വിശ്വാസം ചില തിറയാട്ട ആശാൻമാർ വെച്ചുപുലർത്തുന്നുണ്ട്. അതെങ്ങനെ പരഹരിക്കും?

ഇപ്പറഞ്ഞ എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരം കണ്ടെത്തിയാൽ മാത്രമെ സമഗ്രവും സത്യസന്ധവുമായ ഒരു ഗവേഷണഫലം ലഭിക്കുകയുള്ളു. ആ ഗവേഷണഫലം തീർച്ചയായും തിറയാട്ടത്തിലെ പി.എച്ച്.ഡിയുടെ ആധികാരികത ഉറപ്പിക്കുന്നതുമായിരിക്കും.

അതിനുള്ള മാർഗങ്ങൾ

കാവിന്നുടയോരെപ്പറ്റി അന്വേഷിച്ച് അവർ ആരെന്നറിയുകയാണ് ആദ്യം വേണ്ടത്. കാവിന്റെ ഭൂതകാലവും കാവിനെ സംബന്ധിച്ച ഐതീഹ്യങ്ങളും കൃത്യമായി അറിയുന്നത് കാവിന്നുടയോർക്ക് മാത്രമായിരിക്കും. കാവിന്നുടയോരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾക്ക് പൂർണതപോരെന്ന് തോന്നിയാൽ അർഹരെ കണ്ടെത്തി അവരോടും അന്വേഷിക്കാവുന്നതാണ്.

കാവിൽ തിറയാട്ടം നടത്തുന്ന ടീം ലീഡർ (ആശാൻ) ആരെന്ന് കൃത്യമായി അന്വേഷിച്ചറിഞ്ഞ് അദ്ദേഹത്തെ നേരിൽക്കണ്ട് തിറയാട്ടത്തെ സംബന്ധിച്ച് സാമാന്യം വിശദമായ ഒരു കുറിപ്പ് തയ്യാറാക്കുക.

ആശാനെപ്പറ്റി വിദ്യാർഥികൾക്ക് ആദ്യം തന്നെ ഒരു ധാരണ വേണം. ചില ആശാന്മാർ വിശ്വാസത്തിന്റെ പേരിൽ തിറയാട്ടത്തപ്പെറ്റി വിശദമായി പറഞ്ഞുകൊടുക്കാൻ തയ്യാറായെന്ന് വരില്ല. മറ്റുചില ആശാന്മാർ തിറയാട്ടത്തിന്റെ എല്ലാ ഘടകങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അവഗാഹമുള്ളവരാണെങ്കിലും അതിന്റെ ഗൗരവം തെല്ലുപോലും ചോരാതെ വിദ്യാർഥികൾക്ക് പറ



ഞ്ഞുമനസ്സിലാക്കിക്കൊടുക്കാൻ ശേഷിയുള്ളവരാകണമെന്നില്ല. ആശാന്റെ തിരക്കുമനസ്സിലാക്കി സമയം മുൻകൂർ നിശ്ചയിച്ചുറപ്പിച്ചിട്ടു വേണം ആശാനുമായുള്ള അഭിമുഖത്തിനു തയ്യാറാകേണ്ടത്.

കാവിന്നുടയോരെയും ആശാനെയും കാണാൻ വിദ്യാർഥികൾ പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലികളുമായിട്ടായിരിക്കണം പോകേണ്ടത്. ചോദ്യങ്ങൾ ചോദിക്കുന്നതിനിടയിൽ വീണ്ടുമുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാൻ ഇത് സഹായകമാകും.

മേൽപറഞ്ഞ കാര്യങ്ങൾ പ്രാഥമികമായി ചെയ്തതിനുശേഷം തിറയാട്ടം നടക്കുന്ന കാവ് സന്ദർശിക്കുകയും വിദ്യാർഥികൾക്ക് കാവിന്നുടയോരിൽ നിന്നും ആശാനിൽ നിന്നും ലഭിച്ച ഉത്തരങ്ങളും കാവിൽ നടന്നുകൊണ്ടിരിക്കുന്ന ചടങ്ങുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.

പൊരുത്തപ്പെടുന്നില്ലെങ്കിൽ വീണ്ടും സംശയനിവാരണം നടത്തുക. സംശയനിവാരണത്തിന് മറ്റൊരു ദിവസം നിശ്ചയിക്കുക. ഉത്സവദിവസം അതിന് സാധിച്ചു എന്ന് വരില്ല.

സർവോപരി തിറയാട്ടത്തിന്റെ എല്ലാ ഘടകങ്ങളും പൂർണമായി ഉൾക്കൊള്ളുന്നതുവരെ അതിനായി ആത്മാർഥതയോടെ പരിശ്രമിക്കുമെന്ന് സ്വയം ഉറപ്പാക്കുക.

ഉത്സവക്കമ്മറ്റികൾ

കാവുകളിൽ നടക്കുന്ന അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും കൃത്രിമത്വവും ആശാവഹമല്ലാത്ത പ്രവണതകളും കടന്നുകൂടുന്നുണ്ട്. സമീപകാലത്തായി അവ വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കാവിന്റെയും കാവിടങ്ങളുടെയും നിലനിൽപ് വിശ്വാസ ദാർഢ്യത്തിന്റെ ശക്തമായ അടത്തറയിലാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ അടിത്തറയ്ക്ക് ഇളക്കം തട്ടിയാലുണ്ടാകുന്ന ദോഷം നിസ്സാരമായിരിക്കില്ല.

ഗോത്രസംസ്കൃതിയുടെ ഭൂമികയിലാണ് കാവുകളുടെ അടിവേരുകൾ ആണ്ടിറങ്ങിയിരിക്കുന്നതെന്ന സത്യം പലകുറി വ്യക്തമാക്കിയിട്ടുള്ളതാണ്. വിശ്വാസവും ആചാരങ്ങളും അനുഷ്ഠാനങ്ങളും കലാരൂപങ്ങളുമെല്ലാം ഗോത്രകാല ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

അച്ഛൻ, അമ്മ, മക്കൾ എന്ന കൂട്ടായ്മയാണല്ലോ തറവാട് എന്ന സങ്കൽപത്തിന്റെ മൂലരൂപം. ആ മൂല രൂപത്തത്തിൽ നിന്നാണ് തറവാടിന്റെ വികാസം.

മക്കൾ, കൊച്ചുമക്കൾ, അമ്മാവൻ, അമ്മായി, കൊച്ചച്ഛൻ അങ്ങനെ പോകുന്നു തറവാടിന്റെ വികാസമേഖല. ജീവിതസാഹചര്യം മൂലം പലയിടങ്ങളിലായി അവർ പാർക്കുമ്പോഴും അച്ഛൻ, അമ്മ, മക്കൾ എന്ന മൂലകുടുംബത്തിന്റെ അസ്തിത്വം നിലനിൽക്കുന്നുമുണ്ട്. പലയിടങ്ങളിൽ പല കാലങ്ങളായി പാർക്കുന്നവർ ഒരുമിക്കുന്ന അസുലഭ സന്ദർഭങ്ങളുമുണ്ടാകും. ആ അസുലഭ സന്ദർഭങ്ങളിൽ അവർ ഒരുമിക്കുമ്പോൾ ബന്ധത്തിന്റെ കാണാച്ചരടുകൾ ദൃഢീകരിക്കപ്പെടുകയാണ്. ഇത്തരം ഒരസുലഭസന്ദർഭമാണ് തിറയാട്ടോത്സവത്തിലൂടെ സംജാതമാകുന്നത്. അവിടെ കുടിവെച്ചാരാധിക്കപ്പെടുന്ന മൂർത്തിയിലൂടെ കുലദൈവങ്ങളിലുള്ള വിശ്വാസവും ഭക്തിയും പ്രകടിപ്പിക്കാനും പ്രാരാബ്ധങ്ങളുടെയും സങ്കടങ്ങളുടെയും ഭാണ്ഡക്കെട്ട് ആ തൃപ്പാദങ്ങളിൽ

സമർപിച്ച് പരിഹാരമുണ്ടാക്കാനുമാണ് അവർ തിറയാട്ടോത്സവത്തിന് കുടുംബസമേതം എത്തുന്നത്. സർവസങ്കടങ്ങളും അവിടെ സമർപിച്ച് പരിഹരിച്ചതിനുശേഷമായിരിക്കും മടങ്ങുന്നത്. ബന്ധുക്കളുമായോ അയൽവാസികളുമായോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതെല്ലാം പരിഹരിച്ച് തെളിഞ്ഞ മനസ്സോടെ ഉത്സവശേഷം എല്ലാവരും പിരിയുന്നു. തറവാടിന്റെ സർവ ഐശ്വര്യങ്ങളുടെയും മൂലകാരണം അവിടെ കുടിവെച്ചാരാധിക്കപ്പെടുന്ന ധർമദൈവമാണ്. സ്വന്തം മാതാപിതാക്കളെ പരിഗണിക്കുന്നതുപോലെ തന്നെ ധർമദൈവത്തെയും പരിഗണിക്കണം, ആരാധിക്കണം. ധർമദൈവത്തിന് ആവശ്യമായതെല്ലാം നൽകുകയും വേണം. ധർമ ദൈവത്തെ സംബന്ധിച്ച ഒരു ചൊല്ലുള്ളതിങ്ങനെ.

''പണ്ടുള്ളോരെന്തു ചെയ്തോ–
രതുകണ്ടറിഞ്ഞു ചെയ്തീടണം
ധർമദൈവം പ്രസാദിച്ചാലെ
കിളിർക്കൂ തറവാട്ടുകാർ''

ധർമ ദൈവമെന്ന കുടിവെച്ച മൂർത്തിയുടെ പ്രസക്തി, തുടർന്നുവരുന്ന ആചാരനുഷ്ഠാനങ്ങൾ അതേപോലെ തുടരണമെന്നകൽപന, അങ്ങനെ ചെയ്താലെ തറവാട് പുഷ്കലമാകൂ എന്ന മുന്നറിയിപ്പ്, ഇവയെല്ലാം ഈ ചൊല്ലിൽ അടങ്ങിയിരിക്കുന്നു. തിറയാട്ടോത്സവത്തിന് എല്ലാ തറവാട്ടംഗങ്ങളും ഒത്തുകൂടുന്നതിന്റെ കാരണവും ഇതുതന്നെ.

തിറയാട്ടോത്സവത്തിന് തറവാട്ടംഗങ്ങളെല്ലാം ഒന്നിക്കുന്ന ഈയവസ്ഥയിൽ അവിടെ സ്നേഹസമ്പന്നനായ ഒരു നാഥനുണ്ടാകും, കുടുംബനാഥൻ. ആ നാഥനാണ് ഇപ്പോൾ തറവാട്ടുകാരണവർ. തറവാട്ടുകാരണവർക്ക് എല്ലാ തറവാട്ടംഗങ്ങളും കാതോർക്കുകയും ചെയ്യും. ചുരുക്കത്തിൽ കാരണവരാണ് എല്ലാ തറവാട്ടംഗങ്ങളുടെയും രക്ഷകർത്താവ്.

തറവാട്, കാവ്, കമ്മറ്റി

ഓരോ കാവും ഓരോ തറവാടിന്റെയും പേരിലുള്ളതാണ്. ആ നിലയിൽ തറവാട്ടുകാരണവരാണ് ഓരോ കാവിന്റെയും രക്ഷാധികാരിയും കർമാനുഷ്ഠാനങ്ങൾ ഒരു പരിധിവരെ നിർവഹിക്കുന്ന വ്യക്തിയും. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ പൊതുവെ അംഗീകരിക്കപ്പെടുകയാണ് പതിവ്; പ്രത്യേകിച്ച് തിറയാട്ടോത്സവത്തിന്റെ കാര്യത്തിലെങ്കിലും. നൂറ്റാണ്ടുകളായി തുടർന്നുവരുന്ന വിശുദ്ധവും വിശ്വാസപരവുമായ ഒരു പ്രവർത്തനരീതിയാണിത്.

കാവാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മറ്റും കൃത്രിമത്വവും ആശാവഹമല്ലാത്ത ചില പ്രവണതകളും കടന്നുകൂടുന്നതിനെപ്പറ്റി മുമ്പുപറഞ്ഞു. ഈ സാഹചര്യത്തിൽ കാവിന്നുടയോർ ഉൾപ്പെടെ എല്ലാവരും സ്വയം വിമർശനപരമായ ഒരാത്മപരിശോധനയ്ക്ക് തയ്യാറാകേണ്ടതാണ്. കാരണം ഓരോ ദിവസവുമെന്നപോലെയാണ് കാവിലും കാവിടങ്ങളിലുമെല്ലാം പുത്തൻ പരിഷ്കാരങ്ങളും പുതിയ രീതികളുമായി പലരും രംഗപ്രവേശം നടത്തുന്നത്. അതാകട്ടെ ആചാരവിരുദ്ധവും അനുഷ്ഠാനനിരാസവുമാകുന്നു. അങ്ങനെ സംഭവിക്കുന്നത് തറവാടിനെ മാത്രമല്ല ദേശത്തെയും പ്രകൃതിയെയും ബാധിക്കുന്ന ദുരന്തമായി മാറുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കാവുകളിൽ തിറയാട്ടോത്സവം നടക്കുന്നത് വർഷത്തിലൊരിക്കലാണ്. തയ്യാറെടുപ്പുകൾക്കും സമാപനത്തിനുമെല്ലാമായി ഒരു മാസം പരമാവധി ഉപയോഗിക്കപ്പെടുന്നു. ബാക്കി പതിനൊന്നുമാസം കാവും പരിസരവും പ്രകൃതിയുടെ ആവാസവ്യവസ്ഥയ്ക്കായി വിട്ടുകൊടുക്കുന്നു. ബാക്കി പതിനൊന്നുമാസം പ്രകൃതിയുടെ പുഷ്കലകാലമാണെന്ന കാര്യം ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇടയ്ക്ക് വിശേഷദിവസങ്ങളിൽ ചെറിയ കർമാനുഷ്ഠാനങ്ങൾ നടക്കാറുണ്ട്. മിക്ക കാവുകളിലും എല്ലാദിവസവും വിളക്കു കത്തിക്കുന്നുമുണ്ട്.

പക്ഷെ ഇതൊന്നും പ്രകൃതിയേയോ പ്രകൃതിയുടെ സ്വാഭാവിക ക്രിയകളെയോ നശിപ്പിക്കുന്ന വിധത്തിലല്ല. ഒരു ചെറിയ പോറൽപോലും പ്രകൃതിക്ക് ഉണ്ടാകുന്നതുമില്ല.

കാവിൽ ഉത്സവനിശ്ചമായാൽ ഓണവും വിഷുവുമൊക്കെ കാത്തിരിക്കുന്ന കൊച്ചുകുട്ടികളുടെ മനസ്സായിരിക്കും തറവാട്ടംഗങ്ങൾക്കും ദേശവാസികൾക്കുമെല്ലാം. പിന്നെ എല്ലാവരും കൂടി ഒത്തൊരുമയോടെ, ഒരേ മനസ്സോടെ ഉത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു. അത് വൻ വിജയമാകുകയും ചെയ്യും. തറവാട്ടംഗങ്ങളുടെയും ദേശവാസികളുടെയും ഈ ഒത്തൊരുമ കുറെ നാളുകൾക്കുശേഷം കമ്മിറ്റി എന്ന നിലയിലേയ്ക്ക്മാറി. ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്തായിരിക്കണമെന്നും എങ്ങനെ ആയിരിക്കണമെന്നുമുള്ള തീരുമാനം കമ്മറ്റിയുടേതുമാത്രമായി. തറവാട്ടംഗങ്ങൾക്കും കാരണവർക്കും കമ്മറ്റിയുടെ മുമ്പിൽ നിശബ്ദതപാലിക്കാനേ കഴിയുന്നുള്ളു. തറവാട്ടംഗങ്ങളുടെയും കാരണവരുടെയും അലസത തന്നെയാണിതിനുകാരണം. പരമ്പരാഗതമായി കാവിൽ നടന്നുവരുന്ന ആചാരാനുഷ്ഠാനങ്ങളിൽ യാതൊരു വിധമാറ്റവും വരുത്താൻ പാടില്ലെന്ന് അവർ നിഷ്കർഷിച്ചില്ല. പൂർവ്വികമായി തിറയാട്ടം അവതരിപ്പിച്ചുവരുന്ന അവകാശി മാത്രമെ കാവുമുറ്റത്തു തിറയാട്ടം നടത്താൻ പാടുള്ളുവെന്ന നിഷ്ഠയും ഉപാധിയായി കമ്മറ്റിക്കു മുമ്പിൽ വെയ്ക്കാൻ അവർക്കു കഴിഞ്ഞില്ല. ഇതുകൊണ്ടൊക്കെയാണ് തറവാട്ടുകാരണവർക്ക് കമ്മിറ്റിയുടെ മുമ്പിൽ നിശബ്ദനാകേണ്ടിവന്നത്.

കാവിന്റെ പരിസരങ്ങളിലുള്ള യുവാക്കളായിരിക്കും മിക്കവാറും കമ്മിറ്റിയിലെ അംഗങ്ങൾ. ഈ യുവാക്കൾക്ക് കാവിനെപ്പറ്റിയോ പൗരാണികമായി അവിടെ തുടർന്നുവരുന്ന ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയോ വലിയ അറിവുള്ളവരായിരിക്കണമെന്നില്ല. പൊതുവെ നമ്മുടെ യുവാക്കൾ നഗരജീവിതത്തോട് ആഭിമുഖ്യമുള്ളവരാണല്ലോ. സാധാരണഗതിയിൽ ഉത്സവനടത്തിപ്പിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുമ്പോൾ പല അഭിപ്രായങ്ങളുണ്ടാകാം. അഭിപ്രായവ്യത്യാസമുണ്ടായാൽ ഭൂരിപക്ഷ തീരുമാനമാണല്ലോ നടപ്പാക്കേണ്ടത്. ഉദാഹരണമായി ഒരു നൂറംഗകമ്മിറ്റിയിൽ അമ്പത്തൊന്നുപേർ പിന്തുണച്ചാൽ അത് കമ്മിറ്റിയുടെ ഔദ്യോഗിക തീരുമാനമായി. ആ തീരുമാനമാണ് കാവിൽ നടപ്പാക്കുക. അമ്പത്തൊന്നുപേരിൽ പത്തുപേർക്കുപോലും കാവിലെ ആചാരങ്ങളെപ്പറ്റിയോ അനുഷ്ഠാനങ്ങളെപ്പറ്റിയോ വലിയ അറിവൊന്നുമുണ്ടാവില്ലെന്നുള്ളതാണ് സത്യം. ഏതായാലും ഉത്സവനടത്തിപ്പിനായി രൂപവൽക്കരിക്കപ്പെട്ട കമ്മിറ്റിയുടെ തീരുമാനങ്ങൾക്കുമുമ്പിൽ നിശബ്ദത പാലിക്കാനേ കാവിന്നുടയോർക്കും കാരണവർക്കും ഇപ്പോൾ കഴിയുന്നുള്ളു. ഈ സാഹചര്യത്തിൽ ആചാരാനുഷ്ഠാനങ്ങളിലെ സുപ്രധാനഘടകമായ തിറയാട്ടംപോലും അനാവശ്യമെന്ന് ഏതെങ്കിലും ഒരു കമ്മറ്റിയംഗം പറഞ്ഞുകൂടെന്നില്ല. അങ്ങനെ പറഞ്ഞാൽ കാവിന്നുടയോർ അത് എതിർത്തേക്കും. തിറയാട്ടം ഒരു കലാരൂപം മാത്രമല്ലെന്നും അനുഷ്ഠാനകലാരൂപമാണെന്നും അത് തിരുമുറ്റത്ത് നടന്നേ പറ്റൂ എന്നും കാവിന്നുടയോർ അറിയിക്കും. അപ്പോൾ അടുത്ത ചർച്ച, പ്രതിഫലം വളരെ കുറച്ചുവാങ്ങുന്ന ഏതെങ്കിലും തിറയാട്ട സംഘത്തെ വിളിക്കാമെന്നാകും. തറവാട്ടുകാർക്ക് ആ അഭിപ്രായത്തിനുമുമ്പിൽ നിശബ്ദത പാലിക്കാനേ കഴിയൂ. പിന്നെ ആ വഴിക്കായി കാര്യങ്ങൾ. പാരമ്പര്യമായിതിറയാട്ടം നടത്തിവരുന്ന ഏതെങ്കിലും തിറയാട്ടസംഘത്തിന്റെ പിന്നാലെ കൂടുകയും ഒരു സുപ്രഭാതത്തിൽ അവിടെനിന്ന് എന്തെങ്കിലും കാരണം പറഞ്ഞ് പുറത്ത് ചാടി പുത്തൻസമിതി തട്ടിക്കൂട്ടുന്ന ചിലരുണ്ട്. ചുരുക്കത്തിൽ തിറയാട്ടമെന്തെന്നോ തിറയാട്ടത്തിലെ ആചാരാനുഷ്ഠാനങ്ങളെന്തെന്നോ ഒന്നുമറിയാത്തവരാകും പിന്നെ കാവുമുറ്റത്ത് തിറയാട്ടം അവതരിപ്പിക്കുന്നത്. തിറയാട്ടം എന്ന പേരുമാത്രമെ അതിനുള്ളു. അത് തറവാടിനും ദേശത്തിനും ദോഷകരമായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രശ്നം ഇതുമാത്രമല്ല. കമ്മിറ്റിയിലെ അടുത്ത ചർച്ച അന്നദാനത്തെക്കുറിച്ചായിരിക്കും. അപ്പുറത്തെക്കാവിൽ അയ്യായിരം പേർക്കുള്ള അന്നദാനം നടന്നു. അതുകൊണ്ട് നമ്മുടെ കാവിൽ ആറായിരം പേർക്കെങ്കിലും അന്നദാനം നടത്തണം. കാവിന്നുടയോർക്ക് ഇതും അംഗീകരിക്കാനേ കഴിയൂ.

മുമ്പ് തിറയാട്ടക്കാർക്കും കാവുമായി ബന്ധപ്പെട്ടവർക്കും ഒരാചാരമെന്ന നിലയിലായിരുന്നു അന്നദാനം നടത്തിയിരുന്നത്. "ഊണാശാരം" എന്ന ശൈലിപോലും അങ്ങനെയാണ് രൂപപ്പെട്ടത്.

ഇവിടെ എടുത്തുപ്പറയേണ്ട ഒരു കാര്യമുണ്ട്.

തൈത്തിരിയോപനിഷത്തിൽ പറയുന്നു.

"അന്നം ബ്രഹ്മേതി വ്യജാനാത്"

(അന്നത്തെ ബ്രഹ്മമായി അറിഞ്ഞാലും) അന്നത്തെ ബ്രഹ്മമായി കൽപിച്ചത് മഹാദാരിദ്ര്യം സമൂഹത്തെ വരിഞ്ഞുമുറുക്കിയ കാലത്തായിരുന്നു. ആ കാലം മാറി. അതിദാരിദ്ര്യം കാവുപരിസങ്ങളിലെവിടെയുമുള്ളതായി അറിവില്ല. പൂർവികമായി പിന്തുടരുന്ന ഒരാചാരമെന്നനിലയിൽ അത് തുടരുന്നത് "കേമത്തം" കാണിക്കാനായിരിക്കരുത്. ആചാരമെന്ന നിലയിലായിരിക്കണം. അപ്പുറത്തെ കാവിൽ അയ്യായിരം പേർക്ക് അന്നദാനം നടത്തിയതുകൊണ്ട് നമുക്ക് ആറായിരം പേർക്ക് നടത്താമെന്ന അഹംഭാവമല്ല ആവശ്യം എന്നു മാത്രം പറയട്ടെ.

സാധാരണയായി കാവുകളിൽ വിവിധ ദൈവങ്ങളുടെ വെള്ളാട്ടുകോലങ്ങളും തിറക്കോലങ്ങളുമാണ് ആചാരാനുഷ്ഠാനമായി വിധിയനുസരിച്ച് കെട്ടിയാടുന്നത്. അന്നദാനചർച്ചയ്ക്ക്ശേഷം കമ്മിറ്റി കൈവെക്കുന്നത് അതിന്മേലാണ്. കെട്ടിയാട്ടങ്ങളുടെ എണ്ണം കുറയ്ക്കുക. തറവാട്ടുകാർക്ക് അതും സമ്മതിക്കേണ്ടി വരുന്നു. അതിന്റെ വ്യഥ നിശബ്ദമായി അവർ അനുഭവിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് സത്യം.

ഇപ്പോഴത്തെ വേദനാജനകമായ അവസ്ഥ വിവിധ തിറയാട്ടസംഘങ്ങളിൽ നിന്ന് ടെൻഡർ വിളിച്ചാണ് തിറയാട്ടം നിശ്ചയിക്കുന്നതെന്നുള്ളതാണ്. എന്നുപറഞ്ഞാൽ തിറയാട്ടത്തിന്റേതുമാത്രമായ ആചാരാനുഷ്ഠാനങ്ങളൊന്നും ഒരു പ്രശ്നമേയല്ലെന്ന്. തിറയാട്ടത്തിന്, അതിന്റേതുമാത്രമായ ഒരു ആത്മാവുണ്ടെന്നും ആ ആത്മാവാണ് തിറയാട്ടത്തിലെ ആചാരാനുഷ്ഠാനങ്ങളെന്നും അറിയാത്തവരോട് എന്തുപറയാൻ!

തുടർച്ചയായി കണ്ടുവരുന്ന മറ്റൊരു പ്രതിഭാസമാണ് "ആഘോഷവരവ്". സമയനിഷ്ഠയോടെ കാവിൽ നടന്നുകൊണ്ടിരിക്കുന്ന, അനുഷ്ഠാനങ്ങൾക്ക് ഭംഗം വരാതെ ഭക്തിപൂർവം നേർച്ചകാഴ്ചകളുമായി കാവിലെത്തുന്ന "വരവ്" അല്ല ഇവിടെ പരാമർശിക്കുന്നത്. ആർഭാടപൂർവം കാവിലെത്തുന്ന ഒരു വരവുണ്ട്. അതാണ് ആഘോഷവരവ്. താലപ്പൊലിയുടെ സമയത്തോ മറ്റു അനുഷ്ഠാനങ്ങൾ നടക്കുന്ന സമയത്തോ ആകാം ഈ ആഘോഷവരവ്. ലക്ഷങ്ങൾ വാടക നൽകുന്ന വമ്പൻ ഫ്ളോട്ടുകൾ, ശിങ്കാരി മേളം, ദേവനൃത്തം, ആനയെഴുന്നള്ളത്ത് തുടങ്ങി എന്തൊക്കെ ആർഭാടങ്ങളുണ്ടോ അതെല്ലാമായാണ് വരവ്. കാവിനടുത്തെത്തിക്കഴിഞ്ഞാൽപിന്നെ അനൗൺസ്മെന്റാണ്. ആഘോഷവരവ് എത്തിക്കഴിഞ്ഞതിനാൽ വെള്ളാട്ടുകളും മറ്റ് അനുഷ്ഠാനങ്ങളുമൊക്കെ പെട്ടെന്ന് അവസാനിപ്പിക്കണമെന്നാണ് അനൗൺസ്മെന്റിലെ മുഖ്യ വിഷയം. ഈ ആഘോഷവരവിന്റെ ഒരുക്കത്തിന് ഉത്സാഹിക്കുന്നത് നാട്ടിലെ ക്ലബുകളും മറ്റുമാണ്. അതിനുമുണ്ട് പ്രത്യേക കമ്മിറ്റിയും പിരിവുമൊക്കെ. ഇങ്ങനെ പിരിച്ചെടുക്കുന്ന പണം സത്യത്തിൽ കാവിലേയ്ക്ക് പോകേണ്ടതാണ്. ഇക്കാര്യത്തിലും തറവാട്ടുകാർ നിസ്സഹായരാണ്.

കമ്മിറ്റിയുടെ അടുത്ത അഭിപ്രായം അധികവെള്ളാട്ടുകൾക്കും തിറയാട്ടങ്ങൾക്കും പകരമായി മറ്റ് കലാപരിപാടികൾ നടത്തണമെന്നായിരിക്കും. അതാണത്രെ ഇപ്പോഴത്തെ ഫാഷൻ. തന്നെയുമല്ല ഗാനമേള, നാടകം, മിമിക്സ് പരേഡ്, സിനിമാറ്റിക് ഡാൻസ് അങ്ങനെ പോകുന്നു അഭിപ്രായങ്ങൾ. പിരിവിന്നനുസരിച്ച് ഈ കലാപരിപാടികൾ ഒന്നോ അതിലധികമായോ നടത്തിക്കളയാം.

പിന്നെയുമുണ്ട് അഭിപ്രായം.

നല്ലനിലയിലൊരു വെടിക്കെട്ട്

ഈ വെടിക്കെട്ട് കാവിടങ്ങളിലെ അതിസൂക്ഷ്മജീവികളെയും അത്യപൂർവ സസ്യങ്ങളെയും ബാധിക്കുമെന്ന സത്യമുണ്ടോ ഇവരറിയുന്നു.

കാര്യങ്ങൾ ഇത്തരത്തിൽ ചർച്ചചെയ്യപ്പെടുമ്പോൾ ഇവയ്ക്കെല്ലാമുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെ കണ്ടെത്തും? അതിനുമുണ്ട് കമ്മിറ്റിയുടെ കയ്യിൽ മരുന്ന്.

വ്യാപകമായ പിരിവ് – ദൈവനാമത്തിലെ പിരിവ്!

അതും ചിലയിടത്ത് കമ്മീഷൻ വ്യവസ്ഥയിൽ.

ഇത്തരത്തിൽ ആചാരാനുഷ്ഠാനങ്ങളുടെ നഗ്നമായ ലംഘനത്തിലൂടെ തറവാടിന്റെയും ദേശത്തിന്റെയും സാംസ്കാരിക നാശമാണ് ക്ഷണിച്ചുവരുത്തുന്നതെന്ന് ബന്ധപ്പെട്ടവർ അറിഞ്ഞിരുന്നെങ്കിലെന്ന് ആശിക്കുന്നു.

അധ്യായം ഇരുപത്തൊൻപത്

കാവുകളുടെ ക്ഷേത്രവത്കരണം





നമ്മുടെ കാവുകളെല്ലാം ക്ഷേത്രങ്ങളാക്കാൻ വെമ്പുന്നവരാണ് ചില കാവിന്നുടയോർ. അതു കൊണ്ടാണല്ലോ കാവുകളിലേയ്ക്കുള്ള പ്രവേശനകവാടത്തിൽ ക്ഷേത്രം എന്ന ബോർഡ് സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. ഇങ്ങനെ കാവിനുമുമ്പിൽ ക്ഷേത്രം എന്നെഴുതിവെച്ചാൽ കാവ് ക്ഷേത്രമാകുമോ? ഇവിടെയാണ് കാവിന്നുടയോരുടെ ഇതുമായി ബന്ധപ്പെട്ട അറിവില്ലായ്മ വ്യക്തമാകുന്നത്. വൈദികസംസ്കാരത്തിന്റെ ഭാഗങ്ങളായ ആഗമങ്ങൾ, അനുഷ്ഠാനങ്ങൾ, തന്ത്രശാസ്ത്രങ്ങൾ തുടങ്ങിയവയുടെ വ്യാപ്തിയും വാസ്തുവിദ്യയിലുണ്ടായ വികാസപരിണാമങ്ങളുമാണ് ഇന്നു കാണുന്ന ക്ഷേത്രനിർമിതിക്ക് ഹേതുഭൂതമായത് എന്ന യാഥാർഥ്യം ഉൾക്കൊള്ളാൻ കഴിയാത്തവരാണിവർ. ഈ അറിവില്ലായ്മ ഒരു വലിയ ദുരന്തത്തിലേയ്ക്കാണ് നീങ്ങുന്നതെന്ന സത്യം അവർ മറന്നുപോകുന്നു.

കാവ് എന്ന സംജ്ഞ രൂപപ്പെട്ടത് കാവൽ എന്ന വിശാലചിന്തയിൽ നിന്നാകാം. കാരണം പ്രകൃതിയുടെ – പരിസ്ഥിതിയുടെ കാവൽ മാടങ്ങളാണ് കാവ് എന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം നമുക്ക് പറയാൻ കഴിയും. ഇത് മനസ്സിലാക്കിയവരും പ്രയോഗവത്കരിച്ചവരും നമ്മുടെ പൂർവികർ തന്നെ. അതുകൊണ്ടാണല്ലോ കാവുകളിൽ ഇരുമ്പ് തൊടരുതെന്ന ഒരു പൂർവിക കല്പന ഉണ്ടായതും പരിമിതമായാണെങ്കിലും ഇപ്പോഴും അത് നിലനിൽക്കുന്നതും. ഈ പൂർവിക കൽപനയുടെ ശാസ്ത്രീയാടിത്തറ എന്താണ്? ഇത് നാം സ്വയം പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

കാവിടങ്ങളിൽ അല്ലെങ്കിൽ ''കോട്ടകളിൽ അനേകം മരങ്ങളും ചെറുതും വലുതുമായ സസ്യങ്ങളുമുണ്ട്. ഇവയൊക്കെ വെട്ടിവെളുപ്പിച്ചാൽ മണിക്കിണറുകളിലെ ജീവജലത്തിന്റെ സ്ഥിതിയെന്താവും? മനുഷ്യന്റെ കടന്നുകയറ്റങ്ങൾമൂലം നശിച്ചുകൊണ്ടിരിക്കുന്ന പല സസ്യങ്ങളുടെയും അവസ്ഥയെന്താവും? ഈ സസ്യജാലങ്ങളിൽ അത്യപൂർവ സസ്യങ്ങളുമുണ്ടെന്ന കാര്യം നാം മറക്കരുത്. കാവിടങ്ങളിൽമാത്രമാണ് ഇത്തരത്തിലുള്ള സ്വാഭാവിക സസ്യജാലങ്ങളും ജീവലോകത്തിന്റെ നിലനിൽപിനാവശ്യമായ പല അതി സൂക്ഷ്മ ജീവികളുമുള്ളതെന്ന സത്യവും നാം മറന്നുകൂട. പക്ഷെ പുരോഗമനത്തിന്റെയും ക്ഷേത്രചിന്തയുടെയും പേരിലുള്ള ഈ കടന്നുകയറ്റങ്ങൾ ദുരന്തമായി മാറാൻ ഏറെക്കാലമൊന്നും വേണ്ടിവരില്ല.

ഇവിടെ നാം പ്രത്യേകമായി ഓർമിക്കേണ്ട ഒരു കാര്യമുണ്ട്. വർഷത്തിലൊരിക്കലാണ് കാവിടങ്ങളിലെ തിറയാട്ടോത്സവം. ഉത്സവശേഷം ഒരു വർഷത്തേയ്ക്ക് കാവും പരിസരവും സുഷു



പ്തിയിലാകുന്നു. സുഷുപ്തിയിലാകുന്നു എന്ന് ആലങ്കാരികമായി പറഞ്ഞെന്നേയുള്ളു. പക്ഷെ ഈ ഒരു വർഷക്കാലം പ്രകൃതിയേയും പരിസ്ഥിതിയേയും സംബന്ധിച്ചിടത്തോളം സുവർണകാലമാണ്. അതിജീവനകാലമാണ്. കാവിടങ്ങളിലെ അത്യപൂർവസസ്യയിനങ്ങളും അതിസൂക്ഷ്മജീവികളും സ്വസ്ഥമായി വളരുന്നു. വളർന്ന് പുഷ്കലമാകുന്നു. മത്സ്യങ്ങളുടെ പ്രജനനകാലത്തെ, മത്സ്യബന്ധന നിരോധനവും തത്ഫലവും നമുക്കിവിടെ ഓർമിക്കാവുന്നതാണ്. കാവുകൾക്കു മുമ്പിൽ ''ക്ഷേത്ര'' ബോർഡുകൾ സ്ഥാപിക്കുന്നവർ പരിഗണിക്കേണ്ട ചില വസ്തുതകളുണ്ട്.

തിറയാട്ടം നടത്തുന്നത് പിന്നോക്കവിഭാഗത്തിൽപ്പെട്ടവരാണ്; പെരുമണ്ണാൻ, പാണൻ, പറയൻ, ചെറുമൻ, മലയൻ തുടങ്ങിയവർ. ഇവർക്കെല്ലാം കാവിടങ്ങളിൽ തിറയാട്ടം നടത്തുന്നതിനുള്ള അവകാശം ലഭിച്ചിട്ടുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അതുമായി ബന്ധപ്പെട്ട പല മിത്തുകളും അവർക്കിടയിൽ പ്രചരിച്ചിട്ടുമുണ്ട്. അതെന്തുമാകട്ടെ കാവുകളും ക്ഷേത്രങ്ങളും തമ്മിലുള്ള വ്യത്യസ്തതകളും വൈവിധ്യങ്ങളുമെന്തെന്ന് ഈ സാഹചര്യത്തിൽ ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ക്ഷേത്രനിർമിതി എങ്ങനെയായിരിക്കണം? ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നത് എവിടെയായിരിക്കണം? കാവുകളുടെ ആരൂഢം എവിടെ? എങ്ങനെ? എന്നൊക്കെ പരിശോധിക്കപ്പെടണം. ഇപ്പറഞ്ഞ ക്ഷേത്ര – കാവ് സംബന്ധിയായ പരികൽപനകളും വിശ്വാസങ്ങളും വളരെയേറെയുണ്ട്.

ക്ഷേത്രം

ക്ഷേത്രം എന്തെന്നറിയണമെങ്കിൽ ക്ഷേത്രസംജ്ഞയുടെ പൂർണാർഥം ഗ്രഹിക്കണം. അതിന് തന്ത്രാഗമാദികളിൽ കൽപിച്ചിട്ടുള്ള നിർമാണ വിധികൾ അറിയണം.

''ഗോമർത്യൈഃ ഫലപുഷ്പദുഗ്ദ്ധതരുഭി–
ശ്വാഢ്യാ സമാപ്രാക്പ്ലവാഃ
സ്നിഗ്ദ്ധാധീരരവാ പ്രദക്ഷിണ ജലോ–
പേതാശുശൂ ബീജോദ്ഗമാ''

(പശുക്കൾ, മനുഷ്യർ, ഫലങ്ങൾ സമൃദ്ധമായുള്ള മരങ്ങൾ എന്നിവയോടുകൂടിയതും സമനിരപ്പുള്ളതും കിഴക്കോട്ടു നീരൊഴുകുന്നതും മിനുത്തതും ഗംഭീരധ്വനിയുള്ളതും പ്രദക്ഷിണമായുള്ള ജലമൊഴുക്കോടുകൂടിയതും വിത്തുകൾ വേഗത്തിൽ മുളയ്ക്കുന്നതുമായ ഭൂമി ക്ഷേത്രനിർമാണത്തിന് ഉത്തമമാണ്) തന്ത്രശാസ്ത്രം.

ക്ഷേത്രം എവിടെ നിർമിക്കണമെന്ന തന്ത്രശാസ്ത്രവിധിയാണ് മേലുദ്ധരിച്ചത്. ഇനിയുമുണ്ട് വിധികൾ.

''സുപത്മ, ഭദ്ര, പൂർണ, ധൂമ എന്നിങ്ങനെ ഭൂമിക്ക് തരഭേദമുണ്ടെന്നും ഉത്തമമായ സ്ഥലത്തുതന്നെ ക്ഷേത്രം പണിയണമെന്നും തന്ത്രശാസ്ത്രം വിധിക്കുന്നു. അകിൽ, തെങ്ങ്, മരുത്, ചന്ദനം, കടമ്പ്, കരിമ്പ്, ദർഭ, കരിംകൂവളം, കർപ്പൂരം തുടങ്ങിയവ വളരുന്നതും കിഴക്കും വടക്കും താണതും വെള്ളം ധാരാളമുള്ളതുമായ സ്ഥലമാണ് സുപത്മ. അത്തി, ഇത്തി, അരയാൽ, പ്ലാശ് തുടങ്ങിയ വൃക്ഷങ്ങൾ ഉള്ളതും ഉദ്യാനം പോലെ മനോഹരവുമായ പ്രദേശവും, നദിയുടെയും തീർഥത്തിന്റെയും വലതുഭാഗവും സമുദ്രതീരപ്രദേശവും പൂജകൾക്ക് സന്തോഷം നൽകുന്നതുമാണ് ഭദ്ര. ഈ ഭൂമിയിൽ ക്ഷേത്രം പണിയുന്നത് മംഗളകരമാണ്. ഇത്തി, പേരാൽ, വേപ്പ്, മരുത്, ഇലഞ്ഞി, അശോകം, ചമ്പകം, എള്ള്, കരിങ്ങാലി തുടങ്ങിയവ വളരുന്നതും വെള്ളം കുറഞ്ഞിരിക്കുന്നതും പർവതത്തിന്റെ മുകളിലോ പാർശ്വത്തിലോ ഉള്ളതുമായ ഭൂമിയും (പൂർണ) ദേവപ്രീതിക്ക് വിധിച്ചതാകുന്നു.''

ക്ഷേത്ര സംബന്ധിയായ പരികൽപനകൾ (വിധികൾ തന്നെ) ഇനിയുമുണ്ട്.

''വൈദിക സംസ്കാരത്തിന്റെ ഭാഗങ്ങളായ ആഗമങ്ങൾ, അനുഷ്ഠാനങ്ങൾ,തന്ത്രശാസ്ത്രങ്ങൾ തുടങ്ങിയവയുടെ വ്യാപ്തിയും വാസ്തുവിദ്യയിലുണ്ടായ വികാസ പരിണാമങ്ങളുമാണ് ഇന്നു കാണുന്ന മഹാക്ഷേത്രങ്ങളുടെ നിർമിതിക്ക് ഹേതുഭൂതമായത്. അമ്പലം, മേലോം (മഹാകോവിലകം) ക്ഷേത്രം എന്നിവയൊക്കെ മേൽപറഞ്ഞ പ്രകാരമുള്ള ദേവാലയങ്ങളുടെ പേരുകളാണ്.''

ക്ഷേത്രസംജ്ഞയ്ക്ക് ആവശ്യമായ അർഹതയെപ്പറ്റിയാണ് ഇപ്പറഞ്ഞത്. കാവുകളെപ്പറ്റിയുള്ള പണ്ഡിതവചനങ്ങൾ ഇങ്ങനെ.

''കാവ് എന്നതിന് മരക്കൂട്ടം എന്നാണ് സാമാന്യമായ അർഥം. അവിടങ്ങളിൽ ദേവതകളെ സങ്കൽപിച്ച് (കുടിയിരുത്തി) പൂജിക്കുവാൻ തുടങ്ങിയതോടെയാണ് ആ പദത്തിന് അർഥവികാസമുണ്ടായത്. കാവുകൾ, ദേവതാസങ്കേതങ്ങൾ (ദേവാലയങ്ങൾ) ആയത് അങ്ങനെ ആയിരിക്കാം.

''കാവുകൾ, ദേവാലയങ്ങൾക്ക് ഏറ്റവും സമുചിതസ്ഥലങ്ങളായി ആദികാലങ്ങളിൽ കൽപിക്കത്തക്കവണ്ണം അത്ര ആശ്ചര്യകരമായ ഭംഗി വൃക്ഷങ്ങളുടെ ബഹിർസ്വരൂപത്തിലും കാമ്യമായ രക്ഷാസ്ഥാനം അവയുടെ കമാനാകൃതിയിലുള്ള ശംഖച്ഛായയിലും ഉണ്ടെന്ന ജെ.ഫർഗൂസന്റെ (True of Serpant Worship -P1) അഭിപ്രായം ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ കാവുകളുടെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ട്.

''ദേവതകളുടെ ആദ്യസങ്കേതങ്ങൾ കാവുകൾ (വൃക്ഷങ്ങൾ) ആയിരുന്നു എന്നതിൽ അഭിപ്രായവ്യത്യാസത്തിനിടയില്ല. ദേവതാരാധന വൃക്ഷാരാധനയുമായി ബന്ധപ്പെട്ടിരുന്നുവെന്ന വസ്തുതയാണ് ഇത് സൂചിപ്പിക്കുന്നത്. ചില ദേവതകൾക്ക് ചില പ്രത്യേക വൃക്ഷങ്ങളോട് കൂടുതൽ ഇഷ്ടമുണ്ടെന്ന വിശ്വാസം ഇന്നും നിലനിൽക്കുന്നു. പാല, ചെമ്പകം, ആല്, ഇലഞ്ഞി തുടങ്ങിയ പാലുള്ള വൃക്ഷങ്ങൾ ദേവതകളുടെ ഇഷ്ടസങ്കേതങ്ങളാണെന്ന് ഇന്നും കരുതിപ്പോരുന്നു. പന, കരിമ്പന, എടല, കാഞ്ഞിരം, കൂവളം തുടങ്ങിയ വൃക്ഷങ്ങളിൽ ചില പ്രത്യേക ദേവതകൾ അധിവാസം ചെയ്യുന്നുണ്ടെന്ന വിശ്വാസവുമുണ്ട്''

''കാവുകളെന്ന ദേവതാസങ്കേതങ്ങൾ'' പിൽക്കാലത്ത് ഘടനാപരമായി പരിഷ്കരിക്കപ്പെട്ടു. നാഗക്കാവുകളും ശാസ്ത്രാം കാവുകളും മറ്റ് ദേവതാസങ്കേതങ്ങളും ചുറ്റുമതിൽ കൊണ്ട്

വേർതിരിച്ചുനിർത്തുന്നവയായി മാറി. ചില ദേവന്മാർക്ക് കല്ലുകൊണ്ടുള്ള കോവിൽ (അറ) പണിതു. എന്നാൽ ചില ദേവീ ദേവന്മാർക്ക് അത് ഇഷ്ടപ്പെട്ടിരുന്നില്ലെന്നു വേണം കരുതാൻ. പ്രകൃതിയെ ഇഷ്ടപ്പെടുന്ന വനശാസ്താവിനും മറ്റും ശ്രീകോവിൽ പണിയാറില്ല.''

കാവുകളും ക്ഷേത്രങ്ങളും തുലോം വിഭിന്നമാണ് എന്നതിൽ യാതൊരു സംശയവുമില്ല. ക്ഷേത്രങ്ങളിലെയും കാവുകളിലെയും പ്രതിഷ്ഠാഭേദം തന്നെ ഇതിനുദാഹരണം.

''ബിംബം, പീഠം, ധ്വജം തുടങ്ങിയവ താന്ത്രിക വിധിപ്രകാരം ഉറപ്പിക്കുന്ന കർമമാണ് പ്രതിഷ്ഠാകർമം. ക്ഷേത്രങ്ങളിലെ ബിംബപ്രതിഷ്ഠ ഷഡാധാരപ്രതിഷ്ഠയാണ്. ശിലാബിംബമാണെങ്കിൽ അതിനുള്ള ശില പരിഗ്രഹിക്കുന്നതിന് താന്ത്രിക വിധികളുണ്ട്. പുരുഷബിംബമാണെങ്കിൽ പുരുഷശിലയും സ്ത്രീബിംബമാണെങ്കിൽ സ്ത്രീശിലയും വേണം. പീഠത്തിന് നപുംസകശിലയാണ് ഉപയോഗിക്കുന്നത്. കാവുകളിൽ ഷഡാധാരപ്രതിഷ്ഠ പതിവുണ്ടായിരുന്നില്ല. പീഠപ്രതിഷ്ഠയാണ് അവിടങ്ങളിൽ പതിവ്. പീഠത്തിന്മേൽ ദേവതാ സങ്കൽപം ചെയ്ത് പൂജ നടത്തും. ക്ഷേത്രങ്ങളിൽ എഴുന്നള്ളിക്കുന്നതിന് പ്രത്യേകം നിർമിക്കപ്പെട്ട ബലിബിംബമുണ്ടാകും. മൂലബിംബം സ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ടതായിരിക്കും. ക്ഷേത്രങ്ങളിൽ ബിംബപ്രതിഷ്ഠ, സപരിവാര പ്രതിഷ്ഠയായിരിക്കും. ഓരോ ദേവനും പരിവാര ദേവതകളുണ്ടാവും. ഈ ദേവതകൾക്ക് പ്രാസാദത്തിന് (ശ്രീ കോവിൽ) ചുറ്റുമായി സ്ഥാനം കൽപിക്കുകയും വിശേഷദിവസങ്ങളിൽ ശ്രീഭൂതബലി നടത്തുകയും ചെയ്യും. കൂടാതെ ഓരോ ദേവന്റെ വാഹനത്തിനും സ്ഥാനം സങ്കൽപിക്കും, ക്ഷേത്രങ്ങളിൽ ധ്വജപ്രതിഷ്ഠയും താന്ത്രിക വിധിപ്രകാരം ചെയ്യും. എന്നാൽ കാവുകളിൽ സപരിവാരപൂജയും ധ്വജപ്രതിഷ്ഠാകർമവുമൊന്നും വേണമെന്ന് വിധിച്ചുകാണുന്നില്ല. കേരളത്തിലെ കാവുകളിൽ ആരാധിക്കപ്പെടുന്ന നാനാദേവതകളെ സംബന്ധിച്ച് തന്ത്രാഗമാദികളിൽ പരാമർശങ്ങളില്ല. പാരമ്പര്യവിശ്വാസാദികൾക്കനുഗുണമായ പൂജാമാർഗങ്ങളും കർമാനുഷ്ഠാനങ്ങളുമാണ് അവയെ സംബന്ധിച്ചുള്ളത്.''

''കാവുകളിലെയും ക്ഷേത്രങ്ങളിലെയും പൂജാവിധികളിലും പ്രകടമായ വ്യത്യാസങ്ങളുണ്ട്. ക്ഷേത്രങ്ങളിൽ പഞ്ചപൂജ (ഉഷപൂജ, എതിർത്തപൂജ, പന്തീരടിപൂജ, ഉച്ചപ്പൂജ, അത്താഴപൂജ) ഉണ്ടാകും. എന്നാൽ കാവുകളിൽ നിത്യപൂജ പതിവില്ല. ക്ഷേത്രങ്ങളിൽ വെച്ചുനിവേദ്യം തന്നെ വേണം. എന്നാൽ കാവുകളിൽ വെച്ചുനിവേദ്യം ആവശ്യമില്ല. നാക്കിലയിൽ ഉണക്കലരി, നാളികേരം, പഴം, ശർക്കര, വെറ്റില–അടയ്ക്ക എന്നിവ വെച്ച് നിവേദിക്കുകയാണ് പതിവ്.''

''ക്ഷേത്രങ്ങളിലെ പൂജാവിധികൾ വൈദിക പദ്ധതിയിലൂടെയുള്ളതാണ്. കേരളീയമായ ഈ പ്രസ്ഥാനമനുസരിച്ച് മദ്യമാംസാദി നിവേദ്യവും ജന്തുബലിയും നിഷേധിക്കപ്പെട്ടവയാണ്. എന്നാൽ കാവുകൾ മിക്കതിലും അവൈദിക തന്ത്രമാണ് (വാമമാർഗതന്ത്രം) അനുസരിച്ചു കാണുന്നത്.'' (നാട്ടറിവുപഠനങ്ങൾ ഡോ.എം.വി.വിഷ്ണു നമ്പൂതിരി – പൂർണ പബ്ലിക്കേഷൻസ്)

കാവുകൾക്കും ക്ഷേത്രങ്ങൾക്കും കൽപ്പിക്കപ്പെട്ടിട്ടുള്ള ഘടനാഭേദംകൂടി നാം തിരിച്ചറിയേണ്ടതുണ്ട്. കാവുകൾക്ക് ക്ഷേത്രങ്ങളെപ്പോലെ പ്രാസാദ വിധികളൊന്നുമില്ല. എന്തുകൊണ്ടെന്നാൽ ആദിമമനുഷ്യന്റെ വിഹ്വലതകളിൽ നിന്നുമുണ്ടായ വിശ്വാസമാണ് അവന്റെ ആരാധനക്രമം രൂപപ്പെടുത്തിയത്. എത്രയേറെ മാറ്റങ്ങളും പരിഷ്കാരങ്ങളുമുണ്ടായാലും ആ ആരാധനക്രമം കാവുകളിലെ അനുഷ്ഠാനങ്ങളിലൂടെ ഇന്നും നിലനിൽക്കുന്നു.

എന്നാൽ ക്ഷേത്രനാമത്തിന് തന്ത്രാഗമാദികളിൽ വിധികളുണ്ട്. ആ വിധികളാകട്ടെ ക്ഷേത്രചിന്തയിൽ നിന്നുതന്നെ തുടങ്ങുന്നു. ''പ്രാസാദം എന്നാൽ മാളിക അല്ലെങ്കിൽ കെട്ടിടം. അൽപപ്രാസാദമെന്നും മഹാപ്രാസാദമെന്നും ഇവ വിഭജിക്കപ്പെട്ടിരിക്കുന്നു.'' ക്ഷേത്രങ്ങൾക്ക് കൽപിക്കപ്പെട്ടിട്ടുള്ള നിലകളാണ് പ്രാസാദ ചിന്തകളുടെ അടിസ്ഥാനം.

ഒരു നിലയുള്ളത് – അല്പ പ്രാസാദം

ജാതി പ്രാസാദം – (മൂന്നു നിലകൾ വരെയുള്ളത്)

ഋന്ദ പ്രാസാദം (നാലുമുതൽ നിലകളുള്ളത്)
വികൽപ പ്രാസാദം (അഞ്ചുനിലകളിൽ തുടങ്ങുന്നത്)
ആഭാസ പ്രാസാദം (പന്ത്രണ്ടുവരെ നിലകളുള്ളത്)
ഇവിടെയൊക്കെ തരഭേദങ്ങൾ ഒട്ടേറെയുണ്ട്. സമചതുരശ്രം, ചതുരശ്രം, വൃത്തം ഗജപൃഷ്ഠം, ദീർഘവൃത്തം, ഷഡശ്രം, അഷ്ട്രാശ്രം ഇങ്ങനെ പോകുന്നു തരഭേദങ്ങൾ.

ഇത്തരത്തിൽ ചർച്ച ചെയ്യപ്പെടുമ്പോൾ നമുക്ക് ബോധ്യമാകുന്ന സത്യം ഇതാണ്. കാവ് – ക്ഷേത്രം

ഇവ അദ്വൈതത്തിലധിഷ്ഠിതമായ ദ്വൈത ധാരയാണ്. പക്ഷെ രണ്ടും രണ്ടായിത്തന്നെ നില നിൽക്കുന്നു. നിലനിൽക്കണം. നിലനിന്നേ പറ്റൂ എന്ന് അദ്വൈത ചിന്ത നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇവിടെയാണ് കാവിനുമുമ്പിൽ ക്ഷേത്രബോർഡ് സ്ഥാപിക്കുന്നതിലെ ''അറിവില്ലായ്മ'' നമുക്കനുഭവപ്പെടുന്നത്.

തിറയാട്ടം നടത്തുന്നതിനുള്ള അവകാശം പിന്നോക്കവിഭാഗത്തിൽപെട്ടവർക്കാണ് എന്നാണല്ലോ ഒരു പൊതുധാരണ. തിറയാട്ടത്തിലെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റി വിശേഷിപ്പിക്കുന്നത് കൗളാചാരമെന്നാണ്. കൗളാചാരമെന്നാൽ മദ്യമപൂജ. അതായത് മദ്യവും കോഴിയെവെട്ടുന്നതുമൊക്കെ കൗളാചാരത്തിൽപെടുന്നു എന്ന് സാരം. കാവ് ക്ഷേത്രവത്കരിക്കപ്പെട്ടാൽ കൗളാചാരപ്രകാരമായിരിക്കില്ല അവിടത്തെ ആചാരാനുഷ്ഠാനങ്ങൾ. അത് തീർത്തും ബ്രാഹ്മണവത്കരിക്കപ്പെട്ട നിലയിലായിരിക്കും. പക്ഷെ പൂജാദി കർമങ്ങളും മറ്റും ചെയ്യുന്നത് ബ്രാഹ്മണരായിരിക്കില്ല. അതേപ്പറ്റി തുടർന്നുവിശദീകരിക്കുന്നുണ്ട്. നിത്യപൂജയും പൊലിമയേറിയ മറ്റു ആഘോഷങ്ങളും ബ്രാഹ്മണ വത്കരണത്തിന്റെ പേരിൽ അവിടെ നടന്നുകൊണ്ടിരിക്കും. സ്വാഭാവികമായും അത് കാവിടങ്ങളിലെ പ്രകൃതിദത്തമായ ആവാസവ്യവസ്ഥയെ ബാധിക്കും എന്നതിൽ യാതൊരു സംശയവും വേണ്ട. ശാസ്താംകാവ്, സർപ്പക്കാവ്, മുത്തപ്പൻകാവ് എന്നിങ്ങനെ ഒട്ടേറെ കാവുകൾ പരിസ്ഥിതി സംരക്ഷണത്തിന്റെ ഉദാത്തമാതൃകകളാണെന്ന കാര്യം ഒരിക്കലും നാം മറക്കരുത്. ഇവിടെയൊക്കെ നടക്കുന്ന അനുഷ്ഠാനാചാരങ്ങൾ കൗളാചാരമായാലും മറ്റെന്തായാലും ഗോത്രമനുഷ്യന്റെ പ്രകൃത്യാതീത ശക്തികളെ പ്രീണിപ്പിക്കുന്നതിനുള്ള ആരാധനാ സമ്പ്രദായങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്.

നാം മറന്നതോ മറക്കാൻ ശ്രമിക്കുന്നതോ ആയ ഒരു സത്യം ബ്രാഹ്മണവത്കരണത്തിന്റെ പിന്നിലുണ്ട്. അതറിയണമെങ്കിൽ പിന്നോട്ട് കുറെ സഞ്ചരിക്കേണ്ടിവരും.

ബ്രഹ്മസൂത്രം അപശൂദ്രാധികരണം 34 മുതൽ 38 വരെയുള്ള സൂക്തങ്ങൾ ശങ്കരൻ വ്യാഖ്യാനിച്ചിരിക്കുന്നതിങ്ങനെയാണ്.

''ശൂദ്രന് വേദാധ്യയനമില്ലാത്തതുകൊണ്ട് വിദ്യകൾക്കധികാരമില്ല. വേദാധ്യയനം കഴിച്ച് വേദാർഥം ഗ്രഹിച്ചവനെയാണ് വൈദിക വിഷയങ്ങളിൽ അധികാരമുള്ളവനായി കണക്കാക്കുന്നത്. വേദാധ്യയനത്തിനുമുമ്പ് ഉപനയനം കഴിക്കേണ്ടതുണ്ട്. ശൂദ്രന് വേദാധ്യയനമില്ല. ഉപനയനം ത്രൈവർണിക വിഷയമാണ്. ശൂദ്രന് സംസ്കാരമില്ല. ശൂദ്രൻ നാലാമത്തെ വർണമാണ്.''

ഇവിടെ ശൂദ്രൻ നായരോ തത്തുല്യ ജാതിയിൽപ്പെട്ടവരോ ആണെന്ന് അറിയുക. ശേഷമുള്ളവരോ?

ശങ്കരൻ ഇതുപറയുമ്പോൾ സന്യാസിവര്യരിലെ സൂര്യതേജസ്സായ വിവേകാനന്ദൻ പറയുന്നതുകൂടി ശ്രദ്ധിക്കുക.

''ജാതിയിൽ തൂങ്ങിനിൽക്കുന്നവർ അന്ധവിശ്വാസികളും കാരുണ്യമില്ലാത്തവരും കാപട്യക്കാരും ഈശ്വനിഷേധികളുമാണ്.''

വേദാധ്യയനം യഥാവിധി നടത്തി പല ക്ഷേത്രങ്ങളിലും പൂജാരികളായി പ്രവർത്തിക്കുന്ന പിന്നോക്ക വിഭാഗക്കാർ നമ്മുടെ ഇടയിലുണ്ട്. എങ്കിലും അവരെ അംഗീകരിക്കാൻ പല പിന്നോക്കക്കാർക്കുപോലും മടിയാണെന്നുള്ള സത്യവും നാം തിരിച്ചറിഞ്ഞേ മതിയാകൂ.

സവർണനാണ് ശ്രേഷ്ഠൻ. അവനുവേണ്ടിയാണ് മറ്റെല്ലാം എന്നൊരു ചിന്ത പുരാണങ്ങൾ മുതൽ വടക്കൻ വീരഗാഥകൾ വരെ പങ്കുവെച്ചിട്ടുണ്ട്.

ഒരു ബ്രാഹ്മണന്റെ മകന് രോഗഹേതുവായത് താഴ്ന്ന ജാതിക്കാരനായ ശംബുകന്റെ തപസ്സാണെന്നവാദം മുഖവിലയ്ക്കെടുത്ത് ശംബുകനെ വധിക്കാൻ രാമന് മടിയുണ്ടായില്ല.

അസ്ത്രവിദ്യയിൽ പ്രിയശിഷ്യൻ അർജ്ജുനനെക്കാൾ സമർഥനാണ് ഏകലവ്യൻ എന്ന് മനസ്സിലാക്കിയ ദ്രോണാചാര്യർ, ഏകലവ്യന്റെ കയ്യിലെ തള്ള വിരലാണ് ദക്ഷിണയായി ആവശ്യപ്പെട്ടതെന്ന കാര്യവും നാം തിരിച്ചറിയണം. അയിത്തജാതിയിൽപ്പെട്ട ഏകലവ്യൻ ദൂരെ മാറിനിന്ന് കണ്ടും കേട്ടും പഠിച്ചതാണ് അസ്ത്ര വിദ്യയെന്ന സത്യവും നാം മനസ്സിലാക്കണം. ദ്രോണാചാര്യർ ഏകലവ്യനെ അസ്ത്രവിദ്യകൾ നേരിട്ട് പഠിപ്പിച്ചിട്ട് പോലുമില്ല. എന്നിട്ടും ദ്രോണാചാര്യരെ തന്റെ ദൈവതുല്യനായ ഗുരുവെന്ന് സങ്കൽപിച്ചാണ് ദക്ഷിണയുടെ കാര്യം വിനയപൂർവം ഏകലവ്യൻ അന്വേഷിച്ചത്. പുരാണങ്ങളും ഐതീഹ്യങ്ങളും അവിടെ നിൽക്കട്ടെ.

കടത്തനാടൻ കഥകളിലെ വീരയോദ്ധാവായിരുന്ന തേവർ വെള്ളനെപ്പറ്റി കേട്ടിട്ടുണ്ടോ? തേവർ വെള്ളന്റെ വീരഗാഥകൾ വാഴ്ത്തിപ്പാടാൻ പാണന്മാരാരും ഉണ്ടായില്ല. കാരണം വെള്ളൻ പുലയ സമുദായാംഗമാണ്. വെള്ളന്റെ സഹോദരിമാരെ പീഡിപ്പിച്ച സവർണ തമ്പ്രാക്കളെ നേരിടാൻ കടത്തനാടിന് പുറത്തുപോയി കളരി അഭ്യാസം പഠിച്ച വെള്ളൻ മടങ്ങിയെത്തിയത് വീരയോദ്ധാവായിത്തന്നെയാണ്. എണ്ണിയെണ്ണി തമ്പുരാക്കന്മാരോട് കണക്കുതീർത്തു. വെള്ളനെ നേരിടാൻ കഴിയാതിരുന്ന പൂമഠത്തിൽ കുറുപ്പന്മാർ കടത്തനാട്ടുരാജാവിനോടു സങ്കടം പറഞ്ഞു. സങ്കടം കേട്ടറിഞ്ഞ രാജാവ് വെള്ളനെ കൊല്ലാനുള്ള ദൗത്യം സാക്ഷാൽ തച്ചോളി ഒതേനക്കുറുപ്പിനെ ഏൽപിച്ചു. സഹായിക്കാനായി മറ്റ് കായികാഭ്യാസികളെയും. ഇതിനിടയിൽ വെള്ളൻ അടിയോടികുടുംബത്തിൽ നിന്ന് വിവാഹവും കഴിച്ചത്രെ സവർണക്കൂട്ടം ഇളകിയാർത്തു. അവസാനം തച്ചോളി ഒതേനുമായി അങ്കം കുറിച്ചു. ആ അങ്കത്തിൽ തച്ചോളി ഒതേനൻ പരാജയപ്പെട്ടു എന്നു മാത്രമല്ല, വെള്ളന്റെ ശിഷ്യത്വം സ്വീകരിക്കകൂടി ചെയ്തു. സവർണമേധാവിത്വത്തിനെതിരെ പൊരുതിയ വെള്ളന് തിരുവെള്ളൂരിൽ ചെറിയ ഒരു സ്മാരകമുണ്ടെന്നതൊഴിച്ചാൽ ഒതേനനു ലഭിച്ചതു പോലെയുള്ള ഒരംഗീകാരവും ലഭിച്ചില്ല.

പറഞ്ഞുവരുന്നത് പിന്നോക്കവിഭാഗത്തിൽപെട്ടവർ അവഗണിക്കപ്പെടുന്നു എന്നു തന്നെയാണ്. കാവുകൾക്കുമുമ്പിൽ ക്ഷേത്രമെന്ന ബോർഡ് സ്ഥാപിക്കുന്നതുപോലും അതിന്റെ ഭാഗമായിവേണം കാണാൻ.

കീഴാളർ ഒരുകാലത്ത് അനുഭവിച്ചുകൊണ്ടിരുന്ന കഠിനവ്യഥകൾ മറ്റൊരു രൂപത്തിൽ ഇന്നും തുടരുന്നുണ്ട്. ചാതുർവർണ്യത്തിന്റെ പേരിൽ അകലെ അകറ്റിനിർത്തിയിരുന്നവരുടെ ദുഃസ്ഥിതി മാറിയിട്ടുണ്ട് എന്നതുശരിതന്നെ. അത് കാലവും അറിവുകളുമേകിയ നവോഥാന നായകരുടെ തീവ്രഇടപെടലുകൾ കാരണമാണ്.

ഇവിടെ ബ്രാഹ്മണ വൽകരണത്തെപ്പറ്റി പറയുമ്പോൾ സാമുദായികമായി ബ്രാഹ്മണകുലത്തെ കുറ്റപ്പെടുത്താനുള്ള ശ്രമമോ വ്യഗ്രതയോ ആയി കാണരുതെന്ന് ഒരപേക്ഷയുണ്ട്. കാവുകളെ പ്രത്യേകിച്ച് തെയ്യം, തിറയാട്ടം പോലുള്ള അനുഷ്ഠാനകലകൾ നടക്കുന്ന കാവുകളെ ക്ഷേത്രങ്ങളാക്കി മാറ്റുന്നതിൽ ബ്രാഹ്മണശ്രേഷ്ഠർക്ക് യാതൊരു പങ്കുമില്ല എന്നതാണ് സത്യം. അവരാരും കാവുകൾക്കുമുമ്പിൽ ക്ഷേത്രബോർഡുകൾ സ്ഥാപിക്കുന്നതിനായി ഇടപെട്ടിട്ടുമില്ല. എന്നാൽ ചില തിരുമേനിമാർ ((ബ്രാഹ്മണർ) കാവുകളിൽ പൂജാദികർമങ്ങൾ ചെയ്യാറുണ്ട്. ഇതൊരു സത്യവുമാണ്. ആ ബ്രാഹ്മണപൂജാരികൾ, തങ്ങളെക്കൊണ്ട് പൂജാദികർമങ്ങൾ ചെയ്യിക്കണമെന്ന് കാവിന്നുടയോരെ നിർബന്ധിക്കുകയോ അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാറില്ല. പിന്നെ എങ്ങനെയെത്തി കാവിന്റെ മുമ്പിലെ ക്ഷേത്രബോർഡ്? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തണമെങ്കിൽ ദേവസ്വം ബോർഡിന്റെ താന്ത്രിക പഠനനിർവഹണത്തെപ്പറ്റി ചർച്ച ചെയ്യേണ്ടതുണ്ട്.

ഹൈന്ദവമതത്തിൽ ജനിച്ച് ഹൈന്ദവവിശ്വാസമനുസരിച്ചു ജീവിക്കുന്ന ആർക്കും ദേവസ്വം ബോർഡിന്റെ കീഴിൽ നടത്തുന്ന താന്ത്രിക പഠനത്തിൽ പങ്കെടുക്കാവുന്നതാണ്. അവിടെ ചാതുർവർണ്യഭേദമൊന്നുമില്ല. താന്ത്രികപഠനം വിധിയാംവണ്ണം പൂർത്തിയാക്കിയവർക്ക് അർഹതാപത്രം നൽകും. അവർക്ക് ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തിക്കാരാകാം എന്നാണ് സർക്കാർ പ്രഖ്യാപനം. ഗുരുവായൂർ, ശബരിമല പോലെയുള്ള ക്ഷേത്രങ്ങളിൽ അത് ഇതുവരെ പ്രാവർത്തികമായിട്ടില്ല. എങ്കിലും മറ്റു പല ക്ഷേത്രങ്ങളിലും ഈ സർക്കാർ പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ട്. മറ്റു പല സ്വകാര്യ ക്ഷേത്രങ്ങളിലും അങ്ങനെയുള്ളവർ പൂജാരികളായി പ്രവർത്തിച്ചുവരുന്നു.

ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന താന്ത്രികപഠനകേന്ദ്രങ്ങൾക്ക് തുല്യമോ അതിലപ്പുറമോ ആണെന്ന് അവകാശപ്പെട്ടുകൊണ്ട് ചിലവ്യക്തികളും സ്വകാര്യസംഘടനകളും ഇപ്പോൾ താന്ത്രികപഠനകേന്ദ്രങ്ങൾ നടത്തുന്നുണ്ട്. അത്തരം വ്യക്തികളുടേയോ സംഘടനകളുടേയോ പേരെടുത്തു പറയാൻ ആഗ്രഹിക്കുന്നില്ല. ഇങ്ങനെ പഠിച്ചിറങ്ങി പൂർണതയിലെത്തിയെന്ന് അവകാശപ്പെടുന്നവരാണ് കാവിനെ ക്ഷേത്രമാക്കാൻ വെമ്പൽകൊള്ളുന്നവരിൽ പലരും. ഇങ്ങനെ പഠിച്ചിറങ്ങിയെന്ന് അവകാശപ്പെടുന്നവരാരും ബ്രാഹ്മണസമുദായാംഗങ്ങളല്ല എന്നതാണ് സത്യം.

ബ്രാഹ്മണ സമുദായാംഗത്തിന് പാരമ്പര്യമായി പൂജാദികർമങ്ങൾ അഭ്യസിക്കാനും ശാന്തിപ്പണി ചെയ്യാനുമുള്ള സൗകര്യവും സാഹചര്യവും വേണ്ടുവോളമുണ്ടല്ലോ. എന്നാൽ ഇപ്പറഞ്ഞ പുതുപുത്തൻ ശാന്തിക്കാരാണ് കാവിന്നുടയോരെ ക്ഷേത്രവത്കരിക്കുന്നതിന് നിർബന്ധിക്കുന്നത്. ക്ഷേത്രമെന്തെന്നും കാവെന്തെന്നും മുമ്പ് വിശദീകരിച്ചിട്ടുള്ളത് ഓർമിക്കുക. ക്ഷേത്രവത്കരണത്തിലെ ഏറ്റവും കൗതുകകരമായ കാര്യം, ചാതുർവർണ്യസിദ്ധാന്തത്തിലെ ശൂദ്രനു ശേഷമുള്ളവരാണ് ക്ഷേത്രവത്കരണത്തിന്റെ വക്താക്കളായി ചമയുന്നത്. പൊതുവെ പറഞ്ഞാൽ പിന്നോക്ക വിഭാഗക്കാരെന്ന് സാരം. താന്ത്രികവിദ്യാവിശാരദർ എന്ന് സ്വയം ധരിക്കുന്ന ഇക്കൂട്ടർക്ക് കാവും ക്ഷേത്രവും തമ്മിലുള്ള വൈവിധ്യങ്ങൾ പോലുമറിയില്ല. ഇത്തരക്കാരെ താന്ത്രികവിദ്യകൾ അഭ്യസിപ്പിച്ച് പൂർണതയിലെത്തിച്ചെന്നവകാശപ്പെടുന്നവർ – ആചാര്യപട്ടം സ്വയം അണിഞ്ഞവർ – അവരുടെയൊക്കെ തുടക്കത്തിലെയും ഇപ്പോഴത്തെയും ആസ്തി എത്രയെന്ന് അറിയുമ്പോഴാണ് ഹൈന്ദവസമൂഹം ഞെട്ടിത്തെറിച്ചുനിൽക്കുന്നത്. പാരമ്പര്യമായി ഗുരുമുഖത്തുനിന്ന് ''ഓത്ത്'' മുതൽ കർമാനുഷ്ഠാനങ്ങൾവരേയുള്ള സർവതും, ശൈശവഘട്ടം മുതലെ ബ്രാഹ്മണക്കുട്ടികൾ ആത്മാവിലുൾക്കൊണ്ട് പൂർണതയിലെത്തിയതിനു ശേഷം മാത്രമാണ് പൂജാദികർമങ്ങൾക്ക് തയ്യാറാകുന്നത്.

ഇവിടെ ക്ഷേത്രവത്കരണത്തിന് മുറവിളി കൂട്ടുന്നവരെപ്പറ്റി ചില ചിന്തകൾ ആവശ്യമായിവരുന്നു. അത്തരക്കാർ കാവുകളുമായി ബന്ധമുള്ളവർതന്നെയാണ്. ചാതുർവർണ്യവ്യവസ്ഥയിലെ ശൂദ്രനുശേഷമുള്ളവരാണെങ്കിൽ അതായത് പിന്നോക്കക്കാരാണെങ്കിൽ ക്ഷേത്രസങ്കൽപത്തിൽ വിഹരിക്കാൻ കഴിഞ്ഞാൽ സവർണപ്പട്ടം കിട്ടിയെന്ന ഒരു മിഥ്യാധാരണയുമുണ്ടവർക്ക്. പക്ഷെ ഇത്തരക്കാർ അറിയേണ്ട ഒരു സത്യമുണ്ട്. ആലപ്പുഴ ജില്ലയിലെ ചക്കുളത്തുകാവ് ഈ അപകർഷതാബോധമുള്ളവർക്ക് ഒരു പാഠമാകേണ്ടതല്ലേ? ഏത് മഹാക്ഷേത്രത്തിനും തുല്യമാണ് ചക്കുളത്തുകാവ് എന്ന് അറിയുക. ആ കാവ് ബ്രാഹ്മണകുടുംബത്തിന്റേതുമാത്രമാണെന്നും അറിയുക. രാധാകൃഷ്ണൻ തിരുമേനിയാണ് ചക്കുളത്തുകാവിന്റെ എല്ലാമെല്ലാമെന്നും അറിയുക. ഇന്നും ക്ഷേത്രബോർഡ്സ്ഥാപിക്കാതെ ചക്കുളത്തുകാവ് എന്നുതന്നെ അറിയപ്പെടുന്ന ഈ ബ്രാഹ്മണചിന്തയുടെ മൂല്യം ക്ഷേത്രവത്കരണ വക്താക്കൾ അറിയുകതന്നെ വേണം. അത്തരം കാര്യങ്ങൾ അവിടെ നിൽക്കട്ടെ.

ഇവിടെ ക്ഷേത്രവത്കരണ വക്താക്കളുടെ കാര്യമൊന്നു പരിശോധിക്കാം. സാധാരണയായി കാവിന്നുടയോരുടെ തറവാടുകളുമായി ബന്ധപ്പെട്ടവരാണ് താന്ത്രിക പഠനത്തിനായി മുൻപറഞ്ഞ സ്വകാര്യ വ്യക്തികളെയോ സംഘടനകളെയോ സമീപിക്കുന്നത്. പഠനശേഷം അവർ തിരി

ച്ചെത്തുന്നു. പഠനം പൂർത്തിയാക്കിയോ പൂജാവിധികളുടെയും കർമാനുഷ്ഠാനങ്ങളുടെയും താന്ത്രികവ്യാകരണം എത്രയേറെ ആത്മാവിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്നൊക്കെ അന്വേഷിച്ചറിയാൻ കാവിൽ യാതൊരു സംവിധാനങ്ങളുമില്ല. ഇതാണ് പ്രശ്നം. താന്ത്രികപഠനം പൂർത്തിയാക്കിയെന്ന് അവകാശപ്പെടുന്ന ഇക്കൂട്ടർ തറവാട്ടുകാരണവരോട് അല്ലെങ്കിൽ കാവിന്റെ കാരണവരോട് താന്ത്രികാചാരങ്ങളെപ്പറ്റിയും മന്ത്രോച്ചരണങ്ങളെപ്പറ്റിയുമൊക്കെ വാതോരാതെ വിശദീകരിക്കും. കാവും ക്ഷേത്രവും തമ്മിലുള്ള വൈവിധ്യങ്ങൾപോലും അറിയാത്ത ഈ ''പുത്തൻതന്ത്രി''യുടെ വാക്ചാതുര്യത്തിൽ കാരണവർ ''മിണ്ടാപ്രാണി''യായിനിൽക്കും. ഇവിടെ ഈ പുത്തൻകുറ്റുകാരന്റെ വാക്ചാതുര്യത്തിൽ തറവാട്ടുകാരണവർ മാത്രമല്ല, തറവാട്ടംഗങ്ങളെല്ലാം വീഴും, വീഴുകതന്നെ ചെയ്യും.

അതോടെ കാവിലെ പൂജാദികാര്യങ്ങൾ ഈ ''പുത്തൻതന്ത്രി'' ഏറ്റെടുക്കുകയും കാവിന്റെ കാരണവർക്ക് പ്രസക്തിയില്ലാതാകുകയും ചെയ്യുന്നു. പൂജാവിധികളിലും കർമാനുഷ്ഠാനങ്ങളിലും അടിസ്ഥാനപരമായ ഗ്രാഹ്യമില്ലാത്ത പുത്തൻതന്ത്രിയുടെ വികടപൂജകളായി തുടർന്നങ്ങോട്ട്. പുത്തൻതന്ത്രിയുടെ സതീർഥ്യരുടെ പലപ്പോഴായുള്ള സന്ദർശനത്തോടെ ഇത്തരം കാവുകളുടെ ഒരു ശൃംഖലതന്നെ രൂപപ്പെടുന്നു. കൗളാചാരമല്ല ഇവിടെയൊക്കെ വേണ്ടതെന്നും അത് തുടർന്നാൽ തറവാടിനും ദേശത്തിനും ദോഷമുണ്ടാകുമെന്നുമുള്ള പ്രചാരണമാണ് അടുത്തത്.

എന്താണിതിനൊരുപരിഹാരം?

സ്വർണപ്രശ്നം

സ്വർണപ്രശ്നം വെക്കുന്നു. പ്രശ്നം വെക്കുന്നയാൾ മിക്കവാറും പൂജാകർമങ്ങൾ പഠിപ്പിക്കുന്ന ഗുരുവിന്റെ ടീമിൽപ്പെട്ടയാളായിരിക്കും. പ്രശ്നവിധിയൊക്കെ മിക്കവാറും നേരത്തെതന്നെ തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്. സർവദോഷങ്ങൾക്കും കാരണം ഇപ്പോൾ കാവുകളിൽ നടക്കുന്ന അനുഷ്ഠാനങ്ങളിലെ പിഴവുകളാണ്. അതൊഴിവാക്കി പുനഃപ്രതിഷ്ഠ നടത്തണം.

ഇനിയാണ് അടുത്ത നീക്കം.

താന്ത്രികവിദ്യകൾ അഭ്യസിപ്പിച്ച ഗുരുഭൂതനെ കാവിലേയ്ക്ക് എഴുന്നള്ളിക്കാൻ ഏർപ്പാടാക്കും. ഒരു മഹാചാര്യന്റെ പരിവേഷവുമായി ആചാര്യൻ കാവിലെത്തും.

അങ്ങനെ എത്തിക്കഴിഞ്ഞാലോ? കാവിലെ കുലദൈവത്തെക്കാൾ പ്രാമുഖ്യം ആചാര്യനായി; അദ്ദേഹത്തിന്റെ വാക്കുകളാകട്ടെ വേദവാക്യങ്ങളും, പിന്നെ പ്രശ്നവിധിയനുസരിച്ചുള്ള കാര്യങ്ങളായി. പ്രതിഷ്ഠപുനഃപ്രതിഷ്ഠ അങ്ങനെ പോകുന്നു കാര്യങ്ങൾ.

തുടർന്നങ്ങോട്ട് ആചാര്യന്റെ (ഗുരുഭൂതൻ) തീരുമാനം മാത്രമാണ് നടപ്പിലാവുക.

ഭൗതികപരവും അടിസ്ഥാനപരവുമായ സത്യം ഇതാണ്.

കാവിടങ്ങളിൽ നിന്ന് കൗളാചാരക്രിയകൾ ഒഴിവാക്കുക.

ക്ഷേത്രബോർഡ് സ്ഥാപിക്കുന്നതിലൂടെ ബ്രാഹ്മണതലത്തിലെത്തുക. അങ്ങനെ ബ്രാഹ്മണതലത്തിലെത്താൻ കഴിയുമോ? ഒരിക്കലുമില്ല എന്നതാണ് സത്യം.

ചുരുക്കിപ്പറഞ്ഞാൽ ആചാര്യപ്പട്ടമണിഞ്ഞ വ്യക്തിയായിരിക്കും. തറവാട്ടിലെ ഭാവികാര്യങ്ങൾ തീരുമാനിക്കുക. അതാണ് ക്ഷേത്രബോർഡ് സ്ഥാപിക്കുന്നതിലൂടെ നമുക്ക് മനസ്സിലാകുന്നത്. ക്ഷേത്രമെന്ന ബോർഡ് സ്ഥാപിച്ചാൽ ക്ഷേത്രമാകില്ല എന്ന സത്യം മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്.

കാവുകളെപ്പറ്റിയും ക്ഷേത്രങ്ങളെപ്പറ്റിയും അതിനാധാരമായ വിധികളെപ്പറ്റിയുമാണ് ഈ അധ്യായത്തിൽ ചർച്ചചെയ്തത്. കാവുകളും ക്ഷേത്രങ്ങളും തമ്മിലുള്ള വൈവിധ്യങ്ങളും താന്ത്രികവിധിക,ളും മനസ്സിലാക്കാതെ, ഞാൻ പിടിച്ച മുയലിന് രണ്ട് കൊമ്പ് എന്ന നിലയിലാണ് മിക്കവാറും വിശ്വാസികൾ കാവുകളെയും ക്ഷേത്രങ്ങളെയും കാണുന്നത്. അതിനവരെ പ്രേരിപ്പിച്ചതാകട്ടെ മുൻപറഞ്ഞ ആചാര്യനും അനുയായികളും.

കാവുകൾ നിലനിൽക്കണം എന്നുപറയുന്നതെന്തുകൊണ്ട്?

പരിസ്ഥിതിസംരക്ഷണത്തിന്റെ നേർസാക്ഷ്യമാണ് കാവുകൾ. ജീവവായുവും ജീവജലവും കാവിലെ ലഭിക്കൂ; അതോടൊപ്പം അത്യപൂർവ്വഔഷധസസ്യങ്ങളും.

ഗോത്രപൈതൃകത്തിൽ നിന്നാണ് ഈ ഭൗതിക സാധ്യയുണ്ടായത്. ഇത് നിലനിൽക്കുന്നത് വിശ്വാസത്തിന്റെ ശാക്തിക അടിത്തറയിലാണ്. ഈ വിശ്വാസം അതിന്റെ ദൃഢതയിൽ നിലനിൽക്കണമെങ്കിൽ തെയ്യം, തിറയാട്ടം തുടങ്ങിയ അനുഷ്ഠാനകലകൾ വിധിപ്രകാരം വിശ്വാസാധിഷ്ഠിതമായി നടന്നിരിക്കണം.

ക്ഷേത്രാങ്കണങ്ങളിൽ ഈ സാഹചര്യമില്ല. പ്രകൃത്യാ അതിന് ഒട്ടേറെ പരിമിതികളുണ്ട്. ദൈനംദിനമായുണ്ടാകുന്ന തിരക്കുകൾ മുതൽ അതിന് ഒട്ടേറെ കാരണങ്ങളുണ്ട്.

കാവുകളെ സംബന്ധിച്ചിടത്തോളം തിറയാട്ടോത്സവം കഴിഞ്ഞാൽ ഏതാണ്ട് പതിനൊന്നു മാസങ്ങൾക്കുമേൽ, പ്രകൃതീദേവിയുടെ അനുഗ്രഹത്തിനായി കാത്തിരിക്കുന്നു. ഈ അനുഗ്രഹാശിസ്സുകൾ പ്രകൃതി – പരിസ്ഥിതി സംരക്ഷണമാണ്. ഇങ്ങനെയാണ് നാമുൾപ്പെടെയുള്ള ജീവിവർഗ്ഗം സംരക്ഷിക്കപ്പെടുന്നത്. (ഇതേപ്പറ്റിമുമ്പ് വിശദീകരിച്ചിട്ടുണ്ട്.)

ഇപ്പോൾ വിശ്വാസപരമായ ചില വീണ്ടുവിചാരങ്ങൾ ഉണ്ടാകുന്നുണ്ട്. കാവുകളുടെ മുമ്പിൽ ക്ഷേത്രബോർഡുകൾ സ്ഥാപിക്കുകയും മുൻപറഞ്ഞതരത്തിലുള്ള പ്രതിഷ്ഠയും പുനഃപ്രതിഷ്ഠയും നടത്തുന്നതിന് പിന്തുണ നൽകുകയും ചെയ്തവർ കൗളാചാരക്രമത്തിലേയ്ക്കുതന്നെ പിന്തിരിയുന്നതായി അറിയുന്നു. കാരണമന്വേഷിച്ചപ്പോൾ തറവാടിനും തറവാട്ടംഗങ്ങൾക്കും വളരെ ദോഷങ്ങൾ ഉണ്ടായതായും പ്രശ്നവിധിയിൽ കൗളാചാരപ്രകാരമുള്ള കർമങ്ങൾതന്നെ പിന്തുടരണമെന്ന് തെളിഞ്ഞിരിക്കുന്നത്രെ. ഇതിനർഥം ക്ഷേത്രാചാരങ്ങൾ പാടില്ലെന്നല്ല. ക്ഷേത്രാചാരങ്ങൾ പിന്തുടരേണ്ടത് അതിന്റെ യഥാർഥമൂല്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ആയിരിക്കണം. അതിന് കാവും ക്ഷേത്രവും തമ്മിലുള്ള വ്യത്യസ്തതകളും വൈവിധ്യങ്ങളും പൂർണാർഥത്തിൽത്തന്നെ മനസ്സിലാക്കുകയും ക്ഷേത്രസംബന്ധമായ എല്ലാ വിഷയങ്ങളും വൈദികസമ്പ്രദായങ്ങളും അധികാരികമായി അറിയുന്ന ബ്രാഹ്മണശ്രേഷ്ഠരുടെ സഹായവും സഹകരണവും തേടുകയും വേണം.

തിറയാട്ടകോലങ്ങൾ പൊതുവേദികളിൽ





ഗോത്രസംസ്കൃതിയുമായുള്ള തിറയാട്ടത്തിന്റെ പൊക്കിൾക്കൊടി ബന്ധം എല്ലാ ഫോക്‌ലോറിസ്റ്റുകളും അംഗീകരിച്ച സത്യമാണ്. ആ സംസ്കൃതിയിലെ വിശ്വാസപ്രമാണങ്ങൾക്ക് അനുസരണമായാണ് തിറയാട്ടത്തിലെ ആചാരാനുഷ്ഠാനങ്ങളുടെ നിർവഹണം. കാലാകാലങ്ങളായുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിപ്പോഴും തുടർന്നുവരുന്നു. 'കാവ്' എന്ന പരികൽപനയുടെ ജീവവായുവാണ് ഈ ആചാരാനുഷ്ഠാനങ്ങളെല്ലാം തന്നെ. കാലികമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും കാവിന്റെ നിലനിൽപ്പിന് ഈ ആചാരാനുഷ്ഠാനങ്ങൾ അനിവാര്യമാണ്, അതിലൂടെ പ്രകൃതി – പരിസ്ഥിതി സംരക്ഷണത്തിന്റെയും.

ഇതിനൊരു മറുവശമുണ്ട്. പൊതുവെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ് തിറയാട്ട

കലാകാരൻമാരെല്ലാവരും തന്നെ. ഏറിയാൽ നാലോ അഞ്ചോ മാസങ്ങളാണ് തിറയാട്ടോത്സവത്തിന്റെ കാലയളവ്. ഈ പരിമിതമായ കാലയളവിലെ നിശ്ചിത വരുമാനം കൊണ്ട് തിറയാട്ടകലാകാരൻമാർക്ക് അവരുടെ കുടുംബം പോറ്റാനാവുമോ? ഇല്ല എന്നു തന്നെയാണ് ഉത്തരം. ഇതിനു പരിഹാരമുണ്ടോ?.

പരിഹാരം തേടുമ്പോൾ ഉത്തര കേരളത്തിലെ തെയ്യം എന്ന അനുഷ്ഠാനകലയുടെ ചരിത്രം കൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ പരിപാടികളിൽ വി.വി.ഐ.പികളുടെ സാന്നിധ്യത്തിൽ തെയ്യക്കോലങ്ങൾ കെട്ടിയാടുന്നത് സ്ഥിരം കാഴ്ചകളാണ്. സംസ്ഥാന സർക്കാറിന്റെ ഓണാഘോഷം – ടൂറിസം പരിപാടികളിലും മറ്റും തെയ്യക്കോലങ്ങൾ പ്രത്യക്ഷപ്പെടാറുണ്ടല്ലോ. മാത്രവുമോ ? പല സ്റ്റേജ് പരിപാടികളിലും തെയ്യം അവതരിപ്പിക്കപ്പെടുന്നു. അന്തർദേശീയ വേദികളിലും എത്രയേറെ പരിപാടികളാണ് അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുമൂലം ഭേദപ്പെട്ടൊരു വരുമാനം തെയ്യം കലാകാരൻമാർക്ക് ലഭിക്കുകയും ചെയ്യുന്നു. ആരാധനാകേന്ദ്രങ്ങളിലൊഴികെ തെയ്യം അവതരിപ്പിക്കപ്പെടുന്നത് ആചാരാനുഷ്ഠാനങ്ങൾ ഒഴിവാക്കിയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതുമൂലം തെയ്യം കലാകാരൻമാർക്ക് ഭേദപ്പെട്ട വരുമാനം ലഭിക്കുന്നുവെന്നു മാത്രമല്ല അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുകകൂടി ചെയ്യുന്നു. പക്ഷെ തെയ്യാട്ടകാവുകൾക്കോ, ക്ഷേത്രങ്ങൾക്കോ ഇതുമൂലം യാതൊരു കോട്ടവും സംഭവിക്കുന്നില്ല. മാത്രമല്ല, തങ്ങളുടെ കോലം കെട്ടിയാടുന്ന തെയ്യം കലാകാരൻമാരും കുടുംബവും ആ ദൈവങ്ങളാൽ അനുഗ്രഹിക്കപ്പെടുകകൂടി ചെയ്യുന്നു. തന്നെയുമല്ല ദേശീയ– അന്തർദേശീയ തലങ്ങളിലും അതുവഴി യുനെസ്കോയിലും എത്തിപ്പെടാനുള്ള മാർഗം തെളിയുകയും ചെയ്യുന്നു.

ഇത്രയും പറഞ്ഞത്, തിറയാട്ടം കാവിടങ്ങളിൽ മാത്രമേ അവതരിപ്പിക്കാവൂ എന്നൊരു വാദം ചിലർ ഉന്നയിക്കുന്നതുകൊണ്ടാണ്. വാദം ഇതുമാത്രമല്ല, പെരുമണ്ണാൻസമുദായം മാത്രമേ തിറയാട്ടം അവതരിപ്പിക്കാൻ പാടുള്ളൂവത്രേ. എത്രയേറെ ബാലിശമാണീ വാദങ്ങൾ?. തിറയാട്ടം കാവിടങ്ങളിൽ മാത്രമേ അവതരിപ്പിക്കാവൂ എന്ന് പറയുന്നതിലെ അവരുടെ യുക്തിചിന്ത ഇതാണ്. ഈ യുക്തി ചിന്ത അസൂയ നിറഞ്ഞ മാനസീകാടിമത്തത്തിൽ നിന്ന് രൂപപ്പെട്ടതുമാണ്. ഇതാണ് ആ യുക്തി ചിന്തകൾ

– തിറയാട്ടകലാകാരൻമാർ ഉത്സവകാലങ്ങളിൽ കിട്ടുന്നതുകൊണ്ട് ജീവിച്ചുകൊള്ളണം

– യാതൊരു മേൽഗതിയും അവർക്കുണ്ടാകാൻ പാടില്ല

അതായത് തിറയാട്ടകലാകാരൻമാരുടെ ദരിദ്രാവസ്ഥ പയഴയതുപോലെ തുടരണമെന്ന്. പെരുമണ്ണാൻ സമുദായം മാത്രമേ തിറയാട്ടം അവതരിപ്പിക്കാൻ പാടുള്ളൂ എന്ന് പറയുന്നത്, പൗരന്റെ ആത്മാവിഷ്കാരസ്വാതന്ത്ര്യത്തിൻമേലുള്ള കടന്നു കയറ്റവും ഭരണഘടനാവിരുദ്ധവുമാണെന്ന് അറിഞ്ഞിരിക്കണം.

ഈ ഗ്രന്ഥത്തിൽ തന്നെ വിവിധ പിന്നോക്ക സമുദായങ്ങൾ അവതരിപ്പിക്കുന്ന തിറയാട്ട രീതികളെ പ്പറ്റി വിശദീകരിച്ചിട്ടുണ്ട്. പെരുമണ്ണാൻ സമുദായത്തിൽപ്പെട്ട ചിലർ അവതരിപ്പിക്കുന്ന തിറയാട്ട രീതികളെ ക്കാൾ ഉത്കൃഷ്ടവും ഗോത്രസംസ്കൃതിയോട് ഇണങ്ങി നിൽക്കുന്നതും മറ്റു പിന്നോക്ക സമുദായങ്ങളുടെ തിറയാട്ട രീതികളാണെന്ന് തെളിവ് സഹിതം വ്യക്തമാക്കിയിട്ടുമുണ്ട്.

തിറയാട്ടവതരണം പെരുമണ്ണാൻ സമുദായത്തിനു മാത്രം അവകാശപ്പെട്ടതാണെന്ന് പറയുന്നത് അജ്ഞതകൊണ്ടോ അസൂയകൊണ്ടോ വിഡ്ഢിത്തം മൂലമോ?. തിറയാട്ടത്തിലെ അനുഷ്ഠാനനിഷ്ഠകളുടെ ക്രിയാംശങ്ങളെപ്പറ്റി പ്രാഥമിക അറിവെങ്കിലും ഉള്ളവരാണോ ഇക്കൂട്ടർ?. ഗോത്രീയ മൂലകങ്ങളിൽ നിന്ന് സാംശീകരിച്ച് തിറയാട്ടത്തിലൂടെ പ്രത്യക്ഷീകരിക്കുന്ന എന്തെങ്കിലും ഒരംശം ഇവരിലുണ്ടോ?

നാലോ അഞ്ചോ പതിറ്റാണ്ടുകൾക്ക് മുമ്പുവരെ തമ്പ്രാക്കളുടെ മുമ്പിൽ പഞ്ചപുച്ഛമടക്കി നിന്ന് കിട്ടുന്നതും വാങ്ങി തിരിഞ്ഞു നോക്കാതെ സ്വന്തം കൂരയിലെത്തി 'ഊണാശാര'ത്തിന്റെ



പങ്ക് വിശപ്പുകൊണ്ട് തളർന്നുറങ്ങുന്ന മക്കളെ വിളിച്ചുണർത്തി കൊടുത്തിരുന്ന ആ ജീവിത സാഹചര്യം പുനർസൃഷ്ടിക്കണമെന്നാണോ?

ആരുടെ വക്താക്കളാണിവർ?

ആരെയാണിവർ പ്രതിനിധീകരിക്കുന്നത് ?

ആർക്കു വേണ്ടിയാണിവർ ഗീർവാണം മുഴക്കുന്നത് ?

ചുരുക്കത്തിൽ വ്യക്തമാക്കുന്നത് ഇത്രമാത്രം

– പെരുമണ്ണാൻ സമുദായമുൾപ്പെടെയുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ് തിറയാട്ടം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്

– കാവിടങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത് നിഷ്ഠാബദ്ധമായ ആചാരാനുഷ്ഠാനങ്ങളോടെ തന്നെയാണ്.

– ഗോത്രകാലജീവിതചര്യകളിലൂടെ മാത്രം രൂപപ്പെട്ട അനുഷ്ഠാനകലാരൂപമാണിത്. തെയ്യം ഉൾപ്പെടെയുള്ള എല്ലാ അനുഷ്ഠാനകലാരൂപങ്ങളും സൃഷ്ടിക്കപ്പെട്ടത് ഇങ്ങനെ തന്നെയാണ്.

പക്ഷെ തിറയാട്ടം മാത്രം അവഗണിക്കപ്പെടുന്നു. തിറയാട്ടകലാകാരൻമാർ ഇന്നും സാമ്പത്തിക ദുരിതം അനുഭവിക്കുന്നവരാണ്. അവർക്കൊരു മേൽഗതിയുണ്ടാവാനുള്ള സാധ്യതയും സാഹചര്യവും നശിപ്പിച്ചുകൊണ്ടിരിക്കുന്നത് പെരുമണ്ണാൻ – കാവ് വാദക്കാരാണ്. ഇക്കാര്യത്തിൽ നമ്മുടെ പൂർവ്വികർക്കും പിശക് പറ്റിയിട്ടുണ്ട്. ***തിറയാട്ടം കാവുമുറ്റങ്ങളിൽ മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ. തിറയാട്ട പാഠങ്ങൾ മറ്റാർക്കും പകർന്നുകൊടുക്കരുത് അങ്ങനെ ചെയ്യുന്നത് മഹാപാപമാണ്.*** ഈയൊരു അന്ധവിശ്വാസവും തിറയാട്ടത്തിന്റെ അപചയത്തിന് കാരണമായിട്ടുണ്ട്.

ഇതിനെന്താണ് പരിഹാരം?

തിറയാട്ടം എന്ന അനുഷ്ഠാനകലാരൂപത്തിന്റെ 'ഗോത്രീയകാലസ്വത്വം' പുതുതലമുറയെ ബോധ്യപ്പെടുത്തുക. യൂണിവേഴ്സിറ്റികൾ, സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെ പരിമിതമായെങ്കിലും ഇത് ബോധ്യപ്പെടുത്താൻ കഴിയും. (എത്നിക് ആർട്സ് കൗൺസിൽ ഓഫ് ഇന്ത്യ ഈ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു)

പുതുതലമുറയെ തിറയാട്ടത്തിന്റെ അനുപമമായ കലാസാക്ഷാത്കാരത്തിലേക്ക് നയിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക

എങ്കിൽ ജാതി, സ്ത്രീ, പുരുഷ വ്യത്യാസമില്ലാതെ തിറയാട്ടം പരിശീലിക്കാനും അത് യുനസ്കോ വരെ എത്തിക്കാനും കഴിയുമെന്നും മനസ്സിലാക്കുക.

സ്ത്രീകളുടെ കാര്യത്തിൽ സംശയമുണ്ടാകാം. അവർക്കുള്ള ഉത്തരമിതാണ്. അടിയാളനെയും സ്ത്രീയെയും അടിച്ചമർത്തിയിരുന്ന കാലം കഴിഞ്ഞു. സ്ത്രീകൾക്ക് കെട്ടിയാടാൻ പറ്റുന്ന കോലങ്ങൾ അവർ കെട്ടിയാടട്ടെ. അതിനാവശ്യമായ സൗകര്യവും സാഹചര്യവും ഒരുക്കി കൊടുക്കുക.

കാവ് – സമുദായ വാദക്കാരോട് ഒരു ചോദ്യം കൂടി പഴയ ***അയിത്തം*** ഓർമ്മയുണ്ടോ? തമ്പ്രാക്കളുടെ വീട്ടിലെ സദ്യക്കുശേഷം എച്ചിലിനുവേണ്ടി കാത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അറുപത് അറുപത്തഞ്ച് വർഷങ്ങൾക്കു മുമ്പുള്ള കാലത്തെപ്പറ്റിയാണ് പറഞ്ഞത്. അതിൽ പലരും ഇപ്പോഴും നമ്മോടൊപ്പം ജീവിക്കുന്നു.

മരപ്പണിക്ക് ആശാരി, ഇരുമ്പു പണിക്ക് കൊല്ലൻ, പാടത്തും പറമ്പിലും പണിയെടുക്കാൻ ചെറുമൻ, വട്ടി, കൊട്ട, മുറം നിർമ്മാണത്തിന് പറയൻ. തെങ്ങ് ചെത്തി കള്ളെടുക്കാൻ തീയ്യൻ. പെരുമണ്ണാന് കാവിലെ തിറയാട്ടവും സ്ത്രീകൾക്ക് (മേൽ ജാതിയിലുള്ള) മാറ്റ് നൽകലും. അതായത് പെരുമണ്ണാൻ എക്കാലത്തും കാവിൽപോയി തിറയാടി ജീവിച്ചോണം, അല്ലെ?

കൊള്ളാം, എന്തൊരു ജാതി സ്നേഹം!

ഇവിടെ പറഞ്ഞുവരുന്നത് ഇത്രയേയുള്ളൂ. തിറയാട്ടം ഗോത്രഭൂമികയിൽ കിളിർത്ത ശുദ്ധ കലയാണ്. ഈ ശുദ്ധകലയിൽ കലയുടെ മറ്റു എല്ലാ സങ്കേതങ്ങളും സന്നിവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. ദൈവപ്രീതിക്കുള്ള മാർഗ്ഗമെന്ന നിലയിലാണ് ഗോത്രമനുഷ്യൻ ഇതിനെ കണ്ടിരുന്നത്. സഹസ്രാബ്ദങ്ങൾ കഴിഞ്ഞെങ്കിലും ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തിറയാട്ടം ഇന്നും സാമാന്യേന ശുദ്ധകലയായി തന്നെ നിലനിൽക്കുന്നു. വല്ലപ്പോഴും ഉത്സവനാളിൽ കാവുമുറ്റത്തെത്തി തിറയാട്ടം കണ്ടിരുന്ന വിദേശവിനോദ സഞ്ചാരികളുടെ അത്ഭുതാദരങ്ങൾ ഈ ഗ്രന്ഥകാരൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.

ചുരുക്കത്തിൽ പിന്നോക്ക വിഭാഗക്കാരുടെ ആത്മാവിഷ്കാരം കൂടിയായിരുന്ന ഈ കലാസങ്കേതത്തെ ദേശീയ–അന്തർദേശീയ തലങ്ങളിലെത്തിക്കണം. അതിനുള്ള എല്ലാ അർഹതയും തിറയാട്ടത്തിനുണ്ട്.


Ethnic Arts
Council of India










DRAVIDIAN
SILVER JUBILEE CELEBRATION
DATE : 19-10-2022 & 20-10-2022
CHIEF GUESTS
SPECIAL GUESTS


MALABAR
Crafts Mela 2022




എൻ. വി. ഹാൾ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്


Ethnic Arts Council of India (EACI)
SEMINAR ON THIRAYATTAM
"CHANAKYA"




School of Folklore Studies
University of Calicut
Three Day International Seminar
On
ETHNO MUSICOLOGY
2018 Jan 4 & 6
BMS Seminar Complex University of Calicut
Inauguration Vice-chancellor Dr. K. Muhammed Basheer




INTERNATIONAL ETHNIC
FESTIVAL 2018

കോവിൽമല രാജ



